
# കുർബാന ഒരു പഠനം

ST. ANTONY'S MONASTERY ALWAYE-KERALA





ജ: വെള്ളിയാൻ

Nihil obstat:

Rev. Dr. Mathew
Naduvileparampil.

Imprimatur:

Rt. Rev. Mar Thomas Tharayil,
Bishop of Kottayam.

# കുർബാന — ഒരു പഠനം

(ഒന്നാം വാല്യം)

ORIENTAL INSTITUTE OF RELIGIOUS STUDIES, INDIA
St. Thomas Apost. Seminary
Vadavathoor, Kottayam - 686 010
Kerala, S. India.

റവ. ഡോക്ടർ ജേക്കബ് വെള്ളിയാൻ

DHARMARAM COLLEGE
LIBRARY
BANGALORE-29

ST: ANTONY'S MONASTERY
...AYE-KERALA.

PALACKAL JEEVASS KENDRAM
LIBRARY
15591

വില ക. [redacted]

(Malayalam)

**Qurbana Oru Padhanam**

(A Commentary on the
Syro Malabar Holy Mass)

**First Volume.**

Author:

**Rev. Dr. Jacob Vellian,**

St. Thomas Ap. Seminary,
Vadavathoor, Kottayam,
Kerala, India.

**First Published in November, 1968.**

Printed at
Deepika Press, Kottayam.

**Price Rs.** [redacted] 3

Available at:
Deepika Book Stall, Kottayam.
Catholic Mission Press, Kottayam.
Copyright to the author.

M/264.305
VEL
V.1

# ഉള്ളടക്കം

ഈ ഗ്രന്ഥത്തെപ്പററി

അവതാരിക

ആമുഖം

Abbreviations

## 1

## പുഖ്ദാനകോൻ (നിങ്ങളുടെ കല്പന) 1-12.

വിവിധ വ്യാഖ്യാനങ്ങരം —1. സാമുദായികാചാരങ്ങളിൽ അടിസ്ഥിതമോ?—3. ദിവ്യബലി സാമൂഹികാനുഷ്ഠാനമാണ്—4. കൽദായരുടെയിടയിൽ—5. മററുറീത്തുകളിൽ—7. ശബ്ദ വ്യുല്പത്തി സഹായിക്കുമോ?—8. എന്തുകൊണ്ടു ബലിയുടെ ആരംഭത്തിൽ?—9.

## 2

## അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി 13-32.

ആലപിക്കുന്ന രീതി— 13. ക്രിസ്തുമസ് ഗീതം—15. സ്വർഗ്ഗീയാരാധന—15. പ്രത്യാശ—നല്ലശരണം—16. പ്രാർത്ഥനയുടെ ആരംഭത്തിൽ—17. ബലിയുടെ ആരംഭത്തിൽ—18. ദൈവസ്തുതിയും മനുഷ്യസമാധാനവും—19. പുരാതനമായ ഈ സ്തുതിപ്പു മററു റീത്തുകളിൽ—20.

### ആമ്മേൻ 21—28.

തർജ്ജമ ചെയ്യരുതോ?—22. വ്യുല്പത്തിയും അർത്ഥവും—24. വിവിധോപയോഗം—26.

കുരിശടയാളം 28—32.

...ർ കർബാനയിൽ—28. കൽദായരുടെയും നെസ്തോറിയരുടെയും കർബ്ബാനയിൽ—29. പുതിയ രീതിയാണു്—29.

# 3

# സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ 33-57.

വിശ്വാസികളുടെ പ്രാർത്ഥന—36. കർത്തൃ പ്രാർത്ഥന പൗരസ്ത്യ സിറിയൻ തിരുക്കർമ്മങ്ങളിൽ—38. കർത്തൃപ്രാർത്ഥനയുടെ കാനോനാ—41. പ്ശീത്തായിൽനിന്നു്—43. കർത്തൃപ്രാർത്ഥനയും യഹൂദന്മാരുടെ പരിഹാരത്തിരുനാളും—44. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ—46. നിൻെറ നാമം പൂജിതമാകണം—47. അന്നന്നു് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ—48. ഞങ്ങളുടെ തെററുകളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ—50. ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ—51. എന്തുകൊണ്ടെന്നാൽരാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിൻേറതാകുന്നു. ആമ്മേൻ—52.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ. —55

# 4

# സങ്കീർത്തനമാല (മർമ്മീസാ) 58-75.

1) പ്രാർത്ഥിക്കാം നമുക്കു സമാധാനം— 58.

2) സങ്കീർത്തനങ്ങൾ—59.

3) മർമ്മീസാ—63. ഹല്ലേലൂയ്യാ—65. സങ്കീർത്തനസമാപനം—66. ഇവിടെ എന്തുകൊണ്ടു്?—66.

4) സങ്കീർത്തനങ്ങൾക്കുമുമ്പുള്ള പ്രാർത്ഥനകൾ—67.

ഒന്നാമത്തെ പ്രാർത്ഥന മാമോദീസാക്രമത്തിൽ—69. വലിയ തിരുനാളുകൾക്കുള്ള പ്രാർത്ഥന—70. സാധാരണ ദിവസങ്ങൾക്കുള്ള

പ്രാർത്ഥന—70. യഹൂദപ്രാർത്ഥനയിൽ—71. ദൈവനാമം—72. പല ശീർഷകങ്ങൾ—74.

## 5

## പൗരാണികമായ ഒരു പൗരസ്ത്യസുറിയാനിപ്പള്ളിയുടെ ഉള്ളിലേയ്ക്കു കടന്നാൽ 75-83.

വിവിധ ഭാഗങ്ങൾ—75. പഴയനിയമത്തിൽ—77. ആദിമസഭയിൽ—77. ബേമായെപ്പററി ഭൂഗർഭഗവേഷണം—79. ബേമായും തിരുക്കർമ്മങ്ങളും—80. ബേമാ കേരളത്തിൽ—81. ഈസ്റ്റർതിയതി, ചിത്രം—

## 6

## ആരാധനക്രമപഞ്ചാംഗം 83-133

പുരാതനരേഖകൾ—84. വിവിധ കാലങ്ങൾ—88.

മംഗലവാർത്തക്കാലം—92. തിരുജനനം—93. ദനഹാ—95. വലിയനോമ്പിനു് ഒരുക്കം—98. റോമൻറീത്തിലെ വിഭൂതിത്തിരുനാൾ—99. മരിച്ചവരുടെ ഓർമ്മ—101. മൂന്നുനോമ്പു—103. അമ്പതുനോമ്പു—നാല്പതു ദിവസം—105. ലത്തീൻറീത്തിൽ—105. സുറിയാനിറീത്തിൽ—107. വേദപുസ്തകത്തിൽ ,,നാല്പതു്,,—107. നോമ്പിൻെറ ചൈതന്യം—108. ഉയിർപ്പു്—114. ശ്ലീഹാക്കാലം—116. ഗ്രീഷ്മകാലം (Summer)—117. ഏലിയാ, കുരിശു്, മൂശ—118—119.

ദൈവാലയപ്രതിഷ്ഠ (പള്ളിക്കൂദാശ) —119. പള്ളിക്കൂദാശക്കാലത്തിൻെറ ചൈതന്യം—124. ഏഴു് ആഴ്ചകൾ—126. ക്രിസ്തീയമായ തിരുനാളുകളുടെ ദൈവശാസ്ത്രം—127.

## 7

## ധൂപാർച്ചന 132-138

പുരാതനമതങ്ങളിൽ —132. യഹൂദാരാധനയിൽ—133. ധൂപം ആശീർവ്വദിക്കുന്നതിനുള്ള പ്രാർത്ഥന—134.

## 8

## അഴിക്കാലിങ്കലെ ഗീതം(ഓനീസാദ്ʼകങ്കെ) 138-144.

പ്രാരംഭപ്രദക്ഷിണം—138. അഴിക്കാലിങ്കലെ സംഗീതം—139. അഴിക്കാലിങ്കലെ സ്തുതിഗീതത്തിനു മുമ്പുള്ള പ്രാർത്ഥന—141. ഞായറാഴ്ചകളും തിരുനാളുകളും—142. പ്രധാനപ്പെട്ട തിരുനാളുകൾ—143. വിശുദ്ധരുടെ തിരുനാൾ—144.

## 9

## “സകലത്തിന്റെയും നാഥാ” (ലാകുമാറാ) 145-153

മൂന്നു പ്രാവശ്യം ചൊല്ലുന്നു—147. സകലത്തിന്റേയും നാഥാ, ചൊല്ലുമ്പോൾ—148. ലാകുമാറായുടെ സമാപനപ്രാർത്ഥന—148. മററു റീത്തുകളിൽ—149. „ലാകുമാറാ,, ക്കു മുമ്പുള്ള പ്രാർത്ഥനകൾ—150. കൈയെഴുത്തു പ്രതികളിൽ—151.

## 10

## ഒരു തിരിഞ്ഞുനോട്ടം 153-158.

സങ്കീർത്തനമാലയും പ്രാർത്ഥനയും—153. ധൂപിക്കൽ—155

## 11

## ദൈവവചനശുശ്രൂഷ 159-168.

ദൈവവചനശുശ്രൂഷയും പൂജാർപ്പണവും—160. ദൈവവചനശുശ്രൂഷ—ദൈവശാസ്ത്രപരമായ വീക്ഷണം—161. ദൈവസാന്നിദ്ധ്യം ദൈവവചനത്തിൽ—162. ദൈവവചനവും രക്ഷാകരകർ

മ്മവും—163. ദൈവവചനവും ദിവ്യകാരുണ്യവും—165. ദൈവവചനവും സമൂഹവും—166.

## 12

## ത്രൈശുദ്ധകീർത്തനം 168-178.

ഉത്ഭവത്തെപ്പററി—168. പൗരസ്ത്യസിറിയൻ റീത്തിൽ—171. വ്യാഖ്യാനം—173. ത്രൈശുദ്ധ കീർത്തനത്തിൻെറ സമാപനപ്രാർത്ഥന— 176.

## 13

## വിശുദ്ധ ഗ്രന്ഥവായന 178-205.

നാലു വായനകരം—178. വായനകളുടെ ക്രമം—179. സീറോ മലബാർ റീത്തിൽ—181. തെരഞ്ഞെടുത്ത വായനകരം—182. ശ്ലീറായായും സ്മമാറായും—183. തുർഗാമ്മാ—187. കൈയെഴുത്തുപ്രതികളിൽ—189. റാസയിൽ ഇപ്പോരം—190. വി. ലിഖിതവായനയ്ക്കു് മുമ്പുള്ള പ്രാർത്ഥനകരം—192. ലേഖനത്തിനു മുമ്പ്—193. സുവിശേഷത്തിനു മുമ്പ്—196. ശ്ലവ്ഹാല്റഹമ്മേ—197. ഹക്കെമ്മെൻ—197. സഹായിയെ ആശീർവ്വദിക്കുന്നു—198. സമാധാനം നിങ്ങളോടുകൂടെ—200. നിന്നോടും നിൻെറ ആത്മാവോടുംകൂടെ—203.

## 14

## സുവിശേഷപ്രസംഗം 205-211.

പ്രകൃതി—206. പ്രഥമമായ പ്രബോധനമാർഗ്ഗം—206. ക്രിസ്തുവിൻെറ ദൗത്യം—207. ക്രിസ്തുവിൻെറ രഹസ്യം—208. സ്വഭാവവിശേഷതകരം —209. ജീവദായകം —210. പ്രായോഗിക നിർദ്ദേശങ്ങരം—211.

## 15

## സാർവ്വത്രിക പ്രാർത്ഥന (കാറോസൂസ) 212-223.

ഒന്നാംഭാഗം —217. രണ്ടാംഭാഗം —218. സമാപന പ്രാർത്ഥന —222.

## 16

## കൈവയ്പിനുള്ള പ്രാത്ഥന (അയോഗ്യരെ പിരിച്ചുവിടൽ) 224-236

ആശീവ്വാദം —225. സ്നാനാർത്ഥികളെ ആശീർവദിച്ചിരുന്നു —227. അയോഗ്യരെ പിരിച്ചുവിടൽ —228. പിരിച്ചുവിടൽ റാസയിൽ —235.

## 17

## അപ്പവും വീഞ്ഞും 237-266

കൽദായ സഭയിൽ —238. മലബാറിൽ —240. കാഴ്ചവസ്തുക്കളുടെ പ്രതീകാത്മകത —244. കാഴ്ചവയ്പിനുള്ള ഒരുക്കം —246. കൈകഴുകൽ—251. കാഴ്ചവയ്പുപ്രദക്ഷിണഗീതം—254. പ്രദക്ഷിണഗീതത്തിൻെറ രണ്ടാംഭാഗം—256. കാഴ്ചവയ്പിൻെറ പ്രാർത്ഥനകൾ—258. മിശിഹായോടു പ്രാർത്ഥിക്കുന്നു—261. മിശിഹാവഴി —261. ബലിവസ്തുക്കൾ ഉയർത്തുന്നു—263. സമൂഹത്തിൻെറ സമപ്പണം—264. പ്രായോഗിക നിർദ്ദേശങ്ങൾ—266.

## 18

## റാസയിലെ സാഷ്ടാംഗപ്രണാമം 267-282

വ്യാഖ്യാനങ്ങൾ—269. ഈ ഗീതം മററു കമ്മങ്ങളിൽ—271. സമാപനപ്രാർത്ഥന—273. കൈയെഴുത്തുപ്രതികളിൽ—274. റൂഹാക്ഷണത്തോടു ബന്ധമോ?—278

19

## വിശ്വാസപ്രമാണം 283-301

വിശ്വാസസംഹിത—283. താരതമ്യപഠനം—287. നമ്മെത്തന്നെ നാം അപ്പിക്കുന്ന ഈ സഭ—296. വിശ്വാസപ്രമാണത്തിനു മുമ്പുള്ള രഹസ്യപ്രാർത്ഥന—298. ഡീക്കൻെറ അറിയിപ്പ്—300.

20

## നിയമ നിഷ്ഠമായ പ്രവേശനം 302-313

ഒന്നാമത്തെ പ്രാർത്ഥന—303. രണ്ടാമത്തെ പ്രാർത്ഥന—305. മൂന്നാമത്തെ പ്രാത്ഥന—305. സമൂഹത്തിൻെറ പാപം—306. ബലിപീഠവും ദൈവസാന്നിധ്യവും—307. പള്ളിക്കുദാശയിൽ—309. അറംത്താര—കബറിടം—310. സക്രാരി—312.

21

## അനുബന്ധം 314-335

### പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൻെറ ഉറവിടങ്ങൾ

വ്യാഖ്യാനങ്ങൾ—314—327. ആരാധനക്രമനിബന്ധനകൾ. 327—329. കൈയെഴുത്തുപ്രതികൾ 329—331. അച്ചടിച്ച കർബാനക്രമം 331—335.

# ഈ ഗ്രന്ഥത്തെപ്പററി

ഈ ദശകത്തിൽ ആരാധനക്രമനവോത്ഥാനത്തിനു വേണ്ടി തീവ്രപ്രയത്നങ്ങൾ ക്രൈസ്തവലോകമെങ്ങും നടക്കുന്നുണ്ട്. അതോടൊപ്പം സീറോ മലബാർസഭയിലും ഈ ദൃശപ്രവർത്തനങ്ങൾ അവിടവിടെയായി കണ്ടുവരുന്നു.

ആരാധനക്രമത്തെ സംബന്ധിച്ചുള്ള ദൈവശാസ്ത്രം അതിശീഘ്രം പുരോഗമിക്കുകയാണ്. വലിയ താല്പര്യത്തോടെ ഈ ഉണർവ്വേററിയ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുക, സഭാനവീകരണത്തിന് അവശ്യാവശ്യമാണ്. സഭാംഗങ്ങളുടെ ജീവിത നവീകരണമാണ് സഭാനവീകരണത്തിൻെറ മാനദണ്ഡം. ആരാധനക്രമത്തെപ്പററിയുള്ള കൗൺസിൽരേഖയിൽ നാം വായിക്കുന്നു: 'ആരാധനക്രമത്തിൽനിന്നു, പ്രത്യേകിച്ച് വിശുദ്ധ കുർബാനയിൽനിന്നു, ഒരുറവയിൽനിന്നെന്നപോലെ പ്രസാദവരം നമ്മിലേയ്ക്കു പ്രവഹിക്കുന്നു. അങ്ങനെ ദൈവമഹത്വീകരണവും മനുഷ്യവിശുദ്ധീകരണവും നിർവ്വഹിക്കപ്പെടുന്നു' (C.S.L. 10).

ദൈവാനുഗ്രഹത്തിൻെറ സ്രോതസ്സാണ് വി. കുർബാന. ക്രിസ്ത്യാനിയുടെ ശക്തികേന്ദ്രമാണതു്. ദിവസേന നടക്കുന്ന ബലിയർപ്പണത്തിൽ വിശ്വാസികൾ ബുദ്ധിപൂർവ്വമായും ക്രിയാത്മകമായും ഫലപ്രദമായും പങ്കെ

ടുക്കണമെന്നു് (C.S.L. II) സഭ അഭിലഷിക്കുന്നു. ദൈവജനം തങ്ങളുടെ അത്ഥനകളും അർപ്പണവുമായി അറംത്താരയെ ചുററിനിൽക്കുന്നു. അവിടെ സന്നിഹിതനായ ക്രിസ്തുവിൻെറ പ്രാത്ഥനയോടും ആരാധനാസ്തോത്രങ്ങളോടും ചേർത്തു് തങ്ങളുടെ കാഴ്ച്ചകറം അവർ സമർപ്പിക്കുന്നു. അവരുടെ കണ്ഠങ്ങളിൽ നിന്നുയരുന്ന സ്തോത്രഗീതങ്ങറം സ്വഗ്ഗസ്ഥനായ പിതാവിൻെറ മുമ്പിൽ പുത്രൻെറ കൃപയും പരിശുദ്ധാത്മാവിൻെറ സംസഗ്ഗവും മൂലം സ്വീകാര്യമായി ഭവിക്കുന്നു. വിശ്വാസികളുടെ സ്വയം സമർപ്പണത്തിൽ പ്രസാദിച്ച ദൈവം അവരിൽ തൻെറ പ്രസാദവരം നിറയ്ക്കുന്നു. പുതിയ നിയമത്തിലെ ഈ ബലിവഴി ക്രിസ്തുവിൻെറ പരിത്രാണകൃത്യത്തിൽ നാം പങ്കുചേരുകയാണു്.

ബോധപൂർവ്വം ബലിയിൽ പങ്കെടുക്കണമെങ്കിൽ ശരിയായ ജ്ഞാനമുണ്ടായിരിക്കണമെന്നതു് അവിതക്കിതമാണല്ലോ. ആരാധനക്രമ പുനരുദ്ധാരണവും പരിഷ്ക്കരണവും അനുരൂപണവും ത്വരിതഗതിയിൽ നടക്കുന്നയിന്നു് വി. ബലിയെപ്പററിയുള്ള ശാസ്ത്രീയമായ ജ്ഞാനം അനുപേക്ഷണീയമാണു്. സീറോമലബാർ സഭയുടെ പുനരുദ്ധരിച്ച കുർബാനയെപ്പററി തയ്യാറാക്കുന്ന ശാസ്ത്രീയമായ പഠനത്തിൻെറ ഒന്നാം ഭാഗമാണു് ഈ ഗ്രന്ഥം.

വടവാതൂർ സെമിനാരിയിലെ ലിററർജി പ്രൊഫസറായ ഗ്രന്ഥകാരൻെറ ഗവേഷണചാതുരിക്കും ദൈവശാസ്ത്രപരമായ ഉറംക്കാഴ്ച്ചയ്ക്കും നിദർശനമായ 'കുർബാന—ഒരു പഠനം' കൗൺസിലിൻെറ യുഗത്തിൽ, നവീകരണപ്രക്രിയയിൽ, ആരാധകനെ നയിക്കുന്ന കൈവിളക്കാണെന്നു ഞാൻ കരുതുന്നു. അഗാധമായ പഠനത്തിൻെറയും അശ്രാന്തമായ പരിശ്രമത്തിൻെറയും അതുല്യമാ

യൊരു ചൈതന്യം ഈ ഗ്രന്ഥത്തിലുടനീളം ദൃശ്യമാണ്. ഓരോ പ്രാർത്ഥനയുടേയും ശാസ്ത്രീയവും ചരിത്രപരവുമായ സ്ഥാനം, അർത്ഥം, പ്രാധാന്യം എന്നിവ ലളിതമായി പ്രതിപാദിച്ചിരിക്കുന്നു... പിതാക്കന്മാരുടെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ഈ കുർബാനക്രമത്തിന്റെ പൗരാണികതയെ സ്പഷ്ടമാക്കുന്നു. ഈ ഗ്രന്ഥം കുർബാനയെപ്പററി ആധികാരികമായ പഠനമാണെന്ന് നിസ്സംശയം പറയാം. വിശുദ്ധ കുർബാനയിൽ ബോധപൂർവ്വവും കർമ്മോത്സുകവും ഫലപ്രദവുമായ ഭാഗഭാഗിത്വത്തിന് ഈ ഗ്രന്ഥം ദൈവജനത്തെ സഹായിക്കുമെന്നു വിശ്വസിക്കട്ടെ. കാലോചിതമായ ഈ ഗ്രന്ഥം കേരള കത്തോലിക്കർക്കു കാഴ്ചവച്ച ഫാ. വെള്ളിയാന് അഭിനന്ദനങ്ങൾ!

ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി

കോട്ടയം
1–11–'68

# അവതാരിക

ആരാധനക്രമത്തിൻെറ വിവിധ വശങ്ങൾ ഏററവും ആധികാരികമായി വരച്ചു കാട്ടിയിട്ടുള്ളതു് രണ്ടാം വത്തിക്കാൻ സൂനഹദോസാണു്. ആരാധനക്രമത്തെ സംബന്ധിച്ച കൗൺസിൽ രേഖ അതിൻേറതായ മണ്ഡലത്തിൽ ഇതിനകം വളരെയേറെ പഠനത്തിനും ഗവേഷണത്തിനും വഴിതെളിച്ചിട്ടുണ്ടു്. പരീക്ഷണങ്ങളും പരിഷ്ക്കാരങ്ങളും ഒട്ടേറെയുണ്ടായിട്ടുണ്ടു്, പ്രത്യേകിച്ചും മററു രാജ്യങ്ങളിൽ. നമ്മളും തീരെ പുറകിലാണെന്നു പറഞ്ഞുകൂടാ; 1962–ൽ അനുവദിച്ചുകിട്ടിയ മലയാളം കർബാന 1968 ആയിട്ടും നടപ്പിൽ വരാത്ത ഇടവകകൾ നമ്മുടെ നാട്ടിലുണ്ടെന്നു് സമ്മതിച്ചാൽത്തന്നെയും. ആരാധനക്രമത്തെപ്പററിയുണ്ടായിരുന്ന പഴക്കംചെന്ന ചിന്താഗതി വെടിഞ്ഞു് പുതിയ കാഴ്ചപ്പാടിലൂടെ അതിനെ വീക്ഷിക്കുവാൻ നമ്മുടെ സാധാരണക്കാൎക്കുപോലും കഴിയുന്നുവെന്നതു് വാസ്തവത്തിൽ ഒരു നേട്ടമാണു്. അതേസമയം നാം വിസ്മരിച്ചുപോകാറുള്ള ഒരു വസ്തുതയുണ്ടു്. ഒരുമിച്ചു പാട്ടു പാടുന്നതിലോ പ്രാൎത്ഥനകൾ ചൊല്ലുന്നതിലോ മാത്രമല്ല കൗൺസിൽ വിഭാവനം ചെയ്യുന്ന ബോധപൂൎവ്വമായ പങ്കുകൊള്ളൽ അടങ്ങിയിരിക്കുന്നതു്. ആരാധനക്രമത്തെ (പ്രത്യേകിച്ചും കർബാനയെ) ചരിത്രപരവും ദൈവശാസ്ത്രപരവുമായ പശ്ചാത്തലത്തിൽ വിലയിരുത്തിയെങ്കിൽ മാത്രമേ കർബാനയിലെ ഭാഗഭാഗിത്വം സജീവവും ബോധപൂൎവ്വവുമായിരിക്കയുള്ളു. ഇതിനു വളരെയധികം ഉപകാരപ്രദമാണു് ഫാദർ വെള്ളിയാൻെറ 'കർബാന: ഒരു പഠനം.'

ഫാദർ വെള്ളിയാൻെറ ആദ്യത്തെ ഗ്രന്ഥമല്ലിതു്. ‹റീത്തും ബലിയും,' ‹ദൈവജനം അംത്താരസ്സു ചുററും,' ‹പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ കുർബാന,' ‹ആരാധനക്രമനവോത്ഥാനം,' ‹കാനോനാ നമസ്ക്കാരം ഒരു പഠനം' ഇവയെല്ലാം ഇതിനുമുമ്പു് പ്രസിദ്ധീകരിച്ചവയാണു്. ഇവസ്സുപുറമേ ആരാധനക്രമത്തെപ്പററി വളരെ ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടു്. മലയാളം കുർബാനയെ കേരളീയർക്കു പരിചയപ്പെടുത്തിക്കൊടുക്കുവാൻ ആദ്യമായി മുന്നോട്ടുവന്നതും ഫാദർ വെള്ളിയാനാണു്.

പുനരുദ്ധരിക്കപ്പെട്ട കുർബാനതന്നെയാണു് ഈ ഗ്രന്ഥത്തിലേയും പ്രതിപാദ്യവിഷയം. പക്ഷേ, അനേകം ചരിത്രഗ്രന്ഥങ്ങളും ഒട്ടനേകം കൈയെഴുത്തുപ്രതികളും പരിശോധിച്ചും പഠിച്ചും ശാസ്ത്രീയമായ രീതിയിൽ ഗവേഷണപാടവത്തോടെയാണു് ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളതു്. അക്കാരണത്താൽത്തന്നെ നമ്മുടെ കുർബാനയെപ്പററി മലയാളത്തിൽ വന്നിട്ടുള്ളതിൽ ഏററവും ആധികാരികമായ ഗ്രന്ഥമാണിതെന്നതിൽ സംശയമില്ല.

കുർബാനയുടെ ഓരോ ഭാഗവും (പ്രാത്ഥനകളും അനുഷ്ഠാനങ്ങളും) ബഹുമുഖമായ കാഴ്ചപ്പാടിൽ വിശദീകരിക്കയാണീ ഗ്രന്ഥത്തിൽ. ഉദാഹരണമായി, പുഖ്ദാനകോൻ (നിങ്ങളുടെ കല്പന) എന്ന ഒന്നാമത്തെ അദ്ധ്യായംതന്നെ നോക്കുക. വിവിധ വ്യാഖ്യാനങ്ങൾ ആദ്യം കൊടുക്കുന്നു. സാമൂഹികാനുഷ്ഠാനമായ ദിവ്യബലിയുടെ ആരംഭത്തിലുള്ള ‹നിങ്ങളുടെ കല്പന'സ്സു നമ്മുടെ സാമുദായികാചാരങ്ങളിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നന്വേഷിക്കയാണു് അടുത്തപടി. അന്തംചാത്തലും, വാഴ്വു് പിടുത്തവും, ഇച്ഛപ്പാടു് കൊടുക്കലുമൊക്കെ സാരഗർഭമായിത്തീരുന്നതു് അപ്പോഴാണു്. അതിനുശേഷം കൽദായരുടെ പാരമ്പര്യത്തിലും മററു റീത്തുകളിലും ഇതിൻെറ പ്രസക്തിയും സ്ഥാനവുമെന്തെന്നു് പരിശോധിക്കുന്നു. ശബ്ദവ്യുൽപത്തികൂടി അത്ഥവിശകലനത്തിനു് സഹായകമാകുന്നുണ്ടു്. ദിവ്യബലിയുടെ ആരംഭത്തിൽ ‹നിങ്ങളുടെ കല്പന'സ്സു എന്തേ ഇത്രവലിയ സ്ഥാനം? ‹മിശിഹായുടെ ക

ല്പന'യ്ക്കു എന്തേ ഇത്രവലിയ പ്രസക്തി? 'എന്തുകൊണ്ടു് ബലിയുടെ ആരംഭത്തിൽ' എന്ന ഭാഗം ഈ ചോദ്യങ്ങൾക്കുള്ള വ്യക്തമായ ഉത്തരമാണു്. അവിടെ പരസ്നേഹത്തിൻെറ കല്പനയാണു അനുസ്മരിക്കുക; പരസ്നേഹ ചൈതന്യത്തിൽ 'യോഗത്യാപൂർവ്വം' ബലിയർപ്പിക്കാൻ അണയണമെന്നാണു ഉദ്ബോധിപ്പിക്കുക. ക്രിസ്തുവിനോടുള്ള സ്നേഹം, സഭയോടുള്ള ഐക്യം, സ്നേഹത്തിൻെറ കല്പനയോടുള്ള വിധേയത്വം എന്നിവയൊക്കെ പ്രകൃതത്തിൽ സൂചിതമാണു്. ഇപ്പോൾ മലയാളം കുർബാനയിൽ അതു വിട്ടുകളഞ്ഞിരിക്കുകയാണല്ലോ. ഈ വിശദീകരണത്തിൻെറ വെളിച്ചത്തിൽ, ''ആഘോഷമായ കുർബാന മലയാളത്തിലാക്കുമ്പോൾ, പുരോഹിതൻ ജനങ്ങളുടെ നേരെ തിരിഞ്ഞു സൂചനാസമൃദ്ധമായ പുഖ്ദാനകോൻ പാടുന്നതു് (ഈ ആശയമുൾക്കൊള്ളുന്ന ഒരു ഗാനമായാലും തരക്കേടില്ല.) കൂടുതൽ അത്ഥവത്തായിരിക്കു'' മെന്ന ഗ്രന്ഥകാരൻെറ നിർദ്ദേശം വളരെ സന്ദർഭോചിതമായിത്തോന്നുന്നു.

കുർബാനയുടെ ആദ്യഭാഗം (Liturgy of the Word) പ്രതിപാദിക്കുന്ന ഈ ഒന്നാം വാല്യത്തിൽ അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, സങ്കീർത്തനാലാപം, ത്രൈശുദ്ധകീർത്തനം, സുവിശേഷപ്രസംഗം, വായനകൾ, ആരാധനക്രമപഞ്ചാംഗം, അപ്പവും വീഞ്ഞും, വിശ്വാസപ്രമാണം എന്നിങ്ങനെ നിയമനിഷ്ഠമായ പ്രവേശനംവരെ നീണ്ടുപോകുന്ന അദ്ധ്യായങ്ങളും മിഴിവുററ ഉദാഹരണങ്ങൾതന്നെ. വിസ്തരഭയത്താൽ അവയൊന്നും ഇവിടെ ചർച്ച ചെയ്യുന്നില്ല. പുരാതന വ്യാഖ്യാതാക്കളെ പരിചയപ്പെടുത്തിക്കൊണ്ടുള്ള അനുബന്ധം ഇതിൽ ചേർത്തതു് ഉചിതമായി.

ഗഹനവും പരിപക്വവുമായ ഇത്തരം പഠനങ്ങൾ നമുക്കു ഇനിയും ഫാദർ വെള്ളിയാനിൽനിന്നു പ്രതീക്ഷിക്കുക.

**ഫാദർ ജെ. ചാവേലി**

പൊന്തിഫിക്കൽ സെമിനാരി,
മംഗലപ്പുഴ.

# ആമുഖം

ആരാധനക്രമങ്ങളിൽ പൂർണ്ണവും ബോധപൂർവ്വവും കർമ്മോൽസുകവുമായ ഭാഗഭാഗിത്വത്തിലേയ്ക്കു എല്ലാ വിശ്വാസികളെയും നയിക്കണമെന്നാണ് തിരുസഭാമാതാവിൻെറ തീവ്രാഭിലാഷം. ആരാധനക്രമത്തിൻെറ സ്വഭാവംതന്നെ ഇതാവശ്യപ്പെടുന്നുണ്ട്. 'തെരഞ്ഞെടുക്കപ്പെട്ട ഒരു ജനത, രാജകീയ പൗരോഹിത്യമുള്ളവർ, വിശുദ്ധ ജനപദം, രക്ഷിക്കപ്പെട്ട ജനം' (1 പത്രോ. 1:9;2:4—5) എന്നീ നിലകളിൽ ക്രിസ്തീയവിശ്വാസികളുടെ ഈ ഭാഗഭാഗിത്വം ജ്ഞാനസ്നാനം വഴി അവക്കു ലഭിക്കുന്ന അവകാശവും ധർമ്മവുമാണ്. (ആരാധനക്രമം സംബന്ധിച്ച കൗൺസിൽ കൊൺസ്റ്റിട്യൂഷൻ, 14).

1962—ൽ പുനരുദ്ധരിച്ച സീറോ മലബാർ കുർബാനയിൽ മാതൃഭാഷ ഭാഗികമായിമാത്രമേ ഉപയോഗിച്ചുള്ളൂ. ഇപ്പോഠം (1968—ൽ) അതു് പൂർണ്ണമായും മലയാളത്തിലാക്കിയിരിക്കുന്നു. അതുകൊണ്ടുമാത്രം കുർബാനയിൽ പങ്കെടുക്കുന്നവർക്കു് പൂർണ്ണവും ബോധപൂർവ്വവും കർമ്മോൽസുകവുമായ ഭാഗഭാഗിത്വത്തിനു് അവസരമായെന്നു് പറയാവതല്ല. ആരാധനക്രമത്തിലെ പ്രാർത്ഥനകളും കർമ്മവിധികളും വ്യത്യസ്തസാഹചര്യങ്ങളിൽ രൂപം കൊണ്ടവയാണ്; ഏറിയ പങ്കും വേദപുസ്തകാധിഷ്ഠിതവുമാണ്.

സഭാപിതാക്കന്മാരുടെ ചിന്താഗതി അതിന്റെ നിശ്ചിത രൂപത്തിനും ഭാവത്തിനും വഴി ഒരുക്കിയെന്നു കരുതാം. അപ്പോഠം, വിശ്വാസികളെല്ലാവരും ചുരുങ്ങിയതോതിലെങ്കിലും കുർബാനയെപ്പററി ഒരു പഠനം നടത്തിയിരിക്കേണ്ടതു് ആവശ്യമാണു്.

ഈ ഗ്രന്ഥത്തിൽ പൊതുവേ ശാസ്ത്രീയമായൊരു സമീപനമാണു് സ്വീകരിച്ചിരിക്കുന്നതു്. കഴിയുന്നിടത്തോളം പ്രായോഗികതലത്തിൽ ആരാധകനു് ഉപയുക്തമാകത്തക്കവിധം ഇതിലെ പ്രതിപാദനം നടത്തണമെന്ന ഉദ്ദേശ്യവും ഗ്രന്ഥകാരനുണ്ടായിരുന്നു. നമ്മുടെ കുർബാനയെപ്പററിയുള്ള ഇത്തരം പഠനങ്ങഠം വിരളമാണു്. രണ്ടു വാല്യങ്ങളിൽ തയ്യാർ ചെയ്യുന്ന ഈ വ്യാഖ്യാനം പരിപൂർണ്ണമാണെന്ന വിചാരം ഗ്രന്ഥകാരനില്ല. ഇനിയുള്ള പഠനങ്ങഠംക്കു് ഈ ഗ്രന്ഥം സഹായകമായെങ്കിൽ എന്നാശിക്കയാണു്.

1968–ൽ തയ്യാറാക്കിയ മലയാളക്കുർബാനക്രമമാണു് ഈ പഠനത്തിനു് മുഖ്യമായും ആസ്പദമാക്കിയിരിക്കുന്നതു്. പൗരസ്ത്യസുറിയാനി കുർബാനക്രമത്തിന്റെ പ്രത്യേകതയും ചൈതന്യവും സുവിദിതമാക്കാൻ ചിലപ്പോഴൊക്കെ സുറിയാനിമൂലവും 1962–ലെ മലയാളതർജ്ജമയും ഉപയോഗിച്ചിട്ടുണ്ടു്. കർമ്മവിധികഠംക്കുവേണ്ടി റോമിൽ 1959–ൽ പ്രസിദ്ധീകരിച്ച *'Ordo Celebrationis Quddasa'* യെ ആശ്രയിച്ചിട്ടുണ്ടു്.

റാസ, പാട്ടുകുർബാന, സാധാരണകുർബാന *(Simple Mass)* എന്നിവയെല്ലാം പരാമർശിച്ചിട്ടുണ്ടെങ്കിലും പാട്ടുകുർബാനയാണു് *(Missa normativa)* മുഖ്യ പഠനവിഷയം. പൗരസ്ത്യസുറിയാനി റീത്തിൽപ്പെട്ട സീറോമലബാർ വിഭാഗത്തോടൊപ്പം കൽദായ നെസ്തോ

റിയൻ എന്നീ വിഭാഗങ്ങളും ഈ പഠനത്തിൽ പരാമശി ച്ചിട്ടുണ്ട്. കാരണം, ഈ വിഭാഗങ്ങളെല്ലാം, അല്പസ്വല്പ വ്യത്യാസങ്ങളൊഴിച്ചാൽ, പൊതുവായ ഒരാരാധനക്രമം സൂക്ഷിക്കുന്നെന്നതുതന്നെ. അന്ത്യോക്യൻ, ബിസെൻറ യിൻ, അമ്മേനിയൻ, അലക്സാന്ത്രിയൻ എന്നീ പൗ രസ്ത്യ റീത്തുകളോടു താരതമ്യപ്പെടുത്തി ചർച്ചകൾ മു മ്പോട്ടു കൊണ്ടുപോകുവാൻ ശ്രമിക്കാതിരുന്നിട്ടില്ല. ആ ദിമകാലത്തെ ലത്തീൻ ആരാധനക്രമം പഠിക്കുന്നത് പു രാതനമായ നമ്മുടെ റീത്ത് മനസ്സിലാക്കാൻ ഉപകരി ക്കും. ലത്തീൻ കർബാനയെപ്പററിയുള്ള പണ്ഡിതന്മാരു ടെ വ്യാഖ്യാനങ്ങൾ കുർബാനക്രമങ്ങൾക്കെല്ലാം പൊതു വായിവരുന്ന കാര്യങ്ങൾ ഗ്രഹിക്കാനുതകുന്നു. കർത്തൃപ്രാ ത്ഥന, വിശ്വാസപ്രമാണം തുടങ്ങിയവ ഈ പൊതുഘട കങ്ങളിൽപ്പെടുമല്ലൊ. അവസ്ഥ നമ്മുടെ റീത്തിലുള്ള പ്ര ത്യേകതകളെപ്പററി പ്രതിപാദിക്കാനേ കൂടുതൽ ശ്രദ്ധി ച്ചിട്ടുള്ളു. ആരാധനക്രമവത്സരത്തിനൊത്തു *(Liturgical year)* മാറിമാറി വരുന്ന ഘടകങ്ങളിൽ *(Proper)* ആ ദ്യത്തേതു പരാമശിക്കുന്നിടത്തു ആരാധനക്രമപഞ്ചാംഗ ത്തെപ്പററി ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്.

ഈ പഠനത്തിനുപയോഗിച്ച പുരാതന രേഖകളെ കുറിച്ച് ഒരവലോകനം അനുബന്ധമായി ചേത്തിട്ടുള്ള തു് ശ്രദ്ധിക്കുക. അവയിൽനിന്നുള്ള ഉദ്ധരണികളെ യ ഥായോഗ്യം വിലയിരുത്തുവാൻ അതു സഹായിക്കുമെന്നു കരുതുന്നു. നർസേ (+572), അബ്രഹാം ബർലിഫേ, (7–ാംനൂററാണ്ടു്) ജോർജ് അർബേൽ (8–ാംനൂററാണ്ടു്) ഗബ്രിയേൽ, ഖത്രായ (600 ? ) തിയഡോർ മൊപ്സ്വേ സ്റ്റിയ (+428) എന്നീ പേരുകൾ ഈ പഠനത്തിൽ മി ക്കയിടങ്ങളിലും കാണാവുന്നതാണ്.

കർബാനയുടെ കൈയെഴുത്തുപ്രതികൾക്ക് അവ സൂക്ഷിച്ചിരിക്കുന്ന ലൈബ്രറികൾ നൽകിയ നാമവും നമ്പരുമാണ് ഈ ഗ്രന്ഥത്തിലും അനുകരിച്ചിരിക്കുന്നത്. ഈ പഠനത്തിന് അനേകം കൈയെഴുത്തുപ്രതികളെ അവലംബിച്ചിട്ടുണ്ടെന്നും വ്യക്തമാണല്ലോ (അനുബന്ധം കാണുക.)

1965—ൽ ഗ്രന്ഥകാരൻ തയ്യാറാക്കിയ *The Pre-anaphoral of the Chaldeo - Malabar Qurbana* എന്ന പ്രബന്ധത്തെ ആശ്രയിച്ചാണ് ഈ ഒന്നാം വാല്യത്തിലെ കൂടുതൽ ഭാഗങ്ങളും ക്രമപ്പെടുത്തിയിട്ടുള്ളത്. അതിനാൽ കർബാനയുടെ ആദ്യഭാഗമായ ദൈവവചനശുശ്രൂഷയേ ഈ വാല്യത്തിൽ പ്രതിപാദിച്ചിട്ടുള്ളൂ. ഇംഗ്ലീഷ് പ്രബന്ധമൊരുക്കാൻ സഹായിച്ച വന്ദ്യഗുരുഭൂതന്മാർ *Alvarus Huerga O. P, Fr. Raes Alphonse S. J, Fr. Placid C. M. I.* എന്നിവർക്ക് ആദരാഞ്ജലി.

ഈ ഗ്രന്ഥത്തെപ്പററി പ്രോത്സാഹജനകമായ ഒരഭിപ്രായം നൽകി അനുഗ്രഹിച്ചതിന് ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരി തിരുമേനിയോടു ഞാൻ കടപ്പെട്ടവനാണ്. ആധികാരികവും സമഗ്രവുമായ ഒരവതാരികയിലൂടെ പുസ്തകത്തെ ബഹുജനങ്ങൾക്കു പരിചയപ്പെടുത്തിയ റവ. ഡോക്ടർ ജെയിംസ് ചാവേലിയ്ക്കു എന്റെ ഹൃദയംഗമായ നന്ദി.

ഈ ഗ്രന്ഥത്തിന്റെ രൂപപ്പെടുത്തലിൽ മറക്കാനാവാത്ത ചില പേരുകളുണ്ട്. തർജ്ജമചെയ്തു സഹായിച്ചതു് ഫാദർ ജോസഫ് വേഴാമ്പത്തോട്ടമാണ്. കൈയെഴുത്തുപ്രതിയും പ്രൂഫും വായിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകിയതു് ബഹു. സി. ററി. വയലിൽ *M. A., L. Ph. L. D.*, ജെയിംസ് വടക്കേൽ, ശ്രീ പീററർ ജോൺ കല്ലട എന്നിവരാണ്. എല്ലാവരേയും കൃതജ്ഞതയോടെ സ്മരിക്കുന്നു.

**ഫാദർ ജേക്കബ് വെള്ളിയാൻ**

അപ്പസ്തോലിക് സെമിനാരി
വടവാതൂർ, കോട്ടയം.
10–10–'68

## ABBREVIATIONS

| | |
|---|---|
| Bibl. Nat. | Bibliotheque Nationale, Paris (Manuscripts) |
| Breviarium Chaldaicum | Breviarium Juxta Ritus Syrorum Orientalium id est Chaldaeorum, 3 vols. Rome, 1938. |
| CSCO | Corpus Scriptorum Christianorum Orientalium, Louvain |
| CSEL | Corpus Schriptorum Ecclesiae Latinae |
| CSL | Constitution on the Sacred Liturgy (Second Vatican Council) |
| DACL | Dictionnaire d'Archeologie chretienne et de liturgie, Paris |
| DTC | Dictionnaire de Theologie Catholique, Paris. |
| Expositio | Anonymi Auctoris EXPOSITIO OFFICIORUM ecclesiae Georgiae Arbelensi vulgo adscripta, I, translated by CONNOLLY R. H. |
| Interpretatio | Anonymi Auctoris Expositio Officiorum ecclesiae Georgiae Arbalensi vulgo adscripta, II, Accedit Abrahae Bar Lipheh INTERPRETATIO OFFICIORUM, translated by CONNOLLY R. H. |

| | |
|---|---|
| JLW | Jahrbuch fur Liturgiewissenschaft, Munster. |
| JTS | Journal of Theological Studies. |
| ORDO | Ordo Celebrationis "Quddasa" juxta usum Ecclesiae Syro–Malabarensis, Rome, 1959. |
| OS | L' Orient Syrien, Paris. |
| PG | Patrologia Greca (Migne) |
| PL | Patrologia Latina (Migne) |
| PO | Patrologia Orientalis |
| Supplementum: | Supplementum Mysteriorum sive Proprium Missarum de tempore et Sanctis juxta ritum Ecclesiae Syro–Malabarensis, Rome, 1960. |
| Vat. Sir. | Vaticano Siriaco (Manuscripts). |

# 1

## പുഖ്ദാനകോൻ (നിങ്ങളുടെ കല്പന)

പുരോഹിതൻ 'നിങ്ങളുടെ കല്പന' എന്നു പാടി ക്കൊണ്ട് ആഘോഷമായ ദിവ്യബലി ആരംഭിക്കുന്നു; അതിനു് ജനങ്ങൾ 'മിശിഹായുടെ കല്പന' എന്നു് പ്രത്യുത്തരം നൽകുന്നു. പഴയ കുർബാനക്രമത്തിൽ ഇതു് 'ഒററക്കുർബാന'യിലും ചൊല്ലിയിരുന്നു; എന്നാൽ പുനരുദ്ധരിച്ച ക്രമത്തിൽ ആഘോഷമായ പാട്ടുകുർബാനയിലും റാസയിലുമേ ഇതാലപിക്കേണ്ടതുള്ളു (1).

## വിവിധ വ്യാഖ്യാനങ്ങൾ

ഈ പ്രാരംഭവാക്യാംഗം പല വിധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ആർച്ച് ഡെയിൽ കിംഗിൻെറ വാക്കുകളിൽ ആദിമ ശതകങ്ങളിൽ ദിവ്യബലിക്കു മുമ്പ് മെത്രാൻെറ അനുവാദം ചോദിക്കുക പതിവായിരുന്നു; അങ്ങനെ അനുവാദം ചോദിക്കുകയും നൽകുകയും ചെയ്തിരുന്ന വാചക രീതി ആരാധനക്രമ പുസ്തകത്തിൽ ചേർത്താണു് പുഖ്ദാനകോൻ (2).

എന്നാൽ പുരാതന കൽദായ സുറിയാനി റീത്തനുസരിച്ച്, കുർബാന ആരംഭിക്കുന്നതു് വൈദികഗണവും

---

1. Ordo eelebrationis 'Quddasa' juxta nsum Ecclesiae Syro-Malabarensis, Romae, 1959, p. 29.
2. KING A., The Rites of Eastern Christendom, Rome, 1948, Vol. II, p. 482.

വിശ്വാസികളുമാണ്. സങ്കീർത്തനാലാപംകഴിഞ്ഞു പാടുന്ന 'ഓനീസാദ്കങ്കെ' (സ്ലീവാദഹ്വാലൻ) യുടെ സമയത്തു് മാത്രമാണ്, മെത്രാൻ സാഘോഷം പള്ളിയിൽ പ്രവേശിക്കുന്നതു്. അതുകൊണ്ടു് ഈ അഭിപ്രായം ശരിയെന്നു തോന്നുന്നില്ല.

ഫാദർ ലീസെൽ മറെറാരഭിപ്രായം കൊണ്ടുവരുന്നു: അന്ത്യത്താഴസമയത്തു് ക്രിസ്തു വിശുദ്ധ കുർബാന സ്ഥാപിച്ചശേഷം അതാവർത്തിക്കുവാൻ കല്പിച്ചു. അതിന്റെ അനുസ്മരണമാണ്'പുഖ്ദാനകോൻ'(3).ബലിയർപ്പിക്കാനുള്ള കർത്താവിന്റെ ഈ കല്പന പുഖ്ദാനെ ദമശിഹ (മിശിഹായുടെ കല്പന) എന്ന വിശ്വാസികളുടെ പ്രതിവചനത്തിൽ സൂചിതമാണെന്നു സമ്മതിക്കാം. എന്നാൽ കുർബാനയിൽ കൂദാശസ്ഥാപനവാക്യങ്ങൾക്കുശേഷം ഈ കല്പനയെ അനുസ്മരിക്കുന്നുണ്ടല്ലോ. ''നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ ഞാൻ ഈ ചെയ്തതു് എന്റെ ഓർമ്മക്കായി ചെയ്യുവിൻ'' ഈ കല്പനാനുസ്മരണ വളരെ വ്യക്തമാണെന്നു് നാം വിസ്മരിക്കരുതു്. തന്നെയുമല്ല, 'നിങ്ങളുടെ കല്പന' എന്ന പുരോഹിതന്റെ വാക്കുകൾ വിശദീകരിക്കാൻ ലീസലിനു് സാധിക്കുന്നുമില്ല.

സുറിയാനി തക്സായിൽ 'നിന്റെ കല്പന' എന്നല്ല, 'നിങ്ങളുടെ കല്പന' എന്നാണ്. ഇതു ശ്രദ്ധാർഹമാണ്. കാഴ്ചവയ്പിന്റെ അവസാനത്തിൽ ''ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ കല്പനയാൽ'' എന്ന ഏക വചനത്തിലാണ്, ഉപയോഗിച്ചിരിക്കുന്നതു്. അതുകൊണ്ടു് 'പുഖ്ദാനകോനി'ലെ (നിങ്ങളുടെ) കല്പന

3. LIESEL N., The Eucharistic liturgies of the Eastern Churches, Minnesota, 1962, p. 266.

'മിശിഹായുടെ കല്പന'യെ സൂചിപ്പിക്കുന്നുവെന്നു് തീർത്തു പറയുക സാദ്ധ്യമല്ല.

## സാമുദായികാചാരങ്ങളിൽ അടിസ്ഥിതമോ?

'കല്പന' ക്രിസ്തുവിൻെറ അല്ലെങ്കിൽ അതു വിശ്വാസികളുടെ ആയിരിക്കുമോ? കാർമ്മികൻ ആരാധനാസമൂഹത്തോട്ടു് ദിവ്യബലി അർപ്പിക്കുന്നതിനുള്ള അനുവാദം (നിങ്ങളുടെ കല്പന) ചോദിക്കുകയാണോ? ''എൻെറ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ'' എന്ന നമ്മുടെ കർത്താവിൻെറ കല്പന അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊണ്ടു് അവർ പ്രത്യുത്തരം നൽകുകയാണോ?

അങ്ങനെയെങ്കിൽ, മാർത്തോമ്മാ ക്രിസ്ത്യാനികൾ ചില സാമൂഹ്യകർമ്മങ്ങളാരംഭിക്കുന്നതിനുമുമ്പു് സമൂഹത്തിൻെറ അനുവാദം ചോദിക്കുന്ന സഭ്യാചാരവിധികൾക്കു് യോജിച്ചതായിരിക്കും അതു്. ഉദാഹരണം, 'അന്തം ചാത്തൽ' അല്ലെങ്കിൽ 'ചന്തം ചാത്തൽ'; മൈലാഞ്ചിയിടീൽ, മധുരംകൊടുക്കൽ, വാഴ്വ്പിടുത്തം.

ആചാരവിധിയനുസരിച്ചു് വരൻെറ മുഖം ആദ്യമായി ക്ഷൗരംചെയ്യുന്നതാണു്, 'അന്തം ചാത്തൽ'. അതാരംഭിക്കുന്നതിനുമുമ്പു് പൂർവ്വിക മര്യാദയനുസരിച്ചു് പന്തലിലിരിക്കുന്ന പ്രായംചെന്നവരോടു് ക്ഷുരകൻ സാദരം അനുവാദം ചോദിക്കുന്നു: ''പതിനേഴു് പരിഷമേൽ മാളോരോടു് ചോദിക്കുന്നു: ''അന്തം ചാത്താൻ കയറിയിരിക്കട്ടെ?'' അതുപോലെതന്നെ, ''മൈലാഞ്ചിയിടു'' മ്പോഴും ഒരാചാരമുണ്ടു്. പിതാവിൻെറ അമ്മയോ സഹോദരിയോ മുമ്പോട്ടുവന്നു്, വധുവിൻെറ ഉള്ളംകൈയും കൈകാലുകളിലെ നഖങ്ങളും മൈലാഞ്ചി പൂശുന്നതിനു്,

അനുവാദമാവശ്യപ്പെടുന്നു. വിവാഹാചാരങ്ങളോടനുബന്ധിച്ചുള്ള രസകരമായ മറെറാരാചാരമാണ് 'മധുരംകൊടുക്കൽ. അതിൻെറ അവകാശിയായ ബന്ധു, മധുരസാധനം കൊടുക്കുന്നതിന് അനുവാദം ചോദിക്കുന്നു: 'ഇച്ചപ്പാട് കൊടുക്കട്ടെ?' ഇതു മൂന്നുപ്രാവശ്യം ആവർത്തിക്കുന്നു. ബ്രൗണിൻെറ അഭിപ്രായത്തിൽ മുൻകാലങ്ങളിൽ ബന്ധുവിനു പകരം ഒരു പുരോഹിതനും ആ കൃത്യം നിർവ്വഹിക്കാമായിരുന്നു. വിവാഹാനന്തരം വധൂവരന്മാർ വീട്ടിലെത്തി പന്തലിലിരിക്കുമ്പോൾ വധുവിൻെറ അമ്മ അവർക്ക് 'വാഴ്‌വ്' നൽകാറുണ്ട്. അതിനുമുമ്പ് 'വാഴ്‌വ് പിടിക്കട്ടെ' എന്നു് അനുവാദം ചോദിക്കുന്നു. (4).

## ദിവ്യബലി സാമൂഹികാനുഷ്ഠാനമാണ്

ക്രിസ്തുവിൻെറ മൗതികശരീരമായ സഭയിലെ സർവ്വ പ്രധാനമായ കർമ്മമാണ് ദിവ്യബലി; സാമൂഹിക ജീവിതത്തിൻെറ കേന്ദ്രബിന്ദുവും അതുതന്നെ.

ദൈവത്തിൻെറ ജനമായ സഭയാകുന്നു, ഈ അത്യുൽക്കൃഷ്ടമായ ബലി അർപ്പിക്കുന്നതു്. വിശുദ്ധ കുർബാന സ്നേഹഭോജനമാണ്; ദൈവമക്കൾക്കുവേണ്ടിയുള്ള അപ്പം മുറിക്കലാണ്; എന്നും ആവർത്തിക്കപ്പെടുന്ന പെസഹാവിരുന്നാണ്. തന്മൂലം നമുക്കുറപ്പിച്ചു പറയാം, ദിവ്യബലി അതുല്യമായ ഒരു സാമൂഹികാനുഷ്ഠാനം കൂടെയാണെന്നു്. ചില സാമൂഹികാനുഷ്ഠാനങ്ങളുടെ ആരംഭത്തിൽ സന്നിഹിതരുടെ അനുമതിയാവശ്യപ്പെടുന്ന ആചാരം കേരള സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുണ്ടെന്നു്

---

4. BROWN B., The Indian Christians P. 192. പി.പി. ചാക്കോ. ക്നാനായ സമുദായത്തിലെ വിവാഹനടപടികൾ, എഡേസ്സാ I (1968) 9, 23–26. വശങ്ങൾ

നാം മുകളിൽ കണ്ടു. ഈ ആചാരത്തിനു് സമാന്തരമായ മററൊരാചാരമായിരിക്കാം ദിവ്യബലിയുടെ പ്രാരംഭത്തിലെ അനുവാദാഭ്യർത്ഥന. അഭ്യർത്ഥനാരൂപത്തിലുള്ള 'കല്പന' വാങ്ങലിൻെറ പ്രധാനോദ്ദേശ്യം ഉടനെ നടക്കുവാൻപോകുന്ന തിരുക്കർമ്മങ്ങളെപ്പററി വിശ്വാസികളെ അറിയിക്കുകയാണു്; തിരുക്കർമ്മാനുഷ്ഠാനത്തിനുള്ള അധികാരം കാർമ്മികൻ വിശ്വാസികളിൽനിന്നു് സ്വീകരിക്കുകയല്ല. സഹസമർപ്പകരായ സഭാംഗങ്ങളെ തിരുക്കർമ്മങ്ങൾ സമാരംഭിക്കുവാൻ പോകുന്നുവെന്നു് അറിയിക്കുന്നതു് തികച്ചും അർത്ഥവത്താണല്ലോ. 'മിശിഹായുടെ കല്പന' (പുഖ്ദാനെ ദമശീഹാ) എന്നു് പ്രതിവചിച്ചുകൊണ്ടു് അവർ സമ്മതം പ്രകടിപ്പിക്കുന്നു; അഥവാ ദിവ്യബലിയർപ്പിക്കുന്നതിനുള്ള 'മിശിഹായുടെ കല്പന' (പുഖ്ദാനേ ദമശീഹാ) തങ്ങൾക്കറിവുള്ളതാണെന്നു് അവർ പ്രസ്താവിക്കുന്നു.

## കൽദായരുടെയിടയിൽ

കൽദായരുടേയും നെസ്തോറിയരുടേയും കുർബാനയുടെ ആരംഭത്തിൽ പുരോഹിതൻ 'പുഖ്ദാനകോൻ' പറയുന്നുണ്ടോ എന്നു് (5) ഒരു ചോദ്യം ഇവിടെ ഉദിക്കുന്നു. അവർ ഇപ്പോൾ ഉപയോഗിക്കുന്ന കുർബാന തക്സാകളിൽ 'പുഖ്ദാനകോൻ' ഇല്ലെന്നുള്ളതു് വാസ്തവമാണു്; എന്നാൽ അവരുടെ തക്സായുടെ ചില പഴയ കൈയെഴുത്തുപ്രതികളിൽ അതുണ്ടു്. ഉദാഹരണത്തിനു്, Paris Bibl. Nat. Syr 89 (6–ാം പുറം) Vaticano Siriaco

---

5. കൽദായ, നെസ്തോറിയൻ, സീറോ മലബാർ എന്നീ റീത്തുകൾ പൗരസ്ത്യ സിറിയൻ എന്ന ഒരേ ഗ്രൂപ്പിൽപ്പെട്ടവയാണു്. അക്കാരണത്താൽ ഈ മൂന്നു റീത്തുകളുടെയും ആരാധനക്രമങ്ങൾ തമ്മിൽ ഘടനയിലും പ്രകൃതിയിലും ഉള്ളടക്കത്തിലും വളരെ സാധർമ്മ്യമുണ്ടു്.

290 (9–ാം പുറം), Leiden Orient 1215 (3–ാം പുറം) ഇവയിൽ (6) ദിവ്യബലിയുടെ ആരംഭത്തിൽ പുഖ്ദാന കോൻ ഉണ്ടു്.

മാക്ലീൻ (Maclean) അച്ചടിച്ച കാനോന നമസ്കാരത്തിൽനിന്നു് പൗരസ്ത്യസുറിയാനിക്കാരുടെ ഇടയിൽ സായാഹ്ന ജപത്തിന്റെയും പ്രഭാതജപത്തിന്റെയും (Vespers and Lauds) അവസാനത്തിൽ 'പുഖ്ദാന കോൻ' ഉപയോഗിച്ചിരുന്നുവെന്നു് കാണാം (7). അവർ ഒരിക്കൽ ഉപയോഗിച്ചിരുന്ന 'പുഖ്ദാനകോൻ' കാലാന്തരത്തിൽ ഉപയോഗരഹിതമായതാണെന്നു് ഇതിൽനിന്നു് അനുമാനിക്കാമല്ലോ.

---

6. ഈ കൈയെഴുത്തുപ്രതികൾ രചിച്ചകാലം:

| | | |
|---|---|---|
| Paris Syr. | 90 – A. D. | 1689 |
| Paris Syr. | 89 – | 1698 |
| Nat. Syr. | 290 -- | 1751 |
| Leiden Or. | 1215 -- | 1720 |

പൗരസ്ത്യ സിറിയൻ കർബാനയുടെ കൈയെഴുത്തുപ്രതികൾ ശാസ്ത്രീയമായി പഠിക്കുന്ന ഒരാളാണു് ആംഗ്ലിക്കൻ പാസ്റ്ററായ റവറണ്ടു് ഡഗ്ളസ്സ് വെബ്ബ് (കേംബ്രിഡ്ജ്). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഈ പ്രതികളെല്ലാം മലബാറിനോടു പ്രത്യേക ബന്ധമുള്ള ഒരു ഗ്രൂപ്പിൽപ്പെടുന്നവയാണു്. (അഭിമുഖസംഭാഷണത്തിൽ നിന്നു്)

7. Maclean, East Syrian Daily Office, London, 1894, pp. 16, 20, 108, 172. ഈ പുസ്തകം അച്ചടിച്ചതു് 1734–ലെ ഒരു കൈയെഴുത്തുപ്രതി അടിസ്ഥാനമാക്കിയാണു്. മലബാറിലെ സുറിയാനി കാനോനാ നമസ്കാരത്തിലും 'പുഖ്ദാനകോൻ' ഉണ്ടു്. കർബാനയിലാരംഭിച്ചു് മററു ശുശ്രൂഷകളിലേക്കും വ്യാപിച്ചതാവാം.

## മററു റീത്തുകളിൽ

ഓരോ പ്രൊമിയോൻേറയും (പ്രാരംഭ പ്രാത്ഥന) ആരംഭത്തിൽ ‹പുഖ്ദാനക്കോൻ' എന്നതിൻെറ മറെറാരു രൂപമെന്നു് തോന്നിക്കുന്ന ഒരു പ്രയോഗം മാറോനീത്താക്കാർക്കുണ്ടു്: ''പുഖ്ദാനെ ദാലാഹാ; വവ് പുഖ്ദാനൈക് ആവൂൻറേശ്കഹനാ ദമശീഹാ''(ദൈവത്തിൻേറയും പുരോഹിത ശ്രേഷ്ഠൻേറയും കല്പനയാൽ) എന്നു് അവർ ചൊല്ലുന്നുണ്ടെങ്കിലും അവരുടെ ഔദ്യോഗിക പ്രാർത്ഥനപ്പുസ്തകത്തിൽ അതു് കാണുന്നില്ല. മെത്രാൻ ആരാധനാ സമൂഹത്തിൽ സന്നിഹിതനല്ലാത്തപ്പോഴം ഇതിനു പകരം 'ബ് പുഖ്ദാനൈക് ആവൂൻ കഹനോ' (പുരോഹിതൻെറ കല്പനയാൽ) എന്നു മാത്രം പറയുന്നു. ഇതിൽ നിന്നും ഈ വാക്യാംശം കാർമ്മികനിൽനിന്നു് അനുമതി ആവശ്യപ്പെടുന്നതിനു് മാത്രമുള്ളതാണെന്നു് ന്യായമായി നമുക്കുഹിക്കാം. പാശ്ചാത്യ സുറിയാനിക്കാരും ഓരോ പ്രാരംഭ പ്രാർത്ഥനയുടേയും (പ്രൊമിയോൻ) ആരംഭത്തിൽ 'ബാറക്മാർ' (ഗുരോ, ആശീർവ്വദിച്ചാലും) എന്നു പറയുന്നുണ്ടു്. അതു് ആരാധനക്രമപുസ്തകത്തിൽ ചേർത്തിട്ടില്ല. ‹‹ബാറെക്മാർ'' എന്നതു്ലത്തീൻകാരുടെ ‹ബെനെദീച്ചിത്തെ' (Benedicite–ആശീർവ്വദിച്ചാലും) പോലെയാണെന്നു പറയാം. ബിസൻൈറൻകാർക്കും ഈ ദൃശമായ പ്രയോഗമുണ്ടു്. (8)

---

8. ത്രൈശുദ്ധകീർത്തനത്തിൻെറ (Trisagion) അവസാനം ഡീക്കൻ പറയുന്നു: ‹‹അഭിവന്ദ്യഗുരോ, കല്പിച്ചാലും,,. അപരൻെറ ശ്രദ്ധയെആകർഷിക്കുന്നതിനു് ‹ക്ഷമിക്കണം', (excuse me) എന്നു നാം പറയാറുള്ളതിൻെറ മറെറാരു രൂപമായി ഈ ‹‹ഗുരോ കല്പിച്ചാലും,, എന്നതു കണക്കാക്കിയാൽ മതിയെന്നാണു് അഭിജ്ഞരുടെ അഭിപ്രായം.

## ശബ്ദവ്യുല്പത്തി സഹായിക്കുമോ?

"പുഖ്ദാന" എന്ന പദത്തിൻെറ അത്ഥം മനസ്സിലാക്കാൻ ശബ്ദവ്യുല്പത്തിശാസ്ത്രം നമ്മെ സഹായിക്കുമോ എന്നുനോക്കാം. 'പുഖ്ദാന' എന്ന പദം 'പഖെദ്' എന്ന ക്രിയയിൽനിന്നുണ്ടായതാണ്. അതിന് കല്പിച്ചു, നിയോഗിച്ചു, അഭ്യർത്ഥിച്ചു, ഏല്പിച്ചു ഉടമ്പടിയാൽ ബന്ധിക്കപ്പെട്ടു, കല്പന ലഭിച്ചു എന്നൊക്കെ അത്ഥമാകാം (9). ഉടമ്പടിയാൽ ബന്ധിക്കപ്പെട്ടു, കല്പന ലഭിച്ചു എന്നീ അവസാനത്തെ രണ്ടർത്ഥങ്ങൾ സ്വീകരിച്ചാൽ 'പുഖ്ദാനകോൻ' എന്ന വാക്കിൻെറ അർത്ഥം, ഇങ്ങനെ വ്യക്തമാക്കുവാൻ കഴിയും: "നീ ആരോടു ചേന്നു നില്ക്കുന്നു?" ആരുടെ കല്പനപ്രകാരം നീ വരുന്നു? ആരോടാണ് നിനക്കു ഐക്യമുള്ളതു്? ആരുടെ വിശ്വാസം നീ സ്വീകരിക്കുന്നു? എന്നെല്ലാം.

അപ്പോൾ 'പുഖ്ദാനെ ദമശീഹ' എന്ന മറുപടി ഈ അത്ഥം കുറിക്കും: ഞങ്ങൾ ക്രിസ്തുവിനോടു ചേർക്കപ്പെട്ടിരിക്കുന്നു; ഞങ്ങൾ ക്രിസ്തുവിൻെറ കല്പനയനുസരിച്ചു വരുന്നു; ഞങ്ങൾക്കു ക്രിസ്തുവിനോട് ഐക്യമുണ്ട്– സംസര്‍ഗ്ഗമുണ്ട്; ഞങ്ങൾ ക്രിസ്തുവിൽ വിശ്വാസം ഏററുപറയുന്നു; എന്നെല്ലാം. ഇവിടെ സ്വാഭാവികമായിത്തന്നെ നാം ചോദിക്കും: 'ഐക്യം', 'കല്പന' എന്നിവയുടെ വിവക്ഷയെന്തെന്നു്. ക്രിസ്തുവിനോടുള്ള ഐക്യത്തെയും ക്രിസ്തുവിൻെറ കല്പനയെയും അവ വിശദമാക്കുന്നുവെന്നു്

---

9. PAYNE SMITH, Thesaurus Syriacus, Oxford, 1901.
–Compendious Syriac Dictionary, Oxford, 1957.
BROCKELMANN, Lexicon Syriacum, Halis Saxonum, 1928.

KENDRAM LIBRARY

'പുഖ്ദാനെ ദമ്ശീഹ' എന്ന പ്രത്യുത്തരത്തിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

## എന്തുകൊണ്ടു ബലിയുടെ ആരംഭത്തിൽ?

എന്തുകൊണ്ടു് പുരോഹിതൻ ക്രിസ്തുവിനോടുള്ള പരിശുദ്ധമായ ഐക്യം ജനങ്ങളിൽനിന്നു ആവശ്യപ്പെടുന്നു; അതും ദിവ്യബലിയുടെ ആരംഭത്തിൽത്തന്നെ? ആദിമ സഭാനടപടിയിൽ സത്യവിശ്വാസം സ്വീകരിച്ചിരുന്ന ഓരോ വിശ്വാസിയും താൻ സഭയുമായി ഐക്യത്തിലാണെന്നു് സൂചിപ്പിക്കുന്ന തെളിവുചീട്ടു (Libellus Communionis) കാണിക്കേണ്ടിയിരുന്നു. എന്നാൽ വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ, സത്യവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നോ എന്നു് പരിശോധിക്കുന്നതിനു് പൊതുവായി ചോദിക്കുകയല്ലാതെ ഓരോ വ്യക്തിയോടും അന്വേഷിക്കുക സാധ്യമല്ലാതായിത്തീർന്നു. ആരാധനാസമൂഹത്തിൻെറ ശുദ്ധമായ വിശ്വാസം പൊതുവായി ആവശ്യപ്പെടുന്ന ഈ രീതി 'പുഖ്ദാനകോൻ'—പ്രശ്നത്തിനു് പരിഹാരം നൽകുമോ? നൽകുമെങ്കിൽ, പുതിയ ഉടമ്പടിയിലെ ആരാധനാ സമൂഹത്തോടുള്ള പ്രസ്പഷ്ടവും സത്യാധിഷ്ഠിതവുമായ ഐക്യത്തെയാണു് ഈ വാക്യാംശം സൂചിപ്പിക്കുക.

പുതിയ നിയമത്തിൻെറ കാതലായ 'അന്യോന്യം സ്നേഹിക്കുക' എന്ന ക്രിസ്തുകല്പനയും ഈ വാക്യാംശം അർത്ഥമാക്കുന്നു. "ഞാൻ നിങ്ങൾക്കു് ഒരു പുതിയ കല്പനതരുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'' (യോഹ. 13, 34.) പരസ്പരം സ്നേഹിക്കാനുള്ള കടമ ദിവ്യബലിയുടെ ആരംഭത്തിൽ വിശ്വാസികളെ അനുസ്മരിപ്പിക്കുക യുക്തിയുക്തമാണു്. കാരണം, അവിടുന്നു പഠി

പ്പിച്ചു: നീ ബലിപീഠത്തിൽ വഴിപാടു് അപ്പിക്കുമ്പോഠം സഹോദരനു് നിന്നെപ്പററി എന്തെങ്കിലും പരാതിയുണ്ടെന്നു് ഓർമ്മിക്കുന്നപക്ഷം വഴിപാടു് അവിടെ — പീഠസമക്ഷം — വച്ചിട്ടു്, ആദ്യം സഹോദരൻെറ പക്കൽ ചെന്നു് രമ്യപ്പെടുക. അനന്തരം വഴിപാടു് അർപ്പിക്കുക'' (മത്തായി 5: 23–24).

'പുഖ്ദാനകോൻ— പുഖ്ദാനെ ദ്മശിഹാ' എന്ന പ്രാരംഭ വാക്യാംശങ്ങളിൽ അന്തർലീനമായിരിക്കുന്ന ദൈവശാസ്ത്രപരമായ അർത്ഥം ഇങ്ങനെ സംഗ്രഹിക്കാം: വിശുദ്ധ കർബാന പുതിയ നിയമത്തിലെ ബലിയാണു്. അതിൽ ക്രിസ്തു അർപ്പിക്കപ്പെടുന്നു. അവിടുന്നു സ്വയം സമർപ്പിക്കുന്നു. ക്രിസ്തുവിൻെറ ബലി യഥാർത്ഥത്തിൽ ദൈവജനത്തിൻെറ — ക്രിസ്തീയ സമൂഹത്തിൻെറ — ബലിയാണു്. ഈ ഐക്യത്തിനു പുറത്തുള്ള ഒരുവനും ഈ ബലിയിൽ പങ്കുചേരാൻ കഴിയുകയില്ല. അതുകൊണ്ടു് ബലിയാരംഭിക്കുന്നതിനു് ഒരുങ്ങിയിരിക്കുന്ന പുരോഹിതൻ ചോദിക്കുന്നു: കൂടിയിരിക്കുന്നവർ സഭയുമായി ഐക്യത്തിൽ വർത്തിക്കുന്നവരാണോ? അന്യോന്യം സ്നേഹിക്കാനുള്ള ക്രിസ്തുവിൻെറ കല്പനയ്ക്കു് വിധേയരായിരിക്കുന്നവരാണോ? 'ഞങ്ങഠം ക്രിസ്തുവിനോടുകൂടെയാകുന്നു; അവിടുത്തെ കല്പനയ്ക്കു് വിധേയരായിരിക്കുന്നു' എന്നത്ഥമുള്ള 'പുഖ്ദാനെ ദ്മിശിഹാ' എന്നു് അവർ ഉത്തരിക്കുന്നു. അതു് അവരുടെ വിശ്വാസത്തിൻെറയും വിധേയത്വത്തിൻെറയും അപ്പണത്തിൻെറയും പ്രഘോഷണംകൂടിയാകുന്നു.

പുഖ്ദാനകോൻ വിശദീകരിക്കുമ്പോഠം യുക്തമായ രണ്ടു നിഗമനങ്ങളിൽ നാം എത്തിച്ചേരുന്നു. ഒന്നു്, അനുമതി ചോദിക്കുക. രണ്ടു്, കൂടിയിരിക്കുന്ന ജനങ്ങളുടെ വിശ്വാസത്തെപ്പററി അന്വേഷിക്കുക. 15–ാം സങ്കീർത്ത

നത്തിൻെറ ഭാഷ്യം, രണ്ടാമത്തേതിന് കൂടുതൽ പ്രാമാണ്യം നൽകാൻ സഹായിക്കുന്നു. ഈ സങ്കീർത്തനം സാധാരണദിവസങ്ങളിൽ കുർബാനയിലെ പ്രാരംഭസങ്കീർത്തനങ്ങളിൽ ഒന്നാമത്തേതാണ്. ബലിയിൽ പങ്കുചേരുന്നതിനാവശ്യമായ യോഗ്യത ജനങ്ങളെ ഓർമ്മിപ്പിക്കുന്നതിനു് പഴയ നിയമ പുരോഹിതന്മാർ ഈ സങ്കീർത്തനം ഉപയോഗിച്ചിരുന്നെന്നു് വ്യാഖ്യാനമുണ്ട്. "ഈദൃശ ചോദ്യങ്ങളും പരസ്യാരാധനയിൽ പങ്കെടുക്കുന്നതിനു ആവശ്യമായ യോഗ്യതയെപ്പററിയുള്ള അന്വേഷണങ്ങളും പഴയ കാലത്തു് പതിവായിരുന്നു. ഈ പതിവു് പല തരത്തിലായിരുന്നെന്നു മാത്രം. അവയൊക്കെ ക്രൈസ്തവ ധർമ്മസംഹിതയിൽ കാത്തുസൂക്ഷിക്കയും ചെയ്തിരുന്നു. "അതിലെ ചോദ്യോത്തരങ്ങളിൽ ആരാധനക്രമാവശ്യങ്ങൾക്കുള്ള സങ്കീർത്തനോപയോഗം പ്രതിഫലിക്കുന്നു'' (10). ദൈവത്തിൻെറ നാമത്തിൽ പുരോഹിതൻ നൽകുന്ന മറുപടി ഉൾക്കൊള്ളുന്നതാണ് ഈ സങ്കീർത്തനത്തിൻെറ ഉത്തരഭാഗം. അതേപ്പററി വേദപുസ്തക ശാസ്ത്രജ്ഞനായ വൈസർ (Weiser) പറയുന്നു: "പുരോഹിതൻെറ അനുമതിയോടുകൂടെ വിശുദ്ധസ്ഥലത്തു് പ്രവേശിക്കേണ്ടതിനു് അനുവർത്തിക്കേണ്ടതെല്ലാം തങ്ങൾ നിറവേററുന്നു'വെന്ന തീർത്ഥകരുടെ പ്രതിജ്ഞയോടുകൂടെ സങ്കീർത്തനം സമാപിക്കുന്നു'' (11).

15–ാം സങ്കീർത്തനത്തോടു് 'പുഖ്ദാനകോനു'ള്ള അടുപ്പം അവഗണിക്കാവതല്ല. ഞായറാഴ്ചത്തേയ്ക്കു് നിർദ്ദേശിച്ചിരിക്കുന്നവ തുടർച്ചയായുള്ള സങ്കീർത്തനങ്ങളാണ് (ഉദാഹരണത്തിനു്, മംഗലവാർത്തക്കാലത്തെ സങ്കീർത്ത

10. Weiser Artur, The Psalms, London, 1962, p. 167.

11. Ibidem, p. 168.

നങ്ങറം 96, 97, 98 ഇവയാണു്); സാധാരണ ദിവസങ്ങറംക്കാവട്ടേ പ്രത്യേകം തെരഞ്ഞെടുത്ത സങ്കീർത്തനങ്ങളം: 15. 150. 16. ഇവ സാധാരണദിവസങ്ങറംക്കവേണ്ടി പില്ക്കാലത്തു് നിർദ്ദേശിക്കപ്പെട്ടവയാണു്. ഇവയിൽ ആദ്യത്തെ സങ്കീർത്തനത്തിനു് ദിവ്യബലിയുടെ പ്രാരംഭവാക്യാംശമായ 'പുഖ്ദാനകോനോ'ട്ടു് വളരെ സ്പഷ്ടമായ ബന്ധമുണ്ടാകാം. ഈ സങ്കീർത്തനം തെരഞ്ഞെടുത്തവരെ ഇതിൻെറ ആദിമാശയം സ്വാധീനിച്ചിരിക്കണം— പരസ്യാരാധനയിൽ പങ്കുചേരാനുണ്ടായിരിക്കേണ്ട യോഗ്യതയെപ്പററി ആരാധനാസമൂഹത്തെ ഓമ്മപ്പെടുത്തുക. പുഖ്ദാനകോൻെറ ഒരർത്ഥം ഇതായിരിക്കാമെന്നു് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ആഘോഷമായ കുർബാന മലയാളത്തിലാകമ്പോറം, പുരോഹിതൻ ജനങ്ങളുടെനേരെ തിരിഞ്ഞു് സൂചനാസമൃദ്ധമായ പുഖ്ദാനകോൻ പാടുന്നതു് കൂടുതൽ അത്ഥവത്തായിരിക്കും.

# 2

## അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

കാർമ്മികൻ: അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതി.

ജനം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും (ലൂക്കോസ്: 2–14, മത്തായി: 9–9) എന്നും എന്നേയ്ക്കും ആമ്മേൻ.

സീറോ മലബാർ റീത്തിലെ ദിവ്യബലിയുടെ പ്രാരംഭ വാചകമായ ''പുഖ്ദാനകോൻ'' വഴി വൈദികൻ ജനങ്ങളുടെ ശ്രദ്ധ ദിവ്യബലിയിലേയ്ക്കു തിരിച്ചു. ദിവ്യബലിയിൽ പങ്കുകൊള്ളുന്നതിനു് അനുപേക്ഷണീയമായ സന്മനോഭാവം അവർക്കുണ്ടായിരിക്കണമെന്നു് വൈദികൻ അവരെ അനുസ്മരിപ്പിയ്ക്കുകയും ചെയ്തു. അനന്തരം ''അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതി'' എന്നു് ഉച്ചത്തിൽ ആലപിച്ചുകൊണ്ടു് കുർബാന ആരംഭിയ്ക്കുന്നു.

### ആലപിക്കുന്ന രീതി

ദൈവസ്തുതിപ്പിൽ എല്ലാവരേയും ഭാഗഭാക്കുകളാക്കണമെന്നാണു് ആരാധനക്രമം നിഷ്കർഷിക്കുന്നതു്. അതിനനുസരണമായി ''അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതി'' എന്നതിനു് ജനങ്ങൾ പ്രത്യുത്തരിക്കുന്നു: ''ആമ്മേൻ''. സീറോ മലബാർ റീത്തിൽ കാണുന്ന ഈ സമ്പ്രദായം ശ്ലാഘനീയമാണു്.

കൽദായ കത്തോലിക്കർ ഈ ‚‚ആമ്മേൻ'' ചൊല്ലിയശേഷം ‚‚സ്വർഗ്ഗസ്ഥനായ പിതാവേ'' തുടങ്ങുന്നതിനു് മുൻപു് ''ബാറേക്'മാർ'' (ഗുരോ ആശീർവ്വദിച്ചാലും.) എന്നു് കൂട്ടിച്ചേർക്കുന്നു. ഇവിടെ ഇതൊരു ആശീർവ്വാദ യാചനയായി കണക്കാക്കേണ്ടതില്ല. തുടന്നു ചൊല്ലാനുള്ളതിനു് അനുവാദം ചോദിക്കുന്നതായി കരുതിയാൽ മതി. ഈ അർത്ഥത്തിൽ ലത്തീനിലെ ''Jube Domine benedicere'' മനസ്സിലാക്കാമെന്നു് മുകളിൽ പറഞ്ഞിട്ടുള്ളതാണല്ലോ. കൽദായരുടെ കാനോനാ നമസ്കാരത്തിൽ ബഡ്ജാൻ അതു നൽകുന്നുണ്ടു്. ഉദാഹരണത്തിനു് സായാഹ്ന പ്രാർത്ഥനയുടെ ആരംഭം കാണുക. എന്നാൽ ആദ്യം അച്ചടിച്ച കൽദായ തക്സായിലോ, (1767) കെലയീത്തായുടെ തക്സായിലോ, (1928) മലബാർ തക്സായിലോ ഇതില്ലെന്നതും ശ്രദ്ധാർഹമാണു്.

സീറോ മലബാർ റീത്തിൽ മൂന്നു പ്രാവശ്യമാണു് ''അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതി''യും അതിന്റെ മറുപടിയും ചൊല്ലിയിരുന്നതു്. (1) കർബാനയുടെ ദൈർഘ്യം കുറയ്ക്കുക, ആവർത്തനം കഴിവതും നീക്കുക, എന്നീ തത്വങ്ങളെപ്രതിയായിരിക്കണം പരിഷ്ക്കരിച്ച മലയാളം തക്സായിൽ ഇതു് ഒരു പ്രാവശ്യം മാത്രം ചൊല്ലുന്നതു്.

---

1. ഉദയംപേരൂർ തക്സായിൽ (1599) ‚‚അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' രണ്ടു പ്രാവശ്യമേ ഉള്ളൂ. ഒരുപക്ഷേ പിശകു പററിയതായിരിക്കാം. രണ്ടു പ്രാവശ്യം ‚‚ദൈവത്തിനു സ്തുതി'' ചൊല്ലുകയെന്ന ബൈസൻറയിൻ രീതി അനുകരിക്കയാണവിടെ എന്നു് അനുമാനിക്കേണ്ടതില്ല. (HAPGOOD F., Service Book, New York, 1956 p. 76)

## ക്രിസ്തുമസ്സ് ഗീതം

ഈ പ്രാഥമിക ഗീതം മിശിഹായുടെ ജനന വേളയിൽ ദൈവദൂതർ ആലപിച്ച മംഗളഗാനമാണ്. പ്ശീത്താ (സുറിയാനി വേദപുസ്തകം) അനുസരിച്ച് (ലൂക്കാ: 2: 14.) അത് കവിതാത്മകങ്ങളായ മൂന്നു വാചകങ്ങളായി വിഭജിയ്ക്കാം.

—അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും
—ഭൂമിയിൽ സമാധാനവും
—മനുഷ്യക്ക് നല്ല ശരണവും.

ലൂക്കാ. 17: 18—ലും യോഹ: 9: 24—ലും കാണുന്നതു പോലെ ദൈവത്തിന് ,,സ്തുതി നൽകുക'', എന്നത് ഒരു കീർത്തന സൂത്ര വാക്യമാണ്(doxological formula). ഇതുപോലെതന്നെയാണ് 'ഭൂമിയിൽ സമാധാനവും' 'മനുഷ്യക്ക് നല്ല ശരണവും'. ''സമാധാനം'' എന്നതിന് യഹൂദർ വിവക്ഷിക്കുന്നത് രക്ഷ, സമൃദ്ധി, സൗഭാഗ്യം, ഉയർച്ച, ശ്രേയസ്സ് എന്നൊക്കെയാണ്. അത് മിശിഹായുടെ ആഗമനത്തിലുള്ള സൗഭാഗ്യത്തെ പ്രത്യേക വിധം സൂചിപ്പിക്കുന്നു. (ലൂക്കാ 1: 79; റോമ. 5: 1)

## സ്വർഗ്ഗീയാരാധന

വി. അംബ്രോസു പറയുന്നു: ''ഭൂമിയിലെ എല്ലാ ജനതകളിൽനിന്നും രൂപവൽക്കരിച്ച സ്വർഗ്ഗീയജറുസലത്തെ കണ്ടിട്ട് മാലാഖമാർ ദൈവത്തെ വലിയ ആനന്ദത്തോടുകൂടി സ്തുതിച്ചു'' എന്ന് (2) ശുശ്രൂഷയുടെ ആരംഭത്തിൽ വിശ്വാസികളുടെ സമൂഹമാകുന്ന സ്വർഗ്ഗീയജറുസലേം സമ്മേളിക്കുമ്പോൾ ദൈവദൂതന്മാരുടെ ഈ കീർത്ത

2. PL 54. col. 190

നം അവരെ അനുസ്മരിപ്പിക്കുന്നതു് പുതിയ ഉടമ്പടിയെയാണു്. അതോടൊപ്പം അവരെ രക്ഷിക്കുവാൻ മനുഷ്യനായി ജനിച്ച ക്രിസ്തുവിനോടുള്ള അവരുടെ ഐക്യത്തേയും വിധേയത്വത്തേയുംകൂടി ഓർമ്മിപ്പിക്കുന്നു (3). തന്മൂലമത്രേ ''ദൈവത്തിനു സ്തുതിപാടുന്ന ദൈവദൂതന്മാരോടൊത്തു് ആനന്ദിക്കുവാൻ സഭ ആവശ്യപ്പെടുന്നതു്. മിശിഹായെപ്പററിയുള്ള പ്രവചനം (സങ്കീർത്തനം 148) പൂർത്തിയാക്കപ്പെട്ടുവെന്നു് ഉറപ്പു് കൊടുക്കുന്നുണ്ടു്. സ്വർഗ്ഗത്തിൽ കർത്താവു സ്തുതിക്കപ്പെടുന്നു. ഭൂമിയിൽ അവിടുത്തെ കാണാനും കഴിയുന്നു.'' (4).

## പ്രത്യാശ – നല്ലശരണം

ഈ സ്തുതിഗീതത്തിലെ 'നല്ല ശരണം' – പ്രത്യാശ– (സവ്റാ താവാ) എന്ന പ്രത്യേക പ്രയോഗം ലൂക്കായുടെ സുവിശേഷം 2-ാം അദ്ധ്യായം 14–ാം വാക്യത്തിൻെറ ഗ്രീക്കു് ടെക്സ്റ്റിലെ ''എവുദോക്കിയ'' (Eudokia=ദൈവപ്രസാദം) യ്ക്കു പകരം വച്ചിരിക്കുന്നതായി കരുതാം. ഇതേപ്പററി റോമിലുള്ള ബിബ്ലിക്കൽ ഇൻസ്റ്റിററ്യൂട്ടിലെ ഫാദർ കേബർട്ടു് നൽകുന്ന വ്യഖ്യാനം ഇതാണു്: എവുദോക്കിയാ എന്ന പദം തർജ്ജമചെയ്യുന്നതിനു് സുറിയാനിയിൽ ഒററ വാക്കു് കണ്ടുപിടിക്കുവാൻ പരിഭാഷകൎക്കു കഴിഞ്ഞില്ല. അതുകൊണ്ടു് അവർ അതിനെ 'എവു-ദോക്കിയ' എന്നു രണ്ടായി വിഭജിച്ചു് ''സെവ്റാ' (ദോക്കിയ=അഭിപ്രായം) ''താവാ'' (എവു=നല്ല)– നല്ല അഭിപ്രായം–എന്നു് ഭാഷാന്തരപ്പെടുത്തി. ''സെവ്റാതാവാ'' എന്ന ഈ വാക്കു് 'സവ്റാതാവാ''– നല്ല ശരണം – എന്നും വായിക്കാം. (4a) കാരണമുണ്ടു്: പഴയ സുറിയാ

3. മുകളിൽ 'പുഖ്ദാനകോൻ' കാണുക.

4. CSEL IV, pp. 70.

4a A catholic Commentary on H. Scripture c. 749

നിയിൽ സ്വരലിപികൾ ഇല്ലായിരുന്നു. അതിനാൽ സെവ്റാ (അഭിപ്രായം) എന്നതു് 'സ്വ്റാ' (ശരണം) ആയി മാറിയതായിരിക്കണം. അങ്ങനെയെങ്കിൽ, 'സ വ്റാതാവാ' എന്നതു് 'എവുദോക്കിയാ'യുടെ അർത്ഥമായ ദൈവികപ്രസാദത്തെ (Divine benevolence), പ്രത്യേ കിച്ച്, ദരിദ്രരോടുള്ള ദൈവത്തിൻെറ സ്നേഹമസൃണത യെ സൂചിപ്പിക്കുന്നു (ലൂക്കാ: 1 52–53). അതു് ദിവ്യമാ യ ഒരു തെരഞ്ഞെടുപ്പുകൂടി വ്യഞ്ജിപ്പിക്കുന്നു (5). ഇന്നു് ആരാധനക്രമത്തിൽ സുന്ദരമായ രീതിയിൽ ക്രിസ്തുവി നെ വിളിച്ചു പ്രാർത്ഥിക്കുന്നുണ്ടു്: അവിടുന്നത്രേ മനുഷ്യരു ടെ നല്ല ശരണം. 'ദൈവികപ്രസാദം' നൽകുന്നുവെന്ന കാരണത്താൽ മിശിഹാ മനുഷ്യരുടെ 'നല്ല ശരണ'മാണ ല്ലോ.

## പ്രാർത്ഥനയുടെ ആരംഭത്തിൽ.

മനുഷ്യരക്ഷക്കായി ദൈവം ചെയ്തിട്ടുള്ള അത്ഭുത കൃത്യങ്ങൾ, ദൈവത്തിനു നന്ദി പറയുന്നതിനും സ്നേഹ പൂർവ്വം സ്തുതിയർപ്പിക്കുന്നതിനും ക്രിസ്ത്യാനികളെ പ്രേരി പ്പിക്കുന്നു. അതുകൊണ്ടു്, ക്രിസ്തീയ പ്രാർത്ഥനകൾ സ്വാ ഭാവികമായും ദൈവസ്തുതിയോടെ ആരംഭിക്കുന്നു. ആരാ ധനാസമൂഹം ഏകകണ്ഠമായി 'അത്യുന്നതങ്ങളിൽ ദൈ വത്തിനു സ്തുതി, എന്നു പാടുന്നതിനു് മാർ അബ്ദീശോ നൽകുന്ന വ്യാഖ്യാനം ശ്രദ്ധിക്കേണ്ടതുതന്നെ. ലോകാവ

---

5. KOEBERT R., Sabra taba in Syrishen Tatian, Luc 2, 14. Biblica XLII (I961) 90; Cf. Eudokia in Theological Dictionary of the New Testament Vol. II.

സ്ഥാനത്തിൽ മനുഷ്യരും മാലാഖമാരും ഒന്നിച്ച് ദൈവത്തെ സ്തുതിക്കുന്നതാണ് അതിൽ സൂചിതമെന്ന് അദ്ദേഹം പറയുന്നു (6).

## ബലിയുടെ ആരംഭത്തിൽ

''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' എന്നു ചൊല്ലി സുറിയാനികർബാന ആരംഭിക്കുന്നതും ''പിതാവിൻെറയും.... നാമത്തിൽ'' എന്നു ചൊല്ലി ലത്തീൻ കർബാന ആരംഭിക്കുന്നതും റാസ് (Raes) എസ്. ജെ. താരതമ്യപ്പെടുത്തിയിട്ടുണ്ട്. സുറിയാനികർബാനയെ അദ്ദേഹം പ്രശംസിക്കുന്നതു നോക്കുക: ''ലത്തീനിലെ പ്രാരംഭം കാർമ്മികനും ശുശ്രൂഷകരുംകൂടി താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു. എന്നാൽ സുറിയാനിറീത്തിൽ കാർമ്മികൻ ഉച്ചത്തിൽ പാടുന്ന ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' അംഗീകരിച്ചേററുപറഞ്ഞുകൊണ്ട് ജനങ്ങൾ മൂന്നു പ്രാവശ്യം ''ആമ്മേൻ'' ചൊല്ലുന്നു. ''പിതാവിൻെറയും.... നാമത്തിൽ'' എന്ന ആരംഭം ലത്തീൻ റീത്തിൽ എല്ലാ ശുശ്രൂഷകളിലും (Sacramental rites) കാണുന്നില്ല. എന്നാൽ ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' എന്നതു് പൗരസ്ത്യസുറിയാനിആരാധനക്രമത്തിലെ പ്രധാനപ്പെട്ട എല്ലാ കർമ്മങ്ങളിലും ഉണ്ട്. ''ലത്തീനിലെ ആരംഭം (യുങ്മാൻെറ അഭിപ്രായത്തിൽ) മിക്കവാറും ദൈവസ്തുതിക്കായി തുടർന്നുവരുന്ന പ്രാർത്ഥനകൾ നടത്തുന്നതിനുള്ള കാർമ്മികൻെറയും വിശ്വാസികളുടേയും ഉദ്ദേശത്തെയാണ് വെളിപ്പെടുത്തുക. എന്നാൽ സുറിയാനിയിലെ ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' എന്ന

---

6. Ordo Judiciorum Ecclesiasticorum: in Condificatione Canonica Orientale, Fonti serie II fasc. xv, p. 92.

ആരംഭംതന്നെ സ്പഷ്ടവും ശബ്ദായമാനവുമായ ഒരു ദൈവ സ്തുതിയത്രെ. ''പതിനഞ്ചാം നൂററാണ്ടിലാണ് ലത്തീനിലെ ഈ ആരംഭം പ്രയോഗത്തിൽ വരുവാൻ തുടങ്ങിയതു്. എന്നാൽ, സുറിയാനിയിലെ ഈ പ്രാരംഭ സ്തുതിപ്പ് ഒൻപതാം നൂററാണ്ടുമുതലെങ്കിലും ഉള്ളതാണ്, ലത്തീൻ കർബാനയിൽ കാർമ്മികൻ ഉച്ചത്തിൽ പാടുന്ന ആദ്യഗാനം ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' (Gloria in Excelsis)ആണെന്നതു്പ്രസ്താവ്യമത്രേ''(7).

## ദൈവസ്തുതിയും മനുഷ്യസമാധാനവും

ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും. നമ്മുടെ കർത്താവ് തൻെറ പ്രാർത്ഥനയിൽ അരുളംചെയ്തതു് ഇതുതന്നെയാണ്. ''ഞാൻ ചെയ്യുവാനായി നീ എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ടു്, ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി''(യോഹന്നാൻ 17:4). ആരാധനക്രമപണ്ഡിതനായ യുങ്മാൻ ഈ ആശയത്തെ ഇങ്ങനെ വിശദീകരിച്ചു സമർത്ഥിക്കുന്നു: ദൈവമഹത്വീകരണവും മനുഷ്യരക്ഷയും, ക്രിസ്തുവിൻെറ കാൽവരിയിലെ ബലിവരെ പൂർണ്ണമായി കൈവന്നിരുന്നില്ല. അതുപോലെതന്നെ, അതിൻെറ ഫലങ്ങരം പാകമാകേണ്ടിയിരുന്നു; കാലത്തിൻെറ അവസാനംവരെ ഇതു് തുടരേണ്ടിയുമിരുന്നു. അതുകൊണ്ടു്, മുമ്പേതന്നെ പൂർത്തിയാക്കപ്പെട്ടുകഴിഞ്ഞ ജോലിയല്ല, ദൈവദൂതകീർത്തനം വിവക്ഷിക്കുന്നതു്; പ്രത്യുത പടിപടിയായി തുടർന്നു് നിർവ്വഹിക്കേണ്ട പദ്ധതിയും ലക്ഷ്യവുമാണ്. ''അത്യുന്നതങ്ങളിൽ ദൈവം സ്തുതിക്കപ്പെടട്ടെ, മനുഷ്യർ അവിടത്തെ കൃ

7. Raes, A., An explanation of the Syro-Malabarees Holy Mass, Kottayam, 1958. pp. 8–9.

പയിൽ സമാധാനം കണ്ടെത്തുകയും ചെയ്യട്ടെ:'' ഈ ഗാനം ദൈവദൂതന്മാർ പാടിയപ്പോഠ അത്ഥവത്തായിരുന്നു. എങ്കിൽ ഭൂവാസികഠ അതാവർത്തിക്കുക കൂടുതൽ അത്ഥവത്താണ്. സഭയുടെ മക്കഠ പ്രാർത്ഥനയിൽ ഒന്നിക്കുമ്പോഴെല്ലാം — പ്രത്യേകിച്ച് വി. കുർബാനയ്ക്കു സമ്മേളിക്കുമ്പോഠ — ഒരു പുതിയ പ്രകാശം ലോകത്തിൽ പരക്കുന്നു. സഭ അതിരററ ആനന്ദത്തോടെ ദൈവരാജ്യത്തിൻെറ സമാഗമം വീക്ഷിക്കുന്നു. ദൈവത്തിനു സ്തുതിയും മനുഷ്യക്കു സമാധാനവുമുണ്ടാകുമെന്നു് കാണുകയുംചെയ്യുന്നു (8). നമ്മുടെ കുർബാനയുടെ ആരംഭത്തിൽ ആലപിക്കുന്ന ഈ വാക്യാംശത്തിൽ സഭയുടെ മനോഭാവം വ്യക്തമാണു്.

## പുരാതനമായ ഈ സ്തുതിപ്പ് മററു റീത്തുകളിൽ

പൗരസ്ത്യ സുറിയാനികുർബാനയുടെ ആരംഭത്തിൽ ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' എന്നു മൂന്നു പ്രാവശ്യം ചൊല്ലുന്നതു് എന്നാണാരംഭിച്ചതെന്നു് തീർത്തു പറയുക വിഷമമാണു്. ഈശോയാബ് നാലാമൻ പാത്രീയാക്കാ (14—ാം നൂററാണ്ടു്) പറയുന്നു: പുരാതനമായ പ്രാരംഭം, ''പ്രാർത്ഥിക്കാം, നമുക്കു സമാധാനം'' എന്ന ഡീക്കൻെറ അറിയിപ്പിനുശേഷമുള്ള പ്രാർത്ഥനയാണു്; തുടന്നു് ''സർവ്വസ്ഥനായ പിതാവേ'' എന്ന പ്രാത്ഥനയും . 15—ാംനൂററാണ്ടിലെ ഒരു കൈയെഴുത്തുപ്രതിയിൽ (Mardin I 9) ''അത്യുന്നതങ്ങളിൽ ദൈവത്തിനുസ്തുതി'' കാണുന്നുണ്ടു്. 9—ാം നൂററാണ്ടിലെങ്കിലും അതാരംഭിച്ചിരിക്കണമെന്നു് ഫാദർ റാസു് അഭിപ്രായപ്പെടുന്നതു് മുകളിൽ കണ്ടതാണല്ലോ.

8. Missarum Solemnia. English edition by Benzinger Brothers, vol. I, 1950, p. 351

മററു റീത്തുകളിലും ഈ സ്തുതിപ്പ് കുർബാനയിൽ ആലപിക്കുന്നതുകൊണ്ടു് അതിൻെറ ഉപയോഗം പുരാതനമായിരിക്കണം. ലത്തീൻ റീത്തിലിതുണ്ടെന്നു് കണ്ടു. മാറോനീത്താക്കാർ പ്രധാനപ്പെട്ട തിരുക്കർമ്മങ്ങളെല്ലാം ഇത്തരത്തിലുള്ള ദൈവസ്തുതിപ്പുകൊണ്ടാണു് ആരംഭിക്കുന്നതു്. വാനദൂതന്മാരുടെ ഈ ദൈവസ്തുതി ബിസൻൈറൻ (ഗ്രീക്കു്) ദിവ്യബലിയുടെ ആരംഭത്തിൽതന്നെ ആലപിക്കുന്നുണ്ടു് (9). ഇതു് മാർ യാക്കോബിൻെറ കുർബാനയിൽ ബലിവസ്തുക്കളൊരുക്കുന്ന സമയത്താണു് (10). എത്യോപ്യൻ കുർബാനയിൽ സമാധാനചുംബനത്തിൻെറ സമയത്തും (11) അപ്പസ്തോലിക് കൊൺസ്റ്റിട്യൂഷനിൽ (Apostolic Constitution) ദിവ്യകാരുണ്യ സ്വീകരണത്തിനുമുമ്പാണു് ഇതാലപിക്കുക (12).

## ആമ്മേൻ

ആരാധന ക്രമങ്ങളിൽ ജനങ്ങൾ പുരോഹിതൻെറ പ്രാർത്ഥന കേൾക്കുക മാത്രമല്ല ഉറച്ച സ്വരത്തിൽ പ്രത്യുത്തരം നൽകി അംഗീകരിക്കുകയും ചെയ്യുന്നുണ്ടു്. ഈ യാഥാർത്ഥ്യം അവരുടെ ഭാഗഭാഗിത്വം വെളിപ്പെടുത്തുന്നു. ഏററം പ്രധാനവും ഹ്രസ്വവും സാധാരണവുമായ പ്രത്യുത്തരം 'ആമ്മേൻ' ആണു്. യഹൂദന്മാരുടെ ആരാധന

---

9. BRIGHTMAN F. E., Liturgies Eastern and Western p. 361.
10. ibidem p. 45.
11. ibiden p. 227.
12. ibidem p. 24.

ക്രമത്തിൽനിന്നും (13) വിശുദ്ധ ഗ്രന്ഥത്തിൽനിന്നും സഭ സ്വീകരിച്ചതാണു് 'ആമ്മേൻ': "ജനങ്ങരം മുഴുവൻ 'ആമ്മേൻ' എന്നു പ്രതിവചിക്കണം'' (ആവ. 27: 15–26); "അറിവില്ലാത്തവൻ നിന്റെ സ്തോത്രത്തിനു് എങ്ങനെ 'ആമ്മേൻ' എന്നു് പറയും'' (1 കൊറി. 14:16) (14). രഹസ്യ പ്രാർത്ഥനകളുടേയും അന്ത്യത്തിൽ 'ആമ്മേൻ' ചേർത്തുചൊല്ലുന്നുണ്ടെന്നു വേദപുസ്തകത്തിൽ കാണാവുന്നതാണു്. (റോമ. 1:25, 9:5; തിമോ. 1:17).

## തർജ്ജമ ചെയ്യരുതോ?

തിരുകർമ്മങ്ങരം അനുഷ്ഠിക്കുമ്പോരം ജനങ്ങരം നൽകുന്ന പ്രത്യുത്തരങ്ങളിൽ ഏററം ചെറുതാണു് 'ആമ്മേൻ' എങ്കിലും, അതു വളരെ അർത്ഥഗർഭമാണു്. ഗ്രീക്കു് ആരാധന ക്രമങ്ങരം 'അങ്ങനെ ആയിരിക്കട്ടെ' (Genoito) എന്നു് തർജ്ജമ ചെയ്തെങ്കിലും കൂടുതൽ അർത്ഥപൂർണ്ണമല്ലെന്ന കാരണത്തിൽ ആ തർജ്ജമ ഉപേക്ഷിക്കേണ്ടിവന്നു. പിന്നീടു് "സത്യമായും'' (alethinos) എന്നു് തർജ്ജമ ചെയ്തു. പക്ഷേ അതും സ്വീകാര്യമായി തോന്നിയില്ല. മററു റീത്തുകാരാരും അതു് തർജ്ജമ ചെയ്യാൻ ശ്രമിച്ചില്ലതാനും.

---

13. SINGER op.cit. pp 15–16; ആവർത്തനപ്പുസ്തകത്തിൽ (27:15) കൊടുത്തിരിക്കുന്നതുപോലെ, ആമ്മേൻ ഒരു ശപഥത്തെ സൂചിപ്പിക്കുന്നതായിട്ടാണു് യഹൂദരുടെ ആരാധനാലയങ്ങളിലും മനസ്സിലാക്കി വരുന്നതു്: ദൈവസ്തുതിപ്പിനുശേഷമുള്ള ഒരംഗീകാരവുമാണതു്. (Werner F. The Sacred Bridge, London, 1962. p. 265).
14. CECCHETTI, L'Amen nella Bibbia e nella Liturgia, Vatican, 1942 pp. 29–36. Cf. RIGHETTI Storia liturgica, Milan vol. I, 1950 p. 172–173. CABROL, Dict. Arch. et Lit., I c. 1554–55.

മുഹമ്മദീയരും തർജ്ജമ ചെയ്യാതെ ആമ്മേൻ ഉപയോഗി ച്ചു വരുന്നു.

ആമ്മേൻ എന്ന പദം ഭാഷാന്തരം ചെയ്യുന്നതി നെപ്പററി ഫാദർ റോഗ് (Roguet) രസകരമായ ഒരഭി പ്രായം പറയുന്നുണ്ടു്. ''അതങ്ങനെയായിരിയ്ക്കട്ടെ.'' എന്നു് ''ആമ്മേൻ'' എന്ന പദംകൊണ്ടു് അർത്ഥമാകുന്നി ല്ല. ഈശോ, 'ആമ്മേൻ'' ആമ്മേൻ' എന്നാരംഭിക്കുന്ന ഒരു പ്രസ്താവന ചെയ്യുമ്പോഠ ''അതു് അങ്ങനെയായി രിയ്ക്കട്ടെ'' എന്നു നാം പരിഭാഷപ്പെടുത്തുന്നില്ല. പ്രത്യുത നിശ്ചയമായി അല്ലെങ്കിൽ 'സത്യമായി' എന്നേ ഭാഷാ ന്തരം ചെയ്യൂ. കുരിശിൻെറ അടയാളം വരയ്ക്കുമ്പോഴും വിശ്വാസപ്രമാണം ചൊല്ലുമ്പോഴും അവസാനത്തിലുള്ള 'ആമ്മേൻ' ഒരാശംസയ്ക്കുള്ള ഉത്തരമല്ല; ഉള്ളടക്കത്തിൻെറ അംഗീകാരമാണു്. പ്രാർത്ഥന തീക്ഷ്ണതയോടുകൂടി ഒററ വാക്കിൽ സമാഹരിയ്ക്കുകയാണു് അതു്. അതു് വിശ്വാ സത്തിൻെറയും സ്തുതിയുടെയും കൃതജ്ഞതയുടെയും പദ മാണു്. അതു് തർജ്ജിമ ചെയ്യപ്പെടാതിരിക്കുന്നതാണു് ഏററം ഭേദം.''(15). ''ആമ്മേൻ'' ''ഹല്ലേലൂയ്യാ'' എന്നീ വാക്കുകളെപ്പററി കബ്രോാഠ (Cabrol) ഈ ആശയംതന്നെ പറയുന്നുണ്ടു്. (16).

---

15. ROGUET A. M. Holy Mass, Minnessotta, 1961, p. 35.
16. DACL Vol. I, col. 1572: "Mots impossible a traduire aussi, parce qu'ils ont un sens multiple et, en quelque sorte, une portee infinie. Sur les levres humaines, le sens pourtant se precise, c'est la louange, c'est l'acta de foi a la parole ou a l'action divine, c'est la confirmation , . . ." Cf. The Bible Nov. 1966.

## വ്യുൽപത്തിയും അർത്ഥവും

ആമ്മേൻ എന്ന വാക്ക് 'ആമാൻ' എന്ന ഹീബ്രു ധാതുവിൽനിന്നാണെന്നു പറയപ്പെടുന്നു. ഹീബ്രു നിഘണ്ടുവിൽ ആ ധാതുവിൽനിന്നു വരുന്ന പല പദങ്ങൾ കാണാം. അവയ്ക്കു 'നിശ്ചിതമായ', 'സമ്മതിച്ച', 'അഭേദ്യമായ' എന്നൊക്കെ വരുന്ന ആശയം ധ്വനിക്കുന്ന അർത്ഥമുണ്ട്: സത്യമുള്ള, വിശ്വസ്തമായ, തീർച്ചയുള്ള, നിലനില്ക്കുന്ന, വിശ്വാസ്യമായ, വ്യതിയാനരഹിതമായ, ആത്മാർത്ഥതയുള്ള, ഉടമ്പടി, പാവനമായ, സമ്മതം, അംഗീകാരം, ബോധ്യം എന്നൊക്കെ. (17).

വിശ്വസ്തനും വിശ്വാസ്യനും നിലനില്ക്കുന്നവനും വ്യതിയാനരഹിതനുമായ ദൈവത്തിനൊരു വിവരണമായി ഏശയ്യ 'ആമ്മേൻ' ഉപയോഗിക്കുന്നു: (ഏശയ്യ. 65: 15). സത്യത്തിൻെറ മാനദണ്ഡവും സുനിശ്ചിതത്വവും ദൈവമാണല്ലോ.

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മിശിഹായിൽ വാഗ്ദാനങ്ങൾ പൂർത്തിയാക്കപ്പെട്ടു. സാക്ഷാത്തായ സത്യം മിശിഹായിൽ വെളിപ്പെടുകയും ചെയ്തു. വി. പൗലോസ് അതനുസ്മരിപ്പിക്കുന്നുണ്ട്: ദൈവത്തിൻെറ വാഗ്ദാനങ്ങളെല്ലാം മിശിഹായിൽ നിറവേറിയിരിക്കുന്നു. ആകയാൽ ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ മിശിഹായിൽ നാം 'ആമ്മേൻ' എന്നു പറയുന്നു. (2 കൊറി. 1: 20).

---

17. (cfr. Amen in Encyclopedic Dictionary of Bible; CL IFFORD HOWELL Mean what you say, London, 1966 p. 28 ff.).

വെളിപാട് 3--ാം അദ്ധ്യായം 14—ാം വാക്യത്തിൽ മിശിഹായെ 'ആമ്മേൻ' എന്നു വിളിക്കുന്നു: ‚‚വിശ്വസ്തനും സത്യവാനുമായ സാക്ഷിയും, ദൈവത്തിൻെറ സൃഷ്ടിയുടെ ആരംഭവുമായ ‚ആമ്മേൻ' ഇങ്ങനെ അരുളിച്ചെയ്യുന്നു.''

ദൈവം വാഗ്ദാനങ്ങൾ പാലിച്ചുവെന്നതു് അവിടുത്തെ മഹത്വപ്പെടുത്താനും ആരാധിക്കുവാനും മതിയായ കാരണമാണു്. അതിനാലാണു് ദൈവനാമത്തെ കീർത്തിക്കുന്ന പ്രാർത്ഥനയുടെ അവസാനം യഹൂദന്മാർ ‚ആമ്മേൻ' പറയുന്നതു്. അങ്ങനെ ദൈവാരാധനയുടെ ഒരു ചിഹ്നമായി 'ആമ്മേൻ' വേദപുസ്തകത്തിൽ കാണുന്നുണ്ടു്. ‚‚എസ്ദ്രാസു് ജനക്കൂട്ടത്തിൻെറ മുമ്പാകെ നിയമഗ്രന്ഥം കൊണ്ടുവന്നു. അദ്ദേഹം സകല ജനങ്ങളുടേയും മുമ്പിൽ വച്ചു് പുസ്തകം തുറന്നു. അപ്പോൾ ജനമെല്ലാം എഴുന്നേററു നിന്നു. എസ്ദ്രാസ് മഹാ ദൈവമായ കർത്താവിനെ സ്തുതിച്ചു. ജനമെല്ലാം കൈയ് ഉയർത്തിക്കൊണ്ടു് ‚ആമ്മേൻ, ആമ്മേൻ' എന്നു പ്രത്യുത്തരിച്ചു. അവർ കുനിഞ്ഞു സാഷ്ടാംഗംവീണു് ദൈവത്തെ ആരാധിച്ചു.'' (2 എസ്ദ്ര. 8: 2).

‚‚അവിടുത്തെ മഹനീയ നാമം വാഴ്ത്തപ്പെട്ടതാകട്ടെ. ഭൂമി മുഴുവൻ അവൻെറ മഹത്വംകൊണ്ടു നിറയും. ആമ്മേൻ, ആമ്മേൻ.'' (72—ാംസങ്കീർത്തനം). ഇതുപോലെ സങ്കീർത്തനങ്ങളിൽ പലയിടത്തും ആമ്മേൻ ചൊല്ലാറുണ്ടു്. അവിടെ അതിൻെറ അർത്ഥം ഇതാണു്: ‚ദൈവമഹത്വം അറിയപ്പെടാനും ദൈവനാമം കീർത്തിക്കപ്പെടാനുമായി ദൈവത്തിൻെറ ‚സത്യ'ത്തെ (ആമാൻ) ഞങ്ങൾ ആകാംക്ഷയോടെ പ്രതീക്ഷിക്കുന്നു.''

ദൈവ സ്തുതിപ്പുകളുടെ അന്ത്യത്തിൽ ''എന്നും എന്നേയ്ക്കും'' ''ഇപ്പോഴും എപ്പോഴും എന്നേയ്ക്കും'' എന്നും മററും കൂട്ടിച്ചേർത്തു നാം 'ആമ്മേൻ' പറയാറുണ്ട്. അതു് ഭാവിയെ സൂചിപ്പിക്കുന്നതാണല്ലോ. സ്വർഗ്ഗത്തിൽ, ദൈവ സിംഹാസനത്തിനുചുററും മുഴങ്ങുന്ന ദൈവസ്തുതിപ്പിന്റെ ഒരു ഭാഗമാണു് 'ആമ്മേൻ', എന്നു് വി. യോഹന്നാനു് വെളിപ്പെടുത്തപ്പെട്ടു. ''അവർ സിംഹാസനത്തിന്റെ മുമ്പിൽ സാഷ്ടാംഗം വീണുകൊണ്ടു്, 'ആമ്മേൻ; നമ്മുടെ ദൈവത്തിനു സ്തോത്രവും മഹത്വവും ജ്ഞാനവും കൃതജ്ഞതയും ബഹുമാനവും ബലവും ശക്തിയും എന്നും എന്നേയ്ക്കും ആമ്മേൻ' എന്നു പറഞ്ഞു ദൈവത്തെ ആരാധിച്ചു.'' (വെളിപാടു്. 7: 11–12; 5: 14).

## വിവിധോപയോഗം

ചില റീത്തുകളിൽ വിശ്വാസസത്യങ്ങൾ ഏററുപറയുമ്പോഴും ദൈവത്തെ സ്തുതിക്കുമ്പോഴും ഓരോ വാക്യത്തിനുശേഷവും ആമ്മേൻ പറയാറുണ്ടു്. അതു് ഓരോ വിശ്വാസസത്യവും ഉറപ്പിച്ചു് അംഗീകരിക്കുന്നുവെന്നുകാണിക്കാനാണു്. അന്ത്യോക്യൻ റീത്തിൽ ധൂപകലശം വാഴ്ത്തുമ്പോൾ ഇപ്രകാരം ചെയ്യുന്നുണ്ടു്:

പുരോഹിതൻ: പരിശുദ്ധനായ പിതാവു പരിശുദ്ധൻ
(കാദീശ് ആബോ)

ജനം: ആമ്മീൻ

പുരോ: പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ

ജനം: ആമ്മീൻ....

അതുപോലെതന്നെ മൊസാറാബിക് (സ്പെയിനിലെ ടൊളേദോ ലത്തീൻ) റീത്തിൽ പുരോഹിതൻ കർത്തൃ

പ്രാർത്ഥനചൊല്ലുമ്പോഠം ഓരോരോയാചനയ്ക്കുംശേഷം ജനങ്ങഠം 'ആമ്മേൻ' എന്നു ചൊല്ലാറുണ്ട്. മാമ്മോദീസാ നൽകു മ്പോഠം ചൊല്ലുന്ന മൊഴികളിൽ ത്രിത്വത്തിൻെറ ഓരോ ആളുടെ പേരിനുശേഷം 'ആമ്മേൻ' ചൊല്ലുക പല പൗര സ്ത്യ റീത്തുകളിലും ഉള്ളതാണ്. വിശ്വാസികഠം പുരോ ഹിതൻെറ പ്രാർത്ഥന അംഗീകരിക്കുകയും സ്ഥിരീകരി ക്കുകയും ചെയ്യുന്നു. അതിൻെറ അടയാളമായി സഭാപി താക്കന്മാർ ''ആമ്മേൻ'' എന്ന പദത്തെ വ്യാഖ്യാനി ച്ചിട്ടുണ്ട്. മോപ്പ്സുവേസ്തിയായിലെ തിയോദോർ (Theodore of Mopsuestia) പ്രസ്താവിക്കുന്നു: പുരോ ഹിതൻെറ പ്രാർത്ഥനയെ അംഗീകരിച്ച് സ്ഥിരപ്പെടു ത്തുന്ന ഒരു വാക്കാണിത്. 'ആത്മാവിൽമാത്രം സ്തോത്രം ചെയ്താൽ നിൻെറ സ്തോത്ര ഗീതത്തിനു് നിരക്ഷര കുക്ഷി യായ ഒരുവൻ എങ്ങനെ ആമ്മേൻ എന്നു പറയും.' (1കൊറി. 14, 16.) എന്ന വാക്യത്തെ അതു് സൂചിപ്പി ക്കുകയും ചെയ്യുന്നു.'' (18).

വൈദികൻ ചൊല്ലുന്ന യാചനാ (Petitions) പ്രാ ർത്ഥനയ്ക്കു ശേഷം 'ആമ്മേൻ' പറയാറുണ്ട്. അതിങ്ങ നെ മനസ്സിലാക്കാം: ഈ പ്രാർത്ഥന എനിക്കുവേണ്ടിയു മാണ്; എനിക്കും ആ ദാനം വേണം; ഞാനതു ചോദി ക്കുന്നതു ആത്മാർത്ഥതയോടെയാണ് (ആമാൻ) പുരോഹി തൻ പറഞ്ഞതിനോടു ഞാനും യോജിക്കുന്നു. അദ്ദേഹം പറഞ്ഞതു ഞാനും സമ്മതിക്കുന്നു. ഞാനതിനു് ഒപ്പുവയ്ക്കു ന്നു: വി. ആഗുസ്തീനോസ് പറയുന്നു: നിങ്ങളുച്ചരിച്ച 'ആമ്മേൻ', നിങ്ങളുടെ ഒപ്പു വയ്ക്കലാണ്, അംഗീകാര മാണ്, നിങ്ങളുടെ സമ്മതവും.

---

18. MINGA,NA The commentary of Theodore…p. 89.

ഒരുവൻെറ ഒപ്പ് അവൻെറ ഏററം വ്യക്തിപരമായ ഒന്നാണ്. അതവൻതന്നെ രേഖപ്പെടുത്തണം. അല്ലെങ്കിൽ കള്ളയൊപ്പ് എന്നു നാമതിനെ വിശേഷിപ്പിക്കും. ഒപ്പു വയ്ക്കുന്നതോടുകൂടെ ഞാനെന്തിനോ സമ്മതിക്കുകയാണ്. ചില ബാദ്ധ്യസ്ഥതകൾ സ്വീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് എൻെറ ആവശ്യങ്ങൾക്കു ഞാൻ തന്നെ 'ആമ്മേൻ' പറയണം. അതു പറയുമ്പോൾ ഞാൻ സമ്മതിച്ച് സ്വീകരിക്കുന്ന കടപ്പാടുകളെപ്പററി ഞാൻ ബോധവാനായിരിക്കുകയും വേണം.

വൈദികൻെറ പ്രാത്ഥനകൾക്കു ഞാൻ 'ആമ്മേൻ' പറയാതിരുന്നാൽ അതിലപേക്ഷിക്കുന്ന ദൈവ ദാനത്തിനു് എനിക്കെന്തവകാശമാണുള്ളതു്! വൈദികൻ പ്രാത്ഥിക്കുന്നതിനെ ഞാൻ നിരാകരിച്ചു പറയുന്നില്ല എന്നല്ല; അതിനെ അംഗീകരിക്കുന്നില്ല എന്നതാണ് പ്രശ്നം. ബോധപൂവ്വം ഞാനൊരു 'ആമ്മേൻ' പറഞ്ഞാൽ അതോടെ വൈദികൻെറ പ്രാർത്ഥന മുഴുവൻ എൻേറതുമാക്കിത്തീക്കുകയാണ്. ഈ രഹസ്യം വിശ്വാസികളെല്ലാം മനസ്സിലാക്കി പ്രവത്തിച്ചിരുന്നെങ്കിൽ!.

## കുരിശടയാളം

## സീറോ മലബാർ കുർബാനയിൽ

1962–ൽ അച്ചടിച്ച മലയാളം കുർബാന ആരംഭിക്കുന്നതു് ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി''കൊണ്ടാണ്. ഇപ്പോൾ (1968) അച്ചടിക്കുന്നതിലാകട്ടെ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ'' വരയ്ക്കുന്ന കുരിശടയാളംകൊണ്ടാണ്. ഉദയംപേരൂർ സൂനഹദോസിൻെറ തക്സായിൽ (1599) ''അ

തൃന്നതങ്ങളിൽ ദൈവത്തിനു സ്തുതി''കൊണ്ടു് കുർബാന ആരംഭിക്കുന്നതായികാണുന്നു. അതുകൊണ്ടു് അക്കാലത്തും അതിനു മുൻപും കുരിശടയാളം ഇപ്രകാരം വരച്ചിരുന്നില്ലെന്നു അനുമാനിക്കാം.

## കൽദായരുടേയും നെസ്തോറിയരുടേയും കുർബാനയിൽ

''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ'' ആണു്, ഇപ്പോഴത്തെ കൽദായ കുർബാനയും നെസ്തോറിയൻ കുർബാനയും ആരംഭിക്കുക. 1767ലും 1774ലും റോമിൽ അച്ചടിച്ച തക്സാകളിൽ ഈ ചടങ്ങു കൂട്ടിച്ചേർത്തിട്ടുണ്ടായിരുന്നു.

## പുതിയ രീതിയാണു്

''നമുക്കു സമാധാനം'' എന്നു സഹായി പറഞ്ഞ ശേഷമുള്ള പുരോഹിതൻെറ പ്രാർത്ഥനയും കർത്തൃപ്രാർത്ഥനയുംകൊണ്ടാണു് പാത്രിയാക്കാ തിമോത്തി ഒന്നാമൻെറ (+ 816 ) കാലം മുതൽ തിരുക്കർമ്മങ്ങളെല്ലാം തുടങ്ങിയിരുന്നതു്. ഇതിനു് രേഖകളുണ്ടു് (19). കുരിശു വരയ്ക്കുന്നതിനെപ്പററി യാതൊരു സൂചനയും അവിടെങ്ങും കാണുന്നില്ല. പാരീസ് സുറിയാനി 90 എന്ന കയ്യെഴുത്തുപ്രതിയിലാണു് ഇതു് ആദ്യമായി കാണുക. 1689—ൽ എഴുതിയ ഒരു മലബാർ (Malabar family) കൈയെഴുത്തു പ്രതിയാണതു്. മലബാർ റീത്തിൽ ലത്തീൻരീതികൾ കടത്തിവിടുന്ന പ്രവണത മുമ്പിട്ടുനിന്ന ഒരു കാലഘട്ടമായിരുന്നല്ലോ അതു്. എന്നാൽ കൽദായർക്കു് ഈ ലത്തീൻ സമ്പ്രദായം എങ്ങനെ ലഭിച്ചു? പുസ്തകങ്ങളിൽ എഴുതിയില്ലെങ്കിലും അവക്കതു് പരിചിതമായിരുന്നോ?

19. Expositio II P. 6.

1681–ൽ കൽദായാ പാത്രിയക്ക് കത്തോലിക്കാസഭയു മായി പുനരൈക്യപ്പെട്ടതിനെ തുടർന്നു് ഈ ലത്തീൻ രീ തി നടപ്പിലായി എന്നു വിചാരിക്കാം. അക്കാലത്തു് കൽ ദായക്കാർ ലത്തീൻ രീതികഠം വളരെയധികം സ്വീകരി ച്ചിട്ടുണ്ടല്ലോ.

നെസ്തോറിയൻസഭയിൽ ഈ രീതി എങ്ങനെ ന ടപ്പിൽവന്നു? നെസ്തോറിയന്മാർ ലത്തീൻ മിഷനറിമാ രും പ്രോട്ടസ്റ്റൻറു് മിഷനറിമാരുമായി സമ്പക്കം പുലർ ത്തിയിട്ടുണ്ടു്. അതുകൊണ്ടു അവരിൽനിന്നു സ്വീകരി ച്ചതാവാം; അല്ലെങ്കിൽ നല്ലതെന്നുതോന്നി, കൽദായ ക ത്തോലിക്കരിൽനിന്നു കടമെടുത്തതാവാം. മറെറാരു സാ ദ്ധ്യതകൂടിയുണ്ടു്: ഇപ്പോഴത്തെ നെസ്തോറിയൻ പാത്രി യക്കാ സിംഹാസനം നൂറു കൊല്ലത്തേയ്ക്കെങ്കിലും റോമുമാ യി മൈത്രിയിൽകഴിഞ്ഞ ജോൺ സൂലാക്കാ (1681) യുടെ കത്തോലിക്കാ പാരമ്പര്യത്തിലുള്ള സിംഹാസനമായി രുന്നു. അക്കാലത്തു് സ്വീകരിച്ചതായിരിക്കാം ഈ കുരി ശുവരയും തത്സമയത്തേ ''പിതാവിന്റേയും പുത്രന്റേ യും....'' എന്ന പ്രാത്ഥനയും.

കർത്തൃപ്രാർത്ഥന തിരുക്കർമ്മങ്ങളുടെ ആരംഭത്തിൽ ചൊല്ലുന്ന രീതി തിമോത്തി ഒന്നാമൻ പാത്രിയാക്കാ യാ ക്കോബായക്കാരിൽനിന്നു് സ്വീകരിച്ചതുപോലെ (മൂന്നാം അദ്ധ്യായം) കുരിശുവരയ്ക്കൽ നെസ്തോറിയന്മാർ കൽ ദായ കത്തോലിക്കരിൽനിന്നു സ്വീകരിക്കാൻ സാദ്ധ്യത യുണ്ടു്.

''പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാ വിന്റേയും നാമത്തിൽ'' എന്നു ചൊല്ലി കുരിശുവരയ്ക്കുന്ന തു് ലത്തീൻ രീതിയാണു്. മോസൂളിലടിച്ച തക്സായി ലോ (1890) ബഡ്ജന്റെ (1889) കാനോനാ നമസ്കാ

രത്തിലോ മാക്‌ലിൻ പ്രസിദ്ധംചെയ്ത ഇടദിവസങ്ങൾക്കുള്ള നമസ്കാരപുസ്തകത്തിലോ ശുശ്രൂഷയുടെ ആരംഭത്തിൽ കുരിശുവരയ്ക്കുവാൻ നിർദ്ദേശിച്ചിട്ടില്ല. ഉദയംപേരൂർ സൂനഹദോസിനുമുമ്പോ സൂനഹദോസിൽതന്നെയുമോ ബലിയുടെ ആരംഭത്തിൽ കുരിശുവരയ്ക്കണമെന്ന നിബന്ധന കാണുന്നില്ല.

പൗരസ്ത്യരുടെ ഇടയ്ക്കു തിരുക്കർമ്മങ്ങളാരംഭിക്കുമ്പോൾ യാതൊരു പ്രാർത്ഥനയുംകൂടാതെ സ്വയം കുരിശടയാളം മാത്രം വരയ്ക്കുന്ന സമ്പ്രദായമുണ്ട്. സാധാരണ ഇതു പുസ്തകങ്ങളിൽ അച്ചടിക്കാറില്ല. മാർ ജോസഫ് 1557—ൽ എഴുതിയ ഒരു ഗ്രന്ഥത്തിൽ(Vat Syr, 88· 2–ാംപുറം) നൊവീഷേററുകാർക്ക് നൽകുന്ന ഒരുപദേശമുണ്ട്. അതിൽ കാനോനനമസ്കാരം ചൊല്ലുന്ന രീതിയെപ്പററി ഇപ്രകാരം പറയുന്നു: നമസ്കാരം ചൊല്ലാൻ തുടങ്ങുന്നതിനുമുമ്പ് അവനവൻെറമേൽ കുരിശുവരയ്ക്കണം. ലത്തീൻ റീത്തിൽ തന്നെയും ''കാനോനാ ജപത്തിനും കുദാശാപരികർമ്മത്തിനും മുമ്പ് കുരിശുവരയ്ക്കാറുണ്ടെങ്കിലും അപ്പോൾ ചൊല്ലുന്ന പ്രാർത്ഥന എപ്പോഴും ഒന്നുതന്നെയല്ല''(20). Bendicte എന്നോ Adjutorium nostrum in nomine Domini എന്നോ In nomini Patris എന്നോക്കെ ആകാം. ഇതിൽ നിന്നു കുരിശുവരച്ചുകൊണ്ട് കർമ്മങ്ങൾ തുടങ്ങുന്നതു് പൗരസ്ത്യരുടേതായി കരുതാം. ''പിതാവിൻേറയും പുത്രൻേറയും....'' എന്നു ചൊല്ലി കുരിശുവരയ്ക്കുന്നതു് പൗരസ്ത്യമല്ലതന്നെ (21).

---

20. DACL 3, 1914; 3139 f.

21. കുരിശുവരച്ചുകൊണ്ടു ജോലി തുടങ്ങുക ആദിമനൂററാണ്ടുകളിൽ പതിവായിരുന്നു. ''വീട്ടിൽ കയറുകയും പുറത്തിറങ്ങുകയുംചെയ്യുമ്പോൾ, വസ്ത്രവും ചെരിപ്പും ധരിക്കുമ്പോൾ, കുളിക്കുമ്പോൾ, ഭക്ഷിക്കുമ്പോൾ, വിളക്കുകൊളുത്തുമ്പോൾ, വി

ശ്രമിക്കുമ്പോഴം.... ഇങ്ങനെ എല്ലാ പ്രവൃത്തികഠംക്കുംമുമ്പ് ഞ ങ്ങഠം നെററിയിൽ കുരിശുവരയ്ക്കാറുണ്ട്,, എന്നു് തെർത്തു ല്യൻ പ്രസ്താവിക്കുന്നു. എല്ലാ ജോലികളുടെയും, പ്രത്യേകി ച്ച് പ്രാർത്ഥനയുടേയും വേദപുസ്തകവായനയുടേയും, ആരംഭ ത്തിൽ കുരിശുവരച്ചിരുന്നതായി ഒരിജൻ സാക്ഷ്യംനൽകുന്നു ണ്ട്. നെററിയിൽ കുരിശടയാളം വരച്ചുകൊണ്ട് ക്രൂശിതനാ യ ക്രിസ്തുവിനെ ഏററുപറയുവാൻ വിശുദ്ധ സിറിൽ വി ശ്വാസികളെ ഉൽബോധിപ്പിച്ചു (Thurston H., Familer prayers, London, 1953, pp. 2–3)

ഇങ്ങനെ നെററിയിൽ കുരിശുവരയ്ക്കുന്നതു് പുരാതനരീതി യാണെങ്കിലും ''പിതാവിൻെറയും പുത്രൻെറയും.... നാമ ത്തിൽ,, മദ്ധ്യയുഗത്തിലെ ലത്തീൻസഭയിൽ ആരംഭിച്ചതാ ണു്. കുർബാനയ്ക്കു ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തു തി,, എന്ന ദൈവസ്തുതിപ്പുതന്നെ ആരംഭമായുള്ളതുകൊണ്ടും കാനോനാനമസ്കാരത്തിൻെറ തുടർച്ചയായി കുർബാനചൊ ല്ലിയിരുന്നതിനാലും കുർബാനയുടെ ആരംഭത്തിനു ''പിതാ വിൻേറയും....നാമത്തിൻ,, എന്ന ദൈവസ്തുതി നിയോഗം ആവശ്യമായിരുന്നില്ല.

ലത്തീൻറീത്തിനെ അനുകരിച്ചാണു് പഴയ സുറിയാനികുർ ബാനയിൽ ഇതു് ചേർത്തിരുന്നതു്. പുനരുദ്ധരിച്ച കുർബാ നയിൽ ഇതുപേക്ഷിച്ചതിൻെറകാരണം വ്യക്തമാണല്ലോ (വെ ള്ളിയാൻ, പുനരുദ്ധരിക്കപ്പെട്ട കുർബാന, 27–28, 38, 39 വശങ്ങഠം). പഴയ കുർബാന പരിചയിച്ച ചിലരുടെ അഭി പ്രായം ആദരിച്ചാണു് പരിഷ്ക്കരിച്ച മലയാളക്കുർബാന യിൽ ഇതു കൂട്ടിച്ചേർത്തിരിക്കുന്നതു്.

## 3

# സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

നമ്മുടെ കർത്താവുതന്നെ തൻെറ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണിതു്. (മത്താ. 6: 9) ശിഷ്യരിലൊരുവൻ, 'കർത്താവേ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ' എന്നപേക്ഷിച്ചു. കർത്താവു് ഏകാന്തതയിൽ ശിഷ്യന്മാരെ രഹസ്യമായി പഠിപ്പിക്കുകയും ചെയ്തു. (ലൂക്ക. 11. 2) ''നമ്മുടെ കർത്താവു് ആ ഒരേ പ്രാർത്ഥന തുടരെ പഠിപ്പിച്ചിരിക്കാമെന്നു്'' ചെയ്സു അഭിപ്രായപ്പെടുന്നു (1). ഈ പ്രബോധനത്തിൻെറ സാരത്തെപ്പററി മൊപ്സ്വേസ്ത്തിയായിലെ തിയദോർ

---

1. CHASE F., The Lord's prayer in the Early Church, Cambridge, Texts and studies, vol. I, 1891, p. 14.

ക്രൈസ്തവാരാധനക്രമത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന കർത്തൃപ്രാർത്ഥനയെപ്പററി അടുത്തകാലത്തു് വളരെയധികം പഠനങ്ങൾ ഉണ്ടായിട്ടുണ്ടു്. മത്തായിയിലും ലൂക്കായിലും കാണുന്ന വ്യത്യസ്തങ്ങളായ രൂപങ്ങളെക്കുറിച്ചുള്ള നിഗമനങ്ങൾ ഇവയാണു്: 1. മത്തായിയും ലൂക്കായും സുവിശേഷങ്ങൾ എഴുതിയ കാലത്തു് (75–85 AD?) രണ്ടു രൂപത്തിലുള്ള കർത്തൃപ്രാർത്ഥന ഉപയോഗത്തിലിരുന്നു. സാരാംശത്തിൽ അവ ഏകമായിരുന്നെങ്കിലും ഒന്നു് മറെറാന്നിനെക്കാൾ ദീർഘമായിരുന്നു. ദൈർഘ്യമേറിയതു് മത്തായിയിലും (6: 9–13) ഡിഡാക്കേയിലും (8: 2) ദൈർഘ്യംകുറഞ്ഞതു് ലൂക്കായിലും കാണാം. മത്തായി നൽകുന്ന കർത്തൃപ്രാർത്ഥനയിൽ ഏഴു യാചനകളും ലൂക്കായുടെ സുവിശേഷത്തിൽ അഞ്ചു യാചനകളുമേ ഉള്ളു.

(Theodore of Mopsuestia) പറയുന്നു: ''പ്രാർത്ഥി ക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ ദൈവത്തോടു പറയുവാനുള്ള കാര്യങ്ങൾ നാം സ്പഷ്ടമായി അറിഞ്ഞിരിക്കണം. ദൈവ

---

രണ്ടിലേയും കർത്തൃപ്രാത്ഥന ക്രിസ്ത്യാനികളുണ്ടാകേണ്ട പ്രാത്ഥനാരൂപിയെപ്പററി പ്രതിപാദിക്കുന്നതിനിടയ്ക്കാണു് ചേർത്തിരിക്കുന്നതു്. ആ ഭാഗങ്ങൾ (മത്താ 6: 5–15; ലൂക്കാ 11: 1–13). ആദിമസഭയിൽ പ്രാത്ഥനയെപ്പററിയുള്ള പ്രബോധനത്തിനു് (Catechism on prayer) ഉപയോഗിച്ചിരുന്നവെന്നു് ജറമിയാസ്പറയുന്നു(Prayers of Jesus pp. 86–90) വി. മത്തായി നൽകുന്ന കത്തൃപ്രാത്ഥനയാണു് ആരാധനക്രമത്തിൽ ഉപയോഗിച്ചുവരുന്നതു്. അതും വി. ലൂക്കാ നൽകുന്ന ടെക്സ്റ്റും തമ്മിലുള്ള വ്യത്യാസം കാണുക:

| മത്തായി | ലൂക്കാ |
|---|---|
| സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, | പിതാവേ, |
| അങ്ങയുടെനാമം പൂജിതമാകണമേ. | അങ്ങയുടെനാമം പൂജിതമാകണമേ. |
| അങ്ങയുടെരാജ്യം വരണമേ | അങ്ങയുടെ രാജ്യം വരണമേ |
| അങ്ങയുടെ തിരുമനസ്സു്........ ഭൂമിയിലും ആകണമേ. | |
| അന്നന്നുവേണ്ട ആഹാരം ............തരണമേ | അന്നന്നുവേണ്ട ആഹാരം ...........തരണമേ |
| ഞങ്ങളോടു തെററുചെയ്യുവരോടു ................ ഞങ്ങളോടും ക്ഷമിക്കണമേ | ഞങ്ങളോടു തെററുചെയ്യുവരോടു ................ ഞങ്ങളോടും ക്ഷമിക്കണമേ |
| ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ | ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ |
| തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. | |
| (എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടെതാകുന്നു.) | |

ത്തിൽനിന്നു് ആവശ്യപ്പെടുന്നതു് അവധാനതയോടെ ആയിരിക്കുകയും വേണം. ഇതൊക്കെ പഠിപ്പിക്കാനാണു് അവിടുന്നു് ഈ പ്രാത്ഥന പഠിപ്പിച്ചതെന്നു തോന്നും'' (2). ഈ പ്രാത്ഥനയെപ്പററി വി. ആഗസ്റ്റീനോസിൻെറ ആശയംതന്നെ സ്വീകരിച്ചു് വ്യാഖ്യാനിക്കുന്നുണ്ടു്, വി. തോമസു് അക്വീനാസു്: ''യോഗ്യതാനുസൃതം പ്രാർത്ഥിക്കുകയാണെങ്കിൽ, കർത്തൃ പ്രാത്ഥനയിൽ സംക്ഷേപിച്ചിരിക്കുന്നതിനു പുറമെ യാതൊന്നും നമുക്കു് അപേക്ഷിക്കേണ്ടിവരികയില്ല'' (3). എല്ലാ ആവശ്യങ്ങളും അവയുടെ ക്രമവും ഉൾക്കൊള്ളുന്നതുകൊണ്ടും സ്നേഹത്തെ ചൈതന്യപൂർണ്ണമാക്കുന്നതുകൊണ്ടും ഈ പ്രാർത്ഥന പരിപൂർണ്ണമാണെന്നു (4) കൂടിയും അദ്ദേഹം പറയുന്നു.

ക്രിസ്തു പഠിപ്പിച്ച ഈ പ്രാർത്ഥന ആദിമ ക്രിസ്ത്യാനികൾ തങ്ങളുടെ സമൂഹത്തിൽ ചൊല്ലുന്നതിനു് വേറൊരു കാരണംകൂടിയുണ്ടായിരുന്നു. അതു് ക്രിസ്തുവിൻെറ വ്യക്തമായ കല്പനയത്രെ (ലൂ. 11. 2.). തന്മൂലം വിശ്വാസികൾ ഒരുമിച്ചു കൂടുമ്പോഴൊക്കെ, Didache (അപ്പസ്റ്റോലിക പ്രബോധനം 95 A D ?) നിർദ്ദേശിക്കുന്നതുപോലെ, യഹൂദന്മാരുടെ രീതിയിലല്ലാതെ

2. Miggana, Commentary of Theodore of Mopsuestia on the Lord's prayer. WoodbrooAe Studies Vol. VI. Cambridge 1933 p. 6.

3. Summa Theol. II-II q. 83 art. 9

4. Ibiddm

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു് അവർ പ്രാർത്ഥിക്കേണ്ടിയിരുന്നു (5).

സമൂഹമൊന്നിച്ചു് കർത്തൃപ്രാർത്ഥനചൊല്ലുന്നതിനെപ്പററി ബർസലീബി (12–ാം നൂററാണ്ടു്) പറയുന്നു: അതു് ദൈവത്തിൻെറ പിതൃത്വത്തേയും മനുഷ്യരുടെ ദൈപുത്രസ്ഥാനത്തേയും സൂചിപ്പിക്കുന്നതാണു്. അതു് വിശ്വാസിയെ അവിശ്വാസിയിൽനിന്നു വേർതിരിച്ചുകാണിക്കുന്നു. വിശ്വാസികൾ ദൈവനാമത്തെ "വിശുദ്ധീകരിച്ചു"കൊണ്ടു്, തങ്ങളെത്തന്നെ വിശുദ്ധീകരിക്കയും ദിവ്യരഹസ്യത്തിൽ (കുർബാനയിൽ) പങ്കെടുക്കാൻ അർഹരാക്കുകയുംചെയ്യുന്നു. ഈ പ്രാർത്ഥനചൊല്ലിക്കൊണ്ടു്, നമുക്കു് ദൈവികത്വത്തിൽ ഭാഗഭാഗിത്വം തന്നവനെ, നാം സ്തുതിക്കുന്നു. സഭാഗാത്രത്തിൻെറ നാവെന്നനിലയിൽ പുരോഹിതൻ ഈ പ്രാർത്ഥന ആരംഭിക്കുകയും സമൂഹം തുടരുകയും ചെയ്യുന്നു (5a).

മാമ്മോദീസാ സ്വീകരിച്ചതിനാൽ നാം ദൈവത്തെ പിതാവേ എന്നു വിളിക്കുന്നു. "നാമേവരും ഏകശരീര"മാകയാൽ "ഞങ്ങളുടെ പിതാവേ" എന്നു നാം ദൈവത്തെ സംബോധനചെയ്യുന്നു (5b).

## വിശ്വാസികളുടെ പ്രാർത്ഥന

ജറുസലേമിലെ തിരുക്കല്ലറയുടെ ദൈവാലയത്തിൽവച്ചു് (Basilica of Holy Sepulchre) എ. ഡി. 350 ൽ സ്നാനാർത്ഥികളേയും നവമായി മാമോദീസാ

5. Didache VIII, 2.
5a. LABOURT p. 93
5b. LABOURT H. Dionysius Bar Salibi, Expositio Liturgiae Louvain, 1961, p- 92

സ്വീകരിച്ചവരേയും ഉദ്ദേശിച്ച് വി. സിറിൽ ഇരുപത്തിനാലു പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. വിശ്വാസസത്യങ്ങൾ വിശദീകരിച്ചുകൊടുക്കുന്നവയാണവ (Catechetical Sermons). വി. കർബാന വ്യാഖ്യാനിക്കുന്നതിനിടക്ക് അദ്ദേഹം കർത്തൃപ്രാർത്ഥന പ്രസംഗവിഷയമാക്കുന്നു. നവമായി മാമോദീസാ സ്വീകരിച്ചവർക്കാണ് അദ്ദേഹം കർത്തൃപ്രാർത്ഥന വിശദീകരിച്ചു കൊടുക്കുന്നതു്. വിശ്വാസികൾമാത്രം കൈകാര്യം ചെയ്യേണ്ടുന്നായിട്ടാണ് കർത്തൃപ്രാർത്ഥന അദ്ദേഹം ഇവിടെ കാണുക. (5c).

ഇതു് ആദിമസഭയുടെ ചിന്താഗതി ദർശിക്കുവാൻ പര്യാപ്തമാണ്. മാമോദീസാകർമ്മത്തോടു ചേർന്നു നടത്തിയ ദിവ്യബലിയിലായിരിക്കണം, ആദ്യമായി അവർ ആ പ്രാർത്ഥന ചൊല്ലിയതു്. മാമോദീസാ സ്വീകരിച്ചവർ മാത്രം ഉപയോഗിച്ചതിനാൽ കർത്തൃപ്രാർത്ഥന "വിശ്വാസികളുടെ പ്രാർത്ഥന"യെന്നു് വിളിക്കപ്പെട്ടിരുന്നു. ആരംഭത്തിൽ കർത്തൃപ്രാർനയോടു് "അങ്ങയുടെ പരിശുദ്ധാത്മാവ് ഞങ്ങളുടെമേൽ വന്നു് ഞങ്ങളെ പവിത്രീകരിക്കട്ടെ" എന്ന വാചകം കൂട്ടിച്ചേർത്തിരിക്കുന്നതു് വിരളമായെങ്കിലും കാണ്മാനുണ്ടു്. ഇതു്മാമോദീസായോടു് ബന്ധപ്പെടുത്തി ചൊല്ലിയിരുന്നതിനാലായിരിക്കുമോ? മാർസ്യൻ (Marcion· A. D. 140) കർത്തൃപ്രാർത്ഥനയുടെ ഒന്നാമത്തെ യാചനക്കു് പകരവും നീസ്സായിലെ ഗ്രിഗരിയും (+392) മാക്സിമൂസും (Maximus Confessor 662) രണ്ടാമത്തെ യാചനക്കുശേഷവും മേല്പറഞ്ഞ വാച

---

5c. JEREMIAS J, The prayers of Jesus pp. 86-90

കം ചേർത്തിട്ടുണ്ട്. അപ്പസ്തോലന്മാരുടെ പ്രബോധനം (Didache) എന്ന ഗ്രന്ഥത്തിൽ മാമോദീസായ്ക്കു് (അദ്ധ്യായം 7.) ശേഷമാണ് കർത്തൃപ്രാർത്ഥനയും (അദ്ധ്യായം 8.) ദിവ്യബലിയും (അദ്ധ്യായം 9.) പ്രതിപാദിക്കപ്പെടുന്നതു്. ഇതു് ശ്രദ്ധാർഹമാണ്.

## കർത്തൃപ്രാർത്ഥന പൗരസ്ത്യ സിറിയൻ തിരുക്കർമ്മങ്ങളിൽ

പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നാരംഭിക്കുന്ന പ്രാർത്ഥന ചേർത്തതിനെ സംബന്ധിച്ച് ചില പഴയ രേഖകളുണ്ട്. ദിവ്യകാരുണ്യത്തെപ്പററിയുള്ള ഈശോയാബ് നാലാമന്റെ (Iso' yahb iv) നെസ്തോറിയൻ പ്രശ്നാവലിയുടെ 105–ാമത്തെ ചോദ്യം ഇങ്ങനെയാണ്: ''എന്തുകൊണ്ട് എല്ലാ ശുശ്രൂഷകളും കർത്തൃപ്രാർത്ഥനകൊണ്ടാരംഭിക്കുന്നു?.... ഒരു പൗരസ്ത്യ കാതോലിക്കോസുമായി തർക്കിക്കുവാനൊരുമ്പെട്ട ഒരു യാക്കോബായ സന്യാസിയുണ്ടായിരുന്നു. ആ സന്യാസി തന്റെ ഒരു ഗ്രന്ഥത്തിൽ നമുക്കു് അപമാനകരമായ പലതുമെഴുതി. അതിലെ ഒരു പ്രസ്താവമിതാ: 'ഞങ്ങൾ ഞങ്ങളുടെ ശുശ്രൂഷകളുടെ അവസാനം ചൊല്ലുന്നതുപോലെ, നെസ്തോറിയരായ നിങ്ങൾ നിങ്ങളുടെ ശുശ്രൂഷകളിൽ, നമ്മുടെ കർത്താവ് ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുന്നില്ല'. പാത്രിയർക്കീസ് പാഷണ്ഡരുടെ ഈ പരിഹാസം കേട്ട് ഈ പ്രാർത്ഥന ശുശ്രൂഷകളുടെ ആരംഭത്തിലും അവസാനത്തിലും ചൊല്ലണമെന്നു് കല്പിച്ചു. യാക്കോബായക്കാർ ചൊല്ലുന്നതിലും കൂടുതലാണിതു്. അവർ ശുശ്രൂഷയുടെ

അവസാനത്തിലേ ഇതു് ചൊല്ലുന്നുള്ളു'' (6). പൂർവ്വ കാലത്തു് ശുശ്രൂഷകൾ എങ്ങനെ ആരംഭിച്ചിരുന്നെന്നു് 106–ാമത്തെ ചോദ്യത്തിൽ ഗ്രന്ഥകർത്താവു് വിവരിക്കുന്നു: (7) ''നമുക്കു സമാധാനം'' എന്നു് ഡീക്കൻ അറിയിക്കുന്നു. തുടർന്നു് പ്രാർത്ഥന (സ്ലോസാ)യും സങ്കീർത്തനങ്ങളും''(മമ്മീസ).ഒമ്പതാം നൂററാണ്ടിലെഴുതപ്പെട്ട വ്യാഖ്യാനങ്ങളിൽ (Expositio officiorum) നിന്നും മററുറവിടങ്ങളിൽനിന്നും നമുക്കു മനസ്സിലാക്കാം 'സ്വർഗ്ഗസ്ഥനായ പിതാവേ' ആരാധനക്രമത്തിൽ കൂട്ടിച്ചേർത്തതു് കാസോലിക്കോസു് തിമോത്തി ഒന്നാമനാണെന്നു് (+ 816) (8). കർത്തൃപ്രാർത്ഥന ശുശ്രൂഷകളുടെ ആരംഭത്തിലും അവസാനത്തിലും ചൊല്ലണോ എന്ന ചോദ്യത്തിനുത്തരമായി ഈശോബർനുൺ (820–824) ഇങ്ങനെ പ്രസ്താവിക്കുന്നു: ഔദ്യോഗികമായി അതു ചൊല്ലണം. ഈ വിധത്തിൽ ഒരുവൻ പിതാക്കന്മാരോടു് ചേർന്നു നില്ക്കുന്നു. അവർ എഴുതിയിരിക്കുന്നതു് നോക്കുക: രക്ഷകൻ പഠിപ്പിച്ച കർത്തൃപ്രാർത്ഥനയോടുകൂടി ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യാത്ത സഭയുടെ ശുശ്രൂഷകളെല്ലാം കളങ്കമേശിയതും വികലവും അപൂർണ്ണവുമാണു്. (9) ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്നു തുടങ്ങുന്ന പ്രാർത്ഥന നർസേയുടെ (+502) കർബാനയിലുണ്ടു് എന്നതു് സത്യമത്രെ. എന്നാൽ അതു് ദിവ്യ

6. VAN UNNIK, Nestorian Questions on the Eucharist, Haarlem, 1933, p. 181. Cf. Ms. Cambridge. Add. 2050, f. 18.
7. Cf. Bibliotheca Orientalis, II 448, III, 1, p. 200.
8. കർത്തൃപ്രാർത്ഥന തിരുക്കർമ്മങ്ങളിൽ ചേർത്തതിനെപ്പററി കൂടുതൽ അറിയുവാൻ: Cf. MATEOS J., Lelya-Sapra, Rome, 1959, p. 81
9. VAN UNNIK, op. cit p. 171.

കാരുണ്യ സ്വീകരണത്തിനുശേഷമാണ്. അദ്ദേഹം അതു് വിശദീകരിക്കുന്നുണ്ടു്: ''രാവിലെയും വൈകുന്നേരവും ജനങ്ങൾ പ്രാർത്ഥനയാരംഭിക്കുന്നതു് കർതൃപ്രാർത്ഥന യോടുകൂടിയാണു്. പരിശുദ്ധ സഭയുടെ എല്ലാ കർമ്മങ്ങ ളും അതു് ചൊല്ലിക്കൊണ്ടുതന്നെ പൂർത്തിയാകുന്നു. എല്ലാ പ്രാർത്ഥനകളും ഇതിൽ ഉൾക്കൊള്ളുന്നു. ഇതുകൂടാതെ ഒരു പ്രാർത്ഥനയും അവസാനിപ്പിക്കുന്നുമില്ല എന്നു് പറ യാം'' (9a).

കർതൃപ്രാർത്ഥന ചൊല്ലേണ്ടതിന്റെ ആവശ്യകത യും പ്രാധാന്യവും ഈശോയാബു് നാലാമൻ ഊന്നിപ്പറ ഞ്ഞിരിക്കുന്നു: ''സഹായത്തിനഭ്യർത്ഥിക്കുകയും ദൈവനാമ ത്തെ സ്തുതിക്കുകയും സ്വർഗ്ഗീയ രാജ്യത്തെ മഹത്വീകരി ക്കുകയും തങ്ങളുടെ ജീവനെ നിലനിർത്തുന്നതിനുള്ള ആ ഹാരത്തിനും തിന്മയിൽനിന്നു രക്ഷയ്ക്കുംവേണ്ടി യാചി ക്കുകയും ചെയ്യുമ്പോഴും ജനസമൂഹം മുഴുവന്റെയും അധര ങ്ങൾ അതു് ചൊല്ലണം'' (10). തന്മൂലം ദിവ്യബലിയിൽ, ആരംഭത്തിലും ദിവ്യകാരുണ്യസ്വീകര ണത്തിനു മുമ്പും അവസാനത്തിലും, മൂന്നു തവണ ചൊല്ലു ന്നതുപോലെതന്നെ, മാമ്മോദീസായിലും മൂന്നു പ്രാവശ്യം അതു് ചൊല്ലണമെന്നു് അദ്ദേഹം കൂട്ടിച്ചേർക്കുന്നു (11).

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ആരാധനക്രമത്തിൽ വിവാദാത്മകമായ ചൈതന്യത്തോ ടുകൂടിയാണു് നടപ്പിൽ വരുത്തിയതു്. അതു് ഉരുവിടുന്ന

---

9a. CONNOLLy R. H., The Liturgical Homilies of Narsai, p. 30.
ഈ ഗ്രന്ഥത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതു് അനുബന്ധ ത്തിൽകാണുക.

10. VAN UNNIK, op. cit. p. 271.

11. Ibid. pp. 181-182.

തിൽ പൗരസ്ത്യ സുറിയാനിക്കാർ വലിയ പ്രതിപത്തി കാണിച്ചിരുന്നെന്നു് നാം മുകളിൽ കണ്ടു. ഇനി നമുക്കു് ആ പ്രാർത്ഥനതന്നെ ഒന്നു പരിശോധിക്കാം,

## കർത്തൃപ്രാർത്ഥനയുടെ കാനോനാ

പൗരസ്ത്യ സിറിയൻ റീത്തിൽ ചൊല്ലാറുള്ള കർത്തൃപ്രാർത്ഥനയെ മൂന്നായി തിരിക്കാം. മദ്ധ്യഭാഗത്തു് കർത്തൃപ്രാർത്ഥന; ആരംഭത്തിലും അവസാനത്തിലും പരിശുദ്ധൻ എന്ന പല്ലവി കൂട്ടിച്ചേർത്ത ഓരോ ഭാഗവും:

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
നിൻെറ നാമം പരിശുദ്ധമാക്കപ്പെടണം
(മത്താ. 6. 9)
നിൻെറ രാജ്യം വരണം
നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ
(ഏശയ്യ 6: 3)
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
നിൻെറ സ്തുതിയുടെ മഹത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു
മാലാഖാമാരും (12) മനുഷ്യരും
'നീ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ'
എന്നു ഉദ്ഘോഷിക്കുന്നു.

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിൽ ഇടയ്ക്കിടയ്ക്കു് 'പരിശുദ്ധൻ..പരിശുദ്ധൻ' എന്നുകൂട്ടിച്ചേർത്തിരിക്കുന്നു. അതു് കാവ്യാത്മകവും യുക്തിയുക്തവുമാണു്.

---

12. Daniel 6: 14. 'മാലാഖാ' എന്നതിനു് 'ഈറ' എന്ന പദമാണു് ഉപയോഗിച്ചിരിക്കുന്നതു്. ഉണർന്നിരിക്കുന്നവൻ എന്നർത്ഥം.

മാലാഖമാർ എവിടെ എപ്പോഴം 'പരിശുദ്ധൻ' എന്നു പാടുന്നുവോ ആ രാജ്യത്തെ സൂചിപ്പിച്ചശേഷം 'പരിശുദ്ധൻ' എന്നതു് മൂന്നുപ്രാവശ്യം ആവത്തിക്കുന്നു. ''സ്വർഗ്ഗവും ഭൂമിയും നിൻെറ മഹത്വത്തിൻെറ സ്തുതികൊണ്ടു് നിറഞ്ഞിരിക്കുന്നു'' എന്ന വാക്യാംശം, 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നതിനു ശേഷംവരുന്നു. 'സ്വർഗ്ഗസ്ഥനായ പിതാവേ' ഇങ്ങനെ ചൊല്ലി പൂർത്തിയാക്കുന്നതു് പൗരസ്ത്യ സുറിയാനി റീത്തിൻെറ പ്രത്യേകതയാണു്.

ഉപയോഗശൂന്യമെങ്കിൽ ആവർത്തനം നീക്കിക്കളയുവാൻ കൗൺസിൽ പ്രബോധനത്തിൽ പറയുന്നുണ്ടെങ്കിലും (CSL 50) ആരാധനക്രമത്തിലതു് തീർത്തും അനാവശ്യമായിക്കരുതേണ്ടതില്ല. പ്രാർത്ഥനകരം ധ്യാനിച്ചുചൊല്ലാൻ സഹായിക്കുമെന്നതുകൊണ്ടാണു് ആരാധനക്രമത്തിൽ സാമാന്യമായി ആവർത്തനം കാണുക. സങ്കീർത്തനങ്ങളിൽ ആരംഭത്തിലും അന്ത്യത്തിലും ചേർത്തു ചൊല്ലാറുള്ള കാനോന (പല്ലവി) യെന്നപോലെ ഈ ഭാഗംചൊല്ലി വന്നിരുന്നുവെന്നു് ജോർജ്ജ് അർബെൽ അഭിപ്രായപ്പെടുന്നു. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നാരംഭിക്കുന്ന പ്രാർത്ഥനയ്ക്കു് മുമ്പുംപിമ്പും ഇതു ചേക്കുന്നതിനു് പാത്രിയക്കാ തിമോത്തി ഒന്നാമനാണു് തീരുമാനിച്ചതെന്നും അദ്ദേഹം പറയുന്നുണ്ടു്. (12a)

കർത്തൃപ്രാർത്ഥനയോടു കൂട്ടിച്ചേർത്ത ഈ ഭാഗം ആരെഴുതി എന്ന ചോദ്യത്തിനു് ഈശോയാബു് ഇങ്ങനെ മറുപടി പറയുന്നു: ''യാക്കോബായാക്കാർ ചൊല്ലുന്നതുപോലെ (കൂട്ടിച്ചേർത്ത ഭാഗമില്ലാതെ) പൂർവ്വകാലത്തു് ഈ പ്രാർത്ഥനചൊല്ലിയിരുന്നു. എന്നാൽ പാത്രിയക്കീസായിമാർ തീമോത്തി അഭിഷിക്തനായപ്പോരം അദ്ദേഹം 'പരി

12a. Expositio Officiorum, p. 121.

ശുദ്ധൻ....പരിശുദ്ധൻ....' എന്ന പല്ലവി (കാനോനാ)കൂട്ടിച്ചേർത്തു. കാനോനായിലെ രണ്ടുവാക്യങ്ങളും കർത്തൃപ്രാർത്ഥനയിൽനിന്നെടുത്തതാണ്. പ്രാർത്ഥനയുടെ അവസാനത്തിൽ 'പിതാവിനും....സ്തുതി' എന്നു കൂട്ടിച്ചേർക്കുകയും ചെയ്തു. അദ്ദേഹം ഈ കാനോന നെസ്തോറിയന്മാരുടെ എല്ലാ പള്ളികൾക്കും നൽകി (13).

## പ്ശീത്തായിൽനിന്ന്

സുറിയാനി ആരാധനക്രമത്തിലെ എല്ലാ വേദപുസ്തകവാക്യങ്ങളും പ്ശീത്തായിൽ (വേദപുസ്തകത്തിന്റെ സുറിയാനി ടെക്സ്റ്റ്) നിന്നെടുത്തവയാണ്. ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നതും അങ്ങനെതന്നെ. എന്നാൽ ഇപ്പോൾ മലയാളക്കുർബാനയിൽ ചേർത്തിരിക്കുന്നത് ലത്തീൻ ടെക്സ്റ്റിലെ (വുൾഗാത്ത) കർത്തൃപ്രാർത്ഥനാ വാചകമാണ്. അതോടുകൂടി മത്തായിയുടെ സുവിശേഷത്തിലെ കർത്തൃപ്രാർത്ഥനയുടെ ''എന്തെന്നാൽ രാജ്യവും....'' എന്നതും കൂട്ടിച്ചേർത്തു.

സുറിയാനി ടെക്സ്റ്റും ലത്തീൻ ടെക്സ്റ്റും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ താഴെപ്പറയുന്നവയാണ്:

| സുറിയാനി | ലത്തീൻ |
|---|---|
| ഞങ്ങൾക്കാവശ്യമായ ആഹാരം | അന്നന്നുവേണ്ട ആഹാരം |

13. VAN UNNIK p. 181. ഇതേപ്പററിയുള്ള വിമർശനത്തിന് Cf. Matheos J., Lelya–Sapra pp. 82–83.

| | |
|---|---|
| ഞങ്ങളോടു തെററു ചെയ്യവരോട് | ഞങ്ങളോട് തെററു ചെയ്യവരോട് |
| ഞങ്ങാം ക്ഷമിച്ചതു പോലെ | ഞങ്ങാംക്ഷമിക്കുന്നതു പോലെ |
| ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ | തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ. |

## കർത്തൃപ്രാർത്ഥനയും യഹൂദന്മാരുടെ പരിഹാരത്തിരുന്നാളും

ഗിരിപ്രഭാഷണത്തിലെ ഏററവും സുന്ദരമായ ഭാഗമായിട്ടാണല്ലൊ കത്തൃപ്രാർത്ഥനയെ കണക്കാക്കാറുള്ളതു്. (മത്തായി 6: 9–13) കത്തൃപ്രാർത്ഥനയ്ക്കുശേഷം അതിലെ ''ഞങ്ങളോടു തെററുചെയ്യുന്നവരോട് ഞങ്ങാം ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകാം ഞങ്ങളോടും ക്ഷമിക്കണമെ'' എന്ന ഭാഗം ക്രിസ്തു വിശദീകരിക്കുന്നുണ്ടു് (6: 14–15): മനുഷ്യരോട് അവരുടെ തെററുകാം നിങ്ങാം ക്ഷമിക്കുമെങ്കിൽ സ്വഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് നിങ്ങളോടും ക്ഷമിക്കും; നിങ്ങാം ക്ഷമിക്കയില്ലെങ്കിൽ സ്വഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവും നിങ്ങളോട് ക്ഷമിക്കയില്ല.'' 'പ്ശീത്താ'യിൽ(സുറിയാനി ബൈബിാം) ''ഞങ്ങാം ക്ഷമിച്ചതുപോലെ'' എന്നാണല്ലോ ഈ യാചനയിൽ കാണുക.

ഈ സാഹചര്യങ്ങാം കണക്കിലെടുത്തുകൊണ്ടു്, ഈ പ്രാത്ഥന ക്രിസ്തു പഠിപ്പിച്ചതു് യഹൂദന്മാരുടെ പരിഹാരത്തിരുനാാം (യോം കിപ്പൂർ, feast of attonement) ആഘോഷത്തെത്തുടർന്നു് എന്നെങ്കിലുമായിരിക്കണം എന്നു് മാസിൻഗേർഡ് (Massingherd Ford) അഭിപ്രാ

യപ്പെടുന്നു. കാരണമുണ്ട്: മനുഷ്യർതമ്മിൽ അനുരഞ്ജന പ്പെടുന്നതിനും ദൈവത്തിൽനിന്ന് ക്ഷമയാചിക്കുന്നതി നുമുള്ള അവസരമാണ് പരിഹാരത്തിരുന്നാൾ. ദൈവവു മായി അനുരഞ്ജനപ്പെടുന്നതിനുള്ള അനുപേക്ഷണീയമായ വ്യവസ്ഥയാണ് മനുഷ്യരുമായുള്ള അനുരഞ്ജനമെന്ന് യഹൂ ദർ മനസ്സിലാക്കിയിരുന്നു. ''ദൈവവുമായുള്ള അനുരഞ്ജനം ഈ പരിഹാരത്തിരുന്നാളിൽ സാധിക്കുന്നു. നേരത്തെത ന്നെ സഹോദരനുമായി രമ്യപ്പെടണം. അല്ലെങ്കിൽ, അ യാളോടുചെയ്ത തെററുകൾ ക്ഷമിക്കപ്പെടാൻ ഈ തിരുനാൾ ഉപകരിക്കയില്ല'' (13a). അതുകൊണ്ട് തിരുനാളിനുമു മ്പുതന്നെ അവർ മനുഷ്യരുമായുള്ള അനുരഞ്ജനമെല്ലാം നട ത്തിയിരിക്കും. തിരുനാളിനുമുമ്പ് അനുതാപത്തിനായി പത്തുദിവസം നിശ്ചയിച്ചിരിക്കുന്നു. ആ അവസരത്തി ലാണ് അനുരഞ്ജനമൊക്കെ നടക്കുക. തുടർന്ന് 'വിധി' ദിവസമെന്നുപറയത്തക്കവിധം യോം കിപ്പൂർ. വരുന്നു ഇ തു് ഖുമ്റാൻ സന്യാസികളും സമരിയാക്കാരും ആചരി ച്ചിരുന്നു. മനുഷ്യരുമായി രമ്യപ്പെട്ട ആരാധകന് ആ ദി വസം പ്രാർത്ഥിക്കാൻ സാധിക്കും: ''മനുഷ്യരായ ഞ ങ്ങൾ പരസ്പരം ക്ഷമിച്ചുകഴിഞ്ഞു. ഇനിയും അങ്ങേക്കെ തിരായി ചെയ്തപാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ'' എന്ന്. ഇത്തരത്തിലുള്ള പ്രാർത്ഥനയോടും അനുരഞ്ജകകൃത്യ ങ്ങളോടുംകൂടി തിരുനാൾ ആഘോഷിച്ചവർക്ക് കർത്തൃപ്രാ ർത്ഥനയിലെ പാപപ്പൊറുതിയ്ക്കായുള്ള യാചന മനസ്സിലാ ക്കാൻ വിഷമമില്ല. തിരുനാളിൻെറ ഓർമ്മ മറയാത്ത ഒ രവസരത്തിൽ, അതു പശ്ചാത്തലമാക്കിക്കൊണ്ടായിരി

13a. MISHNOYATH, Yoma 8: 8

ക്കാം കർത്താവു് ഇതു പഠിപ്പിച്ചതു് (13b). ഏതായാലും കർത്തൃപ്രാർത്ഥനയിലെ ''ഞങ്ങരം ക്ഷമിച്ചതുപോലെ'' എന്ന പ്രയോഗം കൂടുതൽ വ്യക്തമാകാനും, ബലിയപ്പ്ണത്തിനു് സഹോദരനുമായി നേരത്തെ രമ്യപ്പെട്ടിരിക്കണമെന്നു് 'പുഖ്ദാനകോനി'ൽ പറഞ്ഞ ആശയം വിശദീകരിക്കാനും ഈ വ്യാഖ്യാനം സഹായിക്കാതിരിക്കുകയില്ല.

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

'ദൈവത്തിൻെറ മക്കളെന്നു വിളിക്കപ്പെടുന്ന' (1 യോഹ. 3–1) ക്രിസ്ത്യാനികളുടെ സമ്മേളനങ്ങളിൽ കർത്തൃപ്രാർത്ഥന ചൊല്ലുന്നതിൻെറ കാരണം അതിലെ 'ഞങ്ങളുടെ പിതാവേ' എന്ന പ്രയോഗം വ്യക്തമാക്കുന്നുണ്ടു്. വി. സിപ്രിയാൻ ഈ പ്രയോഗം വിശദീകരിക്കുന്നതിപ്രകാരമാണു്: ''ദൈവത്തിൽ വിശ്വസിക്കുകയും ദൈവ മക്കളായിത്തീരുകയും ദൈവത്താൽ വിശുദ്ധീകരിക്കപ്പെട്ടു് വരപ്രസാദത്തിൽ വീണ്ടും ജനിക്കുകയും ചെയ്തവരാണു്,'' ഞങ്ങളുടെ പിതാവേ എന്നു ദൈവത്തെ വിളിക്കുന്നതു് (14). ഈ പ്രാത്ഥന പുതിയ നിയമത്തിലെ തങ്ങളുടെ പുതിയ ജനനത്തെപ്പററി വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു. അതിനുംപുറമെ 'ഞങ്ങളുടെ' എന്ന പദം സഭാസമൂഹത്തെ ദ്യോതിപ്പിക്കുന്നു. സമൂഹപ്രാർത്ഥന എന്നു് കർത്തൃപ്രാത്ഥനയെ വിളിക്കുന്നതു് തീർത്തും ശരിതന്നെയാണു്. വി. സിപ്രിയാൻ ഇതു് കൂടുതൽ

---

13b. J. MASSINGHERD FORD, Yom Kippur and the Matthean form of the Pater Noster, Worship 41 (1967) 609-619.

14. HURTER, SS. Patrum opuscula Selecta. Oeniponte 1868, p. 53.

ഭംഗിയായി പറയുന്നു: ''ഒരാം പ്രാർത്ഥിക്കുമ്പോൾ അയാം തനിക്കുവേണ്ടി മാത്രം പ്രാർത്ഥിക്കുന്നില്ല. പ്രത്യുത എല്ലാവരും ഒന്നായിരിക്കുന്നതുകൊണ്ടു് ജനത്തിനു മുഴുവനുംവേണ്ടി പ്രാർത്ഥിക്കുന്നു. ആകയാൽ സമാധാനത്തിൻെറയും ഐക്യത്തിൻെറയും അദ്ധ്യാപകൻ പ്രാർത്ഥന വ്യക്തിഗതമായിരിക്കുവാനിഷ്ടപ്പെട്ടില്ല (15). എന്നുസാരം.

''സഭയും ദൈവപുത്രനും മാത്രമേ ദൈവത്തെ 'പിതാവേ' എന്നു് വിളിക്കുന്നുള്ളൂ'' (16) എന്നു പറയുന്നതിലും ഈ ആശയം സൂചിതമാണു്.

## നിൻെറ നാമം പൂജിതമാകണം

യഹൂദന്മാരുടെ ഉഷഃകാല പ്രാർത്ഥനയിൽ പലപ്പോഴും വരുന്ന ഒരു വാക്യമാണിതു് (17). യഹൂദന്മാരുടെ വ്യാഖ്യാനമനുസരിച്ചു്, ദൈവം തൻെറ പരിശുദ്ധത ലോകത്തിനു് വെളിപ്പെടുത്തിക്കൊണ്ടു് തിരുനാമത്തെ വിശുദ്ധീകരിക്കുന്നു (18). ആ വെളിപ്പെടുത്തൽ ഒരത്ഭുതംവഴിയുമാകാം (19). ''ഇസ്രായേലിൻെറ ദൈവം സത്യദൈവമാകുന്നുവെന്നു് മനുഷ്യൻ കാണുകയും പറയുകയും ചെയ്യത്തക്കവണ്ണം ജീവിച്ചുകൊണ്ടു്'' (20) ഇസ്രാ

---

15. Ibid. p. 53.
16. HARNAK, HAHN A., Bibliotheck der Symbol, Breslau, 1897, p. 97. HERMAS Pastor, Vision 3:9-10.
17. SINGER op. cit. p. 3, 16.
18. STRACK H. L. and P. BILLERBECK, Kommentarium zum NT aus Talmud und Midrash, 1933, vol. I, p. 411,
19. MOORE G. F., Judaism, 1927, vol. II, p. 102,
20. Ibidem p. 103.

യേൽ ദൈവത്തിൻെറ നാമത്തെ വിശുദ്ധീകരിക്കുന്നു. പ്രത്യേകിച്ച് പഞ്ചഗ്രന്ഥിയിലെ കല്പനകഠം അനുസരിക്കുന്നതിൽ ദൈവതിരുമനസ്സിനു് കീഴ്പ്പെട്ടുകൊണ്ടും, ലോകദൃഷ്ടിയിൽ കുററമററ ജീവിതം നയിക്കുന്നതിനു് പരിശീലിച്ചുകൊണ്ടും. അങ്ങനെ ദൈവനാമത്തെ പൂജിതമാക്കുകയാണു് യഹൂദ മതത്തിലെ ധർമ്മശാസ്ത്രപരമായ അനുഷ്ഠാനത്തിൻെറ സുപ്രധാന തത്വവും ലക്ഷ്യവും (21). ദൈവകല്പനകളിലുറച്ചു നില്ക്കുന്നതുമൂലം തങ്ങളുടെ ജീവൻ കൊടുത്തുപോലും ദൈവത്തിൻെറ നാമത്തെ വിശുദ്ധീകരിക്കുന്നവരത്രെ രക്തസാക്ഷികഠം (22).

## അന്നന്നു് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങഠംക്കു തരണമെ.

'ഞങ്ങഠംക്കാവശ്യമുള്ള അപ്പം'—അക്ഷരാർത്ഥത്തിൽ, 'ഞങ്ങളുടെ ആവശ്യത്തിനുവേണ്ട അപ്പം' (ലഹമ്മാദ് സൂനക്കാനൻ) (മത്തായി 6: 10). ൻെറ പ്ശീത്താ തർജ്ജമയാണിതു്. പഴയ സുറിയാനി പരിഭാഷ ''ലഹമ്മാ അമ്മീനാ ദ് യൗമ്മാ ഹവ്ലൻ'' (ഞങ്ങഠംക്കനുദിനം ആവശ്യമായ അപ്പം ഇന്നു തരേണമെ) എന്നായിരുന്നു. അതുകൊണ്ടു് ആരാധനാക്രമത്തിൽ സ്വീകരിച്ച ഒരു സംവിധാനമായിരിക്കാമിതെന്നു് ചേയ്സു് അഭിപ്രായപ്പെടുന്നു. അനുദിനം വേണ്ട (തുടർന്നുള്ള—'അമ്മീനാ'—) എന്നതു് നമ്മുടെ ആവശ്യം (സൂനക്കാനൻ) എന്നതായി പ്ശീത്താ നൽകി (23).

കർത്തൃപ്രാർത്ഥനയിലെ ഈ യാചനയ്ക്കു് വ്യത്യസ്തങ്ങളായ പരിഭാഷകഠം വരാൻ കാരണം സുറിയാനി

---

21. Ibidem p. 105.
22. Ibidem.
23. CHASE, op. cit., pp. 51–52.

യിലെ ''ഞങ്ങളുടെ ആവശ്യം'' (സുനക്കാനൻ) എന്ന തിനുപകരം മത്തായിയുടെയും ലൂക്കായുടെയും ഗ്രീക്ക് ടെക്സ്റ്റിൽ കൊടുത്തിട്ടുള്ള എപി–ഉസിയ (Epi–ousia) എന്ന പദമാണ്. ചിലർ അഭിപ്രായപ്പെടുന്ന Epi–ousion എന്നതു് Epi–ousia emera (അടുത്ത ദിവസം) എന്നതിൽനിന്നു് രൂപം പ്രാപിച്ചു എന്നു്; മററു ചിലർ ousa emera (നിലവിലിരിക്കുന്ന ദിവസം) എന്നതിൽ നിന്നാണെന്നും. ഇനിയും വേറെ ചിലർ ousia (ഉപജീവിക, അതായതു് ജീവിക്കുന്നതിനു് ആവശ്യമുള്ളതും മതിയാകുന്നതും, നമ്മുടെ ആവശ്യത്തിനുള്ളതുമായ അപ്പം =ലഹമ്മാ ദ് സുനക്കാനൻ) എന്നതിൽനിന്നാണെന്നും (24) പറയുന്നുണ്ടു്.

'ഇന്നു്' എന്നതു്, മൊപ്സ്വേസ്റ്റിയായിലെ തിയദോർ വ്യാഖ്യാനിക്കുന്നു: ''ക്രിസ്തു ഇന്നിനു്, ഇപ്പോൾ എന്നു് അർത്ഥമാക്കുന്നു; നാം ഈ ദിവസത്തിലാകുന്നു, നാം നാളത്തേതിലല്ല എന്നതുപോലെ മാത്രം. നാളത്തെ ദിവസം നാം കണ്ടേക്കാമെങ്കിലും ഇപ്പോൾ നാം ഇന്നിലാണു്. എബ്രായക്കാർക്കെഴുതിയ ലേഖനത്തിൽ ഈദൃശമായ ഉപയോഗമുണ്ടു്: 'ആകയാൽ പരിശുദ്ധാത്മാവു് അരുൾ ചെയ്തിരിക്കുന്നു: ഇന്നു് നിങ്ങൾ അവൻെറ സ്വരം കേൾക്കുമെങ്കിൽ.... നിങ്ങളുടെ ഹൃദയങ്ങൾ കഠിനമാക്കരുതു്.' (എബ്ര 3: 7–8). ഇതിൽ 'ഇന്നു്' എന്നതിനു് 'നാം ലോകത്തിലായിരിക്കുന്നിടത്തോളംകാലം' എന്നതാണല്ലോ അർത്ഥം'' (25).

---

24. GAROFALO S., Preghiera di Gesu, p. 51.
25. MINGANA, Commentary of Thodore of Mop–suestia, p. 6.

'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നതിലുള്ള 'അപ്പ'ത്തിനുള്ള അർത്ഥനസൂചിപ്പിക്കുന്നതു്, അതു് ദിവ്യബലിയുടെ ആരംഭത്തിൽചൊല്ലുക സമയോചിതമാണെന്നത്രെ– അതായതു്, സ്നാനാർത്ഥികളുടെ (catechumens) കുർബാനയ്ക്കുമുമ്പു് 'അപ്പം' എന്നതിനു് ദൈവവചനം എന്നുകൂടെ അർത്ഥം നൽകാറുണ്ടല്ലോ (25a).

വി. തോമസു് അകവിനാസിൻെറ വ്യാഖ്യാനമനുസരിച്ചു്, ഈ വാക്യം സാധാരണ അപ്പത്തിനുപുറമെ, മററു രണ്ടു തരത്തിലുള്ള അപ്പത്തേക്കൂടി ഉൾക്കൊള്ളുന്നുണ്ടു്. ''ഒന്നാമത്തേതു്, കൂദാശമൂഖേന സഭയിൽ തയാറാക്കി നൽകപ്പെടുന്നതാണു്. (യോഹ. 6: 51. 'ജീവനുള്ള അപ്പം ഞാനാകുന്നു'). രണ്ടാമത്തേതു്, ദൈവവചനമാണു്. (മത്താ 4: 4 ''മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിൻെറ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടാകുന്നു ജീവിക്കുന്നതു്'') (26). 'ഞങ്ങളുടെ അന്നന്നപ്പം' എന്നതിനു് അതേ വ്യാഖ്യാനംതന്നെ വി. ആഗസ്തീനോസും നൽകുന്നു. (27).

## ഞങ്ങളുടെ തെററുകളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ

'ഹൗബാ' എന്ന സുറിയാനിവാക്കിനു് 'തെററു്' എന്നു് വിവർത്തനം നൽകിയിരിക്കുന്നു. അതിനു് 'കടം' എന്നും അർത്ഥമാകാമെന്നു് ആർച്ചു്ഡെയിൽ കിംഗ് പ

25a. വെള്ളിയാൻ ജേക്കബ് 'ദൈവജനം അൾത്താരയ്ക്കു ചുററും.' വശം– 45; CSL 51.

26. Summa Theol. II-II, p. 83, art. 9.

27. P L 38, c. 127.

റയുന്നു (28). ഈ അർത്ഥനയിലെ 'പാപങ്ങളും' (ഹത്താഹേ) സുറിയാനിക്കാർ പ്രത്യേകം ചെയ്ത ആരാധനാക്രമ സംവിധാനമാണെന്നു തോന്നുന്നു. ഈ കൂട്ടിച്ചേർക്കൽ പ്ശീത്തായിൽ, വി. മത്തായി 6: 12–ൽ കാണുന്നില്ലെന്നതു ശ്രദ്ധേയമാണ്.

## ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിക്കണമെ

'തിന്മയിൽ (ദുഷ്ടനിൽ, ബീശാ) നിന്നും ഞങ്ങളെ രക്ഷിക്കണമെ' എന്ന ഈ വാക്യത്തെപ്പററി ചെയ്സ് പറയുന്നു: ''മററിടങ്ങളിലെന്നപോലെ ഇതിലും, യഹൂദന്മാരുടെ ചിന്തയിൽ, ഈജിപ്തിൽ കഴിച്ച പ്രവാസകാലത്തിൻെറ സ്വാധീനമുണ്ടായിരുന്നു. ഒരുവശത്തു് ബാബിലോണിയൻ മന്ത്രവാദം അതിൻെറ കറുത്തപാടുകരം യഹൂദന്മാരുടെ വിശ്വാസത്തിൽ പതിച്ചിരുന്നു. മറുവശത്തു്, നന്മയുടെയും തിന്മയുടെയും പരസ്പര വിരുദ്ധ സാമ്രാജ്യങ്ങളെപ്പററിയുള്ള പേഷ്യൻ ധാരണ നിശ്ചയമായും അവരിൽ സ്വാധീനംചെലുത്തി (29). വി. ഗ്രന്ഥം 'സാത്താൻ' എന്ന ആശയത്തിൽ ഈ പദം ഉപയോഗിച്ചുകാണുന്നുണ്ട് (വിജ്ഞാനം 11: 23).

പുതിയനിയമത്തിൽ ദൈവത്തിൻെറ സ്വഭാവത്തേയും പ്രവൃത്തിയേയും നിസ്സാരമാക്കുന്നവനായിട്ടാണു് പിശാചു് ചിത്രീകരിക്കപ്പെടുന്നതു്. തന്മൂലം, ദൈവത്തോടു്, അവിടത്തെ നാമത്തെ വിശുദ്ധീകരിക്കുവാനും മനുഷ്യരക്ഷയ്ക്കുള്ള പദ്ധതികരം നിർവ്വഹിക്കുവാനും അർ

28. KING A., The Rites of Eastern Christendom, Rome, Vol. II, 1948, p. 483.
29. CHASE, op. cit. p. 86.

ത്ഥിക്കുന്ന കർത്തൃപ്രാർത്ഥനയുടെ ഒടുവിൽ 'ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ' എന്നു ചേർക്കുക സ്വാഭാവികം മാത്രമാണു് (30).

## എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിന്റേതാകുന്നു. ആമ്മേൻ.

ആദിമകാലംമുതൽ, ആരാധനക്രമത്തിലെ ഉപയോഗംമൂലം, കർത്തൃപ്രാർത്ഥനയോടുചേർന്നു് നില്ക്കുന്നതാണു് ഈ ഭാഗം. യഹൂദന്മാരുടെ ആരാധനക്രമത്തിൽനിന്നു് സ്വീകരിച്ചതാണിതു്. രണ്ടുതരത്തിലുള്ള കീർത്തനങ്ങൾ യഹൂദന്മാരുടെയിടയിലുണ്ടായിരുന്നു: അവരുടെ പ്രാർത്ഥനയിൽ വളരെ സാധാരണമായിരുന്ന ആദ്യത്തേതു്, ''വാഴ്ത്തപ്പെട്ടവൻ'' (Blessed–Benedictus) എന്നാരംഭിക്കുന്നു(31). ഇതു് പുതിയനിയമത്തിൽ(ലൂക്കാ 1:68; 2 കൊറി. 1:3; 11:31; റോമ. 1:25....) പ്രതിഫലിക്കുന്നുണ്ടു്. രണ്ടാമത്തേതു് കർത്തൃപ്രാർത്ഥനയോടനുബന്ധിച്ചുള്ളതാണു്. ആവർത്തനം ഒന്നാംപുസ്തകത്തിൽ (16:27–8) തത്തുല്യമായ ഒരു വാക്യമുണ്ടു്: ''സ്തോത്രവും മഹത്വവും അവിടത്തെ സന്നിധിയിൽ; ശക്തിയും ആനന്ദവും അവന്റെ ബലിപീഠത്തിന്റെ സഹചാരികളാകുന്നു. മഹത്വവും സാമ്രാജ്യവും അവിടുത്തേയ്ക്കു് നൽകുവിൻ.''

ഏതായാലും മുകളിൽകാണിച്ച വാക്യങ്ങൾക്കുപുറമേ, നമ്മുടെ കീർത്തനത്തോടു് കൂടുതൽ അടുത്തുവരുന്ന

---

30. ബീശ (ദുഷ്ടൻ) എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയറിയാൻ: cf. CHASE, op. cit. pp. 103–123
31. SINGER, p. 3, 149.

വേറൊന്നുകൂടിയുണ്ട്. യഹൂദന്മാരുടെ പ്രഭാതപ്രദോഷപ്രാർത്ഥനകളിൽകാണുന്ന ആ രൂപമാണ് ക്രിസ്ത്യാനികരം സ്വീകരിച്ചതു്. ഈ അഭ്യൂഹമാണ് കൂടുതൽ സ്വീകാര്യമായി തോന്നുന്നതു്. താഴെകൊടുത്തിരിക്കുന്നതിൽനിന്നു് ഈ രണ്ടു വാകൃങ്ങളും താരതമ്യപ്പെടുത്തുവാൻ പ്രയാസമില്ല.

| യഹൂദന്മാരുടെ ആരാധനാക്രമം | കർത്തൃപ്രാർത്ഥന |
| --- | --- |
| ഓ, കർത്താവേ, മഹിമാവും ശക്തിയും, മഹത്വവും, വിജയവും, രാജപ്രതാപവും നിന്റേതാകുന്നു (32). | രാജ്യവും ശക്തിയും മഹത്വവും എന്നുമെന്നേക്കും. ആമ്മേൻ |

''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നതിന്റേതുപോലെ, യഹൂദരുടെ ഈ കീർത്തനവും ഒരു കീർത്തനത്തിന്റെ സമാപനമായിട്ടാണു് വരുന്നതെന്നതു് ശ്രദ്ധാർഹമാണു്.

'എന്തുകൊണ്ടെന്നാൽ' (മെത്തോൽദ്—) എന്ന പ്രാരംഭവാക്കു്, 'ഡിഡാക്കേ'യോളം പഴക്കമുള്ളതാണു് (33). 'രാജ്യം'—'മൽക്കൂസ'— എന്ന പദം മുകളിൽകണ്ട യഹൂദകീർത്തനത്തിലോ 'ഡിഡാക്കെ'യിലോ കാണുന്നില്ല. റോമിലെ ക്ലെമെന്റു് തന്റെ ഒരു ലേഖനത്തിന്റെ സമാപനത്തിൽനൽകുന്ന കീർത്തനത്തിലാണു് ഈ പദം നാം കാണുന്നതു്. 'രാജ്യ'മെന്നപദമുരംക്കൊള്ളുന്ന മററു

---

32. Ibid. p. 84.
33. മൂന്നാംനൂററാണ്ടിന്റെ അന്ത്യത്തിലെഴുതിയ (?) Didache യിൽ ഈ ഭാഗം ഇപ്രകാരമാണു്. എന്തുകൊണ്ടെന്നാൽ ശക്തിയും മഹത്വവും എന്നേയ്ക്കും നിന്റേതാകുന്നു (8: 2). Cf. Apostolic Constitution 7: 24)

കീർത്തനങ്ങൾ യഹൂദരുടെയിടയിൽ നിലവിലുണ്ടായിരുന്നുവെന്ന് 'ദിനവൃത്താന്തം' (28:11)സൂചിപ്പിക്കുന്നു(34)

''കടന്നുപോകയോ മാറിപ്പോകയോചെയ്യാത്ത 'രാജ്യ'മാണ്....അങ്ങയുടേതു്. അതുകൊണ്ടു് ഭയപ്പെടേണ്ടതില്ല. യാതൊന്നും ഞങ്ങൾക്കെതിരായി നില്ക്കുകയുമില്ല. സർവ്വസൃഷ്ടശക്തിയേയും സൃഷ്ടിച്ച 'ശക്തി' നിന്റേതാകുന്നു. ഭൂവാസികളും സ്വർഗ്ഗവാസികളും നിനക്കു് എന്നും എന്നേക്കും മഹത്വം നൽകുന്നു'' (34a).

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നതിനെപ്പററിയുള്ള നമ്മുടെ പഠനം അവസാനിപ്പിക്കുംമുമ്പ് ഒരുവാക്കുകൂടി. ആരാധനാക്രമത്തിൽ അതുചൊല്ലുന്നതു് ആദിമസഭയുടെ നടപടിക്കനുയോജ്യംതന്നെ. സഭയുടെ ആരാധനാക്രമത്തിനു് രൂപംകൊടുക്കുന്നതിനു് നമ്മുടെ കർത്താവു് നല്കിയ കല്പനകൾക്കനുസൃതമായി സഭ പ്രവർത്തിച്ചു (35). മാത്രമല്ല, സംപൂർണ്ണമായ ഒരു പ്രാർത്ഥനയാകയാൽ, ക്രിസ്ത്യാനികളൊരുമിച്ചുകൂടുമ്പോഴൊക്കെ അതു ചൊല്ലുക സ്വാഭാവികമാണ്. Expositio officiorum- എന്നതിൽ കാണുന്നതുപോലെ, അതു് ഉൽകൃഷ്ടമാണ്. അർത്ഥസമ്പുഷ്ടമാണ്. ഈ ലോകത്തിനോ വരുവാനുള്ള ലോകത്തിനോവേണ്ടി മനുഷ്യൻ ദൈവത്തോടാവശ്യപ്പെടേണ്ട എല്ലാകാര്യങ്ങളുമുൾക്കൊള്ളുന്ന ഈ പ്രാർത്ഥന, വി. ഗ്രന്ഥം പഠിക്കുവാനും പ്രാർത്ഥിക്കുവാനും കഴിയാത്തവ

34. CHASE, op. cit. p. 173; Ps. CXLIV, 11.
34a. LABOURT H. p. 93
35. കർത്താവു് സഭയ്ക്കു ഇത്തരത്തിൽ നൽകിയ മൂന്നു കല്പനകളുണ്ടെന്നു് ചെയിസു് (op. cit. p. 14) പറയുന്നു: ജ്ഞാനസ്നാനം നൽകാൻ (മത്താ. 28:19), ബലിയർപ്പിക്കാൻ (ലൂക്ക 22: 19) കർത്തൃപ്രാർത്ഥന ചൊല്ലാൻ (മത്താ. 6: 9).

ക്കും ചൊല്ലുകയുംചെയ്യാം.''(36). കർത്തൃപ്രാർത്ഥനയുടെ അവസാനത്തെ ''ആമ്മേൻ'' ആരാധനക്രമാവസരത്തിലേക്കു കൂട്ടിച്ചേർത്തതാണു്.

## പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ. (37)

''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്നതു് 'എന്തുകൊണ്ടെന്നാൽ രാജ്യവും.... നിൻേറതാകുന്നു' എന്ന കീർത്തനത്തിൻെറ തുടർച്ചയായി കരുതാവുന്നതാണു്.

## ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

(സങ്കീ. 41: 13).

യഹൂദരുടെ ഓരോ പ്രാത്ഥനയുടേയും അവസാനം പരിശുദ്ധസ്ഥലത്തുനിന്നു് 'എന്നേയ്ക്കും' (അദ്ഹാ ഒല്ലം) എന്നു് ചൊല്ലിയിരുന്നു. എന്നാൽ 'എന്നേയ്ക്കും' ഈ ലോകത്തെമാത്രമേ സൂചിപ്പിക്കുന്നുള്ളു എന്നു് അപ്പസ്തോലന്മാർ പറഞ്ഞപ്പോഠം ഈ വാക്യത്തെ ആദിമുതൽ എന്നേയ്ക്കും (Min ha ollam) എന്നാക്കി മാററുവാൻ തീരുമാനിച്ചു (38). സുറിയാനി തജ്ജമയ്ക്കു് അതേ അത്ഥംതന്നെയാണുള്ളതു്. 'മിൻ ആലം വാദമ്മ ല് ആലം അല്മീൻ

---

36. Expositio officiorum p. 158 (125)
37. ആദിമുതൽ എന്നും എന്നേയ്ക്കും ആമ്മേൻ. ആമ്മേൻ: KING A., op. cit. vol II p. 183.
38. Cf. Mishna Barakot, ed. Holzmann, p. 95.

ആമ്മേൻ' ആദിയിലെപ്പോലെ ഇപ്പോഴും എന്നും എന്നേക്കും ആമ്മേൻ (39).

ഈ ചെറിയ കീർത്തനം സങ്കീർത്തനത്തിൻെറ സമാപന വാക്യമായി, ആദ്യം അന്തോക്യായിലും, കാലക്രമേണ ക്രൈസ്തവലോകത്തിൻെറ മററു ഭാഗങ്ങളിലും ഉപയോഗിച്ചിരുന്നു. അന്ത്യോക്യായിലെ ആര്യൻ പാഷണ്ഡതയോടുള്ള എതിർപ്പ് അതിൻെറ അവതരണത്തെ സഹായിച്ചു. ആര്യ സിദ്ധാന്തക്കാർ പുത്രന് പിതാവിൻെറ നേർക്കുള്ള വിധേയത്വവും അധീനതയും അധികമായി എടുത്തുകാണിച്ചിരുന്നു. അനുപേക്ഷണീയവും എന്നാൽ അവ്യക്തവുമായ "പരിശുദ്ധാത്മാവിയിൽ പുത്രൻവഴി പിതാവിന് സ്തുതി'' (Gloria Patri Per Filium in Spiritu Sancto) എന്ന വാക്യാംശം തങ്ങളുടെ പോർവിളിയും മുദ്രാവാക്യവുമായി അവർ ഉപയോഗിച്ചു. അതിനെതിരായി ചില കത്തോലിക്കാ നേതാക്കന്മാർ, സുറിയാനിക്കാരുടെ ഇടയിൽ പരമ്പരാഗതമായി നിലനിന്നിരുന്ന "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി'' എന്ന വാക്യം ഉയർത്തിക്കാട്ടി (40).

പൗരസ്ത്യസിറിയൻ റീത്തിൽ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നതിനും ത്രിത്വസ്തുതിക്കും ശേഷം ഒരി

39. വാളുംപയററുകാർക്ക് വിജയം ആശംസിക്കുമ്പോൾ ഈദൃശ വാക്യങ്ങൾ പറഞ്ഞിരുന്നത്രേ: TERTULIAN, De Spectaculo 25.5: "Ex ore quo Amen in Sanctum protuleris, gladiatori testimonium reddere, eis 'aionas ap 'aionos', alii omnino dicere nisi Deo et Christo?" CSCL I, 1, p. 249.
40. JUNGMANN J., Missarum Solemnia, ed. Benzinger Brothers, vol. I, p. 328.

ക്കൽക്കൂടെ' സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു് ആവർത്തിക്കുന്നു. മേൽ പ്രസ്താവിച്ചതുപോലെ സങ്കീർത്തനങ്ങളുടെ ആരംഭത്തിലും അവസാനത്തിലും ഒരു പല്ലവി കൂട്ടിച്ചേർക്കാറുള്ളതിനോടു ഇതു് സാദൃശ്യപ്പെടുത്താവുന്നതാണു്. ദൈർഘ്യം കുറയ്ക്കാനായിരിക്കണം പൗരസ്ത്യസുറിയാനി റീത്തിന്റെ പ്രത്യേകതയായ ഈ പല്ലവിയും ആവർത്തനവും പരിഷ്ക്കരിച്ച കുർബാനയിൽ നിന്നു് നീക്കം ചെയ്തിരിക്കുന്നതു്.

# 4

## സങ്കീർത്തനമാല
(മർമ്മീസാ)

ഒരു ഗണം സങ്കീർത്തനമാണ് മർമ്മീസാ. അതി
നുമുമ്പു കാർമ്മികൻെറ ഒരു പ്രാർത്ഥനയുണ്ട്. "പ്രാർത്ഥി
ക്കാം, നമുക്കു സമാധാനം" എന്ന ശുശ്രൂഷിയുടെ അറിയി
പ്പിനു ശേഷമാണ് ഈ പ്രാർത്ഥന.

### I പ്രാർത്ഥിക്കാം, നമുക്ക് സമാധാനം
(നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ)

തുടർന്നു വരുന്ന പ്രാർത്ഥനയുടെ മുന്നറിയിപ്പാണി
തു്. ഇത്തരത്തിലുള്ള ചെറിയ മുന്നറിയിപ്പുകൾ, ക്രമ
ത്തെ വിശദീകരിക്കുന്നു; അതതവസരങ്ങളിൽ എങ്ങനെ
പെരുമാറണമെന്ന് വിശ്വാസികളെ ഉൽബോധിപ്പിക്കു
കയും ചെയ്യുന്നു. കുർബാനയിൽ കർമ്മോദ്യുക്തമായ ഭാഗ
ഭാഗിത്വത്തിനുള്ള മാർഗ്ഗവുമാണിവ. ജനങ്ങൾക്കു പരിചി
തമായ കാര്യങ്ങളാണ് അവരെ അനുസ്മരിപ്പിക്കുന്നതു്.
അതുകൊണ്ട് ഈ വാക്യം ഹ്രസ്വമെങ്കിലും ഉദ്ദേശ്യത്തി
ന് പര്യാപ്തമത്രെ. പൗരസ്ത്യ സുറിയാനി റീത്തിൽ "പ്രാ
ർത്ഥിക്കാം, നമുക്കു സമാധാനം" എന്നതു് പുരോഹിത
ൻെറ പ്രാർത്ഥനയ്ക്കു മുമ്പായി ശുശ്രൂഷി നൽകുന്ന പൊതു
വിജ്ഞാപനമാണ്. "ശാന്തമായി ശ്രദ്ധയോടെ നിൽ
ക്കുക. ഇതാ മെത്രാൻ അല്ലെങ്കിൽ വൈദികൻ പ്രാർത്ഥി

ക്കുവാൻ തുടങ്ങുന്നു'' എന്നേ ഇതിന്നർത്ഥമുള്ളു. ബൗംസ്റ്റാക്ക് (Baumstark) പറയുന്നുണ്ട്: ''ഇതു് ആദ്യകാലത്തു് മെത്രാനോ, അദ്ദേഹത്തിൻെറ സ്ഥാനത്തുള്ള വൈദികനോ ഉണ്ടായിരുന്ന ചുമതലയായിരുന്നു''വെന്നു് (2). പക്ഷേ അതിനു തക്കന്യായമൊന്നും കാണുന്നില്ല.

## II സങ്കീർത്തനങ്ങൾ

ക്രിസ്തുവിൻെറ മഹത്വത്തിനായി സ്തുതിഗീതങ്ങളും കീർത്തനങ്ങളും രചിക്കുന്നതിനു് സ്വർഗ്ഗീയാനുഭൂതിയാൽ ഉൽബുദ്ധരായ വി. അപ്രേമിനെപ്പോലുള്ള ഗായകർ സഭയിൽ ഒരു കാലത്തും വിരളമായിരുന്നില്ല. എന്നാൽ ബൗംസ്റ്റാക്ക് പറയുന്നതുപോലെ, ''സഭ സങ്കീർത്തനത്തെ'' (Psalter) പഴയനിയമത്തിൻെറ ഒരു ഭാഗമായിമാത്രം പരിഗണിക്കാതെ, ''തൻെറ ഏററവും പുരാതനവും ആദരണീയവുമായ കീർത്തനപ്പുസ്തകമാക്കിത്തീർത്തു'' (3). ഇതിനു പല കാരണങ്ങളുണ്ട്. ''മിക്കപ്പോഴും അബദ്ധസിദ്ധാന്തക്കാരുടെ കല്പിതകഥകൾ പ്രചരിപ്പിക്കുന്നതിനു ഉപയോഗിച്ചിരുന്ന പുതിയ സ്തുതിഗീതങ്ങളിൽ സഭയ്ക്കു് തോന്നിയ അവിശ്വാസം; വ്യക്തിഗതമായ ഗാനങ്ങളെയും (lyricism) രഹസ്യവും അത്ര വിശ്വാസയോഗ്യങ്ങളുമല്ലാത്ത ഭക്താഭ്യാസങ്ങളെയും ശ്രദ്ധാപൂർവ്വം വീക്ഷിച്ച സഭയുടെ വിവേകം; സർവ്വോപരി മനുഷ്യൻെറ വാക്കു് എത്രതന്നെ ഹൃദ്യവും പരിശുദ്ധവുമായിരുന്നാലും, അതു ദൈവനിവേശിതമായ വചനത്തോടു് തുലനം ചെയ്യുവാൻ അനർഹമാണെന്ന വ

2. BAUMSTARK A., Comparativə Liturgy, p. 75.
3. Ididem p. 107.

സ്തുത'' (4). മാത്രമല്ല, പഴയനിയമത്തിലെ മതാനുഭൂതി അതിൽ പ്രകടമാണ്. രക്ഷയുടെ ദിവസം ഒരുക്കിക്കൊണ്ട് ഇസ്രായേലിൻെറ ചരിത്ര പശ്ചാത്തലത്തിൽ നൽകപ്പെട്ട ദൈവവചനത്തിൻെറ സംഗ്രഹവും അതിലടങ്ങിയിരിക്കുന്നു.

സങ്കീർത്തകൻ പരിശുദ്ധാരൂപിയാൽ പ്രചോദിതനായി യാചനയും കൃതജ്ഞതയും സ്തുതിയും അർപ്പിക്കുന്നു. ഭൂതകാല സംഭവങ്ങളെ അവലംബിച്ചും വർത്തമാന കാലത്തെ വ്യക്തമാക്കിയും സങ്കീർത്തനങ്ങൾ ഒരു ഭാവിയെ–മിശിഹായുടെ ആഗമനത്തിൽ പൂർത്തിയാകുന്ന ലക്ഷ്യത്തെ – ഉന്നം വയ്ക്കുന്നു. (5) ക്രിസ്തുവും സങ്കീർത്തനങ്ങളും തമ്മിലുള്ള അഭേദ്യബന്ധം അനിഷേധ്യമാണ്. സങ്കീർത്തനങ്ങളുടെ പരമമായ ലക്ഷ്യം താനാണെന്ന വസ്തുത ക്രിസ്തു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ''മൂശയുടെ നിയമത്തിലും പ്രവചനങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചെഴുതപ്പെട്ടവയെല്ലാം നിറവേറേണ്ടിയിരിക്കുന്നു''. (ലൂ. 24: 44). തന്നെക്കുറിച്ചുതന്നെ ക്രിസ്തു സങ്കീർത്തനങ്ങളെടുത്തു പ്രയോഗിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ രക്ഷയെ ലക്ഷ്യമാക്കി ദൈവം ചെയ്ത അത്ഭുതകൃത്യങ്ങളെപ്പററി സങ്കീർത്തനങ്ങളിൽ പറഞ്ഞിരിക്കുന്നതെല്ലാം 'രക്ഷകനായ' ക്രിസ്തുവിനെപ്പററിയും പറയാൻകഴിയും. ബൊഹേമിയായിലെ മെത്രാൻ നിക്കോളാസ്, സങ്കീർത്തനങ്ങൾ ക്രിസ്തുവിനെ എങ്ങനെ ചിത്രീകരിക്കുന്നുവെന്ന് വിശദീകരിക്കുന്നു: ''സങ്കീർത്തനങ്ങൾ ക്രിസ്തുവിനെപ്പററിയുള്ള ഏററം സുന്ദരമായ

4. The Liturgy and the Word of God, Minnesotta, 1959, p. 91.
5. Idid. p. 92. Cf. VAGAGGINI C., Il senso Teologico della Liturgia, Rome, 1957, pp. 37–85,

യാഥാർത്ഥ്യങ്ങരം—നിഗൂഢയാഥാർത്ഥ്യങ്ങരം— കീർത്തിക്കു ന്നു. അവയിൽ, അവിടത്തെ ജനനം വെളിപ്പെടുത്തിയി ട്ടുണ്ട്; വിശ്വാസമില്ലാതിരുന്ന സ്വന്തം ജനം അവിടത്തെ തിരസ്ക്കരിച്ചതും വിജാതിയർക്ക് 'അവകാശം' നൽ കിയതും അതിൽ പറയുന്നുണ്ട്. ദൈവത്തിൻെറ ശക്തി പുകഴ്ത്തപ്പെടുന്നു. മിശിഹായുടെ പീഡാസഹനം വിവ രിച്ചിരിക്കുന്നു. മഹത്വപൂർണ്ണമായ ഉയിർപ്പ് ആവിഷ്ക രിച്ചിരിക്കുന്നു. പിതാവിൻെറ വലതുഭാഗത്തെഴുന്നെള്ളി അവിടെയിരുന്നതും അവയിലില്ലാതില്ല. മാത്രമല്ല, കർത്താവിൻെറ രണ്ടാമത്തെ വരവും വ്യക്തമാക്കിയിരി ക്കുന്നു. ജീവിക്കുന്നവരുടെയും മരിച്ചവരുടെയും ഭയാനകമാ യ വിധി സങ്കീർത്തനങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ട്.'' (6)

സങ്കീർത്തനങ്ങരം ക്രിസ്തുവിനെപ്പററി പ്രസ്താവിക്കു ന്നു എന്നതു വാസ്തവം. എന്നാൽ, അതു് അവിടുത്തെ പ്രാർത്ഥനപ്പുസ്തകമായിരുന്നു എന്നതു് കൂടുതൽ പ്രാധാന്യ മർഹിക്കുന്നു (7). അവിടുന്നു അതുദ്ധരിക്കുകയും ശിഷ്യ ന്മാർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. (മത്താ. 5: 4; 7: 23; 21: 16; 22: 45; 26: 30; 27: 46; ലൂക്ക: 24: 44; യോ. 10: 14;). സമൂഹാരാധനയിൽ സങ്കീർത്തനങ്ങളുപയോഗിക്കുവാൻ വി: പൗലോസും വി: യാക്കോബും വിശ്വാസികളെ ഉപദേശിച്ചിരുന്നു (അപ്പെ. 5: 19; കൊളെ 3: 11; യാക്കോ 5: 13) (8). സങ്കീർത്ത നങ്ങരം ഏററം വിശിഷ്ടമായ പ്രാർത്ഥനയായി ആരാധ

6. PL 68: 371.
7. A Catholic Commentary on Holy Scripture, New York, 1952, col, 334, 339, 343, 344, 345.
8. Ibidem 335.

നക്രമത്തിലുറപ്പെടുത്തിയതിൻെറ കാരണമിതാണ് (9). നമ്മുടെ പ്രാത്ഥർനയ്ക്കു സങ്കീർത്തനങ്ങൾ സ്വീകരിക്കുന്ന തിൽ അടങ്ങിയിരിക്കുന്ന ആശയം നോക്കുക: അവയിൽ പിതാവിനോട് പ്രാത്ഥിക്കുന്നതു് ഈശോയാകുന്നു; തൻെറ

9. Expositio officiorum, pp, 117–118 (93–94). ആരാധനാക്രമത്തിലെന്നതുപോലെ ആദിമക്രിസ്ത്യാനികളുടെ ദിനചര്യയിലും സങ്കീർത്തനം സ്വാധീനം ചെലുത്തിയിരുന്നു. വി. ജറോം (420) തൻെറ കാലത്തെ ബേദലഹേമിനെപററി പറയുകയാണ്: ''ക്രിസ്തുവിൻെറ ആ ജന്മനഗരത്തിൽ ജീവിതരീതി വളരെ ലളിതമാണ്. സങ്കീർത്തനാലാപം നീക്കിയാൽ അവിടെങ്ങും നിശബ്ദമാണെന്നു പറയാം. ചെല്ലുന്നിടത്തൊക്കെ സങ്കീർത്തനം കേൾക്കാം. കലപ്പയുമായി നടക്കുന്ന കൃഷിക്കാരനും കൊയ്ത്തിനിറങ്ങുന്ന സ്ത്രീയും സങ്കീർത്തനാലാപത്തിലൂടെ ഉന്മേഷം നുകർന്നെടുക്കുന്നു. മുന്തിരിവള്ളികൾ കണ്ടിച്ചുകളയുന്ന തൊഴിലാളിയും സങ്കീർത്തനഭാഗം ആലപിക്കുന്നതു കേൾക്കാം.,,(P L. 22: 491)

നാലാംനൂററാണ്ടിൽ വി. അബ്രോസ്സ് (+397) സങ്കീർത്തനാലാപത്തിൻെറ സാർവ്വത്രികതയെപ്പററി പ്രതിപാദിക്കുന്നുണ്ട്, ''ചക്രവർത്തിമാർ സങ്കീർത്തനം ആലപിക്കുന്നു. ജനങ്ങളതു് ഏററുപാടുന്നു. എല്ലാവർക്കും ഉപകാരപ്രദമാണ്സങ്കീർത്തനം. കാരണം, അതതുസ്സു ആശയസുവ്യക്തമാണ്. അതാലപിക്കുവാൻ എവരും ഇഷ്ടപ്പെടുന്നു. വീടുകളിൽ അതു പാടുന്നുണ്ട്; പുറത്തതു് പഠനവിഷയമാണ്. ക്ഷീണം തോന്നാതെ ആളുകൾ സങ്കീർത്തനം ശ്രദ്ധിക്കുന്നു; ആനന്ദത്തോടെ അതു് ഓർമ്മയിൽ നിറുത്തുകയും ചെയ്യുന്നു. വ്യതിരിക്തരായവരെ നേർവഴിക്കു കൊണ്ടുവരികയും കലഹിച്ചു നിൽക്കുന്നവരെ അനുരഞ്ജകപ്പെടുത്തുകയും ചെയ്യുന്നതാണ് സങ്കീർത്തനം (P L. 14, 968). ഏകോപിച്ച് വള്ളം തുഴയുന്നതിനു് സങ്കീർത്തനങ്ങളും ഹല്ലേലൂയ്യകളും വഞ്ചിപ്പാട്ടായി ഉപയോഗിച്ചിരുന്നെന്നു് വി. ആഗസ്തീനോസ് പറയുന്നുണ്ട്. (Histoire du chant gregorean, P. 43).

കർത്താവും നാഥനുമായുള്ളവനോട്ട് പ്രാർത്ഥിക്കുന്നത് സഭയാണ് (10).

സഭ സങ്കീർത്തനങ്ങളെ ഇഷ്ടപ്പെടുന്നതിന്റെ കാരണം, അവ ദൈവദത്തമാണെന്നത് മാത്രമല്ല, അവയിൽ ദൈവം തന്നെത്തന്നെ ഒരു കൂദാശയിലെന്നവണ്ണം അവയ്ക്ക് നൽകുന്നുവെന്നതുമാണ്. ''സഭ സങ്കീർത്തനങ്ങളോട്ട് പ്രതിപത്തി കാണിക്കുന്നു. കാരണം, അവയിൽ അവ, ദൈവത്തെപ്പററിയുള്ള അനുഭൂതികളെ സ്തുതിക്കുന്നു; അവതരിച്ച വചനത്തോടുള്ള അവളുടെ യോജിപ്പിനെ കീർത്തിക്കുന്നു. ക്രിസ്തു രഹസ്യങ്ങളിൽ അവ നടത്തുന്ന ദൈവാരാധനയെ പുകഴ്ത്തുന്നു. പുരോഹിതന്മാരും സന്യാസികളും കന്യാസ്ത്രീകളും അത്മായരും പ്രാർത്ഥനയ്ക്ക് സങ്കീർത്തനങ്ങൾ ഉപയോഗിക്കണം എന്ന് സഭ ശുപാർശ ചെയ്യുന്നു. കാനോന നമസ്കാരത്തിൽ സുലഭമായി അവയെ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇങ്ങനെ അവർക്ക് ക്രിസ്തുവിന്റെ ചൈതന്യമുണ്ടാകണം; സഭാമാതാവിന്റെ സഹജമായ ആന്തരികജീവിതത്തിൽ അവർ പുഷ്ടിപ്രാപിക്കണം (10a).

## III മർമ്മീസാ

കാർമ്മികന്റെ പ്രാർത്ഥനകൾക്ക് ശേഷം ദിവസത്തിന്റെ മർമ്മീസാ (സങ്കീർത്തനങ്ങൾ) ആരംഭിക്കുവാൻ കർമ്മാനുഷ്ഠാനവിധികൾ നിർദ്ദേശിക്കുന്നു. മർമ്മീസാ എന്ന വാക്കിന് അർത്ഥം പലതുണ്ടാകാം. സുകൃത

10. Liturgy and the word of God, p. 98.
10a. വെള്ളിയാൻ, കാനോനാനമസ്ക്കാരം, 38–44 വശങ്ങൾ MERTON THOMAS. Praying the Psalm, Minnesotta, 1956, pp. 4–5.

ജപം; സങ്കീർത്തനങ്ങൾക്കു മുമ്പുള്ള പ്രാർത്ഥന; ദൂതന്റെ വിളംബരം; മുൻകാലങ്ങളിൽ വിശ്വാസികളെ ശുശ്രൂഷയ്ക്കു വിളിക്കുന്നതിനു മണി അടിക്കുന്നതിനു ഉപയോഗിച്ചിരുന്ന കൊട്ടുവടി; ഒരു പ്രാർത്ഥന കഴിഞ്ഞു, വരുന്ന സങ്കീർത്തനങ്ങളുടെ ഗണം. ഇവിടെ ഈ ഒടുവിലത്തെ അർത്ഥമാണു് സ്വീകരിക്കേണ്ടതു്. സങ്കീർത്തന പുസ്തകം മൂശയുടെയും ഏശയ്യായുടെയും സ്തോത്രങ്ങളോടു കൂടെ അറുപതു് മർമ്മീസാകളായി ഭാഗിച്ചിരിക്കുന്നു (11).

ആരാധനക്രമപഞ്ചാംഗത്തിൽ (12) ഞായറാഴ്ചകൾക്കായി നിർദ്ദേശിച്ചിരിക്കുന്ന സങ്കീർത്തനങ്ങൾ താഴെപ്പറയുന്നവയാണു്:

| | |
|---|---|
| മംഗലവാർത്തക്കാലം മുതൽ വലിയ നോമ്പു വരെയുള്ള ഞായറാഴ്ചകൾ, ഉയിർപ്പുകാലം | സങ്കീ: 96, 97, 98 (മർമ്മീസ 38) |
| വലിയ നോമ്പുകാലത്തേയും ശ്ലീഹാക്കാലത്തേയും ഞായറാഴ്ചകൾ | സങ്കീ: 144, 145 146 (മർമ്മീസ 46) |
| ഉയിർപ്പു കഴിഞ്ഞുള്ള ഞായറാഴ്ചകൾ | സങ്കീ. 46, 47, 48 (മർമ്മീസ 17, 18) |
| സഭയുടെ പ്രതിഷ്ഠക്കാലം | സങ്കീ. 147, 148, 149, 150. (മർമ്മീസ 57) |

വിശുദ്ധന്മാരുടെ തിരുനാളുകൾക്കു് പ്രത്യേകം തിരഞ്ഞെടുത്ത സങ്കീർത്തനങ്ങളുണ്ടു്. സാധാരണദിവസങ്ങൾക്കു് പ്രത്യേകം പ്രത്യേകം മർമ്മീസ ഇല്ല. പൊ

11. MATEOS J,, Lelya–Sapra; p. 491.
12. ആരാധനക്രമപഞ്ചാംഗത്തെപ്പററിയുള്ള അദ്ധ്യായം കാണുക.

ത്തുവേ സാധാരണദിവസങ്ങൾക്ക് തിരഞ്ഞെടുത്ത മൂന്നു സങ്കീർത്തനങ്ങളേയുള്ളു: സങ്കീ. 15, 150, 116 (13).

ഓരോ മർമ്മീസായോടും ചേർന്ന് ഒരു പല്ലവി (Refrain = antiphon) കൂടി ഉണ്ട്. സാധാരണ ദിവസങ്ങൾക്ക് നമുക്കുള്ള പല്ലവിയിതാണ്: ''പരിശുദ്ധമായ ചിന്തകളോടെ ബലിപീഠത്തിനു മുമ്പാകെ നിൽക്കുവാൻ കർത്താവേ, ഞങ്ങളെ സഹായിക്കണമേ.'' ഫാദർ റാസിൻെറ അഭിപ്രായത്തിൽ, സങ്കീർത്തനത്തിനു മുൻപു ഞായറാഴ്ച ചൊല്ലുന്ന ''ഹയ്യേൻ മാറൻ വാലാഹൻ'' (ഞങ്ങളുടെ കർത്താവായ ദൈവമേ........ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിന് ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ) എന്ന പ്രാർത്ഥനയുടെ പ്രധാനാശയമാണ് ഇതിൽ അനുസ്മരിപ്പിക്കുന്നത് (14).

## ഹല്ലേലൂയ്യാ

സങ്കീർത്തനത്തിൻെറ ഓരോ വാക്യത്തിനു ശേഷവും 'ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ' എന്ന് (ഹുല്ലാല) ചൊല്ലിയിരുന്നതായി ഗബ്രിയേൽ ഖത്രായ (600 A. D.)യുടെ പ്രസിദ്ധീകരിക്കാത്ത ഒരു വ്യാഖ്യാനത്തിൽ കാണുന്നുണ്ട്. മലബാറിൽ ഉപയോഗത്തിലിരുന്ന സുറിയാനി കാനോനാ ജപത്തിലെ ഞായറാഴ്ചരാത്രിജപത്തിൽ (മസ്മോറാ ദ്ഖാൽത്താ) ഇപ്രകാരം ഹല്ലേലൂയ്യ ആവർത്തിക്കുന്നുണ്ട്; അതുപോലെതന്നെ റാസയിലും (ശ്രുറായാ) പാശ്ചാത്യസിറിയൻ റീത്തിൽ 'ഖിഖ്‌ലിയോൻ' എന്നതിലും ഇത്തരം ആവർത്തനം കാണാം. വിശ്വാസികൾക്ക് സുഗമമായി സങ്കീർത്തനാലാപത്തിൽ പങ്കെടു

13. Expositio pp. 3-9 (6-11).
14. RAES A., An Explanation, p. 9.

ക്കാൻ ഇതു സഹായിക്കുന്നു. കുർബാനയിലോ, മല യാളം കാനോനാനമസ്ക്കാരത്തിലോ, കൂദാശാക്രമങ്ങളി ലോ ഈ രീതി പരീക്ഷിച്ചു നോക്കുന്നതു് ഉപകാരപ്ര ദമാവും.

## സങ്കീർത്തന സമാപനം

സങ്കീത്തനാലാപത്തിൻെറ അന്ത്യത്തിൽ ‚‚മഹ ത്തായ സഭയിൽ നിന്നെ ഞാൻ ഏററുപറയും'' (ഔദേലാ ക് ബ്യേത്ത റബ്സ) എന്ന വാക്യം മുതൽ റാസയിൽ രീതിമാറി (ശുഹ്ലാപ്പ) ചൊല്ലുന്നുണ്ടല്ലോ. ഇതു് പുരാ തനമായ രീതിയാണ്. മെത്രാൻ പ്രദക്ഷിണമായി മദ് ബഹായിൽ പ്രവേശിച്ചാലുടൻ സങ്കീർത്തനങ്ങൾ ചൊ ല്ലിത്തീന്നാലും ഇല്ലെങ്കിലും ''മഹത്തായ സഭയിൽ നി ന്നെ ഞാൻ ഏററുപറയും'' എന്ന ഭാഗം (അക്കെപ്താ) ചൊല്ലുന്നുവെന്നും, അതു് സങ്കീത്തനാലാപത്തിൻെറ സമാ പനത്തെ സൂചിപ്പിക്കുന്നുവെന്നും അർബേലിൻെറ കൃതി യിൽ കാണുന്നു (15). കൽദായർ കുർബാനയുടെ ആരംഭ ത്തിലെ സങ്കീർത്തന ഭാഗം ഉപേക്ഷിക്കുമ്പോൾ പോ ലും (ഉദാ:—പെസഹാ വ്യാഴം, ഉയിർപ്പു തിരുനാൾ) ''മഹത്തായ സഭയിൽ....'' എന്ന ഭാഗം ചൊല്ലുന്നുണ്ടു്.

## ഇവിടെ എന്തുകൊണ്ടു്?

എല്ലാ റീത്തുകളിലും പുരാതനകാലത്തു കുർബാന ആരംഭിച്ചിരുന്നതു് ആഘോഷമായ പ്രദക്ഷിണത്തോടെ യാണ്. പൗരസ്ത്യസിറിയൻ റീത്തിൽ ആ പ്രദക്ഷിണം ‚‚ഓനീസാദ്കങ്കെ''യുടെ (അഴിക്കാലിങ്കലെ ഗീതം—

15. Expositio pp. 8–9

സ്ലോസായിലെ സ്ലിവാദഹ്‌വാലനം കരിശ്ശുമൂത്തികലും) സമയത്താണു്. എങ്കിൽ അതിനുമുമ്പുവരുന്ന സങ്കീത്തന ഭാഗം ക്ലിപ്താത്ഥത്തിൽ കർബാനയുടേതല്ല. പ്രദക്ഷിണം കാത്തുനിന്ന ജനം വെറുതെനിൽക്കാതിരിക്കാൻ ചൊല്ലിയിരുന്നതാവാം ഈ സങ്കീത്തനം; കോപ്‌റ്റിക്ക് റീത്തിൽ ഇപ്രകാരം ഇന്നും ചെയ്യുന്നുണ്ടു്(16). മാറോനീത്താ കർബാനയിലെ പ്രാരംഭ സങ്കീത്തനം മൂന്നാം യാമത്തിൽ ചൊല്ലുന്ന കാനോനാ ജപത്തിൻെറ ഭാഗമാണെന്നു് ഫാദർ ജമായൽ പറയുന്നു (17). എന്നാൽ പൗരസ്ത്യ സിറിയൻ കർബാനയുടെ ആദ്യഭാഗവും സായാഹ്നജപവും ഘടനയിൽ സാമ്യമുള്ളവയാണു്. സായാഹ്നജപത്തിൻെറ സങ്കീത്തനം അതിനു നേരെ മുമ്പുചൊല്ലിയിരുന്ന ഒമ്പതാം യാമപ്രാത്ഥനയുടെ ഒരു ഭാഗമായിരിക്കുമോ? ഫാദർ സിൽവസ്റ്ററിൻെറ അഭിപ്രായമിതാണു് (18).

## IV സങ്കീർത്തനങ്ങൾക്കു മുമ്പുള്ള പ്രാത്ഥനകൾ

സങ്കീത്തനങ്ങൾക്കു മുമ്പുചൊല്ലാനുള്ള മൂന്നുപ്രാർത്ഥനകൾ തക്സായിലുണ്ടു്. ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും, നമ്മുടെ കർത്താവിൻെറ—വലിയ മാറാനായ തിരുനാളുകൾക്കു്, സാധാരണ ദിവസങ്ങൾക്കു്.

ഒന്നാമത്തേതിൻെറ വിപുലീകരണമാണു് രണ്ടാമത്തേതെന്നു് താരതമ്യപഠനം വ്യക്തമാക്കും:

---

16. RAES A., Introductio in Liturgiam orientalem, Rome, 1947,
17. GEMAYELE, Avant Messe Maronite, Rome, 1967.
18. അന്യത്ര ‚‚ഒരു തിരിഞ്ഞുനോട്ടം,, കാണുക.

ഒന്നാമത്തേത്ത്.

ഞങ്ങളുടെ കർത്താവായ ദൈവമെ മനുഷ്യവർഗ്ഗത്തിന്റെ നവീകരണത്തിനും രക്ഷക്കുംവേണ്ടി അങ്ങേ പ്രിയ പുത്രൻ കാരുണ്യപൂർവ്വം നല്കിയ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിന്ന് ബലഹീനരായ ഞങ്ങളെ ശക്തരാക്കണമെ.

രണ്ടാമത്തേത്ത്.

ഞങ്ങളുടെ കർത്താവായ ദൈവമെ അങ്ങയുടെ തിരുനാമത്തിൽ ഞങ്ങൾ ഉറച്ച വിശ്വസിക്കുകയും ആ വിശ്വാസം ആത്മാർത്ഥതയോടെ ഏററു പറയുകയും ചെയ്യുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ പരിഹാരബലി വിശുദ്ധിയോടെ അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. നിർമ്മലഹൃദയത്തോടും ശുദ്ധ വിചാരങ്ങളോടുംകൂടെ അങ്ങേക്ക് പുരോഹിത ശുശ്രൂഷ ചെയ്യുവാനും അങ്ങ് കാരുണ്യപൂർവ്വം നൽകിയ രക്ഷയെപ്രതി നിരന്തരം അങ്ങയെ സ്തുതിക്കുവാനും നിരന്തരം ഞങ്ങളെ ശക്തരാക്കണമെ.

ഒന്നാമത്തേതിൽ പുത്രൻ കാരുണ്യപൂർവ്വം നൽകിയ ബലി യോഗ്യതാപൂർവ്വം അർപ്പിക്കുവാനുള്ള അനുഗ്രഹം പിതാവിനോട പ്രാർത്ഥിക്കുന്നു. രണ്ടാമത്തേതിൽ അതിന്ന് പരിശുദ്ധ ത്രിത്വത്തോടാണപേക്ഷിക്കുന്നത്. പൗരസ്ത്യ സുറിയാനി റീത്തിന്റെ പ്രാർത്ഥനയിലുള്ള പൊതുവായ രീതി സംരക്ഷിച്ചുകൊണ്ട് പരിശുദ്ധ ത്രിത്വത്തിലെ ഒരാളിനെ വിളിച്ചപേക്ഷിക്കുന്ന പ്രാർത്ഥന, "സകലത്തിന്റെയും നാഥാ എന്നേക്കും ആമ്മേൻ." എന്നവസാനിക്കുന്നു. അതേസമയം മററുള്ളവ പരിശുദ്ധ

ത്രിത്വത്തെ വിളിച്ചപേക്ഷിച്ചുകൊണ്ടു് ''നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ'' എന്നവസാനിപ്പിക്കുന്നു.

രണ്ടു പ്രാർത്ഥനകളുടെയും മുഖ്യവിഷയം ''ബലി വിശുദ്ധതയോടെ അർപ്പിക്കുവാൻ ഞങ്ങളെ ശക്തരാക്കണ''മെന്നതാണു്. അൾത്താരയിലെ ശുശ്രൂഷയെ പരാമർശിക്കുന്നതിനാൽ ഈ പ്രാർത്ഥനകൾ ഈ രൂപത്തിൽ വചനത്തിൻെറ കർബാനയുടെ (കുർബാനയുടെ ആദ്യഭാഗം—Liturgy of the Word) ഒരു ഭാഗമായിരിക്കുക സാദ്ധ്യമല്ല. ദൈവവചനത്തിൻെറ കർബാനയും, വിശ്വാസികളുടെ കുർബാനയും (Liturgy of the faithful) അഭേദ്യമായി ബന്ധിക്കപ്പെട്ടതിനു് ശേഷം ചേർത്തതായിരിക്കണം പ്രാരംഭത്തിലുള്ള ഈ രണ്ടു പ്രാർത്ഥനകളും.

## A ഒന്നാമത്തെ പ്രാർത്ഥന മാമോദീസാക്രമത്തിൽ

ഞായറാഴ്ചത്തെ പ്രാർത്ഥനയ്ക്കു് പുരാതന കൽദായറീത്തിലെ മാമോദീസായുടെ ആരംഭത്തിലുള്ള പ്രാർത്ഥനയുമായി സാധർമ്മ്യമുണ്ടു്.

| കുർബാന | മാമോദീസാ |
|---|---|
| ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിൻെറ പ്രിയ പുത്രൻെറ കരുണയാൽ മനുഷ്യവർഗ്ഗത്തിൻെറ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി നൽകപ്പെട്ടിരിക്കുന്ന ദിവ്യരഹസ്യങ്ങളെ | ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കുവേണ്ടി നിൻെറ കാരുണ്യത്താൽ ഞങ്ങൾക്ക നൽകപ്പെട്ട പാപനാശകമായ മാമോദീസായാകുന്ന വിശുദ്ധ |

ടെ പരികർമ്മത്തിനായി ബലഹീനരായ ഞങ്ങളെ ദയാപൂർവ്വം ശക്തിപ്പെടുത്തണമെ, നിത്യനായ സർവ്വേശ്വരാ.

രഹസ്യത്തിന്റെ പരികർമ്മത്തിന് ബലഹീനരായ ഞങ്ങളെ ശക്തരാക്കണമെ. (19)

## B വലിയ തിരുനാളുകൾക്കുള്ള പ്രാർത്ഥന

രണ്ടാമത്തെ പ്രാർത്ഥന വലിയ തിരുനാളുകൾക്കുള്ളതാണല്ലോ. അത് ഞായറാഴ്ചയ്ക്കുള്ള പ്രാർത്ഥനയുടെ വികസിതരൂപമാണ്. വലിയതിരുനാളുകൾക്കുള്ള ഈ പ്രാർത്ഥന വളരെ കുറച്ചു കയ്യെഴുത്തുപ്രതികളിലേ കണ്ടുമാനുള്ളൂ. അവതന്നെയും 15–ാം നൂററാണ്ടുമുതലുള്ളവയിൽ മാത്രം. ഉദാ: മർട്ടീൻ 19, ഡിയാർബേക്കർ 48.

## C സാധാരണദിവസങ്ങൾക്കുള്ള പ്രാർത്ഥന

"നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിന്റെ മഹനീയമായ നാമത്തിന് സ്വർഗ്ഗത്തിലും ഭൂമിയിലും എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയുമുണ്ടായിരിക്കട്ടെ."

സാധാരണദിവസങ്ങൾക്കു നിർദ്ദേശിച്ചിട്ടുള്ള ഈ പ്രാർത്ഥന ഒരു ദൈവനാമകീർത്തനമാണ്. കർത്തൃപ്രാർത്ഥനകഴിഞ്ഞു് ഉടനെവരുന്ന ഈ പ്രാർത്ഥന "സ്വർഗ്ഗസ്ഥനായ പിതാവേ" എന്നതിന്റെ സമാപനകീർത്തനത്തിന് ("എന്തുകൊണ്ടെന്നാൽ രാജ്യവും...") ഉചിതമായ അനുക്രമംതന്നെ.

---

19. Ritus Orientaliumn. I, 1961, P. 364–5.

## യഹൂദപ്രാർത്ഥനയിൽ

ദൈവനാമം കീർത്തിക്കുന്ന ഈ പ്രാർത്ഥനയ്ക്കു യഹൂദന്മാരുടെ പ്രഭാതത്തിലേയും സായാഹ്നത്തിലേയും ശുശ്രൂഷയിലുള്ള 'ഖദ്ദീശ്' (Qaddish) എന്ന പ്രാർത്ഥനയോടു വളരെ സാമ്യമുണ്ട് (20).

സാധാരണ ദിവസങ്ങളിലേയ്ക്കുള്ള നമ്മുടെ പ്രാർത്ഥനയുടെ പദാനുപദതർജ്ജമ പ്രഭാതശുശ്രൂഷയ്ക്കുള്ള യഹൂദ പ്രാർത്ഥനയോടു താരതമ്മ്യപ്പെടുത്തി നോക്കാം:

| സാധാരണ ദിവസങ്ങളിലേയ്ക്കുള്ള നമ്മുടെ പ്രാർത്ഥന | പ്രഭാതശുശ്രൂഷയ്ക്കുള്ള യഹൂദ പ്രാർത്ഥന |
|---|---|
| നിൻെറ സ്തുത്യർഹമായ ത്രിത്വത്തിൻെറ ആരാധനീയവും മഹനീയവുമായ നാമം സ്വർഗ്ഗത്തിലും ഭൂമിയിലും അനവരതം ആരാധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്യട്ടെ. | പരിശുദ്ധനായ ഏകൻെറ നാമം വാഴ്ത്തപ്പെട്ടതും സ്തുതിക്കപ്പെട്ടതും, മഹത്വീകരിക്കപ്പെട്ടതും, പുകഴ്ത്തപ്പെട്ടതും ഉയർത്തപ്പെട്ടതും ബഹുമാനിക്കപ്പെട്ടതും വർണ്ണിക്കപ്പെട്ടതും ഗുണകീർത്തനം ചെയ്യപ്പെട്ടതും ആയിരിക്കട്ടെ. അവൻ വാഴ്ത്തപ്പെട്ടവനുമാകട്ടെ (21). |

രണ്ടിലും പൊതുവായ സ്തുതിവചനങ്ങൾ താഴെപ്പറയുന്നവയാണ്:

സ്തുതിക്കപ്പെട്ട (നെശ്തബഹ്—ഇസ്തബഹ്)
പുകഴ്ത്തപ്പെട്ട (നെസ്റമ്റം—ഇത്രോമെം)
വാഴ്ത്തപ്പെട്ട (നെസ്ബാറെക്—ഇത്ബാറക്)

---

20. SINGER, op. cit. pp. 15-16, 38, 78, 18, 149; pp. 114, 132, 149, 165.
21. Ibidem pp. 15-16.

## ദൈവനാമം

യഹൂദപ്രാർത്ഥനയിൽ 'ദൈവം' എന്ന പദം സ്പ ഷ്ടമായി പ്രയോഗിക്കാറില്ല. അതിനുപകരം, തിരുനാ മമെന്നോ തിരുസിംഹാസനമെന്നോ ദിവ്യപാദപീഠമെ ന്നോ മറേറാ പറയുന്നു. ഇവിടെ "പരിശുദ്ധനായ ഏക ൻെറ" "നാമ"ത്തെയാണ് വാഴ്ത്തുക. ക്രിസ്റ്റീയാരാധന ക്രമത്തിൽ ആ പ്രാർത്ഥന സ്വീകരിച്ചപ്പോഠം "പരിശു ദ്ധത്രീത്വം" എന്നുകൂടി ചേർത്തതു് ഉചിതമാണല്ലോ.

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ,' എന്ന തിനു ശേഷമാണല്ലോ കുർബാനയിൽ ഈ പ്രാർത്ഥന വ രുന്നതു്. അതുപോലെ യഹൂദപ്രഭാതപ്രാർത്ഥനയിൽ അ തു വരുന്നതു് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എ ന്നതിനോടു് സാമ്യമുള്ള ഒരു പ്രാർത്ഥന കഴിഞ്ഞാണു്. അതിങ്ങനെയാണു്:

"അവൻെറ ഇഷ്ടത്തിനൊത്തതുപോലെ അവൻ സൃഷ്ടിച്ച ലോകത്തിൽ
അവൻെറ വലിയനാമം മഹത്വീകരിക്കപ്പെട്ടതും പൂജിക്കപ്പെട്ടതും ആയിരിക്കട്ടെ.

നിൻെറ ജീവിതത്തിലും നിൻെറ ദിവസങ്ങളിലും
ഇസ്രായേലിൻെറ എല്ലാ ഭവനങ്ങളുടെയും ജീവിതത്തിലും
അവൻ തൻെറ രാജ്യം സ്ഥാപിക്കട്ടെ." (22)

റോമിലുള്ള സിനഗോഗിലെ പണ്ഡിതനായ റ ബ്ബി സൊന്നിനോയുടെ അഭിപ്രായം, ഖദ്ദിശ്

22. Ibid. p. 15.

(Qaddish) എന്ന പ്രാർത്ഥന യഹൂദന്മാരുടെ ലിഖിതജ പങ്ങളിൽ, ആദ്യത്തേതല്ലെങ്കിൽതന്നെ, ഏററം പഴക്കമു ള്ളവയിൽ ഒന്നാണെന്നത്രെ (23).

പ്രാർത്ഥനയുടെ കേന്ദ്രാശയമായ 'ദൈവനാമ'ത്തി ന്, യഹൂദജനതയുടെ ജീവിതവുമായി വലിയ ബന്ധമു ണ്ട്. വിശുദ്ധിയെപ്പററിയുള്ള ആശയം ദൈവത്തിൻെറ പരിശുദ്ധിയിൽ വിലയിക്കുന്നു. അങ്ങനെ ദൈവത്തി ൻെറ പരിശുദ്ധനാമം എല്ലാ സൃഷ്ടികളിലും നിന്ന് വ്യ തിരിക്തമായിരിക്കുന്നു. ദൈവത്തിൻെറ നാമം സീനാ യിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ തന്നെയുണ്ട് ഉടമ്പടിയിലും (പുറം; 24: 44). അങ്ങനെ വിശുദ്ധിയെപ്പ ററിയുള്ള ബോധം ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തോട് സംയോജിപ്പിച്ചിരിക്കുന്നു.... എന്തുകൊ ണ്ടെന്നാൽ ദൈവം ജനങ്ങളുടെ മദ്ധ്യേ വസിക്കുന്നു. അ തിനാൽ ഇസ്രായേലും ഒരു പരിശുദ്ധ ജനമായിരിക്ക ണം. (ആവ. 5; 7: 6, 26: 19). മററു ജനങ്ങളുടെ സംസ് ക്കാരങ്ങളോടോ ക്രമങ്ങളോടോ, അതിനൊരു സമ്പർക്കവു മുണ്ടാകരുത്. ഏകദൈവമായി "യാഹ്വെയെ" ആ രാധിക്കണം. (ആവ. 6: 4). (24). അതുകൊണ്ട് "ദൈ വത്തിൻെറ ആരാധ്യമായ നാമം" എന്ന കേരംകളുമ്പോരം ക്രിസ്ത്യാനികളും– പുതിയ നിയമത്തിലെ ദൈവജനമാ കയാൽ– തങ്ങളുടെ തെരഞ്ഞെടുപ്പിനെപ്പററി ചിന്തി ക്കേണ്ടതാണ്. പരിശുദ്ധ ജനമായിരിക്കുന്നതിനാൽ ദൈവാരാധനയ്ക്കുള്ള ചുമതലയെപ്പററി ബോധ്യം വരു ത്തേണ്ടതുമാണ്.

---

23. ഗ്രന്ഥകർത്താവുമായുള്ള അഭിമുഖ സംഭാഷണത്തിൽ നിന്ന്.
24. KITTEL GERHARD, Theological Dictionary of the New Testament, Mich–London, vol. I, 1963, p. 93.

## പല ശീർഷകങ്ങൾ

ഇടദിവസങ്ങൾക്കുള്ള പ്രാർത്ഥനയ്ക്കു കയ്യെഴുത്തു പ്രതികളിൽ പല ശീർഷകങ്ങളും കൊടുത്തുകാണുന്നുണ്ട്. "ദ്റാസാനായിസ്," "ദ്ഗസ്സ" എന്നിങ്ങനെ. കൂദാശകൾക്കുവേണ്ടി പ്രത്യേകം ക്രമപ്പെടുത്തിയ മററു പ്രാർത്ഥനകളിലുള്ളതുപോലെ "ദൈവികശക്തി"ക്കായുള്ള യാചന ഇതിൽ കാണുന്നില്ല. അതിൽനിന്നും ഈ പ്രാത്ഥന ശുശ്രൂഷകൾക്കൊക്കെ ഉപയോഗിക്കാവുന്ന ഒരു പൊതു പ്രാത്ഥനയായികരുതാവുന്നതാണ്.

"ഗസ്സാ" എന്നതിന് ഭണ്ഡാരം എന്നാണത്ഥം. അപ്പവും വീഞ്ഞും തയാറാക്കാൻ മദ്ബഹായുടെ പാർശ്വത്തിലുള്ള മേശകൾക്ക് "ബേസ്ഗസ്സാ" എന്ന് പേരുണ്ട്. അതുപോലെ തന്നെ കൂദാശ ചെയ്യപ്പെട്ട അപ്പം കുർബാനയ്ക്ക്ശേഷം ആവശ്യമെങ്കിൽ തുടർന്നു സൂക്ഷിക്കുന്ന സ്ഥലത്തിനും ഗസ്സാ എന്ന് കൽദായർ വിളിക്കാറുണ്ടായിരുന്നു. ഒരു പക്ഷേ വിശുദ്ധകുർബാന അർപ്പിക്കാതെ, നേരത്തെ കൂദാശചെയ്തു സൂക്ഷിച്ചുവച്ചിരുന്ന ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള ക്രമത്തിൽ (Mass of the pre-sanctified) ഉപയോഗിച്ചിരുന്നതാവാം ഈ പ്രാത്ഥന. പുരാതന രേഖകളിൽ ദ്റാസാനായിസ് എന്ന പേരിൽ കാണപ്പെടുന്ന ശുശ്രൂഷകൾ, ഇത്തരത്തിലുള്ള ദിവ്യകാരുണ്യ സ്വീകരണക്രമമാണെന്ന് പ്രൊഫസ്സർ മക്കമ്പർ അഭിപ്രായപ്പെടുന്നതു് ഇവിടെ ശ്രദ്ധാർഹമാണ് (25).

---

25. ബാഗ്ദാദിലെ സെൻറ് ജോസഫ് യൂണിവേഴ്സിററിയിലെയും റോമിലെ പൗരസ്ത്യകലാലയത്തിലെയും പ്രൊഫസ്സറായ ഫാദർ മക്കമ്പർ ഗ്രന്ഥകാരനയച്ച ഒരു മറുപടിക്കത്തിൽനിന്ന്.

# 5

## പൗരാണികമായ ഒരു പൗരസ്ത്യസുറിയാനി പ്പള്ളിയുടെ ഉള്ളിലേയ്ക്കു കടന്നാൽ

കർബാനയിലെ ചില കർമ്മവിധികളും ''അഴി ക്കാലികളിലെ സ്തുതിഗീതം'' (ഓനീസാദ്കങ്കെ) പോലു ള്ള ഘടകങ്ങളും നന്നായി മനസ്സിലാകുന്നതിനു്, പൗരാ ണികമായ ഒരു പൗരസ്ത്യസുറിയാനിപ്പള്ളിയുടെ ആന്ത രികസംവിധാനം അറിഞ്ഞിരിക്കേണ്ടതാണു്. ആരാധന ക്രമത്തെ വിശദീകരിക്കുന്ന പുരാതനങ്ങളായ വ്യാഖ്യാന ങ്ങൾ സുഗ്രഹമാകാനും ഇതു സഹായിക്കും (1).

### വിവിധഭാഗങ്ങൾ

പൗരസ്ത്യസുറിയാനിപ്പള്ളി ദീർഘചതുരാകൃതി യിലുള്ള ഒരു ഹോൾ (hall) ആണു്. അതിനു് മൂന്നു ഭാഗ ങ്ങളുണ്ടു്. ശ്രീകോവിൽ അഥവാ ബലിവേദി (കൻകാ, മദ്ബഹാ), ഗായകരുടെ സ്ഥാനം (ബെസ്രോമ്മാ), ജന ങ്ങളുടെ സ്ഥാനം (ഹൈക്കലാ). ഗായകരുടെ സ്ഥാന

---

1. പുരാതന പൗരസ്ത്യസിറിയൻ ദൈവാലയത്തിന്റെ ആന്ത രികസംവിധാനത്തിനു്: E. A. W. BUDGE. The book of Governors, London, 1893, II, pp. 342, 343, 431; CODRINGTON, The Chaldean Liturgy, The Eastern Churches Quarterly 2 (1937) 138-139.

ത്തേക്കാരം അല്പംകൂടി ഉയർത്തിക്കെട്ടിയതായിരുന്നു ബലിവേദി. അതിലേക്കു ഗായകരുടെ സ്ഥാനത്തുനിന്നു് മൂന്നു പടികളുണ്ടായിരുന്നു. അഴിപ്പടികരം ബലിവേദിയേയും ഗായകരുടെ സ്ഥാനത്തേയും തമ്മിലും, ഗായകരുടെ സ്ഥാനത്തേയും ജനങ്ങളുടെ സ്ഥാനത്തേയും തമ്മിലും വേർതിരിച്ചിരുന്നു. ബലിവേദിയുടെ മുൻപിൽ ഒരു വിരിയിട്ടിരുന്നു. തിരുക്കർമ്മങ്ങളിലെ ചില സന്ദർഭങ്ങളിൽ അതു് മാററാറുണ്ടായിരുന്നു (2). ബലിവേദിയുടെ കിഴക്കേ ഭിത്തിയോടു് ചേർന്നായിരുന്നു ബലിപീഠം സ്ഥാപിച്ചിരുന്നതു്. ബലിപീഠത്തിൻെറ മുകളിൽ കിഴക്കേഭിത്തിവരെ എത്തുന്ന പടവികരം സാധാരണമായിരുന്നു (2a). അവയിന്മേൽ തിരികളും. ബലിവേദിയുടെ തെക്കും വടക്കും വശങ്ങളിലെ ഭിത്തികളിൽ (തുരന്നു്) ശരിപ്പെടുത്തിയ ചെറിയ മേശകരം (ബേസ്ഗസാ) കാണാം. ചിലപ്പോരം അവ കിഴക്കേ ഭിത്തിയിലുമാകാം. വടക്കുവശത്തേതിൽ അപ്പമിരിക്കുന്ന താലവും, തെക്കുവശത്തേതിൽ വീഞ്ഞുനിറച്ച കാസയും സൂക്ഷിച്ചിരുന്നു.

ദൈവാലയത്തിൻെറ മദ്ധ്യത്തിലായിരുന്നു 'ബേമാ'. അതു തറയിൽനിന്നുയർന്നു് നിൽക്കുന്ന വിസ്തൃതമായ വേദിക (പ്ലാററ്ഫോം) യാണു്. കുരിശും സുവിശേഷപ്പുസ്തകവും വയ്ക്കാനുള്ള മേശയും അതിന്മേലുണ്ടാ

---

2. വിരിയെപ്പററിയുള്ള അഞ്ചാംനൂററാണ്ടിലെ വിവരണത്തിനു്: CONNOLLY, R. H., The Liturgical Homilies, pp. 11–12, 56, 112.

2a. പള്ളി പടിഞ്ഞാറോട്ടു തിരിഞ്ഞിരിക്കുന്നുവെന്നാണു് സങ്കല്പം–ബലിപീഠം കിഴക്കും 'ആനവാതിൽ' പടിഞ്ഞാറുമായി. അപ്പോരം വടക്കുവശം ബലിപീഠത്തിൻെറ വലതും തെക്കുവശം ഇടതുമായി കണക്കാക്കുന്നു.

യിരിക്കും. ഒരു മെത്രാനും പുരോഹിതന്മാർക്കുമുള്ള ഇരിപ്പിടങ്ങളും വി. ഗ്രന്ഥം വായിക്കുന്നവർ ഉപയോഗിക്കുന്ന രണ്ടു സ്റ്റാൻറുകളും ബേമായിൽ സജ്ജീകരിക്കുന്നു. ബലിവേദിയിങ്കലേക്കു് ആഘോഷമായി പ്രവേശിക്കുന്നതുവരെ (അനാഫൊറാ ആരംഭിക്കുന്നതിനുമുമ്പു്) 'ബേമാ'യിൽവച്ചാണു് കർമ്മങ്ങൾ നിർവ്വഹിക്കുക (3).

## പഴയനിയമത്തിൽ

സിനഗോഗിലത്രെ ബേമായുടെ ആരംഭം. അവിടെ വിശുദ്ധ ഗ്രന്ഥപാഠനങ്ങളും വ്യാഖ്യാനങ്ങളും നടക്കുമ്പോൾ സഭാദ്ധ്യക്ഷൻ ഉപവിഷ്ടനാകുന്നതു് ബേമായിലായിരുന്നു. പ്രസംഗത്തിനായി പ്രത്യേകം ഉണ്ടാക്കിയ ഉയർന്ന വേദികയിൽ നിന്നുകൊണ്ടു് എസ്ദ്രാസ് നിയമസംഹിത ജനങ്ങളെ വായിച്ചുകേൾപ്പിച്ചുവെന്നു് നാം വേദപുസ്തകത്തിൽ കാണുന്നു(2. എസ്ദ്രാസ് 8:4(4).

## ആദിമ സഭയിൽ

നാലാം നൂററാണ്ടിൽ സിറിയായിലോ കോൺസ്റ്റാൻറിനോപ്പളിലോവച്ചു് എഴുതിയ അപ്പസ്തോലിക നിയമസംഹിത (Apostolic Constitution) അന്നത്തെ സുറിയാനി സഭകളിൽ ഉപയോഗത്തിലിരുന്നതാണു്. അ

3. Interpretatio officiorum, pp. 3-5 (6-9); Expositio officiorum, pp. 112–117 (90–93). ബേമായെപ്പററി സമഗ്രമായ പഠനത്തിനു്: DAUVILLIER J., L,–ambon ou beme dans les textes de l'eglises chaldeenne.... Cahiers archiologiques 6 (1952) 11–30.
4. ബേമായെപ്പററി സൂചന നൽകുന്ന മററു വേദപുസ്തകവിഭാഗങ്ങൾക്കു്: DACL, I col. 1330.

തിൽ പറയുന്നു, ഡീക്കൻ (ആറാംപട്ടക്കാരൻ) തിരുക്കർമ്മത്തിൻെറ ചില സന്ദർഭങ്ങളിൽ വിജ്ഞാപനം നടത്തുന്നതിനു് ഉയന്ന ഒരു സ്ഥലത്തേക്കു് ആരോഹണം ചെയ്യുന്നുവെന്നു് (5). മാർ ഇസഹാക്കിൻെറ 410–ലെ സൂനഹദോസ് (സെലൂഷ്യ–ടെസിഫോൺ) ഡീക്കൻ ബേമായിൽനിന്നു് ജനങ്ങൾക്കു് അറിയിപ്പുകൾ നൽകണമെന്നു് നിർദ്ദേശിച്ചു (6). നാലാമത്തേയോ അഞ്ചാമത്തേയോ നൂററാണ്ടിൽ എഴുതപ്പെട്ട Didascalia of Addai എന്ന പുസ്തകം അനുശാസിക്കുന്നുണ്ടു്, പഴയനിയമം, സുവിശേഷങ്ങൾ, പ്രവചനങ്ങൾ, അപ്പസ്തോലനടപടികൾ ഇവയല്ലാതെ മററൊന്നും ബേമായിൽനിന്നു് വായിക്കരുതെന്നു് (7).

അബ്രാഹം ബർ ലിഫെ (Abraham Bar Lipheh–7/8 നൂററാണ്ടു്) വ്യാഖ്യാനിക്കുന്നതുപോലെ ബേമായിൽ വച്ചിരിക്കുന്ന കുരിശും സുവിശേഷവും തൻെറ ശിഷ്യന്മാരുടെ മദ്ധ്യേ ഇരിക്കുന്ന കർത്താവിനെ സൂചിപ്പിക്കുന്നു. ഉയർന്ന ബേമായിലെ ഭദ്രാസനം, യഹൂദന്മാരാൽ കത്താവു് ബന്ധിതനായതിനെ സൂചിപ്പിക്കുന്നതായിട്ടത്രെ, ആ 'മിസ്റ്റിക്കി'ൻെറ മനസ്സിൽ തോന്നുക (8). ബേമായിലെ 'ഗാഗുൽത്താ' എന്നു വിളിക്കു

5. FUNK, Didascalia et Constitut. Apost., Paderborn 1905, p. 475.
6. CHABOT, Synodicon Orientale, P. 267.
7. NAU F., Ancienne Literature Canonique Syriaque, fasc. I, Paris, 1912. p. 226; Cf. HINDO P., Discipline Antiochene Antique, Syri, t. IV, Codific. Canon, Orient, Ser. II fasc. XXVIII, Vatican, 1943, p. 133.
8. Interpretatio Officiorum, p. 147, 150.

ന്ന മേശ സുവിശേഷവും, കുരിശും സൂക്ഷിക്കുന്നതിനുള്ള സ്ഥലമായല്ലാതെ ബലിയർപ്പണത്തിനുള്ള പീഠമായി ഒരിക്കലും ഉപയോഗിച്ചിരുന്നില്ല (9).

## ബേമായെപ്പററി ഭൂഗർഭഗവേഷണം

പഴയ ബാബിലോണിൽനിന്നു് 50 മൈൽ തെക്കുള്ള പട്ടണമാണു് ഹീറ (Hira). അതു് രണ്ടാമത്തേയോ, മൂന്നാമത്തേയോ നൂററാണ്ടിൽ സ്ഥാപിതമായി. ഈ പട്ടണത്തിൽ 1931—ലെ ഓക്സ്ഫോർഡു് ഭൂഗർഭശാസ്ത്രജ്ഞന്മാർ ഗവേഷണം നടത്തിയശേഷം, അവിടത്തെ പഴയസുറിയാനിപ്പള്ളികളെപ്പററി ചില വിവരങ്ങരം നൽകുന്നുണ്ടു്: ഹീറായിലെ പള്ളികളുടെ പ്രത്യേകമായ ലക്ഷണം ജനങ്ങരംക്കുള്ള സ്ഥലത്തിൻെറ മദ്ധ്യേ ഉയർന്ന ഒരു വേദികയും, വിരിയുമുണ്ടെന്നതാണു്. വേദികയുടെ ഇരുവശത്തും ബഞ്ചുണ്ടു്. അവ പുരോഹിതന്മാർക്കുള്ള ഇരിപ്പിടങ്ങളായിരുന്നിരിക്കാം. ഒരുവൻെറ കൈമുട്ടുവരെ ഉയരമുണ്ടായിരുന്ന വിരി (Screen=മതിൽ) അതിനോടു ചേർന്നു പുറകിലുണ്ടായിരുന്നു. പള്ളിയിൽ പുരുഷന്മാർക്കുള്ള ഭാഗം, സ്ത്രീകരംക്കു സംവരണം ചെയ്തിരിക്കുന്ന ഭാഗത്തിൽനിന്നു വേർ തിരിക്കാൻ ഈ മതിൽ (screen) ഉതകിയിരിക്കാം. ഈജിപ്തിലെ കോപ്ററിക് പള്ളികളിലും ഇത്തരത്തിലുള്ള ചെറിയ മതിൽ കാണുന്നുണ്ടു് (10). സെലൂഷ്യ—ടെ

9. റാസയിൽ കുരിശും സുവിശേഷപ്പുസ്തകവും വയ്ക്കാനായി ഒരു ചെറിയ മേശയുണ്ടല്ലോ.

10. TALBOT RUCE D., The Oxford Excavation in Hira, 1931, Antiquity, 1932, p. 280. Cf. DE VILLARD U. M. Le Chiese della Mesopotamia, Rome, 1940, pp. 32. f.


സിഫോണിലെ ഭൂഗർഭഗവേഷണം, അവിടത്തെ പഴയ പള്ളികരംക്കം ഹീറായിലേതുപോലെതന്നെയുള്ള ഘടനയാണെന്നു് തെളിയിച്ചിട്ടുണ്ടു് (11). ഒമ്പതാം നൂററാണ്ടിലെ നെസ്റ്റോറിയൻ മെത്രാൻ മാർഗയിലെ തോമസ് ഒരു ദൈവാലയത്തിൻെറ ഇതേ ഭാഗങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടു് (12).

## ബേമായും തിരുക്കർമ്മങ്ങളും

സുറിയാനിക്കാർ സായാഹ്നജപത്തിനും, രാത്രിജപത്തിനും ദൈവാലയത്തിൽ സമ്മേളിക്കാറുണ്ടായിരുന്ന (13). നമസ്കാരം കൂട്ടമായി ചൊല്ലുവാൻ അത്തരമൊരു ഉയർന്ന വേദിക പള്ളിയുടെ നടുവിലുണ്ടായിരിക്കുക ഒരു വിധത്തിൽ ആവശ്യമായിരുന്നു. 14-ാം നൂററാണ്ടിനുശേഷമുള്ള ആരാധനക്രമസംബന്ധമായ നിബന്ധനകരം ഈ വിഷയത്തെപ്പററി വ്യക്തമായി ഒന്നുംതന്നെ പറയുന്നില്ലെന്നു് ഡോവിലിയേ ചൂണ്ടിക്കാണിക്കുന്നു (14). ബേമാരീതി കാലക്രമേണ പ്രയോഗത്തിലില്ലെന്നായി എന്നാണിതിൻെറ അത്ഥം.

11. Ibidem p. 279.
12. മാർഗായിലെ മെത്രാൻ നൽകുന്ന ദൈവാലയവിവരണത്തിനു്: BUDGE E. A. W., The Book of Governors, II, London, p. 431.
13. ചില പൗരസ്ത്യസിറിയൻ ദൈവാലയങ്ങളിൽ ഇന്നും ഇതു സാധാരണമാണു്. 14-ാംനൂററാണ്ടിലും ഈ റീതിയുണ്ടായിരുന്നതായി പാത്രീയാർക്കാ തിമോത്തി രണ്ടാമൻ സാക്ഷ്യം നൽകുന്നു: MAI A., Scriptorum Veterum Nova Collectio, X, Rome, 1838, pp. 103, 267.
14. DAUVILLIER J., L'ambon ou Beme p. 16.

# പുരാതന പൗരസ്ത്യ സുറിയാനിപ്പള്ളി




1. ബേസ്"സഹദേ (മർത്തീരിയോൻ)—രക്തസാക്ഷികളുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരുന്നിടം 2. സങ്കീർത്തി (ദിയാക്കോണിക്കോൻ) വൈദികഗണം തിരുവസ്ത്രങ്ങളണിഞ്ഞൊരുങ്ങുന്നിടം 3. അൾത്താര 4. മാമോദീസാ തൊട്ടി (Baptistry) 5. കെടാവിളക്ക് 6. വിരി 7. ഗായകസംഘത്തിന്റെ സ്ഥലം (കെസ്ത്രോമ്മ) 8. വിശ്വാസികൾക്കുള്ള സ്ഥലം 9. വായനക്കാർക്കുള്ള പീഠം 10. ബേമാ 11. കുരിശും പുസ്തകവും വയ്ക്കുന്ന മേശ 12. വൈദികഗണത്തിനുള്ള ഇരിപ്പിടങ്ങൾ 13. അഴിക്കാൽ.

സങ്കീർത്തിയിൽനിന്ന് ബേമായിലേക്കുള്ള പ്രദക്ഷിണപാത മനസ്സിലാക്കുക. ബേമാ ദൈവാലയത്തിന്റെ മദ്ധ്യത്തിലായിരുന്നു.

ബേമായിൽ വൈദികഗണം കിഴക്കോട്ടുതിരിഞ്ഞായിരിക്കാം ഇരുന്നത്. അതേപ്പറ്റി രേഖകളൊന്നും ഉള്ളതായി അറിവില്ല. ഇന്നത്തെ സാഹചര്യത്തിൽ ദൈവാലയമദ്ധ്യത്തിലോ, സൗകര്യത്തിന്, കെസ്ത്രോമായിലോ ബേമാ സജ്ജീകരിക്കാവുന്നതാണ്.

# ഈസ്റ്റർ തീയതി

മാർച്ച് 21—ന് സൂര്യൻ ഭ്രമദ്ധ്യരേഖയിൽ വരുന്നു (Vernal equinox). അതു കഴിഞ്ഞുവരുന്ന ആദ്യത്തെ വെളുത്തവാവിനുശേഷമുള്ള ആദ്യത്തെ ഞായറാഴ്ചയാണ് ഉയിർപ്പുതിരുന്നാൾ ഇപ്പോൾ ആചരിക്കുന്നതു്. ഓരോ വർഷവും ഈ തിരുനാളിൻെറ തിയതി മാറി വരുന്നു. താഴെ കൊടുത്തിരിക്കുന്ന സംഗ്രഹം കാണുക:

| | മാർച്ച് | ഏപ്രിൽ | | മാർച്ച് | ഏപ്രിൽ |
|---|---|---|---|---|---|
| 1965 | — | 18 | 1983 | — | 3 |
| 1966 | — | 10 | 1984 | — | 22 |
| 1967 | 26 | — | 1985 | — | 7 |
| 1968 | — | 14 | 1986 | 30 | — |
| 1969 | — | 6 | 1987 | — | 19 |
| 1970 | 29 | — | 1988 | — | 3 |
| 1971 | — | 11 | 1989 | 26 | — |
| 1972 | — | 2 | 1990 | — | 15 |
| 1973 | — | 22 | 1991 | 31 | — |
| 1974 | — | 14 | 1992 | — | 19 |
| 1975 | 30 | — | 1993 | — | 11 |
| 1976 | — | 18 | 1994 | — | 3 |
| 1977 | — | 10 | 1995 | — | 16 |
| 1978 | 26 | — | 1996 | — | 7 |
| 1979 | — | 15 | 1997 | 30 | — |
| 1980 | — | 6 | 1998 | — | 12 |
| 1981 | — | 19 | 1999 | — | 4 |
| 1982 | — | 11 | 2000 | — | 23 |

N. B. മറുവശത്തു താഴെകൊടുത്തിട്ടുള്ള 8—ാം നമ്പർ 13—ാം നമ്പരായും 13—ാം നമ്പർ 8—ാം നമ്പരായും കണക്കാക്കുക.

കർമ്മങ്ങളുടെ ആരംഭത്തിൽ മെത്രാൻ ഘോഷയാത്രയായി ബലിവേദിയിൽനിന്നു്, (മിക്കവാറും, സങ്കീർത്തിയിൽനിന്നു ആരംഭിച്ചുകൊണ്ടു്) ഗായകരുടെ സ്ഥാനം കടന്നു് ബേമായിലേക്കു പോകുന്നു. 'രണ്ടു് ഡീക്കന്മാർ (മിഖായേലും, ഗബ്രിയേലും) വഴികാട്ടികളായി ഘോഷയാത്രയെ നയിക്കുന്നു. ഒരു ഡീക്കൻ കുരിശു വഹിക്കുന്നു; മററുള്ളവർ ധൂമക്കുററികളും. സബ്ഡീക്കന്മാർ (ഹെവ്പ്ദ്യാക്കനെ) തിരികളെടുക്കുന്നു. മെത്രാൻ, ആർച്ച്ഡീക്കനോടൊത്തു് (അർക്കദിയാക്കോൻ) ബേമായുടെ പടികരം കയറി മററു പുരോഹിതന്മാരോടുകൂടി അവിടെ ഇരിക്കുന്നു (15).

അഴിക്കാലിങ്കലെ ഗീതം (ഓനിസാദ്കങ്കെ-- ഓനിസാദ് കുർസ്യാ) ഈ ഘോഷയാത്രയുടെ നേരത്താണു് ആലപിക്കുക. മററു ശുശ്രൂഷികരം ഗായകരുടെ സ്ഥലത്തേക്കു പോകുമ്പോരം ബേമായിലെ മേശയുടെ സമീപത്തു് രണ്ടു് ഡീക്കന്മാർ നിൽക്കുന്നു (15a).

## 'ബേമാ' കേരളത്തിൽ

സീറോ—മലബാർ പള്ളികളിൽ ഇപ്പോരം ബേമാ ഇല്ല. അതുണ്ടായിരുന്നുവെന്നതിനു രേഖകളൊന്നും കിട്ടിയതായി അറിവില്ലതാനും. ഇപ്പോരം റാസായിൽ ബേമായിൽ നടത്തേണ്ട സാഷ്ടാംഗപ്രണാമവും മററും ജനങ്ങരംക്കുള്ള സ്ഥാനത്തോ, ഗായകർക്കുള്ള സ്ഥാനത്തോ നിർവ്വഹിക്കുന്നു. കുർബാന ആരംഭിക്കുന്നതു് ബ

15. JANERAS V., Vestiges du Bema syrien dans les traditions liturgiques OS VIII (1963) 121 f.
15a. CONNOLLY R. H., Interpretatio....., p. 8 (11).

ലിപീഠത്തിനു താഴെ പദവികളുടെ സമീപത്താണ്. റാസായിൽ അംത്താരയുടെ വടക്കും, തെക്കും വശങ്ങളിൽ ഇരിപ്പിടങ്ങരം തയ്യാറാക്കുന്നു. കാമ്മികനും ആർച്ചുഡീക്കനും (അർക്കാദിയാക്കോനും) വടക്കുവശത്തിരിക്കുന്നു; ഡീക്കൻ തെക്കുവശത്തും (16). ബലിപീഠത്തിൻെറ വടക്കുവശത്തു ഒരുക്കിയിരിക്കുന്ന ഇരിപ്പിടങ്ങളിൽനിന്നു് അല്പം പടിഞ്ഞാറുമാറി ഒരു ചെറിയ മേശയുണ്ടു്. അതിന്മേൽ കത്തിനിൽക്കുന്ന തിരികളുടെ മദ്ധ്യേ ആവരണംചെയ്ത കുരിശു വയ്ക്കുന്നു. മേശയിൽ, കുരിശിൻെറ മുമ്പിൽ സുവിശേഷപുസ്തകം വയ്ക്കുന്നു. ഈ സംവിധാനമുള്ളതുകൊണ്ടു് ഈ മേശ ബേമായുടെ സ്ഥാനം വഹിക്കുന്നുവെന്നു പറയാം (16a).

---

16. 1518 ലെ ഒരു മലബാർ ദൈവാലയത്തിൻെറ വിവരണം പെൻെറയാഡോ നൽകുന്നുണ്ടു്. മദ്ബഹായുടെ ഇരുവശങ്ങളിൽ ഓരോ കപ്പേളകളുണ്ടായിരുന്നത്രേ. വിശ്വാസികരം പള്ളിയിൽകയറി ആദ്യം അംത്താരയിലുള്ള കരിശിൻെറ നേർക്കും പിന്നീടു് മാമോദീസാതൊട്ടിയുടേയും ബലിക്കുള്ള അപ്പം സൂക്ഷിക്കുന്ന മേശയുടേയും നേർക്കു ആചാരം ചെയ്യുന്നതായി അദ്ദേഹം പറയുന്നു: SILVA REGO, Documentaca para a historia das missoes do padroado portugues do oriente, India. Lisbon, III (1947-1951), p. 549.

16a. HAMBAYE E. R., Traces liturgipues bu Bema dans la Liturgie Chaldeo-Malabare, Melanges de l' Universite Saint Joseph, XXXIX (1964) 196-207' VELLIAN J., Les Prosternements dans le "Raza'. Syro Malabar, OS XI (1966) 367.

# 6

## ആരാധനക്രമപ്പഞ്ചാംഗം

## THE LITURGICAL CALENDAR

ഓരോ ദിവ്യബലിയിലും ക്രിസ്തുവിൻെറ രഹസ്യം മുഴുവനും സമഗ്രമായി വെളിപ്പെടുത്തുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നുണ്ട്. "നമ്മുടെ ബൗദ്ധികമായ കഴിവു പരിമിതമാണ്. അതുകൊണ്ട് ക്രിസ്തുവിൻെറ രഹസ്യം ഉൾക്കൊള്ളുന്ന കൃപാവരസമൃദ്ധി പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കുകയില്ല. അതിനാൽ ദിവ്യബലിയുടെ ഓരോ ഭാഗവും അപഗ്രഥിച്ചു പഠിക്കുകയും ആശയം ഹൃദിസ്ഥമാക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ ദിവ്യബലിയുടെ ശരിയായ അർത്ഥം മനസ്സിലാക്കാൻ നമുക്കു കഴിയൂ"(1).

ആരാധനക്രമവത്സരവൃത്തത്തിനു് (liturgical year cycle) രണ്ടു വിഭാഗങ്ങളുണ്ട്: കാലാനുഗതമായ വത്സരവൃത്തം (te mporal cycle), രക്തസാക്ഷികളുടേയും മററു വിശുദ്ധരുടേയും അനുസ്മരണാദിവസങ്ങളുംക്കൊള്ളുന്ന വത്സരവൃത്തം (Sanctoral cycle). ആരാധനക്രമവത്സരത്തിൻെറ ശരിയായ ചൈതന്യം കാണുന്നതു കാലാനുഗതമായ വത്സരവൃത്തത്തിലാണു് (CSL 101). പൗരസ്ത്യസ

1. VAGAGGINI C., Theological Dimensions of the Liturgy, Minnesotta, 1959, p. 95-96.

റിയാനിറീത്തിൽ ഇതിനാണു പ്രാധാന്യം. രക്തസാക്ഷികളുടേയും മററു വിശുദ്ധരുടേയും അനുസ്മരണാദിവസങ്ങൾ കാലാനുഗതവൃത്തത്തിനുള്ളിൽ കൊള്ളിച്ചിരിക്കുന്നു. അതിനാൽ നമുക്കു് ആരാധനക്രമവത്സരത്തിൻെറ കാലാനുഗതവൃത്തം പൊതുവിൽ പഠനവിഷയമാക്കാം.

## പുരാതന രേഖകൾ

മലബാർസഭയുടെ ആരാധനക്രമപഞ്ചാംഗത്തെപ്പററിയുള്ള പഠനത്തിനു് സഹായിക്കുന്ന വിവിധരേഖകളെക്കുറിച്ചു് നില്ലെസ് (Nilles) പ്രതിപാദിക്കുന്നുണ്ടു്. കൽദായസഭയിൽ നിന്നുള്ള കയ്യെഴുത്തുരേഖകളും, 'ഇൻഡ്യാക്കാരൻ ജോസഫ്' എന്നയാളുടെ വിവരണങ്ങളും ഉദയംപേരൂർ സൂനഹദോസ് ഡിക്രികളുമാണു് ഇവയിൽ പ്രധാനപ്പെട്ടവ (2).

മലബാർസഭയും കൽദായസഭയും തമ്മിൽ വിശുദ്ധഗ്രന്ഥഭാഗവായനയുടെ കാര്യത്തിൽ വളരെയടുത്ത സാമ്യമുണ്ടു്. ഇതു പല കയ്യെഴുത്തുപ്രതികളും സാക്ഷിക്കുന്നു. അവയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന ഒരു സുറിയാനി കയ്യെഴുത്തുപ്രതി (Vat. Sir 22). ആണ്ടുവട്ടം ഞായറാഴ്ചകളിൽ വായിക്കാനുള്ള (വി. പൗലോസിൻെറ) ലേഖനഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഈ കയ്യെഴുത്തുപ്രതി

---

2. Ex antiquo 'Pinqit'Ecclesiae Chaldaicae, ex relatione Josephi Indi, sacerdotis nestoriani malabarici, coram Alexandro PP. VII facta anno 1501, ex decretis synodi Diamperitani an. 1599, cf. NILLES N., Kalendarium Manuale Utriusque Ecclesiae, Orientalis et Occidentalis., vol. II, 1897, p. 650.

1301–ൽ കൊടുങ്ങല്ലൂരിൽ വച്ചെഴുതപ്പെട്ട. കൽദായ പാത്രിയക്കീസിൻെറ സെലൂഷ്യൻ ടെസിഫോണിലെ 'കോകെ' കത്തീഡ്രലിൽ ഉപയോഗിച്ചിരുന്ന ലേഖനപുസ്തകം പകർത്തിയതാണത് (2a). ഇത്തരത്തിലുള്ള വേദപുസ്തകഭാഗങ്ങളുൾക്കൊള്ളുന്ന മററു കയ്യെഴുത്തുപ്രതികളുമുണ്ട്: Vat. Arab 29, Cambridge Add. 203, British Museum Orient 244, 247 (3).

ഈശോയാബ് (c. 657) പാത്രീയക്കാ പരിഷ്കരിച്ച സഭാപഞ്ചാംഗമാണ് കൽദായസഭയിലും നെസ്തോറിയൻ സഭയിലും ഇന്നും പ്രാബല്യത്തിരിക്കുന്നത് (4). അസ്സെമാനി (Assemani J. S) ഈ പഞ്ചാംഗം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ തിരുനാളുകളുടേയും ഞായറാഴ്ചകളുടേയും ക്രമം സംബന്ധിച്ച് നല്ലൊരു വിവരണം കാണാം (5). 1537–ൽ എഴുതപ്പെട്ട ഒരു സുറിയാനി കയ്യെഴുത്തുപ്രതി ആധാരമാക്കിയാണ് (Codex

---

2a. വെള്ളിയാൻ, സിറോ മലബാർ ആരാധനക്രമം നൂററാണ്ടുകളിലൂടെ, 7–ാം വശം

3. RUCKER, Ein Nestorianischen Pauluslektioner, JLW VI (1926) 37–48)

4. NILLES Nicolas, S. J., Kalendarium Manuale, II, p. 679.

5, Assemani S. J., Bibliotheca Orientalis, Vol. III (tome IV) pp. 380–386. MATEOS JUAN S. J., Lelya-Sapra. Essai d'interpretation des Matines Chaldeennes, Roma, 1959, p. 6.

Amediensius) അസ്സെമാനി ഈ പഞ്ചാംഗം രൂപവൽക്കരിച്ചതു് (6).

ജൂലൈ 3–ാംതീയതി വി. തോമ്മാശ്ശീഹായുടെ തിരുനാൾ മലബാർസഭയിൽ വിശ്വാസികളും അവിശ്വാസികളും ആഘോഷിച്ചിരുന്നുവെന്നു് ഇൻഡ്യാക്കാരനായ ജോസഫ് പറയുന്നു (7). അതുപോലെതന്നെ ഉയിപ്പിന്റെ എട്ടാം ദിവസവും വിശുദ്ധന്റെ തിരുനാളാണെന്നു് അദ്ദേഹം പറയുന്നു (8).

ഉദയംപേരൂർ സൂനഹദോസ് മലബാർസഭയിലെ തിരുനാളുകളെക്കുറിച്ചും നോയമ്പുദിവസങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ടു്. ചില പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കി ഡിസംബർ 18, വി. തോമ്മാശ്ശീഹായു

---

6, ഈ കയ്യെഴുത്തുപ്രതിയെപ്പററി അദ്ദേഹം പറയുന്നു: Absoluti sunt ope Domini ac Dei nostri Ordines et canones, qui peraguntur in diebus totius anni secundum ordines, leges et canones, quos ordinarunt, tulerunt, condideruntque beati patres nostri, Theologi spirituales, in sancto coenobio Sancti Gabrielis et Sancti Abraham, apud Mosul urbem Arsacidarum. Et Laus Deo, nobisque ejus miserationes in saecula Amen. Absolutus est liber iste Circuli in benedicto mense Septembri, anno Graecorum 1849; exaratus autem in benedicta urbe Gazarta Zebedea apud Tigrim fluvium Eden, ab hominum abjectissimo Ataje filio presbyteri Pharagi filii Diaconi Marci Alcusael.

7. NILLES N., Kalendarium Manuale, p. 609

8. Nilles N. Ibidem p. 651.

ടെ തിരുനാളാണെന്ന അതിൽ പറയുന്ന (9).

അപ്പസ്തോലന്മാരുടെ നിയമസംഹിതയും (Apostolic Constitution, നാലാം നൂററാണ്ട്?) മാറുത്തായും (Marutha of Maiphersat c. 420) ആരാധനക്രമ പഞ്ചാംഗത്തെക്കുറിച്ചൊരു വിവരണം നൽകുന്നു:

ഈശോയുടെ ജനനം – ഡിസംബർ 25

ദനഹാ – ജനുവരി 6

40 ദിവസത്തെ നോമ്പ്

---

9. RAULIN, Historia Eccl. Malabar. vii. C. 8. "18–ാം തിയതി മയിലാപ്പൂരു മാർ സ്ളീവാ വെയർക്കുന്ന ദിവസം.,, കെ. എൻ. ഡാനിയേൽ, 'ഉദയം പേരൂർ സൂനാദോസിൻെറ കാനോനാകൾ, 158–ാംവശം.

സെൻറ് തോമസ് മൗണ്ടിലെ (ചിന്നമലയിൽ) വി. തോമാശ്ളീഹായുടെ കുരിശു രക്തം വിയർത്തതിൻെറ സ്മരണ ആചരിക്കുന്നതു് ഡിസംബർ 18–നാണ്. 1557 ഡിസംബർ 18–ന് സെൻറ് തോമസ് മൗണ്ടിൽ ഒരു കൽകുരിശു രക്തം വിയർത്തു എന്നാണ പാരമ്പര്യം. "അതു് പരിശുദ്ധ കന്യാസ്ത്രീമറിയത്തിന് മാലാഖ മംഗലവാർത്ത അറിയിച്ച ദിവസമായിരുന്നെന്നു് നീലെസ് (Nilles) പറയുന്നു. ആ ദിവസം പുരോഹിതൻ വി. ബലിയുടെയിടയ്ക്കു് സുവിശേഷം വായിച്ചപ്പോൾ ഈ കുരിശു് ഇരുണ്ടതായിത്തീരുകയും രക്തം വിയർക്കുകയും ചെയ്തു. രക്തമയമായ അടയാളങ്ങൾ പിന്നീട് റോസ് നിറമായി.,, അനുഗ്രഹത്തിൻെറ ഈ അത്ഭുതം ഓരോ വർഷവും ഡിസംബർ 18–ാം തീയതി ആവർത്തിക്കപ്പെട്ടിരുന്നു. വി. തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചപ്പോൾ അദ്ദേഹത്തിൻെറ രക്തം പുരളാനിടയായ കുരിശാണിതന്നെത്രെ വിശ്വാസം. കുരിശിലെ ലിഖിതങ്ങൾ പരമ്പരാഗതമായ ഈ വിശ്വാസത്തെ പിന്താങ്ങുന്നതായി തോന്നുന്നു. Nilles, Kalendarium Manuale II pp. 598, 652–53.

പെസഹായും പീഡാസഹനവും

സ്വർഗ്ഗാരോഹണം (ഉയിർപ്പിൻെറ നാല്പതാം ദിവസം)

മാതാവിൻെറ അനുസ്മരണം (ഉയിർപ്പു കഴിഞ്ഞു 10—ാം ദിവസം)

രക്തസാക്ഷികളുടെ ഓർമ്മ (അവരുടെ മരണദിവങ്ങളിൽ) (10).

## വിവിധ കാലങ്ങൾ

| | |
|---|---|
| മംഗലവാർത്തയും തിരുജനനവും | — 5 ആഴ്ചകൾ |
| ദനഹാ | 9 ? ,, (11) |
| വലിയ നോമ്പ് | — 7 ആഴ്ചകൾ |
| ഉയിർപ്പ് | — 7 ,, |
| ശ്ലീഹാ | — 7 ,, |
| ഗ്രീഷ്മം (Summer) | — 7 ,, |
| ഏലിയാ + കുരിശ് | — 7 ? ,, |

---

10. BURKITT F. C. The Early Syriac Lectionary system, London, 1923 p. 3.

11. ദനഹാക്കാലം ദൈർഘ്യംകൂടിയതോ കുറഞ്ഞതോ ആകുന്നതു് അതിനു് ഉയിർപ്പിനോടുള്ള അടുപ്പത്തെ ആധാരമാക്കിയാണു്.

മൂശ — 4 ? ,, (12)

പള്ളിപ്രതിഷ്ഠ(സഭാസമപ്പ്ണം) — 4 ,,

ഓരോ കാലത്തിൻേറയും അരൂപിയെ കാണിക്കുന്നതു് ദിവ്യബലിയിലെ വ്യതിയാന വിധേയമായ (proper) ഭാഗങ്ങളത്രേ. അവ താഴെപ്പറയുന്നവയാണു്: പ്രാരംഭ സങ്കീർത്തനങ്ങൾ: (മൂന്നോ നാലോ സങ്കീർത്തന

---

12. ഒരുവർഷത്തിൽ ആകെ 52 ആഴ്ച്ചകളാണുള്ളതു്. മററുകാലങ്ങൾ വിഭജിച്ചിട്ടുള്ളതനുസരിച്ചു് മൂശക്കാലത്തിനു ചിലപ്പോൾ നാലു് ആഴ്ച്ചകൾ കാണും; ചിലപ്പോൾ ഒരാഴ്ച്ചപോലും ഇല്ലാതെയുംവരും. കാരണം, മൂശക്കാലം വരുന്നതു വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്ത രണ്ടുകാലങ്ങളുടെ ഇടയ്ക്കാണു്. സ്ളീവാക്കാലത്തെ നാലാം ഞായറാഴ്ച്ചയും (സെപ്ററംബർ 14—നു കുരിശിൻെറ പുകഴ്ചത്തിരുനാളിനുശേഷംവരുന്ന നാലാം ഞായറാഴ്ച) പള്ളിക്കൂദാശക്കാലത്തിനും മദ്ധ്യേവരണം. (പള്ളിക്കൂദാശ നവംബർ ആദ്യമാണു് വരുക. അതായതു് ക്രിസ്തുമസ്സിനു എട്ടു ഞായറാഴ്ചകൾക്കു മുമ്പു്— മംഗലവാർത്തക്കാലത്തിൻെറ നാലു ഞായറാഴ്ചകൾക്കും, ദൈവാലയ പ്രതിഷ്ഠാക്കാലത്തിൻെറ നാലു ഞായറാഴ്ചകൾക്കും മുമ്പു്.)

എന്തുകൊണ്ടാണു് മൂശക്കാലം ചിലപ്പോൾ ഇല്ലാതെവരിക? ആരാധനക്രമവത്സരം രൂപീകരിച്ചപ്പോൾ ഈ കാലം ഇല്ലായിരുന്നു. ഇതൊരു പിൽക്കാല പരിഷ്ക്കാരമായി വന്നുചേർന്നതാണു്. മലബാറിൽവച്ചു് 1301—ൽ എഴുതിയതും വത്തിക്കാനിൽ സൂക്ഷിച്ചിരിക്കുന്നതുമായ കയ്യെഴുത്തുപ്രതിയിൽ (Vat. Sir. 22) ഇതു കാണുന്നില്ല. (cf. ASSEMANI, catalogus II, p. 183–184 ഈ രേഖയിൽ സ്ളീവാക്കാലത്തിനുശേഷം ഏലിയാക്കാലമാണു് കാണുന്നതു്. മൂശക്കാലം വിട്ടിരിക്കുകയാണു്.) എന്നാൽ മലബാറിൽ എഴുതിയതും വത്തിക്കാനിൽ സൂക്ഷിച്ചിരിക്കുന്നതുമായ മറെറാരു രേഖയിൽ (Vat. Sir. 85) ഇതു കാണുന്നുണ്ടു്. (cf. Assemani, Ibid. p. 475) എന്നതും ശ്രദ്ധാർഹമാണു്.

ങ്ങരം) അതിനോട്ട് ചേർത്തു ചൊല്ലുന്ന പല്ലവിയും— അക്കെപ്പ്ത്താ, ഊനായാ, കാനോന.

അഴിക്കാലികളിലെ ഗീതം— (ഓനീസാദ്കങ്കേ— സ്ലീഹാ ദഹ്വാലൻ— റാസയിൽ കുരിശു മുത്തുമ്പോഴം പാടുന്നതു്).

നിയമത്തിൽനിന്നും പ്രവാചകന്മാരിൽനിന്നുമുള്ള വായനകരം

ശ്ലൂറായാ (റോമൻ ഗ്രഡ്വാലെ, ബിസൻറയിൻ പ്രൊക്കെയ്മെനോൻ ഇവപോലെ)

തുർഗാമാ (പ്രബോധനപരമായ ഗാനങ്ങരം–homiletic hymns) ലേഖനവായനയ്ക്കു മുമ്പുള്ളതു്. (ഓദെസ്ലമ്മൻ)

പൗലോസ് ശ്ലീഹായുടെ ലേഖനങ്ങരം.

സ്ലൂമാറാ (സങ്കീർത്തന വാക്യങ്ങരം— ഹല്ലേലുയ്യാ കീർത്തനം).

സുവിശേഷ വായനയ്ക്കു മുമ്പുള്ള തുർഗാമ സുവിശേഷം (12a)

---

12a. സുവിശേഷവായനയ്ക്കുശേഷം കൽദായരും, നെസ്തോറിയരും ,,ഓനീസാ ദ് ഏവൻഗേലിയോൻ,, എന്നൊരു കീർത്തനം ആലപിച്ചിരുന്നു. മലബാറിൽ ഇതുപയോഗിച്ചിരുന്നതായി രേഖകളില്ല. ഇക്കാരണത്താൽ പുനരുദ്ധരിക്കപ്പെട്ട തക്സാ യിൽ ഇതു് ഉപേക്ഷിച്ചിരിക്കുകയാണു്.

Periodo aestivo clerus in Mesopotamia, post marmitha non petit bema sed attrium extra ecclesiam ubi missam catechuminorum celebrat. Hac absoluta, processionaliter in ecclesiam redit quo tempore cantatur haec 'onitha post Evangelium'. Supplementum Mysteriorum, Romae,1960, p. vii. ഈ ഗീതത്തിനു ഒരുദാഹരണം: BRIGHTMAN, Liturgies Eastern and Western, p. 261.

കാഴ്ചവയ്പ്പ് പ്രദക്ഷിണ ഗീതം (ഓനീസാദ്റാസേ)
ദ്ഹീലത്ത് (വലിയ തിരുനാളുകളിൽ കാർമ്മികൻെറ
കർബാന സ്വീകരണ സമയത്തുള്ളത്).

ദിവ്യകാരുണ്യ സ്വീകരണ ഗീതം
(ഓനീസാദ്വേം, ബാത്തേ– ശുശ്രൂഷി
കരം-- വൈദികാന്തസിലുള്ളവർ കർബാന
സ്വീകരിക്കുമ്പോഴും ജനങ്ങരം ദിവ്യമേശ
യെ സമീപിക്കുമ്പോഴും ആലപിക്കുന്നതു്.)

ഈ ഘടകങ്ങളിൽ പലതും ആഘോഷമായ ദിവ്യബലിയിലേ ചേക്കാറുള്ളൂ. എന്നാൽ ഇവയിൽ അത്തു് ദിവസത്തിൻെറ ചൈതന്യം കാണിക്കാൻ കൂടുതൽ സഹായകം അഴിക്കാലുങ്കലെ ഗീതവും, പഞ്ചഗ്രന്ഥിയിൽനിന്നും പ്രവചനത്തിൽനിന്നുമുള്ള വായനയും, കാഴ്ചവയ്പ്പു പ്രദക്ഷിണ ഗാനവുമാണു്. പരിഷ്ക്കരിച്ച മലയാളക്കുർബാനയിൽ ആരാധനക്രമവത്സരത്തിലെ ഓരോ കാലത്തിനും മാറിവരത്തക്കവിധം പ്രാരംഭസങ്കീർത്തനം, കാഴ്ചവയ്പ്പുപ്രദക്ഷിണ ഗീതം, ദിവ്യകാരുണ്യ സ്വീകരണഗീതം എന്നിവ തയാറാക്കിയിട്ടുണ്ടു്.

ക്രിസ്തുവിൽ കേന്ദ്രീകരിച്ചുകൊണ്ടു് രക്ഷാകര കർമ്മത്തിൻെറ മുഴുവൻ ചരിത്രവും (13) വിശ്വാസികളുടെ പരിചിന്തനത്തിനു് വിഷയമാക്കുകയാണു് ആരാധന ക്രമവത്സരം ചെയ്യുക. സൃഷ്ടി മുതൽ സഭയുടെ കിരീട ധാരണംവരെ (പുത്രൻ പിതാവിനു് സഭയെ സമർപ്പിക്കുന്നതുവരെ) ഉള്ള വസ്തുതകരം ഇതിൽ സംഗ്രഹിച്ചിരിക്കുന്നു. ''ഈ ശുശ്രൂഷ വഴി ലോകാരംഭം മുതൽ മരിച്ച

---

13. Ordo. p. 43–58, ആരാധനക്രമവത്സരചക്രത്തിലെ എല്ലാ വായനകളും ഇവിടെക്കാണാം.

വരിൽനിന്നുള്ള ഉയിർപ്പുവരെയെത്തുന്ന കാര്യങ്ങളാം നാം ഉദ്ദേശിക്കുന്നു'' (14).

ഓരോ കാലത്തിന്റേറയും ശരിയായ അരൂപിയെ പ്പററി പഠിക്കുവാൻ കാനോനനമസ്കാരത്തിലും അവഗാഹം നേടിയിരിക്കണം. ആരാധനക്രമ വത്സരത്തോടുള്ള ബന്ധത്തെ ആസ്പദമാക്കി ഓരോ കാലത്തെയുംപററി പൊതുവായി മാത്രം പ്രതിപാദിക്കുവാനേ ഇവിടെ ഉദ്ദേശ്യമുള്ളു.

## A മംഗലവാർത്തക്കാലം

ആദത്തിന്റെ പാപത്തിനുശേഷം ദൈവം ചെയ്ത വാഗ്ദാനം, വരുവാനിരുന്ന രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ, പാപത്തിനടിമയായിത്തീർന്ന മനുഷ്യന്റെ ദയനീയ സ്ഥിതി, വരുവാനിരിക്കുന്ന രക്ഷകനെപ്പററിയുള്ള ചിന്ത ഉളവാക്കുന്ന ആനന്ദം, രക്ഷാകര കാലത്തിന്റെ ആരംഭം എന്നിവയെല്ലാം ഈ കാലത്തു് സഭ അനുസ്മരിപ്പിക്കുന്നു (14a). മാലാഖാ പരി. മറിയത്തെ അഭിവദിച്ചതു് ഇക്കാലത്തു് മിക്കപ്പോഴും ഓർമ്മിക്കുന്നുണ്ടു്. നാലാം ഞായറാഴ്ചയിൽ ''അഴിക്കാലുകലെ ഗീതത്തിൽ'' വായിക്കുന്നു: ''മാലാഖാ അറിയിച്ച അസാധാരണമായ വാർത്തകേട്ടു് മറിയം വിസ്മയിച്ചു. നിത്യകന്യകയായിരുന്ന അവൾ പരിശുദ്ധാരൂപിയാൽ ഗർഭവതിയായി, ആദത്തെ മണ്ണിൽനിന്നു് മെനഞ്ഞെടുക്കുകയും അവനിൽനിന്നും ഹവ്വായ്ക്കു് ജീവൻ നൽകുകയും സ

---

14. Expositio, p. 158 (126). cf, ASSEMANI, Bibliotheca Orientalis III, p. 380–386.

14a. DALMAIS I. H., Le temps de la preparation a Noel dans les liturgies Syrienne et Byzantinnes, La Maison du Dieu, 59 (1959) 25–36.

ന്താനരഹിതരായിരുന്ന സാറാശ്ലും റബേക്കാശ്ലും സന്താനങ്ങളെ കൊടുക്കുകയും ചെയ്തവൻ ഏലീശ്വാവഴി അവരംക്കു ഉറപ്പു കൊടുത്തു (15). മംഗലവാർത്തക്കാലം മൂന്നാം ഞായറാഴ്ചയുള്ള ദിവ്യകാരുണ്യസ്വീകരണ ഗീതത്തിൽ പ്രവാചകന്മാരും രാജാക്കന്മാരും ഈശോയെ ആകാംക്ഷയോടെ കാത്തിരുന്നുവെന്നു പറയുന്നുണ്ടു (16). ഒന്നാം ഞായറാഴ്ചയിലെ അതേ ഗീതത്തിൽ പുത്രൻെറ അത്ഭുതകരമായ പുത്രസ്ഥാനത്തെപ്പററിയുള്ള ധ്വനി കേരംക്കാം: ''വരുവിൻ, ആഗമനകാലത്തിൻെറ ആരംഭമായ ഇന്നു പ്രഥമ ജാതനായ ദൈവകുമാരൻെറ ശരീര രക്തങ്ങരം നമുക്കു സ്വീകരിക്കാം.'' (17).

മംഗലവാർത്തക്കാലത്തിലെ നാലു ഞായറാഴ്ചകളിലേയും സുവിശേഷ ഭാഗങ്ങരം, അവയുടെ ചരിത്രപരവും നാടകീയവുമായ വിവരണത്തിൻെറ പശ്ചാത്തലത്തിൽ, വിശ്വാസികളെ ക്രിസ്തുവിൻെറ തിരുജനനത്തിനൊരുക്കുന്നുണ്ടു: സക്കറിയാശ്ലു രക്ഷകനെപ്പററിയുള്ള അറിയിപ്പു നൽകുന്നതു (ലൂക്കാ. 1. 1–25); മറിയത്തെ മംഗലവാർത്തയറിയിക്കുന്നതു; മറിയം ഏലീശ്വായെ സന്ദർശിക്കുന്നതു (ലൂക്കാ. 1. 26–56); സ്നാപക യോഹന്നാൻെറ ജനനം (ലൂക്കാ. 1. 57–80) മാലാഖാ വി. യൗസേപ്പിനു പ്രത്യക്ഷപ്പെടുന്നതു (മത്താ. 1. 18–25) എന്നിവയെല്ലാം അതിൽപ്പെടുന്നു.

## B തിരുജനനം

സമയത്തിൻെറ തികവിൽ പ്രതീക്ഷിച്ചിരുന്ന രക്ഷകൻെറ ആഗമനം; ദൈവം നമ്മോടുകൂടെ (അമ്മന

15 Supplementum p. 9
16. Ibid p. 7
17. Ibid p. 4

വൽ); മനുഷ്യനും ദൈവവുമായ ക്രിസ്തു കന്യകയിൽനിന്നു പിറക്കുന്നു; അതിൽ ജനതകളുടെ സന്തോഷം; മാലാഖാമാർ നോക്കുവാൻ ധൈര്യപ്പെടാത്ത അവിടത്തെ മഹത്വം നാം കാണുന്നു; ആട്ടിടയന്മാരും പൂജ രാജാക്കന്മാരും ഈശോയെ സന്ദർശിക്കുന്നു; സ്വയം താഴ്ത്തിയ ദൈവസുതൻ നമുക്കു് സന്നിഹിതനാകുന്നു; ഇവയെല്ലാമാണു് ഇക്കാലത്തു് നാം അനുസ്മരിക്കുക. ക്രിസ്തുമസ്സ് ദിവസം ദിവ്യകാരുണ്യ സ്വീകരണ ഗീതത്തിൽ (ബാത്തേ) വായിക്കുന്നു: ''ഇതാ, ഒരു കന്യക ഗർഭം ധരിച്ചു് പുത്രനെ പ്രസവിക്കും. ആ ശിശു 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള എമ്മാനുവേൽ എന്നു വിളിക്കപ്പെടും''. (ഏശയ്യ 7:16). ''എന്തെന്നാൽ നമ്മുക്കുവേണ്ടി ഒരു കുട്ടി ജനിച്ചിരിക്കുന്നു, നമ്മുടെ ജനതയ്ക്കു ഒരു പുത്രനെ തന്നിരിക്കുന്നു....'' (ഏശയ്യ 9:6). ''ഇതാ, നമ്മുടെ കണ്ണുകൾ കാണുകയും ഞങ്ങളുടെ കരങ്ങൾ വഹിക്കുകയും ചെയ്തിരിക്കുന്നു. വാനാരൂപികൾ ഞങ്ങളെ ഭാഗ്യവാന്മാരെന്നു വിളിക്കുന്നു.... ഓ, ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ജനനത്തിൽ മാലാഖാമാർ ആനന്ദം കൊള്ളുകയും അങ്ങേ മദ്ബഹായിൽ അവിടത്തെ കീർത്തിക്കയും ചെയ്യുന്നു'' (18).

തിരുജനനത്തിനു ശേഷമുള്ള രണ്ടാം ഞായറാഴ്ചയിലെ കാഴ്ചവയ്പുപ്രദിക്ഷണഗീതത്തിൽ രക്ഷാകരകർമ്മത്തിൻെറ ഫലത്തെ പരാമർശിക്കുന്നുണ്ടു് (19).

തിരുജനനത്തിനു ശേഷമുള്ള രണ്ടാം വെള്ളിയാഴ്ച ക്രിസ്തുവിൻെറ ജനനം മൂലം അനുഗൃഹീതയായ പരിശുദ്ധകന്യകയെ അഭിനന്ദിക്കയാണു്: ,,മറിയം നീ ഭാഗ്യവതിയാകുന്നു, നിൻെറ ഉദാത്തമായ ആനന്ദം വർണ്ണിക്കാൻ

18. Ibid p. 12
19. Ibid p. 15

നാവുകാംകരം കഴിവില്ല. നീ അതീവ ഭാഗ്യവതിയാകു ന്നു; സമുന്നതയാകുന്നു; നീ രാജാക്കന്മാരുടെ രാജാവിനെ പ്രസവിച്ചു. അവൻ ആകാശത്തിലും ഭൂമിയിലും ശക്ത നായ രാജാവാകുന്നു.'' (20).

## C ദനഹാ

ദനഹാ, മുഖ്യമായും ക്രിസ്തുവിൻെറ ജ്ഞാനസ്നാന ത്തെയാണു് അനുസ്മരിപ്പിക്കുക (21). തൻെറ മാമ്മോദീ സാവഴി ക്രിസ്തു മനുഷ്യസ്വഭാവത്തെ ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കുള്ള പാത തുറക്കുകയും അന്ധകാരത്തിൽ വസിച്ചിരുന്നവ ക്കു് സ്വയം വെളിപ്പെടുത്തുകയും ചെയ്തു. ക്രിസ്തുവിൻെറ എളിമയെയും മനുഷ്യത്വത്തെയുമാണു് ഈ കാലഘട്ടം എടുത്തു കാട്ടുന്നതു്. മാമ്മോദീസായെ അതിസ്വാഭാവി ക നന്മകളുടെ സ്രോതസ്സായാണു് ചിത്രീകരിക്കുക. ''സൃ ഷ്ടി അതിൻെറ കർത്താവിലൂടെത്തന്നെ നവീകരിക്കപ്പെട്ട

---

20. Ibid p. 15. പൗരസ്ത്യരുടെ രീതിയനുസരിച്ചു് ഒരു കുട്ടി ജനി ച്ചുകഴിയുമ്പോരം അയൽവാസികളും ചാർച്ചക്കാരുംവന്നു് ആ കുട്ടിയുടെ മാതാവിനെ അഭിനന്ദിക്കുക എന്നൊരു പതിവുണ്ടു്. മറിയത്തെ അഭിനന്ദിക്കുന്നതും (Congratulations to Mary) ഇതാണു സൂചിപ്പിക്കുന്നതു്.

21. മലബാറിൽ ഈ തിരുനാളിനു ''രാക്കുളി,, – രാത്രിയിലെ കുളി– എന്നു പേർ പറയുന്നു. പൂർവ്വികന്മാർ ക്രിസ്തുവിൻെറ ജ്ഞാനസ്നാനത്തിൻെറ ഓർമ്മത്തിരുനാളിനു തലേനാരം നദി കളിൽ കുളിച്ചിരുന്നതിനെയാണിതു സൂചിപ്പിക്കുന്നതു്. കൽ ദായരുടെയിടയിൽ ഈ ആചാരം ഇന്നും നിലവിലുണ്ടു്. ഈ ദിവസം ചിലർ യോർദ്ദാൻ നദിയിൽ തീർത്ഥാടനത്തിനു് പോകാറുണ്ടു്. ആ ദിവസത്തെ സുവിശേഷം കർത്താവിൻെറ മാമ്മോദീസാ സ്വീകരണത്തെസംബന്ധിക്കുന്നതാണു്. (മ ത്തായി 3 1–17)

മാമ്മോദീസാ സ്വീകരിക്കുകയും ജോർദ്ദാനിൽ വച്ച് ത്രീത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും ചെയ്തുകൊണ്ട് സൃഷ്ടി അതിന്റെ രക്ഷകനെ തിരിച്ചറിഞ്ഞു.'' (22).

വി. പൗലോസിന്റെ തീത്തൂസിനുള്ള ലേഖനം (2: 11–15) എല്ലാ പൗരസ്ത്യറീത്തുകളിലും ദനഹാത്തിരുന്നാളിൽ വായിക്കുന്നുണ്ട്. ''നമ്മുടെ രക്ഷകനായ ദൈവത്തിന്റെ കൃപ''യുടെ ആവിഷ്കരണമാണ് പ്രസ്തുത ഭാഗത്തു പ്രതിപാദിക്കുക. ലത്തീൻ റീത്തിൽ ക്രസ്തുമസ്സിന്റെ രണ്ടാമത്തെ കർബാനയിൽ വായിക്കുന്നതു് മേൽപറഞ്ഞ ഭാഗമാണെന്നതു് പ്രസ്താവ്യമത്രെ. പുരാതനതിരുനാളുകളായ ക്രിസ്തുമസ്സ്, ദനഹാ എന്നിവയെപ്പററിയുള്ള പഠനങ്ങളുടെ ഉപസംഹാരമായി ബൗംസ്റ്റാക്ക് (Baumstark) പറയുന്നു, ക്രിസ്തുമസ് ദിനത്തിലെ രണ്ടാമത്തെ കർബാനയിൽ തിത്തൂസ് 2: 11–15 വായിച്ചുകൊണ്ടു് പുരാതനമായ ദനഹാ തിരുന്നാളിന്റെ അന്ത്രപി ലത്തീൻ റീത്തിൽ സംരക്ഷിക്കുന്നുവെന്നു്. ആദ്യകാലങ്ങളിൽ ക്രിസ്തുമസ്, ദനഹാ എന്നിവയുടെ ചൈതന്യം പ്രകാശിപ്പിച്ചിരുന്നതു് ജനുവരി 6–ാംതീയതി ആഘോഷിച്ചിരുന്ന ഒരു തിരുനാളിലാണു്. ക്രിസ്തുമസ്സും ദനഹായും ഉൾക്കൊള്ളുന്ന ആവിഷ്കരണ രഹസ്യം ഒരു തിരുനാളായി ഘോഷിച്ചിരുന്ന കാലംതന്നെ റോമിൽ ക്രിസ്തുമസ് പ്രത്യേക തിരുനാളായി ആചരിക്കാൻ തുടങ്ങിയതുകൊണ്ടാവാം, യാന്ത്രികമായിത്തന്നെ, ദനഹായുടെ ചൈതന്യം ക്രിസ്തുമസ്സിലും— തിത്തൂസ്സിന്റെ വായ

22. Supplementum, p. 18

നവഴി— ഇന്നും അവശേഷിച്ചിരിക്കുന്നത്. ഇതാണ് ബൗംസ്റ്റാർക്കിൻെറ അഭിപ്രായം (23).

ദനഹാക്കാലത്തുവരുന്ന ഏതാനും തിരുനാളുകൾ:

ഒന്നാംവെള്ളി – സ്നാപകയോഹന്നാൻ
രണ്ടാംവെള്ളി – വി. പത്രോസ് വി. പൗലോസ്
മൂന്നാംവെള്ളി – സുവിശേഷകന്മാർ
നാലാംവെള്ളി – വി. സ്റ്റീഫൻ
അഞ്ചാംവെള്ളി – ഗ്രീക്കുസഭാപിതാക്കന്മാർ
ആറാംവെള്ളി – സുറിയാനി സഭാ പണ്ഡിതന്മാർ
ഏഴാംവെള്ളി – ദൈവാലയമദ്ധ്യസ്ഥൻ
എട്ടാംവെള്ളി – സകല മരിച്ചവർ

ക്രിസ്തു തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയതാണല്ലോ (ദനഹാ—എപ്പിഫനി), ദനഹാക്കാലത്തെ പരിചിന്തനവിഷയം. ക്രിസ്തുവിനു സാക്ഷ്യംവഹിച്ച സ്നാപകയോഹന്നാൻെറയും, വെളിപാട് പ്രത്യേകരീതിയിൽ സ്വീകരിച്ച് സഭയുടെ നെടുംതൂണുകളായ

23. BAUMSTARK A.,Comparative Liturgy, London, 1958, p. 156–57. ദനഹായും ക്രിസ്തുമസ്സും വേർതിരിച്ച് ആഘോഷിക്കാൻതുടങ്ങിയത് നാലാം നൂററാണ്ടിലാണ്. ജറുസലേമിൽ ക്രിസ്ത്വബ്ദം 312 നും 325 നും ഇടയ്ക്കും, റോമിൽ 325 നും 335 നും ഇടയ്ക്കും ആണെന്നു പറയാം. ക്രിസ്തുവിൻെറ മനുഷ്യത്വത്തെക്കുറിച്ചു പൗരസ്ത്യദേശത്തും ദൈവപുത്രസ്ഥാനത്തെക്കുറിച്ച് പാശ്ചാത്യദേശത്തും തലപൊക്കിയ അബദ്ധസിദ്ധാന്തങ്ങൾക്കൊരു പ്രതിവിധികൂടിയായിരുന്നു ഈ രണ്ടു തിരുന്നാളുകൾ. (cf. BARAUNA W., The Liturgy of Vatican II Vol 2, pp. 222–223.

വി. പത്രോസിൻേറയും വി. പൗലോസിൻേറയും, വെളിപ്പെടുത്തപ്പെട്ട നിത്യസത്യങ്ങളെ രേഖപ്പെടുത്തിയ സുവിശേഷകന്മാരുടേയും, പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്ന പുത്രനെ ദശിച്ച് (നടപടി 7: 5) അവിടുത്തെ പ്രതി രക്തസാക്ഷിമകുടം ചൂടിയ വി. സ്റ്റീഫൻേറയും ഓമ്മ ഇക്കാലത്തു് ആചരിക്കുന്നതു് തികച്ചും യുക്തമാകുന്നു. അതുപോലെ, പള്ളിയുടെ മദ്ധ്യസ്ഥൻ ആ ഇടവകക്കാരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിനെ വെളിപ്പെടുത്തുന്ന ദപ്പണമാണല്ലോ. അതുകൊണ്ടു് ഇക്കാലഘട്ടത്തിൽ ദൈവാലയമദ്ധ്യസ്ഥനും അനുസ്മരിക്കപ്പെടുന്നു. വെളിപാടുകളെക്കുറിച്ച് പഠിപ്പിക്കുകയും വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിലുള്ള വിശ്വാസം പ്രചരിപ്പിക്കുകയും ചെയ്ത സഭാ പണ്ഡിതന്മാരുടെ സ്മരണയും ക്രിസ്തുവിൻെറ വെളിപ്പെടുത്തലിനു ശേഷമുള്ള ഇക്കാലത്തെ പ്രത്യേകത തന്നെ. മരിച്ചവരെ ദനഹാക്കാലത്തു് ഓക്കുക ഉചിതമാണു്. കാരണം, ക്രിസ്തുവിൻെറ ആവിഷ്കൃത സത്യങ്ങൾക്കു് സാക്ഷികളായി ജീവിച്ച്, സഹിച്ച് മരിച്ചവരാണവർ. ഇവരെപ്പററിയുള്ള ചിന്ത നമ്മെ വരാനിരിക്കുന്ന ജീവിതത്തിലേയ്ക്കു നയിക്കും.

## വലിയ നോമ്പിനു ഒരുക്കം

എല്ലാ റീത്തുകളിലും വലിയ നോമ്പിനു പ്രത്യേക ഒരുക്കങ്ങളുണ്ടു്. റോമൻറീത്തിൽ, വലിയനോമ്പിനു മുമ്പായി 70–ാം ഞായർ, 60–ാം ഞായർ, 50–ാം ഞായർ എന്നിങ്ങനെ അറിയപ്പെടുന്ന ഞായറാഴ്ചകളുണ്ടു്. ബിസൻറയിൻ റീത്തിൽ, 'ചുങ്കക്കാരുടേയും പ്രീശരുടേയും ആഴ്ച' 'ധൂത്തപുത്രൻെറ ആഴ്ച' 'മാംസവജ്ജനം, വെണ്ണവജ്ജനം ഇവയ്ക്കുള്ള ആഴ്ച' എന്നിങ്ങനെയുള്ള ആഴ്ചകൾ നോമ്പിനുമുമ്പുണ്ടു്.

റോമൻ റീത്തിലെ

## വിഭൂതിത്തിരുനാൾ

ആണ്ടുവട്ടത്തിലെ ഏററം പ്രധാനപ്പെട്ട ഘട്ടമാണു് ഉയിർപ്പുതിരുനാൾ. കർത്താവിൻെറ പെസഹാരഹസ്യം ആഘോഷിക്കപ്പെടുന്ന ആ അവസരം നവീകരണത്തിൻെറ പ്രത്യേക സമയമാണു്. അതിനൊരുക്കമാണല്ലോ വലിയ നോമ്പു്. നോമ്പുകാലത്തു് ദൈവവചനവായനയ്ക്കു് കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നു. ''ഞാൻ നിങ്ങളോടു പറഞ്ഞ വചനംകൊണ്ടു നിങ്ങൾ നിർമ്മലരാക്കപ്പെട്ടു.'' (യോഹ. 15:3). സ്നാനാർത്ഥികൾക്കു് പ്രത്യേക പ്രബോധനം ലഭിച്ചിരുന്ന അവസരവുമാണതു്. മൊപ്സ്വേസ്ത്യായിലെ തിയഡോർ, ജറുസലേമിലെ വി. സിറിൽ മുതലായവർ നോമ്പുകാലത്തു് സ്നാനാർത്ഥികൾക്കു നൽകിയ ഉപദേശങ്ങൾ പ്രസിദ്ധങ്ങളാണല്ലോ.

പരസ്യപാപികൾ ഈ നോമ്പുകാലത്തു് കഠിനപ്രായശ്ചിത്തം ചെയ്തു സഭയുമായി രമ്യപ്പെടാൻ യത്നിച്ചിരുന്നു. അതിനൊരുക്കമായി നോമ്പു തുടങ്ങുന്നതിനുമുമ്പു പ്രായശ്ചിത്തം ചെയ്യാൻ അവർക്കു് ഔദ്യോഗികമായ നിർദ്ദേശം ലഭിച്ചിരുന്നു. ചാക്കുവസ്ത്രമണിഞ്ഞും ചാരം പൂശിയുമാണവർ പരസ്യപ്രായശ്ചിത്തം ചെയ്തിരുന്നതു്. അതിനവർക്കു ചാരം നൽകുന്ന ഒരു ചടങ്ങുതന്നെയുണ്ടായിരുന്നു—പേത്തുർത്താ കഴിഞ്ഞുവരുന്ന ബുധനാഴ്ച. അന്നുരാവിലെ പരസ്യപാപികൾ മെത്രാസനദൈവാലയത്തിൻെറ വാതില്ക്കൽ വന്നുനില്ക്കും. ഓരോരുത്തരുടേയും തെററുകളും ശിക്ഷകളും ഉൾക്കൊള്ളിച്ച ഒരു പട്ടിക ക്രമപ്പെടുത്തിയിരിക്കും. പഴയനിയമത്തിൽ നിനിവേക്കാർ പ്രായ

ST. ANTONY'S MONASTERY ALWAYE

ശ്ചിത്തം ചെയ്തതുപോലെ (യൗനാ. 3: 6) ചാക്കും ചാര വും പ്രായശ്ചിത്തത്തിൻെറ അടയാളമാണ്. മെത്രാൻ ചാരം വെഞ്ചരിക്കുന്നു. പാപികൾ സാഷ്ടാംഗപ്രണാമം ചെയ്തശേഷം പ്രധാന പുരോഹിതനിൽ (Arch priest) നിന്നു ചാരം സ്വീകരിക്കും. ചാരം നൽകുമ്പോൾ ചൊല്ലിയിരുന്നു: മനുഷ്യാ നീ മണ്ണാകുന്നു; മണ്ണിലേക്കു നീ പിന്തിരിയുമെന്ന് ഓർത്തുകൊള്ളുക. അതുകൊണ്ട് നിത്യജീവൻ ലഭിക്കുന്നതിന് പ്രായശ്ചിത്തം അനുഷ്ഠിക്കുക.'' (23 a). തുടർന്നു മെത്രാൻ ചാക്കുവസ്ത്രങ്ങൾ വെഞ്ചരിച്ചു നൽകുന്നു.

അനുതാപസങ്കീർത്തനങ്ങൾക്കും പ്രാർത്ഥനകൾക്കും ശേഷം, പാപത്തിൻെറ ഗൗരവത്തെപ്പററി മെത്രാൻ ഉപദേശം നൽകുന്നുണ്ട്. പറുദീസായിൽനിന്ന് ആദം നിഷ്കാസിതനായതു് അനുസ്മരിപ്പിച്ചശേഷം അദ്ദേഹം അവരോടു പറയുന്നു: ''ഇന്നു പാപംകാരണം നിങ്ങളെ സഭാസമൂഹത്തിൽനിന്നു പുറത്താക്കിയിരിക്കുന്നു.'' അവരെ കൈയ്യുപിടിച്ച് ദൈവാലയത്തിൻെറ പുറത്താക്കിയശേഷം, ദൈവത്തിൻെറ കാരുണ്യത്തിൽ സംശയിക്കരുതെന്നും, പെസഹാവ്യാഴാഴ്ച സഭയുമായി അനുരഞ്ജനപ്പെടാൻ തിരികെ വരണമെന്നും മെത്രാൻ ഉപദേശിക്കുന്നു. താമസിയാതെ വിലപിച്ചു കണ്ണീർ പൊഴിക്കുന്ന പാപികൾക്കെതിരെ ദൈവാലയ വാതിൽ ബന്ധിതമാകും.

---

23a. മരിച്ചവരുടെ ഓർമ്മത്തിരുനാൾ സഭ ആഘോഷിക്കുന്നുണ്ട്. ഇതുവഴി പുണ്യവാന്മാരുടെ ഐക്യത്തെ (communion of Saints) വ്യക്തമാക്കുവാനാണു സഭ അഭിലഷിക്കുന്നതു്. ഈ തിരുനാളിനുമുമ്പ, ക്രിസ്തുവിൻെറ ജനനം, മറിയത്തിൻെറ അഭിനന്ദനത്തിരുന്നാൾ, സഭയിലെ മററു വിശുദ്ധന്മാരുടെയും, വേദപാരംഗതന്മാരുടെയും തിരുനാൾ ഇവ ആചരിക്കുന്നുവെന്നതു ശ്രദ്ധേയമാണ്.

ഈ ചടങ്ങിൽ ചില ഭക്തവിശ്വാസികളും പങ്കെടുത്തുതുടങ്ങി. കഠിനപ്രായശ്ചിത്തത്തിനു് കടമയില്ലാത്തവരും പെസഹാവ്യാഴാഴ്ച ''അനുരഞ്ജനച്ചടങ്ങിൽ'' സംബന്ധിക്കാത്തവരുമാണവർ. എങ്കിലും വെഞ്ചരിച്ച ചാരം അവർ സ്വീകരിക്കും; നോമ്പുകാലത്തു കഴിവുള്ള പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്യും. ഇങ്ങനെ റോമിൽ ചിലരാരംഭിച്ച ചടങ്ങു ലത്തീൻസഭ മുഴവൻ വ്യാപിച്ചതാണു് ഇന്നത്തെ വിഭൂതിത്തിരുന്നാൾ.

## മരിച്ചവരുടെ ഓർമ്മ

പൗരസ്ത്യ റീത്തുകളിലും നോമ്പിനുള്ള ഒരുക്കമുണ്ടു്. സിറിയൻ റീത്തുകളിൽ മരിച്ചവരുടെ തിരുനാൾ ആചരിക്കുന്നതു നോമ്പു തുടങ്ങുന്നതിനു തലേവെള്ളിയാഴ്ചയാണു്. അതു മരണത്തെപ്പററിയുള്ള ചിന്ത നൽകാനുപകരിക്കും.

ഇവിടെ ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കുക. ലത്തീൻ റീത്തിൽ നവംബർ രണ്ടാംതീയതി മരിച്ചവരുടെ ഓർമ്മ ആചരിക്കുന്നതു് ക്രിസ്തുവിൻെറ പെസഹാരഹസ്യത്തിൻെറ വിവിധ വശങ്ങളെ പ്രസ്പഷ്ടമാക്കുന്ന (C. S. L· 102) ആരാധനക്രമവത്സരവുമായി യാതൊരു ബന്ധവുമില്ലാതെയാണു്. അതിനായി വർഷത്തിൽ ഒരു ദിവസം നിശ്ചയിച്ചുവെന്നുമാത്രം. എന്നാൽ സുറിയാനി റീത്തിൽ പെസഹാരഹസ്യത്തെ പ്രസ്പഷ്ടമാക്കത്തക്ക രീതിയിൽ ദനഹാക്കാലത്തിൻെറ അവസാനമാണീ തിരുനാൾ ആചരിക്കുന്നതു്. കർത്താവിൻെറ പിറവിയും മാമോദീസായും മാതാവിൻെറ അനുമോദനത്തിരുനാളും കഴിഞ്ഞശേഷം, കർത്താവിൻെറ പെസഹാരഹസ്യത്തിൽ—മരണത്തിൻേറയും ഉയിർപ്പിൻേറയും രഹസ്യ

ത്തിൽ — പങ്കെടുത്തതനുസരിച്ച സ്ഥാപകയോഹന്നാനേയും, വി. എസ്തപ്പാനോസിനേയും, ശിഷ്യന്മാരേയും, വിശുദ്ധരായ സഭാപിതാക്കന്മാരേയും വേദപാരംഗതന്മാരേയും അനുസ്മരിക്കുന്നുണ്ടു്. അതിനെത്തുടർന്നു ഈ പെസഹാരഹസ്യത്തിലൂടെ കടന്നുപോയ മരിച്ച വിശ്വാസികളെ അനുസ്മരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ശരിയായ ഒരു ക്രമം പാലിച്ചുകൊണ്ടാണു സുറിയാനിക്കാർ ആചരിക്കുന്നതെന്നു മനസ്സിലാക്കാം— ആരാധനക്രമത്തിൻെറ കാതലായ പെസഹാരഹസ്യം മാനദണ്ഡമാക്കിക്കൊണ്ടുതന്നെ.

സീറോമലബാർ റീത്തിൽ ലത്തീനെ അനുകരിച്ചുള്ള ഈ ചടങ്ങു തർജ്ജമചെയ്തുപയോഗിച്ചുതുടങ്ങി. ആദ്യകാലത്തു പരസ്യപ്രായശ്ചിത്തത്തിൻെറ അടയാളമാണു ചാരംപൂശലെന്നും, പരസ്യപാപികളാണു ചാരം സ്വീകരിച്ചിരുന്നതെന്നും നാം ഓർമ്മിക്കേണ്ടതുണ്ടു്. റീത്തുപുനരുദ്ധാരണത്തിൽ ലത്തീൻസഭയിലെ പുരാതന പ്രായശ്ചിത്തസമ്പ്രദായം നാം സ്വീകരിക്കേണ്ട യാതൊരാവശ്യവും കാണുന്നില്ല. നമ്മുടെ രീതിയനുസരിച്ച നോമ്പു തുടങ്ങിയതിനു രണ്ടുദിവസങ്ങൾക്കുശേഷം, വിഭൂതിത്തിരുന്നാളിൽ മരണത്തെപ്പററി സ്മരിക്കുന്നതു പ്രായശ്ചിത്തപ്രേരകമാണെന്നതും കാരണമല്ല. മരിച്ചവരുടെ ഓർമ്മ നോമ്പു തുടങ്ങുന്നതിനു തലേവെള്ളിയാഴ്ച, സുറിയാനിപഞ്ചാംഗമനുസരിച്ച് ആചരിക്കുന്നുണ്ടല്ലോ (23b).

23b. എങ്കിലും വിഭൂതിത്തിരുനാളിൻെറ ചടങ്ങുകൾ കണ്ടു തഴങ്ങിയവർക്കു് പൊതുവിൽ അതാകർഷകമായതിനാൽ അതിനൊരു പുതിയ (ദൈവവചന) ശുശ്രൂഷ ഉണ്ടാക്കുന്നുണ്ടു്. നിലവിലിരിക്കുന്ന നിയമമനുസരിച്ച വിവാഹം, ലത്തീൻകാർ ചെയ്യുന്നതുപോലെ, വിഭൂതിത്തിരുനാൾവരെ ആശീർവ്വദിക്കാമല്ലോ. അക്കാരണംകൊണ്ടാവാം, നോമ്പിൻെറ ആരംഭം സൂചിപ്പിക്കേണ്ട വിഭൂതിത്തിരുനാൾ, പേത്തുർത്തായെത്തുടർന്നു അന്നു വൈകിട്ടോ പിറേറദിവസം രാവിലേയോ നടത്താതെ, ബുധനാഴ്ചമാത്രം ആചരിക്കുന്നതു്. നോമ്പുകാലനമസ്കാരം പേത്തുർത്താ ദിവസം വൈകിട്ടുതുടങ്ങുകയും നോമ്പിൻെറ ആരംഭസൂചകമായ ചാരം പൂശൽ, ബുധനാഴ്ചമാത്രം നടത്തുകയും ചെയ്യുന്നതിൽ അപാകതയില്ലാതില്ല.

## മൂന്നു നോമ്പ്

മരിച്ചവരെക്കുറിച്ചുള്ള ഓർമ്മയ്ക്കു പുറമേ, ക്രൈസ്തവസമൂഹത്തെ നോമ്പിൻെറ അരൂപിയിലേയ്ക്കു നയിക്കാനുതകുന്നതാണു നിനിവേക്കാരുടെ അത്ഥനത്തിരുനാരം (Rogations of the Ninivites). യൗനാൻ (ജോനസ്) പ്രവാചകൻ പ്രായശ്ചിത്തം ചെയ്യാൻ ഉപദേശിക്കുന്നതും നിനിവേ നഗരക്കാർ ദൈവകാരുണ്യത്തിനായി പ്രാത്ഥിക്കുന്നതുമാണു തിരുനാളിൻെറ ചിന്താവിഷയം. ഈ തിരുനാരം പാത്രിയാർക്കീസ് ഏലിയായോ മാർ ഏമ്മായോ (Emmah) (24) തുടങ്ങിയതാണെന്നു് പറയപ്പെടുന്നു. പാപപരിഹാരാർത്ഥം പ്രായശ്ചിത്തകൃത്യങ്ങരം ചെയ്ത നിനിവേക്കാരെ അനുകരിക്കുവാൻ ഈ ചിന്ത നമ്മെ പ്രേരിപ്പിക്കുന്നു. മാർ അപ്രേം, നർസേ, അന്ത്യോക്യായിലെ ഐസക്ക് (25) എന്നിവർ ഈ തിരുനാളിനെ വ്യാഖ്യാനിക്കുന്നുണ്ട്. അതുകൊണ്ട് ആദിമനൂററാണ്ടുകളിൽ ഈ തിരുനാളാഘോഷം സാധാരണമായിരുന്നെന്നു് വിശ്വസിക്കാം. ഈ തിരുനാരം ആഘോഷിക്കുന്നതോടൊപ്പം വിശ്വാസികരംക്കു് അതുവഴി ധ്യാനിക്കുവാൻ ഒരവസരമൊരുക്കുകയാണു് പൗരസ്ത്യസുറിയാനി പിതാക്കന്മാർ ചെയ്തതു്. ജനങ്ങരം സാമാന്യമായി പ്രായശ്ചിത്തത്തിലേയ്ക്കും പ്രാർത്ഥനയിലേയ്ക്കും തിരിയുന്നില്ലെന്നു മനസ്സിലാക്കിയതിൻെറ ഫലമായി, വർഷത്തിൽ

---

24. PO. VII p. 68.
25. SCHER A, Traites d' Isaie le docteur et de Hnana d' Adiabene sur les martyrs, le vendredi d'or et less rogations, PO VII, 1–96.

ഏതാനും ദിവസങ്ങൾ ഇതിനു മാററിവയ്ക്കുന്നതു് ഉപകാരപ്രദമെന്നു് അവർക്കു തോന്നിയിരിക്കാം. (26).

## D വലിയനോമ്പു്

ക്രിസ്തുവിൻെറ ജ്ഞാനസ്നാനസ്വീകരണാനന്തരമുള്ള ഉപവാസത്തെ സൂചിപ്പിക്കുവാനാണു നാം നോമ്പു് ആചരിക്കുക. ദനഹാ്യ്ക്കു (ക്രിസ്തുവിൻെറ വെളിപ്പെടുത്തലിനു) ശേഷമാണല്ലോ ആരാധനക്രമവത്സരത്തിൽ നോമ്പുകാലംവരുന്നതു്. ശാരീരികവും ആത്മീയവുമായ സകല അവശതകളിൽനിന്നും നമ്മെ സമുദ്ധരിക്കുവാനുള്ളതാണിതു്. ഇതു് രക്ഷയുടെ കാലവുമാണു്. ഈ ലോകത്തിൽ നാം ചെയ്യുന്ന പാപങ്ങൾക്കും കുററങ്ങൾക്കും മോചനം വാങ്ങുവാനും ദൈവത്തിൽ ശരണപ്പെടുവാനും അതുവഴി ദൈവത്തോടടുക്കുവാനുമുതകുന്ന അവസരമാണു് നോമ്പു് (27). ഇക്കാലത്തെ ഒന്നാം ചൊവ്വാഴ്ചത്തെ കാഴ്ചവയ്പ്പു പ്രദക്ഷിണഗീതത്തിൽ ഈ കാലത്തിൻെറ അ

---

26. "Et comme les affaires du monde ne nous permettent pas de passer toute notre vie a faire des rogations et des prieres, nos Peres nous ordonnerent de nous reunir a l' eglise au moins deux ou trois fois par an, a fin de nous appliquer jour et nuit sans interruption, aux priere, de nous repentir de nos peches, de nous abstenir de nos crimes ........ afin de nous efforcer a faire des balances d–equite et des poids et des measures de justice; afin de nous arracher aux proces et aux disputes avec les autres; afin de nous accuser dans cette sainte maison, refuge et propitiation de nos ames...." PO VII p. 77.

27. Supplementum p. 53; നോമ്പു് ഒന്നാം ഞായർ കാഴ്ചവയ്പ്പു പ്രദക്ഷിണഗീതം.

രൂപി വ്യക്തമായിക്കാണാം: ‘‘പ്രാത്ഥനയോടും, ഉപവാസത്തോടും അനുതാപത്തോടുംകൂടെ നമുക്കു ക്രിസ്റ്റുവിനോടു കേണപേക്ഷിക്കാം.’’ (28).

## അമ്പതുനോമ്പ് - നാല്പതു ദിവസം

i. ലത്തീൻ റീത്തിൽ

ഉയിർപ്പുതിരുനാളിനൊരുക്കമായുള്ള നോമ്പിനു് ‘വലിയനോമ്പ്’’ എന്നും അമ്പതുനോമ്പെന്നും നാം പറയാറുണ്ടു്. മൂന്നുനോമ്പ്, എട്ടുനോമ്പ്, ഇരുപത്തഞ്ചു നോമ്പ് ഇവയെക്കാൾ ദീർഘമാണതെന്ന കാരണത്താൽ വലിയനോമ്പ് എന്ന സംജ്ഞ ശരിയാണു്. പേത്തുർത്താ ഞായർമുതൽ ഉയിർപ്പുതിരുനാൾ ഉൾപ്പെടെ അമ്പതു ദിവസമുള്ളതുകൊണ്ടാവാം അമ്പതുനോമ്പെന്ന പേരുണ്ടായതു്. എന്നാൽ ലത്തീനിൽ ഇതിനു് നാല്പതുദിവസം (Quadragesima) എന്നാണു് പേരു്. ഇതിൻെറ കാരണമെന്തായിരിക്കാം?

ലത്തീൻ സഭയിൽ വലിയനോമ്പ് ആരംഭിച്ചിരുന്നതു് പേത്തുർത്ത കഴിഞ്ഞുവരുന്ന ഞായറാഴ്ചമുതലാണു്. ഇതു് ആ ദിവസത്തെ ബലിയിലെ secret പ്രാത്ഥനയിൽനിന്നു വ്യക്തമാണു്: ‘‘നോമ്പിൻെറ ആരംഭത്തിലെ ബലി നാം സസന്തോഷം അർപ്പിക്കുന്നു.’’ ആ ഞായറാഴ്ചമുതൽ ഉയിർപ്പുവരെ ആറാഴ്ചകളുണ്ടു്— 42 ദിവസങ്ങൾ. ആദിമകാലത്തു് നോമ്പ് പെസഹാവ്യാഴംകൊണ്ടു അവസാനിച്ചിരുന്നു. കാരണം, കത്താവിൻെറ മരണവും ഉയിർപ്പും ഉൾക്കൊള്ളുന്ന പെസഹാരഹസ്യത്തിൻെറ പ്രത്യേക അനുസ്മരണം വെള്ളിയാഴ്ച ആരംഭി

28. Ibid. P. 54

ച്ചിരുന്നു. അതുകൊണ്ട് അവസാനത്തെ ആഴ്ചയിൽ ആദ്യത്തെ അഞ്ചു ദിവസങ്ങളേ നോമ്പായി കണക്കാക്കിയിരുന്നുള്ളു. അപ്പോൾ ഈ ആറാഴ്ചകൾക്കുംകൂടി നാല്പതു ദിവസങ്ങളേ നോമ്പിനുണ്ടായിരുന്നുള്ളു– (35 + 5 = 40). അതിനാൽ ലത്തീനിൽ ''നാല്പതു ദിവസത്തെ നോമ്പ്'' (Quadragesima) എന്ന പേരുണ്ടായി.

വിശ്വാസികൾ തങ്ങളെത്തന്നെ പ്രത്യേകവിധത്തിൽ വിശുദ്ധീകരിച്ച് ഉയിർപ്പുതിരുനാളിനൊരുങ്ങിയ കാലഘട്ടമായിരുന്നു, ആദിമസഭയിലെ വലിയ നോമ്പ്. അത്, ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ തയാറെടുത്തിരുന്നവർ ദുഃഖശനിയാഴ്ച മാമോദീസാ സ്വീകരിക്കുന്നതിനു ജാഗ്രതയോടെ ഒരുങ്ങിയ അവസരവുമായിരുന്നു; അതു സൂചിപ്പിച്ചതു് സഭയിലാകെയുണ്ടായിരുന്ന നവീകരണത്തിൻേറയും പ്രാർത്ഥനാചൈതന്യത്തിൻേറയും സമയമാണ്. ആറും ഏഴും നൂററാണ്ടുകളായപ്പോൾ ഉപവാസം നോമ്പിൻെറ പ്രധാന ഘടകമായിത്തീർന്നു. എന്നാൽ ഞായറാഴ്ച– അതു് ഉയിർപ്പിൻെറ സന്തോഷത്തെ ദ്യോതിപ്പിക്കുന്നു– ഉപവാസം നിഷിദ്ധമായിരുന്നു. അതുകൊണ്ടു ഞായറാഴ്ചകൾ ഉൾപ്പെടുത്തി നോമ്പുദിവസങ്ങൾ എണ്ണിയിരുന്ന രീതി തുടരുക സാധ്യമല്ലാതെയായി. ''നാല്പതുദിവസ''ങ്ങളിൽനിന്നു് ആറു ഞായറാഴ്ചകൾ നീക്കിയാൽ 34 ദിവസങ്ങളേ ഉള്ളല്ലോ. നോമ്പുദിവസങ്ങൾ വർദ്ധിപ്പിക്കാൻ ദു:ഖവെള്ളിയും ദു:ഖശനിയും അവയോടുചേർത്തു. എന്നാലും 36 ദിവസങ്ങളേ ആവുകയുള്ളു. അതുകൊണ്ടു നോമ്പിൻെറ ആരംഭം നേരത്തെ ആക്കേണ്ടിവന്നു. പരസ്യമായി പ്രായശ്ചിത്തം ചെയ്യുന്നവർക്കു് പൂശാനുള്ള ചാരം നൽകിയിരുന്ന വിഭൂതിത്തിരുനാൾ നോമ്പിൻെറ ആരംഭമാക്കി. ശനിയാഴ്ച

വരെയുള്ള നാലു ദിവങ്ങരംകൂടി ചേത്തപ്പോരം വീണ്ടും നോമ്പിനു നാല്പതുദിവസം ലഭിച്ചു.

ii സുറിയാനി റീത്തിൽ

പേത്തുർത്താമുതൽ ഉയിർപ്പുതിരുനാരംവരെയുള്ള 50 ദിവസങ്ങളിൽനിന്നു് എട്ടു ഞായറാഴ്ചകളും ദുഃഖവെള്ളിയും ദുഃഖശനിയും നീക്കിയാൽ നാല്പതു ഉപവാസദിവസങ്ങളായി. ഇക്കണക്കനുസരിച്ചു് നോമ്പു് ആരംഭിക്കുന്നതു് പേത്തുർത്തായുടെ പിറേറദിവസം—തിങ്കളാഴ്ച— ആണു്, ബുധനാഴ്ച അല്ല (28a).

iii വേദപുസ്തകത്തിൽ ''നാല്പതു്''

പ്രായശ്ചിത്തത്തിൻേറയും വിശുദ്ധീകരണത്തിൻേറയും സമയമായ ഈ നാല്പതു ദിവസത്തെ നോമ്പിനു് പല പ്രതിഛായകളും വേദപുസ്തകത്തിൽനിന്നു് എടുത്തുകാണിക്കാറുണ്ടു്. നാല്പതുദിവസം നീണ്ടുനിന്ന നോഹിൻേറ കാലത്തേ ജലപ്രളയം, (ഉല്പത്തി 6: 5–9), നാല്പതുദിവസം മോശ ദൈവവുമായി മലമുകളിൽ വസിച്ചതു് (പുറപ്പാടു് 24: 15–18), നാല്പതുദിവസം നടന്നു്

28a. ലത്തീൻകാർ അന്നു നോമ്പാരംഭിക്കാഞ്ഞതു്, ആ തിങ്കളാഴ്ചയും അതിൻേറ തലേദിവസവും പിറേറദിവസവും ചേർന്നുള്ള മൂന്നു ദിവസങ്ങരം നോമ്പിനു് ഒരുക്കമായി ഒരു തിരുനാരം റോമിൽ ഘോഷിച്ചിരുന്നതിനാലാണു്. കാർണിവൽ (Carnival) എന്നാണതിൻേറ പേരു്. മാംസത്തോടു വിടവാങ്ങാനുള്ള സമയമെന്നു് അർത്ഥം. കുടിയിലും തീററിയിലും കളിയിലും ആനന്ദത്തിലും ഈ മൂന്നു ദിവസങ്ങരം ചെലവഴിക്കുന്നു. ഉപവാസത്തിനുമുമ്പ് ഇത്തരത്തിൽ ഘോഷിക്കുന്ന തിരുനാരം പേഗൻ അരൂപിയിലുള്ളതാണെന്നു വാസ്തവമാണു്.

ഏലിയാ ദൈവത്തിൻെറ മലകയറിയതു് (1 രാജാ. 19: 5–8), നിനിവേക്കാരുടെ മാനസാന്തരത്തിനു് ദൈവം നാല്പതു ദിവസത്തെ അവധി നൽകിയതു് (യോനാ 3: 4), ഇസ്രായേൽജനം വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുന്നതിനുമുൻപു് നാല്പതുവർഷം മരുഭൂമിയിലൂടെ അലഞ്ഞുതിരിഞ്ഞതു് (സംഖ്യ 13, 14....), പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പു് ഈശോ നാല്പതുദിവസം ഉപവസിച്ചതു് (മത്താ 4: 1–3), ഉയിർപ്പിനും സ്വർഗ്ഗാരോഹണത്തിനുമിടയ്ക്കു് നാല്പതു ദിവസം കർത്താവു് ശിഷ്യന്മാരെ പരിപൂർണ്ണതയിൽ വളർത്തി സഭയ്ക്കു കൂടുതൽ കെട്ടുറപ്പു നൽകിയതു് (നടപടി 1: 3) (28b).

## നോമ്പിൻെറ ചൈതന്യം

ക്രിസ്തുനാഥൻെറ പീഡാസഹനവും മരണവും ഈ കാലത്തു അനുസ്മരിക്കുന്നുണ്ടു്: ''ക്രിസ്തുവിൻെറ സഭ തുറമുഖവും അഭയകേന്ദ്രവുമാണു്; കടലിലെന്നതുപോലെ പാപത്തിൽ നിപതിച്ചവരെ അതു് സ്വീകരിക്കുകയും ക്രിസ്തുവിൻെറ മഹത്തായ ശക്തിയാൽ രക്ഷിക്കുകയും ചെയ്യുന്നു.'' (29).

നാലാംബുധനാഴ്ചത്തെ കാഴ്ചവയ്പു പ്രദക്ഷിണഗീതം, ശരീരത്തിൻെറ ഉപവാസവും ഇന്ദ്രിയനിഗ്രഹവും തമ്മിലുള്ള ബന്ധത്തെപ്പററി പ്രസ്താവിക്കുന്നുണ്ടു്: ''ശരീരം ഭക്ഷണമുപേക്ഷിക്കുമ്പോൾ ആത്മാവു് ദുശ്ശീലങ്ങളെ വിട്ടുപേക്ഷിക്കണം. ആത്മാവു് ദുശ്ശീലങ്ങളുടെ ഹീനമായ വഞ്ചനകളിൽനിന്നു് വിട്ടുമാറുന്നില്ലെങ്കിൽ

---

28b. POELMAN R. Il segno biblico dei quaranta giorni, Brescia, 1964 തിരുഹൃദയമാസിക 31 (1967) 129–30

29. Ibid. p. 56

ഭക്ഷണംമാത്രം ഉപേക്ഷിക്കുന്നതു് നിഷ്പ്രയോജനമാകുന്നു.'' (30).

നോമ്പിൻെറ അവസാനത്തെ ആഴ്ചയിൽ, മനുഷ്യാവതാരം ചെയ്ത രക്ഷകനിൽ പൂർത്തിയാക്കപ്പെട്ട പരിത്രാണകർമ്മത്തിൻെറ അവസാനത്തെപ്പടിയാണു് നാം കാണുക. ക്രിസ്തു തൻെറ രക്തംവഴി സമ്പാദിച്ചു് വിജയകരമായ ഉത്ഥാനംവഴി മകുടം ചാർത്തിയ രക്ഷാകരകൃത്യം അൾത്താരയിലെ ബലിവഴി നിത്യമാക്കിത്തീർത്തു. താഴെപ്പറയുന്ന ഭാഗങ്ങൾ ഇതു് വ്യക്തമാക്കുന്നു. ഓശാന ഞായറിലെ ദിവ്യകാരുണ്യസ്വീകരണഗീതത്തിൽ വായിക്കുന്നു:

''നമ്മുടെ രക്ഷയ്ക്കുവേണ്ടി മുറിക്കപ്പെട്ട ശരീരവും നമുക്കുവേണ്ടി ചിന്തപ്പെട്ട രക്തവും നമ്മുടെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്ന ദാനങ്ങളാണു്. ആ മഹാരഹസ്യത്തിൻെറ ദാനങ്ങൾ സ്വീകരിക്കുവിൻ'' (31). ''നമുക്കുവേണ്ടി പീഡകൾ സഹിച്ച മിശിഹായുടെ ശരീരവും രക്തവും അനുതാപത്തോടെ നമുക്കു് സ്വീകരിക്കാം'' എന്നു് പെസഹാവ്യാഴാഴ്ചത്തെ ദിവ്യകാരുണ്യ സ്വീകരണഗീതത്തിൽ കാണുന്നു (32). ഉയിർപ്പുതിരുനാളിൻെറ അഴിക്കാലിങ്കലെ ഗീതം ഇപ്രകാരമാണു്:

''മർത്ത്യരേ, നിങ്ങൾ സന്തോഷിക്കുകയും സമാശ്വസിക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ മരണത്തിൻെറ ശക്തി നശിപ്പിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുതൻെറ ശക്തിയാൽ മരണത്തെ ജയിച്ചു; ഉത്ഥാനംവഴി നമുക്കു ര

30. Ibid. p. 68
31. Ibid. p. 79
32. Ibid. p. 84; പെസഹാവ്യാഴം, ദിവ്യകാരുണ്യസ്വീകരണ ഗീതം.

ക്ഷ വാഗ്ദാനം ചെയ്യുകയും ചെയ്തു'' (33). പെസഹാവ്യാഴാഴ്ചത്തെ അതേഗീതം കാണുക: ''തന്റെ രക്തത്തിന്റെ ഉടമ്പടിയാൽ ക്രിസ്തു നമ്മുടെ വിമോചകനായിത്തീന്നു'' (34).

നാലാംനൂററാണ്ടിലോ അതിനുമുമ്പോ സുറിയാനി ഭാഷയിൽ വിരിചിതമായ ''അപ്പസ്തോലന്മാരുടെ പഠനങ്ങളുടെ (Didascalia) ഏഴാംകാനനിൽ, ''ഉയിർപ്പിനുമുമ്പു ക്രിസ്തുവിന്റെ സഹനത്തേയും ഉയിർപ്പിനേയും അനുസ്മരിക്കുന്ന നാല്പതു ദിവസത്തെ നോമ്പിനെ''പ്പററിപ്പറയുന്നുണ്ടു്.

ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന അഞ്ചാംനൂററാണ്ടിലെ ഒരു കൈയ്യെഴുത്തുപ്രതിയിൽ ആരാധനക്രമവത്സരത്തിലെ വായനകളുടെ ഒരു സൂചിക കാണാം (35). ആ വിഷയ സൂചികയിൽ നോമ്പിലെ ആദ്യ ആഴ്ചയിലേയും മദ്ധ്യത്തിലെ ആഴ്ചയിലേയും വലിയ ആഴ്ചയിലേയും വായനകഠം എടുത്തു കാട്ടുന്നുണ്ടു്. ആ ദിവസങ്ങളിൽ മാത്രമേ ദിവ്യബലിയപ്പ്ണം ഉണ്ടായിരുന്നുള്ളവെന്നത്രേ അതു വ്യക്തമാക്കുന്നതു്. (ആ ദിവസങ്ങളിൽ വി. കുർബാന സ്വീകരണശുശ്രൂഷ – Mass of the Presanctified– ഉണ്ടായിരുന്നതായി കണക്കാക്കിയാലുംമതിയെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്.) ഇക്കാരണത്താലാണു് പൗരസ്ത്യസുറിയാനിക്കാരുടെ ഇപ്പോഴത്തെ ഔദ്യോഗിക പഞ്ചാംഗം നോമ്പിലെ മററു് ആഴ്ചദിവസങ്ങഠംക്കു പ്രത്യേകം വായനകഠം നൽകാത്തതു്.

33. Ibid. p. 86 ഉയിർപ്പു്, അഴിക്കാലിങ്കലെ ഗീതം.
34. Ibid. p. 83 പെസഹാവ്യാഴം, അഴിക്കാലിങ്കലെ ഗീതം
35. Brit. Museum Add. 14528, ക്ലാവാ ദ് പുറശ് ഖെറിയാന fol 152–192.

പൗരസ്ത്യസുറിയാനിക്കാരുടേയും യൂദന്മാരുടേയും നോമ്പാചരണങ്ങൾക്ക് സാമ്യമുണ്ട്. കാരണം സുറിയാനിക്കാരുടെ നോമ്പിലെ ഒന്നാംഞായറാഴ്ചയിലേയും യൂദന്മാരുടെ പരിഹാരത്തിരുനാളിലേയും (Yom Kippur) വായനകൾ ഒന്നുതന്നെയാണ്. ഇതു് ഏശയ്യായുടെ പ്രവചനം 58–ാം അദ്ധ്യായത്തിൽനിന്നാണ് (1–12, 14 വാക്യങ്ങൾ).

ഇസ്രായേൽ ജനത്തിൻെറ ചെങ്കടലിലൂടെയുള്ള പ്രയാണം (Pass-over =പെസഹാ) അനുസ്മരിക്കുന്ന പുറപ്പാടിൻെറ പുസ്തകത്തിൽനിന്നുള്ള ഭാഗങ്ങൾ (12–ാം അദ്ധ്യായം) പൗരസ്ത്യസുറിയാനിസഭയിലും സിനഗോഗുകളിലും മാത്രമേ പെസഹാത്തിരുന്നാളിനോടനുബന്ധിച്ചു വായിക്കുന്നുള്ളു. പൗരസ്ത്യസിറിയൻ സഭയിൽ പെസഹാവ്യാഴാഴ്ചയും സിനഗോഗിൽ പെസഹാത്തിരുനാളിൻെറ തലേ ശനിയാഴ്ചയുമാണ് ഇതു വായിക്കുക. അടുത്തുവരുന്ന പെസഹായെ (മിശിഹായുടെ ഉയിർപ്പ്) അനുസ്മരിപ്പിക്കുന്ന വായനയെന്നനിലയിൽ പൗരസ്ത്യസുറിയാനിക്കാർ ഇതു സൂക്ഷിച്ചുപോരുന്നു (36).

ആരാധനക്രമപരമായി നോമ്പിലെ ദിവസങ്ങളെ മൂന്നായി തരംതിരിക്കാം:

---

36. WERNER ERIC., The sacred Bridge, London 1959, p. 66. ഉയിർപ്പുതിരുനാളും യൂദന്മാരുടെ പെസഹായും തമ്മിലുള്ളബന്ധംകാണുവാൻ cf. BAUMSTARK A, Comparative Liturgy, London, 1958, P. 164-174. cfr, LE DEAUT, LA Nuit Pascale, Rome, 1963, p. 63 ff.
ഉയിർപ്പ് കർത്താവിൻെറ പീഡാസഹനവും പെസഹായു (കടന്നുപോകൽ) മായി ബന്ധപ്പെട്ടുകാണാൻ: cf. CASEL. O., La F ete de Paquee, Paris 1963; BOUYER L., Le Mystere Pascal Paris, 1960.

–ഞായറാഴ്ചകൾ.
–സമൂഹത്തിന്റെ ശുശ്രൂഷകളുള്ള (Synaxis) ഇട ദിവസങ്ങൾ.
–സമൂഹ ശുശ്രൂഷയില്ലാത്ത ഇടദിവസങ്ങൾ.

ഇവയിൽസമൂഹശുശ്രൂഷയുള്ള ഇടദിവസങ്ങളാണ് ഒന്നാമത്തേയും, നാലാമത്തേയും, ഏഴാമത്തേയും ആഴ്ച കൾ. ഈ ദിവസങ്ങളിൽ സായംകാലത്ത് വിശ്വാസി കൾ ദൈവവചനം കേൾക്കുവാൻ കൂടിയിരുന്നു. തുടർന്നു ള്ള ദിവ്യകാരുണ്യസ്വീകരണശുശ്രൂഷയിൽ (Mass of the presanctified) തിരുശ്ശരീരരക്തങ്ങൾ സ്വീകരിച്ച് അവർ അന്നത്തെ ദിവസത്തെ ഉപവാസം ഭഞ്ജിച്ചിരുന്നു. ഉ പവാസദിവസങ്ങളിൽ ആളുകൾ മുട്ടുകുത്തിയിരുന്നെ ന്നും എന്നാൽ മുഴുവൻകുർബാന– അനുത്യത്താഴവിവരണ വും കൂദാശ സ്ഥാപനവിവരണവും– ഇല്ലായിരുന്നുവെ ന്നും അർബെലിലെ ജോർജ്ജ് പറയുന്നുണ്ട് (36a).

സമൂഹശുശ്രൂഷകളുള്ള ഇടദിവസങ്ങളിൽ (ferial days of synaxis) മാത്രമായിരുന്നു ജനങ്ങൾ ഉപവസി ക്കുവാൻ കടപ്പെട്ടിരുന്നത്. ഉയിർപ്പുതിരുന്നാളിനു മുമ്പ് റോമാക്കാർ മൂന്നാഴ്ചകളും അലക്സാണ്ടറിയാക്കാർ ആറാ ഴ്ചകളും ഉപവാസമനുഷ്ഠിച്ചിരുന്നെന്ന് സോക്രട്ടീസ് എഴ തിയ ''സഭാചരിത്ര''ത്തിൽ (439–443 A. D.) രേഖപ്പെ ടുത്തിയിരിക്കുന്നു. എന്നാൽ മററുള്ളവർ അതിന് ഏഴ് ആഴ്ച മുമ്പ് നോമ്പ് തുടങ്ങുന്നുവെങ്കിലും ഇടവിട്ടുള്ള മൂന്നാഴ്ച കളിൽ മാത്രമേ അതാചരിച്ചിരുന്നുള്ളുവെന്നും അദ്ദേഹം

36a. Expositio.... p. 62 (52) Interpretatio Officiorum, pp. 72–73 (66–67).

പ്രസ്താവിക്കുന്നുണ്ട് (36b). ഇതിൽ അവസാനത്തെ വിവരണം പൗരസ്ത്യ സുറിയാനിക്കാരുടെ ആചാരത്തോട് യോജിക്കുന്നു. അവരുടെ പഞ്ചാംഗത്തിൽ മൂന്നാഴ്ചകൾ മാത്രമേ നോമ്പാചരണത്തിനായി മാററിവച്ചിട്ടുള്ളു.

സമൂഹശുശ്രൂഷകൂടാതെയുള്ള ഇടദിവസങ്ങളിൽ (Ferial days without synaxis) കൽദായരുടെ കാനോനനമസ്കാരത്തിൽ ദിവ്യകാരുണ്യസ്വീകരണഗീതം കാണാം. ഇവിടെ ഒന്നു രണ്ടു സംശയങ്ങൾ ഉദിക്കുന്നു. ആ ദിവസങ്ങളിൽ കുർബാനസ്വീകരണമുണ്ടായിരുന്നെന്നു അർത്ഥമാക്കാമോ? സമൂഹശുശ്രൂഷ ഇല്ലായിരുന്നെങ്കിൽ ആരാണ് അതു സ്വീകരിച്ചിരുന്നതു്? ഫാദർ മത്തെയോയുടെ (Mateos Juan S. J.) അഭിപ്രായത്തിൽ, ആ ദിവസങ്ങളിൽ സന്യാസികൾ മാത്രമെ കുർബാന സ്വീകരിച്ചിരുന്നുള്ളു (36c). നോമ്പിലെ എല്ലാ ആഴ്ചയിലും സന്യാസികൾ ഉപവസിച്ചിരുന്നതാവാം ഇതിനു കാരണം.

നോമ്പിലെ ദിവസങ്ങളെ തരംതിരിച്ചിരിക്കുന്നതു നോക്കുമ്പോൾ ഒരു കാര്യം ചൂണ്ടികാട്ടാൻ കഴിയും:

---

36b. "Nam qui Romae sunt, tres continuas hebdomadas ante Pascha, exceptis Sabbato et Dominico die, jejunant. Qui vero in Illirico et per universam Achiam, et qui Alexandriae degunt, sex ante Pascha septimanas jejunant, idque jejunium Quadragesimam vocant. Alii rursus, diversam ab illis mores secuti, septima hebdomada ante pascha jejunium ordiuntur; ac tres dumtaxat septimanas, quinque dierum singulas per intervalla jejunantes, nihilominus hoc tempus ipsi quoque Quadragesima appellant" PG. 67 col. 634.

36c. MATEOS J., Les "Semaines de Mysteres" du Careme Chaldeinne OS IV (1959) 455.

തുടർന്നുള്ള ഏഴാഴ്ചകളേക്കാം, ഇടവിട്ടുള്ള മൂന്നാഴ്ചകാ നോമ്പാചരിക്കുന്നതാണ് സാധാരണ ഗതിയിൽ മനുഷ്യപ്രകൃതിക്കു സ്വീകാര്യം. കൂടുതൽ പ്രായോഗികവും ആന്തരികജീവിതാഭിവൃദ്ധിക്കു് കൂടുതൽ ഗുണകരവും അതായിരിക്കും.

## E ഉയിർപ്പ്

പെസഹാവ്യാഴാഴ്ചയുടെ തലേദിവസം സായാഹ്നത്തോടുകൂടി യഥാർത്ഥത്തിൽ നോമ്പാചരണകാലം അവസാനിക്കുന്നു. പരി. കുർബാനയുടെ സ്ഥാപനത്തെപ്പററി പൗലോസ്ശ്ലീഹാ പറയുന്ന ഭാഗങ്ങാം പെസഹാവ്യാഴാഴ്ചത്തെ കുർബാനയിൽ വായിക്കുന്നുണ്ട്. യൗനാൻ നിവ്യായുടെ അടയാളത്തെ ഉയിർത്തെഴുന്നേററ ക്രിസ്തുവിൻെറ പ്രതിരൂപമായും അപ്പസ്തോലന്മാരെ ലോകത്തിൻെറ വെളിച്ചമായുമാണ് അന്നത്തെ സുവിശേഷഭാഗം വിശേഷിപ്പിക്കുക. ദുഃഖശനിയാഴ്ച (ദിവസം) മഹത്ത്വപൂർണ്ണമായ കുരിശിനെപ്പററിയുള്ള ചിന്ത നമ്മിലുദിക്കുന്നു (37). വലിയ ആഴ്ച (ആഴ്ചകളുടെ ആഴ്ച എന്നു സുറിയാനിയിൽ) പൂർണ്ണമായും പരിശുദ്ധകുർബാനയിൽ കേന്ദ്രീകരിച്ചിരിക്കുന്നു (38). കുർബാനസ്ഥാപനം, പരിശുദ്ധകുർബാനയും കുരിശും തമ്മിലുള്ള ബന്ധം, കുരിശിൻെറ തുടർച്ചയായ അൾത്താര ഇവയെല്ലാം ഇക്കാലത്തു് അനുസ്മരിക്കുന്ന വസ്തുതകളാണ്.

തൻെറ ഉയിർപ്പുമൂലം മരണത്തെ ക്രിസ്തു ജയിച്ചുവെന്നു് വ്യക്തമാക്കുന്ന കാര്യങ്ങളാണ് ശൂന്യമായ കല്ല

---

37. 1 കൊറി 5: 7–8; 10: 15–17; 11; 23–25; മത്താ: 26: 1–5; 14–30.

38. cf. MATEOS J., Les Semaines de Mysteres, OS IV (1959) 449–458.

റ, സ്വർഗ്ഗാരോഹണം, ഉയിർപ്പിന്റെ ഫലമായ മാനുഷികവും പ്രാപഞ്ചികവുമായ (Cosmic) സമാധാനം, ഉത്ഥാനാനന്തരമുള്ള പ്രത്യക്ഷപ്പെടൽ, മനുഷ്യരോടൊത്തുള്ള വാസം എന്നിവയും സന്തോഷദായകമായ ഉയിർപ്പുകാലത്തു് ഓർമ്മിക്കുന്നുണ്ടു് (39).

ഉയിർപ്പിനുശേഷം ആദ്യംവരുന്നവെള്ളിയാഴ്ചയാണു് വന്ദകന്മാരെ (Confessors) പ്പററിയുള്ള ഓർമ്മ ആചരിക്കുന്നതു്. ഈ കാലത്തു് മഹാന്മാരും, വിശുദ്ധരും, മഹത്വപൂർണ്ണരായ വന്ദകന്മാരുടെ ഓർമ്മ ആചരിക്കുന്നതിനെപ്പററി സഭാപണ്ഡിതനായ മാർ ഐസക്കു് പറയുന്നതിപ്രകാരമാണു്: ''കഴിഞ്ഞ വെള്ളിയാഴ്ച (ദുഃഖവെള്ളി) യൂദന്മാർ ക്രിസ്തുവിനെ അവഹേളിക്കുകയും ദൈവദൂഷണം പറയുകയും ചെയ്യുന്നതു നാം കേട്ടു. ഈ വെള്ളിയാഴ്ച രക്തസാക്ഷികൾ ക്രിസ്തുവിനെ ഏററുപറയുവാനും അവിടത്തെ മഹത്വം വിളംബരം ചെയ്യുവാനും നാം ആഗ്രഹിക്കുന്നു. സത്യാധിഷ്ഠിതമായ തന്റെ ആദർശങ്ങളെ പ്രതി മരിച്ച നമ്മുടെ രക്ഷകന്റെ പീഡാസഹനം നാം കഴിഞ്ഞയാഴ്ച ആചരിച്ചുകഴിഞ്ഞു. തുടർന്നു് ക്രിസ്തുവിന്റെ ഉയിർപ്പിൽ വിശ്വാസമർപ്പിച്ചതിനു് പീഡകൾ സഹിക്കുകയും മരിക്കുകയും ചെയ്ത വന്ദകന്മാരുടെ ഓർമ്മ ഇന്നു് നമുക്കു് ആചരിക്കാം'' (40). മാർ ഐസക്കു് തുടർന്നു പറയുന്നു: ''ക്രിസ്തു തന്റെ രക്തംകൊണ്ടുതന്നെ ഒരുടമ്പടിക്കു് മുദ്രചാർത്തി (ഹീബ്രു. 9: 16). തങ്ങളുടെ ഉയിർപ്പിലുള്ള വിശ്വാസംമൂലം ആ ഉടമ്പടിയിൽ രക്തംകൊണ്ടുകൂടി ഒപ്പു വച്ച രക്തസാക്ഷികളുടെ ധീരതയാണു് ഈ വെള്ളിയാഴ്ച നാം അനുസ്മരിക്കുന്നതു് (41).

---

39. Supplementum, p. 88.
40. PO VII, p. 27
41. Ibidem p. 28

കുരിശും ഉയിർപ്പും തമ്മിലുള്ള ബന്ധം സ്ഥാപിക്കാനാണ് ഈ തിരുനാൾ സ്ഥാപിച്ചപ്പോൾ പൗരസ്ത്യ സുറിയാനിപിതാക്കന്മാർ ആഗ്രഹിച്ചത്. ക്രിസ്തുവിന്റേയും നമ്മുടേയും ഉയിർപ്പ് അവരുടെ ചിന്തയ്ക്കു വിഷയമായിരുന്നു. ഇവ മൂഖേന ഭാവിമഹത്വത്തിലുള്ള പ്രത്യാശ നമ്മിൽ ഉളവാക്കിയിരിക്കുന്നു (42).

## F ശ്ലീഹാക്കാലം

ശ്ലീഹാക്കാലം ആരംഭിക്കുന്നത് പന്തക്കുസ്താദിനം കൊണ്ടാണ് (43). ക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തി തുടരുവാനുള്ള ശക്തി പരിശുദ്ധാത്മാവാണല്ലോ. അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും പരിശുദ്ധാത്മാവ് നൽകപ്പെട്ടത് പന്തക്കുസ്താദിനമാണ്. സുവിശേഷപ്രചരണാർത്ഥം ശ്ലീഹന്മാർ സഹിച്ച വിഷമതകളും അനുഭവിച്ച ക്ലേശങ്ങളും അനുകരണാർഹംതന്നെ: ''വിശുദ്ധരായ അപ്പസ്തോലന്മാരെ, നിങ്ങൾ, മാലാഖാമാരെ അനുകരിക്കുന്നതിൽ തീക്ഷ്ണമതികളായിരുന്നു. നന്മരഹിതരും ഉപദ്രവകാരികളുമായ അരൂപികളോടു നിങ്ങൾ സമരം ചെയ്തു. ദൈവശക്തിയാൽ അവരെ പരാജയപ്പെടുത്തി'' (44).

---

42. "..Afin que leur souvenir proclamat leur souffrances et (fit connaitre) qu'ils sont toujours restes attaches jusqu'a la mort a leur Maitre....que ce voisinage de la commemoration des souffrances des saints nous fit comprendre que, de meme la solemnite de leur commemoration est a proximite de la resurrection glorieuse de notre Sauveur, de meme aussi sont pres du Christ et participent a ses bienfaits....". PO VII p. 77.
43. Supplementum, p. 88
44. Ibid. p. 123.

## G ഗ്രീഷ്മകാലം (Summer)

''പന്ത്രണ്ട് അപ്പസ്തോലന്മാരുടെ'' തിരുനാളോടു കൂടിയാണ് ഈ കാലം ആരംഭിക്കുന്നത്. ''അപ്പസ്തോലന്മാർ ലോകത്തിൻെറ നാലതിർത്തികളിലേയ്ക്കുംപോയി സത്യമതം പ്രസംഗിക്കുകയും അവിശ്വാസികളെ സത്യവിശ്വാസത്തിലേയ്ക്കു ആനയിക്കുകയും ചെയ്തു (45). രക്ഷകൻെറ ഉയിർപ്പിനു സാക്ഷികളായിരുന്ന ശ്ലീഹന്മാരിൽ നിന്നാണ് അവർ സത്യവിശ്വാസം സ്വീകരിച്ചതു്. സഭാതരു തഴച്ചു വളർന്ന കാലത്തു് വിശ്വാസത്തെപ്രതി ജീവൻവെടിഞ്ഞ നിരവധിയാളുകളെ സഭ അനുസ്മരിക്കുന്നുണ്ട്: ശക്തനായ കർത്താവേ, നിൻെറ സഭയിലെ വിശ്വാസികളെ നീ ബഹുമാനത്തിൻെറ മുടിയണിയിച്ചു.'' (46).

ആന്തരികചൈതന്യത്തോടെതന്നെ നിൻെറ (ക്രിസ്തുവിൻെറ) അഭീഷ്ടം സാധിക്കുകയും നിൻെറ പ്രമാണങ്ങൾ പാലിക്കുകയും അനുവർത്തിക്കുകയും അവിശ്വാസികളെ മനസ്സുതിരിക്കുകയും ചെയ്ത അപ്പസ്തോലനായ ''മാറി'' യുടെയും ഓർമ്മ ഈ കാലത്തു ആചരിക്കുന്നു.'' (47).

തുടർന്നുള്ള കാലങ്ങൾക്ക് (ഏലിയാ, കുരിശു്, മൂശ) ഒരുക്കമായി അന്ത്യവിധിയെക്കുറിച്ചുള്ള ചിന്തയും ഈ കാലത്തു പുലർത്തുന്നുണ്ട്: ''ഭയജന്യമായ അങ്ങേ ന്യായാസനത്തിൻമുമ്പാകെ നിത്യസമ്മാനത്തിനായി ഞങ്ങളെല്ലാവരും നിൽക്കുമ്പോൾ....................''(48)

45. Ibid
46. Ibid p. 125
47. Ibid p. 127
48. Ibid p. 126

## H ഏലിയ, കുരിശ്ശ്, മൂശ.

ഈ മൂന്നു കാലങ്ങളുടേയും ആത്മാപി ഏതാണ്ട് ഒന്നുതന്നെ. അതുകൊണ്ടാവണം സീറോമലബാർ കാനോനാ നമസ്ക്കാരത്തിൽ (സുറിയാനിയിൽ ചുരുക്കിയതു്) ഏലിയാക്കാലത്തേയും മൂശക്കാലത്തേയും പ്രാർത്ഥനകഠം ഉപേക്ഷിച്ചിരിക്കുന്നതു് (49). സ്ലീവാ (കുരിശ്ശ്) ക്കാലം ക്രിസ്തുവിൻെറ ദ്വിതീയാഗമനത്തെ സൂചിപ്പിക്കുന്നു. ഇതിൻെറയൊരു പ്രതിരൂപമാണ് ക്രിസ്തുവിൻെറ താബോർമലയിലെ രൂപാന്തരീകരണം. താബോർമലയിൽ ഏലിയായും മൂശയും ക്രിസ്തുവിൻെറ സമീപത്തുണ്ടായിരുന്നെന്നും വേദപുസ്തകത്തിൽ കാണുന്നുണ്ടല്ലോ. ഇതുപോലെ, സ്ലീവാക്കാലം ഏലിയാക്കാലത്തോടും മൂശക്കാലത്തോടും അനുബന്ധിച്ച് അവസ്ഥിടസ്ഥാണു വരുന്നതു് (50).

### ഏലിയാ

പൊതുവിധികഠ് ഒരുക്കമായി അനുതാപത്തിൻെറ ആവശ്യകത ഏലിയാക്കാലം ചൂണ്ടിക്കാട്ടുന്നു. തദവസരത്തിൽ ക്രിസ്തുവിനോടൊത്തു ഏലിയായും വരുമെന്നാണു് വിശ്വാസം.

### സ്ലീവാക്കാലം

പൊതുവിധി ക്രിസ്തുവിൻെറ ജീവിതത്തിൻെറ മകുടമായിക്കാണിക്കുന്നു. കൂടാതെ കുരിശ്ശുമായി വരുന്ന

49. മൂശക്കാലം Vat. Sir.. Codex 22 ൽ കാണുന്നില്ല. Cf. Assemani, BO p. 174 s.

50. വെള്ളിയാൻ, സീറോ മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാന, ഇരിങ്ങാലക്കുട, 1962, p. 24.

ക്രിസ്തുവിൻെറ വിജയം, കുരിശിൻെറ അത്ഭുതങ്ങൾ, കുരിശ്—ലോകത്തിൻെറ വെളിച്ചം, കുരിശു കണ്ടെടുത്ത ചരിത്രം എന്നിവയെല്ലാം സ്ലീവാക്കാലം സ്മൃതി പഥത്തിലെത്തിക്കുന്നു.

## മൂശക്കാലം

ഏലിയാക്കാലത്തിലും സ്ലീവാക്കാലത്തിലും വിവരിച്ച അനുതാപത്തിൻേറയും വിജയത്തിൻേറയും സംഭവങ്ങളൊക്കെ മൂശക്കാലത്തിൽ സംഗ്രഹിച്ചിരിക്കുന്നു.

ഈ മൂന്നു കാലങ്ങളെപ്പററി പാത്രിയർക്കീസ് ഏലിയാസ് പന്ത്രണ്ടാമൻ കൽദായരുടെ കാനോനാ നമസ്ക്കാരത്തിൻെറ മുഖവുരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''അവസാനകാലത്തു തീക്ഷ്ണമതിയായ ഏലിയാസിനെ അയയ്ക്കും. അവൻ നാശത്തിൻെറ പുത്രനെ തോല്പിക്കും. അപ്പോൾ ദൈവപുത്രൻെറ അടയാളമായ വിശുദ്ധ സ്ലീവാ കാണപ്പെടും. നാശത്തിൻെറ പുത്രനെ നശിപ്പിക്കുകയും ത്തത്തെറിയുകയും വിധിക്കുകയും ചെയ്തശേഷം ദിവ്യമണവാളൻ സ്വർഗ്ഗത്തിൽനിന്നു സർവ്വമഹത്വത്തോടുംകൂടി വരും. അവൻ മരിച്ചവരെ ഉയിർപ്പിക്കുകയും നല്ലവരെ സ്വർഗ്ഗത്തിലേയ്ക്കുയർത്തുകയും പാപികളെയും ദുഷ്ടരെയും നരകാഗ്നിയിൽതള്ളുകയുംചെയ്യും.'' (51)

## I ദൈവാലയ പ്രതിഷ്ഠ (പള്ളിക്കൂദാശ)

ആരാധനക്രമ വത്സരത്തിലെ അവസാന ഘട്ടമാണ് ദൈവാലയ പ്രതിഷ്ഠാക്കാലം. ഈശോയാബ് മൂന്നാ

51. p. 8. para. 3.

മനാണിതു് ക്രോഡീകരിച്ചതെന്നു വിശ്വസിക്കപ്പെട്ടുന്നു. ജോർജ്ജ് അർബേലിൻെറ പേരിൽ അറിയപ്പെടുന്ന Expositio എന്ന ഗ്രന്ഥത്തിലെ ആറാം പ്രബന്ധത്തിൽ ഏഴ് അദ്ധ്യായങ്ങരം ദൈവാലയ പ്രതിഷ്ഠാക്കാലത്തിനായി നീക്കിവച്ചിരിക്കുന്നു. ഈശോയാബു് എങ്ങനെ ഈ കാലത്തെ ആരാധനക്രമവത്സരത്തിൻെറ അവസാനഭാഗത്താക്കിയെന്നു് അതിൻെറ ഒന്നാമദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു (52). ഇതു് അദ്ദേഹം ന്യായീകരിക്കുന്നതു നോക്കുക: പ്രകൃത്യനുസൃതമായ സംവത്സരത്തിൻെറ അരംഭത്തെ അധ:പതിച്ച സൃഷ്ടിയോടു് സാധർമ്മ്യപ്പെടുത്താം. ക്രിസ്തുവിൻെറ ആഗമനമാണു് ഈ ലോകത്തെ രക്ഷിച്ചതു്. അതിനാൽ തിരുജനനം തുടങ്ങിവേണം കാലങ്ങരം നിശ്ചയിക്കുവാൻ (53).

ഈശോയാബു് ക്രമപ്പെടുത്തിയ കലണ്ടറിൽ ദൈവാലയപ്രതിഷ്ഠയുടെ തിരുനാരം നവംബർമാസത്തിലാണു്. ഇതു് നാലു് ഞായറാഴ്ചകരം നീണ്ടുനിൽക്കുന്നു. പഴയ നിയമത്തിലെ പ്രതിഷ്ഠകളെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു: മൂശ കൂടാരങ്ങരം നിർമ്മിക്കുന്നതു്, ഇസ്രായേൽക്കാർ സീലോയിൽ കൂടാരങ്ങരം സ്ഥാപിക്കുന്നതു്, സോളമൻ ദൈവാലയപ്രതിഷ്ഠ നടത്തുന്നതു് (54).

ഇക്കാലത്തിനു് നാലാഴ്ചയെന്നു് ഈശോയാബ്യ് (ഏഴാംനൂററാണ്ടു്) നിശ്ചയിച്ചിരിക്കുന്നതിനാൽ അഞ്ചു് ആഴ്ചകരം ഇതിനായി നീക്കിവച്ചിരിക്കുന്നവർ തെററായ

52. Interpretatio, p. 117 (106).
53. Ibidem
54. Interpretatio, p. 117 (107).

രീതിയാണു അവലംബിച്ചിരിക്കുന്നതെന്നത്രെ അർബേലിലെ ജോർജ്ജിന്റെ അഭിപ്രായം (55).

ഈശോയാബിനുമുൻപ് അപ്രകാരം അഞ്ച് ആഴ്ചകാം ഇക്കാലത്തിനു് നീക്കിവച്ചിരുന്നോ എന്നു സംശയിക്കാൻ ഇതു് അവസരം നൽകിയേക്കാം. എന്നാൽ ഈ അഭിപ്രായത്തിനു ഉപോദ്ബലകമായ രേഖകളൊന്നും ചൂണ്ടിക്കാട്ടാനില്ല.

ദൈവാലയപ്രതിഷ്ഠത്തിരുനാളിന്റെ ആരംഭത്തെപ്പററി പണ്ഡിതന്മാരുടെയിടയിൽ ഭിന്നാഭിപ്രായമാണുള്ളതു്. സെലൂഷ്യറെറസിഫോണിലെ പാത്രിയർക്കായുടെ ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മത്തോടനുബന്ധിച്ചാണു് ഈ തിരുനാളിന്റെ ഉത്ഭവമെന്നു് മാക്‌ലീൻ പ്രസ്താവിക്കുന്നു (56). ബൗംസ്റ്റാർക്കാവട്ടെ, എഡേസ്സായിലെ ദൈവാലയസ്ഥാപനത്തിന്റെഓർമ്മപുതുക്കാൻവേണ്ടി ആഘോഷിച്ചുപോന്ന ഒരു തിരുനാളായിരുന്നുവെന്നാണു് പറയുന്നതു്(57).നീലെസും ഇതേഅഭിപ്രായംതന്നെസ്വീകരിക്കുന്നു (58). പാലസ്തീനാക്കാരുടെ കൂടാരത്തിരുനാൾ സഭാതലത്തിലേയ്ക്കു മാററി നട്ടതാണു് ഇതെന്നു പറയു

---

55. Ibidem
56. MACLEAN, East Syrian Daily Office, London, 1894, p. XXV.
57. BAUMSTARK ANTON, Festbrevier und Kirchenjahr der Syrischen Jakobiten, Paderborn, 1910, p. 167 s.
58. NILLES, Kalendarium..., II, p. 642.

ന്നവരുമുണ്ട് (59). എന്നാൽ ഈ അഭിപ്രായത്തെ പൗര സ്ത്യസിറിയൻ ആരാധനക്രമപണ്ഡിതനായ ബോട്ട് (Botte B) ചോദ്യം ചെയ്യുന്നു. ഈ തിരുനാൾ ഏതെ ങ്കിലുമൊരു പ്രത്യേക സഭയെയല്ല, തിരുസഭയെ മുഴുവ നും അല്ലെങ്കിൽ പുതിയ നിയമത്തെ മുഴുവനുമാണ് അ നുസ്മരിപ്പിക്കുന്നത്. ഇതാണ് ബോട്ടിന്റെ നിഗമ നം (60).

ആദിമനൂററാണ്ടുകളിൽ എപ്രകാരമാണ് ജറുസല ത്ത് കൂടാരത്തിരുനാൾ ആഘോഷിച്ചിരുന്നതെന്നു

---

59. BLACK MATHEW, The Festival Encaenia in the Ancient Church with special reference to Palestine and Syria, Journal of Eccl. History, V (1954) 78–85.
ക്രിസ്തുവിനുമുമ്പ് 167 ഡിസംബർ എട്ടാം തീയതി അ ന്ത്യോക്കസ് രാജാവു (1 മക്കബെ. 1: 57) ജറുസലേം ദൈ വാലയത്തിലെ ,,ദൈവത്തിന്റെ ബലിപീഠം അശുദ്ധമാക്കു ന്നതിനുവേണ്ടി ഒരു വിഗ്രഹം അതിന്മേൽ സ്ഥാപിച്ചു,, (1 മക്കബെ 1: 57) (ഇതേപ്പററി ദാനീയേൽ പ്രവചിച്ചിരുന്നതാ ണല്ലോ ദാനി 9: 27; 11 : 31; 12 : 11). മൂന്നുവർഷങ്ങൾക്കു ശേഷം 164 ഡിസംബർ 25-ാം തീയതി മത്തത്തിയാസിന്റെ നേതൃത്വത്തിൽ ഒരാത്മീയവിപ്ലവം പൊട്ടിപ്പുറപ്പെടുകയും ദൈവാലയം ശുദ്ധീകരിച്ച് വീണ്ടും ദൈവത്തിനു പ്രതിഷ്ഠി ക്കുകയും ചെയ്തു. (മക്കബെ4 : 36–59; 2 : 16–19;) ,,നിങ്ങൾ ദൈവാലയത്തിന്റെപ്രതിഷ്ഠത്തിരുനാൾആഘോഷിക്കണം.,, എന്നൊരു കല്പനയും യഹൂദന്മാർക്ക് അവിടെ നൽകിയിട്ടുണ്ട് (2മക്കബെ 1 : 8) അതനുസരിച്ചു തിരുനാൾ ആഘോഷിച്ച തായും നാം കാണുന്നു. (മക്കബെ 2: 16–19). പുനഃപ്രതിഷ്ഠ, പ്രതിഷ്ഠത്തിരുനാൾ എന്നൊക്കെ അർത്ഥമുള്ള ,,എൻചേനിയ,, എന്നറിയപ്പെടുന്ന ഈ തിരുനാൾ ഒരാഴ്ചത്തേയ്ക്കു നീണ്ടുനി ന്നിരുന്നു.

60. BOTTE, Les Dimanches de la didicace dans les Eglise Syrienne OS II (1957) 65.

ബ്ളാക്കു് മാത്യ പ്രസ്താവിക്കുന്നുണ്ടു്. സോസോമൊൺ (Sozomon) തൻെറ ചരിത്ര (ii/25) ഗ്രന്ഥത്തിൽ കൂടാര ത്തിരുനാളിനെ പരാമർശിക്കുന്നുണ്ടു്. ഈ തിരുനാറം 335 സെപ്റ്റംബർ 13–ാംതീയതിയാണു് തുടങ്ങിയ തെന്നു് സഭാചരിത്രകാരനായ എവുസേബിയസ് (Eusebius) എഴുതിയ കോൺസ്റ്റൻറയിൻെറ ജീവചരി ത്രം 43, 47 അദ്ധ്യായങ്ങളിൽ കാണുന്നു. തിരു വുത്ഥാനദൈവാലയത്തിൻെറ പ്രതിഷ്ഠാത്തിരുനാളിനെ പ്പററി നാലാംനൂററാണ്ടിൽ എതരിയ എന്ന തീർത്ഥക വിവരിക്കുന്നുണ്ടെന്നതു് ഇവിടെ പ്രസ്താവ്യമാണു് (61).

പഴയനിയമകാലത്തു ജറുസലേം ദൈവാലയപ്ര തിഷ്ഠയുടെ തിരുനാറം ആഘോഷിച്ചിരുന്നതായിക്കാ ണാം (2 ദിനവൃത്താന്തം 6, 7). ഈ യഹൂദാചാരം ക്രൈ സ്തവപഞ്ചാംഗത്തിനു് സമ്മാനിച്ചതായിരിക്കാം ദൈവാ ലയപ്രതിഷ്ഠാത്തിരുനാറം. ദൈവാലയ പ്രതിഷ്ഠാക്കാല ത്തിൻെറ മൂന്നാംഞായറാഴ്ച വായിക്കുന്ന പഴയനിയമഭാ ഗവും ജറുസലേം ദൈവാലയപ്രതിഷ്ഠാകർമ്മം അനുസ്മരി ക്കുന്ന ഹനുക്ക (Hanukka) ദിവസം സിനഗോഗുകളിൽ വായിക്കുന്ന ഭാഗവും ഒന്നുതന്നെയാണു് (സംഖ്യ 7, 9 അ ദ്ധ്യായങ്ങറം) (62). ദൈവാലയ പ്രതിഷ്ഠാക്കാലത്തെ നാ ലു ഞായറാഴ്ചകളിലേയും വായനകറം വി. പേടകം സ്ഥാപിച്ചതിനേയും, ദൈവാലയം പ്രതിഷ്ഠ ചെയ്തതി നേയും അനുസ്മരിപ്പിക്കുന്നുണ്ടു്. അങ്ങനെയുള്ള ചില വാ യനകളുടെ ഒരു പട്ടിക താഴെ കൊടുക്കുന്നു: പുറപ്പാടു്

61. Ibidem p. 65 s.
62. VENETIANER, Urspring und Bedeutung der Propheten-Lexikon, Zeitschrift der Deutschen Morgenlandischen Gesellschaft, Glessen, LX, 130.

9: 17–36; 39: 32; 40: 16; 1 രാജാ 8: 10–29: 61: 1–19; സംഖ്യ 7: 1–10 സംഖ്യ 9: 15–18. ഇപ്പറഞ്ഞതിൽനിന്നെല്ലാം, ബൌംസ്റ്റാർക്കിൻെറ അഭിപ്രായം പോലെ, ഈകാര്യത്തിൽ പൗരസ്ത്യ സുറിയാനിക്കാരും യൂദന്മാരും തമ്മിൽ സാധർമ്മ്യമുണ്ടെന്നു് തറച്ചുപറയാൻ കഴിയും. കാരണം, പൗരസ്ത്യസുറിയാനിപഞ്ചാംഗം യൂദന്മാർക്കു സ്വാധീനശക്തിയുള്ള അന്ത്യോക്യായിലാണു് രൂപം കൊണ്ടതു് (63).

സഭ ക്രിസ്തുവിൻെറ മണവാട്ടിയാണല്ലോ. തൻെറ രക്തം വിലകൊടുത്താണു് അവിടുന്നു് അവളെ രക്ഷിച്ചതു്. അതിനാൽ ദൈവാലയപ്രതിഷ്ഠാകാലത്തെ പ്രാർത്ഥനകളിൽ ക്രിസ്തു തൻെറ മണവാട്ടിയെ കണ്ടുമുട്ടുന്നതിനെപ്പററി പറയുന്നുണ്ടു്. പാശ്ചാത്യ സുറിയാനിക്കാരും ദൈവാലയപ്രതിഷ്ഠാകാലത്തു് ഈ വസ്തുത അനുസ്മരിക്കുന്നു (64).

## പള്ളിക്കൂദാശക്കാലത്തിൻെറ ചൈതന്യം

ഈ കാലം, പ്രവചനങ്ങളുടെ വിഷയമായിട്ടാണു് സഭയെ കാണിച്ചുകൊടുക്കുന്നതു്. ക്രിസ്തുവിനാൽ ര

---

63. OC I (1911) 16. see also
CODRINGTON N. W., A study of the East syrian Liturgies, London 1936, p. 46-47, 82–85
64. Ce termes de consecration et de dedicace qui s'appliquet a propriement parler a l'edifice materiel, lieu de reunion des fideles, symbosisaient la constitution et l–inauguration de la societe divine. Cf. KHORI–SARKIS, La fete de l'Eglise dans l'anne liturgique syrienne, Irenikon, XXVIII (1955) 187.

ക്ഷിക്കപ്പെടുകയും സ്വർഗ്ഗരാജ്യത്തിൽ പൂർത്തിയാക്കപ്പെടുകയും ചെയ്യുതാണതു്. ..തിരുസഭയുടെ അന്ത്യം ക്രിസ്തുവെന്ന ദിവ്യമണവാളനിലാണു്. വിശുദ്ധന്മാരും വിശ്വാസികളും, അവനെ സകല ബഹുമാനങ്ങളോടുംകൂടി സ്വീകരിക്കുവാൻ സ്തുതികളും സ്തോത്രങ്ങളും ആലപിച്ചു് പുറപ്പെടും. അവൻ തൻെറ മണവാട്ടിയായ തിരുസ്സഭയെ സ്വീകരിക്കും. അവളെ തന്നോടുകൂടി സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുകയും നിത്യമായ മണവറയിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവളെ തൻെറ വലത്തുഭാഗത്തു് ആസനസ്ഥയാക്കും. തൻെറ ദർശനത്താൽ സന്തോഷിപ്പിക്കുകയും ചെയ്യും.

സ്വർഗ്ഗീയ സമൂഹത്തോടൊത്തു് അവളെന്നേയ്ക്കും സഭയിൽ അവിടുത്തേ സ്തുതിഗീതങ്ങളാലപിക്കും. ഭൂമിയിലെ സഭയിൽവച്ചു് അവരം കീർത്തനങ്ങരം പാടുമ്പോരം അവളുടെ ആദ്യതനയരൊക്കെ സ്വർഗ്ഗത്തിൽ അവളോടൊത്തു് ദൈവത്തെ സ്തുതിക്കുന്നു (65).

നെസ്തോറിയൻ ആർച്ചുബിഷപ്പ് മാർ തോമ്മാ ദർമ്മോ (തൃശ്ശൂർ) ദൈവാലയ പ്രതിഷ്ഠാത്തിരുനാളിൻെറ പ്രായോഗികവും സാമൂഹികവുമായ വശങ്ങളെ പുരസ്ക്കരിച്ച ഇപ്രകാരം പറയുന്നു: മധ്യപൂർവ്വദേശങ്ങളിൽ ശീതകാലാഗമനത്തെയാണു് ഇതു സൂചിപ്പിക്കുക. അന്നു മുതൽ (ദൈവാലയപ്രതിഷ്ഠാത്തിരുനാരം) പ്രാർത്ഥനയും മററു ദിവ്യശുശ്രൂഷകളും നടത്തുന്നതു് ദൈവാലയത്തിനകത്തുവച്ചാണു്. ഇതുവരെ ഉഷ്ണകാലമായതുകൊണ്ടു് തിരുക്കർമ്മങ്ങരം ദൈവാലയത്തിനു വെളിയിൽവച്ചു് അ

65. Breviarium Chaldaicum, ആമുഖം, p. 8.

നുഷ്ഠിച്ചിരുന്നു. ഇക്കാലത്തു് ഭിത്തികൾ വെള്ള പൂശുക യും ദൈവാലയാന്തർഭാഗങ്ങൾ വെടിപ്പാക്കുകയും ചെയ്യു ക പതിവായിരുന്നു. ഇൻഡ്യയിൽ (നെസ്റ്റോറിയരായ) ഞങ്ങൾ ഒരു പ്രത്യേകരീതിയിലാണു് ഈ തിരുനാൾ ആഘോഷിക്കുന്നതു്. ദൈവാലയവും ഞങ്ങളുടെ ഭവന ങ്ങളും വെള്ളപൂശുക സാധാരണമാണു് (66).

ആരാധനക്രമവത്സരത്തെപ്പററിയുള്ള പഠനം അവ സാനിക്കും മുമ്പു് രണ്ടു വാക്കുകൂടി: ദൈവാലയപ്രതിഷ്ഠാ ക്കാലത്തോടുകൂടി ആരാധനക്രമവത്സരം സമാപിക്കുന്നതു അത്ഥഗർഭമാണു്. ഇക്കാലത്താണു് ക്രിസ്തുവിൻെറ മണ വാട്ടിയായ സഭയെ, അതിനെ നയിക്കുകയും പരിരക്ഷി ക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പിതാവിനു് സമർപ്പിക്കുന്നതു്.

## ഏഴ് ആഴ്ചകൾ

ഏഴ് ആഴ്ചകൾ വീതമുള്ള കാലങ്ങളായി ആരാ ധനക്രമവത്സരത്തെ സംവിധാനം ചെയ്തിരിക്കുന്നതു് ശ്ര ദ്ധേയമാണു്. ഇതിൻെറ ഉത്ഭവത്തെപ്പററി എറിക്ക് വെർ നർ (Eric Werner) പ്രസ്താവിക്കുന്നു: ''സമേറിയയും അക്കാഡിയയും പുരാതന പശ്ചിമേഷ്യൻ രാജ്യങ്ങളും ആ ദ്യകാലത്തു് അമ്പതുദിവസങ്ങളായി വിഭജിച്ചിരുന്ന പ ഞ്ചാംഗം (Pentacontade Calendar) ഉപയോഗിച്ചിരു ന്നു. അതിൻെറ ഓരോ യൂണിററും ഏഴ് ആഴ്ചകളും ഒരു ദിവസവും, അതായതു് അൻപതു ദിവസം ഉൾക്കൊള്ളു ന്നു. അവരുടെ ആരാധനക്രമവത്സരം ഏഴ് പെൻറ കൊൺ റേറയിഡുകൾ (350 ദിവസം) കൂ പുറമേ പതിന്നാലു

66. Voice of the East. X (1963) 152–153.

ദിവസങ്ങൾകൂടി ചേർന്നതാണ്....ഏഴു ഋതുക്കളും ഏഴു വാതങ്ങളുമുണ്ടെന്ന ധാരണയിലധിഷ്ഠിതമാണീ കലണ്ടർ. ഓരോന്നും ഓരോ ദേവനുവേണ്ടി നിൽക്കുന്നു. യഹൂദാചാരങ്ങളിലും ക്രൈസ്തവപാരമ്പര്യത്തിലും ഈ പഞ്ചാംഗ വ്യവസ്ഥിതിയുടെ സ്വാധീനം കാണാവുന്നതാണ്. ക്രൈസ്തവസഭകളിൽ പൗരസ്ത്യസുറിയാനി നെസ്തോറിയന്മാർ ഇവ മിക്കവാറും സംരക്ഷിച്ചുപോരുന്നു....'' (67).

## ക്രിസ്തീയമായ തിരുനാളുകളുടെ ദൈവശാസ്ത്രം

ക്രിസ്തീയ തിരുനാളുകൾ അവയുടെ പേരും, ക്രമവും യഹൂദത്തിരുനാളുകളിൽനിന്നും സ്വീകരിക്കുന്നതായി നാം കണ്ടു. ഉദാഹരണം: പെസഹാ, സഭയുടെ പ്രതിഷ്ഠ തുടങ്ങിയവ. ഈ തിരുനാളുകൾക്ക് യഹൂദന്മാരുടെ ആരാധനക്രമത്തിൽ ഒരുതരം ഒരുക്കമുണ്ട്. ക്രിസ്തീയമാകുന്നതിനാകട്ടെ ക്രിസ്തുവിൻെറ പെസഹാരഹസ്യത്തിൽക്കൂടി അവ കടക്കേണ്ടിയിരുന്നു. അതായത്, മരിക്കുകയും പുതിയൊരർത്ഥം സമാർജ്ജിക്കുകയും ചെയ്യേണ്ടിയിരുന്നു (68). പെസഹായ്ക്കു പഴയനിയമത്തിൽ പ്രത്യേക അർത്ഥമുണ്ടായിരുന്നു. 'കടന്നുപോക'ലിൻെറ– 'പുറപ്പാടി'ൻെറ– ഓർമ്മ. ഡിഫോ പ്രസ്പഷ്ടമാക്കുന്നതുപോലെ പെ

---

67. WERNER E. The Origin of the eight Modes of Music, Hebrew Union College Annual, XXI (1948) 221–255.
68. ഈ ആശയം ഫാദർ ബോട്ട് വളരെ വ്യക്തമാക്കിക്കാണിക്കുന്നുണ്ട്. cf Le probleme de l'adaptation en liturgie, Revue du Clerge African, 1963, pp. 307–330; problem of liturgical adaptation, Clergy monthly 27 (1964) 201–213; 241–252.

സഹാഘോഷങ്ങളിൽ യഹൂദന്മാർ നാലു രാത്രികൾ അനു സ്മരിച്ചിരുന്നു: സൃഷ്ടിയുടേതു്; അബ്രാഹത്തിൻെറ ബ ലിയുടേതു്; പുറപ്പാടിൻേറതു്; മനുഷ്യൻെറ അന്ത്യങ്ങളു ടേതു് അഥവാ പുതിയ സൃഷ്ടിയുടേതു് (69).

ദൈവത്തിൻെറ രക്ഷാകരകൃത്യത്തിലെ വിവിധ സംഭവങ്ങളോടു് പെസഹായ്ക്കു് ബന്ധമുണ്ടെന്നു് ഇതു കാ ണിക്കുന്നു. യഹൂദന്മാർക്കു ഈ ആഘോഷങ്ങൾ വെറും ഒ രനുസ്മരണമാത്രമായിരുന്നില്ല. ദൈവത്തിൻെറ പ്രവൎത്തി ക്കനുരൂപമായ മതാത്മകവും ആത്മീയവുമായ മനോഭാവം വിശ്വാസികളിലുളവാക്കിക്കൊണ്ടു് രക്ഷയുടെ രഹസ്യം സന്നിഹിതമാണെന്നു് കാണിക്കുവാൻ അവ ഉതകുന്നു. അതു വിശുദ്ധ സമൂഹത്തിൽ ദൈവികമായ ഉടമ്പടി നവീകരിച്ചിരുന്നു. പൊതുവിൽപ്പറഞ്ഞാൽ തിരുനാളാ ഘോഷംവഴി സാക്ഷാൽക്കരിക്കപ്പെടുന്ന സമൂഹത്തിൻെറ ആരാധനാമനോഭാവം ദൈവത്തിൻെറ രക്ഷാകരകൃത്യ ത്തിലെ ഭൂതകാലസംഭവങ്ങളോടുള്ള ബന്ധം, കഴിഞ്ഞ തിൻെറ പ്രതീകാത്മകമായ സാക്ഷാൽക്കരണം, വിശ്വാ സികൾക്കു് കൈവരുന്ന ധാൎമ്മികവും മതാത്മകവുമായ മനോഭാവം ഇവ യഹൂദതിരുനാളുകൾക്കു് കാണുന്ന പ്ര ത്യേകതകളാണു്.

ഇതേപ്പററി ബൈബിൾ വിദഗ്ദ്ധനായ വൈ സർ പറയുന്നു: യാഹ്‌വേയുടെ തിരുനാളിൽ ഒരാരാധ നാനാടകം അഭിനയിക്കുകയാണു്. അതിൽ മനുഷ്യര ക്ഷാചരിത്രത്തിലെ പല സംഭവങ്ങളും ആവൎത്തിക്കുന്നു; വീണ്ടും സന്നിഹിതമാകുന്നു, അങ്ങനെ അവ ''പുതിയ സംഭവങ്ങൾ'' ആയിത്തീരുന്നു. ഇവയിൽ പങ്കെടുക്കുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം പരിത്രാണ

69. Le Deaut, La nuit pascal, p. 65 f

സംഭവങ്ങൾ അവരുടെ സാന്നിധ്യത്തിൽ സംഭവിക്കുകയാണ്. അങ്ങനെ അവർ രക്ഷയുടെ വാഗ്ദാനത്തിലും അതിൻെറ പൂർത്തീകരണത്തിലും പങ്കെടുക്കുന്നു. അതാണ് തിരുനാളിൻെറ ഉദ്ദേശവും (70). തിരുനാൾകർമ്മത്തിൽ വിശ്വാസികൾ നൽകുന്ന ഉത്തരങ്ങളും സ്തുതിപ്പുകളും പരിത്രാണകർമ്മത്തിൽ ദൈവം ചെയ്ത അത്ഭുതകൃത്യങ്ങൾക്കു നൽകുന്ന സ്നേഹമസൃണമായ ഒരു മറുപടിയാണ്— ചെങ്കടൽ കടന്ന് ഇസ്രായേൽ നേടിയ വിമുക്തിയിലും സീനായ് മലയിലെ നിയമപലകകളിലും സ്വയം വെളിപ്പെടുത്തിയ യാഹ്‌വേയുടെ സാന്നിധ്യം തിരുനാളിൽ അനുഭവിച്ചറിഞ്ഞ സമൂഹം നൽകുന്ന സ്നേഹമസൃണമായ മറുപടി.

കർത്താവിൻെറ ജനം സമൂഹമായിച്ചേർന്ന് ക്രിസ്തീയതിരുനാളുകളാഘോഷിക്കുന്നു. ആരാധനക്രമ വർഷം പണ്ടു നടന്ന അത്ഭുതസംഭവങ്ങളുടെ ചരിത്രപരമായ അനുസ്മരണമായി ഇടക്കാലത്ത് കരുതപ്പെട്ടിരുന്നു. അവയെപ്പററി ധ്യാനിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുള്ള അവസരമായി തിരുനാളാഘോഷം ജനങ്ങൾക്കനുഭവപ്പെട്ടു— ഈ സംഭവങ്ങളുടെ ഓർമ്മമാത്രം, അവയെപ്പററിയുള്ള ധ്യാനം മാത്രം. ഇങ്ങനെ നോക്കുമ്പോൾ ക്രിസ്തീയവിശ്വാസിയും ഭൂതകാലരക്ഷണീയ കൃത്യങ്ങളും തമ്മിൽ ധാർമ്മികമായ ഒരു ബന്ധത്തിൽക്കവിഞ്ഞൊന്നും കണ്ടില്ലെന്നു വരാം. നമ്മുടെ കർത്താവിൻെറയും വിശുദ്ധരുടെയും തിരുനാളുകളെ ഒരേ നിലയിൽ പ്രതിഷ്ഠിക്കുവാൻ ഈ ചിന്താഗതി തത്രപ്പെട്ടു. എന്നാൽ ഇന്ന് കൗൺസിലിൻെറ ആരാധനക്രമം സംബന്ധിച്ച പ്രബോധനം വച്ചുനോക്കുമ്പോൾ ആ വിഷയത്തിൽ തികച്ചും വ്യത്യസ്ത

70. Weiser, The psalms, p.

മായ ഒരു വീക്ഷണമുണ്ടെന്നു് ബോധ്യമാകും. ദൈവശാസ്ത്രപരമായ അഭിപ്രായങ്ങളെ വിവേകപൂർവ്വം മാററിനിത്തിക്കൊണ്ടു് 102–ാംഖണ്ഡിക പ്രസ്താവിക്കുന്നു: ''രക്ഷണീയ രഹസ്യങ്ങരം അനുസ്മരിച്ചുകൊണ്ടു് തിരുസഭ തൻെറ നാഥൻെറ ശക്തിയുടേയും യോഗ്യതകളുടെയും അനഘ നിക്ഷേപങ്ങരം വിശ്വാസികരംക്കു സന്നിഹിതമാക്കുന്നു. അങ്ങനെ ഒരുവിധത്തിൽ ഇവയെല്ലാം എല്ലാസമയത്തും അവതരിപ്പിക്കപ്പെടുകയും വിശ്വാസികരം ഈ രഹസ്യങ്ങരം ഗ്രഹിച്ചു് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു.''

ക്രിസ്തീയാരാധനക്രമത്തിൽ ആഘോഷിക്കപ്പെടുന്ന എല്ലാ രഹസ്യങ്ങളും ക്രിസ്തുവിൻെറ പെസഹാരഹസ്യത്തെ– പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയെ– കേന്ദ്രമാക്കി നിലകൊള്ളുന്നു. തന്മൂലം ക്രിസ്തീയ പഞ്ചാംഗത്തിലെ ഏററവും പ്രധാന തിരുനാരം ക്രിസ്തുവിൻെറ പെസഹാരഹസ്യമാകുന്നു. യഹൂദന്മാരുടെ പഞ്ചാംഗത്തിലും പെസഹാതന്നെ. എന്നാൽ ക്രിസ്തുമതത്തിൽ ഇതൊരു പുതിയ ആശയം സ്വീകരിക്കുന്നു. ക്രിസ്തീയമായ പെസഹായിൽ ക്രിസ്തുവാണു് തിരുനാളിൻെറ വിഷയം. അവിടുന്നുതന്നെയാണു് പെസഹാക്കുഞ്ഞാടു്, പെസഹാഅപ്പം. അതിനാൽ ഈ തിരുനാളിനു് ഒരു വ്യക്തിപരമായ മൂല്യമുണ്ടു്. വേറൊരുവാക്കിൽ തിരുനാരംതന്നെ 'വ്യക്തിയായിത്തീർന്നു' (71). അതുകൊണ്ടു് സ്വാഭാവികമായി ക്രൈസ്തവപഞ്ചാംഗത്തിൽ, ക്രിസ്തുവിൻെറ തിരുനാളുകരംക്കു്– മനുഷ്യാവതാരം മുതൽ ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനംവരെ– അഗ്രിമസ്ഥാ

71. Mertens T., C'est fete en honneur de jahwe, Paris 1960.

നം കൊടുക്കണം'' (CSL 102). കാലാനുഗതമായ വൃത്തത്തിനു് (Temporal cycle) വിശുദ്ധരുടെ അനുസ്മരണവൃത്തത്തെ (Sanctoral) ക്കാൾ പ്രാമുഖ്യമുണ്ടായിരിക്കണമെന്നു രണ്ടാംവത്തിക്കാൻ സൂനഹദോസു നിർബന്ധിക്കുന്നതിൻെറ കാരണമിതാണു് (CSL 108). എന്നാൽ അതു് യാതൊരു വിധത്തിലും വിശുദ്ധരുടെ തിരുനാളുകളെ ഒഴിച്ചുനിർത്തുന്നില്ല; പ്രത്യുത ''വിശുദ്ധരിൽ പെസഹാരഹസ്യം ക്രിസ്തുവിനോടുകൂടെ പ്രകീർത്തിക്കപ്പെടുകയും ഒരുമിച്ചു മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു'' വെന്നു് സഭ പഠിപ്പിക്കുന്നുവെന്നു് അതു നമ്മെ അനുസ്മരിപ്പിക്കുന്നു. (CSL 104). അതിനാൽ നിയമസംഹിതയുടെ ലക്ഷ്യം വിശുദ്ധരുടെ തിരുനാളുകൾ ആചരിക്കണമെന്നാണു്; എന്നാൽ അവ നമ്മുടെ കർത്താവിൻെറ തിരുനാളുകളെ ഞെക്കിഞെരുക്കുവാനല്ല. 1957—ൽ പുനരുദ്ധരിക്കപ്പെട്ട സീറോ—മലബാർ റീത്തിൻെറ പഞ്ചാംഗം (ആറുകൊല്ലത്തിനുശേഷം കോൺസ്റ്റിററ്യൂഷൻ ആവശ്യപ്പെടാനിരുന്നതുപോലെ), കാലാനുഗതവത്സരവൃത്തത്തിൽ ആഘോഷിക്കുന്ന ക്രിസ്തുവിൻെറ തിരുനാളുകൾക്കു് കേന്ദ്രസ്ഥാനം നൽകി. ക്രിസ്തുവിൻെറ തിരുനാളുകളുടെ പ്രാധാന്യത്തെ വീണ്ടും പൊന്തിച്ചു കാണിക്കുന്നതിനു് സഭയ്ക്കു ആഗ്രഹമുണ്ടായിരുന്നുവെന്നു് ഇതു വ്യക്തമാക്കുന്നു. സഭയുടെ ഉൽക്കടമായ ഈ ആഗ്രഹത്തെ ഏകദേശരൂപത്തിലെങ്കിലും യാഥാർത്ഥ്യമാക്കിത്തീർത്തതു് സീറോ—മലബാർ റീത്തിനു് ഒരു ബഹുമതിയാണു്, സംശയമില്ല (72).

---

72. Ibidem p 204. ''പെസഹാരഹസ്യവും ക്രിസ്തീയതിരുനാളുകളും,, ഓരോ ആഴ്ചയിലും ഉയിർപ്പാചരിക്കുന്ന ''കർത്താവിൻെറ ദിവസം,, എന്നിവയെപ്പററിക്കാണാൻ: വെള്ളിയാൻ, ആരാധനക്രമനവോത്ഥാനം

# 7

## ധൂപാർച്ചന

സുഗന്ധവസ്തുക്കരം ദഹിപ്പിക്കുമ്പോഴത്തെ പരിമള ഗന്ധം ആർക്കും സ്വീകാര്യമാണ്; ആനന്ദദായകവും. പുരാതനറോമിൽ മാന്യരായ വ്യക്തികളുടെ സാന്നിധ്യത്തിലും പാതയിലും അവരെ ബഹുമാനിക്കുവാൻ സുഗന്ധം ധൂപിച്ചിരുന്നു. ഭക്ഷണ സമയത്തു് ആഹ്ളാദത്തിന്റെ അടയാളമായി പരിമളധൂപം ഉണ്ടാക്കിയിരുന്നു. ദേവന്മാർക്കു് ഇതു് പ്രീതിജനകമാണെന്നു് കരുതി ധൂപാർച്ചന നടത്താനും മനുഷ്യൻ മടിച്ചില്ല.

### A പുരാതന മതങ്ങളിൽ

പ്രാത്ഥനയോടൊപ്പം മരിച്ചവരുടെ ആത്മാക്കളെയും സ്വർഗ്ഗത്തിലേയ്ക്കു് ധൂപം സംവഹിക്കുന്നെന്ന ആശയത്തോടെ പുരാതന ഈജിപ്തുകാർ മതകർമ്മങ്ങളിൽ ധൂപാർച്ചനയ്ക്കു് വലിയ സ്ഥാനം നൽകി. അവരുടെ ദേവാലയ ഭിത്തികളിൽ രാജാക്കന്മാർ ധൂപം അപ്പിക്കുന്ന ചിത്രങ്ങരം വിരളമല്ല.

രക്ത ബലികളും ധൂമബലികളും ഗ്രീക്കുകാർ അപ്പിച്ചിരുന്നു. ബലിവസ്തുക്കരം കുന്തുരുക്കംകൊണ്ടു് നിറയ്ക്കുകയോ അവയോടുകൂടി ദഹിപ്പിക്കുകയോ ആണു് ചെയ്തിരുന്നതു്. വളരെയധികം കുന്തുരുക്കം പൊതുവാരാധ

നസ്ഥലങ്ങളിലും ഭവനങ്ങളിലും ഉപയോഗിച്ചിരുന്നത്രെ.

വിവിധതരം സുഗന്ധദ്രവ്യങ്ങൾ മതകർമ്മങ്ങളോടനുബന്ധിച്ച് ഹിന്ദുക്കൾ ഉപയോഗിക്കുന്നുണ്ട്. ശിവാരാധനയ്ക്ക് ധൂപാർച്ചനം സാധാരണമാണ്. ബുദ്ധമതത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ധൂപാർച്ചന പതിവില്ലായിരുന്നെങ്കിലും ഇപ്പോൾ അതു് ആരാധനയുടെ ഒരു ഭാഗമായിത്തീർന്നിട്ടുണ്ട്. മുഹമ്മദീയരും ധൂപാർച്ചന നടത്തുന്നുണ്ട്. ഛേദനാചാരകർമ്മത്തിലും വിവാഹസമയത്തിലും ശവസംസ്കാരത്തിലും അവർ ധൂപം ഉപയോഗിച്ചുവരുന്നു. അശുദ്ധാത്മപിശാചുകളെ അകററാനുള്ള ശക്തി ധൂപത്തിനുണ്ടെന്ന ആശയമാണിതിന്റെ പിമ്പിലുള്ളതു് (1).

## യഹൂദാരാധനയിൽ

യാഹ്വേയ്ക്കു മാത്രമേ ധൂപാർച്ചന ചെയ്യാവൂ. ധൂപം അർപ്പിക്കാൻ പ്രത്യേകമായി ഒരൾത്താര പണിയുവാൻ ദൈവം മോശയോട് ആജ്ഞാപിച്ചു. "ധൂപം അർപ്പിക്കാൻ ചന്ദനമരംകൊണ്ട് വേറൊരു പീഠം നിർമ്മിക്കണം.... അതിന്റെ മുകൾപ്പലകയും പാർശ്വങ്ങളും ശുദ്ധ സ്വർണ്ണംകൊണ്ട് പൊതിയണം.... ഞാൻ നിന്നോട് സംസാരിക്കുന്ന കൃപാസനത്തിന്റെയും അതു് വച്ചിരിക്കുന്ന വാഗ്ദത്തപേടകത്തിന്റേയും മുമ്പിൽ തൂക്കിയിട്ടിരിക്കുന്ന വിരിയുടെ മുമ്പാകെ ആ പീഠം നീ സ്ഥാപിക്കുക.... രാവിലെ വിളക്കുകൾ തയ്യാറാക്കുമ്പോൾ, അഹറോൻ നല്ല സൗരഭ്യമുള്ള ധൂപം അതി

1. cf. INEENSE in Encyclopedia of Religion and Ethics. Vol. 7 and in Catholic Encyclopedia Vol 7.

ന്മേൽ അർപ്പിക്കണം. വൈകുന്നേരം അവൻ ദീപങ്ങൾ കൊളുത്തുമ്പോഴും കർത്താവിൻെറ മുമ്പിൽ ധൂപിക്കണം. അങ്ങിനെ എന്നേയ്ക്കും തലമുറതോറും ധൂപനം നടക്കണം. ആണ്ടിലൊരിക്കൽ അഹറോൻ അതിൻെറ കൊമ്പുകളിന്മേൽ പ്രയശ്ചിത്തം അനുഷ്ഠിക്കണം. തലമുറതോറും എല്ലാവർഷവും പാപപരിഹാരാർത്ഥം അർപ്പിക്കുന്ന രക്തം കൊണ്ടു് ഈ പ്രായശ്ചിത്തം ചെയ്യണം. ഈ ബലിപീഠം കർത്താവിനു് ഏററം വിശുദ്ധമാണു്'' (പുറപ്പാടു് 30:1–10). പാപപരിഹാരവുമായി ബന്ധപ്പെടുത്തിക്കാണിക്കുന്ന ഈ ധൂപാർച്ചനം പുരോഹിതന്മാർ മാറി മാറി നടത്തിയിരുന്നു. സ്നാപകയോഹന്നാൻെറ പിതാവായ സക്കറിയായുടെ തവണയെപ്പററി വേദപുസ്തകത്തിൽ പറയുന്നുണ്ടല്ലോ. (ലൂക്കാ 1: 9) (2).

ഇതിൽനിന്നെല്ലാം ധൂപാർച്ചന ദൈവത്തേ ആരാധിക്കാനും അവിടുത്തേയ്ക്കു് പ്രാർത്ഥനകൾ അർപ്പിക്കാനും പ്രായശ്ചിത്തം ചെയ്യാനും ഉള്ള പ്രതീകമായിക്കരുതാറുണ്ടെന്നു് വ്യക്തമാണല്ലോ.

## B ധൂപം ആശീർവ്വദിക്കുന്നതിനുള്ള പ്രാർത്ഥന

കുരിശുചുംബനത്തിനുശേഷം കാർമ്മികൻ ധൂപക്കുററിയിൽ കുന്തുരുക്കമിട്ടു് ആശീർവ്വദിക്കുന്നു. ധൂപം ആശീർവ്വദിക്കാനുള്ള പ്രാർത്ഥന ഇങ്ങനെയാണു്:

''നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിൻെറ പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങൾ സ

2. cf. Ineense in Encyclopediac Dictionary of the Bible.

മപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിൻെറ നാമത്തിൽ ആശീർവ്വദിക്കപ്പെട്ടതാകട്ടെ.''

ധൂപം ആശീർവ്വദിക്കുമ്പോഴും ചൊല്ലുന്നതാണ് ഈ പ്രാർത്ഥന എന്നു വ്യക്തം– ''നിൻെറ ബഹുമാനത്തിനായി ഞങ്ങൾ ഇടുന്ന (സമർപ്പിക്കുന്ന) ഈ കുന്തുരുക്കം.'' അതു് ദൈവതിരുമനസ്സിനു് പ്രിയങ്കരമായിത്തീരുവാനാണു്–'' അങ്ങയുടെ സംപ്രീതിക്കും.'' അതിൽ പാപമോചനം യാചിക്കുന്നുമുണ്ടു്– ''പാപമോചനത്തിനായി.'' പാപമോചനവും പരിഹാരബലിയുമാണു് മനുഷ്യനെ ദൈവത്തോടു് അടുപ്പിക്കുന്നതു്. ഇത്തരത്തിലുള്ള അടുപ്പത്തിൻെറ ഫലമായി മനുഷ്യൻ സന്തുഷ്ടവാനാകുന്നു. ത്യാഗത്തിൽ നിന്നുടലെടുക്കുന്ന സമ്മനോഭാവമാണു് ധൂപം വീശൽ വ്യഞ്ജിപ്പിക്കുക. സുറിയാനി ആരാധനക്രമത്തിലെ ധൂപിക്കലിനു് മോസസു് ബർ കേഫാ (Moses Bar Kepha) നൽകുന്ന വിശദീകരണം ഈ പ്രാർത്ഥനയുടെ ആശയത്തോടു് യോജിക്കുന്നതാണു്: ''സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽവന്നു് മനുഷ്യനും ദൈവവും തമ്മിലുള്ള രമ്യതയുടെ പരിമളവും സുഗന്ധവാഹിയായ ധൂപവുമായിത്തീർന്ന വചനത്തെ (പുത്രനായ ദൈവത്തെ), നമുക്കുവേണ്ടി തന്നെത്തന്നെ പിതാവായ ദൈവത്തിനു സമർപ്പിക്കുകയും ലോകത്തിനു മുഴുവൻവേണ്ടി പരിഹാരബലിയാവുകയും ചെയ്ത വചനത്തെ, ധൂപാർപ്പണം സൂചിപ്പിക്കുന്നു.'' (3). രമ്യതയുടെ ഈ ആശയം തന്നെ, അന്ത്യോക്യൻ കുർബാനയിലെ ധൂപം വാഴ്ത്തൽ പ്രാർത്ഥനയിലുണ്ടെന്നു് ബ്രൗൺ (Brown) പറയുന്നുണ്ടു്: ''അനുഗ്രഹിക്കുന്നവനായ കർത്താവിൻെറ മുമ്പാകെയും പുണ്യം നൽകുന്നതായ ബലിപീഠത്തിൻെറ മുമ്പാകെയും

3. CONNALLY R. H; Two Conaomentaries, P. 137.

ദിവ്യവും സ്വർഗ്ഗീയവുമായ വി. രഹസ്യങ്ങളുടെ മുമ്പാകെയും ബഹുമാനപ്പെട്ട പട്ടക്കാരൻെറ കൈകളാൽ കുന്തുരുക്കം വയ്ക്കപ്പെടുന്നു. പാപപരിഹാരം നൽകുന്നവനും വെടിപ്പാക്കുന്നവനും ഞങ്ങളുടെ തിന്മകൾ ക്ഷമിച്ചു മായിച്ചുനീക്കി ഒർക്കാതിരിക്കുന്നവനുമായ ദൈവമായ കർത്താവേ.... കരുണ ചെയ്യണമേ'' (4).

കുന്തുരുക്കധൂപം പാപപരിഹാരത്തിനോ പാപങ്ങൾ മാറ്റുന്നതിനോ ആണെന്ന ആശയം പ്രാമുഖ്യം വഹിച്ചിരുന്നെന്നു് ലീററ്സ്മാൻ പറയുന്നു (5). പരിഹാരത്തിൻെറ ദിവസം (day of Atnoement Yom Kippur) പ്രധാനാചാര്യൻ ശ്രീ കോവിലിൽ പ്രവേശിക്കും മുമ്പ് ദൈവത്തിനു് ധൂപം അർപ്പിച്ചിരുന്നു. (ലേവ്യ. 16: 12). പാപിയായ മനുഷ്യനു്, അധികാരസ്ഥാനമുണ്ടെങ്കിൽ പോലും, ഈ ധൂപപടലത്തിൽക്കൂടി മാത്രമെ, അനന്തപരിശുദ്ധിയായ ദൈവത്തെ അഭിമുഖം ദർശിക്കാൻ കഴിയൂ എന്നതാണു് ഇതിലടങ്ങിയിരിക്കുന്ന ആശയം (6). മഹാമാരിയുണ്ടായപ്പോൾ അഹറോൻ സുഗന്ധദ്രവ്യങ്ങൾ പുകച്ചതു് വ്യക്തമാക്കുന്നു, അതു് ശുദ്ധീകരണത്തിനുവേണ്ടിയാണു് ഉപയോഗിച്ചതെന്നു്. (സംഖ്യ. 17:12)

സുവിശേഷത്തിനുമുമ്പ് വേറൊരു പ്രാവശ്യംകൂടി ധൂപം ആശീർവ്വദിക്കുന്നു (7). സുവിശേഷം വായിക്കു

---

4. BROWN L. W, op. cit P. 220. വിശുദ്ധ സ്ഥലത്തുനിന്നു് അശുദ്ധാത്മപികളെ അകററാനാണു് ഈ ധൂപിക്കലെന്നു് റാസ് പറയുന്നു: An Explaration p. 10.
5. LIETZMANN Messe und Herrenmahl, Bonn, 1956, p. 86.
6. DIX G, The Shape of the Liturgy, p. 428.
7. ABDISO op. cit. p. 91–92.

മ്പോരം ധൂപിക്കാനാണിതു". കാർമ്മികൻ സുവിശേഷം വായിക്കുമ്പോരം ശ്രുശ്രൂഷി കാർമ്മികനു് അഭിമുഖമായി നിന്നു് തുടർച്ചയായി ധൂപിക്കണമെന്നു് കർമ്മവിധികരം (ORDO) അനുശാസിക്കുന്നു. (8).

ധൂപാശീർവ്വാദ പ്രാർത്ഥന ഇങ്ങനെയാണു്: "കർത്താവേ അങ്ങയുടെ സ്തുതിയ്ക്കും ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനുമായി ഈ സുഗന്ധ ദ്രവ്യങ്ങരം ഞങ്ങരം സമർപ്പിയ്ക്കുന്നു. പാപിനിയായ മറിയം അങ്ങയുടെ ശിരസ്സിൽ പൂശിയ സുഗന്ധതൈലത്തിൻെറ പരിമളം (യോഹ. 12: 3; ലൂക്കാ 7: 37; സങ്കീ: 132: 2) ഇതിൽ കലരട്ടെ.'' ധൂപിയ്ക്കൽ ദൈവമഹത്വത്തിനും പാപവിമോചനത്തിനുമാണെന്നു് പ്രാർത്ഥന വ്യക്തമാക്കുന്നുണ്ടു". പാപിനിയായ മറിയത്തെപ്പററിയുള്ള സൂചന ഈ പ്രാർത്ഥനയുടെ ചൈതന്യത്തിനു ചേർന്നതുതന്നെ. അവരം പരിമളം പൂശുകയും പാപമോചനം സ്വീകരിക്കയും ചെയ്തതാണല്ലോ. ഈ പരിമളധൂപംവഴി ദൈവകാരുണ്യവും പാപമോചനവും നാമും പ്രതീക്ഷിക്കുന്നുവെന്നതാണു് ധ്വനി.

സുവിശേഷവായനയുടെ സമയം സുവിശേഷഗ്രന്ഥത്തിനു മുൻപിൽനിന്നു് ശ്രുശ്രൂഷി ധൂപകലശം വീശി മിശിഹായേയും അവിടുത്തെ പ്രബോധനത്തേയും ബഹുമാനിക്കുന്നു.

---

8. ORDO p. 11.

# 8

## അഴിക്കാലിങ്കലെ ഗീതം

(ഓനീസാദ് കങ്കെ)

### i പ്രാരംഭപ്രദക്ഷിണം

അബ്രാഹം ബർലീഫെയും ഈശോയാബ് മൂന്നാമനും ആഘോഷമായ കുർബാനയുടെ ആരംഭത്തിൽ ഒരു പ്രദക്ഷിണമുള്ളതായി പറയുന്നു (1). മുകളിൽ കണ്ട ''പൗരാണികമായ ഒരു പൗരസ്ത്യ സുറിയാനിപ്പള്ളിയുടെ ഉള്ളിലേയ്ക്കു കടന്നാൽ'' എന്ന പഠനത്തിൻെറ വെളിച്ചത്തിൽ ഈ പ്രദക്ഷിണം നീങ്ങുന്നതു്, സങ്കീർത്തിയിൽ നിന്നു ബലിവേദിയും ഗായകരുടെ സ്ഥാനവും കടന്നു് പള്ളിയുടെ നടുക്കുള്ള ഉയർന്ന പീഠ (ബേമാ)ത്തിലേക്കാണെന്നു് നമുക്കറിയാം. ശുശ്രൂഷയുടെ ആദ്യഭാഗം വൈദികഗണവും വിശ്വാസികളുംകൂടി ആരംഭിച്ചെങ്കിലും സങ്കീർത്തനഭാഗം കഴിഞ്ഞു് ഈ ഭാഗത്താണു് മെത്രാൻ പ്രവേശിക്കുക.

അർബേലിൻെറ വിവരണം ഏതാണ്ടിപ്രകാരം സംഗ്രഹിക്കാം (2): ഡീക്കന്മാരും മററു ശുശ്രൂഷികളുംതിരികളും ധൂപക്കുററിയും വഹിച്ചുകൊണ്ടും പുരോഹിതന്മാർ

---

1. cf. Expositio II p. 6.
2. ബർലിഫായുടെവിവരണം അനുബന്ധത്തിൽ കാണുക.

കുരിശും വേദപുസ്തകവും പിടിച്ചുകൊണ്ടും ആർച്ചുഡീക്കനോടും മെത്രാനോടുംകൂടെ പ്രദക്ഷിണമായി ബേമായിലേക്കു പോകുന്നു. പ്രധാനപ്പെട്ട രണ്ടു ഡീക്കന്മാരും വൈദികരും മെത്രാനും അവിടെ ഇരിക്കയും, മററു ശുശ്രൂഷികൾ കെസ്ത്രോമായിലേയ്ക്കു (ഗായകസംഘത്തിനുള്ള സ്ഥലം) പോകുകയും ചെയ്യുന്നു എന്നു പറയുന്നുണ്ട്. എന്നാൽ കുരിശിനോടുള്ള യാതൊരു വണക്കത്തേയുംപററി അവിടെ പരാമർശമില്ല.

കുർബാനക്രമത്തിൻെറ വളരെക്കുറച്ചു കയ്യെഴുത്തു പ്രതികളേ ഈ പ്രദക്ഷിണത്തെപ്പററി സൂചിപ്പിക്കുന്നുള്ളൂ. 15–ാംനൂററാണ്ടിലെഴുതിയ ബർലിൻ 38 എന്ന കൈയെഴുത്തുപ്രതിയിൽ ഇപ്രകാരമാണ് വിവരണം: 'പുരോഹിതൻ കയ്യിൽ കുരിശുമായി പുറത്തേയ്ക്കു (സങ്കീർത്തിയിൽ നിന്നു് ദൈവാലയത്തിലേയ്ക്കു) വരികയും ബേമായിലേയ്ക്കു പോകുകയും ചെയ്യുന്നു.' ഗബ്രിയേൽ ഖത്രായും ഈ സമയം കുരിശു മദ്ബഹായിൽനിന്നു് ബേമായിലേക്ക് കൊണ്ടുവരുന്നെന്നു് പറയുന്നുണ്ട്.

## ii അഴിക്കാലിങ്കലെ ഗീതം

ഈ പ്രദക്ഷിണസമയത്തു ആലപിച്ചിരുന്നതായിരിക്കണം ''ഓനീസാദ്കങ്കെ''. ഓനീസാ എന്നതു് ഒരു കീർത്തനമാണ്. സാധാരണയായി അതിൻെറ ആരംഭത്തിൽ വേദപുസ്തകത്തിലെ ഒരു വാക്യം ഉണ്ടായിരിക്കും. മിക്കപ്പോഴും സങ്കീർത്തനവാക്യമാണതു്. ഇത്തരത്തിലുള്ള മറെറാരു വാക്യം ചൊല്ലിയശേഷം ആദ്യത്തെ പാദം ആവർത്തിക്കുന്നു. പിന്നീടു്'' പിതാവിനും പുത്രനും........സ്തുതി'' ചൊല്ലി മറെറാരു പാദം ആലപിക്കുന്നു. ഇങ്ങനെ സാധാരണ മൂന്നുപ്രാവശ്യമാണ് ആലപി

ക്കാറുള്ളതെങ്കിലും ചിലപ്പോഠം അഞ്ചും, ഏഴും പ്രാവശ്യം ഇരുഗണങ്ങളായി ഈ ഗീതം പാടാറുണ്ട്.

''കങ്കെ'' എന്നതു് ലത്തീനിലെ ''കൻചെല്ലി (cancelli = അഴിക്കാൽ) എന്നതിൽനിന്നാണെന്നു് പറയുന്നു. അതല്ല, ഗ്രീക്ക ''കൊങ്കെ'' (Apse – അംത്താരയും പിറകുള്ള ഭിത്തിയും ഇടയ്ക്കുള്ള ഭാഗം) എന്നതാണു് അതിൻെറ മൂലമെന്നു പറയുന്നവരുമുണ്ട്. പുരാതനപൗരസ്ത്യസുറിയാനി പള്ളികളിൽ അംത്താര ഭിത്തിയോട്ട ചേൎന്നിരിക്കുന്നതിനാൽ രണ്ടാമത്തു പറഞ്ഞതു ശരിയാണെന്നു തോന്നുന്നില്ല.

''ഓനീസാദ്കങ്കെ'' ആലപിക്കുമ്പോഠം കാമ്മീകൻ മദ്ബഹായുടെ താഴെ അഴിക്കാലിനട്ടത്തു നില്ക്കുകയും ജനങ്ങഠം വന്നു് കാമ്മീകൻ പിടിച്ചിരിക്കുന്ന കുരിശു് ചുംബിക്കുകയും ചെയ്യുന്നു (3). കുരിശു വന്ദനം നടക്കുന്ന സ്ഥലത്തോട്ട ഘടിപ്പിച്ച് ''അഴിക്കാലിങ്കലെ ഗീതം എന്നു് ഈ ഗീതത്തിനു് നാമകരണം ചെയ്യുന്നതു് യുക്തമെന്നു തോന്നുന്നു.

അഴിക്കാലിങ്കലേ ഗീതം തിരുന്നാളനുസരിച്ച് മാറിവരുന്നു. അതിൻെറ രണ്ടാമത്തെ ഖണ്ഡം സാധാരണമായി വി. കുരിശിനെ പററിയാണു്. ഉദാഹരണത്തിനു് ഇപ്പോഠം റാസയിൽ ആലപിക്കുന്ന ഗീതം കാണാം. മംഗളവാർത്ത ഒന്നാംഞായറിനു് നിശ്ചയിച്ചിട്ടുള്ളതാണതു്. ''പിതാവിനും....സ്തുതി. കർത്താവേ, ഞങ്ങഠംക്കു്

3. നെസ്തോറിയൻ വൈദികർ ചില സ്ഥലങ്ങളിൽ കുരിശു കൊണ്ടു് ജനങ്ങളുടെ നെററി സ്പർശിക്കാറുണ്ടു്. ചില നെസ്തോറിയൻ പള്ളികളിൽ ഈ കർമ്മം നടത്തുന്നതു് ''ലാകുമാറാ''യുടെ സമയത്താണു്. കൽദായകർബാനക്രമം ഇതേപ്പററി ഒന്നും പറയുന്നില്ല.

നന്മയ്ക്കു നിദാനമായിത്തീരുകയും മൎത്ത്യമായ ഞങ്ങളുടെ വംശത്തെ സ്വതന്ത്രമാക്കുകയും ചെയ്ത കുരിശ്ശ് ഞങ്ങൾക്ക് ബലമുള്ള കോട്ടയായിരിക്കട്ടെ. അതുവഴി പിശാചിനെയും അവൻെറ എല്ലാ കെണികളെയും ഞങ്ങൾ ജയിച്ചടക്കും'' (4) ക്രിസ്തുമസ് ദിനത്തിലെ സ്തുതിഗീതം കുരിശിനെ അവഗണിക്കുന്നില്ല. ''നിൻെറ വിശുദ്ധ കുരിശുവഴി, ഞങ്ങളുടെ രക്ഷകാ, മാലാഖമാരും മനുഷ്യരും അനുരഞ്ജനപ്പെട്ട് ഒരാട്ടിൻകൂട്ടവും ഒരു വിശുദ്ധ സഭയുമാക്കപ്പെട്ടിരിക്കുന്നു. സ്വൎഗ്ഗീയവും ഭൗമികവുമായ സഭ ആനന്ദിക്കുകയും സകല സൃഷ്ടികളും ഉദ്ഘോഷിക്കുകയും ചെയ്യുന്നു: ''സകലത്തിൻെറയും കൎത്താവേ നിനക്കു സ്തുതി'' (5).

## iii അഴിക്കാലിങ്കലെ സ്തുതിഗീതത്തിനു മുമ്പുള്ള പ്രാൎത്ഥന

റാസയിൽ സങ്കീൎത്തനാലാപത്തിൻെറ അവസാനം, ഡീക്കൻെറ വിജ്ഞാപനത്തിനുശേഷം ''അഴിക്കാലിങ്കലെ സ്തുതിഗീതത്തിനുമുമ്പുള്ള പ്രാൎത്ഥന'' കാൎമ്മികൻ പാടുന്നു. വിവിധതിരുനാളുകൾക്കുവേണ്ടി അത്തരം മൂന്നു പ്രാർത്ഥനകളുണ്ട്:

ഞായറാഴ്ചകളും തിരുനാളുകളും (യേദാ)

പ്രധാനപ്പെട്ട തിരുനാളുകൾ (യേദാമാറനായ)

വിശുദ്ധരുടെ തിരുനാളുകൾ (ദ്ഉക്റാന)

ഒന്നാമത്തെയും രണ്ടാമത്തെയും പ്രാർത്ഥനകൾ ദൈവസിംഹാസനത്തിങ്കലേക്കുള്ള പ്രവേശനത്തെ സൂ

4. Supplementum p. 3.
5. Ibidem p. 10.

ചിപ്പിക്കുന്നതാണ്. ആദ്യത്തേതിന്റെ രൂപത്തിൽ ഉണ്ടാക്കിയ രണ്ടാമത്തെ പ്രാർത്ഥന വളരെക്കുറച്ചു കൈയെഴുത്തു പ്രതികളിലേ കാണുന്നുള്ളു. 1570-ൽ എഴുതിയ ബ്രിട്ടീഷ് മ്യൂസിയം 7181 എന്ന കൈയെഴുത്തുപ്രതിയിൽ രണ്ടാമത്തെ പ്രാത്ഥന ആബൂഹലിം ഏലിയ മൂന്നാമൻ പാത്രിയർക്കാ (+1190) രചിച്ചതായി പറയുന്നുണ്ട്. മൂന്നാമത്തെ പ്രാർത്ഥനയിൽ ദൈവസിംഹാസനത്തിങ്കലേക്കുള്ള പ്രവേശനത്തെപ്പററി ഒന്നുംതന്നെ പറയുന്നില്ല.

## ഞായറാഴ്ചകളും തിരുനാളുകളും

സ്വർഗ്ഗീയ സിംഹാസനത്തിൻ മുമ്പാകെ ദൈവത്തെ മാലാഖമാരോടു ചേർന്നു സ്തുതിക്കുകയാണ് പ്രാത്ഥനയുടെ ആശയം. ദൈവസിംഹാസനത്തെപ്പററി പറയുന്നതു് ഇങ്ങനെയാണ്:

നിന്റെ മഹത്വത്തിന്റെ സ്തുത്യർഹമായ സിംഹാസനം.

നിന്റെ ഗുണോൽക്കർഷത്തിന്റെ ഉന്നതവും ഉൽകൃഷ്ടവുമായ പീഠം

നിന്റെ സ്നേഹാധികാരത്തിന്റെ പ്രശാന്തഗംഭീരമായ വേദിക.

നിന്റെ ബഹുമാനമധിവസിക്കുന്ന പരിഹാരാത്മകമായ ബലിപീഠം.

''നിന്റെ ജനങ്ങളും നിന്റെ മേച്ചിൽസ്ഥലത്തെ ആടുകളു'' മായ വിശ്വാസികളുടെ കൂട്ടം 'പരിശുദ്ധൻ' എന്നു പാടുന്ന ആയിരക്കണക്കിനു സ്രാപ്പേന്മാരോടും മുഖ്യദൂതന്മാരോടുംകൂടി ആരാധിച്ചുകൊണ്ടു ദൈവത്തെ സ്തുതിക്കു

ന്നു. കാർമ്മികൻ ജനങ്ങളുടെ ആഗ്രഹത്തെ വെളിപ്പെടുത്തു കയും പരിശുദ്ധ ത്രിത്വത്തെ ആദരവോടെ വിളിച്ചു പ്രാർത്ഥന അവസാനിപ്പിക്കുകയും ചെയ്യുന്നു.

മുറയ്ക്കുള്ള കർമ്മങ്ങൾ ആരംഭിക്കുന്നതിനു് മെത്രാൻ ബേമായിൽ പ്രവേശിക്കുന്നതേയുള്ളു. തത്സമയം ദൈവ സ്തുതിയെപ്പററി പറയുന്നതു് ശരിതന്നെ. എന്നാൽ എന്തു കൊണ്ടാണു്, 'സ്തുത്യർഹമായ സിംഹാസന'ത്തേയും 'ഉൽകൃഷ്ടമായ പീഠ'ത്തേയും 'പ്രശാന്തഗംഭീരമായ വേദിക'യേയുമൊക്കെ പരാമർശിക്കുന്നതു്. ഒരു പക്ഷേ ബേമായിലെ പീഠത്തിനു താഴെനിന്നു് ചൊല്ലിയിരുന്നതാവാം ഇതു്. ബേമായിൻ ''ഗാഗുൽത്താ'' (മേശ) സജ്ജമാക്കിയിട്ടുണ്ടല്ലൊ. കുർബാനയുടെ ആദ്യഭാഗം നടത്തിയിരുന്നതു് ബേമായിലായിരുന്നതുകൊണ്ടു് സിംഹാസനം, ബേമാ, പീഠം, അൾത്താര എന്നൊക്കെയുള്ള പ്രയോഗങ്ങൾ അസ്ഥാനത്തല്ല.

## പ്രധാനപ്പെട്ട തിരുനാളുകൾ

(യേദാമാറാനായ)

ഞായറാഴ്ചയുള്ള പ്രാർത്ഥനയിലേതുപോലെ ഈ പ്രാർത്ഥനയിലും 'പ്രശാന്തഗംഭീരമായ വേദിക'യേയും മററും പററി പറയുന്നുണ്ടു്. അതിനുമുമ്പാകെ ജനമെല്ലാം ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്നു്, ദൈവത്തെ ഭയത്തോടെ സ്തുതിക്കുകയും വിറയലോടെ ആരാധിക്കുകയും നിരന്തരം പുകഴ്ത്തുകയും ചെയ്യുന്നു. ഇതിനു ഞായറാഴ്ചത്തെ പ്രാർത്ഥനയുടെ ആശയം തന്നെയാണുള്ളതു്.

## വിശുദ്ധരുടെ തിരുനാൾ

(ദ്ക്റാന)

മാതാവിൻെറയും മററു വിശുദ്ധരുടെയും തിരുനാളുകൾക്കുള്ള പ്രാർത്ഥനയാണിതു് (6). ഭീതിജനകവും പരിശുദ്ധവും വാഴ്ത്തപ്പെട്ടതുമായ ''പരിശുദ്ധനാമ''ത്തെ ഏററു പറയുവാനും ആരാധിക്കുവാനുമുള്ള കടമ അനുസ്മരിപ്പിക്കുന്നതാണു് ഈ പ്രാർത്ഥന. ദൈവസ്തുതിയെപ്പററി പറയുന്നെങ്കിലും ദൈവസിംഹാസനത്തെപ്പററിയോ ബേമായെപ്പററിയോ യാതൊരു പരാമർശവുമില്ല.

---

6. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനു് സുറിയാനി കാനോനാനമസ്കാരത്തിൽ ദ്ക്റാന എന്നല്ല യേദാ എന്നാണു് നാമകരണം ചെയ്തിരിക്കുന്നതു്. ഇതൊരപവാദമാണു്. Breviarium Chaldaeorum III p. 453.

# 9

## "സകലത്തിൻെറയും നാഥാ"

(ലാകുമാറാ).

''സകലത്തിൻെറയും നാഥാ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിപ്പ്ിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.''

ബലിപീഠത്തിൻെറ ചുവട്ടിൽനിന്നുള്ള പ്രാർത്ഥനയ്ക്കുശേഷം ശ്രീകോവിലിൻെറ (മദ്ബഹായുടെ) വിരി മാററുന്നു. ക്രിസ്തുവിൻെറ ആവിഷ്ക്കരണത്തെ സ്തുതിക്കുന്നതാണ് തുടർന്നു പാടുന്ന 'ലാകുമാറാ' എന്ന ഗീതം. അതിനുള്ള ആമുഖമായിട്ടാണ് മദ്ബഹായുടെ അനാച്ഛാദനത്തെ അബ്രാഹം ബർലിഫേ കാണുന്നത്: ''അവനെ യോർദാനിൽവച്ച് കാണുകയും അവനുവേണ്ടി സ്വർഗ്ഗം തുറക്കപ്പെടുകയും അങ്ങനെ അവനു കടപ്പെട്ട ബഹുമാനം മുഴുവൻ ലഭിക്കുകയും ചെയ്യുന്നതുവരെ ജനങ്ങൾ അവനിൽ വിശ്വസിച്ചില്ല. ഇവിടെയും അതുപോലെതന്നെ, നമ്മുടെ കത്താവിൻെറ ആവിഷ്ക്കരണത്തെ സൂചിപ്പിക്കുന്ന ''ലാകുമാറാ''വരെ ശ്രീകോവിൽ തുറക്കുന്നില്ല'' (1).

1. Interpretatio p. 8.

സൈമൺ ബർസാബാ പാത്രിയക്കാ (+344) രചിച്ച (?) ഈ ഗീതം (2) സായാഹ്നജപത്തിലും പ്രഭാതജപത്തിലും മററു തിരുക്കർമ്മങ്ങളിലും ഉപയോഗിക്കുന്നുണ്ട് (3). സായം കാലജപത്തിൽ (റംശ) അതൊരു പ്രദക്ഷിണഗീതമാണ്. ദീപങ്ങളും, തിരികളുമായി വരുന്ന പ്രദക്ഷിണം ദൈവാലയത്തിലെ ഇരുട്ടിനെ ഇല്ലാതാക്കുന്നു. ആ പ്രകാശം മരണമാകുന്ന തമസ്സിന്മേൽ ക്രിസ്തു നേടിയ വിജയത്തെ ദ്യോതിപ്പിക്കുന്നു.

ഈ സ്തുതിഗീതം ക്രിസ്തുവിന്റെ ആവിഷ്ക്കരണത്തെ ദ്യോതിപ്പിക്കുന്നെന്ന് വ്യക്തമായി ചൂണ്ടിക്കാണുന്നുണ്ട്, അർബേൽ. ''ലാകുമാറാ''യ്ക്കു് തൊട്ടുമുമ്പ് ഡീക്കൻ നൽകുന്ന ഉൽബോധനം വ്യാഖ്യാനിക്കുമ്പോഴാണ് അർബേൽ ഇതു് പറയുക. അവിടെ ഡീക്കൻ പതിവുപോലെ ''നമുക്കു പ്രാർത്ഥിക്കാം'' എന്നതു് ചേർക്കാതെ, 'നമുക്കു സമാധാനം' (സമാധാനം നമ്മോടുകൂടെ) എന്നു മാത്രം പറയുന്നു. ഇതു് വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം തുടരുന്നു: ''ഡീക്കൻ ഇതുവരെ സമാധാനത്തിനുവേണ്ടി അപേക്ഷിക്കുകയായിരുന്നു. ഇപ്പോളിനി ലക്ഷ്യമതല്ല; കാരണം സമാധാനം വന്നുകഴിഞ്ഞു. അതു നമ്മോടുകൂടെ വാഴുകയും ചെയ്യുന്നു. (ശുശ്രൂഷ ഇത്രയുമാകുമ്പോഴേയ്ക്കു നമ്മുടെ കർത്താവിന്റെ പ്രത്യക്ഷമായ സാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. ഇതൊരുപക്ഷേ കുരിശു് (പ്രദക്ഷിണത്തിലേതു്) കർത്താവിനെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ടാവാം. തന്മൂലം ''നമുക്കു സമാധാനത്തിനുവേണ്ടി പ്രാത്ഥിക്കാം'' എന്ന ലക്ഷ്യം ഉപേക്ഷിച്ചിട്ട് സ

---

2. KING A, op cit II p. 332.
3. MATEOS J., Lelya Sapra, p. 490.

മാധാനം നമ്മോടൊത്തുണ്ടെന്ന വസ്തുത അനുസ്മരിപ്പിക്കു ന്നു (4).

## മൂന്നു പ്രാവശ്യം ചൊല്ലുന്നു.

ലാകുമാറാ മൂന്നു പ്രാവശ്യം ചൊല്ലണമെന്നാണ് സുറിയാനി തക്സാ നിർദ്ദേശിക്കുന്നത്. ''കർത്താവിനെ സ്തുതിക്കുന്നതു് ഉത്തമമാകുന്നു '' (സങ്കീ. 92:1) എന്നതു ചൊല്ലിയശേഷമാണ് ഞായറാഴ്ചകളിലും തിരുനാളുക ളിലും ലാകുമാറാ ആവർത്തിക്കുക. പ്രദക്ഷിണ ഗാന ത്തിൽ ഈ സങ്കീർത്തനഭാഗം ചേർത്തതെന്തുകൊണ്ടാവാം? ഒരു കാലത്തു് ആ സങ്കീർത്തനം മുഴുവൻ ഇവി ടെ ചൊല്ലിയിരിക്കുമോ? കാരണം, അതിൻെറ അന്ത്യ ത്തിൽ ''കർത്താവിൻെറ ഭവന''ത്തിൽ അവർ നടപ്പെട്ടു എന്നു കാണുന്നുണ്ടല്ലോ.

ഇടദിവസങ്ങളിൽ ''കർത്താവേ, ഞാൻ എൻെറ കൈകൾ കഴുകി നിർമ്മലമാക്കുകയും നിൻെറ ബലിപീഠ ത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്യും'' എന്ന സങ്കീർത്ത നഭാഗമാണ് (26:6) ചേർത്തു ചൊല്ലുക. അച്ചടിച്ച എ ല്ലാ കുർബാനക്രമങ്ങളിലും— നെസ്തോറിയൻ, കൽദായ, മലബാർ — ഇതു കാണുന്നുണ്ട്. ഈ സമയത്തു് കാർമ്മിക ൻെറ കൈകൾ കഴുകുന്നില്ലല്ലോ. ധൂപംകൊണ്ടുള്ള ഒരഭി ഷേചനമായിരിക്കാം ഇവിടെ സൂചിതം— ബലിപീഠ ത്തിനുചുററുമുള്ള ധൂപിക്കൽ.

''പിതാവിനും....സ്തുതി....ആദിയിലേപ്പോലെ എ പ്പോഴും ആമ്മേൻ'' (സങ്കീ. 41:13) എന്നതു ചേർത്തു് മൂ ന്നാമതൊരു പ്രാവശ്യംകൂടി ഇതു് പാടുന്നതായി കുർബാ നക്രമത്തിൽ കാണുന്നു. (ആഘോഷമായ നമസ്കാര

4. Interpretatio p. 168.

ത്തിൽ ഇതു് ഏഴ പ്രാവശ്യം പാടിയിരുന്നത്രെ.) എന്നാൽ കുർബാനയുടെ ദൈർഘ്യം കുറയ്ക്കാനാവാം'' ഇപ്പോൾ ഈ ഗീതം ഒരു പ്രാവശ്യമേ കുർബാനയിൽ പാടുന്നുള്ളു.

## ''സകലത്തിന്റെയും നാഥാ,, ചൊല്ലുമ്പോൾ

ലാകുമാറാ പാടിക്കൊണ്ടു പ്രദക്ഷിണം ബേമായിൽ വന്നയുടനെ ഡീക്കന്മാർ ധൂപവുമായി പള്ളിയിൽ ജനങ്ങളുടെ മദ്ധ്യത്തിലേയ്ക്കു് പോയിരുന്നു. ''അപ്പോഴും ലാകുമാറാ തുടർന്നു ചൊല്ലിയിരിക്കാം. അതുകൊണ്ടായിരിക്കാം ആഘോഷമായ കുർബാനയിൽ ലാകുമാറാ പാടുന്ന അവസരത്തിൽ ധൂപിക്കുന്നതു്.

''സകലത്തിന്റെയും നാഥാ'' എന്ന പ്രാർത്ഥനയുടെ സമയം കൽദായകത്തോലിക്കർ അപ്പവും വീഞ്ഞും ഒരുക്കുന്നുണ്ടു്. ഇതു് ഒരു കയ്യെഴുത്തു പ്രതിയിലും ഉള്ളതായി അറിവില്ല. ഒരു പക്ഷേ കുർബാനയുടെ ഈ ഭാഗത്തു് ഇപ്രകാരം അപ്പവും വീഞ്ഞും ഒരുക്കുന്ന മാറോനിത്താക്കാരെ അനുകരിച്ചു് ചെയ്യുന്നതാവാം.''

## ലാകുമാറായുടെ സമാപനപ്രാർത്ഥന

''സകലത്തിന്റെയും നാഥാ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു.''

കയ്യെഴുത്തുപ്രതികളിൽ ഈ പ്രാർത്ഥനയ്ക്കു് വ്യത്യസ്തങ്ങളായ ശീർഷകങ്ങളുണ്ടു്: പ്രാർത്ഥന, ലാകുമാറാസ്കുശേഷമുള്ള പ്രാത്ഥന, ത്രൈശുദ്ധകീർത്തനത്തിന്റെ

(Trisagion) പ്രാത്ഥന. ഇതിനുമുമ്പുള്ള ഗീതത്തെ ലാകുമാറാ– സമാഹരിക്കുന്ന പ്രാർത്ഥനയാണതെന്നു് ഉള്ളടക്കം വ്യക്തമാക്കുന്നു.

## മററു റീത്തുകളിൽ

ക്രിസ്തുവിൻെറ ആവിഷ്കരണത്തെയോ വെളിപാടിനെയോ സൂചിപ്പിക്കുന്ന ഈ ഗീതത്തിനു് തുല്യമായ ഒരു കീർത്തനം അന്ത്യോക്യൻ സുറിയാനി റീത്തിലും കാണാൻ പററും. കുർബാനയുടെ ആരംഭത്തിൽ തിരി കത്തിക്കുന്ന സമയത്തു് പാടുന്നതാണതു്. സ്വയം വെളിപ്പെടുത്തുകയും മനുഷ്യമനസ്സിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ 'വെളിച്ച'മായാണു് ഈ കീർത്തനം ചിത്രീകരിക്കുന്നതു്. ഇതാലപിക്കുന്ന സമയം തിരികൾ കത്തിക്കുന്നതു് തികച്ചും യോജിച്ചതുതന്നെ:

''വെളിവുനിറഞ്ഞോരീശോനിൻ
വെളിവാ–ൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം–
വെളിവുംനീ
കാന്ത്യ,ഞങ്ങളെ നീ–താ–തൻ
കതിരേ,ശോഭിപ്പിക്കെന്നും
വെളിവിൻ തട്ടിൽ വസിക്കും
പുണ്യനിധേ,–പരിശുദ്ധാ....''

'ലാകുമാറ' എന്നതിനെ ബൈസൻെറയിൻ റീത്തിലെ "ho monogenos uios" എന്ന സ്തുതിഗീതവുമായി റഹമാനി താരതമ്യപ്പെടുത്തുന്നു (5).

5. Rahmani 1., Les Liturgies Orientales et Occidentales, Beyourth, 1929 p. 356.

## ലാകുമാറാ'യ്ക്കു മുമ്പുള്ള പ്രാർത്ഥനകൾ

ധൂപം വാഴ്ത്തലിനുശേഷം കുർബാനക്രമത്തിൽ രണ്ടു പ്രാർത്ഥനകൾ കാണാം. ഒന്നു് ഞായറാഴ്ചകൾക്കു്; മററതു് സാധാരണ ദിവസങ്ങൾക്കും വിശുദ്ധരുടെ ഓർമ്മ ആചരിക്കുന്ന ദിവസങ്ങൾക്കും (ദുക്റാന). രണ്ടാമത്തെ പ്രാർത്ഥന "എല്ലാ സഹായങ്ങൾക്കും വേണ്ടിയും" (ഉ അൽ അപ്പൈ....) എന്നാരംഭിക്കുന്നു. ഏതൊ ഒരു പ്രാർത്ഥനയുടെ തുടർച്ചയാണിതെന്നു് സ്പഷ്ടം. പക്ഷേ അതിനു മുമ്പുള്ള പ്രാർത്ഥന ഏതായിരിക്കാം? ധൂപം ആശീർവ്വദിക്കുന്നതിനുമുമ്പു ചൊല്ലുന്ന "നമുക്കു സ്തുതികൾ അർപ്പിക്കാം" എന്ന പ്രാർത്ഥനയുടെ തുടർച്ചയാണിതെന്നും, ധൂപം ആശീർവ്വദിക്കുന്നതിനുള്ള പ്രാർത്ഥന പില്ക്കാലത്തു് കൂട്ടിച്ചേർത്തതാണെന്നും ഫാദർ സിൽവെസ്റ്റർ C. M. I. അഭിപ്രായപ്പെടുന്നു. "നമുക്കു സ്തുതികളർപ്പിക്കാം" എന്ന പ്രാർത്ഥന നെസ്തോറിയൻ കയ്യെഴുത്തുപ്രതികളിൽ മാത്രമേ കാണുന്നുള്ളുവെന്നും ആ പ്രാർത്ഥനകൾ പൗരസ്ത്യ സുറിയാനി റീത്തിലെ പൊതു പ്രാർത്ഥനകൾക്കുള്ള സാധാരണ രീതിയിലല്ല അവസാനിക്കുന്നതെന്നും, അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഈ രണ്ടു പ്രാർത്ഥനകളും പരിശുദ്ധ ത്രിത്വത്തെ വിളിച്ചപേക്ഷിക്കുന്നവയാണെന്നു് അദ്ദേഹം പ്രസ്താവിക്കുകയും ചെയ്യുന്നുണ്ടു് (6).

ദൈവത്തിൻെറ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കും അവിടുത്തേക്കു് നന്ദി പറയുവാനുള്ള നമ്മുടെ കടമയെപ്പററി പറഞ്ഞശേഷം (ഉ അൽ അപ്പൈ) "സകലത്തിൻെറയും നാഥാ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.... പുകഴ്ത്തുന്നു....(ലാകുമാറ) എന്ന പ്രാർത്ഥന തുടരുന്നു. ഈ

6. Sylvester C. M. I., Ramsa, Rome, 1962 p. 39.

സാഹചര്യത്തിൽ 'ഉ അൽ അപ്പെ' എന്ന പ്രാത്ഥന 'ലാകുമാറാ'യുടെ ആമുഖമാണെന്നു് പറയാം.

''ഉ അൽ അപ്പെ'' എന്ന പ്രാർത്ഥന 'ലാകുമാറാ'യ്ക്കു് ഒരു ആമുഖമാണെന്ന നിഗമനം ഞായറാഴ്ചകാംക്കും തിരുനാളുകാംക്കുമുള്ള പ്രാർത്ഥനകാം പരിശോധിച്ചാൽ സുഗ്രഹമാകും. മുകളിൽ ഉദ്ധരിച്ച വ്യാഖ്യാനങ്ങളിൽ കണ്ടതുപോലെ, ''സകലത്തിൻെറ നാഥാ'' എന്ന കീർത്തനം, ക്രിസ്തുവിനെ അവിടുത്തെ ആവിഷ്ക്കരണത്തിൽ സ്തുതിക്കുന്നതത്രെ: ''അങ്ങയുടെ പ്രിയപുത്രൻ സ്വർഗ്ഗത്തിൽനിന്നു് എഴുന്നെള്ളിവരുമ്പോാം.... ആനന്ദപൂർവ്വം അവിടുത്തെ എതിരേൽക്കുവാനും....സ്തുതിക്കുവാനും....യോഗ്യരാക്കണമേ'' എന്നു് ഞായറാഴ്ചകാംക്കുള്ള പ്രാത്ഥനയിൽ (മാദ്പാഹ്ബൻ) യാചിക്കുന്നുണ്ടല്ലോ. ഈ രണ്ടു പ്രാത്ഥനകളും ദൈവത്തെ (ക്രിസ്തുവിനെ) അവൻെറ സഭയിൽ സ്തുതിക്കുന്നതിനെപ്പററി പ്രതിപാദിക്കുന്നു. കർബാനയിൽ സഭ എന്ന പദം സ്പഷ്ടമായി ഉപയോഗിക്കുന്നതു് ആദ്യമിവിടെയാണു്. ഇതു് ശ്രദ്ധാർഹമാണു്. ഒരു പക്ഷേ പള്ളിയിൽ മെത്രാൻ പ്രവേശിച്ചതിനുശേഷമുള്ള ആദ്യത്തെ പ്രാത്ഥന ഇതായതുകൊണ്ടാവാം— ''മെത്രാൻ എവിടെയോ, അവിടെ സഭയും.''

## കൈയെഴുത്തു പ്രതികളിൽ

പല കൈയെഴുത്തുപ്രതികളിലും ഈ രണ്ടു പ്രാത്ഥനകളിൽ ഒന്നേ കാണുന്നുള്ളു. ഡിയാർബേക്കർ 57 (A D 1240) ഇടദിവസങ്ങളുടേതെന്നു വിശേഷിപ്പിച്ചു് ''ഉ

അൽ അപ്പൈ'' നൽകുന്നു. British Museum Add 7181 (1570 A D) ലും മററു ചില കൈയെഴുത്തുപ്രതികളിലും ഈ പ്രാർത്ഥനകൾക്കുമുമ്പ് ഒരു കൈവയ്പു (സ്യാം ഈദാ) പ്രാർത്ഥനയുണ്ട്. ചിലതിൽ ധൂപം ആശീർവ്വദിക്കുന്ന ശുശ്രൂഷിയെ ആശീർവ്വദിക്കാനുമാണ് കൈവയ്പു പ്രാത്ഥനകൾ—തുടർന്നു ലാകുമാറാ ആലപിക്കുമ്പോൾ ധൂപിക്കുന്നുണ്ടല്ലോ.

# 10

# ഒരു തിരിഞ്ഞുനോട്ടം

## a) സങ്കീർത്തനമാലയും പ്രാർത്ഥനയും

കുർബാനയുടെ ആരംഭത്തിലെ പല പ്രാത്ഥനകളും കമ്മങ്ങളും മുകളിൽ കണ്ടുകഴിഞ്ഞു, അർബേലിലെ ജോർജ്ജ് 'പുഖ്ദാനകോനം' 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'യും വിട്ടുകളഞ്ഞിട്ട് കർത്തൃപ്രാർത്ഥനകൊണ്ട് തൻെറ വ്യാഖ്യാനമാരംഭിക്കുന്നു. തന്മൂലം ഈ ഘടകങ്ങൾ പില്ക്കാലത്തുമാത്രം ആരാധനക്രമത്തിൽ ചേർത്തതാണെന്നു് ഗ്രഹിക്കാം. കുർബാനയുടെ ആദ്യഭാഗത്തിനു് സായംകാലജപത്തിൻെറ പ്രകൃതിയാണല്ലോ ഉള്ളതു്. പ്രാഥമിക സങ്കീത്തനമാലയുടെയും പ്രാത്ഥനയുടെയും ശേഷമേ 'വേസ്പര' (സായംകാല ജപം) നടത്തുന്നതിനു് മെത്രാൻ പള്ളിയിൽ പ്രവേശിക്കുന്നുള്ളുവെന്നാണു് അബ്രഹാം ബർ ലിഫേ ഖേപ്പെടുത്തിയിരിക്കുന്നതു്. യഥാത്ഥത്തിൽ സായംകാല ജപം ആരംഭിക്കുന്നതു് മെത്രാൻ വന്നതിനുശേഷമാണെന്നു പറയാം (1). എങ്കിൽ സങ്കീത്തനമാലയും പ്രാത്ഥനയുമുൾക്കൊള്ളുന്ന ആദ്യത്തെ ഭാഗമെന്താണു്?

---

1. ബർലിഫെ നൽകുന്ന വിവരണം അനുബന്ധത്തിൽ കാണുക.

സായംകാലജപത്തിൻെറ ആരംഭത്തിൽ കൂട്ടിച്ചേ ത്തഭാഗം എല്ലാ റീത്തുകാംക്കം പൊതുവായ കാനോനാനമ സ്കാരത്തിൻെറ ചെറിയൊരു യാമപ്രാത്ഥനയായിരിക്കു മോ? പൗരസ്ത്യസുറിയാനിറീത്തിൽ സായാഹ്നജപത്തിനു മുമ്പ് ഇത്തരം ചെറിയ യാമപ്രാത്ഥനകാം നിലവിലി രുന്നത്രെ. അർബേലിലെ ജോർജ്, മൂന്നും ആറും ഒമ്പതും യാമപ്രാർത്ഥനകളെ പരാമശിക്കുന്നുണ്ട് (2). പൗരസ്ത്യസു റിയാനിറീത്തിൽ, നോമ്പുകാലത്തെ സാധാരണദിവസ ങ്ങളിലല്ലാതൊരിക്കലും അവയിലൊന്നും ഇന്നു് ഉപ യോഗിക്കാറില്ല. അപ്പോാം തന്നെയും മൂന്നും ആറും യാമ ങ്ങാം മാത്രമേ അനുഷ്ഠിക്കുന്നുള്ളു. ഒമ്പതാം യാമത്തിലെ പ്രാർത്ഥന അവിടെ ഇല്ല. സായാഹ്നജപത്തിൻെറ ആരംഭത്തിൽ ചേർത്തിരിക്കുന്ന സങ്കീത്തനം ഒമ്പതാം യാമത്തിൻേറതാകാമോ? ഒമ്പതാം യാമപ്രാത്ഥനയുടെ ഘ ടന ഇതിനേതാണ്ട് യോജിച്ചതാണെന്നു് ഓമ്മിക്കണം. കോൺസ്റ്റാൻറിനോപ്പിാം റീത്തിൽ ഇതുപോലൊന്നുണ്ട്. സായാഹ്നപ്രാത്ഥനയ്ക്കു് രണ്ടു ഭാഗങ്ങളുണ്ട്, ആ റീത്തിൽ: ഒമ്പതാം യാമത്തിൻേറതിനോട് സദൃശമായൊരു സന്യാ സക്രമ പ്രാർത്ഥനയും (85-ാം സങ്കീത്തനവും മററു പ്രാത്ഥ നകളും)ഒരു കത്തീഡ്രൽ ക്രമപ്രാർത്ഥനയും (സായംകാലജ പവും) (3). ഇതിൻെറ വെളിച്ചത്തിൽ നമ്മുടെ പ്രശ്നം പ രിഗണിക്കുക. അപ്പോാം, ഒമ്പതാം യാമപ്രാർത്ഥന, ഒമ്പ താം യാമം കഴിഞ്ഞുള്ള സായാഹ്നജപത്തോട് ചേത്തതാ കാമെന്നു് വിചാരിക്കുന്നതു് യുക്തിഹീനമാകുകയില്ല.

---

2. Sunt tres horae quas tertiam meridianam et nonam vocamus. Expositio P 133 (107)
3. തെസലോണിക്കായിലെ സൈമൺ നൽകുന്ന സാക്ഷ്യ ത്തിനു: PG 155 col 561 മുകളിൽ 67 – 68 വ ശങ്ങാം കാണുക.

## b) ധൂപിക്കൽ

'ലാകുമാറാ' (''സകലത്തിൻേറയും നാഥാ'') പാടുമ്പോറം ഡീക്കൻ മദ്ബഹായെയും ജനങ്ങളെയും ധൂപിക്കുന്നതും അതിനുമുമ്പ് കാർമ്മികൻ ധൂപാശീർവ്വാദം നടത്തുന്നതും നാം കണ്ടു. 'ഉ അൽ അപ്പെ' (.... അങ്ങു ഞങ്ങറംക്കു ചെയ്തിട്ടുള്ളതും) കൊണ്ടാരംഭിക്കുന്ന പ്രാർത്ഥനയ്ക്കു ശേഷമാണീ കീർത്തനം. ആഘോഷമായ സായാഹ്നജപത്തിൻെറ നേരത്ത് കേരളത്തിലും മൊസ്സൂളിലും ധൂപാശീർവ്വാദത്തെത്തുടൎന്നു 'അക് എത്ര' എന്നൊരു സ്തുതിഗീതം പാടിക്കൊണ്ടു ബലിപീഠത്തെ ധൂപിക്കുന്നു. ''നമുക്കു സ്തുതി ഉയർത്താം,'' ''രക്തസാക്ഷികളുടെ രക്തം സ്വീകരിച്ച ക്രിസ്തു....'' എന്നിങ്ങനെ തുടങ്ങുന്ന രണ്ടു പ്രാർത്ഥനകറം നെസ്തോറിയൻ കയ്യെഴുത്തുപ്രതിയിലുണ്ടു (4).

ഇങ്ങനെ ധൂപിക്കലിനെ സംബന്ധിക്കുന്ന വ്യത്യസ്തമായ ആറു പ്രാർത്ഥനകളുണ്ടു.

| | |
|---|---|
| 1) കുർബാനയിലെ ധൂപം ആശീർവ്വദിക്കൽ | ''നിത്യം പിതാവും....സർവ്വേശ്വരാ, അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിൻെറ പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങറം സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിൻെറ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ. |
| 2) 'ഉ അൽ അപ്പെ' | ''.... അങ്ങു ഞങ്ങറംക്കു ചെയ്തിട്ടുള്ളതും....'' |

4. Daqdam wad Bazar, Mosul 1923, P. 137.

| | |
|---|---|
| 3) ലാകുമാറാ | "സകലത്തിൻേറയും നാഥാ...." |
| 4) സായാഹ്നപ്രാർത്ഥനയിൽ ധൂപം വീശുമ്പോഴുള്ള സ്തോത്രഗീതം | സുഗന്ധദ്രവ്യങ്ങളുടെ സൗരഭ്യവുംപോലെ മിശിഹായേ, ഞങ്ങളുടെ രക്ഷകാ, നിൻെറ ദാസരുടെ പ്രാർത്ഥനയും യാചനയും സ്വീകരിക്കണമെ. |
| 5) നെസ്തോറിയൻ കയ്യെഴുത്തുപ്രതികളിലെ ഒന്നാമത്തെ പ്രാർത്ഥന | മഹത്വമുള്ള ത്രിത്വത്തിന് നമുക്ക് സ്തുതി കരേററാം. എല്ലാപ്പോഴും എന്നേയ്ക്കും ആമ്മേൻ. |
| 6) മുകളിലത്തേതിനുപകരമുള്ള രണ്ടാമത്തെ പ്രാത്ഥന (നെസ്തോറിയൻ) | രക്തസാക്ഷികളുടെ രക്തം അവർ വധിക്കപ്പെട്ട ദിവസം സ്വീകരിച്ച മിശിഹായെ, എൻെറ ബലഹീനമായ കരങ്ങളിൽനിന്നും നിൻെറ എന്നേയ്ക്കുമുള്ള അനുകമ്പയുടെ സ്നേഹപൂർവ്വകമായ ദയയിൽ ഈ ധൂപം സ്വീകരിക്കണമേ. ആമ്മേൻ. |

ധൂപിക്കലിനോടു ബന്ധമുള്ള ഈ വ്യത്യസ്ത പ്രാത്ഥനകളുടെ കൃത്യമെന്താണെന്നു ചോദിക്കാം. ഈ പ്രാർത്ഥനകൾ ഒരുമിച്ചെടുക്കുമ്പോൾ അന്ത്യോക്യൻ റീത്തിലെ സെദ്റോ എന്നറിയപ്പെടുന്ന ധൂപാർപ്പണശുശ്രൂഷയുടെ ഘടനയോടു സാധർമ്മ്യമുള്ളതായിതോന്നുന്നു (5). അതിൻെറ പ്രധാന ഘടകങ്ങൾ ഇവയാണു്:

---

5. MATEOS J, "Sedre" et Prieres Connexes dans quelque anciennes Collections, Orient Christ. Period, 28 (1962) 239–287

പ്ര<sub></sub>മിയോൻ: പരിശുദ്ധ ത്രിത്വത്തിന്റെ അഥവാ ക്രിസ്തുവിന്റെ അഥവാ, ഒരു വിശുദ്ധന്റെ സ്തുതിപ്പ്.

സെദ്റോ: സാമാന്യമായി പാപവിമോചനത്തിന്റെ ആശയമുള്ള ഒരു നീണ്ട പ്രാർത്ഥന.

ഖോലാ: ഒരു സ്തുതിഗീതം

എത്രോ: ധൂപപ്രാർത്ഥന.

സെദ്റോ നമസ്കാരത്തിൽ ''ഞങ്ങ‍ൾ വയ്ക്കുന്ന ധൂപം'' ''ഈ ധൂപം സ്വീകരിക്കുക'' ''പാപവിമോചനത്തിനായി ഇതു സ്വീകരിക്കുക'' എന്നിങ്ങനെയെല്ലാം പ്രയോഗങ്ങളുണ്ട്. ''നമുക്കു സ്തുതി കരേററാം'' എന്ന അഞ്ചാമത്തെ പ്രാർത്ഥനയ്ക്കു് പ്രൂമിയോന്റെ സ്വഭാവമുണ്ട്— ദൈവത്തെ സ്തുതിക്കുവാനുള്ള ക്ഷണം. രണ്ടാമത്തെ പ്രാർത്ഥന ഈ അഞ്ചാമത്തേതിന്റെ തുടർച്ചയാണെന്നു തോന്നുന്നു. ദൈവത്തെ സ്തുതിക്കുകയെന്ന ആശയം രണ്ടിനുമുള്ളതാണല്ലോ. തന്നെയുമല്ല, രണ്ടാമത്തേതു ''ഉ''(and, ഉം) എന്ന ഘടകംകൊണ്ടാണല്ലോ ആരംഭിക്കുന്നതു്. ആദ്യകാലത്തു് ഈ രണ്ടു പ്രാത്ഥനകളും ഒരുമിച്ച് പ്രൂമിയോന്റെ രൂപത്തിലായിരുന്നെന്നും അതിനെ ധൂപം ആശീർവ്വദിക്കാനുള്ള പ്രാർത്ഥന (മുകളിൽ ഒന്നാമത്തേതു്) ചൊല്ലുവാൻവേണ്ടി രണ്ടായി വിഭജിച്ചുവെന്നും വരാം. ഒരു സ്തുതിഗീതം അഥവാ നാലു പദങ്ങളുള്ള ഒരു ഗാനമാണ് മൂന്നാമത്തേതു് (6). ധൂപം സ്വീകരിക്കുന്ന ദൈവത്തോടു യാചിക്കുന്ന ഒരു പ്രാർത്ഥനയാണ് അടുത്തതു്. നെസ്തോ

6. RAES A, Introductio, P. 67.

റിയൻ കൈയെഴുത്തുപ്രതിയിൽ കൊടുത്തിരിക്കുന്നതുപോലെ നാലാമത്തേതിൻെറതന്നെ ആശയമുണ്ടെങ്കിലും ഒരു വ്യത്യസ്തരൂപമുള്ളതാണ് ആറാമത്തേതു്. സെദ്റോയുടെ ഘടകങ്ങളോടു് സുനിശ്ചിതമായി നമ്മുടെ ആറു പ്രാർത്ഥനകളിലോരോന്നും സമീകരിക്കുവാൻ കഴിയുകയില്ലെങ്കിലും എല്ലാംകൂടെ ഒന്നിച്ചുചേർത്താൽ ധൂപശുശ്രൂഷയുടെ ഘടകങ്ങളാണെന്നു് എളുപ്പത്തിൽ അനുമാനിക്കാൻ കഴിയും.

'അക് എത്രാ' ഞായറാഴ്ചകൾക്കും തിരുനാളുകൾക്കുമുള്ള ഒരു സ്തുതിഗീതമാണെന്നും അതു് സാധാരണദിവസങ്ങളിൽ പാടുന്നില്ലെന്നും ഈശോയാബിൻെറയും (7) അർബേലിൻെറയും (8) വിവരണങ്ങളിൽനിന്നു് മനസ്സിലാക്കാം. തന്മൂലം 'ലാകുമാറാ' ആരംഭകാലത്തു് സാധാരണദിവസങ്ങളിലെ ധൂപിക്കലിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിരുന്നെന്നു് തോന്നുന്നു. പിന്നീടു് ആഘോഷത്തിനുവേണ്ടി ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും ധൂപിക്കലുണ്ടായി— 'അക് എത്രാ' പാടിക്കൊണ്ടു് മദ്ബഹായും (9) 'ലാകുമാറാ' പാടിക്കൊണ്ടു് ജനങ്ങളേയും. കേരളത്തിൽ ഞായറാഴ്ചകളിലും തിരുനാൾദിനങ്ങളിലും ആഘോഷമായ സായംകാലജപത്തിനു് (Vespers) 'അക് എത്രാ' ചൊല്ലി ധൂപിക്കാറുണ്ടു്. അങ്ങനെയുള്ള ദിവസങ്ങളിലും കുർബാനയ്ക്കു് 'ലാകുമാറാ'യോടുകൂടി ധൂപിക്കലുണ്ടു് എന്ന വസ്തുതയാണു് ഈ അഭിപ്രായത്തിനു് ഉപോദ്ബലകം.

---

7. Expositio P. 168 (135);
8. Ordo Judiciorum P. 86.
9. ഇടദിവസങ്ങളിൽ 'അക് എത്ര' പാടാത്തതിനു് ഈശോയാബ് നൽകുന്ന കാരണം ശ്രദ്ധാർഹമാണു്: ആ ദിവസങ്ങളിൽ മെത്രാൻ മദ്ബഹായിൽനിന്നു് ഇറങ്ങി (പ്രദക്ഷിണമായി) വരുന്നില്ല.

# 11

# ദൈവവചനശുശ്രൂഷ

## THE LITURGY OF THE WORD OF GOD

സഭാസമൂഹത്തെ പടുത്തുയർത്തുന്ന പ്രധാന ഘട്ട ങ്ങരം സ്നാനാർത്ഥിത്വം, മാമ്മോദീസാ, ദിവ്യകാരുണ്യം എ ന്നിവയാണെന്നു് പറയാറുണ്ട്. ഇതിൻെറ പശ്ചാത്തല ത്തിൽദിവ്യബലിയെ മൂന്നായി വിഭജിക്കാം (1). സ്നാനാ ർത്ഥികളുടെ കുർബാന അഥവാ ദൈവവചനത്തിൻെറ ആ രാധനക്രമം; മാമ്മോദീസാ സ്വീകരിച്ചവരുടെ (വിശ്വാ സികളുടെ) ആരാധനക്രമം; ദിവ്യകാരുണ്യസമൂഹത്തിൻെറ ആരാധനക്രമം (Liturgy of the Eucharistic Community). കുർബാനയുടെ ആദ്യഭാഗത്തു്, സഭ സ്നാനാർത്ഥിയു ടെ ഘട്ടത്തിലൂടെ ക്രൈസ്തവപ്രബോധനങ്ങരം ശ്രദ്ധിച്ചു പ ഠിച്ചുകൊണ്ടു കടന്നുപോകുന്നതായി നമുക്കു തോന്നുന്നു. പി ന്നീടു് ക്രിസ്തീയ രൂപവൽക്കരണത്തിൻെറ പുരോഗതിയി ലെന്നപോലെ, മാമ്മോദീസാ സ്വീകരിച്ചവർക്കുള്ള ഭാഗ മാണു്— അനാഫൊറാ അഥവാ കാനൻ. ദിവ്യകാരുണ്യം ആദ്യമായി സ്വീകരിക്കുന്നതോടെ ക്രിസ്തീയജീവിതത്തി ൻെറ പൂർത്തീകരണത്തിലേയ്ക്കെത്തുന്നുവെന്നു പറയാം. സാ ധാരണമായി രണ്ടാമത്തെയും മൂന്നാമത്തെയും ഭാഗങ്ങരം ഒരുമിച്ചു വിശ്വാസികളുടെ കുർബാന എന്നറിയപ്പെടുന്നു.

---

1. LIEGE he Catechumenat dans le edification de l'Eglise, Parole et Mission I (1958) 31-54

## i ദൈവവചനശുശ്രൂഷയും പൂജാർപ്പണവും

കുർബാനയുടെ ആദ്യഭാഗത്തു് ദൈവവചനത്തിനു്– വേദപുസ്തകവായനകൾക്കു്– പ്രാധാന്യംകൊടുത്തിരിക്കുന്നു. അതിനു് ''ദൈവവചനശുശ്രൂഷ'' എന്നുപറയാം. രണ്ടും (ബലിയർപ്പിക്കൽ അനാഫറ, കാനൻ) മൂന്നും (ബലിവസ്തുവിൽ പങ്കുപററൽ, ദിവ്യകാരുണ്യസ്വീകരണം) ഭാഗങ്ങൾ വാസ്തവത്തിൽ ഒന്നായി കണക്കാക്കാനേ ഉള്ളു. സർവ്വേശ്വരനു് ബലി അർപ്പിക്കുന്നതിനോടൊപ്പം മനുഷ്യനു ദൈവ'പ്രസാദം' ലഭിക്കുന്നുവെന്നുകാണിക്കാൻ അവൻ എക്കാലവും ബലിയുടെ ഒരുഭാഗം ഭക്ഷിക്കാൻ ശ്രദ്ധിച്ചിരുന്നു. രണ്ടും മൂന്നും ഭാഗങ്ങൾചേർത്തു് പൂജാർപ്പണം എന്നു നാമകരണംചെയ്യാം. ഈ അർത്ഥത്തിലാണു് ഇനി ഈ പുസ്തകത്തിൽ ''ദൈവവചന ശുശ്രൂഷ'' ''പൂജാർപ്പണം'' എന്നീ സംജ്ഞകൾ ഉപയോഗിക്കുന്നതു്.

കുർബാനയുടെ ആദ്യഭാഗം പ്രബോധനപരമാണു്; ഒരിക്കൽ മുഖ്യമായും സ്നാനാർത്ഥികൾക്കു് ഉദ്ദേശിക്കപ്പെട്ടിരുന്നതുമാണു്. അതുകൊണ്ടു് ഈ ഭാഗം സ്നാനാർത്ഥികളുടെ കുർബാന (Mass of the Catechumens) എന്നറിയപ്പെടുന്നു. ഈ ആദ്യഭാഗം ഒരു പ്രത്യേകശുശ്രൂഷയാണു് (2). പൂജാർപ്പണത്തോടു ചേർക്കാതെ വ്യത്യസ്തമായി പഴയകാലത്തു് ഇതു നടത്തിയിരുന്നു. വി. ജസ്റ്റിൻ അതിനു സാക്ഷിയാണു്. പൂജാർപ്പണത്തിനുമുമ്പു് മാമ്മോദീസാ നൽകിയ അവസരങ്ങളിൽ, ദൈവവചനശുശ്രൂഷ പ്രത്യേകം നടത്താതെ, മാമോദീസായ്ക്കുശേഷം പൂജാർപ്പണംനടത്തിയ

---

2. La Chiesa in Preghiera, Introduzione alla Liturgia, Rome, 1963, p. 370.

തായി അദ്ദേഹം പറയുന്നു (3). വി. ആഗസ്തീനോസി ൻെറ കാലത്തും (4–ാം നൂററാണ്ടു്) പൂജ അർപ്പിക്കാതെ ദൈവവചനശുശ്രൂഷമാത്രം നടത്തിയിരുന്നത്രേ. പുരാതന റോമൻസഭയിൽ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഇതു പ തിവായിരുന്നു. ഇതിൽനിന്നു് ഇവരണ്ടും— ദൈവവചന ശുശ്രൂഷയും പൂജാപ്പ്ണവും— രണ്ടു സ്വതന്ത്രക്രമങ്ങളാണെ ന്നു മനസ്സിലാക്കാം. ഇങ്ങനെയെങ്കിൽ ആദ്യത്തേതിനെ ആമുഖകർബ്ബാന (Fore–Mass) എന്നു വിളിക്കുന്നതു ശ രിയല്ല. രണ്ടാംഭാഗത്തിൻെറ പ്രാധാന്യം എടുത്തുകാണി ക്കാൻ ആദ്യത്തേതിൻെറ പ്രാധാന്യം അവഗണിച്ചതാണു് ഈ പേരു നൽകാൻ കാരണം.

പ്രബോധനാത്മകമായ ദൈവവചനശുശ്രൂഷ സ്നാ നാർത്ഥികൾ (Catechumens) ക്കുവേണ്ടി നടത്തുന്ന ഒരു ക്രമമായിപ്പറയാറുണ്ടു്; രണ്ടാമത്തെ ഭാഗത്തിൽ വിശ്വാ സികൾ മാത്രം സംബന്ധിച്ചിരുന്നതിനാൽ വിശ്വാസി കളുടെ കുർബാനയെന്നും. ചരിത്രപരമായി ഇവയ്ക്കു ഉ പോൽബലകമായ പശ്ചാത്തലമുണ്ടെങ്കിലും ആധുനിക സാഹചര്യത്തിൽ ഈ സംജ്ഞകൾ അത്രചേന്നതാണെന്നു തോന്നുന്നില്ല. ഇന്നു പൂജാപ്പ്ണത്തിൽ (വിശ്വാസികളുടെ കുർബാനയിൽ) മാമ്മോദീസാ സ്വീകരിക്കാത്തവർ സം ബന്ധിക്കാറുണ്ടല്ലോ. അതുപോലെ ദൈവവചനശുശ്രൂഷ യിൽ (സ്നാനാർത്ഥികളുടെ കുർബാനയിൽ) വിശ്വാസി കളും.

## ii ദൈവവചനശുശ്രൂഷ— ദൈവശാസ്ത്രപരമായ വീക്ഷണം

ശരിയ്ക്കുപറഞ്ഞാൽ കുർബാനയുടെ ആദ്യഭാഗം, കൃ തജ്ഞതാപ്രകാശനബലിക്കുള്ള ഒരുക്കമോ, മതാഭ്യസന

3. Apologia I, ch. 65.

ത്തിനുതകുന്ന ഒരു പാഠമോ മാത്രമല്ല. പ്രത്യുത, ദൈവവചനത്തിൻെറ ആരാധനക്രമമാണ്. ''വിശുദ്ധ കുർബാനയിൽ സാക്ഷാത്കരിക്കപ്പെടുന്ന പരിത്രാണരഹസ്യങ്ങൾ ദൈവവചനംവഴി സമൂഹത്തോട് പ്രഖ്യാപിക്കപ്പെടുകയാണ് (4).

ക്രൈസ്തവസമൂഹത്തിൽ ദൈവവചനം ഒരു ഗ്രന്ഥസമുച്ചയമായിട്ടല്ല, ജീവനുള്ള ദൈവം തൻെറ ജനത്തോട് ഉപദേശിക്കുന്ന വാക്കായിട്ടത്രേ അവതരിപ്പിക്കുന്നത്. ദൈവത്തിൻെറ അത്ഭുതകരമായ പ്രവൃത്തികൾക്ക് സാക്ഷ്യംവഹിക്കുന്ന വിശുദ്ധ ഗ്രന്ഥം, സൃഷ്ടിക്കുവാനും രക്ഷിക്കുവാനും മനുഷ്യനുമായി ഉടമ്പടി ഉണ്ടാക്കുവാനും അവിടുത്തേക്കു കഴിയുമെന്ന് പഠിപ്പിക്കുന്നു. അതു കൃതജ്ഞതാസ്തോത്രബലിയിൽ ദൈവത്തിൻെറ കൂദാശപരമായ പ്രവൃത്തിയെപ്പററി ഉറച്ചവിശ്വാസം ലഭിക്കുവാൻ സഹായിക്കുന്നു. അങ്ങനെ ദിവ്യബലിയിലുടനീളം— വചനത്തിൻെറ പ്രഖ്യാപനത്തിലും കാഴ്ചദ്രവ്യങ്ങൾ കൂദാശചെയ്യുന്നതിലും— ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെ വിളംബരം ചെയ്യുന്നുണ്ട് (5).

## ദൈവസാന്നിദ്ധ്യം ദൈവവചനത്തിൽ

പ്രോട്ടസ്റ്റൻറു നവീകരണകാലംമുതൽ കർത്താവിൻെറ ദിവ്യകാരുണ്യസാന്നിദ്ധ്യത്തിൽ വളരെയേറെ ശ്രദ്ധ പതിച്ച സഭ (ലത്തീൻ തിയോളജി) അവിടുത്തേ രക്ഷാകരങ്ങളായ മററു സാന്നിദ്ധ്യങ്ങൾ പഠനത്തിനോ പരിചിന്തനത്തിനോ വേണ്ടവിധം വിഷയമാക്കിയില്ലെന്നു പറയാം. ദിവ്യകാരുണ്യസാന്നിദ്ധ്യംകൂടാതെയുള്ള മററു

4. The Liturgy and the word of God, p. vi.
5. Ibdem pp. 78-83.

സാന്നിദ്ധ്യങ്ങളം വിശ്വാസികളം പൊതുവിൽ വിസ്മരിച്ചു വെന്നുപോലും തോന്നിപ്പോകും. കർത്താവിൻെറ സാന്നിദ്ധ്യം ദിവ്യബലിയിലും പുരോഹിതനിലും സമോന്നതമായി ദിവ്യകാരുണ്യത്തിലും കൗൺസിൽ ദർശിക്കുന്നു. കൂടാതെ ''അവിടുന്നു തൻെറ വചനത്തിൽ സന്നിധിചെയ്യുന്നുമുണ്ട്. കാരണം, ദേവാലയങ്ങളിൽ വി. ഗ്രന്ഥങ്ങളം വായിക്കുമ്പോഠം ക്രിസ്തുതന്നെയാണ് സംസാരിക്കുന്നത്. സഭ സങ്കീർത്തനങ്ങളം ആലപിക്കുമ്പോഴും, പ്രാർത്ഥിക്കുമ്പോഴും അവിടുന്നു സന്നിഹിതനത്രേ; കാരണം, അവിടുന്നുതന്നെ വാഗ്ദാനംചെയ്തിട്ടുണ്ട്: എൻെറ നാമത്തിൽ രണ്ടോ മൂന്നോപേർ സമ്മേളിക്കുന്നിടത്തു് അവരുടെ മദ്ധ്യേ ഞാനുണ്ട്.'' (CSL 7)

ദൈവവചനത്തിലുള്ള ദൈവസാന്നിദ്ധ്യത്തിൽ യഹൂദരും വിശ്വസിക്കുന്നു. വേദപുസ്തകവായന ദൈവാരാധനയ്ക്കുള്ള ചടങ്ങായി അവർ കരുതുന്നുണ്ട്. തന്നെയുമല്ല, ''രണ്ടുപേർ ഒന്നിച്ചിരുന്നു് പഞ്ചഗ്രന്ഥിയിൽ വ്യാപൃതരായാൽ അവരുടെ മദ്ധ്യേ യാഹ്‌വേയുടെ സാന്നിദ്ധ്യമുണ്ട്'' എന്നവർ വിശ്വസിക്കുന്നു (6).

## ദൈവവചനവും രക്ഷാകരകർമ്മവും

ജീവിപ്പിക്കുകയും വിശുദ്ധീകരിക്കുകയുംചെയ്യുന്ന ദൈവത്തിൻെറ പ്രത്യേക സാന്നിദ്ധ്യമുള്ള 'വചനം' മനുഷ്യവിശുദ്ധീകരണത്തിനു് വളരെ ഉതകുന്നതാണ്. സഭാപിതാക്കന്മാർ പറയുന്നു, ദൈവവചനം പുതിയൊരു മനുഷ്യാവതാരമാണെന്നു്. ''വചനത്തിലും മാംസത്തിലുമുള്ള യഥാർത്ഥ ക്രിസ്തു''വിനെപ്പററി അവർ പഠിപ്പിക്കുന്നതു്

6. STRACK H. L..., Kommentarium zum NT, iv, p. 154.

ഇക്കാരണത്താലാണ്. വേദപുസ്തകത്തെ വളരെയധികം ബഹുമാനിച്ചു വണങ്ങുന്നതിൻേറയും കാരണം മററൊന്നുമല്ല. ദൈവവചനശുശ്രൂഷയെ ''വിശുദ്ധ സ്തുതിപ്പ്'' എന്ന് വി. ക്രിസോസ്തോം വിശേഷിപ്പിക്കുന്നു– ദൈവത്തെ സ്തുതിക്കാനുള്ള ഒരു മാൎഗ്ഗമാണിതു്.

വിശ്വാസിയുടെ ആത്മീയഭക്ഷണമാണ് ദൈവവചനം. ''ദൈവവചനത്തിൻെറ മേശയിൽനിന്നു് പോഷകപ്രദങ്ങളായ വിഭവങ്ങൾ ധാരാളമായി ലഭിക്കാൻ വേണ്ടി വി. ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പ്രദാനംചെയ്യണം.'' (CSL 51).

ദൈവവചനത്തിനു് മാമ്മോദീസായോടും പാപസങ്കീൎത്തനത്തോടും സാദൃശ്യമുണ്ടെന്നുപറയാറുണ്ടു്. ''ഞാൻ നിങ്ങളോടു പറഞ്ഞ വചനംകൊണ്ടു നിൎമ്മലരാക്കപ്പെട്ടു'' (യോഹ. 15: 3) എന്നു് കർത്താവുതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

ഇത്ര മഹത്തായതും പവിത്രീകരണശക്തിയുള്ളതുമായ (7) ദൈവവചനം വിശ്വാസികൾ ഫലപ്രദമാംവിധം ശ്രവിക്കുകയും ഗ്രഹിക്കുകയും വേണം. അതിനു കുർബാനയുടെ ആദ്യഭാഗത്തിൻെറ– ദൈവവചനശുശ്രൂഷയുടെ– രൂപത്തിലുള്ള ബൈബിൾ ശുശ്രൂഷകൾ (വചനശുശ്രൂഷകൾ Bible Service) നടത്തണമെന്നു കൗൺസിൽ നിർദ്ദേശിക്കുന്നു. ''കൂടുതൽ പ്രാധാന്യമുള്ള തിരുനാളുകളുടെ തലേദിവസവും, ആഗമനം, നോമ്പ് എന്നീ കാലങ്ങളിലെ ചില ഇടദിവസങ്ങളിലും, ഞായറാഴ്ചയും, തിരുനാളുകളിലും പ്രത്യേകിച്ച് വൈദികരില്ലാത്ത സ്ഥലങ്ങളിലും ബൈബിൾശുശ്രൂഷകൾക്കു (ദൈവവചന

---

7. ഈ ആശയങ്ങൾ കൂടുതൽ വ്യക്തമാകാൻ: വെള്ളിയാൻ, 'ദൈവജനം അൾത്താരയ്ക്കു ചുററും' മൂന്നാം അദ്ധ്യായം.

ശുശ്രൂഷകരാംകൾ) പ്രോത്സാഹനം നൽകേണ്ടതാണ് (CSL 35, 4) (8).

## ദൈവവചനവും ദിവ്യകാരുണ്യവും

ദൈവവചനത്തിനു ദിവ്യകാരുണ്യത്തോടുള്ള ബന്ധത്തെ സമീക്ഷിച്ചുകൊണ്ട് റോഗ് പറയുന്നു: 'അതിന് ദിവ്യകാരുണ്യത്തിൻെറ ചില ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കേണ്ടതാവശ്യമാണെന്നതിനു പുറമേ, ദൈവവചനശുശ്രൂഷയുടെ പ്രകൃതിയെത്തന്നെ അതു പ്രകാശിപ്പിക്കുകയും ചെയ്യുന്നു.' ''യൂക്കരിസ്റ്റ്'' എന്നതിൻെറ അർത്ഥം 'നന്ദി പറച്ചിൽ, കൃതജ്ഞതാപ്രകാശനം' എന്നാണ്. കർബാനയുടെ ആദ്യഭാഗത്ത് ദൈവത്തിൻെറ അത്ഭുതപ്രവൃത്തികൾ പ്രഖ്യാപിക്കാൻ മാത്രമല്ല കൃതജ്ഞതാപ്രകാശനാശയം സ്പഷ്ടമാകുവാനും ഉദ്ദേശമുണ്ട്.

ദൈവവചനശുശ്രൂഷയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തിൻെറ രഹസ്യത്തെസംബന്ധിച്ചും ഇതു വാസ്തവമാണ്. രണ്ടിലും ക്രിസ്തു സന്നിഹിതനാണ്. വ്യത്യസ്തരീതികളാണെന്നുമാത്രം. നാം ശ്രവിക്കുന്ന വചനത്തിൻെറ കൗദാശികമായ സാക്ഷാൽക്കരണമാണ് കൃതജ്ഞതാസ്തോത്രബലിയിൽ നടക്കുക. ഇതു മാമ്മോദീസാ സ്വീകരിച്ചവരുടെ വിരുന്നാണ്. അതിനാൽ ക്രൈസ്തവ

---

8. ഡീക്കനോ പരിശീലനം സിദ്ധിച്ച ഒരാൾക്കോ, പൂജാപ്പ്ണത്തോട് ബന്ധിക്കാത്ത ഇത്തരം കർമ്മങ്ങളിൽ നേതൃത്വം നൽകാമെന്നതു് മിഷൻ രംഗങ്ങൾക്ക് വളരെ സഹായകമാണ്. (വെള്ളിയാൻ, 'ദൈവവചനശുശ്രൂഷമിഷ്യൻരംഗത്ത്' പ്രേഷിതകേരളം, 1966. ഏപ്രിൽ)

സമൂഹത്തെ അഭിസംബോധനചെയ്തുകൊണ്ടു് അനുഷ്ഠിക്കു ന്ന സാമൂഹ്യമായ ദൈവവചനശുശ്രൂഷയാണു് നമുക്കുള്ളതു്.

## ദൈവവചനവും സമൂഹവും

ആരാധനക്രമം ദൈവത്തിൻെറ ജീവനുള്ള വചനത്തെ— ആ മഹാരഹസ്യത്തെ നമുക്കു വെളിപ്പെടുത്തുന്നു. സ്ട്രാസ്ബുർഗിലെ അന്താരാഷ്ട്രലിററർജിക്കൽ കോൺഗ്രസ്സു് പ്രസ്താവിക്കുന്നതു നോക്കുക: ''ദൈവവചന പ്രഘോഷണത്തിനു് ഏററം പററിയ സ്ഥാനമാണു് ആരാധനാസമൂഹം. സഭ എപ്പോഴും ജനങ്ങളെ സമൂഹമായി അഭിസംബോധന ചെയ്യുന്നു; പഴയ നിയമത്തിൽ മൂശ മരുഭൂമിയിൽ വിളിച്ചുകൂട്ടിയ ജനസമൂഹത്തോടു് ദൈവവചനം പ്രഖ്യാപിച്ചതുപോലെ.''

ഇസ്രായേൽജനം ദൈവവചനത്തെ ബഹുമാനിച്ചു, വിലമതിച്ചു. സീനായു് മലമുകളിൽനിന്നു് പ്രഘോഷിക്കപ്പെട്ട ദൈവവചനം അവരെ ശരിയായ ഒരു ജനമാക്കിത്തീർത്തു— ദൈവജനം. ആ വചനംകേട്ടു് ദൈവത്തിനു അവർ കൃതജ്ഞത പ്രതിസമപ്പിച്ചു. ഒരു ബലിയപ്പിച്ചുകൊണ്ടു് ഈ ഉടമ്പടിയ്ക്കു് അവർ ഒപ്പു വയ്ക്കുകയും ചെയ്തു. (പുറപ്പാടു് 19). ഈ സംഭവങ്ങൾ യഹൂദാരാധനക്രമത്തിനു് അതിൻെറ നക്കൽ രൂപംനൽകി. സാബത്തിലെ ആരാധനാസമൂഹത്തിൽ പഞ്ചഗ്രന്ഥിയിൽനിന്നും പ്രവചനത്തിൽ നിന്നുമുള്ള വായനകളാണാദ്യം. തുടർന്നു അതിനു മറുപടിയായി സമൂഹം നൽകുന്ന സ്തുതിപ്പുകൾ— സങ്കീർത്തനങ്ങൾ. സമൂഹത്തിൻെറ എല്ലാ നിയോഗങ്ങളുംക്കുമായി ഒരു പ്രാർത്ഥന ചൊല്ലിയശേഷം സമാപനാശീർവ്വാദത്തോടെ ചടങ്ങുകൾ അവസാനിക്കുന്നു. സാബത്താ

ചരണം സീനായ് മലയിലെ സംഭാഷണത്തിൻെറ ഒ രാവൎത്തനമാണെന്നു പറയാം; വെറും അനുസ്മരണമ ല്ലെന്നും (9).

ബേമായിൽ ജനങ്ങളുടെ മദ്ധ്യേ വച്ചു നടത്തുന്ന ദൈവവചനത്തിൻെറ അനുഷ്ഠാനത്തിനു് വലിയൊരൎത്ഥമു ണ്ടു്. എല്ലാമനുഷ്യൎക്കും ദൈവവചനം കേൾക്കാൻ അ വകാശമുണ്ടു്. അതിൽനിന്നു് ആരേയും മാററി നിൎത്താ നാവില്ല. വി: ഗ്രന്ഥവായനയ്ക്കു് വന്നുകൂടുന്ന ജനത്തിൻെറ മദ്ധ്യത്തിൽ മെത്രാനും ഇരിക്കുന്നു. ദൈവവചനം കേൾ ക്കുന്നതിൽ സ്ഥാനൗന്നത്യ പരിഗണനകളൊന്നുമില്ല. എ ല്ലാവരും വൈദികനും, വിശ്വാസികളും, ദൈവവചനം ശ്രവിച്ചു് പരിശുദ്ധരാവണം, മനപരിവൎത്തനം നേട ണം. തന്മൂലം എല്ലാ ക്രിസ്ത്യാനികളുടേയും സകല മനു ഷ്യരുടേയും സമത്വം ഇവിടെ സുവ്യക്തമാണു്, സംശയ മില്ല.

---

9. മുകളിൽ 127–131 വശങ്ങൾ കാണുക.

## 12

# ത്രൈശുദ്ധകീർത്തം

## TRISAGION

പൗരസ്ത്യാരാധനക്രമത്തിൽ ദൈവത്തെ 'പരിശുദ്ധൻ' എന്നു് മൂന്നു പ്രാവശ്യം വിളിച്ചഭിവദിക്കുന്നതിനാണു് ത്രൈശുദ്ധകീർത്തനമെന്നു പറയുന്നതു്.

പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളെ അനുഗ്രഹിക്കണമേ.

## ഉൽഭവത്തെപ്പററി

ത്രൈശുദ്ധകീത്തനത്തിൻെറ ഉത്ഭവത്തെയും ആരാധനക്രമത്തിൽ അതു ചേക്പ്പെട്ടതിനേയുംപററി പലേ അഭിപ്രായങ്ങളുമുണ്ടു്. നെസ്തോറിയസ് പറയുന്നു, കോൺസ്റ്റൻറിനോപ്പിളിൽവച്ചു് 430 നും 450നു മിടയ്ക്കു് അതു് ആരാധനക്രമത്തിലുൾപ്പെടുത്തിയെന്നു് (1). മോസസ് ബർകേഫായുടെ സാക്ഷ്യമനുസരിച്ചു് ''ഏശയ്യാ തൻെറ

1· NESTORIUS, Bazaar of Heraclides, ed. BEDJAN, p. 499. Cf. DIX G., The shape of the Liturgy, p. 451.

ദശ്നത്തിൽ, മാലാഖാമാർ മഹത്വത്തിന്റെ കർത്താവിനെ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു വിളിച്ചു സ്തുതിക്കുന്നതു് കണ്ടതിന്റെ അനുരൂപണമാണു് ത്രൈശുദ്ധകീത്തനം.'' അതിന്റെ ഉത്ഭവത്തെപ്പററിയുള്ള മററഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ടു ബർകേഫാ തുടരുന്നു: ''ചിലർ പറയുന്നു, ക്രിസ്തുവിന്റെ കുരിശുമരണസമയത്തു്, അവിടുന്നു തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കരങ്ങളിൽ സമപ്പിച്ചുകഴിഞ്ഞപ്പോൾ, സ്രാപ്പേ മാലാഖമാർ തിരുശരീരത്തിനു ചുററുംകൂടി ഈ സ്തുതിഗീതം ആലപിച്ചുവെന്നു്. അന്ത്യോക്യ സിറിയൻ, എത്തിയോപ്യൻ സഭകളിൽ ''നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവൻ'' എന്നു് ത്രൈശുദ്ധകീർത്തനത്തോടു ചേത്തുപയോഗിക്കുന്നതിനെപ്പററി അദ്ദേഹം ഇങ്ങനെ പറയുന്നു: അരിമത്യാക്കാരൻ ജോസഫ് ആ സമയത്തു് സന്നിഹിതനായിരുന്നു. 'ദൈവമെ, നീ പരിശുദ്ധനാകുന്നു' എന്നു് മാലാഖമാർ സ്തുതിക്കുന്നതു് കേട്ടപ്പോൾ.... 'ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവനെ, ഞങ്ങളിൽ കരുണയുണ്ടാകണമേ' എന്നു അയാൾ കൂട്ടിച്ചേത്തു. വേറെ ചിലരുടെ അഭിപ്രായത്തിൽ ഇഗ്നേഷ്യസ് ആണു് ആരാധനക്രമത്തിൽ ഇതു ചൊല്ലാൻ നിർദ്ദേശിച്ചതു് (2). എന്നാൽ, മററു ചിലർ പറയുന്നു: ''അഞ്ചാംനൂററാണ്ടിന്റെ അന്ത്യത്തിൽ ഫുള്ളർ എന്ന ഏകസ്വഭാവവാദിയായ അന്ത്യോക്യൻ മെത്രാൻ ഇതു് മിശിഹായുടെ സ്തുതിഗീതമാണെന്നു ശഠിച്ചുകൊണ്ടു് ഇതിന്റെ മൂന്നാമത്തെ വാക്യത്തിൽ 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ' എന്നു് മിശിഹായ്ക്കു ഒരു വിശേഷണമായി കൂട്ടിച്ചേത്തു.'' ഏതായാലും കൂട്ടിച്ചേ

2. CONNOLLY–MINGANA, Two Commentaries...., p. 26–27.

ക്കൽ വളരെയധികം വാദകോലാഹലങ്ങൾക്കു കാരണമായി (3).

പ്രോക്ലൂസ് പാത്രിയാർക്കീസിന്റെ കാലത്ത്, 446–ൽ കോൺസ്റ്റാൻറിനോപ്പിളിൽ ഒരു ഭൂമികുലുക്കത്തിലുണ്ടായ അത്ഭുതസംഭവവുമായി ഇതിന്റെ ഉത്ഭവത്തെബന്ധിച്ച് സംസാരിക്കുന്നു, വി. ജോൺ ഡമഷീൻ (A.D. 749) (4). കൽക്കദോനിയ സൂനഹദോസിലെ (451) പിതാക്കന്മാർ ഈ സ്തുതിഗീതം ആലപിച്ചതായികാണുന്നുണ്ട് (5).

ത്രൈശുദ്ധകീർത്തനം യഹൂദാരാധനക്രമത്തിന്റെ അവശിഷ്ടമാണെന്ന് ബൗംസ്റ്റാർക്ക് അഭിപ്രായപ്പെടുന്നു. യഹൂദന്മാരുടെ ഖിദ്ദൂശ് (Qiddush) നോടും പ്രത്യേകിച്ച് ജോസർ (Joser) എന്നു വിളിക്കുന്ന ആശീർവ്വാദത്തിന്റെ പ്രാരംഭത്തോടും വളരെ സാമ്യമുള്ളതാണ് ത്രൈശുദ്ധകീർത്തനമെന്ന് ഒരു താരതമ്യപഠനംവഴി അദ്ദേഹം വ്യക്തമാക്കുന്നു. ഈ സാധർമ്മ്യത്തിൽ തിരുസഭയും സിനഗോഗും തമ്മിലുള്ള ബന്ധവും അവരണ്ടിനും യഹൂദദേവാലയശുശ്രൂഷയോടുള്ള ആശ്രയവും തീർച്ചയായും കണക്കാക്കേണ്ടതുണ്ട് (6). ത്രൈശുദ്ധകീർത്തനത്തിന്റെ ഉത്ഭവ

---

3. ഫാബിയൻ, കേരളത്തിലെ പൗരസ്ത്യസുറിയാനികത്തോലിക്കരുടെ കുർബാന, 61–ാംവശം. HANSSENS M., Institutiones Liturgicae, Vol II no. 878. PG 94 col. 1021.
4. MANSI J. Sacrorum conciliorum nova et amplissima collectio, VII col. 1122. FURLANI G., II trattato di yeso 'yahb d' Arzon sul Trisagion, Rivista degli studi orientali, VII(1916–1918)703–705.
5. MANSI J., op. cit. VI 936.
6. BAUMSTARK A., Trishagion und Qedusche JLW III (1923) 19,20.

ത്തേയും അതിൻെറ ആശയത്തേയും സംബന്ധിച്ചുപറയു മ്പോരം ഈ വാക്യം സഭ യഹൂദരിൽനിന്നും സ്വീകരിച്ചു വെന്നു് അഞ്ചാം നൂററാണ്ടിലെ ജോബ്് എന്ന ഒരു യഹൂദ ക്രിസ്ത്യാനി പ്രസ്താവിക്കുന്നു (7).

## പൗരസ്ത്യ സിറിയൻ റീത്തിൽ

ആരാധനക്രമത്തിലെ ഈ സ്തുതിഗീതത്തെ ''മാ ലാഖമാരുടെ പ്രസംഗത്തിൻെറ രഹസ്യമെന്നാ''ണു് അ ബ്രാഹം ബർലിഫെ വിളിക്കുന്നതു് (8). ഈ വസ്തുത ഈശോയാബ്് മൂന്നാമൻ സൂചിപ്പിക്കുന്നുമുണ്ടു്. അർബേൽ അതിനെ 'വിശുദ്ധ കാനൻ' എന്നും 'രഹസ്യങ്ങളുടെ അ നുഷ്ഠാനത്തിൻെറ പൂർത്തീകരണ'മെന്നുമാണു് വിളിക്കു ക (9).

മാലാഖമാരുടെ ഈ സ്തുതിഗീതത്തിനൊരുക്കമാ യി ഡീക്കൻ വിളിച്ചറിയിക്കുന്നു: ''ജനങ്ങളെ, നിങ്ങരം സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കു വിൻ'' (നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീത്തിക്കാം). ത്രൈശുദ്ധകീർത്തനത്തിനുള്ള ഇത്തരം ആഹ്വാനം പൗരസ്ത്യസുറിയാനിറീത്തിൻെറ പ്രത്യേകത യാണു്. ക്രിസ്തുവിൻെറ ആവിഷ്കരണത്തെ അനുസ്മരിപ്പി ക്കുന്ന ''സകലത്തിൻേറയും നാഥാ'' എന്ന ഗീതം കഴി ഞ്ഞുടനെയാണു് ആനന്ദത്തിൻെറ ഈ കീത്തനം ആലപി ക്കുന്നതു്.

പൗരസ്ത്യസുറിയാനിറീത്തിലുപയോഗിക്കുന്ന ത്രൈ ശുദ്ധകീർത്തനത്തിൽ ഒരിക്കലും 'ഞങ്ങരംക്കുവേണ്ടി ക്രൂ

7. PG CIII, col. 771.
8. Interpretatio, p. 178 (158).
9. Expositio, p. 76 (59).

ശിക്കപ്പെട്ടവനേ' എന്നു ചേർത്തു ചൊല്ലിയിട്ടില്ലെന്നു് പാത്രിയാക്കീസ് തിമത്തി (728-816) അഭിപ്രായപ്പെട്ടുണ്ടു്. ഇൻഡ്യാക്കാരുടെയിടയിലും അങ്ങനെതന്നെയായിരുന്നുവെന്നു് അദ്ദേഹം പറയുന്നു (10). ഈ പ്രത്യേക ഭാഗം ചേക്കാത്ത ത്രൈശുദ്ധകീർത്തനം പരിശുദ്ധ ത്രിത്വത്തെയാണു് അഭിസംബോധനചെയ്യുന്നതെന്നത്രെ ഫാദർ എങ്ങ്ബർഡിങ്ങ് പറയുക (11). 'പരിശുദ്ധനായ ദൈവമെ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്ത്യനെ' എന്നീ പ്രയോഗങ്ങൾ സംബോധനാരൂപത്തിലാണല്ലോ (12). ''ജീവനുള്ള ദൈവത്തെ സ്തുതിക്കുക'' എന്ന ശുശ്രൂഷിയുടെ ഉൽബോധനവുംകൂടി വച്ചു് പൗരസ്ത്യ സുറിയാനിറീത്തിലെ ജപം സമീക്ഷിക്കുകയാണെങ്കിൽ ഇതു് പരിശുദ്ധ ത്രിത്വത്തേയോ, ക്രിസ്തുവിനേയോ പ്രത്യേകം സംബന്ധിക്കുന്നതല്ല, ദൈവത്തെ വിശേഷണ

---

10. "In omnibus provinciis Babel, pars et Atur, in omnibus regionibus ubi sol oritur et apud Indos, et apud Sinas et apud Turcas, et in omnibus civitatibus....quae sub throno illo patriarcali stant ....hoc trisagion semper sine additamento.... dictum est." LABOURT H., Timotheus I Nestorianorum Patriarca, Paris, 1904, p. 45.
11. ENGBERDING H., Zum formgeschichtlichen Verstandnis des hagios ho theos hagios ischiros hagios athanatos eleeson emas, JLW X (1930) 170–73.
12. Ibidem p. 168. cf. BEDJAN P., Nestorius, Le Livre d' Heraclide de Damas, Paris – Leipzig; 1910, p. 497–499. HAYEK M., Liturgie Maronite, histoire et texte eucharistique, Paris, 1963, pp. 193–167.

മൊന്നും കൂടാതെ അഭിസംബോധനചെയ്യുന്നതാണെന്ന് കാണാൻ കഴിയും.

## വ്യാഖ്യാനം

ഏശയ്യായുടെ പ്രവചനത്തിന്റെ കേന്ദ്രബിന്ദുവായ ദൈവത്തിന്റെ പരിശുദ്ധത എന്ന ആശയം ത്രൈശുദ്ധ കീർത്തനത്തിൽ വളരെ സ്പഷ്ടമാണ്. ഏശയ്യായും ഇതു പോലൊരു കീത്തനത്തിലാണ് ദൈവത്തെ ചിത്രീകരിക്കുന്നതു് (ഏശയ്യാ 6, 7).

ദൈവത്തിന്റെ ഈ ത്രിമുഖ പരിശുദ്ധത മനുഷ്യനിലെ ഒരു പ്രത്യേക മനോഭാവത്തെ ദ്യോതിപ്പിക്കുന്നു. അതീവപരിശുദ്ധനായ ദൈവത്തിന്റെ മുമ്പിൽ ഏശയ്യാ ഞെട്ടുന്നു. കുററങ്ങളും പാപങ്ങളും മൂലമുള്ള തന്റെ അയോഗ്യതയെപ്പററി ഓർമ്മിക്കുന്നു (ഏശയ്യാ 6: 7). പരിഹാര മനുഷ്ഠിക്കുകയും സ്വയം വിശുദ്ധീകരിക്കുകയും ചെയ്യേണ്ട തിന്റെ ആവശ്യകതയെപ്പററി അയാറം ബോധവാനാണ്. ഇതു് ദൈവവുമായുള്ള സമാഗമത്തിൽ ഓരോ മനുഷ്യനിലുമുണ്ടാകുന്ന തികച്ചും സ്വാഭാവികമായ മനോഭാവമത്രെ. ത്രൈശുദ്ധകീർത്തനം ആലപിക്കുമ്പോറം വിശ്വാസികറംക്ക് ഈ മനോഭാവമാണ് സിദ്ധിക്കുന്നതു്.

ഈശോയാബ് ഒന്നാമന്റെ അഭിപ്രായമനുസരിച്ച് ത്രൈശുദ്ധകീത്തനം ശരിക്കും ദൈവത്തിന്റെ നിർവ്വചനമാണ് (13). ''പരിശുദ്ധനായ'' എന്ന പദം ഏതാനും

13. FURLANI G., op. cit. pp. 709–712, P. G. XC, col. 412 (Nicolas Cabasilas); P. G. CXVII col. 72, (St. Basil); P. G. CXLVII col. 436 (Niceforas); P. G. CVIII col. 246 (Theophon; P. G. CXXI col. 151 (Cedrenus); cfr. Expositio Missae, CSCO, syr. t. 98, pp. 43–55.

വിശുദ്ധഗ്രന്ഥവാക്യങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം വ്യാഖ്യാനിക്കുന്നു: ആമോസ് 4 : 2 (''കർത്താവായ ദൈവം തൻെറ പരിശുദ്ധികൊണ്ടു് സത്യംചെയ്തിരിക്കുന്നു''); എബ്രാ 12: 10 (''നാം തൻെറ വിശുദ്ധിയിൽ പങ്കുകാരാകുവാൻവേണ്ടി''); ലൂക്കാ 1: 35 (''നിന്നിൽനിന്നു പിറക്കുന്ന പരിശുദ്ധൻ ദൈവത്തിൻെറ പുത്രനെന്നു വിളിക്കപ്പെടും'') ദൈവത്തിൽ വിശുദ്ധിയും വികരണവിധേയമല്ലാത്ത അസ്തിത്വവും ഒന്നുതന്നെ. വിശുദ്ധി സംപൂർണ്ണമായി ദൈവത്തിനുമാത്രമേയുള്ളുവെന്നും ഈശോയാബ് പ്രസ്താവിക്കുന്നു. തൻെറ വിശുദ്ധിമൂലം അവിടുന്നു് മാററമില്ലാത്തവനാണു്. ഇക്കാരണത്താൽ എപ്പോഴും നാം അവിടുത്തെ ''പരിശുദ്ധൻ'' എന്നു പാടിസ്തുതിക്കണം. കഴിയുന്നിടത്തോളം ദൈവികഗുണങ്ങളെ 'ബലവാൻ' എന്ന പ്രയോഗത്തിൽ വിവക്ഷിക്കുവാൻ ഈശോയാബ് ശ്രമിക്കുന്നുണ്ടു്.

അമർത്ത്യൻ എന്നതു് ദൈവം എന്തല്ല എന്നു കാണിക്കുമ്പോൾ പരിശുദ്ധൻ, ബലവാൻ എന്ന രണ്ടു പ്രയോഗങ്ങൾ ദൈവമെന്താണെന്നു് കാണിക്കുന്നു എന്നത്രെ ഈശോയാബു് പറയുന്നതു്. ദൈവം അളവററവിധം ബലവാനാണു്. എല്ലാമുള്ളവനുമാണു്. അവിടുന്നു സ്നേഹസ്വരൂപിയും, ദയാലുവുമാകുന്നു. മനുഷ്യർക്കു നന്മവരട്ടെയെന്നാഗ്രഹിക്കുന്നു. അവിടുത്തോടാണു് 'ഞങ്ങളെ അനുഗ്രഹിക്കാ'നും 'ഞങ്ങളുടെനേർക്കു കരുണകാണിക്കാ'നും (എസ്രാഹം അലൈൻ) കാരുണ്യത്തിൽ നമ്മുടെ ദുഷ്ടതയെ ക്ഷമിക്കുവാനും സ്നേഹമസൃണമായ ദയയിൽ നമ്മുടെ ബലഹീനതയെ ഗൗനിക്കാതിരിക്കുവാനും നാം പ്രാർത്ഥിക്കുന്നതു്. ത്രൈശുദ്ധകീർത്തനം, ദൈവത്തിൻെറ നിർവ്വചനമെന്ന നിലയിൽ, അവിടത്തെ സ്വഭാവത്തെയും (ക്യാനാ) സ്വാഭാവികവും സത്താപരവുമായ ഗുണങ്ങളെയും (അയ്ലേൻ

ദദ് ക്യാനാ) അവിടത്തേയ്ക്കില്ലാത്ത ഭാവങ്ങളേയുംപോലും (അയ്‌ലേൻ ദ് ലൈത്ത്‌ലേ) വെളിപ്പെടുത്തുന്നുവെന്ന് ഈശോ യാബ്യ് പ്രസ്താവിക്കുന്നു. ത്രൈശുദ്ധകീർത്തനത്തിന്റെ അത്തരത്തിലുള്ള ഒരു വ്യാഖ്യാനം തികച്ചും നവീനമാണ്, അനന്യാദൃശമാണ്. ഫുർളാണി പറയുന്നതുപോലെ ഒരു യാക്കോബായക്കാരനോ ബിസന്റൈനോ ഒരിക്കലും ഇങ്ങനെയൊരു വ്യാഖ്യാനം നൽകിയിട്ടില്ലതന്നെ. ഈശോ യാബിന്റെ അഭിമതമനുസരിച്ച് ഈ സ്തുതിഗീതം (മൂന്ന്) പരിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്നുവെന്നു (14) അദ്ദേഹം പറയുന്നു.

ദൈവവചനത്തിന്റെ കുർബാനയുടെ ആദ്യഭാഗം, പരിശുദ്ധനും ബലവാനും മരണമില്ലാത്തവനുമായ ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടുകൂടെ ആരംഭിക്കുന്നതു് തികച്ചും യുക്തമാണ്. കുർബാനയുടെ ആരംഭത്തിൽ ക്രൈസ്തവസമൂഹം, 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' എന്നു പാടിയതുപോലെ ഇപ്പോഴും, ദൈവവചനകുർബാനയുടെ ആരംഭത്തിൽ, മാലാഖമാരുടെ വേറൊരു ഗീതം ആലപിക്കുന്നു.

ത്രൈശുദ്ധകീർത്തനം ''പിതാവിനും....സ്തുതി'' യെന്നും ''ആദിമുതൽ എന്നേക്കും ആമ്മേൻ'' എന്നും ചേർത്തു ആവർത്തിക്കുന്നു. ഈ സ്തുതിഗീതംതന്നെ മാലാഖമാർ അനുസ്യൂതം ആലപിക്കുന്നുവെന്നും, നിത്യകാലം നാം അങ്ങനെ പാടാമെന്നു പ്രതീക്ഷിക്കുന്നുവെന്നും വിചാരിക്കുന്നെങ്കിൽ ഈ ആവർത്തനം വിരസത ഉളവാക്കുകയില്ല(15).

---

14. FURLANI, op. cit. p. 712
15. Council of Vaison, "quia tam sancta et tam dulcis et desiderabilis vox, etiamsi die noctuque possit dici, fastidium non potest generare" cf. KING A, op. cit., vol II pp. 170-71.

## ത്രൈശുദ്ധകീർത്തനത്തിൻെറ സമാപന പ്രാർത്ഥന

ഈ കീർത്തനം അവസാനിപ്പിക്കുന്ന പ്രാത്ഥന പരിശുദ്ധ ത്രിത്വത്തെ അഭിസംബോധനചെയ്തുകൊണ്ടുള്ളതാണ്. ശറർ (Sarar) എന്ന മാറോനീത്താ അനാഫൊറയുടെ മുമ്പുള്ള ത്രൈശുദ്ധകീർത്തനത്തിൻെറ പ്രാരംഭ പ്രാർത്ഥനയോട്ട് അതിനു വലിയ സാമ്യമുണ്ട് (16).

താഴെ കൊടുത്തിരിക്കുന്ന പ്രാത്ഥനകഠം താരതമ്യപ്പെടുത്തുന്നവക്ക് അതു മനസ്സിലാകും:

| മലബാർ | മാറോനീത്താ |
|---|---|
| വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാകുകയും ചെയ്യുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കത്താവേ, ഞങ്ങളോട്ട ക്ഷമിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെന്നു് ഞങ്ങഠം പ്രാത്ഥിക്കുന്നു. | വിശുദ്ധരിൽ വസിക്കുന്നവനും അവരിൽ നിൻെറ ദൈവികസംതൃപ്തി കുടികൊള്ളുന്നവനുമായ പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കത്താവേ.... ഞങ്ങളോട്ട ക്ഷമിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെന്നു്.... |

പ്രാത്ഥനയിൽ, പാപങ്ങഠം ക്ഷമിക്കണമെന്നു് യാചിക്കുന്നു. ദൈവത്തിൻെറ അളവററ വിശുദ്ധിയെപ്പററി ചിന്തിക്കുമ്പോഠം മനുഷ്യൻ തൻെറ പാപാവസ്ഥയെപ്പററി വിചാരിക്കുവാൻ പ്രേരിതനാവുകയും അതിൽനിന്നു

16. RAHMANI I., Les Liturgies orientales et occidentales, p. 324.

മോചനത്തിനുവേണ്ടി യാചിക്കുകയും ചെയ്യുന്നു. ഇതെല്ലാം സ്വാഭാവികം മാത്രം.

ഞായറാഴ്ചകൾക്കും തിരുനാളുകൾക്കുമുള്ള പൗരസ്ത്യ സുറിയാനിക്കാരുടെ വേസ്പരയിൽ ത്രൈശുദ്ധകീർത്തനം അവസാനിപ്പിക്കുന്നതിനു് ഭിന്നമായൊരു പ്രാത്ഥനയുണ്ടു് (17). അതിങ്ങനെയാണു്: ''പരിശുദ്ധനായവനെ, സ്വഭാവത്താലെ പരിശുദ്ധനും സ്തുത്യർഹനും ഉന്നതനും നിന്റെ ദൈവീകത്വത്താൽ എല്ലാററിനുമുപരി ഉന്നമനും ഉയർത്തപ്പെട്ടവനുമായ പരിശുദ്ധാ, അനാദിമുതൽ വാഴ്ത്തപ്പെട്ടതും ആരാധ്യവുമായ സ്വഭാവമുള്ളവനേ, സകലത്തിന്റേയും നാഥാ, നിന്നെ ഞങ്ങൾ ഏററുപറയുകയും എല്ലായ്പോഴും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു.'' ഇതു് ദൈവസ്വഭാവത്തെ സ്തുതിക്കാനാണെന്നു പറയാം. അതുകൊണ്ടു്, ആരുടെ സ്വഭാവവും അസ്തിത്വവും ഒന്നായിരിക്കുന്നുവോ ആ അപരിമേയനായ ദൈവത്തിന്റെ നാമത്തെ വിശുദ്ധീകരിക്കുന്ന ത്രൈശുദ്ധകീത്തനത്തിനു് യോജിച്ച ഉപസംഹാരംതന്നെയാണു് ഈ പ്രാത്ഥന.

---

17. Breviarium Chaldaeorum, pp. 9–10.

# 13

## വിശുദ്ധ ഗ്രന്ഥവായന

### i നാലു വായനകൾ

പൗരസ്ത്യസുറിയാനികർബാനയിൽ — റാസയിൽ—നാലുവായനകളുണ്ട്. അവ പഞ്ചഗ്രന്ഥി (നിയമം), പ്രവാചകന്മാർ, അപ്പസ്തോലന്മാർ, സുവിശേഷങ്ങൾ എന്നിവയാണ്. നിയമത്തിൽനിന്നും, പ്രവാചകന്മാരിൽ നിന്നുമുള്ള വായന സിനഗോഗിലെ അനുഷ്ഠാനങ്ങളുടെ ഒരു ഭാഗമാണ്. ഈ രീതി തിരുസ്സഭയുടെ പുരാതന നടപടിക്രമം ചേർന്നതാണെന്ന് അപ്പസ്തോലികനിയമസംഹിത തെളിയിക്കുന്നു (1). അപ്പസ്തോലികകാലംവരെ പോകുന്ന ഒരു പാരമ്പര്യമാണിതെന്നു പറയാം. 410 ലെ സെലൂഷ്യൻ സിനഡും ഈ നാലു വായനകളെപ്പററിപ്പറയുന്നുണ്ട് (2).

ഈശോ നസ്രസിലെ സിനഗോഗിൽ സാബത്തു ദിവസം ഏശയ്യാ 61—ാം അദ്ധ്യായം വായിക്കുന്നതായിക്കാണുന്നു. ബലിയേക്കാൾ പ്രബോധനത്തിനു സിനിഗോഗ് പ്രാധാന്യം കല്പിക്കുന്നു. ബലി ജറുസലേം ദേവാലയത്തിൽ മാത്രമേ അർപ്പിക്കപ്പെട്ടിരുന്നുള്ളു. അതിനു പകരം സിനഗോഗിൽ അനുഷ്ഠിച്ചിരുന്ന പ്രബോധനശുശ്രൂഷ

---

1. FUNK F. X. Didascalia. ch. 8.
2. CHABOT J. B., Synodicon Orientale P. 265.

യിൽ വേദപുസ്തകവായനയ്ക്കു വലിയ സ്ഥാനമുണ്ടായിരുന്നു. പരിഹാരത്തിരുനാറം, ജൂബിലികളുടെ തിരുനാറം എന്നീ സന്ദർഭങ്ങളിൽ, വി. ഗ്രന്ഥഭാഗങ്ങറം ജറുസലേം ദേവാലയത്തിലും സുലഭമായി വായിച്ചിരുന്നു. പരിഹാരത്തിരുനാളിൽ പ്രധാനാചാര്യൻതന്നെയാണു് വേദപുസ്തകം വായിച്ചിരുന്നതു് (3).

## വായനകളുടെ ക്രമം

പഴയനിയമത്തിൽനിന്നും, പുതിയനിയമത്തിൽനിന്നുമുള്ള വായനകറം പഴയനിയമത്തിൻെറ തുടർച്ചയായി സഭയെ കാണുവാൻ സഹായിക്കുന്നു. വായനയുടെ ക്രമത്തിനു– പഴയനിയമം, ലേഖനം, സുവിശേഷം– ഒരു പ്രത്യേകതയുണ്ടു്. പശ്ചാത്തലമായി പഴയനിയമവും, പ്രവചനങ്ങളും ആദ്യം വായിക്കുന്നു. പിന്നീടു് അപ്പസ്തോലന്മാർ നമ്മോടു സംസാരിക്കുന്നു. അങ്ങനെ ക്രിസ്തുവിനു് വഴിയൊരുക്കുന്നു. ഒടുവിൽ പള്ളിയിൽ ക്രിസ്തുവിൻെറ തന്നെ സാന്നിദ്ധ്യം സുവിദിതമാകുന്ന സുവിശേഷപാരായണം (4).

പഴയനിയമത്തിൻെറ പ്രവചനസ്വഭാവവും, പുതിയനിയമത്തിൻെറ വെളിച്ചത്തിൽ അതു കൂടുതൽ വ്യക്തമാകുന്നുവെന്ന വസ്തുതയും പരിഗണിച്ചുകൊണ്ടാണു്, ആരാധനക്രമത്തിൽ പഴയക്രമം ചേർത്തിരിക്കുന്നതു്. സാധാരണയായി, പഴയനിയമത്തിലെ വായനകളുടെ വ്യാഖ്യാനമായിത്തോന്നുന്ന ലേഖനഭാഗങ്ങളാണു് തുടർന്നു വായിക്കുക (5).

---

3. WERNER E., The Sacred Bridge p. 52.
4. REINHOLD, Bringing Mass to the People p. 52.
5. ഉദാഹരണത്തിനു് വലിയ ആഴ്ചയിലെ വായനകറം കാണുക.

ലേഖനവായനയെപ്പററി റൂസ്സോ (Rousseau) മനോഹരമായി എഴുതിയിട്ടുണ്ടു്: ''സഭയുടെ ഘടനവച്ചു നോക്കുമ്പോഠം അപ്പസ്തോലന്മാർവഴി നാം ക്രിസ്തുവിനോട സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. അവരിൽ സ്ഥാപിതമായ സഭ നമ്മെ പഠിപ്പിക്കുമ്പോഠം, അവർ പ്രസംഗിച്ച സുവിശേഷം നമ്മോടാവർത്തിക്കുമ്പോഠം, അവരുടെ സ്വരമാണു് നാം കേഠംക്കുക. അപ്പസ്തോലന്മാരായിരുന്നു വാസ്തവത്തിൽ ക്രിസ്തീയ സമൂഹങ്ങളിൽ കൃതജ്ഞതാസ്തോത്രത്തിൻെറ അപ്പം (Eucharistic) ആദ്യമായി മുറിച്ചതു്. അവർ ഇപ്പോഠം ലോകത്തിലില്ല. അവരുടെ സാന്നിദ്ധ്യം സൂചിപ്പിക്കുവാനായി അവരുടെ ലേഖനങ്ങഠം വായിക്കുന്നു. അങ്ങനെ അവരെ തിരിച്ചുകൊണ്ടുവരുന്നു. അവരുടെ സാന്നിദ്ധ്യം ബലിപീഠത്തിനുചുററും കൂടിയിരിക്കുന്ന ജനത്തിൻെറ മദ്ധ്യത്തിൽ പുന:സ്ഥാപിതമാക്കുന്നു.'' (6)

സാധാരണമായി നമ്മുടെ കുർബാനയ്ക്കു വിശുദ്ധ പൗലോസിൻെറ ലേഖനത്തിൽ നിന്നുള്ള ഭാഗങ്ങഠം മാത്രമേയുള്ളു. 1301—ൽ കൊടുങ്ങല്ലൂർ വച്ചെഴുതപ്പെട്ട കൈയെഴുത്തുപ്രതിയിൽ ഈ വായനകഠംതന്നെ കാണാം (7).

അപ്പസ്തോലനടപടിയിൽനിന്നുള്ള വായന പഴയനിയമത്തിനുശേഷം ആറാംനൂററാണ്ടിൽ വായിച്ചിരുന്നതായി ഖത്രായ പറയുന്നുണ്ടു്. ഇപ്പോഠം ഉയിർപ്പുകാലത്തു അപ്പസ്തോലനടപടി വായിക്കുന്നുണ്ടല്ലോ.

---

6. "Pastoral liturgy and Eastern liturgies" Assisi Papers, Collegeriulle, 1957, p. 117.
7. പ്ലാസിഡ് C M I, നമ്മുടെ റീത്തു്, 187–190വശങ്ങഠം.

## സീറോമലബാർ റീത്തിൽ

മിക്ക റീത്തുകളിലേയുംപോലെ സീറോമലബാർ റീത്തിലും സുവിശേഷം വായിക്കുന്നതു് പുരോഹിതനാണു്. ഡീക്കൻ സുവിശേഷം ശ്രവിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നതേയുള്ളു. ഡീക്കൻ പറയുന്നു: നമുക്ക ശ്രദ്ധാപൂർവ്വം നിന്നു് വിശുദ്ധ സുവിശേഷം ശ്രവിക്കാം. (ആമ്മേൻ. നിശ്ശബ്ദരായിരിക്കുവിൻ) (8).

സജീവനായ കർത്താവിനെ പ്രതിനിധാനം ചെയ്യുന്ന ഒന്നായി വി: ഗ്രന്ഥത്തെ ക്രൈസ്തവവിശ്വാസം കണക്കാക്കുന്നു. ഇതുകൊണ്ടാണു് എഫേസൂസിലെ സൂനഹദോസുമുതൽ രണ്ടാം വത്തിക്കാൻ സൂനഹദോസുവരെ എല്ലാ കൗൺസിലുകളിലും സുവിശേഷഗ്രന്ഥം അദ്ധ്യക്ഷസ്ഥാനത്തു വച്ചിരുന്നതു്. മലബാറിലെ ഓരോ പള്ളിയിലും സ്വർണ്ണവും വെള്ളിയും രത്നങ്ങളും കൊണ്ടലങ്കരിച്ച വി. ഗ്രന്ഥത്തിന്റെ ഓരോ പ്രതിയുണ്ടായിരുന്നുവെന്നു് വിൻചെൻസോ മരിയ പ്രസ്താവിക്കുന്നു. മദ്ബഹായിൽ നിന്നു് വളരെ ദുർലഭമായി മാത്രമെ അതു പുറത്തെടുത്തിരുന്നുള്ളു. വിശ്വാസത്തിന്റെ അടിത്തറയായ വേദപുസ്തകം മദ്ബഹായിൽനിന്നു് പുറത്തെടുക്കുന്നതു് ഉചിതമല്ലെന്നു് മാർതോമ്മാ ക്രിസ്ത്യാനികൾ വിചാരിച്ചിരുന്നുവെന്നും വിൻചെൻസോ പറയുന്നുണ്ടു് (9).

---

8. അമ്മേനിയൻ റീത്തിൽ ''നിശ്ശബ്ദരായിരിക്കുവിൻ'' എന്ന ഡീക്കന്റെ മുന്നറിയിപ്പോടുചേർത്തു ഗായകസംഘം പാടുന്നതു് വളരെ ആശയസമ്പുഷ്ടമാണു്: ''ദൈവമാണു് സംസാരിക്കുന്നതു്''. La Messa solenne in rito armeno, Rome P. 14.

9. Vincenzo Maria, Viaggio alle Indie Orientali ii ch. VI.

## തെരഞ്ഞെടുത്ത വായനകൾ

ആരാധനക്രമവത്സരം മുഴുവനും വേണ്ട വായനകൾ പഞ്ചാംഗത്തിൽ (Ordo) നൽകിയിട്ടുണ്ട്. അതേപ്പററി ഒരു പ്രത്യേക പഠനം നടത്തുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ഓരോ കാലത്തിലും വി. ഗ്രന്ഥത്തിലെ ഏതു പുസ്തകം വായിക്കുവാനാണ് നിർദ്ദേശമെന്ന് മനസ്സിലാക്കാനുതകുന്ന ഒരു സൂചിപത്രംമാത്രം ഇവിടെ നൽകട്ടെ. ചോദ്യചിഹ്നം മാത്രം ഒരു കാലഘട്ടത്തിനെതിരെ കണ്ടാൽ അക്കാലത്ത് തുടർച്ചയായി വായിക്കുന്ന ഒരു പുസ്തകവുമില്ലെന്ന് മനസ്സിലാക്കണം. പുസ്തകത്തിൻെറ പേരോടൊത്തുള്ള ചോദ്യചിഹ്നം, അക്കാലത്തെ വായനകൾ, മുഴുവനല്ലെങ്കിലും, അധികപങ്കും ആ പുസ്തകത്തിൽ നിന്നാണെന്നർത്ഥമാക്കുന്നു.

| കാലം | നിയമം | പ്രവാചകൻ | ലേഖനം | സുവിശേഷം |
|---|---|---|---|---|
| മംഗലവാർത്തയും പിറവിയും | സൃഷ്ടി ? | ഏശയ്യാ? | ? | ലൂക്കാ ? |
| ദനഹ | ? | ഏശയ്യാ | ? | മത്താ/ യോഹ. |
| നോമ്പ് | സൃഷ്ടി | ജോഷ്വാ (1–23) | റോമ്മാ 1–14 | മത്താ/ യോഹ. |
| ഉയിർപ്പ് | ഏശയ്യാ | നടപടി | ? | യോഹ. |
| ശ്ലീഹാക്കാലം | ? | നടപടി/ ഏശയ്യാ | ? | ലൂക്കാ ? |
| കൈത്ത (സഭയുടെ വസന്തം) | ? | ഏശയ്യാ | ? | ലൂക്കാ ? |
| ഏലിയാ, കുരിശ്, മൂശ | പുറപ്പാട് (6–13) | ഏശയ്യാ | ? | മത്തായി |
| പള്ളിക്കൂദാശ | ? | ? | ? | മത്തായി ? |

ദുഃഖവെള്ളി, ദുഃഖശനി, ഉയിർപ്പുഞായർ എന്നിവക്കു പല പുസ്തകങ്ങളിൽനിന്നു വായനകഠം തിരഞ്ഞെടുത്തിരിക്കുന്നു. ഉദാ: ദുഃഖവെള്ളിയാഴ്ച– വി. മത്തായി, വി. യോഹന്നാൻ, ഏശയ്യാ, ഗാലാത്യക്കുള്ള ലേഖനം, ദാനിയേൽ എന്നിവയിൽ നിന്നു് തിരഞ്ഞെടുത്തു്, നമ്മുടെ കർത്താവിൻെറ പീഡാസഹനത്തെ പ്രവചിക്കുകയും വിവരിക്കുകയും ചെയ്യത്തക്കവണ്ണം ക്രമപ്പെടുത്തിയിരിക്കുകയാണു്.

## ii ശൂറായായും സൂമാറായും

പ്രാരംഭം എന്നർത്ഥമുള്ള ശൂറായാ, ലേഖനം വായിക്കുന്നതിനു തൊട്ടു മുൻപു്, പഴയ നിയമത്തിലെ വായനക്കു ശേഷം, പാടുന്നു. സങ്കീർത്തനവാക്യങ്ങളാണ് ഇതിൻെറ ഉള്ളടക്കം. ബിസൻറയിൻ റീത്തിലെ പ്രൊക്കെയ്മെനോൻ, റോമൻ റീത്തിലെ ഗ്രഡുവാലെ ഇവയോടു സാധർമ്മ്യമുള്ളതാണു് ശൂറായ. പഞ്ചഗ്രന്ഥിയും പ്രവചനങ്ങളും വായിക്കുന്നതിനിടക്കു യഹൂദന്മാർ ചില പ്രാർത്ഥനകളും സങ്കീർത്തനങ്ങളും ചൊല്ലിയിരുന്നു. അതിനുപയോഗിച്ചിരുന്നതു് പഴയനിയമത്തിൻെറ വിവിധ പുസ്തകങ്ങഠം എടുക്കുന്നതിനും തിരിച്ചുവയ്ക്കുന്നതിനും മദ്ധ്യേ ലഭിച്ച സമയമാണെന്നു് യഹൂദമതശാസ്ത്രജ്ഞനായ എൽബോഗൻ പറയുന്നു (10).

ലേഖനത്തിനും സുവിശേഷത്തിനുമിടക്കു എല്ലാ റീത്തുകളിലുമുള്ള സങ്കീർത്തനാലാപത്തിനു് (നാലുമുതൽ എട്ടുവരെ വാക്യങ്ങഠം) സൂമാറാ എന്നാണു് പേർ. അതിൻെറ അർത്ഥം ഗാനം, സങ്കീർത്തനം എന്നൊക്കെയാണു്. റാസയിൽ, ഈ സങ്കീർത്തനത്തിൻെറ ആരംഭത്തിലും

10. ELBOGEN I., Judeische Gottesdienst P. 202.

അന്ത്യത്തിലും മൂന്നു പ്രാവശ്യം ഹല്ലേലൂയ്യ പാടുന്നു. അർബേലിന്റെ വിവരണം ശ്രദ്ധാർഹമാണ്. ഡീക്കൻ, ലേഖനം വായിച്ചശേഷം, "നിശ്ശബ്ദരായിരിക്കുവിൻ" എന്നു വിജ്ഞാപനം ചെയ്യുന്നു. അപ്പോൾ ബേമായുടെ വലതുവശത്തുനിന്നു ഒരു ശുശ്രൂഷി (ഗായകൻ) ഹല്ലേലൂയ്യ പാടുന്നു. ജനം അതേററുപാടുന്നു. തുടർന്നു ശുശ്രൂഷി പാടുന്ന ഓരോ സങ്കീർത്തനവാക്യത്തിനുശേഷവും ജനം ഹല്ലേലൂയ്യ പാടുന്നു. അവസാനം "പിതാവിനും പുത്രനും." "ആദിമുതൽ" ഇവ പാടിക്കൊണ്ടു സൂമാറാ അവസാനിപ്പിക്കുന്നു. സുവിശേഷപുസ്തകം പ്രദക്ഷിണമായികൊണ്ടുവരുന്നു. പ്രദക്ഷിണത്തിനുമുമ്പേവരുന്ന ദീപങ്ങൾ കാണുമ്പോൾ ശുശ്രൂഷി മൂന്നു പ്രാവശ്യം ഹല്ലേലൂയ്യ പാടുന്നു. സൂമാറാ, ഹല്ലേലൂയ്യായോടുകൂടെ സങ്കീർത്തനവാക്യങ്ങളോ, ഏതെങ്കിലും ഗാനമോ ഉള്ളതാണു്. ഉദാഹരണത്തിനു്, ക്രിസ്തുമസ്സു് കഴിഞ്ഞുവരുന്ന ഞായറാഴ്ചത്തെ സൂമാറാ മറിയത്തെയും പൂജാരാജാക്കന്മാരെയും പററിയുള്ള നർസൈയുടെ ഒരു ഗീതമാണു് (സോഗീസാ= പാദത്തിനു് ഏഴുമാത്ര വീതമുള്ളതാണിതു്.) (11). Berlin Orient Quart 1150 എന്ന കയ്യെഴുത്തുപ്രതി (f, 11-ൽ) ഒരു കുറിപ്പു നൽകുന്നു: സൂമാറാ പാടുവാനാരുമില്ലെങ്കിൽ, അതിനു പകരം "'അപ്പസ്തോലന്മാർ പാറകളാണു്'' അഥവാ "സന്ദേശമാഹാത്മ്യം'' എന്ന ഓനീസാ അവർ ചൊല്ലുന്നു.'' സഭാസന്താനങ്ങൾക്കു് മതവിജ്ഞാനത്തിൽ അധോഗതിയാണെന്നു കണ്ട മാർ ഏലിയാസു് കാസോലിക്കോസിന്റെ കാലത്താണു് ഈ കല്പന നൽകിയതെന്നു് അതിൽ പറയുന്നു.

---

11. MINGANA, A., Narsai Doctoris hymni, Mossul II 1905. P. 372.

സുവിശേഷവായനയ്ക്കു് മുൻപു് സൂമാറാ ആലപിക്കുന്നു. ബർലിഫെ ഈ രണ്ടു സ്തോത്രഗീതങ്ങളേയും പററിപ്പറയുന്നുണ്ടു് (12). രണ്ടിനുമിടയ്ക്കുള്ള സങ്കീർത്തനാലാപത്തെ ഇപ്രകാരം വിശദീകരിക്കാം: നമ്മോടു ദൈവം പറയുന്ന വാക്കിനു് അവിടുന്നൊരു മറുപടി പ്രതീക്ഷിക്കുന്നു. ശ്ലുറായായും സൂമാറായും ഒരു വിധത്തിൽ ദൈവത്തിൻെറ വചനത്തിനു് അവിടുത്തെ വചനം വഴിതന്നെ നൽകുന്ന പ്രത്യുത്തരമാണു്. പുരോഹിതൻ ശ്ലുറായാ ആരംഭിക്കുന്നു. വി. ഗ്രന്ഥപാരായണസമയത്തു് സമൂഹം ധ്യാനപൂർവ്വം കേട്ടുകൊണ്ടു് നിൽക്കണം.– അതുകൊണ്ടാവാം, വിശ്വാസികളുടെ കൂട്ടമല്ല, ഗായകസംഘത്തിലും മദ്ബഹായിലുമുള്ളവരാണു് ഈ ഗാനങ്ങൾ പാടുന്നതു്. അടുത്തവായനയ്ക്കു് ഈ ഗീതങ്ങൾ ഒരുക്കമായിത്തീരുന്നു. ഉദാഹരണത്തിനു്, സൂമാറായിലെ 'ഹല്ലേലൂയ്യാ' സുവിശേഷവചനത്തെ സ്വാഗതം ചെയ്യുന്നതിൻെറ ആനന്ദം പ്രകടപ്പിക്കുന്നതാണു്. 'ദൈവത്തെ സ്തുതിക്കുക' എന്നർത്ഥമുള്ള Hellel– yeh പഴയനിയമത്തിലെ ഹിബ്രുവിൽനിന്നു തർജ്ജമ ചെയ്യാതെ സ്വീകരിച്ചിരിക്കയാണു്.

അതിപ്പോൾ സഭയുടെ ആമോദത്തിൻെറ ഗാനവും ആനന്ദത്തിൻെറ ആർപ്പുവിളിയുമായിത്തീർന്നിരിക്കുന്നു. ആ ശബ്ദംതന്നെ വിവക്ഷിക്കുന്നതു് നോക്കു: ''വിവരണാതീതമായ എന്തോ ഒന്നുമായി ഹൃദയം വ്യാപരിക്കുന്നു. അവർണ്ണനീയനായ ദൈവമല്ലാതെ അത്തരമാനന്ദത്തെ നിറയ്ക്കുന്ന മറെറന്തുണ്ടു്? വിവരണാതീതമായതു് തീർച്ചയായും അവർണ്ണനീയംതന്നെ. നിങ്ങൾക്കു അവിടുത്തെ വിവരിക്കുവാനോ, സ്പർശിക്കുവാനോ ഒരു തരത്തിലും കഴിയുന്നില്ലെങ്കിൽ ആനന്ദിക്കുകയല്ലാതെ നിങ്ങൾ

---

12. Interpretatio pp. 172-173; Expositio p. 12.

ക്കെന്തു് ശേഷിക്കുന്നു?'' (13). ഇതു് ആശയസംപുഷ്ട മല്ലേ.?

ഹിപ്പോളിററസിൻെറ ''അപ്പസ്തോലിക പാരമ്പ ര്യ''ത്തിൽക്കാണുന്നതുപോലെ, ഹല്ലേലൂയ്യായോടുകൂടി സങ്കീർത്തനങ്ങളാലപിക്കുന്ന പാരമ്പര്യം വളരെ പുരാത നമാണു് (14).

സൂമാറാ ചൊല്ലാത്ത അവസരങ്ങളിൽ മൂന്നു ഹ ല്ലേലൂയ്യ ചൊല്ലണമെന്ന പൂർവ്വാചാരം പരിഷ്ക്കരിച്ച മ ലയാള തക്സാ (1968)യിൽ കാണുന്നില്ല. സൂമാറാ ലേഖനത്തിനൊരു പ്രത്യുത്തരം എന്നതിനേക്കാൾ സുവി ശേഷവായനയ്ക്കൊരാമുഖമാണു്. ദൈവവചനത്തിൻെറ വ രവേല്പിനു് ആരാധനാസമൂഹം മുഴക്കുന്ന ജയ്‌വിളികളാ ണു്, ഈ ഹല്ലേലൂയ്യ. ഇക്കാരണത്താൽ കുർബാനക്രമ ത്തിൻെറ അടുത്ത പതിപ്പിൽ സൂമാറായുടെ സ്ഥാനത്തു ള്ള ഈ ഹല്ലേലൂയ്യാകൾ സാധാരണ കുർബാനയ്ക്കു ചൊല്ലു ത്തക്കവിധം കൂട്ടിച്ചേർക്കുന്നതു് അഭിലഷണീയമാണു്.

വായനകളുടെ (ലേഖനവും, സുവിശേഷവും) അ വസാനം, ''നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി'' എന്നു് സമൂഹം പറയുന്നതിനു്, വിശുദ്ധ ഗ്രന്ഥാധിഷ്ഠി തവും മന:ശാസ്ത്രപരവുമായ ഒരു വശമുണ്ടു് (പുറം: 19). ജനങ്ങൾ ദൈവവചനത്താൽ പരിപോഷിപ്പിക്കപ്പെട്ടി ട്ടു്, അവിടുത്തെ സ്തുതിക്കുന്നു. ദൈവവചനം ജനങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു. ആ പ്രചോദനത്താൽ മന സ്സിളകി തങ്ങളുടെ ദൈവത്തെ ഉച്ചത്തിൽ വിളിക്കുന്നു. ഇതു യഹൂദന്മാരുടെ ആരാധനാക്രമത്തിനു് അനുയോജ്യ മാണു്. അതിൽ വായനകൾ കഴിയുമ്പോൾ ജനങ്ങൾ

13. CROEGART A, The Mass I P 207.
14. BOTTE B., La Tradition Apostolique ed. I. P. 69.

ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുകയും അവിടുത്തെ സ്തുതിക്കുകയും ചെയ്യുന്നു (15). അതുകൊണ്ട് "നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി" എന്നതു് ചരിത്രപരവും ദൈവശാസ്ത്രപരവുമായ വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ളതത്രെ; അതായതു്, ദൈവവചനം ശ്രവിച്ചശേഷം അവിടുത്തേയ്ക്കു നന്ദിപറയുക. പുതിയനിയമവായനയ്ക്കു ശേഷമായതിനാൽ നാമിപ്പോഠം "മിശിഹായ്ക്കു്" എന്നു കൂട്ടിച്ചേർക്കുന്നെന്നു മാത്രം.

## iii തുർഗാമ്മാ

മൂലാർത്ഥമനുസരിച്ച് 'തുർഗാമ്മാ' എന്ന പദത്തിനു 'വ്യാഖ്യാനം' 'വിശദീകരണം' എന്നൊക്കെയാണർത്ഥം. പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൽ വിശുദ്ധ ഗ്രന്ഥവായനക്കുമുമ്പുള്ള ഒരു ധർമ്മോപദേശമാണതു്. അതു് "ഗാനാത്മകമായ ഒരു വിവരണമാണു്— ലേഖനത്തിന്റേയും സുവിശേഷത്തിന്റേയും വായനയ്ക്കുള്ള ഒരാമുഖം" (16). "വിശുദ്ധ ഗ്രന്ഥവായനയ്ക്കു മുഴുവനുംകൂടി പ്രബോധനപ്രധാനമായ ഒരു ഉപസംഹാരം അതു നൽകുന്നു" (17). "പുതിയനിയമത്തിലെ വചസ്സുകഠക്കു് ചെവികൊടുക്കുന്നതിനു വിശ്വാസികളെ ആഹ്വാനം ചെയ്യുന്ന സ്തുതിഗീതങ്ങളാ"യി തുർഗാമ്മായെ ബഡ്ജർ വിശദീകരിക്കുന്നു (18). തുർഗാമ്മാകഠ അധികപങ്കും ഒരു

15. SINGER op. cit, P. 122.
16. RUCKER A., Die Wechselnden Gesangstucke deir Ostsyrischen Messe JLW I (1921) 66.
17. BAUMSTARK A., Die Messe im Morgenland P. 92
18. BADGER, The Nestorians and their Rituals II. P. 19.

പാദത്തിൽ പന്ത്രണ്ടു മാത്രകളുള്ള പ്രാസമൊത്ത കീൎത്തന ങ്ങളാണു്. ചിലതിൽ ഒരു പാദത്തിൽ ഏഴുമാത്രകളേ ഉള്ളു (19).

തുർഗാമ്മായുടെ അഭിവൃദ്ധിഘട്ടവും, നെസ്തോറി യൻ സാഹിത്യത്തിൻെറ പുനരുജ്ജീവനകാലവും പന്ത്ര ണ്ടു മുതൽ പതിന്നാലുവരെ നൂററാണ്ടുകളിലായിരുന്നെന്നു് ആരാധനക്രമപണ്ഡിതനായ റൂക്കർ (Rucker) പറയുന്നു. കുർബാനയുടെ മററു പല പാട്ടുകളുള്ള ഗ്രന്ഥങ്ങളിൽ തുർ ഗാമ്മ ഇല്ലാത്തതുകൊണ്ടു് അതിനുമുമ്പു് അവയുടെ ഉപ യോഗം സുലഭമല്ലായിരുന്നുവെന്നു് അദ്ദേഹം അനുമിക്കു ന്നു. എന്നാൽ അവമാത്രം ശേഖരിച്ചിരുന്ന കയ്യെഴുത്തുപ്ര തികളുണ്ടു് (20). പ്രാരംഭകാലത്തു അവ സാധാരണ ഗാ നങ്ങളായിരുന്നു. പിന്നീടു് ആരാധനക്രമത്തിലെ പാട്ടു കളായി ഉപയോഗിച്ചുതുടങ്ങിയെന്നുമാത്രം. അർബേലി ലെ ജോർജ് അവയെപ്പററി ഒന്നും പറയുന്നില്ല. എന്നാൽ ബർലിഹെയും തിമോത്തി രണ്ടാമനും അവയെപ്പററി പ്രസ്താവിക്കുന്നുണ്ടു് (21). 1840 ആയപ്പോഴേക്കും തുർ ഗാമ്മാ വലിയ തിരുനാളുകൾക്കു മാത്രമായി കൽദായ ക്കാർ ക്ലിപ്തപ്പെടുത്തി (22).

---

19. സാറൂഗിലെ ജേക്കബു് 12 മാത്രയിലും വി. അപ്രേം ഏഴുമാത്രയിലും ബാബായ് ഏഴു മാത്രയിലുമാണു് സാ ധാരണ പദ്യമെഴുതാറുള്ളതു്. BAUMSTARK A., Die Christlichen Liturgie des Orients I pp. 102-106
20. RUCKER op. cit P. 66.
21. Vat Sir 150 fol 104; Interpretatio p. 173.
22. BADGER op. cit p. 18.

## കൈയെഴുത്തുപ്രതികളിൽ

കയ്യെഴുത്തുപ്രതി Seert 44–ൽ അറുപത്തൊമ്പതോളം തുർഗാമ്മാകളുണ്ട് (23). നിസിബിസ്സിലേയും പാക്കെമീസ്സിലേയും മെത്രാപ്പോലീത്ത ആയിരുന്ന ഈശോയാബ് (Ebed Jesu) ആണിവ രചിച്ചതെന്നു പറയപ്പെടുന്നു. ആബൂ ഹലിം (Elias ii Abu Halim + 1190) എഴുതി എന്നു പറയപ്പെടുന്ന ഒരു അറബി കയ്യെഴുത്തുപ്രതി റൂക്കെർ വ്യാഖ്യാനിക്കുന്നുണ്ട് (24). ലേഖനത്തിനു മുമ്പു പാടുവാൻ ബ്രൈററുമാൻ തന്നിരിക്കുന്നതു തന്നെയാണ് ഈ കയ്യെഴുത്തുപ്രതിയിലെ 22–ാമത്തെ തുർഗാമ്മാ (25). കയ്യെഴുത്തുപ്രതി പല ശീർഷകങ്ങളിൽ തുർഗാമ്മാ തരുന്നുണ്ട്. 13–ാമത്തേതു് ''അനുദിന തുർഗാമ്മാ'' 34–ാമത്തേതു് 'എല്ലാ ഞായറാഴ്ചകൾക്കും' 35–ാമത്തേതു് 'വർഷത്തിലേ എല്ലാ ഞായറാഴ്ചകൾക്കും' (വേറൊന്നു്) 37-ാമത്തേതു് വലിയ തിരുനാളുകൾക്കു്, 38–ാമത്തേതു് 'താബോറിലെ രൂപാന്തരീകരണത്തിനു്, എന്നിങ്ങനെ മിക്ക തുർഗാമ്മാകളും ആരംഭിക്കുന്നതു്, ''ഓ കർത്താവിൽ വിശ്വസിക്കുന്നവരേ'' ''ഓ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ'' എന്നിങ്ങനെയാണു്. മററുള്ളവ 'ഓ, മാമ്മോദീസായുടെ മക്കളേ' അഥവാ ''ക്ഷണിക്കപ്പെട്ടവരേ'' എന്നിങ്ങനെ ആരംഭിക്കുന്നു. ഈ പ്രാരംഭവാക്യാംശങ്ങൾ വി. ഗ്രന്ഥവായനയ്ക്കു തൊട്ടുമുമ്പു പാടുമ്പോൾ തികച്ചും ഹൃദയസ്പൃശിയാണു്,

---

23. SCHER A., Catalogue des Mss Syr. et arab.... de Seert. P. 34
24. JLW I (1921) 84-85
25. BRIGHTMAN op. cit. p. 257; തൃശ്ശൂരെ നെസ്തോറിയന്മാർക്കു് 12 തുർഗാമ്മാകളുണ്ട്.

അത്ഥവത്താണ്. ഈ സ്തുതിഗീതങ്ങളിൽ പരാമശിച്ചിരിക്കുന്ന, പരിശുദ്ധ ത്രിത്വത്തിലെ ആളുകളുടെ വ്യതിരിക്തത തെളിയിക്കുന്നതു് ഈ തൂർഗാമ്മാകാം ആദ്യ നൂററാണ്ടുകളിലേതല്ലെന്നത്രെ.

## റാസയിൽ ഇപ്പോൾ

സീറോമലബാർ റാസയിൽ രണ്ടു തൂർഗാമ്മായുണ്ടു്; ഒന്നു ലേഖനത്തിനു മുൻപു്; മററതു് സുവിശേഷത്തിനു മുൻപു്. ലേഖനത്തിനു മുമ്പുള്ള ഒന്നാമത്തേ തൂർഗാമ്മായ്ക്കു്, ഒമ്പതു് പാദങ്ങളുണ്ടു്. ഓരോ പാദവും അക്ഷരക്രമമനുസരിച്ചു് (Alphabetic order) ആരംഭിക്കുന്നു (26). സുവിശേഷത്തിൻെറ വെളിച്ചത്തിൽ പാപങ്ങളിൽനിന്നും സ്വതന്ത്രരാകുന്നതിനു് വിശ്വാസികളെ ഇതിൽ ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ അവർ സ്വർഗ്ഗാവകാശികളായിത്തീരുകയും, വിശുദ്ധീകരിക്കപ്പെടുകയും വേണം. പുതിയ സുവിശേഷം അഭിസംബോധനം ചെയ്യുന്നതു് അവരെയാണു്. ഈശോയുടെ കല്പനയാൽ അന്ധത നീങ്ങി വഞ്ചനനിറഞ്ഞ വിചാരങ്ങളെ പുറംതള്ളിയശേഷം വിജാതീയരോടു പ്രസംഗിക്കുവാൻപോയ വി. പൗലോസിനെപ്പോലെ പുതിയ നിയമത്തിലേക്കു് ഒരു മാനസാന്തരമാണു് എല്ലാവരിൽനിന്നും ആവശ്യപ്പെടുക.

ലേഖനവായനയ്ക്കു് ഒരാമുഖമുണ്ടു്. ഹൃദയപരിവത്തനം ലക്ഷ്യം വയ്ക്കുന്ന ഒരുപദേശവുമുണ്ടു്. — പഴയനിയമത്തിൻെറ ചൈതന്യത്തിൽനിന്നു് പുതിയതിൻേറതിലേയ്ക്കു് ഒരു മാനസാന്തരം. തന്മൂലം പഴയനിയമവായ

26. സുറിയാനി റാസക്രമം കാണുക.

നങ്ങളും പുതിയനിയമവായനങ്ങളും ഇടസ്ലൂ് അവ വരുന്നതു് തികച്ചും ഉചിതമാണു്.

രണ്ടാമത്തെ തുർഗാമ്മാസ്ലൂ് 15 പാദങ്ങളുണ്ടു്. അതിങ്ങനെ സമാഹരിക്കാം:

പരി. ത്രീത്വത്തിൽ വിശ്വസിക്കുന്നവൻ ജീവദായകമായ വചനങ്ങൾക്കു വിളിക്കപ്പെട്ടിരിക്കുന്നു.

മനുഷ്യാവതാരംവഴി പാപം ശപിക്കപ്പെട്ടിരിക്കുന്നു.

സുവിശേഷം നിധിയും ജീവനും സൗഭാഗ്യവുമാകുന്നു.

അതു പിശാചുക്കളെ പാലായനം ചെയ്യിക്കുന്നു.

അതു് പ്രകാശവും, വിളക്കും, ജീവനുമാകുന്നു, അതിൽ സാർവ്വജനീനനായ വിധികർത്താവു പ്രസംഗിക്കപ്പെടുന്നു.

രക്ഷയും പാപങ്ങളുടെ മോചനവും ഈശോ വഴിയാകുന്നു.

നിങ്ങളുടെ ഹൃദയങ്ങളെ സമർപ്പിക്കുക. വിതസ്ലൂന്നവനു് വയലെന്നപോലെ.

അവൻെറ വചനങ്ങൾ, സൗഭാഗ്യവും, ദയയും, ശരണവും, ജീവനുമാകുന്നു.

വിശ്വസിക്കുന്നവൻ മരിച്ചുകൊണ്ടു് ജീവിക്കുന്നു; ജീവിസ്ലൂമ്പോൾ അവൻെറ കുറാംവഴി മരിക്കുന്നില്ല.

ഏകപുത്രൻ ഒരു കന്യകയിൽനിന്നു് പ്രകൃത്യതീതവും അസാധാരണവുമായ രീതിയിൽ ജനിച്ചു.

അവൻ രോഗികളെ സുഖമാക്കി, മരിച്ചവരെ പുനജ്ജീവിപ്പിച്ചു, പിശാചുക്കളെ പുറത്താക്കി, മരണത്തെ നിരാകരിച്ചു.

അവൻ മരിച്ചെങ്കിലും, മരിച്ചവരിൽനിന്നു് അവനുയിർത്തു സ്വർഗ്ഗത്തിലേയ്ക്കു് എഴുന്നള്ളി.

അവൻ പരിശുദ്ധാരൂപിയെ അയച്ചു, തന്റെ ശിഷ്യരെ പ്രകാശിപ്പിക്കുവാൻ. അവരെ പ്രസംഗിക്കുവാൻ അയച്ചു. ഇപ്പോൾ വിശുദ്ധ(—പേരു്—) താൻ കണ്ടതും കേട്ടതും വിശദീകരിക്കുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ. (മർക്കോ. 4: 28)

ഇതു വാതിലും വഴിയുമാകുന്നു.

ഇതു ശബ്ദമാകുന്നു. ഇതിനു് മരിച്ചവർ ചെവി കൊടുക്കുന്നെങ്കിൽ അവർ ജീവിക്കും.

ഇതു് സംഭാഷണവുമാകുന്നു. അതിനെ അവഗണിക്കുന്നവൻ നശിക്കും

ഈ തുർഗാമ്മായുടെ ആശയം വ്യക്തമാണു്. അതു് സുവിശേഷത്തെ പുകഴ്ത്തുന്നു. സമൂഹം കേൾക്കുവാനൊരുങ്ങുന്ന ദൈവവചനത്തിന്റെ ഫലങ്ങൾ വർണ്ണിക്കുകയും ചെയ്യുന്നു. സുവിശേഷവായനയ്ക്കു് ഈ തുർഗാമ്മാ ഒരാമുഖമാണെന്നു പറയേണ്ടതില്ലല്ലോ.

## ii വി. ലിഖിതവായനയ്ക്കു് മുമ്പുള്ള പ്രാർത്ഥനകൾ

വി. ലിഖിതഭാഗങ്ങളെപ്പററിയുള്ള പഠനത്തിന്റെ വെളിച്ചത്തിൽ അവയ്ക്കിടയ്ക്കുള്ള പ്രാർത്ഥനകൾ നമുക്കു പരിശോധിക്കാം.

## 1. ലേഖനത്തിനു മുമ്പ്

ഈ പ്രാത്ഥനയ്ക്കു രണ്ടു രൂപങ്ങളുണ്ട്: ഒന്നു്, ഞായറാഴ്ചകാംക്കും തിരുനാളുകാംക്കും ഉള്ളതു്. മററതു്, സാധാരണ ദിവസങ്ങാംക്കും വിശുദ്ധരുടെ തിരുനാളുകാംക്കും നോമ്പുകാലത്തെ ഞായറാഴ്ചകളൊഴിച്ചുള്ള ദിവസങ്ങാംക്കുമുള്ളതു്.

ഇവയിൽ ഒന്നാമത്തേതു് ദൈവകല്പനകളുടെ മധുരസ്വരം ഗ്രഹിക്കുന്നതിനു് ബുദ്ധിയെ പ്രകാശിപ്പിക്കുവാനും, സ്നേഹത്തിൻെറയും രക്ഷയുടെയും പ്രതീക്ഷയുടെയും ഫലങ്ങാം സംഭരിക്കുവാനും വിനീതമായി അപേക്ഷിക്കുന്ന പ്രാത്ഥനയാണു്. അതു് മനുഷ്യനുവേണ്ടിയുള്ള യാചനകാംകൊണ്ടാരംഭിക്കുന്നു. ദൈവത്തെ സ്തുതിച്ചുകൊണ്ടവസാനിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങളുടെ കത്താവായ ദൈവമെ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമെ." എന്നിങ്ങനെ ആരംഭിക്കുന്ന ഈ പ്രാത്ഥനയുടെ ആശയംതന്നെ വി. ലിഖിതവായനയ്ക്കു മുമ്പു് ഇതു് ചൊല്ലുന്നതിൻെറ മതിയായ വിശദീകരണമാണു്.

സാധാരണ ദിവസങ്ങാംക്കും അനുസ്മരണാദിവസങ്ങാംക്കും നോമ്പിനുമുള്ള പ്രാത്ഥന.

ഇതു് ലക്ഷണമൊത്ത ഒരു യഹൂദപ്രാർത്ഥനയാണു് (27). ഇതിനു് രണ്ടുഭാഗങ്ങളുണ്ടു്— എല്ലാററിൻെറയും സ്രഷ്ടാവും ഭരണകത്താവുമായ ദൈവത്തിൻെറ അനുഗ്രഹം; ഇസ്രായേലിൻെറ നേതാവായ യാഹ്വേ. ഈ പ്രാത്ഥനയുടെ സാരാംശം ഇങ്ങനെ സംഗ്രഹിക്കാം:

---

27. SINGER S. op cit p. 107

i തന്റെ ജനത്തെ (ഭവനത്തെ) വിസ്മയകരമായി പരിപാലിക്കുന്ന ഭരണാധിപനാണു് കർത്താവു്.

ii അവിടന്നു് അനുഗ്രഹദായകനും സഹായകനുമാണു്.

iii ജനങ്ങളെ കടാക്ഷിക്കണമെന്നും അവരോടു് കരുണയുണ്ടായിരിക്കണമെന്നും അവിടത്തോടു് യാചിക്കുന്നു.

iv അവിടന്നു് സകലത്തിന്റെയും കർത്താവാണു്.

ഈ നാലാമത്തെ ആശയം സൂചിപ്പിക്കുന്ന ദൈവത്തിന്റെ അത്ഭുതപ്രവർത്തികളും അവിടത്തെ കരുണയും പ്രാർത്ഥിക്കുന്നവനു് തികഞ്ഞ വിശ്വാസം പ്രദാനം ചെയ്യുന്നുണ്ടു്. കാരണം, എന്തുകൊണ്ടു് ദൈവം മനുഷ്യന്റെ പ്രാർത്ഥന കേൾക്കുമെന്നു് ഇതു കാണിക്കുന്നു: 'സകല സൗഭാഗ്യങ്ങളും സഹായങ്ങളും പ്രദാനംചെയ്യുന്ന വലിയ നിക്ഷേപാലയ'മാണവിടുന്നു് —നന്മയുടെ വററാത്ത ഉറവിടം.

സാമാന്യമായി, സാധാരണദിവസങ്ങളിലെ ഈ പ്രാർത്ഥന വായനയുമായുള്ള ഒരുക്കമായിട്ടല്ല കാണുക. ഇതു് ദൈവത്തിന്റെ പ്രവൃത്തികൾ വിവരിച്ചിരിക്കുന്ന വിശുദ്ധ ലിഖിതത്തെ സൂചിപ്പിക്കുന്നതാകാം. ഈ ആശയത്തിൽ, ''ബുദ്ധിമാനായ ഭരണകർത്താവു്''(നയിക്കുന്നവൻ) ''ഭവനത്തിന്റെ സ്വയം ഭരണകർത്താവു്'' എന്നൊക്കെ ദൈവം വിളിക്കപ്പെടുന്നു. ദൈവം പ്രവാചകന്മാരും നിയമങ്ങളും മുഖേന ഇസ്രായേലിനെ ബുദ്ധിപൂർവ്വം നയിച്ചിരുന്നുവെന്നു് അനുസ്മരിപ്പിക്കുകയാണു് മുൻപറഞ്ഞ സംജ്ഞകൾ. അക്കഥയെല്ലാം വി. ലിഖിതത്തിലുണ്ടല്ലോ.

ഈ അനുമാനത്തിന്ന് ഉപോദ്ബലകമായി സീറോമലബാർ കാനോനനമസ്കാരത്തിലെ 30–ാമത്തെ മമ്മീസയുടെ (78–ാം സങ്കീർത്തനത്തിന്റെ) ആരംഭപ്രാർത്ഥന നമുക്ക് ഇപ്പോൾ പരിശോധിക്കാം. മമ്മീസകളുടെ പ്രാരംഭത്തിലെ പ്രാർത്ഥനകൾ മിക്കവാറും തുടർന്നുവരുന്ന സങ്കീർത്തനത്തിന്റെ പ്രധാനാശയമുൾക്കൊള്ളുന്നു, ''എന്റെ ജനമേ, എന്റെ ഉപദേശം കേൾക്കുക.'' എന്നാരംഭിക്കുന്ന 78–ാം സങ്കീർത്തനം, ഈജിപ്തിലെ അടിമത്തം മുതൽ ദാവീദിനെ രാജാവായി നിയമിക്കുന്നതുവരെയുള്ള ഇസ്രായേൽ ചരിത്രം വിവരിക്കുന്ന ഒരു ഗാനമാണ്. ഇതിൽ ദൈവനിയമത്തോടുള്ള എതിർപ്പ്, തൽഫലമായി ലഭിക്കുന്ന ശിക്ഷ എന്നിവയ്ക്ക് പ്രാധാന്യംകൊടുത്തിരിക്കുന്നു. സങ്കീർത്തകന്റെ ലക്ഷ്യം യാഹ്‌വേയോടു കാണിക്കുന്ന അവിശ്വസ്തതക്കെതിരായി ശക്തിയായ മുന്നറിയിപ്പ് നൽകുകയാണ് (28). മുമ്പു സൂചിപ്പിച്ചതുപോലെ ഈ സങ്കീർത്തനത്തിനു മുമ്പുള്ള പ്രാർത്ഥനയും സങ്കീർത്തനത്തിലെ വിഷയത്തോട്— അവിശ്വസ്തതക്കെതിരായ മുന്നറിയിപ്പോട്— അടുത്ത ബന്ധം ഉണ്ടായിരിക്കണം. അപ്പോൾ ഈ ആശയമുള്ള പ്രാർത്ഥന ചൊല്ലിക്കൊണ്ട് വി. ലിഖിതം വായിക്കുന്നതിന് ഒരു പ്രത്യേകതയുണ്ട്.

78–ാം സങ്കീർത്തനത്തിന്റെ കാനോനായിൽ (അതും സങ്കീർത്തനത്തിലെ പ്രമുഖാശയം വെളിപ്പെടുത്തുന്നു) ഇങ്ങനെ കാണുന്നു: ‹‹തന്റെ മ്ശിഹാവഴി നമ്മെ ജീവിപ്പിക്കുന്നതിന് ജനത്തിന്റെ തിന്മ സഹിച്ചവൻ ആരാധ്യനാകുന്നു.'' ഇതും ഇസ്രായേലിന്റെ ചരിത്രത്തെപ്പററി പറയുന്നു. അതിനെ പുതിയ നിയമത്തോട് യോജിപ്പിക്കുന്നതു നോക്കു: ‹തന്റെ മ്ശിഹാവഴി.' ഈ പാ

28. A Catholic Commentary C. 354 a

നത്തിൻെറ പശ്ചാത്തലത്തിൽ ഈ പ്രാർത്ഥന വി. ലിഖിതവായനയ്ക്കുള്ള ഒരുക്കമാണെന്നു് മനസിലാക്കുവാൻ പ്രയാസമില്ല. വായനകൾക്കിടയ്ക്കു വരുന്ന മററു പ്രാത്ഥനകൾ രഹസ്യമായി ചൊല്ലുന്നു. ഈ പ്രാർത്ഥനമാത്രം ഉച്ചത്തിൽ ചൊല്ലുന്നുവെന്നതു് ശ്രദ്ധേയമാണു്. അതു് ദൈവവചനപ്രഘോഷണത്തിനുള്ള പൊതുവായ ഒരുക്കമാണെന്നു പറയാം.

ഈ പ്രാത്ഥന വിശുദ്ധരുടെ തിരുനാളുകൾക്കുംവേണ്ടിയുള്ളതാണല്ലോ. ചില കയ്യെഴുത്തുപ്രതികളിൽ "വിശുദ്ധരുടെ സ്മരണത്തിരുനാളിനു്" (ദുക്റാന) എന്ന ശീർഷകമാണിതിനുള്ളതു്. വിശുദ്ധർ ദൈവഭവനത്തിൻെറ വിശ്വസ്തരായ ഭരണകത്താക്കളാണല്ലോ. സഭാകുടുംബത്തിൻെറ അംഗങ്ങളെ വിസ്മയാവഹമായി പരിപാലിച്ച അവരുടെ തിരുനാളിനു് ഈ പ്രാർത്ഥന ചൊല്ലുന്നതു യുക്തമത്രേ.

## 2. സുവിശേഷത്തിനു മുമ്പു്

"സകലത്തിൻേറയും നാഥാ, പിതാവിൻെറ സത്തയുടെ പ്രതിരൂപവും മഹത്വത്തിൻെറ പ്രകാശവുമായ (എബ്രാ. 1.3) മിശിഹായേ, അങ്ങു മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിൻെറ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്തു. അങ്ങേക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു."

സുവിശേഷംവഴി ലോകത്തിൻെറ അന്ധകാരത്തെ പ്രകാശിപ്പിച്ച മനുഷ്യനായി അവതരിച്ച ദൈവപുത്രനെ– മിശിഹായെ– സുവിശേഷവായനയ്ക്കുമുമ്പു് കാമ്മികൻ സ്തുതിക്കുന്നു. "പിതാവിൻെറ ആളത്തത്തിൻെറ

(Person) പ്രതിരൂപം'' എന്ന പ്രയോഗം സത്യവിശ്വാസത്തിനു നിരക്കുന്നതാണ്. 'ആം' (ക്നോമ്മാ) എന്ന പദം സത്ത (Substance) എന്നാക്കണമോ എന്നു റോമിലേക്ക് എഴുതി ചോദിച്ചിരുന്നു. അതിനു പ്രൊപ്പഗാന്താ തിരുസ്സംഘം ഏർപ്പെടുത്തിയ ആരാധനക്രമപ്പുസ്തക കമ്മീഷൻ ''ഒന്നും പുതുക്കേണ്ട'' (29) എന്നാണ് മറുപടി നൽകിയതു് (Nihil innovandum).

## ശൂവ്ഹാ ല്ഹമ്മേ

''ലോകത്തിൻെറ പ്രകാശവും (യോഹ. 13:12) സകലത്തിൻേറയും ജീവനുമായ മിശിഹായേ, അങ്ങയെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിനു് എന്നേക്കും സ്തുതി.''

സുവിശേഷഗ്രന്ഥമെടുക്കുമ്പോൾ, പുരോഹിതൻ മിശിഹായെ ''ലോകത്തിൻെറ പ്രകാശവും, എല്ലാററിൻെറയും ജീവനും'' എന്നു വിളിക്കുന്നു.

## ഹക്കൈമ്മൻ

''സകലത്തിൻേറയും നാഥാ, നിൻെറ പ്രമാണത്താൽ ഞങ്ങളെ വിവേകികളാക്കണമേ. നിൻെറ ജ്ഞാനത്താൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കുകയും നിൻെറ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ പവിത്രീകരിക്കുകയും ചെയ്യണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിൻെറ വചനത്തിനു സാക്ഷ്യം വഹിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ.''

---

29. 1766 ഏപ്രിൽ 1—ാംനു- യിലെ ഡിക്രി.

ദൈവവചനം പ്രഘോഷിക്കുന്നതിൻെറ ഫല ങ്ങഠം വായനക്കാരനും ശ്രദ്ധാപൂർവ്വം കേഠംക്കുന്നവക്കുമു ണ്ടാകുവാൻവേണ്ടി ഈ പ്രാർത്ഥനയിൽ യാചിക്കുന്നു. ഇ തിൽ കഴിവുകളുടെ വികസനം, ആത്മാവിൻെറ വിശു ദ്ധീകരണം, ദൈവവചനങ്ങളോട് അനുസരണം, കല്പന കളുടെ അനുഷ്ഠാനം എന്നിവയെല്ലാം അപേക്ഷിക്കു ന്നുണ്ട്...ദൈവവചനത്തിൻെറ ഫലങ്ങഠംക്കു വേണ്ടിയു ള്ള ഈ യാചന ഏശയ്യാ 55: 10–11 അനുസരിച്ചുള്ള താണ്. ''ആകാശത്തുനിന്നു പെയ്യുന്ന മഴയും മഞ്ഞും അ വിടേയ്ക്കു മടങ്ങാതെ ഭൂമിയെ നനച്ചു ഫലവത്താക്കുന്നു; അങ്ങനെ വിതയ്ക്കാൻ വിത്തും ആഹരിക്കാൻ ഭക്ഷണ സാധനങ്ങളും പുറപ്പെടുവിക്കുന്നു. അതുപോലെയായി രിക്കും എൻെറ അധരത്തിൽനിന്നു പുറപ്പെടുന്ന വചനവും. അത് നിഷ്ഫലമായി എൻെറ അടുക്കലേക്കു് മടങ്ങാ തെ, എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കുകയും എൻെറ ഉദ്ദേശ്യം സാധിക്കുകയും ചെയ്യും.''

## സഹായിയെ ആശീർവ്വദിക്കുന്നു

ഡീക്കനെ (ആറാംപട്ടക്കാരനെ) ആശീർവ്വദിക്കു ന്നു. വായനക്കാരൻ ലേഖനപ്പുസ്തകവുംകൊണ്ട് പുരോഹി തൻെറ ഇടത്തുവശത്ത് ചെന്ന് അദ്ദേഹത്തിൻെറ വലത്തു കരം ചുംബിക്കുന്നു. അതിനുശേഷം കെസ്രോമ്മായുടെ വ ലത്തുവശത്തു ജനങ്ങഠംക്കഭിമുഖമായി നിന്ന് 'എൻെറ സഹോദരരേ, പൗലോസ് ശ്ലീഹാ (ഇന്നാക്ക്) എഴുതിയ ലേഖനം' എന്നു പറയുന്നു. അനന്തരം പുരോഹിതൻെറ നേരേ തിരിഞ്ഞു തലകുനിച്ച് ആവശ്യപ്പെടുന്നു: 'ഗുരോ ആശീർവ്വദിച്ചാലും.' ഇതാണ് മൂലത്തിലുള്ള ക്രമവിധി. പരിഷ്ക്കരിച്ച മലയാളക്കുർബാനയിൽ അതു ലളിത

മാക്കിയിരിക്കുന്നു. സഹായി പുരോഹിതൻെറ ഇടതുവശത്തു ചെന്നു് 'ഗുരോ ആശീർവ്വദിച്ചാലും' എന്നുപറഞ്ഞു തലകുനിച്ചു നിൽക്കുമ്പോൾ പുരോഹിതൻ അയാളെ ആശീർവ്വദിക്കുന്നു. സഹായി അഴിക്കാലിനടുത്തുചെന്നു് ജനങ്ങളുടെ നേരെ തിരിഞ്ഞു് "എൻെറ സഹോദരരേ പൗലോസ് ശ്ലീഹാ എഴുതിയ ലേഖനം" എന്നു ആമുഖമായി പറഞ്ഞുകൊണ്ടു ലേഖനം വായിക്കുന്നു.

പുരോഹിതൻ ആശീർവ്വദിക്കുമ്പോൾ ചൊല്ലിയിരുന്ന പ്രാർത്ഥന ഇങ്ങനെയാണു്:

മിശിഹാ തൻെറ വിശുദ്ധമായ ബോധനത്താൽ നിന്നെ ജ്ഞാനിയാക്കുകയും നിൻെറ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വിജ്ഞാനത്തിൻെറ വചനം ശ്രവിക്കുന്ന എല്ലാവക്കും, തൻെറ ഉദാരമായ കൃപയാൽ, നിന്നെ നിമ്മലമായ ദപ്പണമാക്കുകയും ചെയ്യട്ടെ. ആമ്മേൻ.

ദൈവവചനശുശ്രൂഷയുടെ ദൈവശാസ്ത്രത്തിലെ വിലപ്പെട്ട ഒരാശയം ഇതിൽ അടങ്ങിയിട്ടുണ്ടു്. വിശുദ്ധ ലിഖിതം രഹസ്യമായി വായിക്കുന്നതിനേക്കാളേറെ ഉൽകൃഷ്ടമാണു് അതു് ആരാധനാസമൂഹത്തിൽവച്ചു് ശ്രവിക്കുക. ആരാധനാസമൂഹമാണു് ദൈവവചന ഘോഷണത്തിനു് ഏററവും യോജിച്ചസ്ഥാനം. ദൈവവചനം മനസ്സിലാക്കുവാൻ ദൈവത്തിൻെറ കൃപാവരം ആവശ്യമാണു്. ഡീക്കനും അദ്ദേഹത്തിൻെറ വായനയുംവഴി ഒരു കണ്ണാടിയിൽ നിന്നെന്നപോലെ ക്രിസ്തുവിൻെറ തത്വങ്ങൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രതിഫലിക്കുവാനും അവരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുവാനും വേണ്ടി ഇവിടെ ദൈവാനുഗ്രഹം യാചിക്കുന്നു.

ഡീക്കൻ, വി. ഗ്രന്ഥജ്ഞാനത്തിൽ ജനങ്ങൾക്കു് ഒരു മാതൃകയായിരിക്കണമെന്നതാണു് മറെറാരാശയം.

തന്മൂലം സ്ട്രാസ്ബുർഗ്ഗ് കോൺഗ്രസ് ശുപാർശ ചെയ്യുന്നതുപോലെ, വായന സ്പഷ്ടവും കേറംക്കുന്നവർക്ക് സുഗ്രഹവുമായിരിക്കണം. മാത്രമല്ല വായനക്കാരൻ വായന മുൻകൂട്ടി തയ്യാറാവുകയും വേണം (30).

## iii സമാധാനം നിങ്ങളോടുകൂടെ

### (നിങ്ങറംക്കു സമാധാനം)

തിരുസ്സഭയിൽ സുവിശേഷത്തെ മിശിഹായ്ക്കു തുല്യം പരിഗണിക്കുന്നതെങ്ങിനെയെന്നു കണ്ടുകഴിഞ്ഞു. സുവിശേഷവായനക്കു മുമ്പ് പുരോഹിതൻ "സമാധാനം നിങ്ങളോടുകൂടെ (നിങ്ങറംക്കു സമാധാനം) എന്നാശംസിച്ച് സുവിശേഷംകൊണ്ടു് സമൂഹത്തെ ആശീർവ്വദിക്കുന്നു. ഉത്ഥാനം ചെയ്ത കർത്താവിന്റെ അഭിവാദനമാണിതു് (ലൂക്കാ. 24: 36; (31). സമാധാനം തന്നെയായ നമ്മുടെ കർത്താവ് ഈശോമിശിഹായിൽ എല്ലാവർക്കും സമാധാനം കണ്ടെത്താവുന്നതുകൊണ്ടത്രേ പുരോഹിതൻ അങ്ങനെ അഭിവാദ്യം ചെയ്യുന്നതു്. നർസെയുടെ അഭിപ്രായമാണിതു്. സമാധാനം നമ്മോടുകൂടെ ആയിരിക്കുവാൻ കാരണമെന്തെന്നു് തുടർന്നു വിശദീകരിക്കുകയും ചെയ്യുന്നു (32). "സമാധാനം നിങ്ങളോടുകൂടെ ആയിരിക്കട്ടെ. കാരണം മനുഷ്യപുത്രൻവഴി മരണം നിർവീര്യ

---

30. The Liturgy of the Word of God, p vii
31. MARTIMORT A. G., Introduzione alla Liturgia pp 362–63. പൗരസ്ത്യറീത്തുകളിൽ ഈ അഭിവാദനം പലരൂപത്തിൽകാണാം. ENGBERDING H., Der Gruss des priesters zu Begin der "Eucharistia" in ostlichen Liturgien JLW 9 (1950) 138-143.
32. CONNOLLY Liturgical Homilies, p. 8

മാക്കപ്പെട്ട, ദുഷ്ടത നശിപ്പിക്കപ്പെട്ട, അവിടുന്നു് നമുക്കു വേണ്ടി സഹിക്കുകയും സമാധാനത്തിലേയ്ക്കുള്ള നമ്മുടെ ഗമനം ത്വരിതപ്പെടുത്തുകയും ചെയ്തു. സമാധാനം നിങ്ങളോടുകൂടെ, എന്തെന്നാൽ ആദത്തിൻെറ സന്തതി പാപം ഉന്മൂലനം ചെയ്കയും സാത്താനെ ശപിക്കുകയും ചെയ്തു. സമാധാനം നിങ്ങളോടുകൂടെ, എന്തെന്നാൽ നമുക്കു വേണ്ടി വരിച്ച കുരിശുമരണത്താൽ ദൈവപുത്രൻ നിങ്ങളെ നല്ലവനായ ദൈവത്തോടു് രമ്യപ്പെടുത്തിയിരിക്കുന്നു. സമാധാനം നിങ്ങളോടുകൂടെ, എന്തെന്നാൽ മാലാഖാമാരുടെമേൽ അധികാരമുള്ളവനും സകലത്തിൻേറയും ഭരണകർത്താവുമായയവൻ നിങ്ങളെ മാലാഖമാരുമായി സമാധാനപരമായ സഹവർത്തിത്വത്തിലാക്കിയിരിക്കുന്നു. സമാധാനം നിങ്ങളോടുകൂടെ, എന്തെന്നാൽ ശത്രുതയെ തുടച്ചുമാററിയ ഈശോ വിലങ്ങുതടികൾ തട്ടിക്കളഞ്ഞു് നിങ്ങളെ– ദൈവജനത്തേയും വിജാതീയരേയും– ഐക്യപ്പെടുത്തി. സമാധാനം നിങ്ങളോടുകൂടെ, എന്തെന്നാൽ എല്ലാ സൃഷ്ടികൾക്കും മുമ്പേയുള്ള ആദ്യജാതൻ തൻെറ പരിശുദ്ധമായ ജീവിതംവഴി നിങ്ങൾക്കുവേണ്ടി പുതിയൊരു ജീവൻ നീക്കിവെച്ചിരിക്കുന്നു. സമാധാനം നിങ്ങളോടുകൂടെ, എന്തെന്നാൽ നമുക്കെല്ലാവർക്കുംവേണ്ടി സമാധാനം സജ്ജമാക്കുവാൻ ദൈവരാജ്യത്തിൽ ആദ്യം പ്രവേശിച്ചവൻ നിങ്ങളേയും അങ്ങോട്ടു് ക്ഷണിച്ചിരിക്കുന്നു.''

പൗരസ്ത്യസുറിയാനിക്കുർബാനയിൽ ഈ അഭിവാദനം മൂന്നു പ്രാവശ്യമുണ്ടു്. അവയുടെ സ്ഥാനം സമീക്ഷിക്കുന്നവർക്കു്, സമാധാനം തന്നെയായ മിശിഹായോടു് വളരെ ബന്ധപ്പെട്ട സുപ്രധാനമായ ഭാഗത്തെപ്പ

ററി മുന്നറിയിപ്പു കൊടുക്കുകയാണവ എന്നു് അനുമിക്കു വാൻ കഴിയും (33).

ആദ്യത്തെ 'സമാധാനം നിങ്ങളോടുകൂടെ,' സുവിശേഷ വായനയ്ക്കുമുമ്പാണു്. മിശിഹായോടുള്ള അതിൻെറ ബന്ധം മുകളിൽ കണ്ടു. രണ്ടാമത്തേതു് അനാഫൊറയ്ക്കു് മുമ്പാണു്. തിയോഡോർ അതു് നിരൂപണം ചെയ്യുന്നതു് നോക്കുക. "ദേവാലയത്തിൽ ആരാധനാസമൂഹത്തോടൊത്തു് അനുഷ്ഠിക്കുന്ന ഓരോ ശുശ്രൂഷയും പ്രത്യേകിച്ച് ഇപ്പോഠം നടത്തുവാൻ തുടങ്ങുന്ന ഭയഭക്തിജനകമായ ഈ ശുശ്രൂഷയും, ഈ അഭിവാദ്യത്തോടുകൂടി ആരംഭിക്കുക തികച്ചും ഉചിതമാകുന്നു.'' (34). മൂന്നാമത്തേതു് ദിവ്യകാരുണ്യസ്വീകരണത്തിനു തൊട്ടുമുമ്പാണു്.

'എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചു കൂടുന്നിടത്തെല്ലാം അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും' (മത്തായി 18:20), എന്നു് നമ്മുടെ സമാധാനമായ മിശിഹാ (എഫേ. 2:14) വാഗ്ദാനം ചെയ്തിരിക്കുന്നു. ക്രിസ്തുവിനോടുകൂടിയും ക്രിസ്തുവഴിയും പ്രാർത്ഥിക്കുന്നതിനു് ക്രിസ്തുവിൽ ഒരുമിച്ചുകൂടിയിരിക്കുന്ന ക്രൈസ്തവസമൂഹത്തിൻെറ രഹസ്യം അവിടുത്തെ ഈ സാന്നിദ്ധ്യമാണു്. ഇതൊരു മഹാരഹസ്യമാണു്. കൂദാശ വിശുദ്ധ കുർബാനയിലുള്ളതുപോലെ സത്താപരമല്ലെങ്കിലും യഥാർത്ഥമായ സാന്നിദ്ധ്യമാണിതെന്നു് സംശയമില്ല. എവിടെ സഭയുണ്ടോ അവിടെ ഈശോയുമുണ്ടു്. അപ്പോഠം ഈ സമൂഹം ആദരണീയമാണു്, മിശിഹാ സന്നിഹിതനായിരുന്നാലെന്നപോലെ ബഹുമാന്യമാണു്. ഇങ്ങനെ ക്രിസ്തുനാഥൻ അവരുടെ മദ്ധ്യത്തിൽ സന്നിഹിതനായി

33. JUNGMANN, Missarum Solemnia, p. 362.
34. MINGANA, Commentary of Theodore, p. 89

രിക്കുന്നതുകൊണ്ടാണ് ക്രിസ്ത്യാനികൾ 'തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പൗരോഹിത്യമുള്ളവരും വിശുദ്ധ ജനപദവും— ദൈവം സ്വായത്തമാക്കിയ ജനപദവുമായിരിക്കുന്നത്' (1 പത്രോ. 2: 5,9).

## നിന്നോടും നിൻെറ ആത്മാവോടുംകൂടെ

### (അങ്ങേയ്ക്കും സമാധാനം)

ജനങ്ങൾ തത്തുല്യമായൊരു ആശംസകൊണ്ട് വൈദികൻെറ ആഭിവാദ്യത്തിനു് മറുപടി പറയുന്നു. പുരോഹിതൻെറ ആശീർവ്വാദവും പ്രാർത്ഥനയും അവർക്കാവശ്യമുള്ളതുപോലെതന്നെ അവരുടെ പ്രാർത്ഥന അദ്ദേഹത്തിനും ആവശ്യമുണ്ടെന്നു് ഇരുവരേയും ബോധ്യപ്പെടുത്തുകയാണ് ഇതു് ചെയ്യുക (35). 'നിൻെറ അരൂപിയോടുംകൂടെ' എന്നതിലെ 'അരൂപി' എന്ന പദം പുരോഹിതൻെറ ആത്മാവിനെയല്ല, പ്രത്യുത, ''അദ്ദേഹം പൗരോഹിത്യത്തിലേയ്ക്കു പ്രവേശിക്കുന്നതിനിടയാക്കിയ പരിശുദ്ധാരൂപിയുടെ അനുഗ്രഹത്തെയാണ് സൂചിപ്പിക്കുന്നതു്'' (36). ഇതേപ്പററി വളരെ സുന്ദരമായിത്തന്നെ നർസെ പ്രസ്താവിക്കുന്നുണ്ട്: 'പുരോഹിതൻെറ ആത്മാവിനെയല്ല അവർ അരൂപിയെന്നു വിളിക്കുന്നതു്, കൈവെയ്പുവഴി അദ്ദേഹം സ്വീകരിച്ച അരൂപിയെയാകുന്നു. കൈവെയ്പുവഴി പുരോഹിതൻ പരിശുദ്ധാരൂപി

---

35. Ibidem p. 90
36. Ibidem p. 91. അരൂപി എന്ന വാക്കിനു് മനുഷ്യൻെറ ചിന്താശക്തി, മനുഷ്യനിലുള്ള പരിശുദ്ധാരൂപിയുടെ പ്രവർത്തനം, പരിശുദ്ധാരൂപി എന്നിങ്ങനെ വേദപുസ്തകത്തിൽ അർത്ഥം വരാമെന്നു് ഫാദർ പ്രാ പറയുന്നുണ്ട്. PRAT, Theology of St. Paul, II pp 405-407.

യിൽ നിന്നു് ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുവാനുള്ള ശക്തി സ്വീകരിച്ചിരിക്കുന്നു. ആ അനുഗ്രഹത്തെ പുരോഹിതൻെറ ആത്മാവ് എന്നു് ജനങ്ങൾ വിളിക്കുന്നു. അങ്ങനെ അദ്ദേഹവും അരൂപിയും സമാധാനപരമായി സഹവസിക്കുന്നു. പുരോഹിതനു് പ്രാത്ഥനയുടെ ആവശ്യമുണ്ടെന്നും സഭമുഴുവൻ അദ്ദേഹത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കണമെന്നും അതു് വ്യക്തമാക്കുന്നു. അദ്ദേഹം ഈ അരൂപിയുമായി സമാധാനത്തിൽ വത്തിക്കുവാനും ഈ സമാധാനംവഴി സഭാ സന്താനങ്ങളുടെ സമാധാനം വദ്ധമാനമാക്കുവാനും അവർ വിളിച്ചപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ തൻെറ സദ്ഗുണങ്ങൾ മൂലം സഭയ്ക്കുമുഴുവൻ നന്മ കൈവരുന്നു. തൻെറ അശ്രദ്ധമായ ജീവിതം മൂലം സഭയെ മുഴുവൻ ദ്രോഹിക്കുന്നു. „സമാധാനം നിന്നോടുകൂടെ'' എന്നു ജനങ്ങൾ പറയുന്നു. അങ്ങു് അങ്ങയുടെ പ്രവൃത്തിവഴി അങ്ങയുടെ അരൂപിയോടുകൂടെ സമാധാനം പ്രാപിക്കട്ടെ. സഭയുടെ സമുന്നത രഹസ്യങ്ങളനുഷ്ഠിക്കുന്ന നിന്നോടുകൂടെ സമാധാനം. സമാധാനം നിൻെറ അരൂപിയോടുകൂടെ, നിന്നോടുകൂടെ, നിൻെറ പ്രവൃത്തിവഴി സമാധാനമുണ്ടായിരിക്കട്ടെ........... എന്തുകൊണ്ടെന്നാൽ നിന്നെ ഭരമേൽപ്പിച്ചിരിക്കുന്ന നിക്ഷേപം വലുതാകുന്നു. നിത്യമായി നിലനിൽക്കുന്ന കാര്യങ്ങളിൽ നിൻെറ അവധാനതമൂലം അരൂപിയുടെ സമാധാനം വളരട്ടെ (37). എബ്രായ ശൈലിയാണു് ഈ മറുപടി. വി. പൗലോസിൻെറ അഭിവാദ്യത്തോടു് സാമ്യവുമുണ്ടു്. ഉദാ: 2 തിമോ. 4: 22 (38).

37. CONNOLLY, Liturgical Homilies, p. 89
38. MARTIMORT A. G., Introduzione p. 363.

# 14

## സുവിശേഷപ്രസംഗം

"വിശ്വാസരഹസ്യങ്ങളും ക്രിസ്തീയ ജീവിതത്തിന് മാര്‍ഗ്ഗദര്‍ശകമായ തത്ത്വങ്ങളും സുവിശേഷപ്രസംഗം (homily) വഴി വിശ്വാസികള്‍ക്കു വിശദമാക്കിക്കൊടുക്കണം. തന്മൂലം ആരാധനക്രമത്തിന്റെ ഭാഗമായിത്തന്നെ സുവിശേഷപ്രസംഗം ശക്തിയുക്തം നിര്‍ദ്ദേശിച്ചുകൊള്ളുന്നു. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ആളുകളുടെ സഹകരണത്തോടുകൂടി അനുഷ്ഠിക്കപ്പെടുന്ന ദിവ്യബലികളില്‍ ഗൗരവമായ കാരണംകൂടാതെ സുവിശേഷപ്രസംഗം ഉപേക്ഷിക്കരുത്." രണ്ടാം വത്തിക്കാന്‍ സൂനഹദോസ് ആരാധനക്രമസംബന്ധമായ കോണ്‍സ്റ്റിട്യൂഷനില്‍ പഠിപ്പിക്കുന്നതാണിത് (CSL 52). ഈ ആധികാരിക പ്രബോധനം പ്രാവര്‍ത്തികമാക്കാന്‍ പരി. സിംഹാസനം നല്‍കിയ നിര്‍ദ്ദേശങ്ങളില്‍ നാം ഇങ്ങനെ കാണുന്നു. "(ഞായറാഴ്ചകളും തിരുനാളുകളും നീക്കിയുള്ള) മററു ദിവസങ്ങളില്‍, പ്രത്യേകിച്ചും മംഗലവാര്‍ത്തക്കാലത്തും വലിയ നോമ്പിലെ ചില ദിവസങ്ങളിലും വിശ്വാസികള്‍ ഗണ്യമായ രീതിയില്‍ സമ്മേളിക്കുമ്പോഴൊക്കെയും സുവിശേഷപ്രസംഗം പ്രോത്സാഹിപ്പിക്കപ്പെടണം." (1)

---

1. Instruction for the Implementation of CSL no 53.

## പ്രകൃതി

ഇത്രയധികം പ്രാധാന്യം നൽകുന്ന സുവിശേഷ പ്രസംഗത്തിൻെറ പ്രകൃതിയെപ്പററിയും ചില നിർദ്ദേശങ്ങരം നൽകപ്പെട്ടിട്ടുണ്ട്. കർബാനയിൽ വായിക്കപ്പെടുന്ന വേദപുസ്തകഭാഗത്തേയൊ, കർബാനയുടെ വിവിധ ഭാഗങ്ങളേയൊ (Common Part or Proper) കുറിച്ചുള്ള വിശദീകരണമായിരിക്കണം ഞായറാഴ്ച പ്രസംഗം. അതതു ദിവസം ആഘോഷിക്കുന്ന തിരുനാളോ 'രഹസ്യ'മൊ ഒക്കെ മനസ്സിൽ കണ്ടുകൊണ്ടുവേണം ഇതു തയാറാക്കാൻ (2). കോൺസ്റ്റിട്യൂഷൻ ഇതേപ്പററി വ്യക്തമായി പഠിപ്പിക്കുന്നു. "സുവിശേഷപ്രസംഗം ആരാധന കർമ്മത്തിൻെറ (liturgical action) ഭാഗമായതിനാൽ തിരുകർമ്മത്തിൻെറ സ്വഭാവമനുസരിച്ചുഅതിനു ഏററം പററിയ സ്ഥാനം കർമ്മവിധികളിൽതന്നെ സൂചിപ്പിച്ചിരിക്കണം. പ്രസംഗശുശ്രൂഷ ഏററം വിശ്വസ്തതാപൂർവ്വം ഭംഗിയായി നിർവ്വഹിക്കേണ്ടതാണു്." പ്രസംഗവിഷയം വേദപുസ്തകത്തിൽ നിന്നോ ആരാധനക്രമത്തിൽനിന്നോ എടുക്കേണ്ടതാണു് (C S L 35) (3).

## പ്രഥമമായ പ്രബോധനമാർഗ്ഗം

ഇടവകയിലെ മറെറല്ലാ പ്രബോധനരീതികളേക്കാളും ഏററം പ്രാധാന്യമർഹിക്കുന്നതാണു് ഞായറാഴ്ച പ്രസംഗം. സ്വഭാവത്താലെ പ്രബോധനാത്മകമായ ആരാധനക്രമത്തെപ്പററിത്തന്നെയും പഠിപ്പിക്കാനുള്ള അവ

2. Ibidem 54
3. വൈദികരെപ്പററിയുള്ള ഡിക്രി 40–ാം വകുപ്പു കാണുക.

സരമാണു സുവിശേഷപ്രസംഗം. വി. കുർബാനയിലും മററു കൂദാശകളിലും നൽകുന്ന പ്രസംഗംകൊണ്ടു് ആരാധനക്രമത്തിൽ ജനങ്ങാംക്കുണ്ടാകേണ്ട സജീവ ഭാഗഭാഗിത്വത്തെപ്പററി അവർ കൂടുതൽ കൂടുതൽ അറിവുള്ളവരായിത്തീരണം. കുട്ടികാംക്കും ഭക്ത സംഘടനകാംക്കും വിവാഹത്തിനൊരുങ്ങുന്ന യുവാക്കാംക്കുമൊക്കെ വൈദികൻ പ്രത്യേകം പ്രസംഗങ്ങാം നൽകേണ്ടി വരും. എന്നാൽ ഇവയേക്കാളധികം പ്രാധാന്യമർഹിക്കുന്നതാണു് സുവിശേഷപ്രസംഗം. ദൈവജനത്തെ മുഴുവൻ ഉദ്ദേശിച്ചുള്ളതാണിതു്. അവരേവരും സ്വീകരിച്ചിട്ടുള്ള 'നവജീവൻ' എന്തെന്നും അതിൽനിന്നുളവാകുന്ന ചുമതലകളേതെന്നും ഈ പ്രസംഗത്തിലൂടെ അവരെ ഗ്രഹിപ്പിക്കണം. മൗലികമായ കാര്യങ്ങാം വിശ്വാസികാം ഗ്രഹിക്കുന്നതു് ഇതിലൂടെയാണു്. ഈ കത്തവ്യം എങ്ങനെയാണു് നിർവഹിക്കപ്പെടുക? "സുവിശേഷപ്രസംഗത്തിൻെറ ഉള്ളടക്കം രൂപവൽക്കരിക്കേണ്ടതു് വേദപുസ്തകത്തിൽനിന്നും തിരുക്കർമ്മങ്ങളിൽനിന്നുംവേണം. രക്ഷാകരകർമ്മത്തിലെ ദൈവത്തിൻെറ അത്ഭുതകൃത്യങ്ങാം പ്രഖ്യാപനം ചെയ്യുന്ന എന്നതാണു് അതിൻെറ പ്രഥമ ലക്ഷണം." (C S L 35)

## ക്രിസ്തുവിൻെറ ദൗത്യം

ക്രിസ്തുവിൻെറ ദൗത്യം നമുക്കു സുഗ്രഹമാംവിധം സമീപസ്ഥമാക്കുന്നതാണു് സുവിശേഷപ്രസംഗം. അതു ക്രിസ്തുവിൻെറ ദൗത്യം കോംക്കുന്നവരെ അതിൻെറ ഫലം സ്വീകരിക്കുന്നതിനു സഹായിക്കുന്നു. ദൈവവചനം സമൂഹത്തിൽ വായനയിലൂടെ അറിയിക്കപ്പെട്ടു. വചനമാകുന്ന ക്രിസ്തു തന്നിലൂടെ പിതാവിനെ നമുക്കു നൽകുകയാണപ്പോാം. തത്സമയം സമൂഹാദ്ധ്യക്ഷനായ വൈദികൻ എ

പ്രകാരം സഭയിലൂടെ ദൈവം സമൂഹത്തെ അഭിസം ബോധന ചെയ്യുന്നുവെന്നു് വിശദീകരിച്ചു കാണിക്കുന്നു. അതിനു ദൈവസന്ദേശത്തെ മുഴുവനായി ദർശിക്കണം. അതിൻെറ ഒരു വിഹഗവീക്ഷണം നമുക്കു സിദ്ധിക്കണം. ആ നീണ്ട സന്ദേശത്തിൽ അതതു് ദിവസത്തെ വേദപുസ്തകപാരായണത്തിനുള്ള സ്ഥാനം വിശദീകരിച്ചുകൊടുക്കുന്നതാണു് സുവിശേഷപ്രസംഗം.

## ക്രിസ്തുവിൻെറ രഹസ്യം

ക്രിസ്തുവിൻെറ രഹസ്യത്തെ (Mystery of Christ) വിശദീകരിക്കുന്നതാണു് പ്രസംഗം. നമ്മുടെ ബുദ്ധിക്കതീതമായ രഹസ്യമാണിവിടെ പ്രതിപാദ്യം. എങ്കിലും 'ക്രിസ്തുവിൻെറ രഹസ്യം' എന്നതു്, ലോകത്തിൻെറ നേക്കുള്ള ദൈവത്തിൻെറ സ്നേഹംനിറഞ്ഞ 'പ്ലാനാ'ണു്. സമയത്തിൻെറ ആരംഭംമുതൽ നിഗൂഢമായിരുന്നതും ക്രിസ്തുവിൽ വെളിവാക്കപ്പെട്ടതും നൽകപ്പെട്ടതുമാണതു്. ഈ രഹസ്യമാണു് പ്രസംഗത്തിൽ വെളിപ്പെടുത്തുക. ദൈവവചനത്തിൻെറ ശുശ്രൂഷകൻ എന്ന നിലയിൽ സുവിശേഷപ്രസംഗകൻെറ പ്രധാന കർത്തവ്യമിതാണു്. അതതു ദിവസത്തെ ആരാധനക്രമം അർത്ഥസമ്പുഷ്ടവും ആരാധനാസമൂഹത്തിനു യോജിച്ചതുമായി കാണിക്കണം. ഇതിനു ഏവരും ധ്യാനാത്മകമായി വേദപുസ്തകപാരായണം ചെയ്യുന്ന പതിവുള്ളവരായിരിക്കണം. വേദപുസ്തകഭാഗങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്തണം. 'ക്രിസ്തു ഇപ്പോഠം, ഇവിടെവച്ചു്, എന്നോടു നേരിട്ടു സംസാരിക്കുന്നു' വെന്ന ചിന്തയോടുകൂടിവേണം വേദപുസ്തകം പാരായണം ചെയ്യുവാൻ. ക്രിസ്തു ഇപ്പോഠം, ഇവിടെ, എനിക്കു്, എന്തു വെളിപ്പെടുത്തുന്നു? തന്നെപ്പററി? തൻെറ പിതാവിനെപ്പ

ററി? എൻെറ രക്ഷയെപ്പററി? ഞാൻ നൽകേണ്ട പ്രത്യുത്തരത്തെപ്പററി? ഏവരും ദൈവവചനം ശ്രവിക്കയിൽ ഇങ്ങനെ ചിന്തിക്കണം.

വ്യാഖ്യാനിക്കേണ്ട ദൈവവചനത്തിലൂടെ എപ്രകാരം ദൈവവചനം ശരിയായി ശ്രവിക്കുന്നതിനും അതനുസരിച്ച ജീവിക്കുന്നതിനും ഇപ്പോഠം ഇവിടെവച്ച ഈ ജനത്തെ സഹായിക്കാൻ സാധിക്കും? ഇന്നത്തെ ആരാധനക്രമത്തിൽ ക്രിസ്തു ഇവിടെയുള്ള ഈ ജനത്തിനു് എന്തു് സന്ദേശമാണു് നൽകുക? ഇതൊക്കെയാണു് സുവിശേഷപ്രസംഗകൻ ചിന്തിക്കേണ്ടതു്.

## സ്വഭാവവിശേഷതകഠം

സുവിശേഷപ്രസംഗത്തിനു പ്രധാനമായി നാലു സ്വഭാവവിശേഷങ്ങഠം ഉണ്ടായിരിക്കണം. 1) അതു് പഴയനിയമത്തിലും പുതിയനിയമത്തിലും രേഖപ്പെടുത്തിയിട്ടുള്ള ദൈവത്തിൻെറ പ്രവൃത്തികളെ ആസ്പദമാക്കിയായിരിക്കണം. 2) ആരാധനാസമൂഹത്തിൽ പരികർമ്മം ചെയ്യപ്പെടുന്ന തിരുക്കർമ്മങ്ങളിലുള്ള ദൈവികപ്രവൃത്തിയും അതിൽ പ്രതിപാദ്യവിഷയമാണു്. 3) ദൈവവചനം ശ്രവിച്ച നമ്മിൽ ഉളവാക്കേണ്ട പ്രത്യുത്തരവും ജീവിതത്തിലുളവാകേണ്ട പ്രതികരണവും പ്രസംഗത്തിൽ ഉപേക്ഷിക്കാവുന്നതല്ല. 4) കർത്താവിൻെറ പ്രത്യാഗമനത്തിൽ അവിടുന്നു നൽകുന്ന ജീവനെപ്പററിയുള്ള വാഗ്ദാനവും പ്രത്യേക സ്ഥാനം അർഹിക്കുന്നതാണു്. ഇവ തമ്മിൽ ബന്ധമുള്ളവയാണു്. ദൈവത്തിൻെറ ഭൂതകാലാത്ഭുതങ്ങഠം 'ഇന്ന'ത്തെ ദൈവകൃത്യത്തിന്മേൽ പ്രകാശം വീശും. ഭാവിയിലേക്കുള്ള അവിടുത്തേ വാഗ്ദാനങ്ങഠം 'ഇപ്പോഠം' വിശ്വാസികഠം നൽകേണ്ട പ്രത്യുത്തരത്തിൻെറ പ്രകൃതിക്കു പ്രേരണചെലുത്തുന്നു.

ക്രിസ്തുവിലേക്കും പരിത്രാണകർമ്മത്തിലേക്കും ഉന്മുഖമാണു സുവിശേഷപ്രസംഗം. അതതു ദിവസം അനുസ്മരിക്കപ്പെടുന്ന പരിത്രാണരഹസ്യഭാഗം വിശ്വാസികൾക്കു സുഗ്രാഹ്യമാക്കിക്കൊണ്ടു് ഈ അനുസ്മരണംവഴി ക്രിസ്തുവിന്റെ രഹസ്യം (mystery of Christ) ഒരു തരത്തിൽ സന്നിഹിതമാകുന്നുണ്ടു്. ഈ അനുസ്മരണത്തിനു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുമായി ബന്ധമുണ്ടു്. അങ്ങനെ നോക്കുമ്പോൾ അതതു ദിവസം ആഘോഷിക്കപ്പെടുന്ന ക്രിസ്തു–രഹസ്യത്തെ ഭൂതം, വർത്തമാനം, ഭാവികാലങ്ങളിലൂടെ ദർശിക്കാനുപകരിക്കുന്നതാണു് സുവിശേഷപ്രസംഗം.

## ജീവദായകം

വിശ്വാസ സത്യങ്ങളും സാന്മാർഗ്ഗിക പ്രബോധനങ്ങളുമെല്ലാം മേല്പറഞ്ഞ നാലു സ്വഭാവവിശേഷങ്ങളിൽ ഉൾക്കൊള്ളിക്കാവുന്നതാണു്. ക്രൈസ്തവമതം ഒരുകൂട്ടം വിശ്വാസസത്യങ്ങൾ എന്നതിനേക്കാൾ അതു പ്രയോഗത്തിൽ പകർത്തേണ്ട ഒരു ജീവിതമാണു് എന്ന ചിന്ത മുൻനിറുത്തി പ്രസംഗങ്ങൾ തയ്യാറാക്കുകയാണു വേണ്ടതു്.

സുവിശേഷപ്രസംഗം ബലിയുടെ ഒരു ഭാഗമാണു്. വേദപുസ്തകപാരായണത്തിനുള്ള പ്രത്യുത്തരം ജനങ്ങളിൽ ഉളവാക്കാൻ അതു് ഉപയുക്തമായിരിക്കണം. തുടർന്നുവരുന്ന ബലിക്കു് ഒരു ഒരുക്കംകൂടി ആണതു്. ഇപ്പോൾ 'ഇവിടെ' ഗ്രഹിച്ച ദൈവവചനത്തിനു പ്രത്യുത്തരം നൽകുന്നതോടൊപ്പം ജീവിതത്തിൽ പ്രത്യുത്തരം പ്രാവർത്തികമാക്കാനുള്ള പ്രതിജ്ഞെയ്ക്കും അതു സഹായകമാണു്. ആരാധനാസമൂഹത്തിൽ നൽകപ്പെടുന്ന ദൈവവചനത്തിനുള്ള പ്രത്യുത്തരമായിരിക്കണം ക്രൈസ്തവജീവിതം മുഴുവനും. പ്രസംഗകന്റെ ഭാഗത്തുനിന്നും ഈ ദൈവവചനത്തിനുള്ള

സജീവമായ സാക്ഷ്യമായിരിക്കണം പ്രസംഗം. വിശ്വാസിയെ ബുദ്ധിപരമായ അവബോധത്തിലേക്കെത്തിച്ചാൽ മാത്രം പോരാ. അതു ജീവൻപ്രദാനംചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അതുകൊണ്ടു് പ്രത്യുത്തരം മനുഷ്യജീവിതത്തെ മുഴുവൻ സ്പർശിക്കുന്നതായിരിക്കണം.

## പ്രായോഗികനിർദ്ദേശങ്ങൾ

സുവിശേഷപ്രസംഗം കുർബാനയുടെ ഒരു പ്രധാന ഭാഗമാണെന്നു ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുക.

ദൈവവചനത്തോടുള്ള ബഹുമാനവും പരിചയവും വർദ്ധിപ്പിക്കുന്നതിനു് അനുദിനവേദപുസ്തകപാരായണം പ്രോത്സാഹിപ്പിക്കുക.

ആരാധനക്രമത്തിൻെറ ഒരു ഭാഗംതന്നെയായ സുവിശേഷപ്രസംഗത്തിൻെറ സമയത്തു് ആരാധനക്രമത്തോടു് നേരിട്ടു ബന്ധമില്ലാത്ത കാര്യങ്ങൾ ''വിളിച്ചുപറയാ'' തിരിക്കുക. ഇത്തരത്തിലുള്ള അറിയിപ്പുകൾ വി. ബലിയുടെ അവസാനം നൽകുകയായിരിക്കും നല്ലതു്. വേദപുസ്തകഭാഗങ്ങൾ കൂടുതലായി ഉപയോഗിച്ചു കാര്യസമ്പുഷ്ടമാക്കുന്ന പ്രസംഗം അനാകർഷകമാംവിധം ദീർഘിപ്പിക്കാതിരിക്കുക.

# 15

## സാർവ്വത്രികപ്രാർത്ഥന

### (കാറോസൂസ)

വി. ജസ്റ്റിൻ (150 A. D) എഴുതിയ ഒന്നാമത്തെ 'വിശ്വാസ സമർത്ഥന'ത്തിൽ ഇങ്ങനെ കാണുന്നു: ആരാധനാസമൂഹത്തിൽ വായന കഴിയുമ്പോൾ കാർമ്മികൻ മനോഹരമായ ഈ പ്രബോധനങ്ങൾ തങ്ങളുടെ ജീവിതത്തിൽ പകർത്തുവാനുപദേശിച്ചുകൊണ്ട്, വായന ശ്രവിച്ചവരോട് ഒരു പ്രസംഗം ചെയ്യുന്നു. അനന്തരം എല്ലാവരും എഴുന്നേൽക്കയും, പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നു (1). "അപ്പോൾ, ഞങ്ങൾക്കും പുതുതായി മാമ്മോദീസ സ്വീകരിച്ചവർക്കും, ലോകം മുഴുവനും വേണ്ടി ഞങ്ങൾ കൂട്ടമായി പ്രാർത്ഥന ചൊല്ലുന്നു.'' (2)

വിശ്വാസികൾ ഒന്നിച്ച് എല്ലാ നിയോഗങ്ങൾക്കുമായി നടത്തിയ ഈ പ്രാത്ഥനയ്ക്കു സാർവ്വത്രികപ്രാത്ഥന (Preces Communes), വിശ്വാസികളുടെ പ്രാത്ഥന, കാറോസൂസ എന്നൊക്കെയാണ് പേര്.

ഈ സാർവ്വത്രിക പ്രാത്ഥനയ്ക്കുള്ള വേദപുസ്തകാടിസ്ഥാനമെന്ന നിലയിൽ സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്ന ഒരു ഭാഗമാണ് 1 തിമോത്തി 2: 1–2. "മനു

---

1. 67–ാം അദ്ധ്യായം.
2. 65–ാം അദ്ധ്യായം.

ഷ്യക്കവേണ്ടി പ്രത്യേകിച്ച് രാജാക്കന്മാർക്കും അധികാരികറംക്കുംവേണ്ടി മദ്ധ്യസ്ഥപ്രാത്ഥനകളും അപേക്ഷകളും യാചനകളും സ്തോത്രങ്ങളും സമപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.''

സാർവ്വത്രികപ്രാർത്ഥനയുടെ ആശയമുള്ള ഒരു പ്രാർത്ഥന റോമിലെ ക്ലമൻറ് പാപ്പാ നൽകുന്നുണ്ട്. പിതാവിനെ അഭിസംബോധന ചെയ്തശേഷം തുടർന്നു ചൊല്ലുന്നു: കത്താവേ, അങ്ങു ഞങ്ങറംക്കു സഹായകനും സംരക്ഷകനും ആകണമേ, ഞെരുക്കപ്പെടുന്നവരെ രക്ഷിക്കണമേ. വിനീതരുടെമേൽ കരുണയായിരിക്കണമേ. വീണവരെ ഉയർത്തുകയും വിവിധാവശ്യങ്ങളുള്ളവരെ സഹായിക്കുകയും ചെയ്യണമേ. രോഗികളെ ആശ്വസിപ്പിക്കണമേ. വിശ്വസിക്കുന്നവർക്കു ഭക്ഷണം നൽകുകയും ക്ഷീണിതരെ ശക്തിപ്പെടുത്തുകയും ദുർബല മനസ്ക്കരെ ആശ്വസിപ്പിക്കുകയും ചെയ്യുക. നീ മാത്രമാണ് ദൈവമെന്ന് എല്ലാ മനുഷ്യരും അറിയാനിടയാകട്ടെ.'' (3)

പോളികാർപ്പിൻെറ (+ 156) കത്തുകളിലും ഇത്തരത്തിലുള്ള പ്രാർത്ഥനകളുണ്ട്: എല്ലാ വിശുദ്ധർക്കുംവേണ്ടി (വിശ്വാസികറംക്കുവേണ്ടി) നമുക്ക് പ്രാത്ഥിക്കാം. രാജാക്കന്മാർക്കും അധികാരികറംക്കും നമ്മെ പീഡിപ്പിക്കുന്നവർക്കും, വെറുക്കുന്നവർക്കും കുരിശിൻെറ ശത്രുക്കറംക്കുംവേണ്ടി പ്രാർത്ഥിക്കാം. (4)

''ഞങ്ങറം ചക്രവത്തിമാർക്കും അവരുടെ മന്ത്രിമാക്കും സൈന്യത്തിനും, ലോകത്തിൻെറ സുസ്ഥിതിയ്ക്കും സമാധാനത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു''വെന്നു തെ

3. ഒന്നാംലേഖനം 59—ാം അദ്ധ്യായം

4. P G 5, 1015

ത്തുല്യൻ രേഖപ്പെടുത്തിയിട്ടുണ്ട് (5). രാഷ്ട്രനേതാക്കാം കളവേണ്ടി പ്രാർത്ഥിക്കുന്നതും ഈ സാർവ്വത്രികപ്രാത്ഥന യുടെ ഘടകമാണെന്നു് സ്പഷ്ടമാണല്ലോ. പുരാതനമായ രേഖകളിൽ സാർവ്വത്രികപ്രാർത്ഥനയുടെ പൊതുരൂപം ഇപ്രകാരമാണു്: ഇന്ന ആാംകളവേണ്ടി പ്രാത്ഥിക്കാം. അയാാംകള ഇന്നതു ലഭിക്കുന്നതിനുവേണ്ടി (Pro...... ut).

ഇതിനെ വിശ്വാസികളുടെ പ്രാർത്ഥനയെന്നു വിളിക്കാറുണ്ടല്ലോ. വി. ജസ്റ്റിൻെറ വിവരണമനുസരിച്ചു് ഈ പ്രാത്ഥനയ്ക്കുശേഷം എല്ലാവരും പരസ്പരം സമാധാനത്തിൻെറ ചുംബനം നൽകുന്നു. എന്നാൽ ഈ പ്രാർത്ഥന ആരംഭിക്കുന്നതു് സ്നാനാർത്ഥികാം മാമ്മോദീസാ സ്വീകരിച്ചു് വിശ്വാസികളുടെ സമൂഹത്തിൽ ചേന്നതിനു ശേഷമാണു്. റോമിലെ ഹിപ്പോളിററസിൻെറ വിവരണമനുസരിച്ചു് (215 A. D) സ്നാനാർത്ഥികാം വിശ്വാസികളുടെകൂടെയല്ല, പ്രത്യേകമായാണു് പ്രാർത്ഥിച്ചതു്; അവർ പരസ്പരം സമാധാനാശംസ നൽകിയിരുന്നുമില്ല. പ്രാത്ഥനയും സമാധാനചുംബനവും തമ്മിൽ വലിയ ബന്ധമുള്ളതായി തോന്നുന്നു. ദൈവവചനം വിശ്വാസികളെ യോജിപ്പിച്ചു; അവരൊന്നിച്ചു് ദൈവവചനം ശ്രവിച്ചു. അതിനുത്തരമായി അവർ ഒന്നിച്ചു പ്രാർത്ഥിക്കുന്നു. ഇതിനെല്ലാം അവർ ഏകാഭിപ്രായത്തോടെ സമ്മതിക്കുന്നുവെന്നതിൻെറ അടയാളമായിട്ടത്രെ സമാധാനചുംബനം നൽകുന്നതു്. സമാധാനചുംബനം പ്രാർത്ഥനയുടെ അടയാളമാണെന്നു് തെർത്തുല്യൻ പ്രസ്താവിക്കുന്നു (Osculum Pacis quod est signaculum orationis). സായാഹ്നജപത്തിൽ സുവിശേഷവായനയ്ക്കുശേഷം, സാർവ്വത്രികപ്രാ

5. CSEL 69, 91

ത്ഥനയും ശുശ്രൂഷയുടെ അവസാനം സമാധാനാശംസയും ഉള്ളതു് പ്രകൃതത്തിൽ സ്മരിക്കുമല്ലോ.

ഈ പ്രാർത്ഥനകളിൽ സഭയ്ക്കുവേണ്ടി അപേക്ഷിക്കുന്നു. സഭാംഗങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാത്ഥിച്ചുകൊണ്ടു് ഇതു് വ്യക്തമാക്കുന്നുമുണ്ടു്.

കുററങ്ങളകററുന്നതിനും യുദ്ധമവസാനിപ്പിക്കുന്നതിനും, ഭീരുക്കളെ ധൈര്യപ്പെടുത്തുന്നതിനും തീർത്ഥാടകരെ സുരക്ഷിതരായി നയിക്കുന്നതിനും, കടലിലെ കോളിളക്കങ്ങൾ ശമിക്കുന്നതിനും, കവർച്ചക്കാരെ അമർത്തുന്നതിനും, പാവങ്ങളെ പരിപോഷിപ്പിക്കുന്നതിനും, അധ:പതിച്ചവരെ ഉയർത്തുന്നതിനും, വീഴുന്നവരെ താങ്ങുന്നതിനുംവേണ്ടിയാണു് ഈ പ്രാർത്ഥനയെന്നു് തെർത്തുല്യൻ പറയുന്നു. ഇത്തരത്തിലുള്ള നിയോഗങ്ങളെല്ലാംതന്നെ ഉൾക്കൊള്ളുന്നതാണതു്. സായാഹ്നജപത്തിലും കൊടുത്തിരുന്നു സാർവ്വത്രിക പ്രാത്ഥന (ന് സല്ലെ).

വി. അത്തനേഷ്യസിന്റെ സുഹൃത്തായ സെറാപിയോൻ ഈജിപ്റ്റിലെ ആരാധനക്രമം നൽകുന്നുണ്ടു്. അതിലെ സാർവ്വത്രികപ്രാത്ഥന ഒരു പ്രത്യേകവിധമാണു്. റോമൻറീത്തിലെ ദു:ഖവെള്ളിയാഴ്ചത്തെ സാർവ്വത്രികപ്രാത്ഥനയുടെ രൂപമാണതെന്നു പറയാം. അതനുസരിച്ചു ആദ്യമായി നിയോഗങ്ങൾ. തുടർന്നു് നിയോഗവുമായി ദൈവത്തിന്റെ പ്രവൃത്തികൾക്കുള്ള ബന്ധം കാണിച്ചിട്ടു് യാചന കേൾക്കണമെന്നു് ആപേക്ഷിക്കുന്നു. ‟പീഡിതർക്കും, തടവുകാർക്കും, സാധുക്കൾക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. എല്ലാവരേയും ആശ്വസിപ്പിച്ചു് നവചൈതന്യം പ്രദാനം ചെയ്യുകയും, ബന്ധിതരെ മോചിപ്പിക്കുകയും, ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യുകയും ചെയ്യു

ന്ന കർത്താവേ, എല്ലാവരുടേയും ഹൃദയഭാരം നീക്കണെ മേ!'' (6)

റോമിലെ ഹിപ്പോളിററസിൻെറ 'ശ്ലൈഹിക പാരമ്പര്യത്തിൽ (Apostolic Tradition) മൂന്നു സാർവ്വത്രികപ്രാത്ഥനകളുണ്ട്. ദൈവവചനശുശ്രൂഷയുടെ അന്ത്യത്തിലുള്ളതിൽ ആദ്യം സ്നാനാത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

വി. ജസ്റ്റിൻെറ ഗ്രന്ഥത്തിൽക്കാണുന്നതുപോലെ നമ്മുടെ കുർബാനയിലെ കാറോസൂസയും, എല്ലാവരും "നിന്നുകൊണ്ട്'' (നമുക്കെല്ലാവക്കും ഉചിതമായി നിന്നു്) ചൊല്ലുന്നവെന്നതു് പ്രസ്താവ്യമാണ്. അതിനു രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാംഭാഗം "നമുക്കെല്ലാവക്കും ഉചിതമായിനിന്നു്'' എന്നു തുടങ്ങുന്നു. അതിലെ ഓരോ അപേക്ഷയ്ക്കും ശേഷം "ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപ ചെയ്യേണമെ'' എന്ന ഉത്തരമാണ് മൂലത്തിൽ. 'കിരിയേ എലൈസോൻ' എന്നു് ഗ്രീക്കിൽ പറയാറുള്ള ഈ മറുപടി സാവ്വത്രികപ്രാത്ഥനയുടെ പുരാതനമായ പ്രത്യുത്തരമാണ്.

ആരാധനക്രമത്തിൽ ഇത്തരം ചെറു വാക്യങ്ങളിൽ ഉത്തരം നൽകുന്ന രീതി വളരെ പുരാതനമാണ്. പ്രസിദ്ധ തീർത്ഥകയായ എജറിയ നാലാം നൂററാണ്ടിൽ ജറുസലേമിൽ വച്ച് "കർത്താവേ ഞങ്ങളോടു കൃപ ചെയ്യണമേ''(കിരിയേ എലൈസോൻ) എന്ന പ്രതിവചനത്തോടു കൂടിയ ലുത്തിനിയ ചൊല്ലുന്നതു കേൾക്കുകയുണ്ടായി: ഡീക്കൻ ഓരോ അപേക്ഷയും ചൊല്ലുമ്പോൾ, "കർത്താവേ, കൃപ ചെയ്യണമെ'' എന്നു പ്രതിവചിച്ചുകൊണ്ട് ജനസ

6. FUNK, Didascalia p. 158

മൂഹം നിന്നിരുന്നു (7). പരിഷ്ക്കരിച്ച മലയാളക്കർബാനയിൽ ഈ മറുപടിയ്ക്കു പകരം ,,കത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേഠംക്കണമേ'' എന്നാക്കിയിരിക്കയാണു്.

രണ്ടാംഭാഗം ,,സമാധാനത്തിൻേറയും, അനുഗ്രഹത്തിൻേറയും ദൂതനെ....'' എന്നു തുടങ്ങുന്നു. അതിൻെറ ഉത്തരം ,,കത്താവേ നിന്നോടു ഞങ്ങഠം യാചിക്കുന്നു'' എന്നാണു്. ഈ രണ്ടു ഭാഗത്തിനുമിടക്കു് പഴയ റാസയിൽ നീണ്ട ഒരു യാചനയുണ്ടായിരുന്നു. കാനോനനമസ്ക്കാരത്തിലെ സായാഹ്നജപത്തിൻെറ കാറോസൂസ തന്നെയാണിതു്. (ന്സപ്ലേ.) കാനോന നമസ്ക്കാരത്തിൽ ഇതിനു മാററമില്ലതാനും. എന്നാൽ പുനരുദ്ധരിക്കപ്പെട്ട റാസയിൽ ഈ നീണ്ട യാചന ഉപേക്ഷിച്ചിരിക്കുന്നു. റാസ ഹ്രസ്വമാക്കാൻ ചെയ്തതായിരിക്കണം.

## ഒന്നാംഭാഗം

ഈ പ്രാത്ഥനയിൽ ആദ്യഭാഗത്തു് പതിമ്മൂന്നു് അപേക്ഷകളുണ്ടു്. ഒന്നാമത്തേതു്, സന്തോഷത്തോടും, ആനന്ദത്തോടുംകൂടെ, (സാധാരണ ദിവസങ്ങളിൽ അനുതാപത്തോടും, ശ്രദ്ധയോടും –ഭക്തിയോടും– കൂടെ) ഉചിതമായിനിന്നു്, ,,കർത്താവേ ഞങ്ങളോടു കൃപ ചെയ്യേണമേ'' എന്നു യാചിക്കുവാൻ എല്ലാവരേയും ആഹ്വാനം ചെയ്യുന്നു. ഉയിർപ്പിൻെറ ആനന്ദം ദ്യോതിപ്പിക്കുന്ന ഞായറാഴ്ച ,,ആനന്ദത്തോടെ'' പ്രാർത്ഥിക്കുന്നു. സാധാരണ ദിവസങ്ങഠംക്കു് ,,അനുതാപത്തോടെ'' പ്രാത്ഥിക്കണമെന്നു കാണുന്നതു് ഒരു പക്ഷേ ഇതു് ആരംഭത്തിൽ നോമ്പുകാലത്തുപയോഗിച്ചിരുന്നതിനാലാവാം. ഉത്തരം

7. CSEL 39. P. 72.

ഡീക്കൻ ആദ്യം ചൊല്ലിക്കൊടുക്കുന്നതു് വളരെ പ്രയോജനകരമാണു്.

രണ്ടാമത്തേയും മൂന്നാമത്തേയും വാക്യങ്ങൾ ദൈവത്തെ കാരുണ്യവാനായ പിതാവും, രക്ഷകനും, രക്ഷയുടെ കർത്താവും, പരിപാലകനും, സകലത്തിൻേറയും ദാതാവുമെന്നു വിളിക്കുന്നു. അടുത്ത നാലു വാക്യങ്ങൾ, സമാധാനത്തിനും, ലോകംമുഴവൻേറയും സഭകളൊക്കെയുടേയും ഐക്യത്തിനും, സ്വരാജ്യത്തിനും, മററെല്ലാ രാജ്യങ്ങൾക്കും, അവയിൽ വിശ്വാസത്തോടുകൂടി വസിക്കുന്നവർക്കും, കാലാവസ്ഥയുടെ സുസ്ഥിതിക്കും, വിളവുകളുടെ സമൃദ്ധിക്കും, ലോകംമുഴവൻേറയും ഐശ്വര്യത്തിനും, സഭയുടെ അധിപനായ പരിശുദ്ധ പിതാവിനും, മെത്രാന്മാർക്കും, അവരുടെ ജനങ്ങൾക്കുംവേണ്ടിയുള്ള യാചനകളാകുന്നു. തുടർന്നുള്ള അഞ്ചു വാക്യങ്ങൾ ദൈവത്തിൻെറ ഗുണങ്ങളെ പ്രകീർത്തിക്കുന്നു. കാരുണ്യവാൻ, അനുഗ്രഹസമ്പന്നൻ, നല്ലവൻ, നന്മകളുടെ ദാതാവു്, സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവൻ, ഭൂമിയിൽ ആരാധിക്കപ്പെടുന്നവൻ, മരണമില്ലാത്തവൻ എന്നെല്ലാം. അവസാനിപ്പിക്കുന്ന വാക്യം „ഞങ്ങളുടെ കർത്താവായ മ്ശിഹായേ നിൻെറ കൃപയാൽ ഞങ്ങളെല്ലാവരേയും രക്ഷിക്കണമേ, നിൻെറ ശാന്തിയും, സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും, ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ'' എന്ന യാചനയാണു്.

## രണ്ടാംഭാഗം

അപേക്ഷയുടെ രണ്ടാമത്തെഭാഗം ഇങ്ങനെ ആരംഭിക്കുന്നു: „സമാധാനത്തിൻേറയും, അനുഗ്രഹത്തിൻേറയും ദൂതനെ.... ഞങ്ങൾ പ്രാർത്ഥിക്കുന്നു.'' സമാധാനത്തിൻേറ

യും അനുഗ്രഹത്തിൻെറയും ആശയം തന്നെ ഉൾക്കൊള്ളുന്നതുകൊണ്ടു് ആദ്യഭാഗത്തിൻെറ തുടർച്ചയാണിതു്. തുടർന്നുള്ള അപേക്ഷകൾ, സഭയ്ക്കു സമാധാനവും, പരിശുദ്ധാത്മാവിൻെറ തികവിൽ പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹത്തിൻെറ ഐക്യവും 'പാപരഹിതജീവിതവും, പാപമോചനവും, കർത്താവിൻെറ അനുഗ്രഹവും മററുമുണ്ടാകുവാൻ വേണ്ടിയാണു്. പ്രാത്ഥനയെക്കുറിച്ചുള്ള ക്രിസ്തീയ തത്ത്വങ്ങൾക്കു് പൂർണ്ണമായും നിരക്കുന്നതാണു്, അവസാനത്തെ വാക്യം: "നമ്മുടേയും, നാമോരോരുത്തരുടേയും ആത്മാക്കളെ പിതാവിനും പുത്രനും, പരിശുദ്ധാത്മാവിനും സമപ്പിക്കാം." പരി. ത്രീത്വത്തിനു് "നമ്മുടേയും, നാമോരോരുത്തരുടേയും" സമർപ്പണത്തോടുകൂടി വിശ്വാസികൾ അവരുടെ പ്രാത്ഥനകൾ ദൈവപരിപാലനയ്ക്കു വിടുന്നു. അതുകൊണ്ടാണു്, അവർ "ഞങ്ങളുടെ ദൈവമായ കർത്താവെ നിനക്കു ഞങ്ങൾ ഭരമേല്പിക്കുന്നു, സമർപ്പിക്കുന്നു" എന്നു ഏററു പറയുന്നതു്. ഈ രണ്ടാംഭാഗം പരിഷ്ക്കരിച്ച കുർബാനയിൽ ഉപേക്ഷിച്ചിരിക്കുകയാണു്.

ഈ ലുത്തിനിയ ആരാധനക്രമത്തിൽ ഉൾപ്പെടുത്തിയതിനെപ്പററി കൊണ്ണൊളി പറയുന്നു: പ്രാചീനപുരുഷന്മാരും, അപ്പസ്തോലന്മാരും നിർദ്ദേശിച്ചതല്ല, പ്രത്യുത ഈശോയാബ്യ് മൂന്നാമൻ തന്നെ കല്പിക്കുകയും, നിർദ്ദേശിക്കയും ചെയ്തതാണെന്നു് അർബേലിലെ ജോർജ് പ്രസ്താവിക്കുന്നതുകൊണ്ടു് നർസേയുടെ പേരിൽ വ്യാജമായി തിരുകിക്കയററിയതാണെന്നു തോന്നിയേക്കാം. എന്നാൽ മൂലകൃതിയെപ്പററി യുക്തിയുക്തമായി പഠിച്ചശേഷം അദ്ദേഹം ഉറപ്പുപറയുന്നു, ഈ വാക്യങ്ങൾ മുഴുവനും

തികച്ചും നർസേയുടെ ശൈലിതന്നെയാണെന്നു്. വ്യാജമായി തിരുകിവച്ചതെന്ന ജോർജ് അർബേലിൻെറ അഭിപ്രായം തന്നെ ഒട്ടും സ്വാധീനിച്ചിട്ടില്ലെന്നാണു് കൊണ്ണൊളി എഴുതിയിരിക്കുന്നതു് (8).

എല്ലാവക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണു് സാവ്വത്രികമായ ഈ പ്രാത്ഥന. ഇതിനെ പൂജയപ്പണഭാഗത്തെ (Anaphora) മാദ്ധ്യസ്ഥപ്രാത്ഥനയായി (മാർപ്പാപ്പയ്ക്കും മെത്രാനും രോഗികാംക്കും ആകുലക്കും മററുംവേണ്ടി) തെററിദ്ധരിക്കേണ്ടതില്ല. ആ മാദ്ധ്യസ്ഥപ്രാത്ഥനയുടെ വെറുമൊരാവത്തനവുമല്ലിതു്. രണ്ടിനും വ്യതിരിക്തമായ പ്രകൃതിയും ലക്ഷ്യവുമുണ്ടു്. വിശ്വാസികാം ചൊല്ലുന്ന പ്രാർത്ഥനയാണിതു്. മററതാവട്ടെ, പുരോഹിതൻമാത്രം ചൊല്ലുന്നു. ആദ്യത്തേതു് സഭയ്ക്കും, പരി. പിതാവിനും, കാലാവസ്ഥയുടെ സുസ്ഥിതിക്കും മററുമായി പ്രാർത്ഥിക്കുന്നതാണു്. രണ്ടാമത്തേതു്, വിശ്വാസികാംക്കുവേണ്ടി ബലിയപ്പിക്കുന്നതിനും, ക്രിസ്തുവിൻെറ സമപ്പണത്തിൽ അവരുടെ പേരുക്കൂടി ചേക്കുന്നതിനുമത്രെ.

ഈ അപേക്ഷയുടെ (കാറോസൂസ) പ്രകൃതിയും, ഉദ്ദേശ്യവും വിവരിച്ചുകഴിഞ്ഞു. കാലദേശാവശ്യങ്ങളനുസരിച്ചു് പുതിയ നിയോഗങ്ങാം ഉാംക്കൊള്ളിക്കുക, സാവ്വത്രികമായ ഈ പ്രാർത്ഥനയുടെ ചൈതന്യത്തിനു് തികച്ചും നിരക്കുന്നതാണു്. അതു് ചില പൗരസ്ത്യറീത്തുകളുടേയും യഹൂദാരാധനക്രമത്തിൻേറയും പാരമ്പര്യങ്ങാംക്കനുയോജ്യവുമാണു്. അതുകൊണ്ടു്, ഈ കാറോസൂസ പൗരസ്ത്യസുറിയാനി ആരാധനക്രമമനുസരിച്ചു് മാറിവ

8. Interpretatio P. 70; CONNOLLY R. H. Liturgical Homilies P. 82.

രുന്നതല്ലെങ്കിലും, ഓരോ കാലത്തിനും ചേന്ന കാറോസൂ സകാം പുതുതായി എഴുതിച്ചേർത്തിട്ടുണ്ട്; അതുപോലെ തന്നെ പ്രധാനപ്പെട്ട തിരുനാളുകാംക്കും. ആരാധനാക്രമത്തിൽ ഈ അപേക്ഷയുടെ സ്ഥാനം ദൈവവചനം വായിച്ചുകഴിഞ്ഞ ഉടനെ ആണെന്നതു് പരിഗണനാർഹംതന്നെ. മനുഷ്യർക്കുവേണ്ടി ദൈവം ചെയ്ത അത്ഭുതകൃത്യങ്ങാം വി. ഗ്രന്ഥപാരായണത്തിൽ കേംക്കുന്നു. അങ്ങനെ ദൈവത്തിൻെറ സവ്വശക്തിയിൽ ദൃഢമായ വിശ്വാസവും, അവിടുത്തെ കരുണയിൽ വലിയ ശരണവും അവർക്കുണ്ടാകുന്നു. തൽഫലമായി തങ്ങാംക്കാവശ്യമുള്ളതു യാചിക്കുവാൻ അവർ ഉത്സുകരായിത്തീരുന്നു. ഈദൃശ യാചനകളുടെ പരമ്പരയാണു് കാറോസൂസ.

ഈ പ്രാർത്ഥന എന്തുകൊണ്ടു് കാറോസൂസ (പ്രകാശനം, അറിയിപ്പു്, വിജ്ഞാപനം, പ്രഖ്യാപനം) എന്നു വിളിക്കപ്പെടുന്നു? ഉത്തരമിതാണു്: ഇന്നയിന്ന ആളുകാംക്കു്, ഇന്നയിന്ന മാഗ്ഗങ്ങളവലംബിച്ചു്, ഇന്നയിന്ന കാര്യങ്ങാംക്കു് എന്നൊക്കെ നിയോഗം നൽകി ഡീക്കൻ വിജ്ഞാപനംചെയ്യുന്നുണ്ടു്, ഈ പ്രാർത്ഥനയിൽ. ഡീക്കൻെറ ചുമതലയാണിതെന്നു് സെലൂഷ്യ– ടെസിഫോൺ സൂനഹദോസു് (410) നിർദ്ദേശിക്കുന്നു. ഓരോ പട്ടണത്തിലും ഡീക്കൻ ഈ കത്തവ്യം അനുഷ്ഠിക്കണമത്രെ (9).

സാധാരണ ജനങ്ങാംക്കു് ഈ അപേക്ഷകൊണ്ടുണ്ടാവുന്ന പ്രയോജനത്തെപ്പററി ബർലീഫെ പറഞ്ഞിട്ടുണ്ടു്. ക്രിസ്ത്യാനികളായ നാം ക്രിസ്തുവിൽ ഏക ശരീരമാണു്. നമ്മുടെ കത്താവിൻെറ കല്പനയനുസരിച്ചു് നാമെല്ലാം നമ്മുടെ സഹോദരങ്ങളുടെ സമൂഹത്തിനു മുഴുവൻ

---

9. CHABOT, op. cit. pp 266–67.

വേണ്ടി പ്രാൎത്ഥിക്കുന്നു. ഐഹികകാര്യങ്ങളിൽ മുഴുകിജീവിക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. അവർ പ്രാർത്ഥനയുടെ കാര്യത്തിൽ തല്പരരല്ല. പള്ളിയിൽ വരുമ്പോൾ എന്തു പറയണമെന്ന് അവർക്കറിഞ്ഞുകൂടാ. എങ്കിലും പ്രാൎത്ഥിക്കുവാനവർക്കു താല്പര്യമുണ്ടുതാനും. ഇക്കാരണത്താൽ ഈ വിജ്ഞാപനരീതി സ്വീകരിച്ചുവരുന്നു. പ്രത്യുത്തരം നൽകിയെങ്കിലും സമൂഹം മുഴുവൻ പങ്കെടുക്കുവാൻ കാറോസൂസാകൾ ഉപകരിക്കുന്നു. "കർത്താവേ, ഞങ്ങളോടു കൃപചെയ്യണമേ'' എന്നു പറയുവാനറിഞ്ഞുകൂടാത്തവരായി ആരുമുണ്ടായിരിക്കയില്ലല്ലോ (10). ജനങ്ങൾ തങ്ങളുടെ പ്രാൎത്ഥനകളിൽ തങ്ങൾക്കാവശ്യമുള്ളവ യാചിക്കുവാൻ പഠിക്കുന്നതിനാണ്, ഈ വിജ്ഞാപനരീതി അവലംബിച്ചതെന്ന് ജോർജ്ജ് അർബെൽ പറയുന്നു. (11).

## സമാപനപ്രാൎത്ഥന

യഹൂദപ്രാർത്ഥനയിലേയും (12) പൗരസ്ത്യ ആരാധനക്രമങ്ങളിലേയും പതിവാണ്, പുരോഹിതൻ ഒരു പ്രാർത്ഥനചൊല്ലി കാറോസൂസാ അവസാനിപ്പിക്കുകയും അതിനു ജനങ്ങൾ 'ആമ്മേൻ' പറയുകയും ചെയ്യുക എന്നത്. ഇതു് വളരെ അർത്ഥവത്താണ്. ഡീക്കനും വിശ്വാസികളും പുരോഹിതനെക്കൂടാതെ പ്രാൎത്ഥിക്കുന്നതു ശരിയല്ല; മദ്ധ്യസ്ഥനായ പുരോഹിതൻവഴി ആരാധനക്രമപരമായ പ്രാർത്ഥന ദൈവത്തിനു സമൎപ്പിക്കപ്പെടുക യുക്തിയുക്തമാകുന്നു. ഡീക്കനാണ്, പുരോഹിതനല്ല, നി

---

10. Interpretatio pp. 165-66
11. Expositio pp. 179-187
12. SINGER, op. cit. p. 126

യോഗങ്ങ‍ൾ ചൊല്ലിക്കൊടുക്കുന്നതു് എന്നതാണിവിടെ വിവക്ഷ.

"ഞങ്ങളുടെ ദൈവമായ കത്താവെ നിന്നോടു്" (ലാക്ക്മറിയാ ആലാഹൻ) എന്നു് സമാപന പ്രാർത്ഥനയാരംഭിക്കുന്നു. ഈ പ്രാർത്ഥനയിൽ തൻെറ അനുഗ്രഹംകൊണ്ടു് ജനങ്ങളെ സമ്പൂർണ്ണരാക്കുവാനും, അവക്കു് പാപമോചനം നല്കുവാനും പുരോഹിതൻ ദൈവത്തോടു് യാചിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. താൻ വഴി മററുള്ളവക്കു് ദൈവാനുഗ്രഹം ഉദാരമായി ലഭിക്കുവാൻ അദ്ദേഹം തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു: "നിൻെറ ദാനങ്ങ‍ൾ ഞങ്ങളുടെ കരങ്ങ‍ൾവഴി വർഷിക്കണമേ."

ഈ പ്രാർത്ഥനയുടെ നേരത്തു പുരോഹിതൻ കൈക‍ൾ വിരിച്ചു പിടിക്കുന്നു. അതു് വിജാതീയരുടെയും യഹൂദരുടെയുമിടയിലെ പ്രാർത്ഥനാരീതിയാണു് (13). ക്രിസ്തു കുരിശിൽ കിടന്നു് പ്രാത്ഥിച്ചതിനെ അനുകരിക്കുവാനുദ്ദേശിച്ചു് ആദിമക്രിസ്ത്യാനികളും (14) ഈ പതിവു് പുലത്തിയിരുന്നു. ദൈവസന്നിധിയിൽ വിനയാന്വിതമായ അർത്ഥനയുടെയും മാദ്ധ്യസ്ഥ്യത്തിൻെറയും ഒരടയാളമാണിതു്. ദിവ്യരഹസ്യാനുഷ്ഠാനസമയത്തു് കരങ്ങ‍ൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്ന പുരോഹിതനെപ്പററി നർസേ പറയുന്നതാണിതു് (15).

---

13. CABROL, Liturgical prayers, p. 80
14. LE BRUN, Explication de les Prieres et des ceremonies de la Messe, I P. 153
15. MINGANA A., Narsai Doctoris Syri homiliae I P 153, 162. II P. 107. 122.

# 16

## കൈവയ്പിനുള്ള പ്രാർത്ഥന

### (അയോഗ്യരെ പിരിച്ചുവിടൽ)

ആരംഭകാലത്തു് കർബാനയുടെ ഈ ഭാഗം പ്രത്യേകിച്ചും സ്നാനാർത്ഥികളെ ഉദ്ദേശിച്ചായിരുന്നെന്നു് മുകളിൽ കണ്ടു. സഭയുടെ ഏററം പാവനമായ കൃത്യം കൃതജ്ഞതാസ്തോത്ര ബലിയായതുകൊണ്ടു് അവളുടെ സന്താനങ്ങളുടെ മാത്രം—അവരിൽതന്നെ അർഹതയുള്ളവരുടെ മാത്രം—സാന്നിദ്ധ്യമേ അവൾ അനുകൂലിക്കുന്നുള്ളു. ഇതേപ്പററി നർസേ പ്രസ്താവിക്കുന്നു: "സഭ പുറത്തുള്ളവരിൽനിന്നു് അകന്നു് 'രഹസ്യത്തിൽ' പരമരഹസ്യങ്ങൾ—വി. ബലി— അനുഷ്ഠിക്കുന്നു. പുരോഹിതൻ മദ്ബഹായിൽവച്ചു് ഗൂഢമായാണതു് നിവ്വഹിക്കുക. അവളനുഷ്ഠിക്കുന്ന ആരാധനീയമായ ഈ പരമരഹസ്യങ്ങളിൽ പങ്കുചേരുന്നതിനു് അവളുടെ സന്താനങ്ങളെ—മാമ്മോദീസാ സ്വീകരിച്ചു് മുദ്രിതരായവരെ—മാത്രമെ അവൾ അനുവദിക്കുന്നുള്ളു" (1). അതിനാൽ വി. ബലി ആരംഭിക്കുന്നതിനുമുമ്പു് അയോഗ്യരെ ആശീർവ്വദിച്ചു് എങ്ങനെ പുറത്തു വിടുന്നുവെന്നു് നർസേ തുടർന്നു വിവരിക്കുന്നു.

ഇവിടെ ഒരു കാര്യം വ്യക്തമാണു്. സ്നാനാർത്ഥികളുടെ ക്രിസ്തീയ വിശ്വാസമണ്ഡലത്തിലേക്കുള്ള പ്രവേ

---

1. CONNOLLY R. H., The Liturgical Homilies, P. 2.

ശത്തിൻെറ ഭാഗമായിത്തീൎന്നില്ല പ്രബോധനപരമായ ഈ ശുശ്രൂഷ. ''കുറഞ്ഞപക്ഷം, സഭയുടെ ഏററം പരിശുദ്ധമായ സമ്പത്തെങ്കിലും എല്ലാവരുടെയും മുമ്പിൽ നിരത്തിവയ്ക്കാതിരിക്കണമെന്ന നിർദ്ദോഷമായൊരു ക്രൈസ്തവമനോഭാവത്തിൻെറ സരളമായ പ്രകാശനമായിരുന്നു'' ഈ ആശയം (2).

## ആശീർവ്വാദം

''ശിരസ്സു നമിക്കുന്നതിനും പൗരോഹിത്യത്തിന്നടുത്ത ആശീർവ്വാദം സ്വീകരിക്കുന്നതിനും സഭ ഡീക്കനിലൂടെ വിളിച്ചറിയിക്കുന്നു''വെന്നു് നർസേ രേഖപ്പെടുത്തിയിട്ടുണ്ടു് (3). തക്സായിൽ കാണുന്നതുപോലെ ''ഗുരോ ആശീർവ്വദിച്ചാലും'' എന്നു പറഞ്ഞുകൊണ്ടു് ഡീക്കൻ പുരോഹിതൻെറ ആശീർവ്വാദം ആവശ്യപ്പെടുകയും ''കൈവയ്പിനായി തല കുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ'' (തല കുനിച്ചു് ആശീർവ്വാദം സ്വീകരിക്കാം) എന്നു് ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥ സ്നാനാർത്ഥികൾ ഓരോരുത്തരായി പുരോഹിതനെ സമീപിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്തിരുന്നത്രെ (4).

ഇവിടെ രണ്ടു പ്രാർത്ഥനയുണ്ടു്. ഒന്നു്, കൈവയ്പിൻേറതു്. അതു് താഴ്ന്നസ്വരത്തിൽചൊല്ലുന്നു. രണ്ടാമത്തേതു് ഉയർന്നസ്വരത്തിൽ പാടുന്നു. ഇതു് ആദ്യത്തേതിൻെറ തുടർച്ചയും സമാപനവുമല്ലാതൊന്നുമല്ല. ഒന്നാമത്തേതിൽ നോമ്പുകാലത്തിനും സാധാരണദിവസങ്ങൾക്കും വ്യത്യ

2. JUNGMANN, Missarum Solemnia I P. 175
3. CONNOLLY, op. cit. P. 2.
4. RAES A., An Explanation.... P. 17

സ്തമായ പ്രാർത്ഥനകളുണ്ട്. ഞായറാഴ്ചകൾക്കും തിരുനാളുകൾക്കുമുള്ള പ്രാർത്ഥനകൾക്കെന്നപോലെ, ഇതിനും സഭയാണ് പ്രധാനാശയം. ഈ രണ്ടു പ്രാർത്ഥനകളെയും പററിയുള്ള (കൈവെപ്പിന്റെയും അതിന്റെ സമാപനപ്രാർത്ഥനകളുടെയും) വിവരണവും തീരുമാനവും ഫാദർ റാസിന്റെ ഗ്രന്ഥത്തിൽ കാണാം. „സഭയും ക്രിസ്തുവിന്റെ പീഡാസഹനത്താൽ രക്ഷിക്കപ്പെട്ട സകല വിശ്വാസികളും ദൈവത്തിന്റേതാണ്. പരിശുദ്ധാത്മാവിയുടെ അനുഗ്രഹത്താൽ നൽകപ്പെട്ട യഥാർത്ഥ പൗരോഹിത്യം അതിന്റെ വ്യത്യസ്ത പദവികളോടുകൂടിത്തന്നെ സഭയിൽ നിലനില്ക്കുന്നു. കാർമ്മികനും ശുശ്രൂഷകരും സഭയുടെ ബൃഹത്തായ ശരീരത്തിലെ വിശിഷ്ടാംഗങ്ങളാണ്. വിശ്വാസികൾക്ക് ആത്മീയാനുഗ്രഹങ്ങൾ കൊടുക്കുവാൻ അവർക്ക് കഴിയുന്നു. അതിൽ അപേക്ഷിക്കുന്നു: „കർത്താവേ, അങ്ങയുടെ ദാനം ഞങ്ങളിൽ ഫലമണിയുവാൻ വരം തരണമെ. ഞങ്ങളുടെ കരങ്ങൾവഴി നിന്റെ ദാനങ്ങൾ വർഷിക്കുകയും ചെയ്യുക.'' ''നിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കു'' കരുണയും അനുകമ്പയും ഉണ്ടായിരിക്കട്ടെ. പുരോഹിതന്റെ മാദ്ധ്യസ്ഥ്യം വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. എന്നാലിതുകൊണ്ട് ആര്ക്കാണ് നന്മ? സ്പഷ്ടമായും മാമ്മോദീസാ സ്വീകരിച്ച വിശ്വാസികൾക്കുതന്നെ. അങ്ങനെയെങ്കിൽ എന്തിനീ കൈവെപ്പ്? പുരോഹിതന്റെ കരങ്ങൾവഴി വർഷിക്കപ്പെടുന്ന ദൈവികദാനങ്ങൾ സ്വീകരിക്കുന്നവർ സ്നാനാർത്ഥികളോ അനുതാപികളോ ആണെന്നുള്ളതിനു് ഒരു സൂചന എങ്കിലും ഇവിടെ ന്യായമായി പ്രതീക്ഷിക്കാവുന്നതാണല്ലോ. എന്നാൽ യാതൊന്നും കാണുന്നില്ല'' (5). ഇവിടെ ആദിമകാലത്തു് ഒരാശീർവ്വാദമുണ്ടായിരുന്നുവെന്നതു് വാസ്തവം. പ്രധാനമായും

5. RAES A., An Explanation., p. 17.

അതു് ബലിയിൽ സംബന്ധിക്കാൻ അയോഗ്യരായവരെ ഉദ്ദേശിച്ചായിരുന്നു. സായാഹ്നജപത്തിൽ അതു് എല്ലാ വിശ്വാസികാംക്കും നൽകിയിരുന്നു. കാരണം അതു് ആ യാമപ്രാർത്ഥനയുടെ അന്ത്യത്തിലാണല്ലോ. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടു പരിഷ്ക്കരിച്ച കുർബാനയിൽ ഈ പ്രാർത്ഥനയുടെ അവസാനം പുരോഹിതൻ ജനങ്ങളുടെ നേരെ തിരിഞ്ഞു കൈനീട്ടി ആശീർവ്വദിക്കുന്നു. തത്സമയം പറയുന്നു: "ഞങ്ങളേയും അങ്ങയുടെ സ്വന്തമായ ഈ ജനത്തേയും.... ആശീർവ്വദിക്കണമേ" (6).

തലകുനിച്ചു് പുരോഹിതൻെറ ആശീർവ്വാദം സ്വീകരിക്കാമെന്ന വിജ്ഞാപനത്തെപ്പററിയുള്ള നർസേയുടെ പ്രസ്താവത്തിൻെറ വെളിച്ചത്തിൽ (7), ആശീർവ്വാദത്തിനുപയോഗിക്കുന്ന പ്രാർത്ഥനയിൽ എന്തുകൊണ്ടു് പുരോഹിതൻെറ മാദ്ധ്യസ്ഥ്യത്തേയും സഭയേയും പററി വളരെയധികം പറഞ്ഞിരിക്കുന്നുവെന്നു് മനസ്സിലാക്കുക സുസാധമാണു്,

## സ്നാനാർത്ഥികളെ ആശീർവ്വദിച്ചിരുന്നു

അപ്പസ്തോലിക് കോൺസ്റ്റിട്യൂഷൻ (നാലാം നൂററാണ്ടു്) എന്ന രേഖയിൽ സാർവ്വത്രികപ്രാത്ഥനയ്ക്കുശേഷം ശിരസ്സുനമിച്ചുനില്ക്കുന്ന സ്നാനാർത്ഥികളെ മെത്രാൻ ആശീർവ്വദിക്കുന്നതായി കാണുന്നു. അപ്പോറം ചൊല്ലുന്ന പ്രാത്ഥന ഏതാണ്ടിപ്രകാരമാണു്: "....അങ്ങേ അപ്പസ്തോലന്മാരെ സത്യത്തിൻെറ പ്രബോധകന്മാരായി നിയമിച്ച ദൈവമേ, അങ്ങേ ഈ ദാസരെ തൃക്കൺപാക്കണമേ. അവരിതാ അങ്ങേ മിശിഹായുടെ സുവിശേ

6. RAES A., An Explanation., P. 17.
7. CONNOLLY R. H., The Liturgical Homilies, p. 2.

ഷത്തിൽ അഭ്യസനം നേടുന്നു. അവർക്കു ''നവ്യഹൃ യം നൽകുകയും അവരിൽ യഥാർത്ഥരൂപിയെ നവീക രിക്കുകയും'' ചെയ്യണമേ. അങ്ങനെ അവർ ''പൂർണ്ണഹൃ ദയത്തോടും പൂർണ്ണമനസ്സോടുംകൂടെ'' അങ്ങയെ അറിയുന്ന തിനും തിരുവിഷ്ടം നിറവേറുന്നതിനും ഇടയാകട്ടെ. അ വരെ നവീനജന്മത്തിനർഹരാക്കുകയും തിരുസഭയിൽ അംഗങ്ങളാക്കുകയും ചെയ്യണമേ. അവർക്കു വേണ്ടി മരിച്ച ഞങ്ങളുടെ പ്രത്യാശയായ മിശിഹാവഴി അങ്ങേ ദിവ്യ രഹസ്യങ്ങളിൽ പങ്കെടുക്കാനുള്ള അനുഗ്രഹം അവർക്ക് നൽകണമേ....'' തുടർന്നു, ''സ്നാനാർത്ഥികളെ നിങ്ങൾ സമാധാനത്തിൽ പോകുവിൻ'' (8) എന്നു പറഞ്ഞു് ഡീ ക്കൻ അവരെ പിരിച്ചു വിടുന്നു. ഇത്തരമൊരു പ്രാർത്ഥ നയോ പിരിച്ചുവിടീലോ സീറോ-മലബാർ കർബാന യിൽ ഇപ്പോൾ കാണുന്നില്ല.

## അയോഗ്യരെ പിരിച്ചുവിടൽ (Dismissal)

ആശീർവ്വാദത്തിനുശേഷം നൽകുന്ന വിജ്ഞാപനം പരിഷ്ക്കരിച്ച ക്രമത്തിൽ ഉപേക്ഷിച്ചിരിക്കുകയാണു്. എങ്കിലും, ബലിയുടെ ചില വശങ്ങൾ അതു് വ്യാഖ്യാ നിച്ചുതരുന്നതിനാൽ അവയെപ്പററി പരാമർശിക്കുന്നതു് അസ്ഥാനത്താകയില്ലല്ലോ.

''മാമ്മോദീസ സ്വീകരിച്ചിട്ടില്ലാത്തവർക്കു
പോകാം.
ജീവന്റെ അടയാളം സ്വീകരിച്ചിട്ടില്ലാത്ത
വർക്കു പോകാം.
വിശുദ്ധ രഹസ്യങ്ങൾ (അതു്) സ്വീകരിക്കാ
ത്തവർക്കു പോകാം.
ശ്രോതാക്കളായി വന്നവർക്കു പോകാം.
നിങ്ങൾ വാതിലുകൾ സൂക്ഷിക്കുവിൻ.''

8. DEISS L., Early Sources of the Liturgy, London, 1967 pp. 163–64.

മാമ്മോദീസ സ്വീകരിക്കാത്തവരും, ജീവന്റെ അടയാളംകൊണ്ട് മുദ്രിതരാകാത്തവരുമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതെന്നു് സ്പഷ്ടം. എന്നാൽ ഇതിന്റെ അർത്ഥം ശരിക്കും മനസ്സിലാക്കുന്നതിനു് വ്യാഖ്യാതാക്കളെ ആശ്രയിച്ചേ തീരു. പുറത്തുവിടൽ ആജ്ഞകൾ അക്ഷരാർത്ഥത്തിൽത്തന്നെ പ്രാവർത്തികമാക്കുന്നതുകൊണ്ട് അതു് വളരെ നാടകീയമാണെന്നത്രെ നർസേയുടെ അഭിപ്രായം: ‚‚മാമ്മോദീസ സ്വീകരിക്കാത്തവരേ, നിങ്ങൾ പുറത്തുപോവുക; തിരുസഭയുടെ മഹത്തായ രഹസ്യങ്ങളിൽ നിങ്ങൾ പങ്കുപററരുതു്. എന്തുകൊണ്ടെന്നാൽ സഭാംഗങ്ങൾക്കു മാത്രമേ അതിനു അനുവാദമുള്ളു.'' വീണ്ടും മററൊരു രീതിയിൽ ഒരു വിജ്ഞാപനംചെയ്യുന്നു: ‚‚ജീവന്റെ അടയാളം സ്വീകരിച്ചിട്ടില്ലാത്ത ഓരോരുത്തരും ഇവിടെനിന്നു് മാറിപ്പോകട്ടെ. പശ്ചാത്തപിച്ചു് പാഷണ്ഡതയിൽനിന്നു് തിരിച്ചുവന്നവർ ഓരോരുത്തരും സഭയുടെ അടയാളത്താൽ മുദ്രിതരാകുന്നതുവരെ സഭയുടെ പരമരഹസ്യങ്ങളിൽ പങ്കുപററരുതു്.'' വീണ്ടും, ‚‚തന്റെ വിശ്വാസം പരിത്യജിച്ചു് അവിശ്വാസത്തിലേക്കു തിരിച്ചുപോയവരാരും സഭയുടെ അടയാളത്താൽ (റുശ്മാ) മോചിക്കപ്പെടുന്നതുവരെ ദിവ്യരഹസ്യങ്ങളിൽ പങ്കുചേരരുതു്.''

മററൊന്നുകൂടി ശ്രദ്ധിക്കുക: ''തിരുശരീരവും തിരുരക്തവും സ്വീകരിക്കാത്തവർ ഇവിടെനിന്നു് മാറിപ്പോകട്ടെ. പുരോഹിതനാൽ കുററക്കാരനെന്നു് വിധിക്കപ്പെട്ടു് തിരുരഹസ്യങ്ങൾ സ്വീകരിക്കുന്നതു് ''മുടക്കപ്പെട്ടവർ'' ആരും വി. കുർബാന സ്വീകരിക്കരുതു്. ഇവിടെ നിൽക്കുകയുമരുതു്. കാനൻനിയമംവഴി കൂദാശകൾ നിഷേധിക്കപ്പെട്ടവർ ദിവ്യരഹസ്യങ്ങളർപ്പിക്കുന്ന സ്ഥലത്തു് നിൽക്കുന്നതുപോലും അനനുവദനീയമാണ്. ആത്മീയമായ

രോഗമുള്ളവർ ഇതു സ്വീകരിക്കുവാൻ പാടില്ല; അവ കൂദാശചെയ്യപ്പെടുന്ന രംഗം നിരീക്ഷിച്ചുകൊണ്ടു അവിടെ നില്ക്കുകപോലുമരുതു്'' (9).

ആദ്യത്തെ ആജ്ഞ മാമ്മോദീസാ സ്വീകരിക്കാത്തവരേയും രണ്ടാമത്തേതു് അനുതാപികളേയും മൂന്നാമത്തേതു് നിരോധിക്കപ്പെട്ടവരേയും സ്പർശിക്കുന്നെന്നു് നർസേയുടെ വാക്കുകളിൽനിന്നു് മനസ്സിലാക്കാം. നിരോധനസമയത്തു് അയോഗ്യരായ ആളുകൾ സങ്കടത്തോടെ പള്ളിക്കു പുറത്തുപോകുന്നു: ''ആ ആനന്ദം അനുഭവിക്കുന്നവരെ അനുമോദിച്ചുകൊണ്ടും, തങ്ങൾ ബഹിഷ്കരിക്കപ്പെട്ടതിൽ ആദരപൂർവ്വമായ ഭയം കാണിച്ചുകൊണ്ടും ഖേദപൂർവ്വം പള്ളിയുടെ മുററത്തു് അവർ നില്ക്കുന്നു'' (10).

അവർ പുറത്തുപോയിക്കഴിഞ്ഞാലുടൻ, അർബേലിൻെറ അഭിപ്രായത്തിൽ, സബ് ഡീക്കൻ അയോഗ്യർ അകത്തു കടക്കാതിരിക്കാൻ പള്ളിയുടെ വാതിൽ സൂക്ഷിക്കണമെന്നു് സന്നിഹിതരോടാവശ്യപ്പെടണം.

അർബേൽ ആദ്യം പറയുന്നുണ്ടു്: ''അവൻ (ഡീക്കന്മാരിലൊരാൾ) സബ് ഡീക്കനോടു് കല്പിക്കുന്നു, . . . ശ്രോതാക്കളെ നിങ്ങൾ പോകുവിൻ; നിങ്ങൾ (സബ് ഡീക്കന്മാർ) വാതിലുകൾ കാക്കുക''–എന്നു് (11).

സബ് ഡീക്കന്മാക്കു് ഏല്പിച്ചിരിക്കുന്ന ജോലിയാണല്ലൊ വാതിലടച്ചു സൂക്ഷിക്കുകയെന്നതു്. ഈശോ

9. CONNOLLY, ibidem.
10. CONNOLLY, Ibidem, p. 3.
11. MINGANA, Narsai Doctoris Syri Homiliae et Carmina, vol. I, p. 362, 347.

യാബ്ബ് നടപ്പാക്കിയ ഇക്കാര്യത്തെപ്പററി ജോർജ്ജ് അർബേൽ പ്രസ്താവിക്കുന്നു: ''ഞാൻ മുമ്പു പറഞ്ഞതുപോലെ ഭാഗ്യപ്പെട്ട ഈശോയാബ്ബ് മൂന്നാമൻ ദിവ്യരഹസ്യങ്ങളെ വ്യഞ്ജിപ്പിക്കുന്ന കാര്യങ്ങൾ, യാഥാർത്ഥ്യങ്ങളെ അത്രയേറെ പരിഗണിക്കാതെതന്നെ, നിർബന്ധപൂർവ്വം നിർദ്ദേശിച്ച പ്രയോഗത്തിൽകൊണ്ടുവന്നു. വാതിലുകളടയ്ക്കുവാൻ സന്നിഹിതരായ ശ്രോതാക്കളോടാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും അദ്ദേഹം അക്ഷരാർത്ഥത്തിന് അധികം പ്രാധാന്യംകൊടുത്തില്ല. അതുകൊണ്ടാണ് സബ് ഡീക്കൻ അതു ചെയ്യണമെന്ന് നിശ്ചയിച്ചത് (12).

സന്നിഹിതരായ ഈ ശ്രോതാക്കളെപ്പററി നർസേ പറയുന്നതു് കേൾക്കുക: ഇവർ, സഭാകുടുംബത്തിലെ അംഗങ്ങളെപ്പോലെ പരമരഹസ്യങ്ങളിൽ പങ്കുപററാതെ വാതിലിന്നടുത്ത് കൂലിക്കാരെന്നവണ്ണം നില്ക്കുന്നത്രെ. തൻെറ സമ്പത്തു മുഴുവൻ നാനാവിധമാക്കിയശേഷം തൻെറ പിതാവിൻെറ കൂലിക്കാരിലൊരുവനായി മാത്രം കണക്കാക്കിയാൽ മതിയെന്ന് അപേക്ഷിച്ച ധൂർത്തപുത്രനെയാണ് ഇവർ അനുസ്മരിപ്പിക്കുക (13).

ജോർജ്ജ് അർബേലിൻെറ കാലത്തു മാത്രമേ(10-ാം ശതകം)സ്നാനാർത്ഥിതപരീതി വേണ്ടെന്നായുള്ളു. നർസേയുടെ പ്രസംഗങ്ങളിൽ വിഭാവനംചെയ്തിരുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിലാണ് ജോർജ്ജ് അർബേലിനുതന്നെ ഈ രംഗം കാണാൻകഴിഞ്ഞതു്. നമ്മുടെ കാലത്തേതുപോലെ സ്നാനാർത്ഥിതപരീതി അന്ന് അപ്പാടെ ഒരു ഭൂതകാലവസ്തുതയായി പരിണമിച്ചിരുന്നു. ''മാമ്മോദീസാ സ്വീകരിക്കാത്തവർക്കു

12. Interpretatio pp. 28–29.
13. CONNOLLY R. H., op. cit. p. 79.

പോലും ദിവ്യരഹസ്യങ്ങളും അർപ്പിക്കുന്നതു് കാണാമെന്നായി. പാഷണ്ഡതയ്ക്കടിപ്പെട്ടവർ മാത്രമേ പുറത്താക്കപ്പെട്ടിരുന്നുള്ളു. വാതിലുകളടയ്ക്കുന്ന ചുമതല പുരോഹിതസ്ഥാനാർത്ഥികളിലൊരു വിഭാഗത്തിൽ_സബ് ഡീക്കന്മാരിൽ— നിക്ഷിപ്തമായി. ജോർജ്ജ് അർബേൽ പ്രസ്താവിക്കുന്നതു് ശരിയെങ്കിൽ ഇതു് ഏഴാം നൂററാണ്ടിൽ കാതോലിക്കാ ഈശോയാബ് മൂന്നാമൻെറ കാലത്താണു് നിലവിൽവന്നതു് (14). പാരമ്പര്യമനുസരിച്ച് ചിലപ്പോഴൊക്കെ ഡീക്കന്മാർ ഈ ആജ്ഞകൾ ആവർത്തിച്ചിരുന്നെങ്കിലും അവ എന്നേയ്ക്കുമായി സഭയിൽനിന്നു് അപ്രത്യക്ഷമായെന്നു് ഒരു ഏകസ്വഭാവവാദിയായ എദേസായിലെ ജേക്കബ് പറഞ്ഞിട്ടുണ്ടു് (15).

പിരിച്ചുവിടലിനുള്ള ഈ ആജ്ഞകൾ അവയുടെ ചരിത്രപരമായ സന്ദർഭത്തിൽനിന്നു് അടർത്തിയെടുത്തു് വിശദീകരിക്കുക ഒരു പ്രശ്നംതന്നെയാണു്. പില്ക്കാല വ്യാഖ്യാതാക്കൾക്കും ഇതേ വൈഷമ്യം അനുഭവപ്പെട്ടിട്ടുണ്ടു്. നമ്മുടെ കാലത്തിനും യോജിച്ചതെന്നു കരുതാവുന്ന ശ്രദ്ധേയമായൊരു വ്യാഖ്യാനം ജോർജ്ജ് അർബേൽ നല്കുന്നു. ജ്ഞാനസ്നാനം സ്വീകരിക്കാത്തവർക്കുള്ള ആജ്ഞയെ അദ്ദേഹം വീക്ഷിക്കുന്നതു നോക്കുക: ''മാമ്മോദീസാ സ്വീകരിക്കാത്തവർ മാറിപ്പോകട്ടെ.'' അതിൻെറ അർത്ഥമിതാണു്: മരണമുള്ള മനുഷ്യാ, നീ കണ്ട കാര്യങ്ങളെല്ലാം, വിശ്വാസത്താലാണു് നിനക്കറിയപ്പെട്ടിരിക്കുന്നതു്. ആ വിശ്വാസം മൂലമാണു് നീ മാമ്മോദീസായ്ക്കണഞ്ഞതു്. നീ ക്രിസ്തുവിൻെറ മരണത്തിലേക്കും ഉത്ഥാനത്തിലേക്കുമാണു് മാമ്മോദീസാവഴി സ്വീകരിക്കപ്പെട്ടതെങ്കിൽ, തൻെറ വി

---

14. BRIGHTMAN, op. cit. p. 490.
15. CONNOLLY, Liturgical Homilies, pp. 77–78.

ശ്ലുദ്ധന്മാരിൽ മഹത്വപൂണ്ണനായി അവിടന്നാഗമിക്കുന്ന ദിവസം നീയും ഉയിത്തെഴുന്നേല്ക്കുമെന്നു് ഏററു പറയുക. മാമ്മോദീസാ സ്വീകരിച്ച നീ ഇതൊന്നും വിശ്വസിക്കുന്നില്ലെങ്കിൽ ഉത്ഥാനാനന്തരം സ്വർഗ്ഗരാജ്യത്തിലെ അജഗണത്തിൽനിന്നു് നീ തിരസ്കരിക്കപ്പെടും. അവൻെറ മരണത്തിലേക്കാണു് നീ മാമോദീസാവഴി പ്രവേശിച്ചതെങ്കിൽ ഒരു മഹാരഹസ്യംമൂലമിതാ നീ ഉയിത്തിരിക്കുന്നു. നീയിതു് ഉറച്ചുവിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൻെറ ആട്ടിൻപററത്തെ വിട്ടുപോകു'' (16).

ജോജ്ജ് അർബേൽ തുടരുന്നു: ''ജീവൻെറ അടയാളം സ്വീകരിക്കാത്തവൻ പുറത്തുപോകട്ടെ.'' അതിൻെറ അത്ഥമിതാണു്: നീ ജീവൻെറ അടയാളംകൊണ്ടു് മുദ്രിതനാണു്. ആവിഷ്കൃതമാകാനിരുന്ന ജീവൻെറ പരമ രഹസ്യത്തെപ്പററി പ്രവചിച്ച ദീർഘദശിമാരുടെ അടയാളംകൊണ്ടു് നീ മുദ്രിതനായിരിക്കുന്നു.

''ഇവരുടെ അടയാളംകൊണ്ടാണു് നീ മുദ്രിതനായതെങ്കിൽ കുരിശിൻെറ അടയാളംകൂടി ചേക്കുക. അടയാളം ശരീരത്തിൻെറ കഴിവിനെ കാണിക്കുന്നു. ഈ കഴിവിനെ ക്രിയാപഥത്തിലെത്തിക്കുന്നതു് പ്രവൃത്തി. നീ പ്രവചനംകൊണ്ടു മുദ്രിതനായിരുന്നുവെങ്കിൽ മരണമില്ലാത്ത ഒരു ശരീരമാകുവാൻവേണ്ടി നിന്നെ അടയാളപ്പെടുത്തിയ പ്രവാചകന്മാർ ചൂണ്ടിക്കാണിച്ച വണ്ണങ്ങളും നിൻെറ അവയവങ്ങളിൽ പൂശുക. എന്നാൽ സ്വീകരിക്കുവാൻ തയ്യാറില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൻെറ ആട്ടിൻപററത്തിൽനിന്നു് പുറത്തുപോകു'' (16a).

---

16. CONNOLLY, op. cit., p. 78.

16a. Ibidem

പിരിച്ചുവിടലിലെ ''അതു സ്വീകരിക്കാത്തവൻ പുറത്തുപോകട്ടെ'' എന്ന മൂന്നാമത്തെ കല്പന വി. കർബാന സ്വീകരണത്തെ സൂചിപ്പിക്കുന്നുവെന്നാണു് നർസേയുടെ അഭിപ്രായം. സാറൂഗിലെ ജേക്കബ്ബും ഇതേ അഭിപ്രായം തന്നെ പറയുന്നു (17).

ഈ പഠനം ദിവ്യരഹസ്യങ്ങളുടെനേർക്കു നമുക്കുണ്ടാകേണ്ട ഒരു ചിന്താഗതിയെ സൂചിപ്പിക്കുന്നു. ആധുനിക മനുഷ്യനു് അധികം അരോചകമാകാത്തവിധം അർബേലിനോടൊത്തു് ഈ ആജ്ഞകൾ വിശദീകരിക്കുവാൻ നമുക്കും സാധിക്കും. ചരിത്രപശ്ചാത്തലത്തിൽ ഇവ വിശകലനംചെയ്യുമ്പോൾ ആദിമ ക്രിസ്ത്യാനികൾക്കു പൂജാർപ്പണത്തോടുള്ള ബഹുമാനവും ഭക്തിയും വ്യക്തമാകുന്നു.

പ്രത്യേകിച്ചു് ''ദിവ്യകാരുണ്യം സ്വീകരിക്കുന്നില്ലാത്തവൻ പുറത്തുപോകട്ടെ'' എന്ന ആജ്ഞയുടെ വിശദീകരണത്തിനു് വളരെ പ്രാധാന്യംകൊടുക്കേണ്ടതാണു്. വിശുദ്ധ കർബാനസ്വീകരണം ദിവ്യബലിയുടെ അവിഭക്തമായ ഭാഗമാണു്. അതിനാൽ ദിവ്യബലി അപ്പിക്കുന്നവരെല്ലാം അതിൽപങ്കുചേരുകയും വേണം. പുതിയനിയമത്തിലെ ബലി, വിരുന്നിൻെറ രൂപത്തിൽ സ്ഥാപിച്ച ക്രിസ്തുവിൻെറ തിരുമനസ്സു് അതാണെന്നതു് വ്യക്തം. അതുകൊണ്ടു് ദിവ്യബലിയിൽ സന്നിഹിതരായിരിക്കുകയും അതിൽനിന്നു് പങ്കുപററാതിരിക്കുകയും ചെയ്യുന്നതു് ക്രിസ്തുവിൻെറ തിരുമനസ്സിനു് യോജിച്ചതല്ല. മാമോദീസ സ്വീകരിച്ചിട്ടുണ്ടെങ്കിലും തങ്ങളുടെ അലസവും പാപകരവുമായ മനോഭാവംമൂലം ദിവ്യബലിയുടെ ഫലമനുഭവിക്കാത്തവർ കൃതജ്ഞതാസ്തോത്രബലിയെ സംബന്ധി

17. BEDJAN, Homiliae Selectae Mar Jacob Sarug, vol. III pp. 855–856.

ച്ചിടത്തോളം അന്യരാകുന്നു. ദിവ്യബലിയിൽ സംബന്ധിക്കുമ്പോഴൊക്കെയും വി. കുർബാനസ്വീകരിക്കുക ഏററവും ആദരണീയമാണു്. ഇതു് വിശ്വാസികാംക്കു് പ്രചോദനമേകട്ടെ.

## b) പിരിച്ചുവിടൽ റാസയിൽ

ദൈവവചനശുശ്രൂഷയുടെ വിവരണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഔപചാരികമായി ബലിപീഠത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് എല്ലാകൎമ്മങ്ങളും ബേമായിലാണു് നിൎവ്വഹിച്ചിരുന്നതു്. റാസയിൽ പിരിച്ചുവിടലിനുമുമ്പു് ശ്രദ്ധേയമായൊരു ചടങ്ങുണ്ടു്. കാഴ്ചവസ്തുക്കാം ഒരുക്കികഴിഞ്ഞു് ആർച്ചുഡീക്കനും ഡീക്കനുമൊത്തു് പുരോഹിതൻ മദ്ബഹായുടെ ഇടത്തുവശത്തുള്ള മേശയുടെ അടുത്തേയ്ക്കുവരുന്നു. ഡീക്കൻ കുരിശും സുവിശേഷപ്പുസ്തകവും മേശയിൽനിന്നെടുത്തു് പുരോഹിതൻെറ കയ്യിൽകൊടുക്കുന്നു. പുരോഹിതൻ മുറപ്രകാരം സുവിശേഷം ഒരു ഡീക്കൻെറ കയ്യിലും കുരിശു് മററെ ഡീക്കൻെറ കയ്യിലും കൊടുക്കുന്നു. ഡീക്കന്മാർ ബലിപീഠത്തിലേക്കു പോയി അഭിമുഖമായി നില്ക്കുന്നു. അതേസമയം പുരോഹിതൻ ആർച്ചുഡീക്കനുമൊന്നിച്ച് ജനങ്ങാംക്കുള്ള സ്ഥലത്തിൻെറ നടുക്കേയ്ക്കു പോകുന്നു. അവിടെ ഒരു വിരിപ്പു നിലത്തു വിരിച്ചിരിക്കുന്നു. പുരോഹിതൻ അവിടെ ബലിപീഠത്തിന്നഭിമുഖമായി നിന്നു് പിരിച്ചുവിടലിനുള്ള കൎമ്മങ്ങളാരംഭിക്കുന്നു. അതിനെപ്പററിയുള്ള വ്യാഖ്യാനം നാം കണ്ടുകഴിഞ്ഞു. പിരിച്ചുവിടലിനുശേഷം കുരിശും സുവിശേഷവും യഥാസ്ഥാനങ്ങളിൽ വയ്ക്കുന്നു. ഈ അവസരത്തിൽ ഡീക്കൻ മദ്ബഹായിൽനിന്നിറങ്ങി പുരോഹിതൻെറ പക്കലേക്കു ചെല്ലുന്നതിനെപ്പററി അ

ബ്രാഹം ബർലിഫേ പറയുന്നു: ഡീക്കൻ മദ്ബഹായിൽ നിന്നിറങ്ങിവരികയും പുരോഹിതനും ആർച്ച്ഡീക്കനും ആദ്യം പ്രവേശിക്കുവാൻവേണ്ടി ഉപചാരപൂർവ്വം മാറിനില്ക്കുകയും ചെയ്യുന്നു (18). അതുകൊണ്ട് ഇങ്ങനെ ഡീക്കന്മാർ ഇറങ്ങിവരുന്നതു് ജനങ്ങളുടെ സ്ഥലത്തുനിന്നു പുരോഹിതനെ മദ്ബഹായിലേക്കാനയിക്കാനാണത്രെ (19).

കുരിശും സുവിശേഷവും എടുക്കുകയും തിരിച്ചുവയ്ക്കുകയും ചെയ്യുന്നതു് എന്തിനുവേണ്ടിയാണ്? കുരിശും സുവിശേഷവും വഹിക്കുന്ന ഡീക്കന്മാർതന്നെയാണ് അയോഗ്യരെ പറഞ്ഞയയ്ക്കുന്ന ഈ ആജ്ഞകൾ വിളംബരം ചെയ്യേണ്ടതു്. അതു് കർമ്മാനുഷ്ഠാനത്തിനു് ഗാംഭീര്യം വരുത്തുന്നതിനായിരിക്കാം. ശരിയായിപ്പറഞ്ഞാൽ അപരിമേയമായ കുർബാനയിതാ ആരംഭിക്കുവാൻ പോകുന്നുവെന്നതിൻെറ സൂചനയായിരിക്കണം. അബ്രാഹാം ബർലിഫേയുടെ കുർബാനവിശദീകരണം ഓർമ്മിക്കുന്നതിവിടെ നല്ലതാകുന്നു. അദ്ദേഹം പറയുന്നു: കുരിശും സുവിശേഷവും മദ്ബഹായുടെ വാതില്ക്കൽവച്ചിട്ട് സ്നാനാർത്ഥികളുടെ പിരിച്ചുവിടൽ വാചകങ്ങൾ പ്രസ്താവിക്കുന്നു (20).

---

18. CONNOLLY R. H., op. cit, p. 79.
19. RAES A. An Explanation.. p. 18.
20. അനുബന്ധം കാണുക.
    RAES A., II "Raza" ossia il mistero, Rome, 1952, p. 14.

# 17

## അപ്പവും വീഞ്ഞും

സുറിയാനിസഭയിൽ അഞ്ചാം നൂററാണ്ടിൽ ഉപയോഗിച്ചിരുന്നതു് പുളിപ്പിച്ച അപ്പമായിരുന്നുവെന്നു് വിശുദ്ധ അപ്രേം രേഖപ്പെടുത്തിയിട്ടുണ്ടു് (1). പാത്രിയാക്കീസു് ജോൺ (900–905) നടപ്പാക്കിയ ബലിയുടെ പുരാതന നിബന്ധനകളെപ്പററി ഈശോയാബ്യു് പറയുന്നുണ്ടല്ലോ (2). മാർ ജോൺ പ്രസിദ്ധപ്പെടുത്തിയ ഇരുപതു കാനോനകളേയും അദ്ദേഹം പരാമർശിക്കുന്നു (3). പുരോഹിതൻ തന്നെ അപ്പത്തിനുള്ള കോതമ്പുപൊടി കുഴച്ചു തയ്യാറാക്കണമെന്നു് മാർ ജോൺ മൂന്നാമത്തെ കാനോനയിൽ നിർദ്ദേശിക്കുന്നുണ്ടു്. അല്മായക്കു് ഈ ജോലി ഒരിക്കലും അനുവദിച്ചിരുന്നില്ല (4). നാലാം കാനോനയിൽ അദ്ദേഹം പ്ര

---

1. LAMY, Sancti Ephremi Syri hymni ct Sermones, Mechlinia 1902 II p. 380. വി. അപ്രേമിന്റെ അഭിപ്രായത്തിൽ കർത്താവു് വിശുദ്ധ കുർബാന സ്ഥാപിച്ചതു് പുളിക്കാത്ത അപ്പംകൊണ്ടാണു്. cf. Ibidem I. LXXVI.
2. ASSEMANI J. A. De Catholicis Seu Patriarehis Chaldaeorum et Nestorianorum Commentarium, Rome, 1775, p. 108
3. ASSEMANI J. S. Bibliotheca Orientalis III 1. 238
4. Ibidem P.230. ''കുർബാനയ്ക്കുള്ള അപ്പം തയ്യാറാക്കുന്നതു് വൈദികരോ ഡീക്കന്മാരോ ആയിരിക്കണം. അത്മായരും പട്ടമില്ലാത്ത സന്യാസികളും അതിൽ പങ്കെടുക്കരുതു്.''

സ്ലാവിക്കുന്നുണ്ട്, ദിവകാരുണ്യ അപ്പത്തിൻെറ ഘടകങ്ങൾ കോതമ്പുമാവ്, ശുദ്ധജലം, ഒലിവെണ്ണ, പുളിപ്പ്, ഉപ്പ് എന്നിവയാണെന്ന്. ഏഴാം കാനോന ഈ അപ്പം എത്രമാത്രം നിർമ്മലമായിരിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു. കോതമ്പുമാവ് ഒരു നിറമുള്ളതായിരിക്കണം (5). ഈ അപ്പം കറുത്തതായിരിക്കരുത്; വെളുത്തതായിരിക്കണം. പന്ത്രണ്ടാമത്തെ കാനോന രണ്ടുതരത്തിലുള്ള കോതമ്പുമാവ്—ആശീർവ്വദിക്കപ്പെട്ടതും, ആശീർവ്വദിക്കപ്പെടാത്തതും— കൂട്ടിച്ചേർത്തു ഉപയോഗിക്കരുതെന്ന് കല്പിക്കുന്നു (6).

## കൽദായസഭയിൽ

നെസ്തോറിയർ 'മല്ക്ക' (രാജാവ്) എന്നറിയപ്പെട്ടിരുന്ന ഒരു പ്രത്യേകതരം പുളിപ്പ സൂക്ഷിച്ചിരുന്നു. മാർ ജോണിൻെറ പതിമൂന്നാമത്തെ കാനോന, വിശുദ്ധ പുളിപ്പ് സഭയ്ക്ക് പുറത്തുള്ള ആർക്കും കൊടുക്കരുതെന്ന് നിർദ്ദേശിക്കുന്നു. കുദാശചെയ്യപ്പെട്ട അപ്പത്തിൽനിന്ന് എടുത്തു സൂക്ഷിച്ചിരുന്ന ഒരു ഭാഗമാണ് ഈ പുളിപ്പ് (7). അസ്സോറിലെ സോളമൻ വിവരിച്ചിരിക്കുന്ന ഈ വി. പുളിപ്പിൻെറ ഉത്ഭവത്തെപ്പററി അസ്സമാനി പറയുന്നു: ''ഒടുവിലത്തെ അത്താഴത്തിൽവെച്ച് നമ്മുടെ കർത്താവ് കുദാശചെയ്ത അ

5. അപ്പത്തിന് കറുത്തതുംവെളുത്തതുമായ പൊടികൂട്ടിക്കുഴയ്ക്കരുതെന്നും നിർദ്ദേശമുണ്ട്.

6. Ibidem 241.

7. കൽദായക്കാർ, കുദാശ ചെയ്ത ഈ പുളിപ്പും സാധാരണ മാവും ഉപയോഗിച്ചിരുന്നു. J. S. ASSEMANI op cit pp. 242-43. പാശ്ചാത്യസഭയിലും ഇതുപോലെ കുദാശ ചെയ്ത അപ്പം മാവ് പുളിപ്പിക്കാനായി ഉപയോഗിച്ചിരുന്നുവെന്നു ബൗംസ്റ്റാക്ക് പറയുന്നു. Geschichte der Syr. Literatur p. 310.

പ്പത്തിൻെറ ഒരംശം വി. യോഹന്നാൻശ്ലീഹാ സൂക്ഷിച്ചിരുന്നതായി പറയപ്പെടുന്നു. അതു പന്തക്കുസ്താ ദിവസം അപ്പസ്തോലന്മാർ കൂദാശചെയ്ത അപ്പത്തോടു് ചേർത്തുവത്രെ'' (8). അദ്ദായി, മാറി, എന്നീ അപ്പസ്തോലന്മാരിൽനിന്നു് അവകാശവഴിക്കു് ഇതു് കിട്ടിയെന്നാണു് നെസ്തോറിയരുടെ വിശ്വാസം. പ്രശസ്തനായ പൗരസ്ത്യസുറിയാനി കാനൻ നിയമജ്ഞൻ ഈശോയാബു് ഈ പുളിപ്പിനെ ''കൂദാശ'' എന്നാണു് വിളിക്കുക (9). മാമ്മോദീസാക്കു് പൂശുന്നതിനുള്ള എണ്ണയിൽ ഈ പുളിപ്പിൻെറ ഒരംശം കലത്തിയിരുന്നു (10). പാത്രിയാക്കാ തിമോത്തി രണ്ടാമൻ (1318–1353) ഈ അപ്പത്തിൻെറ നാലു ഘടകങ്ങളെ ഇങ്ങനെ വിശദീകരിക്കുന്നു: വിശുദ്ധ പുളിപ്പു് മിശിഹായുടെ ആത്മാവിനെ സൂചിപ്പിക്കുന്നു; അവിടുത്തെ ശരീരം നാലു് മൂലധാതുക്കൾകൊണ്ടു് നിർമ്മിച്ചിരിക്കുന്നതിനാൽ, കോതമ്പു് മണ്ണിനും, വെള്ളം വെള്ളത്തിനും, എണ്ണ വായുവിനും, ഉപ്പു് അഗ്നിക്കും പകരം നില്ക്കുന്നു (11).

ഇനി, ദിവ്യകാരുണ്യ അപ്പത്തിനുള്ള പൊടി പള്ളിയിലെത്തിച്ചിരുന്നതു് ആരാണെന്നു് പരിശോധിക്കാം. ഇതേ സംബന്ധിച്ചു് വേണ്ടുവോളം രേഖകൾ നമു

---

8. ASSEMANI J. S. op cit p. 318. HANSSENS op. cit II p. 172
9. MAI A., Scriptorum Veterum nova collectio X Rome, 1838, p. 355
10. Ibidem p. 366. ഈശോയാബിൻെറ അഭിപ്രായത്തിൽ. നിരവധി മതമർദ്ദനങ്ങൾ സഹിക്കേണ്ടിയിരുന്ന സഭയ്ക്കു ദൈവപരിപാലനയിൽപരമ്പരാഗതമായി ലഭിച്ചതാണീപുളിപ്പു്; പാശ്ചാത്യസഭയ്ക്കും ഇതു ലഭിച്ചെങ്കിലും അവരതു സൂക്ഷിക്കാഞ്ഞതിനാൽ നഷ്ടപ്പെട്ടുപോയി.
11. ASSEMANI J. S. op. cit. p. CCXCVIII

ക്കില്ല. മിച്ചമുള്ള ഗോതമ്പുപൊടി മററു പുരോഹിതന്മാ ക്ക് വിൽക്കാമായിരുന്നുവെന്ന് എഡേസായിലെ യാക്കോബ് (Jacob of Edessa) പറയുന്നു. കാഴ്ചദ്രവ്യങ്ങരം പരിശുദ്ധവും അവയുടെ വില്പന നിന്ദ്യവുമായി കരുതപ്പെട്ടിരുന്നെങ്കിലും ബലിപീഠത്തിലെ ശുശ്രൂഷകരായ പുരോഹിതന്മാർക്ക് അതു അനുവദനീയമായിരുന്നു (12).

ദിവ്യകാരുണ്യഅപ്പം പുതിയതായിരിക്കണമെന്നും പൂജാർപ്പണമുള്ള ഓരോ ദിവസവും അതു ചുട്ടെടുക്കണമെന്നും പാത്രിയാർക്കീസ് ജോൺ ആവശ്യപ്പെട്ടിരുന്നു. തുടർന്നുള്ള ദിവസങ്ങളിലേക്ക് അപ്പം നീക്കി വയ്ക്കുവാൻ അനുവദിച്ചിരുന്നില്ല (13). കൂദാശ ചെയ്യാനുള്ള അപ്പക്കഷ്ണങ്ങളുടെ എണ്ണം ഒന്നിലധികമായിരിക്കണമെന്നാ കാറ് കാനൻ നിയമം അനുശാസിച്ചിരുന്നതു് (14). 26–ാം മായിരൻ ചീത്തയായ വീഞ്ഞുപയോഗിക്കുന്നതു് കർശന വെള്ളം നിരോധിക്കുന്നു. സാധാരണമായി വീഞ്ഞും മൂന്നിലൊപ്പം തുല്യമായിരിക്കണം. വീഞ്ഞു് ദുർലഭമെങ്കിൽ ഒരു കാൽപ്പാതിയോ നാലിലൊന്നോ മതിയാകും. എന്നാൽ വാൻ പൂർണ്ണത്താലും വീഞ്ഞിന്റെ അളവ് ഇതിൽ കുറയ്യാടില്ല (15).

## മലബാറിൽ

ഭമാറ്—ചാർത്തോമ്മാ ക്രിസ്ത്യാനികരം പുളിച്ച അപ്പം സുലഭമായിരുന്നപ്പോരം അതും, ദുർലഭമായിരുന്നപ്പോരം പുളിപ്പിക്കാത്തതും (Azyme) ഉപയോഗിച്ചിരുന്നുവെന്നാ

12. Ibidem p. 242
13. Ibidem p. 243
14. Ibidem
15. Ibidem p. 247

ണ്ട് 1501–ൽ റോമിൽ ചെന്ന ഇൻഡ്യാക്കാരൻ ജോസ ഫ് (Joseph the Indian) പറഞ്ഞതായി രേഖപ്പെടു ത്തിയിരിക്കുന്നത് (16). അവർ (മാർത്തോമ്മാ ക്രിസ്ത്യാ നികൾ) ഉദയം പേരൂർ സൂനഹദോസിൻെറ കാലത്ത് (1599) പുളിപ്പിച്ച അപ്പം ഉപയോഗിച്ചിരുന്നുവെന്ന് മെനേസസ് ഉറപ്പിച്ച് പറയുന്നുണ്ട് (17). ദിവ്യകാരുണ്യ അപ്പം തയ്യാറാക്കുന്നതിൽ അവർ കൽദായക്കാരുടെ രീ തി സ്വീകരിച്ചിരുന്നുവെന്നത്രെ റൗളിൻ പ്രസ്താവിക്കുന്ന ത്. കോതമ്പുമാവിൽ ഉപ്പും എണ്ണയും ചേർത്തു പാക പ്പെടുത്തി അപ്പം ചുട്ടിരുന്നുവെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. കുർബാനയുടെ ആരംഭത്തിൽ അതിനായി മാത്രം നിശ്ചയിച്ചിട്ടുള്ള ഒരു ബലിപീഠത്തിൽ വച്ച് അ പ്പം തയ്യാറാക്കിയിരുന്നു (18). മലബാറിൽ ഉപയോഗി ച്ചിരുന്ന ദിവ്യകാരുണ്യ അപ്പം ഉപ്പും ഒലിവെണ്ണയും കല ർത്തിയതായിരുന്നുവെന്ന് പെൻെറയാദോ രേഖപ്പെടുത്തി യിട്ടുണ്ട് (19). മലബാറിൽ ദിവ്യകാരുണ്യ അപ്പം ചുടു ന്നതിനുപയോഗിച്ചിരുന്ന എണ്ണയെപ്പററി വളരെ രസകര മായ കുറിപ്പുണ്ട്: „കോതമ്പുമാവിൽ അവർ ചേർത്തിരു ന്ന ഒരു പ്രത്യേക എണ്ണ കൂടാതെ കുർബാന ചൊല്ലുവാ നൊക്കുകയില്ല. റോമിൽവച്ച് ഈ എണ്ണ മോഷ്ടിച്ച നെസ്തോറിയസ്സിനെ മാപ്പാപ്പാ ശിക്ഷിച്ചുവെന്ന് ക്രിസ്ത്യാ നികൾ പറയുന്നു. എണ്ണയും കോതമ്പുപൊടിയും പോർട്ടു ഗീസു ഒലിവെണ്ണയും കൊണ്ടാണ് അവർ കൂദാശ ചെ

---

16. Ibidem III 2 p 299
17. cf. MANSI 35 col 1253.
18. RAULIN op. cit. p. 391. അംത്താരയ്ക്കു മീതെയുള്ള തട്ടിൽ വച്ച് തയ്യാറാക്കിയ അപ്പം കുർബാനയുടെ സമയം ഒരു കയ റിലൂടെ താഴത്തേയ്ക്കു ഇറക്കിക്കൊടുത്തിരുന്നത്രേ.
19. SILVA REGO Documentacao, Vol 3 p. 548.

സ്ഥിരുന്നതു്'' (20). നമ്മുടെ കർത്താവു പവിത്രീകരിച്ച തെന്നു കരുതുന്ന ഒരു പ്രത്യേക എണ്ണ ചേർത്ത പുളിച്ച അപ്പം 'കത്തനാന്മാർ' കൂദാശ ചെയ്യുന്നുവെന്നു് 1564–ൽ ബറാറോ എഴുതിയിട്ടുണ്ടു് (21).

മലബാറിൽ ഉപയോഗിച്ചിരുന്ന അപ്പത്തിൻെറ ആകൃതിയെപ്പററി മൊൺസറാററു് (Monserrate) പറയുന്നു: അതു് നെല്ലരികൊണ്ടുണ്ടാക്കിയതും വൃത്താകാരമുള്ളതുമാണു്; അതിൻെറ മദ്ധ്യത്തിൽ ഒരു ഉരുള വച്ചിരുന്നു. കൂദാശ ചെയ്തശേഷം മദ്ധ്യത്തിലുള്ള തടിച്ചഭാഗം വൈദികനുകൾക്കൊള്ളുകയും ബാക്കി അപ്പം വിശ്വാസികൾക്കു് നല്കുകയും ചെയ്തിരുന്നുവെന്നു് അദ്ദേഹം പറയുന്നു (22). 'മിശിഹായുടെ തിരുശരീരവും തിരുരക്തവും നെല്ലരികൊണ്ടുള്ള അപ്പത്തിലും പനങ്കള്ളിലും കൂദാശ ചെയ്യുന്ന ഗർഹണീയമായ തെററു്' ഫ്രാൻസിസ്ക്കൻ സന്യാസികൾ തിരുത്തിയെന്നു് സൊളെഡാഡു് രേഖപ്പെടുത്തിയിരിക്കുന്നു (23). ഈ പ്രസ്താവന അതിവർണ്ണനമാണെന്നു് തീർത്തുപറയുക സാധ്യമല്ല. ഏതായാലും കർബാനയുടെ വീഞ്ഞു് ഉണങ്ങിയ മുന്തിരിങ്ങാ വെള്ളത്തിൽ കുതിർത്തു് പിഴിഞ്ഞെടുത്താണു് ഉണ്ടാക്കിയിരുന്നതെന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടെന്നതു് ശരി

20. മെൽക്കിയോർ കർണെയിരോ നൽകുന്ന ഈ സാക്ഷ്യത്തിനു് WICKI, Documenta Indica III p 805
21. Ibidem V p 417, HANSSENS M., II pp 169–174
22. MONSERRATE A., Informacion de los Christianos de Saint Thome, 1579,. Ms. GOA 33 (Jesuit Archives, Rome) f. 149
23. SOLEDAD F., Historia Seraphica de Ordem dos frades Minores de sainto Francisco na Provincia de Portugal, Lisbon, 1675 P. 916

യാണ്ട് (24). പച്ച മുന്തിരിങ്ങാ ഇൻഡ്യയിൽ ഇല്ലാതിരുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്തിരുന്നത്.

അപ്പം ചുടുന്നതിനെപ്പററി ഒരു വിവരണമുണ്ട്. അതിങ്ങനെയാണ്: "പ്രധാന ബലിപീഠത്തിൻെറ മുകളിലുള്ള (തട്ടിൽ) ഗോപുരത്തിൽ അപ്പം ചുട്ടുകൊണ്ടിരിക്കുമ്പോഴും ശെമ്മാശ്ശന്മാർ സങ്കീർത്തനങ്ങളും സ്തുതിഗീതങ്ങളും പാടുക പതിവായിരുന്നു. അവിടെനിന്ന് കാഴ്ചവയ്പിനുള്ള സമയത്ത് ഒരു ചരടുവഴി കാർമ്മികൻെറ സമീപത്തേയ്ക്ക് അപ്പം ഇറക്കിക്കൊടുത്തിരുന്നു." ബലിക്കുള്ള അപ്പം കാഴ്ചവയ്പിനുമുമ്പ് താമരയിലയിൽ കൊണ്ടുവന്നു കാർമ്മികനു നൽകിയിരുന്നു (25).

മാർ യൗസേപ്പാണ് (+1559) മലബാർ സഭയിൽ പുളിപ്പില്ലാത്ത അപ്പം നടപ്പിൽ വരുത്തിയതെന്നാണ് മക്കൻസിയുടെ അഭിപ്രായം (26). കൊച്ചിയിലേയും കൊല്ലത്തേയും അഡ്മിനിസ്ത്രേററായിരുന്ന സൊളെഡാഡെ (Soledado) യുടെ 1782–ലെ റിപ്പോർട്ടിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ പുളിപ്പില്ലാത്ത അപ്പം നടപ്പിലാക്കിയതിന് കാരണം കൊടുക്കുന്നുണ്ട്. അവർ പാഷണ്ഡതയിൽ കുടുങ്ങാതിരിക്കുന്നതിനായിരുന്നത്രെ ഈ പരിഷ്ക്കാരം (27). പുളിച്ച അപ്പം പാഷണ്ഡതയിലേക്കുള്ള തുറന്ന വാതിലാണത്രേ!

---

24. യാക്കോബായക്കാർ ഇപ്പോഴും ഉണക്കമുന്തിരിങ്ങാ ഇപ്രകാരം ഉപയോഗിക്കുന്നുണ്ട്.
25. PLACID, 'Hindu in Culture..'
26. F. DE SOUZA, Oriente conquistado Bombay 1881, vol. 1, pp. 85–86
27. Scritture referite nelle congregazioni generali (Prop. Fide) 27 Luglio 1784 vol. 867, f. 139.

നാം മുകളിൽ കണ്ടതിൽനിന്നു്, പൗരസ്ത്യസുറിയാനിക്കാർ കുർബാനയിൽ പുളിച്ച അപ്പം ഉപയോഗിച്ചിരുന്നുവെന്നു വ്യക്തമാണു്. ഇക്കാര്യത്തിൽ മലബാർ സഭയും 16—ാം നൂറ്റാണ്ടുവരെ ഒരപവാദമായിരുന്നില്ല. അവക്കു് ദിവ്യകാരുണ്യ അപ്പത്തോടു് വലിയ ബഹുമാനം ഉണ്ടായിരുന്നു. ഈ നിഗമനം, റാസയിലെ സാഷ്ടാംഗപ്രണാമത്തിനു ചിലർ നൽകുന്ന വിശദീകരണത്തിൽനിന്നു് മനസ്സിലാക്കാം (28).

പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമത്തിൽ നിയമനിഷ്ഠമായതു് പുളിപ്പിച്ച അപ്പമാണു്. സീറോമലബാർ ഹയരാർക്കി പുനരുദ്ധരിച്ച കുർബാനയെപ്പററി നൽകിയിരിക്കുന്ന നിർദ്ദേശങ്ങളിൽ "ഇപ്പോഴും നിലവിലിരിക്കുന്ന പതിവനുസരിച്ചു് പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുന്നതിനു് അനുവദിക്കുന്നു"ണ്ടു് (29). വീഞ്ഞിൽ ചേർക്കേണ്ട വെള്ളത്തിൻെറ കൃത്യമായ അളവു് കർമ്മവിധികഠം (Ordo) നിശ്ചയിക്കുന്നില്ല. "നിർമ്മലമായ ജലം ഒഴിക്കുന്നു" എന്നു മാത്രമേ പറയുന്നുള്ളൂ (30).

## കാഴ്ചവസ്തുക്കളുടെ പ്രതീകാത്മകത

ദിവ്യരഹസ്യങ്ങഠം ദൈവപുത്രൻെറ മരണത്തിൻെറ പ്രതിരൂപമാണെന്നു് നർസേ പറയുന്നു: "കാസായിലും പീലാസായിലും അവൻ (മരണത്തിലേക്കു നയിക്കപ്പെടുന്ന ഈശോ) ഡീക്കൻെറ കൂടെ പീഡ സഹിക്കുവാൻ പോകുന്നു. പീലാസയിലെ അപ്പവും കാസയിലെ വീഞ്ഞും അവിടത്തെ മരണത്തിൻെറ സാദൃശ്യങ്ങ

28. റാസയിലെ സാഷ്ടാംഗപ്രണാമം എന്ന ഭാഗം കാണുക.
29. മലയാളം തക്സ (1962) P. X.
30. Ordo, p. 12

ളാണ്'' (31). കാഴ്ചവസ്തുക്കാം കാസായിലും പീലാസായിലും തയ്യാറാക്കുന്നത് അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മിശിഹായുടെ ശവസംസ്കാരത്തിൻെറ പ്രതിരൂപമാണ്.

ബലിപീഠത്തിനടുത്ത് നിൽക്കുന്ന ഡീക്കൻ കാവൽ പടയാളിയായി കരുതപ്പെടുന്നു. പുരാതന കാലത്ത് കാഴ്ചവസ്തുക്കളുടെ അടുത്തു നിന്നിരുന്ന ഡീക്കൻ ഈച്ചകളെ അകററി വിടുന്നതിന് വിശറികൊണ്ട് വീശുമായിരുന്നത്രെ. നർസേ അവരെ ഇപ്രകാരം താരതമ്യപ്പെടുത്തുന്നു: ''ഇരുവശങ്ങളിലും നിന്നു വീശുന്ന ഡീക്കന്മാർ ഈശോയുടെ കുഴിമാടത്തിൻെറ തലസ്ഥലും കാൽക്കലും ഉണ്ടായിരുന്ന മാലാഖമാരുടെ പ്രതിരൂപമാണ്'' (32).

മൊപ്സ്വേസ്തിയായിലെ തെയോഡോർ വീഞ്ഞിൽ വെള്ളം ചേർക്കുന്നതിൻെറ കാരണം നല്കുന്നുണ്ട്. വെറും സാധാരണമായ രീതിയിൽ വിശദീകരിക്കുവാൻ ശ്രമിച്ചിട്ട് അദ്ദേഹം പ്രതീകാത്മക വ്യാഖ്യാനത്തിലേയ്ക്കു തിരിയുന്നു (33). അദ്ദേഹം തുടരുന്നു: ''പരിശുദ്ധ കുർബാനയിൽ ഭാഗഭാക്കാകുമ്പോാം നമ്മുടെ കർത്താവിൻെറ മരണത്തെയാണ് നാം അനുസ്മരിക്കുക. നാം രണ്ടാമത്തെ ജനനം സ്വീകരിക്കുന്ന മാമ്മോദീസായിൽ കാണേണ്ട ഘടകങ്ങാം തന്നെ ഈ കൂദാശയുടെ പ്രതീകങ്ങളിലും കാണണം (34). വെള്ളവും വീഞ്ഞും ഒരേ അളവിലായിരിക്കണമെന്നത് ന്യായീകരിക്കുവാൻ പാത്രിയാർക്കീസ് ജോണിൻെറ 25-ാം കാനോന നോക്കിയാൽ മതി.

31. CONNOLLY R. H., Liturgical Homilies p. 2.
32. Ibidem, p. 4.
33. A. MINGANA, Commentary of Theodore p. 78
34. Ibidem.

''നമ്മുടെ കർത്താവിൻെറ ഹൃദയത്തിൽനിന്നു് ഒരേ അളവിൽ രക്തവും വെള്ളവും വന്നുവെന്നു് വി. ഗ്രന്ഥം പറയുന്നു'' (35).

## കാഴ്ചവയ്പിനുള്ള ഒരുക്കം

### പ്രാർത്ഥനകളുടെ പ്രത്യേകത

പഴയ രീതിയനുസരിച്ച് കാർമ്മികൻ കാറോസൂസായുടെ സമയത്തു് ഭിത്തികളിലെ ചെറിയ പീഠങ്ങൾക്കു (Niches) പകരം സ്ഥാപിച്ചിരിക്കുന്ന മേശയിൽ കാഴ്ചദ്രവ്യങ്ങൾ ഒരുക്കുന്നു. അഹറോൻെറ കാസാപോലെ സൗരഭ്യമുള്ളതാക്കിത്തീർക്കുവാൻ കർത്താവിനോടു് പ്രാർത്ഥിച്ചുകൊണ്ടാണു് അദ്ദേഹം കാസാ ധൂപിക്കുന്നതു്. ഇതു് പഴയനിയമത്തിലെ പൗരോഹിത്യത്തേയും, ഉടമ്പടിയുടെ കൂടാരത്തിലെ പുരോഹിതശ്രേഷ്ഠന്മാരേയും അനുസ്മരിപ്പിക്കുന്നു. ''നമ്മുടെ കർത്താവായ മിശിഹായുടെ കാസായിലേയ്ക്കു് അമൂല്യരക്തം ഒഴിക്കപ്പെടുന്നു''വെന്നു് കുരിശാകൃതിയിൽ വീഞ്ഞു് കാസായിൽ ഒഴിക്കുമ്പോൾ അദ്ദേഹം ചൊല്ലുന്നു. വീഞ്ഞാണു് ഒഴിക്കുന്നതു്; എന്നാലും അതിനെ അദ്ദേഹം അമൂല്യരക്തമെന്നു വിളിക്കുന്നു. ആരാധനക്രമത്തിൽ സാധാരണമായ ഒരുതരം മുന്നാസ്വാദനമാണിതു്. ദൈവത്തിൻെറ മഹാരഹസ്യങ്ങൾ നിമിഷംകൊണ്ടു നടക്കുന്നു. എന്നാൽ അതിൻെറ എല്ലാ വശങ്ങളും ഒന്നായി പ്രതിപാദിക്കുവാൻ മനുഷ്യൻെറ ഭാഷ അപര്യാപ്തമാണു്. അതുകൊണ്ടു് അതു് മുൻകൂട്ടി പ്രകാശിപ്പിക്കുന്നതാവാം. ''അപ്പവും വീഞ്ഞും കൂദാശചെയ്യാൻ ഒരുക്കുന്നതേയുള്ളു. പൂജാർപ്പണസമയത്താണു് അവ ബലി

---

35. ASSEMANI J. S., op. cit. III, 1, p. 247.

വസ്തുക്കളായി രൂപാന്തരപ്പെടുന്നത്. കൂദാശ ചെയ്യപ്പെട്ടന്നില്ലെങ്കിൽ അവയുടെ സാന്നിധ്യം ശൂന്യമാണ്. സഭയുടെ ഉൽകൃഷ്ടമായ ആഗ്രഹം കൊണ്ടാണ് ചില കാര്യങ്ങൾ മുൻകൂട്ടി കാണുന്നത്. അങ്ങനെ ഈ അപ്പത്തിൽ കർത്താവിൻെറ ശരീരത്തെത്തന്നെ അവർ കാണുന്നു. അവളത് കൂദാശചെയ്ത് പരമപിതാവിനുസമർപ്പിക്കാനുള്ളതാണ് (36). മൊപ്സ്വേസ്റ്റിയായിലെ തിയഡോർ ഈ പദപ്രയോഗത്തിന് വേറൊരു വിശദീകരണം തരുന്നു. പഴയനിയമം മുമ്പേതന്നെ രക്തത്തിൻെറ പ്രതീകമായി വീഞ്ഞു സ്വീകരിച്ചിട്ടുണ്ട്. ''മുന്തിരിയുടെ രക്തം അവനു കൊടുത്തു.'' (ആവ. 32: 14) ''അവൻ തൻെറ ഉടുപ്പുകൾ വീഞ്ഞിലും, തൻെറ വസ്ത്രങ്ങൾ മുന്തിരിയുടെ രക്തത്തിലും കഴുകും.'' (ഉൽപ. 49: 11) (37). ''വീഞ്ഞ് എന്നതിന് അമൂല്യരക്തം'' എന്നുപയോഗിക്കരുതെന്ന് ഉദയമ്പേരൂർ സൂനഹദോസ് നിശ്ചയിച്ചു (38). പഴയ നിയമത്തിൽ നിന്നു പുതിയ നിയമത്തിലേയ്ക്കുള്ള മാററം സൂചിപ്പിക്കുന്നതിന്, പഴയനിയമത്തിലെ അഹറോൻെറ പേര് പറഞ്ഞശേഷം വൈദികൻ കുരിശാകൃതിയിൽ വീഞ്ഞൊഴിക്കുന്നു.

വസ്തുഭേദം ഭവിക്കുന്നതിനുമുൻപ് ബലിവസ്തുക്കളെ ''ദിവ്യരഹസ്യങ്ങളെന്നോ'' ''തിരുശരീരരക്തങ്ങളെന്നോ'' വിളിയ്ക്കുന്നത് ആരാധനക്രമത്തിൻെറ പ്രകൃതിയ്ക്കും മനുഷ്യൻെറ ഗ്രഹണശക്തിയ്ക്കും ഉതകുന്നതുതന്നെ. 1689 ജൂൺ 27-ാംനു- റോമിൽനിന്നു് ഇതേപ്പററി അനു

36. CROEGAERT o. c. Vol. I, P. 94. ഇതേപ്പററി തൃപ്തികരമായ ഒരഭിപ്രായത്തിന് GEDDES M., The History of the Church of Malabar. London, 1694 P. 237.
37. MINGANA A. Two Commentaries p. 77
38. cfr. Act. V decree I,

കൂലമായൊരു നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ കുർബാനക്രമത്തിൽ കൂദാശ വചനങ്ങൾക്കുമുമ്പ്— കാഴ്ചവസ്തു പ്രദക്ഷിണത്തിനും മററു പ്രാർത്ഥനകളിലും— കാഴ്ചവസ്തുക്കളെ തിരുശരീരരക്തമെന്നു വിളിക്കുന്നുവെന്നതു് തെററായി ആരോ ചൂണ്ടിക്കാട്ടി. ഇതേപ്പററി പഠിക്കാൻ പ്രൊപ്പഗന്തതിരുസംഘം സത്യവിശ്വാസസംരക്ഷണത്തിനു് അന്നുണ്ടായിരുന്ന 'തിരുസംഘ'ത്തെ ഏല്പിച്ചു. മലബാർകുർബാനക്രമവും കൽദായകുർബാനക്രമവും മററും പഠിച്ചശേഷം മലബാർ തക്സാ തുടന്നു ഉപയോഗിക്കാൻ തിരുസംഘം അനുവദിച്ചുവെന്നതു് ഈ അവസരത്തിൽ അനുസ്മരണീയമാണു് (38a).

കാർമ്മികൻ അല്പം വെള്ളം കുരിശാകൃതിയിൽ കാസായിലേയ്ക്കൊഴിക്കുന്നു. മുകളിൽ കണ്ട 25–ാം കാനനിലെ പ്രതീകാത്മകമായ വിശദീകരണമാണു് ഇവിടെ അനുസ്മരിക്കുക. കുരിശിൽ കിടന്നപ്പോൾ നമ്മുടെ കർത്താവിൻെറ ഹൃദയം കുത്തിത്തുറന്നതിനോടു്, വെള്ളം ചേക്കുന്നതിനെ സാമ്യപ്പെടുത്തുന്നു. വീഞ്ഞും വെള്ളവും തമ്മിൽ കലർത്തുമ്പോൾ കാർമ്മികൻ ചൊല്ലുന്ന പ്രാത്ഥനയിൽ ഈ ആശയമുണ്ടു്. ''പടയാളികളിൽ ഒരുവൻ വന്നു നമ്മുടെ കർത്താവിൻെറ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു.'' വി. ജസ്റ്റിൻെറ ദിവ്യകാരുണ്യത്തെപ്പററിയുള്ള

---

38a. പറമ്പിൽ ചാണ്ടിമെത്രാൻെറ ബന്ധത്തിൽപ്പെട്ട ഗീവർഗീസ്സ് എന്നൊരു വൈദികൻ റോമിൽ ചെന്നയവസരത്തിൽ അദ്ദേഹത്തിൻെറ കുർബാനപ്പുസ്തകമാണു് ഈ പഠനത്തിനു വിഷയമായതു്. തീരുമാനം ഇങ്ങനെയാണു്. "Detur licentia celebrandi in suo ritu cum Missali per ipsum delato." Scritture Originali referite nelle congregaziani generali, vol 504 foe 108-113.

വിവരണത്തിൽ, വെള്ളം ''കലത്തിയ കാസ'' എന്നു രണ്ടു പ്രാവശ്യം പറയുന്നു (39). മിശിഹാ ഈ കർമ്മം നിവ്വഹിച്ചുവെന്നു് വി. ജയിംസു്, നെസ്തോറിയസ്സു്, മർക്കോസു്, ബേസിൽ, ജോൺ ക്രിസോസ്റ്റം മുതലായവരുടെ പേരിലറിയപ്പെടുന്ന പുരാതനങ്ങളായ കർബാനക്രമങ്ങൾ സാക്ഷിക്കുന്നു (40). ഇതിനെപ്പററി മൊപ്സ്വേസ്തിയായിലെ തെയഡോർ നൽകിയ വിശദീകരണം കണ്ടുകഴിഞ്ഞു(41). വി. സിപ്രിയാൻ ഇതിനൊരു 'മിസ്റ്റിക്' അത്ഥം നൽകുന്നു: ''നമ്മുടെ പാപങ്ങൾ വഹിച്ച മിശിഹാ നമ്മെ എല്ലാവരേയും വഹിച്ചതുകൊണ്ടു്, വെള്ളം ജനങ്ങളെ സൂചിപ്പിക്കുന്നുവെന്നു്വേണം കരുതാൻ. വീഞ്ഞാകട്ടെ മിശിഹായുടെ രക്തത്തെ സൂചിപ്പിക്കുന്നു. വെള്ളം വീഞ്ഞിൽ കലത്തുമ്പോൾ ജനങ്ങൾ മിശിഹായോടു് സംയോജിക്കപ്പെടുന്നു. 'കത്താവിൻെറ കാസാ'യിലെ വെള്ളവും വീഞ്ഞും തമ്മിലുള്ള ഈ ലയനവും യോജിപ്പിക്കലും വേർപെടുത്തുവാൻ പാടില്ലാത്തവണ്ണം ഗാഢമാണെന്നു പറയാം. അതുപോലെ യാതൊന്നിനും സഭയെ– സഭയായി രൂപാന്തരപ്പെട്ടിരിക്കുന്ന ജനങ്ങളെ– മിശിഹായിൽനിന്നു് വേർപെടുത്തുവാൻ കഴിവില്ല'' (42).

കാസായിലെ കാഴ്ചവസ്തുക്കളുടെ പ്രതീകങ്ങളെന്ന നിലയിലുള്ള മൂല്യം നമ്മെ പഠിപ്പിക്കുന്നതു് വിശ്വാസികൾ മിശിഹായോടുകൂടി സമപ്പകർ മാത്രമല്ല, സഹ

39. Apologia ch. 65, 67.
40. വി. യാക്കോബിൻെറ അനാഫൊറായിൽ ഇപ്രകാരം കാണുന്നു: ''കത്താവു് വീഞ്ഞു് വെള്ളത്തോടുചേത്തപ്പോൾ'', cfr. KING A, O. C. Vol. I, p. 166.
41. മുകളിൽ 245–ാം വശം കാണുക.
42. CROEGAERT, O. C. Vol. I, p. 97.

സമപ്പിതരുമാണെന്നത്രെ. എന്നും രാവിലെ അവർ ബലിയപ്പണത്തിൽ പങ്കെടുക്കുമ്പോഗം വീഞ്ഞിൽ ലയിച്ച ഒരു തുള്ളി വെള്ളത്തിൻെറ രീതിയിൽ, ആ ദിവസം മുഴുവൻ അവിടത്തെ നിയമത്തോടുള്ള വിശ്വസ്തത അവരിൽ നിന്നാവശ്യപ്പെടുന്ന പരിത്യാഗങ്ങളെല്ലാംകൂടി മിശിഹായുടെ ബലിയുടെ കാസായിൽ നിക്ഷേപിക്കുന്നു. ഇങ്ങനെ വീഞ്ഞിലും വെള്ളത്തിലും നമുക്കു് വലിയ പ്രതീകങ്ങരം കാണാം (43).

പുരോഹിതൻ രണ്ടാംപ്രാവശ്യം കാസായിൽ വീഞ്ഞൊഴിച്ചപ്പോരം ,,വീഞ്ഞു വെള്ളത്തിൽ കലത്തപ്പെടുന്നു, വെള്ളം വീഞ്ഞിലും'' എന്നു് ചൊല്ലിയിരുന്നു. മുകളിൽ നൽകിയ വിശദീകരണത്തിൻെറ വെളിച്ചത്തിൽ ഇതിൻെറ അത്ഥം വ്യക്തമാണു്. കാസാ തയ്യാറാക്കിയിട്ടു് പീലാസാ ധൂപിക്കുമ്പോരം വൈദികൻ ചൊല്ലിയിരുന്നു: ,,കത്താവേ, ഈ പീലാസായെ അഹറോൻെറ പീലാസായെപ്പോലെ സൗരഭ്യമുള്ളതാക്കണമേ'' (ലേവ്യ. 9.). അദ്ദേഹം ഓസ്തി കൈയിലെടുക്കുന്നു. ഓസ്തികൊണ്ടു് പീലാസായിൽ കുരിശടയാളം വരച്ചു് അതിൽ വയ്ക്കുന്നു. ,,നമ്മുടെ കത്താവീശോമിശിഹായുടെ

43. കർദ്ദിനാരം മേഴ്സിയെ വെള്ളത്തിൻെറയും വീഞ്ഞിൻെറയും സങ്കലനത്തെപ്പററി പ്രതിരൂപകാത്മകമായ വിശദീകരണം നൽകുന്നു: ബലിയിലെ വീഞ്ഞിനോടു കൂട്ടിച്ചേർത്ത ഒരു തുള്ളി വെള്ളമാണു ഞാൻ. ആ വീഞ്ഞു്, പ. ത്രിത്വത്തോടു് സാരാംശത്തിൽ ബന്ധിതനായ മനുഷ്യനായ ദൈവത്തിൻെറ രക്തമായി മാറുന്നു. വെള്ളത്തിൻെറ ആ ചെറുതുള്ളി പരിശുദ്ധ ത്രിത്വത്തിൻെറ ജീവിതചൈതന്യത്തിലേയ്ക്കു് ഒഴുകിച്ചേരുന്നു. ദിവ്യബലിയിൽ പങ്കെടുക്കാൻ നിയുക്തമായ ആ വെള്ളത്തുള്ളിപോലെ ഞാൻ എന്നു് നിമ്മലനും കളങ്കമററവനും ആയിത്തീരും.

തിരുശരീരത്താൽ ഈ പീലാസ അടയാളപ്പെടുത്തപ്പെടു ന്നു'' എന്നാണ് ഇപ്പോഠം പറയുന്നതു്. കാസായുടെ കാ ര്യത്തിലെന്നപോലെ ഇവിടെയും ദിവ്യരഹസ്യങ്ങളെ മുൻകൂട്ടി കാണുന്ന സൂചനയുണ്ടു് (44).

## കൈകഴുകൽ

കുർബാനയിൽ മൂന്നു് ക്ഷാളനങ്ങളുണ്ടു്: ആരംഭ ത്തിൽ, കാഴ്ചവയ്പിനുമുമ്പ്, ദിവ്യകാരുണ്യസ്വീകരണ ത്തിനുശേഷം (45). പൂജാർപ്പണത്തിനു മുമ്പു് വരുന്ന ആദ്യ ത്തേതു് രണ്ടും വളരെ പുരാതനമാണെന്നു് തോന്നുന്നു. ആ രംഭത്തിലെ കൈകഴുകൽ, അനുഷ്ഠിക്കാൻ തുടങ്ങുന്ന കർമ്മ ത്തിൽ കൈകഠം നിർമ്മലമായിരിക്കാനാവാം. ഇതു് യ ഹൂദന്മാരുടെ ആചാരവിധിക്കനുസൃതമായ ക്ഷാളനങ്ങളുടെ അനുരൂപണമായിരിക്കാം — പ്രത്യേകിച്ചും ഭക്ഷണത്തിനു മുമ്പുള്ളകൈകഴുകലിൻെറ അനുരൂപണം (46).

രണ്ടാമത്തെ കൈകഴുകൽ കാഴ്ചവസ്തുക്കഠം മേശക ളിൽനിന്നു് ബലിപീഠത്തിലേയ്ക്കു് കൊണ്ടുവരുന്നതിനു് തൊട്ടുമുമ്പ്, കാഴ്ചവയ്പു് പ്രദക്ഷിണഗാനം പാടുന്ന സമയ ത്താണു്. പുരാതന നടപടിയും ഇങ്ങനെതന്നെ. ബർലി ഫെ പറയുന്നു; കാഴ്ചവയ്പു് പ്രദക്ഷിണസമയത്തു് ബേമാ യിലിരിക്കുന്ന കാർമ്മികനും പുരോഹിതന്മാരും കൈകഠം

44. ഉദയംപേരൂർ സൂനഹദോസു്. 5—ാം ആക്ട്.

45. നെസ്തോറിയന്മാർക്കു് നാലാമതൊരുക്ഷാളനമുണ്ടു്. അതു വി ഭജന ശുശ്രൂഷയ്ക്കുമുമ്പാണു്. ഇങ്ങനെയൊരു ക്ഷാളനം റോമില ടിച്ച (1767) കൽദായ തക്സയിൽ കാണാം. (287—ാം വ ശം) ഇപ്പോഠം കൽദായക്കാർ ഇതു് ഉപേക്ഷിച്ചിരിക്കുകയാ ണു്.

46. S. DROWER, Water into Wine, London 1956, p. 94.

കഴുകുന്നുവെന്നു്. ആ സമയത്തു് ഡീക്കൻ കാഴ്ചവസ്തുക്കൾ ബലിപീഠത്തിലേയ്ക്കു് കൊണ്ടുവരുന്നു (47). കുർബാനയുടെ ഈ സമയത്തെ കൈകഴുകലിനെപ്പററി ജോർജ്ജ് അർബേലും പറയുന്നുണ്ടു് (48).

ദിവ്യരഹസ്യങ്ങൾ പ്രദക്ഷിണമായി കൊണ്ടുപോകുന്നതിനു് മുമ്പായതിനാൽ ആദ്യകാലത്തു് ഈ കൈകഴുകൽ അപ്പവും വീഞ്ഞും ഒരുക്കിക്കഴിയുമ്പോൾ ആവശ്യമായിരുന്നിരിക്കാം. പക്ഷേ നാം കണ്ടതുപോലെ കാഴ്ചദ്രവ്യങ്ങൾ ഒരുക്കിയിരുന്നതു് കാർമ്മികനായിരുന്നില്ല. ജനങ്ങളിൽനിന്നു് മെത്രാൻ കാഴ്ചദ്രവ്യങ്ങൾ ശേഖരിച്ചുവെന്നു് പ്രസ്താവിക്കുന്ന വ്യാഖ്യാനങ്ങളും നമുക്കില്ല (49). അതുകൊണ്ടത്രെ കിട്ടാവുന്നത്ര വിശദീകരണങ്ങളിലേയ്ക്കു് നാം തിരിയുന്നതും. മൊപ്സ്വേസ്തിയായിലെ തിയഡോർ നൽകുന്ന വിശദീകരണമിതാണു്: കൈകൾ നിർമ്മലമാക്കാൻ വേണ്ടിയല്ലിതു്. അങ്ങനെയായിരുന്നെങ്കിൽ എല്ലാവരും അതു ചെയ്യുവാൻ കടപ്പെട്ടിരുന്നേനെ– ചിലർ അവരുടെ സ്ഥാനംമൂലം; മററുള്ളവർ തങ്ങൾ സ്വീകരിക്കുവാൻ പോകുന്ന കാഴ്ചദ്രവ്യങ്ങൾ മൂലം – ഇതു് കാർമ്മികരായ പുരോഹിതന്മാർ എല്ലാവരുടേയും നാമത്തിൽ ബലി അർപ്പിക്കുകയും പരിശുദ്ധമായ മനസ്സാക്ഷിയോടുകൂടി പരികർമ്മം ചെയ്യുന്ന കൂദാശയ്ക്കണയണമെന്നു് അനുസ്മരിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാകുന്നു (50). മോസസ് ബർകേഫാ അതേപ്പററി കുറെക്കൂടി വിശദമാ

47. R. H. CONNOLLY, Interpretatio p. 175 (161)
48. അർബേലിലെ ജോർജിൻെറ കുർബാനയുടെ ക്രമം. അനുബന്ധത്തിൽ കാണുക.
49. പുരാതനസഭയിലെ നടപടിക്രമത്തിനു്: FORTESQUE, op cit., p. 310
50. MINGANA, A Commentary of Theodore, p. VI.

യി പറയുന്നു: ബലിപീഠത്തിൻെറ മുമ്പിൽവച്ച് പുരോഹിതന്മാർ തങ്ങളുടെ കൈകഠം കഴുകുന്നതുവഴി, ഒന്നാമത്ത് ലോകത്തിൻെറ സകല മായാമോഹങ്ങളിൽനിന്നും തങ്ങളുടെ ഹൃദയങ്ങളെ കഴുകി വെടിപ്പാക്കണമെന്ന് സകല ജനങ്ങളെയും പഠിപ്പിക്കുന്നു; രണ്ടാമത്ത്, പുരോഹിതൻ കൈവിരലുകളുടെ അഗ്രംമാത്രം കഴുകുന്നതുകൊണ്ട് അദ്ദേഹം തൻെറ മനസ്സാക്ഷിയെ കർത്താവിൻെറ മുമ്പിൽ വെടിപ്പാക്കുന്നുവെന്നു കാണിക്കുന്നു. മൂന്നാമത്ത്, ഹൃദയത്തേയും ഹൃദയരഹസ്യങ്ങളേയും പരിശോധിക്കുന്നവനും ഗോപ്യമായവയെ തെളിക്കുന്നവനുമായ മിശിഹായ്ക്ക് തൻെറ വിചാരങ്ങളേയും തൻെറ മനസ്സിൻെറ സകല ശക്തി വിശേഷങ്ങളെയും അപ്പിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. നാലാമത്ത്, വിരലുകളുടെ അഗ്രംമാത്രം കഴുകിക്കൊണ്ട് എല്ലാ പാപങ്ങളിൽനിന്നും താൻ വെടിപ്പുള്ളവനാണെന്നും, ചില കുറവുകളും വൈകല്യങ്ങളുടെ നിഴലുകളും മാത്രമേ ഇനി തന്നിലവശേഷിക്കുന്നുള്ളുവെന്നും അദ്ദേഹം കാണിക്കുന്നു. അഞ്ചാമത്ത്, പഴയനിയമത്തിലെ പുരോഹിതന്മാരുടെ ക്ഷാളനം ഇതിൻെറ പ്രതിരൂപമായിരുന്നുവെന്നും സൂചിപ്പിക്കുന്നു (51).

ഈ വ്യാഖ്യാനങ്ങളുടെ വെളിച്ചത്തിൽ കൈകഴുകലിനു നിശ്ചയിച്ചിട്ടുള്ള പ്രാത്ഥനകഠം മനസ്സിലാക്കാൻ എളുപ്പമുണ്ട്. ,,സകലത്തിൻേറയും നാഥനായ ദൈവം തൻെറ അനുഗ്രഹമാകുന്ന ജലത്താൽ നമ്മുടെ പാപങ്ങളുടെ കറ കഴുകിക്കളയട്ടെ. കർത്താവു തൻെറ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.'' സകല വിശ്വാസികളുടേയും ആത്മാക്കളിൽനിന്ന് കുററങ്ങളുടെ കറകഠം — നമ്മുടെ കുററങ്ങഠം,

51. R. H. CONNOLLY, Two Commentaries....p. 42.

നമ്മുടെ ദ്രോഹങ്ങൾ – നീക്കുന്നതിനു് ദൈവത്തോടു യാചിക്കുകയാണു്.

## കാഴ്ചവസ്തു പ്രദക്ഷിണഗീതം

മേശകളിൽനിന്നു് കാഴ്ചദ്രവ്യങ്ങൾ ബലിപീഠത്തിലേക്കു് പ്രദക്ഷിണമായി കൊണ്ടുവരുമ്പോൾ "രഹസ്യങ്ങളുടെ സ്തുതിഗീതം" (ഓനീസാദ് റാസേ– കാഴ്ചവസ്തുപ്രദക്ഷിണഗീതം) പാടുന്നു. ബിസന്റൈൻ റീത്തിലെ കെറുബികു് സ്തുതിഗീതമോ, റോമൻറീത്തിലെ കാഴ്ചവസ്തുവിനുള്ള ഗാനമോപോലെയാണിതു്. 'ആരാധനക്രമ പഞ്ചാംഗ'ത്തിൽ കണ്ടതുപോലെ ഈ സ്തുതിഗീതം തിരുനാളുകളുടെ പ്രത്യേക പ്രകൃതി സുവിദിതമാക്കുന്നു (52). സീറോ മലബാർ ആരാധനക്രമത്തിനു്, ഓരോ തിരുനാളിനും മാറിമാറിവരുന്ന ഈ ഗീതം നഷ്ടപ്പെടാനിടയായെങ്കിലും തക്സായോടൊപ്പം അതും പുനരുദ്ധരിക്കപ്പെട്ടു. ഇപ്പോൾ ഓരോ കാലത്തിനും പ്രധാനതിരുനാളുകൾക്കും മാറിവരത്തക്കവിധം ഈ ഗീതം തയാറാക്കിയിട്ടുണ്ടു്.

കാഴ്ചദ്രവ്യങ്ങൾ മദ്ബഹായിലേക്കു കൊണ്ടുവരുന്ന പ്രദക്ഷിണത്തെപ്പററി നർസേയുടെയും ജോർജ്ജ് അർബേലിന്റെയും പരാമർശങ്ങൾ നമുക്കുണ്ടു്. മരണത്തിലേക്കു് നയിക്കപ്പെട്ട മിശിഹായെ ഓർമ്മിക്കുവാൻ അതു നമുക്കവസരം നൽകുന്നുവെന്നു പറഞ്ഞുകൊണ്ടാണു് നർസേ ഈ പ്രതീകത്തിന്റെ അർത്ഥം വിശകലനം ചെയ്യുന്നതു് (53). ആർച്ചുഡീക്കനും അദ്ദേഹത്തിന്റെകൂടെയു

---

52. RUCKER A., Die wechselnde Gesangstucks der Ost Syrische Messe, in Iahrb. f. Liturgy. t. I (1921), p. 80.
53. CONNOLLY R. H., The Liturgical Homilies, P. 3.

ള്ളവരും ''രഹസ്യങ്ങരം'' (കാഴ്ചവസ്തുക്കരം) ഒരുക്കണമെന്നുള്ള ഈശോയാബ്ബ് മൂന്നാമന്റെ അനുശാസനത്തെയാണ് ജോർജ്ജ് അർബേൽ പരാമർശിക്കുന്നതു് (54). ബർലിഫെ ഈ കർമ്മത്തെ ഡീക്കന്റെ ചുമതലയായിത്തന്നെ കാണുന്നു (55).

സാധാരണദിവസങ്ങളിലെ കാഴ്ചവയ്പു പ്രദക്ഷിണഗീതം ഇതായിരുന്നു (56):

''വിശുദ്ധബലിപീഠത്തിന്മേൽ മിശിഹായുടെ തിരുശ്ശരീരവും അമൂല്യമായ രക്തവും.

നമുക്കേവർക്കും സ്നേഹാദരങ്ങളോടെ അവനെ സമീപിക്കുകയും,

ദൈവദൂതന്മാരോടൊന്നിച്ച് ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടിസ്തുതിക്കുകയും ചെയ്യാം.''

ഇവിടെയും അപ്പവും വീഞ്ഞും മിശിഹായുടെ തിരുശ്ശരീരവും രക്തവുമെന്നു് വിളിക്കപ്പെടുന്നു. ഒരു 'രഹസ്യ'ത്തിന്റെ എല്ലാ സ്ഥിതിവിശേഷങ്ങളേയും ആ 'രഹസ്യം' സംഭവിക്കുന്ന ഒരു നിമിഷംകൊണ്ടു് വിശ

---

54. Expositio officiorum, pp. 36-37 (36-37)
55. Interpretatio Officiorum pp. 174-175 (161)
56. നെസ്തോറിയന്മാർ ഈ കീർത്തനം എല്ലാ കർബാനയിലും ഉപയോഗിയ്ക്കുന്നു. ഞായറാഴ്ചകരംക്കും തിരുനാളുകരംക്കുമുള്ള പ്രത്യേക കീർത്തനം കാഴ്ചവയ്പിനുശേഷം വരുന്ന സാഷ്ടാംഗപ്രണാമസമയം ആലപിക്കുന്നു. cfr. RAES A., une Onitha eucharistique dans les rites chald'eenne et malabare. OS II (1957), pp. 49-64; BRIGHTMAN op. cit p. 267.

ദമാകുവാൻ മനുഷ്യഭാഷയ്ക്കു് കഴിവില്ല. വസ്തുമാററം (transubstantiation) പിന്നീടേ സംഭവിക്കുന്നുള്ളു. എങ്കിലും, കാഴ്ചദ്രവ്യങ്ങൾ പ്രദക്ഷിണമായി കൊണ്ടുപോകുന്ന ഈ സമയത്തു്, എല്ലാവരുടേയും ശ്രദ്ധ അവയിൽ കേന്ദ്രീകരിച്ചിരിക്കുമ്പോൾ, ആരാധനക്രമം തിരുശ്ശരീരങ്ങളെപ്പററി മുൻകൂട്ടി പറയുകയാണു്. ഇത്തരത്തിലുള്ള വിശദീകരണംകൂടാതെ മനസ്സിലാക്കാനാവാം പരിഷ്കരിച്ച മലയാളക്കുർബാനയിൽ മറെറാരു ഗീതം ചേർത്തിരിക്കുന്നതു്. മംഗലവാർത്തക്കാലം ഒന്നാമത്തെ ഞായറിൻേറതാണിതു്. ''അനുതാപത്തിൻെറ കണ്ണീരാൽ നമ്മുടെ പാപക്കറകൾ കഴുകിക്കളയാം. അനുതപിക്കുന്ന ഹൃദയത്തേയും എളിമയുള്ള ആത്മാവിനേയും ദൈവം നിരസിക്കുകയില്ല. ആകയാൽ, സ്നേഹാദരങ്ങളോടെ നമുക്കവിടത്തെ സമീപിക്കുകയും നമ്മെത്തന്നെ ബലിവസ്തുവായി സമർപ്പിക്കുകയും ചെയ്യാം.''

## പ്രദക്ഷിണഗീതത്തിൻെറ രണ്ടാംഭാഗം

കാഴ്ചവയ്പിനുശേഷം വരുന്ന കീർത്തനം കാഴ്ചവയ്പു, പ്രദക്ഷിണഗീതത്തിൻെറ ഭാഗം തന്നെയാണു് (57). അതു് ത്രിത്വസ്തുതികൊണ്ടാരംഭിക്കുന്നു. ''പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.'' അതിൽ പരിശുദ്ധകന്യകാമറിയത്തേയും അപ്പസ്തോലന്മാരേയും മാർത്തോമ്മാശ്ലീഹായേയും സ്മരിക്കുന്നുണ്ടു്. ഇവിടെ പരിശുദ്ധമറിയത്തിനു് മുൻഗണന നൽകുന്നുവെന്നതു് ചിന്തനീയമാണു്. മലബാർസഭയുടെ 'വിശ്വാസത്തിൻെറ പിതാവായ' മാർത്തോമ്മാശ്ലീഹായ്ക്കും പ്രമുഖസ്ഥാനം നൽകു

57. നെസ്തോറിയൻ കുർബാനയിൽ ഈ ഭാഗവും മാറി മാറി വരാറുണ്ടു്.

ന്നുണ്ട്. അതിനുമുമ്പ് എല്ലാ ശ്ലീഹന്മാരേയും പൊതുവായി അനുസ്മരിക്കുന്നു. ഈ ഗീതത്തിന്റെ അവസാനത്തെ മൂന്നു വാക്യങ്ങൾ നോക്കുക:

ബലവാനായ കർത്താവു നമ്മോടുകൂടെ
നമ്മുടെ രാജാവു നമ്മോടുകൂടെ
നമ്മുടെ ദൈവം നമ്മോടുകൂടെ
യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.

അങ്ങേ മഹനീയമായ ഉത്ഥാനംവഴി
അങ്ങു മഹത്വത്തോടെ ഉയിപ്പിക്കുമെന്ന പ്രതീക്ഷയിൽ
മരിച്ചവരെല്ലാം നിദ്ര ചെയ്യുന്നു.

ഉപവാസത്തിലും പ്രാർത്ഥനയിലും
പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്തിലും
മിശിഹായേയും അവിടുത്തെ പിതാവിനേയും
പരിശുദ്ധാത്മാവിനേയും നമുക്കു പ്രസാദിപ്പിക്കാം.

ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നു (58). ഇവയിൽ ചില അനുസ്മരണകൾ പിന്നീട് (ഡീക്കന്റെ അറിയിപ്പിൽ—dyptics) വരുന്നതുകൊണ്ടു് എന്തിനിവിടെ ചേർത്തിരിക്കുന്നു? ചിലതെല്ലാം വൈദികന്റെ മദ്ധ്യസ്ഥപ്രാർത്ഥനയിലും വരുന്നുണ്ടുതാനും.

കാഴ്ചവയ്പിന്റെ സമയത്തും കാഴ്ചദ്രവ്യങ്ങൾ ബലിപീഠത്തിൽവയ്ക്കുമ്പോഴും ഈ ചിന്തകൾ ഉണ്ടായിരിക്കുക എന്നാണതിന്റെ വിവക്ഷ. (ബലിപീഠത്തിൽ പരിശുദ്ധകന്യകമറിയത്തിന്റെ അനുസ്മരണ ഉണ്ടായിരിക്കു

58. RAES A., une Onitha... p. 53.

ട്ടെ). പരിഷ്കരിച്ച ക്രമത്തിൽ വി. യൗസേപ്പിൻെറ പേ രും ചേർത്തിരിക്കുന്നു. അവസാനവാക്യം, ഉപവസിക്കുന്ന തിനും, പ്രാർത്ഥിക്കുന്നതിനും അനുതപിക്കുന്നതിനുമാണു് നമ്മെ ഉപദേശിക്കുന്നതു്. ഇവിടെ ബാഹ്യമായ കാഴ്ചവ സ്തോടുകൂടി ആന്തരികമായ സമർപ്പണവും ഉണ്ടായിരി ക്കണമെന്ന സൂചനയാണുള്ളതു്.

ആർച്ച്ഡീക്കനൊണല്ലോ കാഴ്ചവയ്പു നടത്തിയിരു ന്നതു്. ബലിവസ്തുക്കൾ ബലിപീഠത്തിൽ സജ്ജീകരി ച്ചുവെന്നും കാർമ്മികനും മററുള്ളവർക്കും മദ്ബഹായിൽ പ്ര വേശിക്കാറായെന്നും സൂചിപ്പിക്കുന്ന ഒരടയാളം നൽകാ നാവാം ഈ ഗാനം ആർച്ച്ഡീക്കൻ ആരംഭിക്കണമെ ന്നു് ചില രേഖകളിൽ കാണുന്നതു്.

## കാഴ്ചവയ്പിൻെറ പ്രാർത്ഥനകൾ

ഇപ്പോഴുള്ള കാഴ്ചവയ്പുപ്രാർത്ഥനതന്നെയാണു് പുരാതനമായ ദിയാർബക്കിർ 57 എന്ന കൈയെഴു ത്തുപ്രതിയിലും കാണുക. അതിൽ കാഴ്ചവസ്തുക്കൾ അൾത്താരയിൽ 'സ്ഥാപിക്കുന്നതിനു' മുമ്പു് ഇപ്പോൾ ചെയ്യുന്നതുപോലെ മൂന്നു പ്രാവശ്യം കാസയും പീലാസ യും കൂട്ടിമുട്ടിക്കുന്നതായി കാണുന്നില്ല. ''കർത്താവേ നി ൻെറ കല്പനയാൽ'' എന്നതും അതിലില്ല. ഇ വ രണ്ടും, Brit. Mus Add· 7181 മുതലായ ചുരുക്കം ചില കയ്യെഴുത്തുപ്രതികളിലേ ഉള്ളൂ. ഈ ആംഗ്യം, കാഴ്ച വസ്തുക്കൾ ഇനി സ്വീകരിക്കുകയില്ല, എന്നറിയിക്കാ നോ തിരുശ്ശരീരരക്തങ്ങളാകാനുള്ള അപ്പവും വീഞ്ഞും ത മ്മിലുള്ള പ്രതീകാത്മകബന്ധം സൂചിപ്പിക്കാനോ ആയി രിക്കാമെന്നു് പറയാറുണ്ടു്.

കാർമ്മികൻ കാസാ തൻെറ വലത്തെ കൈയിലും, പീലാസാ ഇടത്തെ കൈയിലുമെടുക്കുന്നു. അദ്ദേഹം കൈകൾ കുരിശാകൃതിയിൽ പിടിച്ചുയർത്തുന്നു. അപ്പോൾ ഡീക്കൻ അറിയിക്കുന്നു, ''പ്രാർത്ഥിക്കാം, നമുക്കു സമാധാനം''എന്നു്. കാഴ്ചവയ്പിൻെറ സമയത്തു് പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനയെ മൂന്നായി ഭാഗിക്കാം:—''അങ്ങേ ആരാധ്യമായ ത്രിത്വത്തെ എപ്പോഴും എന്നേയ്ക്കും ഞങ്ങൾ സ്തുതിക്കും.''

''നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തൻെറ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും സംസ്കാരത്തിൻെറയും ഉത്ഥാനത്തിൻെറയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാ (വഴി പിതാവായ ദൈവം) തൻെറ കൃപയാലും അനുഗ്രഹത്താലും ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ,''

''ഞങ്ങളുടെ ദൈവമായ കർത്താവേ, മിശിഹായുടെ മഹത്വമേറിയ രണ്ടാമത്തെ ആഗമനംവരെ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ ബലി അർപ്പിക്കപ്പെടണം എന്ന കല്പനയനുസരിച്ചു വിശുദ്ധബലിപീഠത്തിന്മേൽ ഇവ സജ്ജീകരിക്കപ്പെടുന്നു. അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ.''

ആദ്യത്തെ പ്രാത്ഥന പരിശുദ്ധതമത്രിത്വത്തിനു് സ്തുതി സമർപ്പിക്കുന്നു. ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'' ചൊല്ലി കുർബാന ആരംഭിച്ചതുപോലെ ഈ കാഴ്ചവയ്പിലും ദൈവത്തിനു സ്തുതി സമർപ്പിക്കുന്നു. കുർബാനയുടെ പരമമായ ലക്ഷ്യം പരിശുദ്ധത്രിത്വത്തിൻെറ മഹത്വമാണെന്നാണു് ഇവിടെ ചൂണ്ടിക്കാണിക്കുക. പൗ

രസ്സ്യസിറിയൻകർബാനകളിലെല്ലാംതന്നെ പരിശുദ്ധ ത്രിത്വത്തെപ്പററിയുള്ള പരാമർശം വളരെയധികമുണ്ട്.

തൻെറ പീഡാനുഭവത്തിൻെറ ഓർമ്മയാചരിക്കുവാൻകല്പിച്ച മിശിഹായേപ്പററി രണ്ടാമത്തെ പ്രാർത്ഥന പ്രസ്താവിക്കുന്നു. മൂന്നാമത്തെ പ്രാർത്ഥന പ്രഖ്യാപിക്കുന്നതു്, "രഹസ്യങ്ങൾ പരിശുദ്ധമായ ബലിപീഠത്തിൽ സ്ഥാപിക്കപ്പെടുകയും സജ്ജീകരിക്കപ്പെടുകയും ചെയ്യുന്നു" എന്നാണു്. നമ്മുടെ കർത്താവിൻെറ കല്പനയത്രെ ഈ രണ്ടു പ്രാർത്ഥനകളും അനുസ്മരിപ്പിക്കുന്നതു്: (1 കൊറി. 13:24) "ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാ." (രണ്ടാമത്തെ പ്രാത്ഥന). ബലിവസ്തുക്കളുടെ വെറും സാന്നിദ്ധ്യം ബലിയാകുന്നില്ലെന്ന വസ്തുത ഓർമ്മിക്കണം. ബലിയായിത്തീരുന്നതിനു് അവ സമർപ്പിക്കേണ്ടിയിരിക്കുന്നു. ബലിവസ്തുക്കൾ— തിരുശ്ശരീരവും തിരുരക്തവും— അവയിൽത്തന്നെ ഒരു ബലിയല്ല. ബലിവസ്തുവാണു്. കുരിശിലെ ബലികൂടി ഇവിടെ വേണം. സഭ ഈ കർമ്മം അവളുടെ സ്വന്തമാക്കിയിരിക്കുകയാണു്. അവൾ സ്വയം ശിരസ്സായ മിശിഹായുമായി സംയോജിപ്പിച്ചിരിക്കയുമാണു്.

"അവിടത്തെ മഹത്വപൂർണ്ണമായ വരവുവരെ" (മൂന്നാമത്തെ പ്രാത്ഥന) എന്നതും ഈ ബലി അർപ്പിക്കുവാനുള്ള കർത്താവിൻെറ കല്പനയെ ഓർമ്മിപ്പിക്കുന്നു. അന്ത്യത്താഴവിവരണത്തിനുശേഷം മുറപ്രകാരമുള്ള കല്പനാനുസ്മരണമുള്ളതുകൊണ്ടു് (Anamnesis) കർബാനയുടെ ഈ ഭാഗത്തു് എന്തിനിതു ചേർത്തിരിക്കുന്നു? മുറപ്രകാരം വേണ്ട സ്ഥാനത്തു മാത്രമല്ല, കർബാന മുഴുവൻ മിശിഹായുടെ പരമബലിയെ അനുസ്മരിപ്പിക്കുകയാണെന്നു് സഭ തൻെറ മക്കളെ ഓർമ്മിപ്പിക്കുകയാണു് ഇവിടെ.

## മിശിഹായോടു പ്രാർത്ഥിക്കുന്നു

രണ്ടാമത്തേയും, മൂന്നാമത്തേയും പ്രാർത്ഥനയിൽ ബലി സ്വീകരിക്കണമെന്നു മിശിഹായെ വിളിച്ചപേക്ഷിക്കുന്നു. ഒന്നാമത്തേതു് പരിശുദ്ധ ത്രിത്വത്തെ അഭിസംബോധന ചെയ്യുന്നു. ഇതു് ആര്യൻ പാഷണ്ഡതയെ എതിർക്കുന്നതിനു് രചിച്ചതോ, പുനഃസജ്ജീകരിച്ചതോ ആയിരിക്കുമോ? ഏതായാലും അദ്ദായിയുടെയും മാറിയുടെയും അനാഫൊറായിൽ, പൗരസ്ത്യസുറിയാനിസഭയിലെ മററു രണ്ടു് അനാഫൊറാകളിൽനിന്നു വിഭിന്നമായി, മിശിഹായെ ഒന്നിലധികം പ്രാവശ്യം മധ്യമപുരുഷനിൽ (Second Person) അഭിസംബോധന ചെയ്തിട്ടുണ്ടെന്നതു് പരിഗണിക്കേണ്ടതുതന്നെ. ആദ്യത്തെ പ്രാർത്ഥനയിൽ ത്രിത്വത്തിനു സ്തുതി സമർപ്പിക്കാമെന്നു പറഞ്ഞശേഷം രണ്ടാമത്തേതിൽ 'മിശിഹാ ബലി സ്വീകരിക്കട്ടെ' എന്നു പറയുന്നു. സിറിയൻ റീത്തുകളിൽ കാണുന്ന ഈ പ്രത്യേകത ആരാധനക്രമത്തിന്റെ പ്രകൃതിക്കു ചേർന്നതല്ലെന്നു് പറഞ്ഞുകൂടാ. ഈ പ്രത്യേകത നിഷിദ്ധമായ ഒന്നായി പണ്ഡിതനായ യുങ്ങ്മാന്റെ പഠനത്തിൽപോലും പ്രസ്താവിക്കുന്നുമില്ല (59).

## "മിശിഹാവഴി"

പരിഷ്കരിച്ച മലയാളക്കുർബാനയിലെ കാഴ്ചവസ്തു പ്രാർത്ഥനയ്ക്കു അല്പം വ്യത്യാസം വരുത്തിയിട്ടുണ്ടു്. അതു് ദൈവശാസ്ത്രപരമായ ഒരു പ്രശ്നം സൃഷ്ടിക്കുന്നു.

---

59. The Place of Christ in the liturgy p. 73. HOWARD G. B., The Christians of St. Thomas and their Liturgies, Oxford 1864, p. 204.

1962–ലെ മലയാള തർജ്ജമ:

''മിശിഹാ തൻെറ കൃപയാലും അനുഗ്രഹത്താലും ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കട്ടെ.''

1968–ൽ പരിഷ്കരിച്ചപ്പോൾ

''മിശിഹാ വഴി പിതാവായ ദൈവം തൻെറ കൃപയാലും അനുഗ്രഹത്താലും ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ.''

ഈ വ്യത്യാസത്തിൻെറ ആശയം പരിശോധിക്കുമ്പോൾ മിശിഹായല്ല പിതാവായ ദൈവമാണ് ബലി സ്വീകരിക്കുന്നതു് എന്നു കാണാം. എന്നാൽ മിശിഹാ ഈ ''ബലി''സ്വീകരിക്കട്ടെ എന്ന അർത്ഥം മൂലത്തിൽ നിന്നു കിട്ടണമെന്നില്ല. മൂലപദം ദവ്ഹസ്സാ എന്നാണ്. ദവ്ഹസ്സയ്ക്കു 'ബലിവസ്തു' എന്നർത്ഥമുണ്ട്. ആകയാൽ 'മിശിഹാ ഈ ബലിവസ്തുക്കൾ ഞങ്ങളുടെ കരങ്ങളിൽനിന്നു സ്വീകരിക്കട്ടെ' എന്ന തർജ്ജമയാണ് കൂടുതൽ സ്വീകാര്യമെന്നു തോന്നുന്നു. ഭൗമികമായതിനെയെല്ലാം ക്രിസ്തുവിൽ നവീകരിക്കുകയാണല്ലോ പരിത്രാണനോദ്ദേശ്യം. ക്രിസ്തുവിനോടുള്ള ഐക്യംവഴി ഒരു തരത്തിൽ നാം 'ദൈവിക'മാകേണ്ടവരത്രെ. സ്വർഗ്ഗത്തിലാണ് ദൈവികസൗഭാഗ്യം. അതിൻെറ മുന്നാസ്വാദനമാണല്ലോ ബലി. അതിൽ മനുഷ്യൻ മാത്രമല്ല 'ദൈവിക'മാകുക. ഭൗമികമായ വസ്തുക്കൾ—അപ്പവും വീഞ്ഞും—വസ്തുഭേദംമൂലം ഉദാത്തീകരിക്കപ്പെടുന്നു. അവയെല്ലാം ക്രിസ്തുവിൽ നവീകരിക്കപ്പെടുകയാണ്; ക്രിസ്തുവുമായി യോജിക്കുകയാണ്. പ്രപഞ്ചം മുഴുവൻ ദൈവവും മനുഷ്യനുമായ ക്രിസ്തുവിൽ മഹത്വപ്പെടുകയാണ് (Cosmic renovation). നമ്മുടെ

കരങ്ങളിൽ നിന്നു മിശിഹാ ഈ 'ബലിവസ്തുക്കാം' സ്വീകരിച്ചു് പ്രപഞ്ചത്തെ മുഴുവൻ നവീകരിക്കണമെന്നതാണു് പ്രകൃതത്തിൽ സ്മരിക്കേണ്ട ആശയം. രക്ഷാകരകൃത്യത്തിൻെറ ഫലത്തിൽ പ്രപഞ്ചം മുഴുവൻ പങ്കെടുക്കുന്നുവെന്നു് ഊന്നിപ്പറയുന്ന .ദൈവശാസ്ത്രസരണിയ്ക്കു് (Cosmic Theology) കൂടുതൽ കൂടുതൽ അംഗീകാരം സിദ്ധിച്ചുവരികയാണിപ്പോാം. അതുകൊണ്ടു് കാഴ്ചവയ്പിലെ പ്രാത്ഥനയിൽ മൂലപദം കണക്കിലെടുത്തു ബലിവസ്തുവെന്നാക്കുകയും മിശിഹാ'വഴി പിതാവായ ദൈവം' എന്നതുപേക്ഷിക്കുകയും ചെയ്യുകയാണു് അഭിലഷണീയം. ആധുനിക ദൈവശാസ്ത്രത്തിനു് 'പരിഷ്ടരിച്ച ക്രമ'ത്തിലെ മാററം ആവശ്യമാണെന്നു് തോന്നുന്നില്ല.

## ബലിവസ്തുക്കൾ ഉയർത്തുന്നു

ബലിയപ്പ്ണത്തിൻെറ സ്വാഭാവികമായ ഒരടയാളമെന്നപോലെ പുരോഹിതൻെറ കരങ്ങാം ബലിവസ്തുക്കളേന്തി കുരിശാകൃതിയിൽ ഉയർത്തുന്നു. യാക്കോബായക്കാരും കൈകാം ഇങ്ങനെ കുരിശാകൃതിയിൽ പിടിക്കുന്നെന്നു് ഇവിടെ സ്മരിക്കുക (60). ബലിവസ്തുക്കാം ഉയത്തുന്നതു് വളരെ അർത്ഥവത്താണു്. കുർബാനയുടെ രണ്ടാംഭാഗത്തിനു് ഗ്രീക്കിലുള്ള പദം 'അനാഫൊറ' എന്നാണു്. അതു് ഉയത്തുക, കൊടുക്കുക, സമപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള ധാതുവിൽനിന്നാണു് രൂപമെടുത്തതു്. ദൈവം മുകളിലിരിക്കുന്നതായിട്ടത്രെ മനുഷ്യൻ സാധാരണ കരുതുക. അപ്പോാം ദൈവത്തിൻെറ ദാനങ്ങാം മുകളിൽനിന്നു് വരുന്നു. ദൈവത്തിനു് മഹത്വം നൽകു

60. BROWN L. W., Indian Christians of St. Thomas, Cambridge 1956, p. 239.

വാൻ, ദൈവത്തിന്ന് കൃതജ്ഞത പ്രകാശിപ്പിക്കുവാൻ, നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം ഹൃദയത്തെ മേല്പോട്ടുയ ർത്തണം. നമ്മുടെ കാഴ്ചകളെ സ്വർഗ്ഗോന്മുഖമായി അർപ്പി ക്കണം. ഇതൊരു പരസ്പരവിനിമയത്തെ കുറിക്കുന്നു. ഇ വിടെ കാഴ്ചവയ്പിൻെറ പ്രാർത്ഥനചൊല്ലി പരിശുദ്ധത്രി ത്വത്തെ മഹത്വപ്പെടുത്തുന്നു. മിശിഹാ (വഴി പിതാവായ ദൈവം) തൻെറ കൃപയാലും കരുണയാലും നമ്മുടെ സമ ർപ്പണം സ്വീകരിക്കുമെന്നാണ് നമ്മുടെ പ്രതീക്ഷ. കാഴ്ച വയ്പു് മിശിഹായുടെ കുരിശിലെ സമർപ്പണമാണ് നമ്മു ടെ മനസ്സിലുദിപ്പിക്കുന്നതെന്നു കണ്ടുകഴിഞ്ഞു. ഇവിടെ കാഴ്ചവസ്തുക്കൾ കുരിശാകൃതിയിൽ പിടിച്ച് സമർപ്പണ ത്തെ ഒരു പ്രതീകമാക്കിത്തീർക്കുന്നതു് ഉചിതംതന്നെ.

## സമൂഹത്തിൻെറ സമർപ്പണം

പുരോഹിതൻ മാത്രമേ ബാഹ്യമായി കാഴ്ചവയ്പു നടത്തുന്നുള്ളുവെന്നതു് വാസ്തവം. എന്നാൽ പ്രാർത്ഥന യിൽ മിശിഹായോടപേക്ഷിക്കുന്നതോ 'ബലി' ഞങ്ങളുടെ കരങ്ങളിൽനിന്ന് സ്വീകരിക്കണമേ! എന്നാണ്. വിശ്വാ സികളുടെ സമൂഹം മുഴുവൻ മിശിഹായുടെ ബലിയിൽ കർമ്മോദ്യുക്തരായ സമർപ്പകരാണ്. ഉന്നതപുരോഹിതനാ യ മിശിഹായ്ക്കുമാത്രമേ, നമ്മെ അവിടത്തെ സഹസമർപ്പ കരാക്കാൻ കഴിയൂ എന്നതു് സ്പഷ്ടമാകുന്നു. സമർപ്പിക്കുന്ന തിനായി സ്വശരീരവും രക്തവും നമുക്കു നൽകുവാൻ അ വിടുത്തേയ്ക്കു് മാത്രമേ കഴിയൂ എന്നർത്ഥം. ഇതുവഴി, ജന ങ്ങൾ തങ്ങളെത്തന്നെ സമർപ്പിക്കുന്നു. അങ്ങനെ സഭ മിശിഹായുടെ മൗതികശരീരമാണെന്നുള്ളതു് നമ്മു ടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സഭ അവളുടെ ശിരസ്സിൻെറ ജീവിതത്തിൽ പങ്കുപററുന്നു. അവർ മിശിഹായുടെ ഒരു

പരമരഹസ്യമാണ്. അതുകൊണ്ടു് ക്രൈസ്തവസമൂഹത്തിന്റെ അസാന്നിധ്യത്തിൽ അപ്പിക്കപ്പെടുന്ന കർബാന മാതൃകായോഗ്യമല്ലെന്ന നിഗമനത്തിലാണ് നാം എത്തുക. ചുരുക്കത്തിൽ ദിവ്യബലിയുടെ സാമൂഹ്യപ്രകൃതിക്കു് എപ്പോഴും പ്രാധാന്യം നൽകിയേ തീരൂ.

"പരിശുദ്ധ തമത്രിത്വത്തിനു് ഞങ്ങൾ സ്തുതിയപ്പിക്കുന്നു" എന്ന പ്രാത്ഥന ബലിയുടെ പ്രഥമലക്ഷ്യത്തെ— മിശിഹായുടെ ബലിവഴി ഉണ്ടാകുന്നദൈവമഹത്വത്തെ— ചൂണ്ടിക്കാണിക്കുന്നു. കർബാനയിൽ മിശിഹായുടെ സമപ്പണം, വസ്തുമാററത്തിന്റെ നിമിഷത്തിൽ സംഭവിക്കുന്നു. അതുകൊണ്ടു് മാനുഷികരീതിയിൽ ഈ അപ്പണത്തെ പ്രകാശിപ്പിക്കേണ്ട ശരിയായ സ്ഥാനം വസ്തുമാററത്തിന്റെ നിമിഷം കഴിയുന്ന ക്ഷണമായിരിക്കണം. വസ്തുമാററവും അപ്പണവും ഒരേ നിമിഷത്തിൽ സംഭവിക്കുന്നുവെന്നാണ് വിവക്ഷ. കാഴ്ചവയ്പിന്റെ സമയത്തും സഭ ഈ അപ്പണത്തെ സൂചിപ്പിക്കുന്നുവെന്നേയുള്ളു.

കാഴ്ചവയ്പിന്റെ പ്രാത്ഥനകൾ ഒരുമിച്ചെടുത്താൽ അതൊരു ചെറിയ അപ്പണത്തിനു തുല്യമാണ്; അതൊരനുസ്മരണമാണ്. കർബാനയിൽ വിശ്വാസികൾക്കുള്ള കമ്മോദ്യുക്തമായ ഭാഗഭാഗിത്വത്തിന്റെ ദൈവശാസ്ത്രപരമായ വശങ്ങളെപ്പററി അതു പ്രസ്താവിക്കുന്നു. കർബാനയിലെ മിക്ക പ്രാത്ഥനകളും— കാമ്മികന്റെ രഹസ്യപ്രാത്ഥനകളൊഴിച്ച് (അവ പൊതുവേ പിൽക്കാലത്തു കൂട്ടിച്ചേത്തവയാണ്)— ബഹുവചനരൂപത്തിലാണ്. ദിവ്യബലിയുടെ സാമൂഹികസ്വഭാവത്തെയാണതു സൂചിപ്പിക്കുക.

## പ്രായോഗിക നിർദ്ദേശങ്ങൾ

പ്രായോഗികമായി പറയുമ്പോഠം എല്ലാവരുമിന്നു് അപ്പവും വീഞ്ഞുംകൊണ്ടുവരിക വിഷമമാണു്. എങ്കിലും വ്യക്തിപരമായ കാഴ്ചവസ്തിൻെറ ആശയം കാണിക്കാൻ വിശുദ്ധ കർബാന സ്വീകരിക്കുന്നവരെല്ലാം ചെറിയ ഓസ്തികഠം നേരത്തെതന്നെ തിരുപ്പാത്രത്തിൽ നിക്ഷേപിക്കുന്നതും കാഴ്ചവസ്തിൻെറ സമയത്തു് ഒരാഠം ആ പാത്രം കാർമ്മികനെ ഏല്പിയ്ക്കുന്നതും ആദരണീയമായ ചടങ്ങാണു്. പലയിടത്തും ഇതു് നടത്തിവരുന്നുണ്ടു്.

സ്വന്തം നെററിയിലെ വിയപ്പിൻെറ ഫലമായ അപ്പവും വീഞ്ഞും ബലിയ്ക്കുവേണ്ടി സമപ്പിക്കുവാൻ ആദിമ ക്രിസ്ത്യാനി ഉത്സുകനായിരുന്നു. തൻെറ സന്മനസ്സിനെയും വിധേയത്വത്തേയും തന്നെത്തന്നെയും ദൈവത്തിനു സമപ്പിക്കുന്നതിൻെറ ബാഹ്യാടയാളമായാണു് ഈ കാഴ്ചദ്രവ്യങ്ങഠം കണക്കാക്കപ്പെട്ടതു്. എല്ലാവരും അപ്പവും വീഞ്ഞും കൊണ്ടുവരുക അപ്രായോഗികമായതോടെ തൽസ്ഥാനത്തു് നേർച്ചയിടീൽ കയറിപ്പററി. ബലിയിൽ ജനങ്ങഠംക്കുള്ള പങ്കു കാണിക്കാനായി പുരോഹിതൻ കഴ്ചവസ്തുക്കഠം ഒരുക്കുന്ന സമയം അവരിൽനിന്നു് നേർച്ചപ്പണം ശേഖരിക്കുന്നു. നേർച്ചയിടീലിൻെറ ശരിയായ അത്ഥം സൂചിപ്പിക്കണമെങ്കിൽ കാഴ്ചവസ്തുക്കഠം ഒരുക്കുമ്പോഠം അതു നടത്തണമെന്നു സ്പഷ്ടമാണല്ലോ. അതുപോലെതന്നെ എല്ലാവരും ഇതിൽ പങ്കെടുക്കയും വേണം. കുടുംബനാഥൻ സാധാരണ ഇടാറുള്ള തുക വീതിച്ചെടുത്തു്— അതു് തുച്ഛമായിക്കൊള്ളട്ടെ സാരമില്ല — കുടുംബാംഗങ്ങളെല്ലാം നേർച്ചയിടണം. ഈ പതിവു് ആരാധനക്രമത്തിൻെറ അരൂപിയ്ക്കു വളരെ യോജിച്ചതുതന്നെ.

# 18

## റാസയിലെ സാഷ്ടാംഗപ്രണാമം

പിരിച്ചുവിടലിനുശേഷം കരിശ്ശും സുവിശേഷവും മേശയിൽ തിരിച്ചുവയ്ക്കുന്നു. അപ്പോൾ ,,പുരോഹിതൻ വിശുദ്ധബലിപീഠത്തിൻെറമുമ്പിൽ പ്രവേശിക്കുമ്പോൾ'' (കഹനാമാ....) എന്നുതുടങ്ങുന്ന കീർത്തനം ആരംഭിക്കുന്നു. പാട്ടുകാർ അതു പാടുമ്പോൾ, പുരോഹിതൻ, ജനങ്ങളുടെ മദ്ധ്യത്തിൽ നിലത്തുവിരിച്ചിരിക്കുന്ന വിരിപ്പിൻെറമുമ്പിൽ മുട്ടുകുത്തുകയും മൂന്നു പ്രാവശ്യം സാഷ്ടാംഗപ്രണാമം ചെയ്യുകയും ചെയ്യുന്നു. പിന്നീട് അദ്ദേഹം കീർത്തനത്തിൻെറ അവസാനവാക്കുകൾ (‚മിശിഹായുടെ രക്തവും') പാടി ആശീർവദിക്കുന്നു. സാഷ്ടാംഗപ്രണാമം വിരിപ്പിൻെറ മൂന്നു വശങ്ങളിൽ കൂടി ആവർത്തിക്കുന്നു. അനന്തരം ബലിപീഠത്തിനടുക്കൽ നില്ക്കുന്ന ഡീക്കന്മാർ രണ്ടുപേരും കിഴക്കോട്ടുതിരിഞ്ഞുനിന്നു ‚ല്ആലം വ്ലആലം' (എന്നുമെന്നേയ്ക്കും) പാടുന്നു. തുടർന്ന് അവർ പുരോഹിതൻെറനേരെ തിരിയുകയും ,,കർത്താവേ, നീ നിൻെറ പന്ത്രണ്ടുപേരോടുചെയ്ത വാഗ്ദാനം സാധുവാക്കുക'' എന്നു പാടുകയും ചെയ്യുന്നു. പുരോഹിതൻ പ്രത്യുത്തരമായി ,,കണ്ടാലും ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടിയായിരിക്കും'' എന്നു പാടുന്നു. അപ്പോൾ ഡീക്കന്മാർ തുടരുന്നു ''നിൻെറ കൃപയുടെ സഹായത്താൽ, നീ നിൻെറ ശ്ലീഹന്മാരോടുകൂടി ആയിരുന്ന

തുപോലെ, ഞങ്ങളോടുകൂടി ആയിരിക്കുക''എന്നു്. അവസാനത്തെ രണ്ടു വാക്യങ്ങൾ, (കണ്ടാലും ഞാൻ; ഞങ്ങളോടുകൂടി ആയിരിക്കുക) മൂന്നു പ്രാവശ്യം ആവത്തിക്കുന്നു– ഓരോതവണയും കൂടുതൽ കൂടുതൽ ഉച്ചത്തിൽ. ഡീക്കൻ അതിനിടയിൽ ഓരോ തവണയും പുരോഹിതൻെറനേരെ അല്പാല്പം മുമ്പോട്ടു നടക്കുന്നു. അവസാനം അവരെല്ലാവരുംകൂടെ ''പ്രലോഭനത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും, എല്ലായ്പോഴും നിൻെറ മഹനീയവും പരിശുദ്ധവുമായ നാമത്തെ ഏററുപറയുകയും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുവാൻ സമാധാനംനിറഞ്ഞയവസരങ്ങൾ തരികയും ചെയ്യുക'' എന്നു പാടിക്കൊണ്ടു സാഷ്ടാംഗപ്രണാമം ചെയ്യുന്നു.

അസാധാരണമായ ഈ ചടങ്ങു് മലബാർ സഭയുടെ ഒരു പ്രത്യേകതയാണു്. ''വിരിയുടെ നാലുവശങ്ങളിലും സാഷ്ടാംഗം പ്രണമിക്കുന്ന'' നെസ്തോറിയൻ പുരോഹിതനെപ്പററി ബ്രൈററ്മാൻ പറയുന്നുണ്ടു് (1). ആരാധനക്രമത്തിൽ എപ്പോൾ എങ്ങനെ ഈ കർമ്മം ഉൾക്കൊള്ളിച്ചുവെന്നു് വിശദമാക്കുവാൻ പോരുന്ന രേഖകളൊന്നും നമു

1. BRIGHTMAN, op. cit., p. 169; ഗാല്ലിക്കൻ കുർബാനയിൽ ഇത്തരം സാഷ്ടാംഗപ്രണാമമുണ്ടായിരുന്നു: "sacerdotes prostrati ante Dominum pro peccato populi intercedant dicente Domino ad Aaron" Tu et filii tui vel omnis tribus Levi portabitis peccata populi mei, utique non poenaliter sustinendo sed precibus sublevando" PL 72, col. 92; 7–ാംനൂററാണ്ടിൽ മാർപ്പാപ്പാ കുർബാനയുടെ ആരംഭത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തിരുന്നതായി രേഖകളുണ്ടു്: SILVA TAROUCA C., Giovanni Archicantor di S. Pietro a Roma e l' Ordo Romanus da lui composto, Roma, 1923, p. 126.

ക്കില്ല. ഫാദർ റാസ് പറയുന്നു: കുർബാനയുടെ ക്രമമുൾക്കൊള്ളുന്ന ഏററംപഴയ രണ്ടു കയ്യെഴുത്തു പ്രതികൾ (Seert 38, Berlin 38)വ്യക്തമാക്കുന്നതുപോലെ ഈ രീതി പതിനാലും പതിനഞ്ചും നൂററാണ്ടുകളിൽ നടപ്പിലിരുന്നു (2).

## വ്യാഖ്യാനങ്ങൾ

ആരാധനക്രമവ്യാഖ്യാതാക്കൾ ഈ കർമ്മത്തെപ്പററി പൊതുവിൽ മൗനം ദീക്ഷിക്കുകയാണ് (3). ഈ സാഷ്ടാംഗപ്രണാമക്രമത്തിൻെറ വ്യാഖ്യാനം ചിലരുടെ അഭിപ്രായത്തിൽ വിവിധതരത്തിലാകാം: 1) പുരോഹിതൻ, ദിവ്യബലി ആരംഭിക്കുന്നതിനുമുമ്പ് സാഷ്ടാംഗപ്രണാമം ചെയ്ത് തറയിൽ ചുംബിച്ച് എളിമ പ്രവൃത്തികൾ ചെയ്യുന്നു. 2) വിരിപ്പിൽ ചിത്രീകരിച്ചിരിക്കുന്ന കുരിശിനെയാണ് ഈ സാഷ്ടാംഗപ്രണാമംകൊണ്ടു് ബഹുമാനിക്കുക. 3) ലത്തീൻ കുർബാനയുടെ ആരംഭത്തിൽ പരസ്യമായി പാപം ഏററുപറയുന്നതുപോലൊരു പ്രായശ്ചിത്തപ്രവൃത്തി 4) ബലിപീഠത്തിൻെറ ചുവട്ടിൽ വിനീതനായി നിൽക്കുന്ന പുരോഹിതൻ പരമബലിക്ക് ഗദ്സേമൻ തോട്ടത്തിൽ തയ്യാറെടുക്കുന്ന ഈശോയെ പ്രതിനിധീകരിക്കുന്നു (4). 5) ബലിവസ്തുക്കളോടു കാണിക്കുന്ന ബഹുമാനം (4a). 6) പന്ത്രണ്ടു ചുംബനങ്ങളുള്ള

---

2. RAES, An Explanation........, p. 23.
3. Ibid. pp. 23–24.
4. FABIAN, The Liturgy of the St. Thomas Christians of Malabar, Mannanam, 1954, p. 90.

4a. RAES A., Il Raza, op. cit., p. 13–14: പുരാതന കാലത്ത് കാഴ്ചദ്രവ്യങ്ങൾ പ്രദക്ഷിണമായി ബേമായിലേയ്ക്കു കൊണ്ടു വന്നിരുന്നുവെന്നും തത്സമയം മെത്രാൻ അവയെ കുമ്പിട്ടുവണങ്ങിയിരുന്നുവെന്നും ഫാദർ റാസ് പറയുന്നു. ഇതിനാസ്പദമായ രേഖകളൊന്നും അദ്ദേഹം നൽകുന്നില്ല.

സാഷ്ടാംഗപ്രണാമം പന്ത്രണ്ടു ശ്ലീഹന്മാരുടെ പാദക്ഷാളനത്തെ സൂചിപ്പിക്കുന്നു (4b).

ഇനി സാഷ്ടാംഗപ്രണാമത്തിൻെറ അർത്ഥം ശരിക്കു് മനസ്സിലാക്കുവാൻവേണ്ടി ഈ സമയത്തു പാടുന്ന ഗീതം പരിശോധിച്ചുനോക്കാം.

,,നിൻെറ പുരോഹിതന്മാർ തങ്ങളെത്തന്നെ വിശുദ്ധികൊണ്ടും നിൻെറ പരിശുദ്ധർ മഹത്വംകൊണ്ടും ധരിപ്പിക്കട്ടെ (സങ്കീ: 131: 9). ,,പുരോഹിതൻ വിശുദ്ധമായ ബലിപീഠത്തിൻെറ മുമ്പിൽ പ്രവേശിക്കുമ്പോഠം തൻെറ കരങ്ങഠം സ്വർഗ്ഗത്തിലേക്കുയർത്തി വിരിച്ചുപിടിച്ചു്, അരൂപിയെ വിളിച്ചപേക്ഷിക്കുന്നു. പരിശുദ്ധാരൂപി ഉന്നതങ്ങളിൽ നിന്നിറങ്ങിവരികയും മിശിഹായുടെ ശരീരത്തേയും രക്തത്തേയും പവിത്രീകരിക്കുകയും ചെയ്യുന്നു.''

,,നമുക്കു് അവൻെറ കൂടാരത്തിൽ പ്രവേശിക്കുകയും അവൻെറ പാദപീഠത്തെ ആരാധിക്കുകയും ചെയ്യാം'.' (സങ്കീ–131:7).

,,പിതാവിനും..സ്തുതി..പുരോഹിതൻ..വിശുദ്ധ..''
,,ആദിയിലെപ്പോലെ.... പുരോഹിതൻ....''

ഈ കീർത്തനം പരിശോധിക്കുമ്പോഠം ദിവ്യബലിയെപ്പററിയുള്ളതാണിതെന്നു് കാണാം. ഇതിൽ മിശിഹായുടെ സാക്ഷാൽ ശരീരവും രക്തവും കൂദാശചെയ്യുന്ന പരിശുദ്ധാരൂപിയെ ബലിപീഠത്തിനു മുമ്പിൽവച്ചു് വിളിച്ചപേക്ഷിക്കുന്ന പുരോഹിതനെപ്പററിപ്പറയുന്നു. പരിശുദ്ധാ

---

4b. KALAPURA A., An English Version of Rasa, Verapoly, 1924, p. 63.

രൂപിയെ വിളിച്ചപേക്ഷിക്കുന്നതുകൊണ്ടു് അതു് ഒരു റൂഹാക്ഷണം (Epiclesis) കൂടിയാണെന്നു് കരുതാം. പുരോഹിതനെ ബാധിക്കുന്നതുമാണു്. ‚‚പുരോഹിതന്മാർ തങ്ങളെത്തന്നെ വിശുദ്ധികൊണ്ടും, നിൻെറ പരിശുദ്ധർ മഹത്വംകൊണ്ടുംധരിപ്പിക്കും'' എന്ന സങ്കീർത്തനവാക്യങ്ങൾ പുരോഹിതന്മാരെയും അവരുടെ സ്ഥാനത്തെയും സൂചിപ്പിക്കുന്നു. പുരോഹിതൻ ‚‚തൻെറ കരങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തിവിരിച്ചുപിടിക്കു''ന്നതുകൊണ്ടു് അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥതയേയും പ്രാർത്ഥനയേയും സൂചിപ്പിക്കുന്നു. ‚‚നമുക്കു് അവൻെറ കൂടാരത്തിൽ പ്രവേശിക്കുകയുംഅവൻെറ പാദപീഠത്തെ ആരാധിക്കുകയും ചെയ്യാം'' എന്ന സങ്കീർത്തനവാക്യം ദൈവത്തിനർഹമായ ആരാധനയെയാണു് ദ്യോതിപ്പിക്കുക. ഈ ആശയങ്ങളെല്ലാം —കൃതജ്ഞതാസ്തോത്രം, റൂഹാക്ഷണം, മാദ്ധ്യസ്ഥ്യം, മററുള്ളവക്കുവേണ്ടിയുള്ള പ്രാർത്ഥന, ആരാധന— ഒന്നിച്ചു് വീക്ഷിച്ചാൽ ഈ കീർത്തനം തികച്ചും വൈദികമാണെന്നു് മനസ്സിലാക്കാം. ഈ സാഷ്ടാംഗപ്രണാമത്തിനുശേഷം പുരോഹിതൻ ഔപചാരികമായി അൾത്താരയെ സമീപിക്കുന്നുവെന്നു് പറഞ്ഞുകഴിഞ്ഞു. പരിശുദ്ധാരൂപിയെ വിളിച്ചു് കൂദാശചെയ്യുന്ന പുരോഹിതൻെറ ഉൽകൃഷ്ടമായ അധികാരത്തെ അതു വിശദീകരിക്കുന്നുണ്ടു്; ശ്ലാഘിക്കുന്നുമുണ്ടു്. പുരോഹിതൻ തൻെറ ഉൽകൃഷ്ടവും ഭയജനകവുമായ അധികാരത്തെപ്പററി ബോധവാനായതുകൊണ്ടു് ദൈവമഹത്വത്തിൻെറ മുമ്പിൽ സ്വയം താഴ്ത്തുന്നതിനെ വ്യഞ്ജിപ്പിക്കുകയാണു് ഈ സാഷ്ടാംഗപ്രണാമം.

## ഈ ഗീതം മററു കർമ്മങ്ങളിൽ

ഈ കീർത്തനം എവിടെയെല്ലാം വരുന്നെന്നു പരിശോധിക്കാം: a) ശ്ലീഹാക്കാലം ഏഴാം ഞായററി

ൻെറ കാഴ്ചവസ്തുപ്രദക്ഷിണഗീതമായിട്ടു ഇതു വരുന്നു. (5) മൂന്നു പ്രാവശ്യം പാടുന്നുണ്ട്. b) മെനേസ്സിസിൻെറ തക്സ കുറെ കീർത്തനങ്ങളോടൊത്തു് ഇതും കൊടുക്കുന്നു: "പുരോഹിതൻ വിശുദ്ധമായ ബലിപീഠത്തിലേക്കു കയറുമ്പോഠം തൻെറ കരങ്ങഠം സ്വർഗ്ഗത്തിലേയ്ക്കു യർത്തുകയും മിശിഹായുടെ ശരീരവും രക്തവും കൂദാശചെയ്യുകയും ചെയ്യുന്നു. ഇപ്പോഴും എന്നേയ്ക്കും'' (6). ആകസ്മികമായിക്കാണാനിടവരുന്നവനു് അതു റാസയിലുള്ള ഒരു സാഷ്ടാംഗപ്രണാമമാണെന്നു തോന്നാം. പക്ഷേ ശ്രദ്ധയോടെ വായിക്കുന്നവനു് പുരോഹിതൻെറ ഉൽക്കൃഷ്ടമായ അധികാരത്തെയാണതു് സൂചിപ്പിക്കുന്നതെന്നു് ഗ്രഹിക്കാൻ പ്രയാസമില്ല. c) അതു പള്ളിക്കൂദാശക്രമത്തിലെ കീർത്തനത്തിൻെറ ഒരു ഭാഗമാണു് (7). d) പുരോഹിതൻെറ അധികാരത്തെപ്പററിപ്പറയുന്ന ഈ ഓനീസാ പുരോഹിതന്മാർക്കു പട്ടം കൊടുക്കുന്ന ക്രമത്തിൽ യഥോചിതം ചേർത്തിട്ടുണ്ടു് (8). e) ശ്ലീഹാക്കാലം ആറാമത്തേയും ഏഴാമത്തേയും ശനിയാഴ്ചകളിലെ രാത്രിജപത്തിൽ ഈ കീർത്തനംകാണാം (9). ഗാഢമായ പഠനശേഷം റാസ് ഉറപ്പിച്ചുപറയുന്നതു്, ആരംഭത്തിൽ ഇതു ശ്ലീഹാക്കാലത്തിലെ ഏഴാമത്തെ ഞായറാഴ്ചകളുള്ള കാഴ്ചവസ്തുപ്രദക്ഷിണഗീത

---

5. Supplementum.... p. 121– 122.
6. RAULIN, I. F., Historia Ecclesiae Malabaricae.... Romae, 1745, pp. 318–21.
7. RAES, Une Onitha eucharistique dane les rites Chaldeenne et Malabare, OS II (1957) 61.
8. Chaldean Pontifical (Syriac), Rome 1957, p. 145.
9. Breviarium Chaldeaorum, III, p. 151, 168.

മായി എഴുതിയിട്ടുള്ളതാണെന്നത്രെ (10). തങ്ങളുടെ പ്രേഷിതത്വത്തിൻെറ പശ്ചാത്തലത്തിൽ പരിശുദ്ധാത്മാവിനോടു പ്രത്യേകബന്ധം പുലത്തുന്ന ശ്ലീഹന്മാരേയും പുരോഹിതന്മാരെയുംപററി വ്യക്തമായ പരാമർശങ്ങൾ ഇവിടെയുണ്ടെന്നു് മറക്കരുതു് (11).

സാഷ്ടാംഗപ്രണാമത്തെത്തുടർന്നു വരുന്ന ഉദ്ഘോഷണങ്ങൾ ഈ വിഷയത്തിൽ അല്പം വെളിച്ചം വീശിയേക്കാം. ''ലോകാവസാനംവരെ'' ശിഷ്യന്മാരോടുകൂടി താനുണ്ടായിരിക്കുമെന്ന മിശിഹായുടെ വാഗ്ദാനത്തെ ഉറപ്പിക്കുവാൻ ഡീക്കന്മാർ അപേക്ഷിക്കുന്നു. പുരോഹിതൻ നമ്മുടെ കർത്താവിൻെറ വാക്കുകളിൽ ''കണ്ടാലും.....ഞാൻ നിങ്ങളോടുകൂടിയായിരിക്കും'' എന്നുത്തരവും പറയുന്നു.

## സമാപന പ്രാർത്ഥന

പുരോഹിതൻ നാലാമത്തെ സാഷ്ടാംഗപ്രണാമം നടത്തിക്കഴിയുമ്പോൾ ഡീക്കന്മാർചൊല്ലുന്ന പ്രാത്ഥനയുടെ ആശയമിതാണു്: a) ഈ സാഷ്ടാംഗപ്രണാമംവഴി ദൈവത്തിൻെറ കരുണയാചിക്കുന്നവരുടെമേൽ: ''നിൻെറ കരുണയുടെ വലത്തുകരം.... നിഴലിക്കട്ടെ.'' b) പുരോഹിതൻ ഈ എളിമപ്രവൃത്തിവഴി ജനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു. ''നിൻെറ ജനങ്ങളിലും നിൻെറ ആട്ടിൻകൂട്ടത്തിലും വസിക്കുക.'' c) അവരെ പരിപാലിക്കുന്നദൈവസഹായത്തിൽ പരിപൂണ്ണശരണം: ''നിൻെറതന്നെ കരവേലയായ ഞങ്ങളെ ദുഷ്ടൻെറ കരങ്ങളിലേയ്ക്കു് നീ തള്ളിക്കളയരുതേ.'' d) ക്രിസ്തു ശ്ലീഹന്മാരോടുകൂടി ആയിരുന്നതുപോലെ അവിടത്തെ വാഗ്ദാനപ്രകാ

10. RAES, Une Onitha... , op. cit., p. 64.
11. മുകളിൽ 11–ാംവശം കാണുക.

രം ജനത്തിൻെറ കൂടെയുമായിരിക്കും. ''കണ്ടാലും ഞാൻ നിങ്ങളോടുകൂടെയാകുന്നു: നിൻെറ ശ്ലീഹന്മാരോടുകൂടെ ആയിരുന്നതുപോലെ ഞങ്ങളോടുകൂടെ ആയിരിക്കുക.''

മുകളിൽ നാം പറഞ്ഞു, സാഷ്ടാംഗപ്രണാമസമയത്തു് ആലപിക്കുന്ന ഗീതം (ഓനീസാ ദ് റാസേ) പുരോഹിതന്മാരുടെ ഉൽകൃഷ്ടമായ പ്രേഷിതത്വത്തെ സൂചിപ്പിക്കുന്നതാണെന്നു്. ഈ കർമ്മത്തിൽ അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥ്യത്തിൻെറ ചുമതലയാണു് വെളിച്ചത്തുകൊണ്ടുവരുന്നതു്. തൻെറ ഭയജനകമായ ചുമതലയെപ്പററി ബോധവാനായ പുരോഹിതൻ സാഷ്ടാംഗപ്രണാമംകൊണ്ടു് സ്വയം എളിമപ്പെടുന്നു. ഈ ഭയം നിറഞ്ഞ മനോഭാവത്തിൽ, താനൊരുപകരണമാണെന്ന വസ്തുതതന്നെ വിസ്മരിച്ചുകൊണ്ടു് വസ്തുമാററമെന്ന മഹാരഹസ്യം മുഴുവനും പരിശുദ്ധാത്മാവിയുടെ പ്രവൃത്തിയാണെന്നു ഏററുപറയുന്നു. ''പുരോഹിതൻ, അരൂപിയെ വിളിക്കുന്നു. അതിറങ്ങിവരുന്നു.... മിശിഹായുടെ ശരീരത്തെയും രക്തത്തെയും വിശുദ്ധീകരിക്കുന്നു (കൂദാശചെയ്യുന്നു).'' ഭയഭക്തിജനകമായ ഈ അന്തരീക്ഷത്തിൽ നമ്മുടെ കർത്താവു് തൻെറ ശ്ലീഹന്മാക്കു വാഗ്ദാനംചെയ്ത സഹായമാണു് അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നതു്. അപ്പോഴം അദ്ദേഹം പ്രലോഭനങ്ങളിൽനിന്നു് തന്നെയും തൻെറ ജനത്തെയും രക്ഷിക്കുവാനും പാപം ഏററുപറയുന്നതിനു സഹായിക്കുവാനും മററും നമ്മുടെ കർത്താവിനോടപേക്ഷിക്കുന്നു.

## കൈയെഴുത്തുപ്രതികളിൽ

ഇന്നു മലബാർസഭയുടെ പ്രത്യേകതയാണു് സാഷ്ടാംഗപ്രണാമം. ഇതിനുപുറമേ കൽദായരുടെയും നെസ്തോറിയരുടെയുംകുർബാനയുടെ ചില കൈയെഴുത്തുപ്രതി

കരം നാം പരിശോധിക്കുകയാണു്. ബ്രൈററ്മാൻ പ്രസിദ്ധപ്പെടുത്തിയ 18–ാം നൂററാണ്ടിലെ ഒരു കൈയെഴുത്തുപ്രതിയിൽ കൊടുത്തിരിക്കുന്ന വാക്യം ഇങ്ങനെയാണു്: ''ബേമായുടെ നാലുവശങ്ങളിലും പുരോഹിതൻ വണങ്ങുന്നു. ആദ്യം അദ്ദേഹം രണ്ടു പ്രാവശ്യം കിഴക്കുവശത്തേയ്ക്കു വണങ്ങുന്നു, പിന്നീടു് വലതുവശത്തേയ്ക്കു്, പിന്നെ ഒരിക്കൽ കിഴക്കുവശത്തേയ്ക്കു്, പിന്നീടു് മേല്പോട്ടു നോക്കുന്നു. തുടന്നു് രണ്ടുപ്രാവശ്യം കിഴക്കുവശത്തേക്കു വണങ്ങുന്നു, പിന്നെ ഒരുപ്രാവശ്യം ഇടതുവശത്തേയ്ക്കു്, അനന്തരം ഒരുതവണ കിഴക്കുവശത്തേയ്ക്കു്, എന്നിട്ടു് പുറകുവശത്തേയ്ക്കു് ഒരു പ്രാവശ്യവും'' (12).

Vat. Sir. 66, 290, Berlin 39, Mossul 36, 41, Leiden Orient 1215, Bibl Nat. Syr 84, 89, 90, 93, 94, 95, 96, 97, 98, 99എന്നീ കൈയെഴുത്തുപ്രതികളിൽ ഈ കർമ്മത്തെപ്പററി ഒന്നും പറയുന്നില്ല. A. D. 1496–ൽ എഴുതപ്പെട്ട Berlin 38 (13) പിരിച്ചുവിടീൽ, കാഴ്ചവസ്തു് എന്നിവയ്ക്കുശേഷം ''ബേമായുടെ നാലുവശത്തേയ്ക്കും ആചാരം ചെയ്യുന്നു'' എന്നു ഇതേപ്പററിപ്പറയുന്നു. മാറോനീത്താക്കാരുടെ ശറർ എന്ന അനാഫൊറായിലും (വി. പത്രോസിൻെറ– A. D. 1450 ലെ Bibl. Nat. Syr: 71) ഈദൃശ ക്രമത്തെപ്പററി പറയുന്നതായി തോന്നുന്നു; കുരിശാകൃതിയിൽ വണങ്ങുന്നു (സാഗേദ് ബ്തുവ്സ ദസ്ലീവ) (14).

---

12. BRIGHTMAN, Liturgies Eastern and Western, p. 269.
13. SACHAU E., Die Handschriften Verzlichnisse der Koniglichen Bibliothek zu Berlin, Berlin 1899, p.
14. Mossul 38,(13–ാംനൂററാണ്ടു്)എന്ന രേഖയിൽ ഈചടങ്ങില്ല.

മലബാറിലെ മെത്രാപ്പോലീത്താ ഫ്രാൻസിസ് റോസിൻെറ (1599–1624) ഭരണത്തിൻെറ നാലാംവത്സരമെന്നു രേഖപ്പെടുത്തിയിരിക്കുന്നതും മാന്നാനം കർമ്മലീത്താ ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ റാസയുടെ ഒരു കൈയെഴുത്തുപ്രതിയിൽ ഇങ്ങനെയൊരു ഖണ്ഡികയുണ്ടു്:

കാർമ്മികൻ നിന്നുകൊണ്ടു് കഹനൈക് നെൽവ്ശ്ശുൻ (നിൻെറ പുരോഹിതന്മാർ) എന്ന ഗീതം ആരംഭിക്കുന്നു. പുരോഹിതൻ മൂന്നുപ്രാവശ്യം മദ്ബഹായ്ക്കു ആചാരം ചെയ്യുന്നു (സാഗേദ്). അതിൻെറ ശേഷം ആ വശത്തുള്ളവരെ ആശീർവ്വദിക്കുന്നു. പിതാവിനും പുത്രനും .... ചൊല്ലി വടക്കുവശത്തേയ്ക്കു മൂന്നു പ്രാവശ്യം ആചാരംചെയ്യുന്നു. ''ആദിമുതൽ'' എന്നതുചൊല്ലി പടിഞ്ഞാറേയ്ക്കും. ''എല്ലാ ജനങ്ങളും ആമ്മേൻ'' എന്നു ചൊല്ലി ഒരുക്കുവശത്തേയ്ക്കു മൂന്നുപ്രാവശ്യം ആചാരം ചെയ്യുന്നു. ''അനന്തരം ആ വശത്തുള്ളവരെ ആശീർവ്വദിക്കുന്നു''വെന്നതു് മറെറാരിടത്തും കാണാത്ത ഒരു വിശദീകരണമാണു്.

ഈ കർമ്മത്തെപ്പററി വെറുതെ ഒന്നു പറയുകമാത്രം ചെയ്തിട്ടുള്ള കൈയെഴുത്തുപ്രതികൾക്കു മാതൃകയായി Cambridge Add 2045 എടുക്കാം. അതിൽ പിരിച്ചുവിടീലിനുശേഷം ഇങ്ങനെ കാണുന്നു: പുരോഹിതൻ ബേമായുടെ നാലുവശത്തേയ്ക്കും ആചാരം ചെയ്യുകയും ഗീതമാലപിയ്ക്കുകയും ചെയ്യുന്നു. ഇറങ്ങുകയും(?) ജനത്തിനു സമാധാനം ആശംസിക്കുകയും(?) ഡീക്കന്മാരെ സമീപിക്കുമ്പോൾ അവർ അദ്ദേഹത്തെ മുഖാഭിമുഖമായി നിന്നു വണങ്ങുകയും ചെയ്യുന്നു. പുരോഹിതൻ ''ആലാഹാ മാറേകോൽ'' എന്നു ചൊല്ലുന്നു. പുരോഹിതനും ഡീക്കന്മാരും തമ്മിൽ അടുത്തു് അഭിവാദനം ചെയ്യുന്നതു് ഇവിടെ സൂചിപ്പിക്കുന്നുണ്ടു്.

Brit. Mus. Add 7181, Vat. Sir. 42, 303, Paris Bibl. Nat. Syr 283, 310, Mingama 53 (Wood brook foundation Birmingam) Berlin 40. തുടങ്ങി പ്രസക്തവാക്യങ്ങരം അല്പ വ്യത്യാസങ്ങളോടുകൂടിത്തരുന്ന പല രേഖകളുണ്ട്. Brit. Mus. Add. 7181 ഇങ്ങനെ രേഖപ്പെടുത്തുന്നു:

പുരോഹിതൻ ഗീതമാരംഭിക്കുന്നു; ബേമായുടെ നാലുവശത്തേയ്ക്കും ആചാരം ചെയ്യുന്നു........ സമീപിക്കുന്ന ഡീക്കന്മാർ മുഖാഭിമുഖമായിനിന്നു ആചാരം ചെയ്യുന്നു.

Cambr· Add 1984, 2046, Mossul 42, Berlin 42 എന്നിവ പൂർണ്ണമായ വിവരണം തരുന്നുണ്ട്. ഈ കുർബാനകളിലെല്ലാം കർമ്മത്തെപ്പററിയുള്ള വിവരണം ഒന്നുപോലെയാണ്. Cambr· 1985 (A. D. 1707) ലേതു് ഇപ്രകാരമാണ്.

പുരോഹിതൻ ഗീതമാരംഭിക്കുന്നു. ബേമായുടെ നാലുവശത്തേയ്ക്കും ആചാരം ചെയ്യുന്നു. ആദ്യം കിഴക്കുവശത്തേയ്ക്കു രണ്ടുപ്രാവശ്യം ആചാരംചെയ്യുന്നു.

എന്നിട്ട് വലത്തേയ്ക്കും—
പിന്നീട് കിഴക്കോട്ടു ഒരു പ്രാവശ്യം—
എഴുന്നേല്ക്കുന്നു—
പിന്നീട് കിഴക്കോട്ടു രണ്ടു പ്രാവശ്യം—
ഇടത്തേയ്ക്കു ഒരു പ്രാവശ്യം
പിറകോട്ടു ഒരു പ്രാവശ്യം—....
സമീപിക്കുന്ന ഡീക്കന്മാർ
അദ്ദേഹത്തിനു് ആചാരം ചെയ്യുന്നു.

Bibl. Nat. 88—ൽകൂടുതൽ സംഗ്രഹരൂപത്തിലെങ്കിലും സ്പഷ്ടമായ ഒരു വാക്യമുണ്ട്: പുരോഹിതൻ നാലുവശ

ത്തേസ്സും ആചാരം ചെയ്യുന്നു; കിഴക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും കുരിശാകൃതിയിൽ വണങ്ങുന്നു.

ബേമായിൽത്തന്നെ നിന്നുകൊണ്ടു നാലുവശത്തേസ്സും (പുറത്തേസ്സ്) ആചാരം ചെയ്യുന്നതായി ഈ കൈയെഴുത്തുപ്രതികളിൽനിന്നു തോന്നാം. ഇപ്പോഠം സാഷ്ടാംഗപ്രണാമത്തിനു വിരിക്കുന്ന ചെറിയ വിരി ബേമായുടെ സ്ഥാനം സൂചിപ്പിക്കുന്നതാണോ? ഗവേഷണം ആവശ്യമുള്ള ഒരു രംഗമാണിതു്.

മുകളിൽകണ്ട രേഖകളിൽനിന്നു സാഷ്ടാംഗപ്രണാമം കൽദായക്കാരുടെ ഇടയിലും നടപ്പിലിരുന്നുവെന്നു വ്യക്തമാകുന്നു. ഈ രേഖകഠം പലതും വളരെ പുരാതനമല്ല എന്നതു് വാസ്തവമാണു്. ബർലിൻ 38 (1496 A. D.) യാതൊരു വിവരണവും നൽകാതെ ആ കർമ്മത്തെ ഒന്നു പരാമർശിക്കുകമാത്രം ചെയ്യുന്നു. തന്മൂലം ആ കൈയെഴുത്തുപ്രതി എഴുതിയവക്കും ഉപയോഗിച്ചവർക്കും സാഷ്ടാംഗപ്രണാമത്തെപ്പററി അറിയാമായിരുന്നുവെന്നു് അനുമാനിക്കുന്നതിൽ തെററില്ല. ആ കർമ്മം എന്നാരംഭിച്ചു എന്നതിനെപ്പററി പാത്രിയാർക്കീസ് തിമോത്തി ഒന്നാമൻ (പതിമൂന്നാം നൂററാണ്ടു്) ഉഠംപ്പെടെ എല്ലാ വ്യാഖ്യാതാക്കളും മൗനം ദീക്ഷിക്കുകയാണത്രെ. അത്തരമൊരു കർമ്മം എല്ലായിടത്തും പരക്കുന്നതിനു എത്രസമയം വേണ്ടിവരും? തിമോത്തിയുടെ കാലശേഷം കുറഞ്ഞപക്ഷം 15–ാം നൂററാണ്ടുമുതൽ കർബാനയിൽ അതിനു് സ്ഥാനമുണ്ടായി എന്നു് നിസ്സംശയം പറയാം.

## റൂഹാക്ഷണത്തോടു ബന്ധമോ?

ഈ പശ്ചാത്തലത്തിൽ സാഷ്ടാംഗപ്രണാമത്തോടു കൂടിയ ഗീതത്തിനു് (ഓനീസാ ദ് റാസേ) റൂഹാക്ഷണ

ത്തോട്ട് എന്തെങ്കിലും ബന്ധമുണ്ടോ എന്നാരായുന്നതുകൊള്ളാം. റൂഹാക്ഷണത്തിൻെറ നേരത്തു സാംഷ്ടാംഗം പ്രണമിക്കുന്ന പുരോഹിതനെപ്പററി വി. അപ്രേം പറയുന്നുണ്ട് (15). അബ്രാഹം ബർലിഫെ റൂഹാക്ഷണത്തിൻെറ സമയത്തു് ആരാധിക്കുന്ന പുരോഹിതനേയും ജനങ്ങളേയും പററി പ്രസ്താവിക്കുന്നു (16). ഇവയിലെല്ലാം സാഷ്ടാംഗപ്രണാമവും റൂഹാക്ഷണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ''പുരോഹിതൻ വിശുദ്ധമായ ബലിപീഠത്തിൽ പ്രവേശിക്കുമ്പോൾ'' എന്ന സ്തുതിഗീതം മെനേസ്സിസ്സിൻെറ കുർബാനക്രമത്തിൽ റൂഹാക്ഷണത്തോടടുത്ത സ്ഥാനത്താണു കൊടുത്തിരിക്കുന്നതു്. അതു് വിഭജനശുശ്രൂഷയോടു കൃത്യമായി ബന്ധപ്പെട്ടിട്ടുണ്ടെന്നതു് ശ്രദ്ധാർഹമാണ് (17). മേൽപറഞ്ഞിരിക്കുന്ന വാക്യത്തിൻെറ തർജ്ജമ ഗുവെയായുടെ പുസ്തകത്തിൻെറ അവസാനം പ്രത്യേകാക്ഷരത്തിലാണ് (Italics) അച്ചടിച്ചിരിക്കുന്നതു് (18). Oxford Ouseley 267(18-ാം നൂററാണ്ട്) എന്ന കയ്യെഴുത്തുപ്രതി പ്രസ്തുത വാക്യം ചുവപ്പുനിറത്തിലാണു തരുന്നതു്. ഇതു ശ്രദ്ധേയമാണ്. ഗീതം ആലപിക്കുമ്പോൾ ചെയ്യാനുള്ള ഏതെങ്കിലും ആംഗ്യത്തെ ദ്യോതിപ്പിക്കുകയാണോ ഇതു്? അനാഫൊറാ ആരം

---

15. KHOURI – SARKIS, L'incense de l'epiclese syrienne, OS, II 353.
16. "Totus populus simul cum sacerdote in hora incubationis Spiritus Sancti···· genuflectimus et adoramus", Interpretatio officiorum, p. 164.
17. MANSI, o. c. 35, 1248.
18. Journada Do Arcebispo....എന്ന ഗ്രന്ഥത്തിൻെറ അന്ത്യത്തിൽ കുർബാനക്രമം ചേർത്തിട്ടുണ്ട്. അതിന് പേജ് നമ്പർ ഇല്ല.

ഭിക്കുന്നതിനു തൊട്ടുമുമ്പാണ് സ്തുതിഗീതത്തോടു കൂടിയ സാഷ്ടാംഗപ്രണാമം ഇപ്പോഴത്തെ കുർബാനക്രമത്തിൽ നൽകിയിരിക്കുന്നതു്. അനാഫൊറായ്ക്കു് പഴയനിയമത്തിലെ ദൈവാലയപ്രതിഷ്ഠയോടു് (2 ദിനവൃത്താന്തം 6, 7) സാദൃശ്യമുണ്ടെന്നതു് പൊതുവെ സമ്മതിച്ചിരിക്കുന്നതത്രെ. അവിടെ രാജാവു് ദൈവത്തെ സ്തുതിച്ചശേഷം ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തുകയും ദൈവാലയത്തിൽ വസിക്കണമെന്നു് ദൈവത്തോടപേക്ഷിക്കുകയും ചെയ്യുന്നു (19). ഈ പ്രാർത്ഥനയുടെശേഷം ദൈവാവിഷ്കരണം (Theophany) സംഭവിക്കുന്നു. അതിൽ ദൈവത്തിൻെറ ശക്തി കാഴ്ചദ്രവ്യങ്ങളുടെമേൽ ഇറങ്ങുന്നു.

അനാഫൊറാ ദൈവാവിഷ്കരണമാണെന്നുകരുതിയാൽ അതിനു മുമ്പത്തേ പ്രാർത്ഥന നന്നായി വിശദീകരിക്കുവാൻ പററും. സുറിയാനിറീത്തിലേയും മററു റീത്തുകളിലേയും ചില അനാഫൊറകൾക്കു്, പരിശുദ്ധാത്മാവിയോടുള്ള രണ്ടുപ്രാത്ഥനകളുണ്ടു്. ഒന്നു് അനാഫൊറായ്ക്കു മുമ്പും മററതു് അതിനിടയ്ക്കും (20). അതുപോലെ സാഷ്ടാംഗപ്രണാമത്തിലെ സ്തുതിഗീതം പരിശുദ്ധാത്മാവിയോടുള്ള പ്രാരംഭപ്രാത്ഥനയായി കരുതാമോ?

•

സ്തുതിഗീതത്തിൻെറ സ്ഥാനം വിഭജനശുശ്രൂഷയുടെ സമയത്തായിരിക്കണമെന്നു് മെനേസ്സസ്സിൻെറ കുർബാനക്രമം നിർദ്ദേശിക്കുന്നു. അപ്പസ്തോലന്മാരുടെ അനാഫൊറായിലെ റൂഹാക്ഷണം സ്ഥാനംമാററി നേരത്തെയാക്കിയപ്പോൾ അതോടനുബന്ധിച്ചുണ്ടായിരുന്ന കീത്തനം പഴയ സ്ഥാനത്തുതന്നെയിട്ടിരുന്നു. അങ്ങനെയാണു് മെനേ

---

19. LIGIER LOUIS, Theologia et Liturgia SS. Eucharistiae, Rome, 1963, p p. 135f.
20. ഉദാ: ദിയസ്ക്കോറസിൻെറ അനാഫൊറാ.

സ്സസ്സിൻെറ തക്സായിലേതുപോലെ സാഷ്ടാംഗപ്രണാമത്തോടനുബന്ധിച്ച കീർത്തനം അപ്പംമുറിക്കലിൻെറയടുത്തുവന്നതു്. ഡോം ബോട്ടിൻെറ അഭിപ്രായമാണിതു് (21). മെനേസ്സസ്സിൻെറ കാലത്തു് ഈ സ്തുതിഗീതം റൂഹാക്ഷണമായി കരുതിയിരുന്നുവെന്നതു് വാസ്തവമാണു്. ഉദയംപേരൂർ സൂനഹദോസെങ്കിലും അങ്ങനെ മനസ്സിലാക്കിയിരുന്നു. സ്തുതിഗീതത്തെപ്പററിയുള്ള സൂനഹദോസ്സിൻെറ വീക്ഷണം നമുക്കറിയാം: ''വി. കുർബാന ഉയർത്തിയശേഷം വൈദികഗണവും ആറാം പട്ടക്കാരനുംകൂടി ഒന്നിടവിട്ടുചൊല്ലുന്ന സ്തുതിഗീതത്തിൽ പുരോഹിതൻ ബലിപീഠത്തിൽ കയറുമ്പോഠം അദ്ദേഹത്തിൻെറ കരങ്ങഠം സ്വർഗ്ഗാഭിമുഖം വിരിച്ചു് ഉയർത്തിപ്പിടിക്കുകയും ഉന്നതങ്ങളിൽനിന്നിറങ്ങി മിശിഹായുടെ ശരീരവും രക്തവും കൂദാശചെയ്യുന്ന പരിശുദ്ധാരൂപിയെ വിളിക്കുകയുംചെയ്യുന്നു എന്നുണ്ടു്. ഇതിനുപകരം വായിക്കേണ്ടതിങ്ങനെയാണു്: തൻെറ കരം ശുദ്ധമായി സ്വർഗ്ഗാഭിമുഖം ഉയർത്തുകയും മിശിഹായുടെ ശരീരവും രക്തവും കൂദാശചെയ്യുകയും ചെയ്യുന്നു'' (22). കൽദായ തക്സായുടെ ഉർമിയ (URMIA) പതിപ്പു് (1901) റൂഹാക്ഷണത്തോടുചേർത്തു നിർദ്ദേശിക്കുന്ന ആംഗ്യം ഈ സ്തുതിഗീതത്തിൻെറ ഭാഗികാശയമാണു്: ''ഉന്നതത്തിലേയ്ക്കു കൈകളുയർത്തുന്നു.''

ഈ സ്തുതിഗീതം ഇപ്പോഴത്തെ സ്ഥാനത്തു് എപ്പോഠം എങ്ങനെ വന്നുവെന്നു് നമുക്കറിവില്ല. ബലിപീ

---

21. BOTTE B., L'epiclese dans les liturgies orientales, Sacris Erudiri, VI (1954) 63f.
22. MANSI, op. cit., 35, 1258. cf. VELLIAN J., Les Prosternements dans be Raza syro Malabar OS II (1966) 367-78

ഠത്തെ സമീപിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന (''ഞാൻ ഏറ്റുപറയുന്നു'' — മൗദേനാലാക്) ഈശോയാബ്ബ് ഒന്നാമൻെറ (582) കാലത്തു് അപ്പംമുറിക്കലിൻെറ പ്രാർത്ഥനയായിരുന്നെന്നു് പറയാൻ സാധിക്കും. അതിപ്പോൾ ബലിപീഠത്തെ ഔപചാരികമായി സമീപിക്കുമ്പോഴാണ് ചൊല്ലുന്നതു്. പ്രസ്തുത കീർത്തനവും പല വ്യതിയാനങ്ങൾക്കു വിധേയമായിട്ടുണ്ടു്. ''പുരോഹിതൻ മദ്ബഹായിൽ പ്രവേശിക്കുമ്പോൾ'' എന്ന ഗീതം ഇപ്പോഴത്തെ സ്ഥാനത്തു് ഒരു പ്രാരംഭ റൂഹാക്ഷണമായി വിശദീകരിക്കാമോ? ഒരു പക്ഷേ ആകാം. അനാഫൊറാ മുഴുവൻ മുകളിൽപറഞ്ഞിരിക്കുന്ന പഴയനിയമത്തിലെ പള്ളിക്കൂദാശയുടേതുപോലെ ഒരു ദൈവാവിഷ്കാരമായി കാണുന്നെങ്കിൽ ഇതു് ദുസ്സാധമല്ലതാനും.

# 19

## വിശ്വാസപ്രമാണം

### i) വിശ്വാസസംഹിത

ദിവ്യബലിയുടെ സമയത്തു് ചൊല്ലുവാൻവേണ്ടി രചിച്ചതായിരുന്നില്ല വിശ്വാസപ്രമാണം (1). ക്രൈസ്തവസഭയുടെ ആദ്യശതകങ്ങളിൽ വിശ്വാസത്തിൻെറ പ്രധാനപ്പെട്ട രഹസ്യങ്ങളടങ്ങിയ പലേ 'ഫോർമുലകള'മുണ്ടായിരുന്നു. ''മാമോദീസ, ആരാധന, മതപ്രസംഗം, പാഷാണ്ഡതയ്ക്കു് എതിരെയുള്ള വിശ്വാസസമർത്ഥനം, ഭ്രതോച്ചാടനങ്ങരം– ഇവയെല്ലാം കാലത്തിൻെറ ആവശ്യമനുസരിച്ചു് നിശ്ചിതമാർഗ്ഗത്തിലൂടെ ക്രിസ്തീയവിശ്വാസം അവതരിപ്പിക്കുവാൻ അവസരങ്ങരം പ്രദാനംചെയ്തിരുന്നു....'' (2). ചരിത്രപരമായി നോക്കുമ്പോരം വിശ്വാസപ്രമാണത്തിനു് മാമോദീസായോടു ഗാഢമായ ബന്ധമുണ്ടെന്നു് മനസ്സിലാക്കാം. അപ്പോരം, മാമ്മോദീസായ്ക്കു് മുമ്പു് നടത്തിയിരുന്ന വിശ്വാസപ്രഖ്യാപനം പുരാതനമായ ഈ വിശ്വാസസംഹിതയുടെ ആരംഭം കുറിക്കുന്നു(3).

---

1. Symbol എന്ന പദത്തെപ്പററിയുള്ള പഠനത്തിനു്: KELLY J.N.D. Early Christian Creeds, London 3rd ed. 1963, pp. 52–63.
2. Ibidem, p. 30.
3. FORTESQUE, The Mass, London 11th Ed. 1955 p. 286. La Chiesa in preghiera, pp. 383, 561, 563, 564, 567. സ്നാനാർത്ഥികരം ഔപചാരികമായി വിശ്വാസപ്രമാണം സ്വീകരിക്കുന്നതിനെപ്പററി (Traditio symboli) അവിടെ പറയുന്നുണ്ടു്.

നർസേയും മൊപ്സ്വേസ്റ്റിയായിലെ തിയോഡോറും വിശ്വാസപ്രമാണത്തെപ്പററിപ്പറയുന്നതു് മാമോദീസാ യോടു ബന്ധപ്പെടുത്തിയാണു് (4). അവിശ്വാസികൾക്കു് ഗോപ്യമായിരിക്കണമെന്നു് നിബന്ധനയുണ്ടായിരുന്നതിനാൽ വിശ്വാസപ്രമാണം വിശ്വാസികളുടെ കുർബാനയിലേ ഉൾപ്പെടുത്തിയിരുന്നുള്ളു; സ്നാനാർത്ഥികളുടെ കുർബാനയിൽ (ദൈവവചനശുശ്രൂഷയിൽ) അല്ലായിരുന്നു. അതുകൊണ്ടു് അയോഗ്യരുടെ പിരിച്ചുവിടൽ സ്വാഭാവികമായും അതിനുമുമ്പുതന്നെ വരുന്നു (5).

വിശ്വാസപ്രമാണത്തിനുമുമ്പ് ബിസെൻറൈൻ ആരാധനാക്രമത്തിൽ ''വാതിലുകൾ സൂക്ഷിക്കുന്ന''കാര്യം ഡീക്കൻ ഓർമ്മപ്പെടുത്തണമെന്നനിർദ്ദേശം കുർബാനയെക്കുറിച്ചുള്ള നിബന്ധനകളെയത്രേ വ്യക്തമാക്കുന്നതു് (6). നമ്മുടെ കുർബാനയിൽ, പിരിച്ചുവിടലിൻെറ അവസാനമുള്ള, 'നിങ്ങൾ വാതിലുകൾ കാത്തുസൂക്ഷിക്കുക' എന്ന ആജ്ഞയും അനുസ്മരിപ്പിക്കുന്നതു് ഇതേ ആശയമാണു്.

ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം, കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണം തുടങ്ങി പല വിശ്വാസപ്രമാണങ്ങളുണ്ടു്. പ്രാദേശികമായി അല്പം മാററങ്ങൾ വരുത്തി അവ സഭയിൽ ഉപയോഗിച്ചിരുന്നു (7). നർസേയുടെ കാലത്തു് ആരാധനക്രമത്തിലുപയോഗിച്ചിരുന്നതു് നിഖ്യാവിശ്വാസപ്രമാണമായിരുന്നെന്നു് പറയുന്നു. ''മുന്നൂററിപ്പതിനെട്ടു് പുരോഹിതന്മാർ ഒപ്പുവെച്ചതു് ഈ

4. സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിൽ ഇതു സാധാരണമാണു്.
5. JUNGMANN Missarum....Vol. I p. 468,
6. BRIGHTMAN op. cit. p. 383.
7. KELLY, op. cit., pp. 167–201.

വിശ്വാസപ്രമാണത്തിനാണ്. എല്ലാവക്കും ഇതുതന്നെ അവർ നിർദ്ദേശിച്ചു. ചൊല്ലാൻ മടിച്ചവരെ അവർ ശ പിച്ചുതള്ളുകയും ചെയ്തു. പിതാക്കന്മാരുടെ വിശ്വാസമാ ണ് സഭ പുലത്തുന്നതു്. ദിവ്യരഹസ്യങ്ങളുടെ പരികമ്മ ത്തിൽ ആവർത്തിച്ചുചൊല്ലുന്നതും ഈ വിശ്വാസമാണ്. ദിവ്യരഹസ്യങ്ങരം അനുഷ്ഠിക്കുമ്പോരം സഭാതനയർ ഉറച്ച സ്വരത്തിൽ സംശയലേശമെന്യേ, ഇടിമുഴക്കം പോലെ പ്രഖ്യാപിക്കുന്നതു് അവരുടെ സത്യവിശ്വാസ മത്രേ'' (8).

സൂക്ഷ്മമായി പരിശോധിക്കുമ്പോരം മനസ്സിലാകും, നർസേയുടെ വിശ്വാസപ്രമാണം നിഖ്യാവിശ്വാസത്തി ൻെറ ഒരു പാഠഭേദമാണെന്നു്. നർസേ വ്യാഖ്യാനിച്ച വിശ്വാസപ്രമാണം കൊടുത്തിട്ടു് നെസ്തോറിയരുടെ ഇ പ്പോഴത്തെ വിശ്വാസവുമായി അതിനെ താരതമ്യപ്പെടുത്തു ന്നുണ്ടു്, കൊണോള്ളി (9). നെസ്തോറിയൻ കാതോലിക്കോ സ്സ് ഈശോയാബു് മൂന്നാമൻ രചിച്ച മാമോദീസാകമ്മ ത്തോടു് സാമ്യമുള്ളതാണു് നെസ്തോറിയൻ ആരാധനാക്ര മത്തിൽ ഇന്നുപയോഗിക്കുന്ന വിശ്വാസപ്രമാണമെന്നു് അദ്ദേഹം പറയുന്നു (10). ഇപ്പോഴത്തെ വിശ്വാസപ്രമാണ

8. CONNOLLY R. H., The Liturgical Homilies of Narsai p. 6. PG 86, 201. PG 86; 208. CAPELLE B., L' introduction du Symbole a la messe, in Melanges J. de Ghellinck II, Louvain, 1951, pp. 1003–1027.
9. CONNOLLY R. H., The Liturgical Homilies, pp. LXXII-LXXIV.
10. Ibibdem p. XVII. DIETRICH G., Die Nestorianishe Taufliurgie, Giessen. 1903, p. 31.

ത്തിനു് അന്ത്യോക്യൻ വിശ്വാസപ്രമാണത്തോടു് വളരെ അടുപ്പമുണ്ടു് (11).

നമുക്കിപ്പോഠം നമ്മുടെ വിശ്വാസപ്രമാണത്തെ രണ്ടു് അന്ത്യോക്യൻ വിശ്വാസപ്രമാണങ്ങളോടു് താരതമ്യം ചെയ്തുനോക്കാം. നെസ്തോറിയസ്സിനെതിരായി കാസ്സിയൻ 430–ലോ, 431–ലോ എഴുതിയ പ്രബന്ധത്തിൽ നൽകിയിരിക്കുന്നതാണു് ഇതിൽ ആദ്യത്തേതു് (12). നെസ്തോറിയസ്സു് തൻെറ മാമോദീസായിൽ ഏററുപറഞ്ഞ അന്ത്യോക്യൻ വിശ്വാസപ്രമാണത്തോടു് പിൽക്കാലപ്രബോധനങ്ങഠം യോജിക്കാത്തതുകൊണ്ടു് അദ്ദേഹത്തിൻെറതന്നെ വാക്കുകഠം എടുത്തു് അദ്ദേഹത്തിൻെറ വാദമുഖങ്ങളെ ഖണ്ഡിക്കുവാൻകഴിയുമെന്നു് കാസ്സിയൻ പ്രഖ്യാപിക്കുന്നു. കാസ്സിയൻ വിശ്വാസപ്രമാണം ഉദ്ധരിക്കുന്നുണ്ടു് (12a); പക്ഷേ പൂർണ്ണമല്ല. അതുകൊണ്ടു് താരതമ്യപഠനത്തിനു് അതപര്യാപ്തമാണു്. ഇക്കാരണത്താൽ മെപ്സെസ്റ്റിയായിലെ തിയഡോർ നൽകിയിരിക്കുന്ന മറെറാരു വിശ്വാസപ്രമാണം തിരഞ്ഞെടുത്തിരിക്കുന്നു (13). തൻെറ മതോപദേശപ്രസംഗങ്ങളിൽ മാമോദീസായ്ക്കുള്ള വിശ്വാസപ്രഖ്യാപനത്തിൻെറ ഓരോ വാക്യവും ഉദ്ധരിച്ചിട്ടുള്ളതുകൊണ്ടു് അവയൊക്കെ ഒന്നിച്ചുചേർത്തു് പൂർണ്ണമാക്കുക എളുപ്പമാണു്. താരതമ്യപഠനം കാണുക:

11. CONNOLLY R. H., The Liturgical Homilies, p. XVII.
12. KELLY op. cit. pp. 184–185.
12a. Eusebius of Dorileum Cfr. PG 86, col. 1389.
13. MINGANA A., A commentary of Theodore of Mopsuestia on the Lord's Prayer and on the sacraments of Baptism and the Eucharist. Cambridge, 1935.

| സീറോ-മലബാർ സഭ | കാസിയൻ | തിയദോർ |
|---|---|---|
| 1. സർവ്വശക്തനായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. | സർവ്വശക്തനും പിതാവുമായ ഏകസത്യദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. | സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. |
| 2. ദൃശ്യവും അദൃശ്യവുമായ സകലത്തിൻെറയും സ്രഷ്ടാവായ പിതാവിലും. (മത്താ:11: 25) | ദൃശ്യവും അദൃശ്യവുമായ സകല സൃഷ്ടികളുടെയും സ്രഷ്ടാവ് | ദൃശ്യവും അദൃശ്യവുമായ സമസ്ത വസ്തുക്കളുടെയും സ്രഷ്ടാവ് |
| 3. ഏക കർത്താവായ ഈശോമിശിഹായിലും (മത്താ: 16: 16) | നമ്മുടെ കർത്താവ് ഈശോമിശിഹായിലും | നമ്മുടെ കർത്താവ് ഈശോമിശിഹായിലും. |
| 4. ദൈവത്തിൻെറ ഏകപുത്രനും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും (കൊളോ: 1: 15) | അവിടത്തെ ഏകജാതനായ പുത്രനും സകലസൃഷ്ടികളുടെയും ആദ്യജാതനും | ദൈവത്തിൻെറ ഏകജാതനായ പുത്രൻ, സകല സൃഷ്ടികളുടെ ആദ്യജാതൻ. |
| 5. യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്നു ജനിച്ചവനും. | സകല യുഗങ്ങൾക്കും മുമ്പേ അങ്ങിൽനിന്ന് ജനിച്ചവനും ഉണ്ടാക്കപ്പെടാത്തവനും | സകല യുഗങ്ങൾക്കും മുമ്പേ തൻെറ പിതാവിൽനിന്നു ജാതനും ഉണ്ടാക്കപ്പെടാത്തവനും |

| | | | |
|---|---|---|---|
| 6. | സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം | സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം | സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം. |
| 7. | പിതാവിനോടുകൂടെ ഏകസത്തയുള്ളവൻ | പിതാവുമായി ഏകസത്തയുള്ളവൻ | അങ്ങയുടെ പിതാവുമായി ഏക സത്തയുള്ളവൻ |
| 8. | അവിടന്നു് വഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. (എബ്ര 11:3) | ആരുവഴിയായി യുഗങ്ങൾകൂടെയും രൂപപ്പെടുത്തപ്പെടുകയും സമസ്തവസ്തുക്കളും ഉണ്ടാക്കപ്പെടുകയും | ആരുവഴിയായി യുഗങ്ങൾ നിർമ്മിക്കപ്പെടുകയും സമസ്തവസ്തുക്കളും അസ്തിത്വത്തിലെത്തുകയും |
| 9. | മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി | ആരു നമ്മേപ്രതി | ആരു മനുഷ്യരായ നമ്മെപ്രതിയും നമ്മുടെ രക്ഷയെപ്രതിയും |
| 10. | അവിടന്നു് സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു് ശരീരം സ്വീകരിച്ചു് മനുഷ്യനായി പിറന്നു (മത്താ:1:20) | വരുകയും കന്യകാമറിയത്തിൽനിന്നു് ജനിക്കുകയും | സ്വർഗ്ഗത്തിൽനിന്നിറങ്ങിവരുകയും അവതരിക്കുകയും മനുഷ്യനാവുകയും കന്യകാമറിയത്തിൽനിന്നു് ജനിക്കുകയും |

| | | |
|---|---|---|
| 11. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾസഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ട് | പന്തിയോസ് പീലാത്തോസിന്റെ കീഴിൽ കുരിശിൽ തറയ്ക്കപ്പെടുകയും | പന്തിയോസ് പീലാത്തോസിന്റെ കീഴിൽ കുരിശിൽ തറയ്ക്കപ്പെടുകയും |
| 12. മരിക്കുകയും സംസ്കരിക്കപ്പെടുകയും | സംസ്കരിക്കപ്പെടുകയും ചെയ്തു. | സംസ്കരിക്കപ്പെടുകയും ചെയ്തു. |
| 13. എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയുംചെയ്തു. (മർക്കോ: 16 : 6) | വി. ഗ്രന്ഥമനുസരിച്ച് മൂന്നാംദിവസം ഉത്ഥാനംചെയ്യുകയും ചെയ്തു. | വി. ഗ്രന്ഥമനുസരിച്ച് മൂന്നാം ദിവസം ഉത്ഥാനംചെയ്യുകയും ചെയ്തു. |
| 14. അവിടന്ന് സ്വർഗ്ഗത്തിലേയ്ക്കെഴുന്നെള്ളി | അവിടന്ന് സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്തു. | സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്തു. |
| 15. പിതാവിന്റെ വലത്തുഭാഗത്തിരിയ്ക്കുന്നു(1 പത്രോ: 3: 22) | | ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കുന്നു. |
| 16. മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ അവിടന്ന് വീണ്ടും വരുവാനിരിയ്ക്കുന്നു (മത്താ: 16: 28) | അവിടന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വീണ്ടും വരുകയും ചെയ്യും. | ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വീണ്ടും വരുകയും ചെയ്യും. |

17. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലുംഞങ്ങൾവിശ്വസിക്കുന്നു(മർക്കോ:13:11)

പിതാവിൽനിന്നു പുറപ്പെടുന്ന ജീവൻനല്കുന്ന ഒരു അത്രുപിയേയും

18. പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ ഏക സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസായിലും ശരീരത്തിൻെറ ഉയിപ്പിലും നിത്യായുസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു. ആമ്മേൻ. (മത്താ: 16: 18; റോമ: 12:15–16; മത്താ: 16: 19; യോഹ: 5: 29; മത്താ: 25: 46)

ഒരു മാമോദീസായേയും, വിശുദ്ധ കത്തോലിക്കാ സഭയേയും, പാപങ്ങളുടെ മോചനത്തേയും, മാംസത്തിൻെറ ഉയിപ്പിനേയും നിത്യമായ ജീവിതത്തേയും (ഞങ്ങൾ ഏററു പറയുന്നു.)

വിശ്വാസപ്രമാണം മുഴുവനുമുദ്ധരിക്കുക തന്റെ ലക്ഷ്യമല്ലാതിരുന്നതുകൊണ്ട് കാസ്സിയാൻ ഇടയ്ക്കു നിർത്തിക്കളഞ്ഞു. തന്റെ പ്രസംഗങ്ങളിൽ വിശ്വാസപ്രമാണത്തിലെ വാക്യങ്ങളെ പ്രത്യേകം പരാമർശിക്കുന്ന വി. ക്രിസോസ്റ്റോമിന്റെ (അദ്ദേഹം അന്ത്യോക്യയിൽവച്ചാണ് മാമോദീസ സ്വീകരിച്ചത്) രണ്ടു വാക്യങ്ങളുണ്ട് (14). അവയിൽനിന്ന്, വിശ്വാസപ്രമാണത്തിൽ ''പാപങ്ങളുടെ മോചനത്തിലും,'' ''മരിച്ചവരുടെ ഉയിപ്പിലും,'' ''നിത്യമായ ജീവിതത്തിലും'' എന്നീ പ്രയോഗങ്ങൾ ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാമെന്നത്രേ നല്ലൊരു പഠനത്തിനുശേഷം കെല്ലി ചൂണ്ടിക്കാണിക്കുന്നത് (15).

കാസ്സിയാന്റെ വിശ്വാസപ്രമാണം ''ഞാൻ വിശ്വസിക്കുന്നു'' എന്ന് ഏകവചനത്തിലാരംഭിക്കുന്നു (15a). കാസ്സിയാൻതന്നെ രേഖപ്പെടുത്തുന്നതുപോലെ, മാമോദീസായുടെ സമയത്ത് ഓരോ വ്യക്തിയും തനിച്ചുചൊല്ലുവാനുള്ളതായിരുന്നു അതെന്നതിന് ഇതൊരു തെളിവാണ്. തിയഡോറിന്റെയും മലബാർ സഭയുടെയും വിശ്വാസപ്രമാണങ്ങൾ, ഗർഭധാരണം, മനുഷ്യാവതാരം എന്നീ ആശയങ്ങളെ വിശദീകരിക്കുന്നു. നമ്മുടെ വിശ്വാസപ്രമാണം മനുഷ്യാവതാരത്തിന്റെ വിവരണത്തിൽ സമയക്രമത്തിന് കോട്ടംതട്ടുന്ന രീതിയിൽ 'ഗർഭസ്ഥനായി' എന്നതിനു മുമ്പേ 'മനുഷ്യനായി' എന്നു തരുന്നു. സുറിയാനി വ്യാകരണനിയമമനുവദിക്കുന്ന ഒരു പ്രയോഗമനുസരിച്ചാണിത്—

14. PG 61, col. 348, 349.

15. KELLY op. cit., p. 155.

15a. ബഹുവചനരൂപമാണ് കുർബാനയ്ക്കു കൂടുതൽ യോജിച്ചത്. റോമിലെ മാമോദീസാക്രമത്തിൽ ഉപയോഗിച്ചിരുന്ന ''ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം'' നമ്മുടെ കുർബാനയിൽ ചൊല്ലുന്നതിൽ വലിയ പ്രസക്തിയില്ല— ദൈർഘ്യം കുറഞ്ഞതാണെന്നു മാത്രം.

വരുവാനുള്ള കാര്യങ്ങരം മുൻകൂട്ടിപറയുക. തെയഡോറി ന്റെയും കാസ്സായന്റെയും അന്ത്യോക്യൻ വിശ്വാസപ്രമാ ണങ്ങളിൽ, നമ്മുടെ വിശ്വാസപ്രമാണത്തിലെ ''ബർ ക്യാനാ''ക്കു പകരം Homousios (ഹോമോ ഊസിയോ സ്) എന്നാണു്. ഈ രണ്ടു പദങ്ങരംക്കും ഒരർത്ഥമാണുള്ള തു്: ഒരേ സ്വഭാവമുള്ള. മലബാർ വിശ്വാസപ്രമാണം, മരിച്ചവരും ജീവിച്ചിരിക്കുന്നവരും എന്നു കൊടുക്കുമ്പോരം കാസിയനും തെയഡോറും 'ജീവിക്കുന്നവരും' 'മരിച്ചവ രു'മെന്നു കൊടുക്കുന്നു. ഇവിടെ ക്രമത്തിനു തകരാറുണ്ടു്. കൊണ്ണോളിയുടെ അഭിപ്രായത്തിൽ ഈ രണ്ടാമത്തേതു് പിന്നീടുണ്ടായ ഗ്രീക്കു രൂപമാണത്രെ. 'മരിച്ചവരും ജീവിക്കുന്നവരും' എന്നതാണു് ''തോമ്മായുടെ നടപടി'' യിലും (Acts of Thomas, 5–6 നൂററാണ്ടു്) അദ്ദായിയു ടെ തത്വങ്ങളിലും (The Doctrine of Addai, 5–ാം നൂ ററാണ്ടു്) അഫ്രാററസിന്റെ രചനകളിലും (4–ാം നൂററാ ണ്ടു്) കാണുന്ന ശരിയായ സുറിയാനിരൂപമെന്നു് അദ്ദേ ഹം തെളിയിക്കുന്നു (15b). ഈ ശരിയായ സുറിയാനിരൂ പം മാമോദീസായ്ക്കുള്ള 7–ാം നൂററാണ്ടിലെ വിശ്വാസപ്ര മാണത്തിലും കാണാൻ സാധിക്കും (15c). 'പുത്രനിൽനി ന്നുകൂടി' എന്ന കൂട്ടിച്ചേർക്കൽ പിന്നീടുണ്ടായതാണു്(16). അതു് ചൊല്ലുകയോ ഉപേക്ഷിക്കുകയോ ചെയ്യാം. മെ

15b. CONNOLLY R. H., The early syriac Creed, Zeitschrift fur die neutestamentliche Wissenschaft und die Kunde des Urchristentums, VII (1906) 218.

15c. DIETTRICH G. Die nestorianische Taufliturgie, p. 31.

16. FOULRES E. An historical account of the addition of the words 'Filioque' to the Creed of the West, Occasional papers of the Eastern Church Association, London, VII (1867) 3–32. KELLY op. cit. pp. 358–367.

ത്രാനാണതു നിശ്ചയിക്കുക (17). 1968–ലെ കുർബാന ക്രമത്തിൽ അതു ചൊല്ലാമെന്നാണു് നിർദ്ദേശം.

നമ്മുടെ ആരാധനക്രമത്തിൽ വിശ്വാസപ്രമാണം ചൊല്ലിയിരുന്നു എന്നു് എബ്രഹാം ബർലിഫേ സാക്ഷ്യപ്പെടുത്തുന്നു. പുരോഹിതൻ മദ്ബഹായിൽ കയറിയാലുടൻ "പിതാക്കന്മാർ ഉദ്ഘോഷിച്ചിരുന്ന വിശ്വാസപ്രമാണം ചൊല്ലണമെന്നു് അദ്ദേഹം'' നിർദ്ദേശിക്കുന്നു (18). ജോർജ്ജ് അർബേൽ പറയുന്നു, മെത്രാൻ (കേപ്പാ) വേണം അതു് ആദ്യം ആരംഭിക്കുവാനെന്നു് (19). മാറി ബെൻസുലൈമാൻ(Mari Ben Sullaiman· c.1135)എല്ലാ വിശ്വാസികളും വിശ്വാസപ്രമാണം മുഴുവൻ ചൊല്ലുന്ന പതിവിനെപ്പററി പ്രസ്താവിക്കുന്നുണ്ടു് (20). വിശ്വാസികളുടെ മുഴുവൻ വിശ്വാസപ്രഖ്യാപനമായി വിശ്വാസപ്രമാണം കുർബാനയിൽ ഉൾപ്പെടുത്തിയതുകൊണ്ടു് (21) സമൂഹം മുഴുവൻ ഇതു ചൊല്ലേണ്ടതാകുന്നു (22).

അതിൽ വിശ്വാസത്തിൻെറ പ്രധാനപ്പെട്ട രഹസ്യങ്ങളെല്ലാം അടങ്ങിയിട്ടുണ്ടു്. അതിനാൽ വിശ്വാസികൾക്കു് ഈ രഹസ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുന്നു. അതുകൊണ്ടു് ക്രൈസ്തവസമൂഹത്തിൽ വിശ്വാ

---

17. "Verbum Filioque recitare vel omittere oportet secundum episcopi loci decisionem". ORDO p. 14.
18. Interpretatio, p. 179 (162).
19. Expositio, pp. 40–41 (39–40).
20. "Idem symbolum omnes continenter recitarent, non per singulos versus alternatim" Cf. HANSSENS. op. cit. III, p. 307.
21. KELLY op. cit., pp. 348-357.
22. KING A. op. cit. II, p. 347.

സപ്രമാണംചൊല്ലുന്നതു് ശ്ലാഘനീയം തന്നെ. മാത്രമല്ല അതു മിശിഹായുടെ മൗതികശരീരത്തിൻെറ ഐക്യത്തെ പ്പററി അവരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ഐക്യ ത്തെ സ്ഥിരീകരിച്ചു് പ്രശംസിക്കുന്ന വിശുദ്ധ ഗ്രന്ഥവാ ക്യം (അപ്പ. 4: 4) ഇവിടെ ഓർമ്മിക്കുക: ഒരു ശരീരം, ഒരു അരൂപി.... ഒരു കർത്താവു്, ഒരു വിശ്വാസം, ഒരു മാ മോദീസ, ഒരു ദൈവം, എല്ലാവരുടെയും പിതാവു്. വി ശ്വാസപ്രമാണത്തിൽ 'ഏകത്വം' ഉറപ്പിക്കപ്പെട്ടിരിക്കു ന്നതിൻെറ കാരണമിതായിരിക്കാം: ഒരു ദൈവം....ഒരു ക ർത്താവായ മിശിഹാ....ഒരു പരിശുദ്ധാരൂപി.... ഒരു വി ശുദ്ധ സഭ.... ഒരു മാമോദീസ.... (23). മോസസ് ബർ കേഫാ വിശ്വാസപ്രമാണംചൊല്ലുന്നതിൻെറ പ്രയോജ നങ്ങൾ കുറിക്കുമ്പോൾ ഇതേ ആശയം ആവർത്തിക്കുന്നു: ആദ്യംതന്നെ, അവർ ശരിയായതു് വിശ്വസിക്കുന്നുവെ ന്നും ഏററു പറയുന്നുവെന്നും.... അറിയപ്പെടണം– അവർ വിശ്വസിക്കുന്നതും ഏററുപറയുന്നതും ഒന്നാണെന്നതും(24).

വിശ്വാസപ്രമാണം രക്ഷാകരചരിത്രത്തിൻെറ പൊതുവായൊരു വീക്ഷണം നമുക്കു് നൽകുന്നു. വെളി പാടിൻെറ സംഗ്രഹമായ വിശ്വാസപ്രമാണം.... ദൈവം ചരിത്രത്തിൻെറ ഗതിയിൽ ഇടപെട്ടതൊക്കെ സംഗ്രഹി ച്ചിട്ടുണ്ടു് (25). സ്വർഗ്ഗത്തിലാരംഭിക്കുന്നു, ഈ ചരിത്രം. ലോകത്തിൽ തുടരുന്നു. സ്വർഗ്ഗത്തിലേയ്ക്കുതന്നെ തിരിയുക യും ചെയ്യുന്നു. അതേ ക്രമമല്ലേ വിശ്വാസപ്രമാണവും സ്വീകരിക്കുക? പിതാവായ ദൈവം– ജാതനായ ഏകപു ത്രൻ– സൃഷ്ടിക്കപ്പെടാത്തവൻ– സ്വർഗ്ഗത്തിൽനിന്നു് ഭൂമി

23. JUNGMANN, Missarum Solemnia; I, p. 463.
24. MINGANA A., Two commentaries; p. 37
25. VAGAGGINI, op. cit. Vol. I, p. 5.

യിൽവന്നു-പീഡകരംസഹിക്കുന്നു-പരിശുദ്ധാത്മാവ്- സഭ-ഉയിർപ്പു-നിത്യജീവിതം. പാഷണ്ഡത കളെ എതിർക്കുവാനുതകുന്ന വാക്യങ്ങരം വിശ്വാസപ്രമാണത്തിലുണ്ടെന്നതു വാസ്തവം. എന്നാൽ നമ്മുടെ വിശ്വാസത്തിന്റെ അഭികാമ്യമായ സമ്പത്തു് അതിലുടനീളം ദൃശ്യമാണു് (26). ദൈവശാസ്ത്രപരമായി വീക്ഷിക്കുമ്പോരം വിശ്വാസപ്രമാണത്തിൽ മൂന്നു ഭാഗങ്ങരംകാണാം:

a) ഒന്നാമത്തേതു്, ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ ദൈവത്തേയും, സത്യദൈവവും അനാദ്യ ജാതനുമായ പുത്രനെയുംപററി പറയുന്നു. ഇവിടെ പുത്രന്റെ ദൈവത്വം (അതു നിഷേധിച്ച ആരിയൂസിനെതിരായി) ഊന്നിപ്പറയുന്നുണ്ടു്. ഈ ആശയത്തെ സംബന്ധിച്ചിടത്തോളം, വിശ്വാസപ്രതിജ്ഞ സമരോത്സുകമായി ത്തോന്നും; ഉൽക്കടമായ തീക്ഷ്ണതയുള്ളതായിത്തോന്നും. നോക്കുക:

"ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികരംക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങരംക്കെല്ലാംമുമ്പു് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏക കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങരം വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു."

b) അടുത്ത ഭാഗം മിശിഹായെ സംബന്ധിച്ചാണു്. അവതരിച്ച ദൈവവചനം (Logos) ലോകത്തിൽ പ്രവേശിക്കുന്നതും കന്യകയിൽനിന്നു് മനുഷ്യസ്വഭാവം

---

26. CROEGAERT A. C., The Mass, London, 1958, Vol. I, p. 244.

സ്വീകരിയ്ക്കുന്നതുമൊക്കെ രക്ഷകൻെറ അത്യത്ഭുതകരമായ വ്യക്തിത്വത്തിൻെറ ചിത്രമാണ് നൽകുക. പരിത്രാണ കൃത്യത്തിനു് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നു: ,,മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി........മനുഷ്യനായി.'' യഥാർത്ഥത്തിൽ, ഈ വാക്യം വിശ്വാസപ്രമാണത്തിൻെറ മുഴവൻ കേന്ദ്രമല്ലേ? ഇവിടെ മിശിഹായുടെ വേദനയുടേയും സഹനത്തിൻേറയും നിമ്നമായ പാതയും, ഉയിപ്പിൻെറ വിജയ പ്രഹർഷവും പിതാവിൻെറ പക്കലേയ്ക്കുള്ള പ്രത്യാഗമനവും മററുമാണ് അനുസ്മരിക്കുക.

c) വിശ്വാസപ്രമാണത്തിൻെറ ശേഷിക്കുന്നഭാഗം, മിശിഹായുടെ പരിത്രാണകൃത്യത്തിൻെറ ഫലങ്ങളെ പരാമർശിക്കുന്നു. ഇതിൽ ആദ്യത്തേതു് വിശ്വാസികളുടെ സമൂഹത്തിന്മേൽ എഴുന്നള്ളിവരുന്ന പരിശുദ്ധാത്മാവിയാകുന്നു. പ്രവാചകന്മാർ മുഖേന മുമ്പേ പ്രഖ്യാപിക്കുകയും–അതു് അവിടത്തെ പ്രവർത്തനത്തിൻെറ ആരംഭം മാത്രമായിരുന്നു–മിശിഹായുടെ സ്വർഗ്ഗാരോഹണാനന്തരം ശ്ലീഹന്മാരെ പഠിപ്പിക്കുകയും ചെയ്ത പരിശുദ്ധാത്മാവിതന്നെ (27). നവജീവൻ പ്രദാനംചെയ്യുന്നതു് അവിടന്നാകുന്നു (28). സഭയ്ക്കു് ജീവത്തായ നിവേശനമേകുന്ന സത്യദൈവമാകുന്നു, അവിടന്നു്.

## നമ്മെത്തന്നെ നാം അർപ്പിക്കുന്ന ഈ സഭ

ദൈവം ഏകനായിരിക്കുന്നതുപോലെ, മിശിഹാ ഏകനായിരിക്കുന്നതുപോലെ, നാം നമ്മുടെ കൂറു പ്രഖ്യാ

27. DRINKTRINE, "Beitrage zur Enstehung und Geschicte des Credo" Eph. Liturg. XLII (1938) 48–58.
28. Cf. Rucker, Ritus Baptismi et Missae quem descripsit Theodorus ep. Mopsuestienus. Munster, 1933, p. 43.

പിക്കുന്ന തിരുസഭയും ഏകമാണ്. പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ട് പരിശുദ്ധമാണ്. എല്ലാ മനുഷ്യരേയും സ്വാഗതം ചെയ്യുന്നതുകൊണ്ട് അതു സാർവ്വത്രികവുമാണ് (29). ശ്ലൈഹികമെന്ന വിശേഷണം ആരംഭത്തിൽ ശ്ലീഹന്മാർ രൂപവൽക്കരിച്ച സമൂഹങ്ങൾക്കുമാത്രമെ നൽകിയിരുന്നുള്ളു (30). വിശ്വാസപ്രമാണത്തിന്റെ ഈ ഭാഗത്ത് മലബാർ ക്രിസ്ത്യാനികൾ തങ്ങളുടെ സത്യവിശ്വാസത്തിന്റെ പിതാവായ മാർ തോമ്മാ ശ്ലീഹായെ അനുസ്മരിക്കുന്നു. സഭ സ്വജീവൻ തന്റെ മക്കൾക്കു മാമോദീസാവഴി നൽകുന്നതും ഇവിടെ സൂചിപ്പിക്കുന്നുണ്ട് (31). മരിച്ചവരിൽനിന്നുള്ള ഉയിപ്പിലും നിത്യമായ ജീവിതത്തിലും ഉത്ഥാനം ചെയ്ത കർത്താവിന്റെ സാദൃശ്യത്തിലേക്ക് നാം രൂപാന്തരപ്പെടുമെന്ന പ്രതീക്ഷയോടെ വിശ്വാസ പ്രമാണം സമാപിക്കുന്നു.

വിശ്വാസപ്രമാണത്തിന്റെ ആശയത്തെപ്പററി പൊതുവായി ചില കാര്യങ്ങൾ നാം പറഞ്ഞു. അതു് ചൊല്ലുന്നതിന്റെ പ്രാധാന്യം ബോദ്ധ്യമാകണമെന്നായിരുന്നു ഉദ്ദേശ്യം. വിശ്വാസപ്രമാണത്തോടുകൂടി വിശ്വാസികൾ 'തങ്ങളുടെ' ബലിയുടെ പുതിയൊരു മണ്ഡലത്തിൽ പ്രവേശിക്കുന്നുവെന്നു പറയാം. അവരുടെ അറിവും മനസ്സും ഉദാത്തീകരിക്കപ്പെടുന്നു. തങ്ങളുടെ തെരഞ്ഞെടുപ്പ് വെള്ളിത്തിരയിലെന്നപോലെ അവരുടെ മുമ്പിൽ ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ

---

29. KATTENBUSCH F., Das Apostoliche Symbol, Leipsig, 1900, Vol. II., p. 922ss.
30. DRINKTRINE, "Beitrage...." p. 55.
31. CLIFFORD H., The work of Our Redemption, Oxford, 1963, p. 56ss.

ക്രിസ്തുരഹസ്യത്തിൻെറ തുടർച്ചയും പുനരാവിഷ്ക്കരണവുമായ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനുള്ള ഒരുക്കമായി ഒരഭൗമികാന്തരീക്ഷം അവരെ വലയം ചെയ്യുന്നു. ദിവ്യരഹസ്യങ്ങൾ ആരംഭിക്കുവാൻ പോകുന്ന പുരോഹിതനു്, അൾത്താരയിങ്കൽ ഔപചാരികമായി പ്രവേശിക്കുംമുൻപു്, ലഭിക്കുന്ന ഏററം നല്ല ഒരുക്കമാണിതെന്നതിനു് സംശയമില്ല.

നർസേ, ഖത്രായ, അർബെൽ എന്നിവരുടെ വിവരണത്തിൽ അൾത്താരയ്ക്കു ചുററും വൈദികഗണം വന്ന ശേഷമാണു് വിശ്വാസപ്രമാണം ആരംഭിക്കുക. കയ്യെഴുത്തുപ്രതികളിലെല്ലാം തന്നെ മദ്ബഹായുടെ വാതിൽക്കൽവച്ചു് വിശ്വാസപ്രമാണം ചൊല്ലുന്നതായിപ്പറയുന്നു.

## ii) വിശ്വാസപ്രമാണത്തിനുമുമ്പുള്ള രഹസ്യ പ്രാർത്ഥന

കാർമ്മികൻ രഹസ്യമായി ചൊല്ലുന്നതാണീ കൂശാപ്പ. ഇതു് ഗ്ഹന്തായിൽനിന്നു് വ്യത്യസ്തമാണു്. ചിലപ്പോൾ അതു് ഗ്ഹന്തായോടുചേർത്തു ചൊല്ലുന്നു; എപ്പോഴും താഴ്ന്ന സ്വരത്തിൽത്തന്നെ. പശ്ചാത്താപത്തിൻേറതു്, അപേക്ഷയുടേതു്, മദ്ധ്യസ്ഥത്തിൻേറതു് എന്നിങ്ങനെ കൂശാപ്പ പലതരമുണ്ടു്. പശ്ചാത്താപത്തിൻെറ കൂശാപ്പകൾ സാധാരണമായി മുട്ടുകുത്തിനിന്നു് ചൊല്ലുന്നു; മററുള്ളവ നിന്നുകൊണ്ടും. കൈകൾ വിരിച്ചുപിടിക്കുകയോ തലകുനിക്കുകയോ ചെയ്യണമെന്നുണ്ടു്. ഇവിടെ പ്രസക്തമായ കൂശാപ്പ ശിരസ്സു് കുനിച്ചുനിന്നു് ചൊല്ലുവാനുള്ളതാണു്.

ഔപചാരികമായ കാഴ്ചവെപ്പു് പില്ക്കാലത്തുണ്ടായതാണെന്നു് മുകളിൽ സൂചിപ്പിച്ചല്ലോ. പിരിച്ചുവിടീ

ലിനുശേഷമുള്ള എല്ലാകർമ്മങ്ങളും പ്രാർത്ഥനകളും ബലിയു ടെ ആരംഭത്തിനു് — ബലിപീഠത്തിലേക്കുള്ള ഔപചാരി കമായ സമീപനത്തിനു് — ഒരുക്കമായിട്ടുള്ളതാണു്. വി ശ്വാസപ്രമാണവും ഇക്കൂട്ടത്തിൽ വരുന്നു. ''ഏറ്റം പരിശു ദ്ധമായ സ്ഥലത്തു് പ്രവേശിക്കുന്നതിനു് ഞങ്ങളെ യോ ഗ്യരാക്കേണമേ....'' എന്ന പ്രാർത്ഥനയും ഇങ്ങനെതന്നെ യെന്നുതോന്നുന്നു. ഇതിലെ മൂന്നു പ്രധാനാശയങ്ങൾ നോക്കുക:

1) നിർമ്മലഹൃദയത്തോടുകൂടെ വിശുദ്ധിയുടെ ശ്രീകോവിലിൽ പ്രവേശിക്കുവാൻ.

2) നിർമ്മലതയോടും, ഭക്തിയോടും, ജാഗ്രത യോടുംകൂടെ ബലിപീഠത്തിൻെറ മുമ്പിൽ നിൽക്കുവാൻ.

3) സത്യവിശ്വാസത്തോടെ നിനക്കു് ബലികൾ സമർപ്പിക്കുവാൻ.

വിശുദ്ധിയുടെ ശ്രീകോവിലിൽ പ്രവേശിക്കുക യും ബലിപീഠത്തിനുമുമ്പിൽ നില്ക്കുന്നതിനാവശ്യമായ ഹൃദയവിശുദ്ധീകരണം സമ്പാദിക്കയുമാണു് ഒന്നാമത്തേ യും രണ്ടാമത്തേയും വാക്യങ്ങളുടെ ലക്ഷ്യം. ഈ അർത്ഥ ത്തിൽ ഉടനെയുള്ള വിശ്വാസപ്രമാണത്തെയല്ല, ബലി പീഠത്തെ സമീപിക്കുന്നതിനെയാണു് സൂചിപ്പിക്കുന്ന തു്. എന്നാൽ വിശ്വാസപ്രമാണം ചൊല്ലുന്നതിനു് മോ സസ് ബർ കേഫ തരുന്ന ഉദ്ദേശ്യം— ''മനസ്സും ഹൃദയവും, അധരങ്ങളും പവിത്രീകരിക്കപ്പെടുക''— (32) പരിഗണി ക്കുമ്പോൾ, ഈ രണ്ടുവാക്യങ്ങളും വിശ്വാസപ്രമാണം ചൊ

32. MINGANA A., Two Commentaries...., p. 37.

ല്ലുന്നതിനേയും ലക്ഷ്യമാക്കുന്നുവെന്ന് പറയാതിരിക്കാൻ വയ്യ. മൂന്നാമത്തെ വാക്യത്തിന്ന് - സത്യവിശ്വാസത്തോടെ നിനക്ക് ബലിയപ്പിക്കുന്നതിന്ന് — വിശ്വാസപ്രമാണത്തോട്ട് സ്പഷ്ടമായ ബന്ധമുണ്ട്. ദിവ്യബലിയുടെ ആരംഭത്തിൽത്തന്നെ ജനങ്ങളുടെ വിശ്വാസത്തെ ഉണർത്തുകയും ദൃഢമാക്കുകയും വേണം. ബലി, ഉറച്ചവിശ്വാസം ആവശ്യപ്പെടുന്നു. കാരണം, അതൊരു മഹാരഹസ്യമാണ് (33).

ഈ പ്രാത്ഥന, അംത്താരയിങ്കൽ ഔപചാരികമായി പ്രവേശിക്കുന്നതിനേയും (34) സത്യവിശ്വാസം ഏററുചൊല്ലുന്നതിനേയും ഉന്നംവയ്ക്കുന്നുവെന്ന് വ്യക്തമായല്ലൊ. പഴയ തക്സയിൽ ഉപേക്ഷിച്ചിരുന്നെങ്കിലും പുനരുദ്ധരിച്ച തക്സയിൽ ഉംപ്പെടുത്തിയതു് തികച്ചും യുക്തമായി. മർദ്ദീൻ 19, ബർലിൻ 38, ദിയാർ ബക്കിർ 48 എന്നീ കയ്യെഴുത്തുപ്രതികളിലും മാറോനീത്താക്കുർബാനയിലും ഈ പ്രാത്ഥനയുണ്ടെന്നതു് ശ്രദ്ധാർഹമത്രേ.

## iii) ഡീക്കൻെറ അറിയിപ്പ്

വിശ്വാസപ്രമാണത്തിനുശേഷം "മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാക്കുവേണ്ടിയും....''മററും പ്രാത്ഥിക്കാൻ ഡീക്കൻ ഉദ്ബോധിപ്പിക്കുന്നു. നർസേയും ഖത്രായയും ജോർജ് അർബേലുമൊക്കെ ഇതേപ്പററി പറയുന്നുണ്ട്. ജനങ്ങൾ പ്രത്യുത്തരിക്കുന്നില്ലെങ്കിലും ഇതിനു "കാറോസൂസ'' (സാർവ്വത്രിക പ്രാർത്ഥന, dyptics) എന്നു പേർ വിളിക്കുന്നു. മരിച്ച

33. വിശ്വാസവും ബലിയും തമ്മിലുള്ള ബന്ധം –മുകളിൽ പുഖ്ദാനകോൻ എന്ന അദ്ധ്യായത്തിൽ കാണുക.

34. Brit. Mus. Add. 17128 (X–XI cent.)

പോയ സഭാധികാരികൾക്കും മററു വിശ്വാസികൾക്കും വേണ്ടി പ്രാത്ഥിക്കാനുള്ള ഉൽബോധനമാണിതു്. അനാഫൊറയ്ക്കു നേരെ മുമ്പു ചൊല്ലിയിരുന്നെങ്കിലും ഇതു്, പരിഷ്ക്കരിച്ച കുർബാനയിൽ കാഴ്ചവയ്പിന്റെ സ്ഥലം മാററിയതുമൂലം കാഴ്ചവയ്പിന്നു തൊട്ടുമുമ്പായിരിക്കയാണു്. ഈ സ്ഥാനമാററം തീർത്തും ശരിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

# 20

## നിയമനിഷ്ഠമായ പ്രവേശനം

## (FORMAL ENTRANCE)

ഇതുവരെ എല്ലാകർമ്മങ്ങളും ബേമായിലാണ് നിർവ്വഹിച്ചതു്. ബലിവസ്തുക്കളൊരുക്കുന്നതു് കാർമ്മികൻ തന്നെയാണ്. പണ്ട് അർക്കദിയാക്കോൻ രഹസ്യമായി ചെയ്തിരുന്ന കൃത്യമാണതു്. അതുകൊണ്ട് കാർമ്മികൻ ഒരിക്കലും ഈ സമയംവരെ ബലിപീഠത്തെ സമീപിക്കേണ്ടിയിരുന്നില്ല. സ്നാനാർത്ഥികളും അയോഗ്യരും പുറത്താക്കപ്പെട്ടു കഴിഞ്ഞു. വിശ്വാസികളുടെ സമൂഹം ദിവ്യബലിക്കൊരുക്കമായി അവരുടെ വിശ്വാസപ്രതിജ്ഞയും നടത്തി. സെലൂഷ്യ – ടെസിഫോൺ സൂനഹദോസ് (1) രേഖപ്പെടുത്തുന്നതുപോലെ മെത്രാനോ അർക്കദിയാക്കോനോ പുരോഹിതന്മാരിലൊരുവനെ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കുന്നതിന് നിയോഗിക്കുന്നു. ഭയഭക്തിനിർഭരമായ ആർഭാടത്തോടെയാണ് അദ്ദേഹം അൾത്താരയെ സമീപിക്കുക. അഗാധമായ കുമ്പിടീൽ (profound inclination) മൂന്നു പ്രാവശ്യമുണ്ട്. ഓരോന്നിനും ശേഷം ബലിപീഠത്തിലേയ്ക്ക് കുറെ നടക്കുന്നു. തത്സമയം ''പിതാവും പുത്രനും.... അങ്ങയെ ഞാൻ സ്തുതിക്കുന്നു'' എന്നാരംഭിക്കുന്ന യാചനാപ്രാർത്ഥന ചൊല്ലുന്നു.

ബലിപീഠത്തെ സമീപിച്ച് അതിന്റെ മദ്ധ്യത്തിലും വലത്തേയും ഇടത്തേയും അഗ്രങ്ങളിലും ചുംബിക്കു

1. സൂനഹദോസിന്റെ തീരുമാനങ്ങൾ അനുബന്ധത്തിൽ കാണുക.

ന്നു. അദ്ദേഹം രണ്ടഗ്രങ്ങളും ചുംബിക്കുമ്പോൾ (ആഘോഷമായ കുർബാനയിൽ) അതതുവശത്തു് നില്ക്കുന്നവരോട്ട് തനിക്കുവേണ്ടി പ്രാത്ഥിക്കുവാൻ അഭ്യത്ഥിക്കുന്നതു് നോക്കുക: ,,.... സഹോദരരെ, എനിക്കുവേണ്ടി പ്രാത്ഥിക്കുവിൻ.'' ഇതിനു മറുപടി: ,,മിശിഹാ, നിന്റെ പ്രാർത്ഥനകൾ ശ്രവിക്കട്ടെ, നിന്റെ കുർബാന സ്വീകരിക്കട്ടെ.... നിന്റെ പൗരോഹിത്യത്തെ സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുത്തട്ടെ.'' മഹത്തായ ബലിയപ്പിക്കാൻ തന്റെ അയോഗ്യത പുരോഹിതനു ധൈര്യം പ്രദാനംചെയ്യുന്നില്ല. അതിനാൽ സമൂഹത്തിന്റെ പ്രാർത്ഥന യാചിക്കുന്നു. കാമ്മികൻ സംഭ്രമത്തിന്റേയും ഭയത്തിന്റേയും കൃതജ്ഞതയുടേയും വികാരങ്ങളിൽ ലീനചിത്തനാണെന്നു് അൾത്താരപ്രവേശനത്തിനുള്ള പ്രാത്ഥനകൾ സൂചിപ്പിക്കുന്നു.

## ഒന്നാമത്തെ പ്രാർത്ഥന

പരിശുദ്ധ ത്രിത്വത്തെ അഭിസംബോധനചെയ്തും വണക്കത്തോടെ കുമ്പിട്ടുനിന്നുമാണിതു ചൊല്ലുക. ഇതിപ്രകാരം വിശദീകരിക്കാം: 1) പുരോഹിതനു് സ്വന്തം അയോഗ്യതയെപ്പററിയുള്ള അവബോധം: ,,ഞാൻ ഒരു പാപിയാകുന്നു'' 2) അയോഗ്യതയെ അവഗണിച്ചുകൊണ്ടു് ദൈവം എന്നെ തിരഞ്ഞെടുത്തു; അതിനു് കൃതജ്ഞത പ്രകാശിപ്പിക്കുന്നു: ,,ഞാൻ നിനക്കു നന്ദിപറയുന്നു.... നീ എന്നെ യോഗ്യനാക്കി'' 3). തന്നെ ഏല്പിച്ചിരിക്കുന്ന ഉന്നതവും ഉൽകൃഷ്ടവുമായ പൗരോഹിത്യത്തേയും അതിന്റെ ലക്ഷ്യങ്ങളേയുംപററി പുരോഹിതനു് അവബോധമുണ്ടു്. ,,നിന്റെ ജനത്തിന്റെ തെററുകൾക്കു പരിഹാരമായി അവയെ (ദിവ്യരഹസ്യങ്ങളെ) അപ്പിക്കുവാൻ എന്നെ യോഗ്യനാക്കി. അതുവഴി അവരുടെ കടങ്ങ

ളുടെപൊറുതിയും പാപങ്ങളുടെ മോചനവും ആത്മാക്കളുടെ രക്ഷയും ലോകത്തിൻെറ ശാന്തിയും എല്ലാ സഭകളുടേയും സമാധാനവും കൈവരുവാനാണ്'' പുരോഹിതൻ ജനത്തിനു് ആചാരശുശ്രൂഷ നടത്തുന്നതു് (2).

ദാരായി ദ്വീപിലെ മെത്രാനായ ജേക്കബ്ബിനുവേണ്ടി ഈശോയാബ്ബ് ഒന്നാമൻ (585 A. D.) നൽകിയ നിയമങ്ങളിൽ പറഞ്ഞിരിക്കുന്നതു് ഈ പ്രാർത്ഥന അപ്പം മുറിക്കുന്ന സമയത്തു് കാർമ്മികൻ ചൊല്ലേണ്ടതാണെന്നത്രെ. അപ്പം മുറിക്കലിനുള്ള ഒരു പുതിയ അനുഷ്ഠാനവിധിയായി അദ്ദേഹം നിർദ്ദേശിച്ചതായിരിക്കുമിതു് (3).

ഈശോയാബ്ബ് ഒന്നാമൻ നൽകുന്ന പ്രാർത്ഥന ചുരുക്കം ചില വ്യത്യാസങ്ങളൊഴിച്ചാൽ, ഔപചാരികമായ പ്രവേശനത്തിനുള്ള ഈ ആദ്യത്തെ പ്രാർത്ഥനപോലെ തന്നെയാണ്. ''മിശിഹായുടെ തിരുശരീരത്തിൻെറയും, രക്തത്തിൻെറയും പരിശുദ്ധവും മഹനീയവുമായ ഈ രഹസ്യങ്ങൾ നിൻെറ സന്നിധിയിൽ സമർപ്പിക്കുന്നതിനു് നീ എന്നെ യോഗ്യനാക്കി.'' ഇതു്, കൂദാശചെയ്യതിനുശേഷം വിശ്വാസികൾ തിരുശ്ശരീരം ഭക്ഷിക്കുന്നതിനുമുമ്പ് വരുന്നതല്ലേ കൂടുതൽ യുക്തമെന്നു് തോന്നിയേക്കാം. പോരെങ്കിൽ ഇതിനിടയിൽ വിശുദ്ധ കുർബാനസ്വീകരണത്തിൻെറ ഒരുക്കമൊയി അപ്പംമുറിക്കലുണ്ടുതാനും. എന്നാൽ ഈ സയത്തു് അക്ക്ദിയാക്കോൻ കാർമ്മികനെ നിയോഗിക്കുന്ന പുരാതനമായ രീതി കണക്കിലെടുത്താൽ

---

2. സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥന പൗ. സുറിയാനി കുർബാനയിൽ സാധാരണമാണ്. പേർഷ്യയും റോമൻസാമ്രാജ്യവും തമ്മിലുണ്ടായിരുന്ന നിരന്തരമായ യുദ്ധത്തിൻെറ പ്രതിഫലനമാകാം ഇതു്.

3. CHABOT, Synodicon Orientale, pp. 428–29.

ഈ പ്രാൎത്ഥന ഔദ്യോഗികപ്രവേശനത്തോടനുബന്ധിച്ച് വരുന്നതു് നീതീകരിക്കത്തക്കതാണെന്നു് ബോധ്യമാകും.

## രണ്ടാമത്തെ പ്രാൎത്ഥന

„എൻെറ സഹോദരരേ, ഈ കുർബാന എൻെറ കരങ്ങൾവഴി പൂർത്തിയാക്കുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.'' തന്നെ ഏല്പിച്ചിരിക്കുന്ന കൃത്യം നിൎവ്വഹിക്കുവാൻ സ്വാഭാവികതലത്തിൽ ഒരുവനനുഭവപ്പെടുന്ന കഴിവില്ലായ്മയാണിതിൻെറ കേന്ദ്രബിന്ദു. ഈ അവബോധത്തിൽനിന്നുയരുന്ന അഭ്യർത്ഥന കുർബാനയിൽ പലതുണ്ടു്. തികച്ചും സ്വാഭാവികമായൊരു സാന്ത്വനമാണ് മറുപടിയായി നൽകപ്പെടുക:

„ദൈവം ഈ കുർബാന സ്വീകരിക്കുകയും അങ്ങയുടെ പൗരോഹിത്യത്തെ മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും അൎപ്പിക്കപ്പെടുന്ന ഈ ബലിയിൽ അവിടന്നു സംപ്രീതനാവുകയും ചെയ്യട്ടെ.''

## മൂന്നാമത്തെ പ്രാൎത്ഥന

നമ്മുടെ ദൈവവും കർത്താവുമായ ഈശോയെ വിളിച്ചപേക്ഷിക്കുകയാണ്. ആ യാചന ശ്രദ്ധിക്കുക: „ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ പാപങ്ങളുടെ ആധിക്യം നീ പരിഗണിക്കരുതേ. ഞങ്ങളുടെ ദുഷ്ടത നിന്നെ വെറുപ്പിക്കാതിരിക്കട്ടെ.'' തുടർന്നു „ഈ ബലിയെ പവിത്രീകരിക്കു''വാനും, „നമ്മുടെ നിരവധിയായ പാപങ്ങൾ മായിച്ചു കളയുന്നതിനു് അതിനു ശക്തി നൽകു'' വാനും ഈശോമിശിഹായോടപേക്ഷിക്കുന്നു. പാപങ്ങളുടെ പൊറുതി ബലിയുടെ ഒരു ലക്ഷ്യമായി ഇവിടെ കു

റിയ്ക്കുന്നുണ്ട്. ബലിവഴിയാർജ്ജിക്കുന്ന പാപമോചനത്തി ന്റെ ലക്ഷ്യം ഇവിടെ കൃത്യമായി എടുത്തുകാണിക്കുന്നു: "സമയത്തിന്റെ പരിസമാപ്തിയിൽ നീ പ്രത്യക്ഷനാകുമ്പോൾ നിന്റെ കരുണയും കൃപയും പ്രാപിക്കുന്നതിനും നിന്റെ മുമ്പിൽ നിന്നു് നിനക്കു് കീർത്തനങ്ങളാലപിക്കുന്നതിനും." ക്രിസ്തുവിന്റെ ദ്വിതീയാഗമം ഇവിടെ അനുസ്മരിക്കപ്പെടുന്നു. അപ്പോൾ എല്ലാവരും വിധിക്കപ്പെടും—ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച്. വൈദികനു് വി: പൗലോസിന്റെ മുന്നറിയിപ്പ് ഓർമ്മിക്കുവാനവസരം നൽകുകയാണീ പ്രാർത്ഥന: "ക്രിസ്തുവിന്റെ തിരുശ്ശരീരവും തിരുരക്തവും വിവേചന കൂടാതെ ഒരുവൻ അയോഗ്യമായി തിന്നുകയും കുടിക്കുകയും ചെയ്യുന്നപക്ഷം അവൻ ശിക്ഷാവിധിയെയാണു് തിന്നുകയും കുടിക്കുകയും ചെയ്യുന്നതു്." (1 കോറ. 11: 29)

## സമൂഹത്തിന്റെ പാപം

പുരോഹിതന്റെ ആദരപ്രയുക്തമായ ഈ മനോഭാവത്തെപ്പററി നർസേസ്സും സുസ്പഷ്ടമായ വാക്കുകളുണ്ടു്. "തന്റെയും സഭാസന്താനങ്ങളുടെയും കടങ്ങളെപ്പററി പുരോഹിതനു് വലിയ സംഭ്രമവും ഭയവും വിറയലുമുണ്ടു്. സഭാഗാത്രത്തിന്റെ നയനമാണദ്ദേഹം. തന്റെ സഹജീവികളുടെ പ്രവൃത്തികളുടെയൊക്കെ സ്മരണ ആ മനസ്സിൽ പൊന്തിവരാറുണ്ടു്. അദ്ദേഹമാണു് മിശിഹായുടെ ശരീരത്തിന്റെ നാവു്. അതിന്റെ പേരിൽ അദ്ദേഹം ഒരു അറേറാർണിയായി(അഭിഭാഷകനായി) വർത്തിക്കുന്നു. സഭയുടെ പ്രതിനിധിയെന്ന കർത്തവ്യം നിറവേററുകയും ചെയ്യുന്നു. ഭീതിയുടെ ആ വിനാഴികയിലാണു് തന്നെയും തന്റെ ജനങ്ങളെയും കുറിച്ചുള്ള സംഭ്രമം പുരോഹിതനെ

അലട്ടുക. അദ്ദേഹത്തിൻെറ സ്ഥാനവും ഉദ്യോഗവും സ്രാപ്പേന്മാരെപ്പോലും ഭയചകിതരാക്കുന്നതാണു്. കാരണം, വെറും ധൂളിയിൽനിന്നു നിർമ്മിക്കപ്പെട്ടവനാണു് മാദ്ധ്യസ്ഥ്യം വഹിക്കുന്നതു്. മൗതികമായി വധിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്ത ശാന്തഗംഭീരനായ രാജാവു്! തങ്ങളുടെ കത്താവിനോടുള്ള ബഹുമാനസൂചകമായി ഭയത്തോടെ നിൽക്കുന്ന കാവൽക്കാർ!'' (4)

## ബലിപീഠവും ദൈവസാന്നിദ്ധ്യവും

ദൈവം ബലിപീഠത്തിൽ നിക്ഷേപിച്ചിരിക്കുന്ന അതിയായ ബഹുമാനത്തേയും അതുല്ല്യമായ ശക്തിയേയും പററിയുള്ള ചിന്ത അതിനെ സമീപിക്കുന്ന പുരോഹിതനെ അമ്പരപ്പിക്കാതെ നിവൃത്തിയില്ല. പഴയനിയമത്തിലെ ബലിപീഠത്തേക്കുറിച്ചുള്ള ജ്ഞാനം പുതിയ നിയമത്തിലെ ബലിപീഠത്തിൻെറ അർത്ഥം സുഗ്രഹമാക്കിത്തീക്കുന്നു.

മാനവ ചരിത്രത്തിൻെറ ഉദയത്തിൽ ആബേൽ നിർമ്മിച്ച ബലിപീഠം ദൈവത്തിനു് സ്വീകാര്യമായി ഭവിച്ചു. മനുഷ്യൻ ഭൂമിയിൽ അധിവസിച്ചതു് മുതൽ ബലിപീഠവും പടുത്തുയർത്തിക്കൊണ്ടിരുന്നു. സീനായ് മലമുകളിൽവച്ചു് യാഹ്വേ തൻെറ ജനവുമായുള്ള ഉടമ്പടിയുടെ വ്യവസ്ഥകൾ മോശയോടു് പ്രസ്താവിച്ച കൂട്ടത്തിൽ ബലിപീഠത്തേക്കുറിച്ചു് ഏതാനും നിബന്ധനകളും നൽകാതിരുന്നില്ല. ''മലയിൽവച്ചു് നിനക്കു് കാണിച്ചുതന്നതുപോലെ പലകകൊണ്ടു് പൊള്ളയായി ഒരു ബലിപീഠം ഉണ്ടാക്കണം'' (പുറപ്പാടു് 27: 1, 8.). ബലിപീഠത്തിൻെറ പവിത്രതയെപ്പററി ദൈവം പറഞ്ഞു:

---

4. CONNOLLY, The Liturgical Homilies pp. 7–8,

"ഏഴ ദിവസം നീ ഇങ്ങനെ പ്രായശ്ചിത്തം ചെയ്ത് അതിനെ വിശുദ്ധീകരിക്കണം. അപ്പോാം അതു അതിവിശുദ്ധമായിത്തീരും. തന്നിമിത്തം അതിനേ സ്പർശിക്കുന്നവരെല്ലാം പരിശുദ്ധരായിരിക്കണം.'' (പുറ: 29: 37). ദൈവമാണ് ബലിപീഠത്തെ പവിത്രീകരിക്കുന്നത്: "ബലിപീഠത്തേയും ബാഹ്യകൂടാരത്തേയും അതോടൊപ്പം എനിക്ക് പുരോഹിത ശുശ്രൂഷചെയ്യാനായി അഹറോനേയും അവൻെറ പുത്രന്മാരേയും ഞാൻ വിശുദ്ധീകരിക്കും.'' (പുറ: 29: 44). ഏലിയാ പ്രവാചകൻെറയും (3 രാജാ. 18: 38), സോളമൻ രാജാവിൻെറയും (2 ദിന. 7: 1) ബലി ദഹിപ്പിക്കുന്നതിന് സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങിവന്നതു് ബലിപീഠത്തിന്മേലായിരുന്നു. ബലിപീഠം ദൈവസാന്നിദ്ധ്യത്തിൻെറ പ്രതീകമാണ് (പുറ: 29: 45). പെട്ടകത്തിലും അാംത്താരയിലും സന്നിഹിതനായിരിക്കുന്ന ഒരു പ്രത്യേക സാന്നിദ്ധ്യമാണതു്. ഇവിടെ, വിശുദ്ധീകരിക്കുകയും ഒന്നിപ്പിക്കുകയും അനുഗ്രഹിക്കുകയും യാചന ശ്രവിക്കുകയും ചെയ്യുന്ന അവിടത്തെ വിളിയുടേയും തെരഞ്ഞെടുപ്പിൻേറയും ശക്തിയുടേയും ആധിപത്യം പ്രാവത്തികമായിത്തീരുന്നു. "എവിടെയെല്ലാം എൻെറ നാമം നിങ്ങാം സ്മരിക്കുന്നുവോ അവിടെയെല്ലാം ഞാൻ വന്നു നിങ്ങളെ അനുഗ്രഹിക്കും'' (പുറ. 20: 24).

ഇസ്രായേൽജനം പെട്ടകത്തിൻെറ മുമ്പിലുള്ള ബലിപീഠത്തെ തങ്ങളുടെ മതജീവിതത്തിൻെറ മുഴുവൻ കേന്ദ്രമായിക്കരുതിയിരുന്നു. അവരുടെ ഭക്തിയാകെ അവിടെ കേന്ദ്രീകരിച്ചിരുന്നു. വിശ്വാസത്തിൻെറയും അഭിലാഷങ്ങളുടെയും ദൃശ്യകേന്ദ്രമായ അാംത്താരയിലേക്ക് വർഷത്തിലൊരിക്കൽ മാത്രമല്ല മിക്കപ്പോഴും തങ്ങളുടെ പ്രാ

ത്ഥനകളും കീർത്തനങ്ങളും ബലികളും അവരെത്തിച്ചിരുന്നു. അവരുടെ പെസഹാ ഹഗ്ഗദാ (വിവരണം) അവസാനിക്കുന്നതിങ്ങനെയാണു്: ''അടുത്തയാണ്ടു് ജറൂസലേമിൽ''—അറംത്താരയുണ്ടവിടെ; പെട്ടകമുണ്ടു്; മനോഹരമായ ദൈവാലയമുണ്ടു്; ഇവയെല്ലാം യാഹ്‌വേയുടെ സാന്നിദ്ധ്യം വിളിച്ചറിയിക്കുകയാണു് ചെയ്യുക.

## പള്ളിക്കൂദാശയിൽ

പൗരസ്ത്യസുറിയാനിറീത്തിൽ ബലിപീഠം കൂദാശ ചെയ്യുമ്പോറം ചൊല്ലുന്ന ചില പ്രാർത്ഥനകറം പരിശോധിക്കുക. അപ്പോറം കാണാം, അറംത്താരയെസംബന്ധിച്ചിടത്തോളം അവർ പഴയനിയമത്തിലേതിനു് തുല്യമായ ഒരു മനോഭാവമാണു് പുലർത്തുന്നതെന്നു്. മെത്രാൻ ബലിപീഠം വിശുദ്ധതൈലംകൊണ്ടു് അഭിഷേകംചെയ്യുമ്പോറം പ്രാത്ഥിക്കുന്നു: ''എന്റെ കത്താവേ, നിന്റെ അധിവാസത്തിനു് സൗകര്യപ്രദമായ ഒരു സ്ഥലമായിരിക്കുവാൻ നിന്റെ ബഹുമാനത്തിനായി പണിയപ്പെട്ടിരിക്കുന്ന ഈ ബലിപീഠത്തെ വേർതിരിച്ചു സൂക്ഷിക്കുകയും പവിത്രീകരിക്കുകയും ചെയ്യണമേ.'' ''....നിന്റെ അനുഗ്രഹംകൊണ്ടു് ഈ ബലിപീഠത്തെ ആശീർവ്വദിക്കണമേ, കരുണകൊണ്ടു് അതിനെ പവിത്രീകരിക്കണമേ; നിന്റെ പരിശുദ്ധാരൂപി അതിന്റെ മുകളിൽ സ്പന്ദിക്കട്ടെ; നിന്റെ ദൈവികത്വം അതിൽ നിവസിക്കട്ടെ. നിന്റെ രാജപ്രതാപം അതിൽ ബഹുമാനിക്കപ്പെടട്ടെ. നിന്റെ കൃപ അതിൽ സ്ഥിതിചെയ്യട്ടെ....'' ''നിന്റെ ദാസനായ മൂശ സ്ഥാപിച്ച ആദ്യത്തെ സക്രാരിയിൽ നിവസിച്ച നിന്റെ രാജകീയപ്രതാപം അതിൽ വസിക്കട്ടെ'' ''....ഞങ്ങളുടെ രക്ഷകന്റെ ശരീരംവച്ച ശവക്കല്ലറയുടെ

സാദൃശ്യമായ നിൻെറ ദൃശ്യബലിപീഠത്തിൻെറ പുരോഹിതന്മാക്കും, ലേവായക്കും, ശുശ്രൂഷകക്കും, സമാധാനം നൽകണമേ'' (5).

## അൾത്താര – കബറിടം

നർസേയും ബലിപീഠത്തേ നമ്മുടെ കത്താവിൻെറ കല്ലറയുടെ പ്രതീകമായി കണക്കാക്കുന്നു. പുനരാഗമനത്തിൽ അവിടന്നു കാണപ്പെടുവാനിരിക്കുന്ന മഹനീയവും മഹത്വപൂർണ്ണവുമായ സിംഹാസനത്തിൻെറയും സാദൃശ്യമാണിതു് (6). കുർബാനയുടെ അവസാനം ബലിപീഠത്തോടു യാത്രപറഞ്ഞുകൊണ്ടുള്ള പ്രാത്ഥനയിൽ ബലിപീഠത്തെ പരാമശിക്കുന്നതു് നോക്കുക: ''വിശുദ്ധീകരണത്തിൻെറ ബലിപീഠമേ സ്വസ്തി, നമ്മുടെ കത്താവിൻെറ കബറിടമേ സ്വസ്തി. നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബാന കുററങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ'' പുരോഹിതൻ ബലിപീഠത്തെ വളരെയേറെ ബഹുമാനിക്കുവാനുള്ള കാരണം വ്യക്തമാണല്ലൊ.

ബലിപീഠത്തെ ചുംബിക്കുക, മദ്ബഹായിലുള്ളവരിൽനിന്നു് പ്രാത്ഥന അഭ്യത്ഥിക്കുക എന്നിവ നർസെ വിവരിക്കുന്നതു് ശ്രദ്ധാർഹമാണു്: ''അദ്ദേഹം (പുരോഹിതൻ) യാക്കോബിനെപ്പോലെ മൂന്നുപ്രാവശ്യം ആരാധിക്കുന്നു. അനന്തരം നമ്മുടെ കത്താവിൻെറ ശവക്കല്ലറയെ

---

5. Syro Malabar Pontifical, Roma, 1957 pp. 2–60 passim. വെള്ളിയാൻ, ദൈവജനം അറംത്താരയ്ക്കു ചുററും 1–23 വശങ്ങരം
6. NARSAI, Liturgical Homilies, p. 4:5; 'Altare representat Christum.' Summa Theologica, III, 83, 3.

ചുംബിക്കുന്നതിനടുക്കുന്നു.... യാക്കോബ്യ് തൻെറ സ ഹോദരനായ ഏശാവിനെ വന്ദിച്ച് ബഹുമാനിച്ചു. പു രോഹിതൻ ആദരപൂർവ്വം യാക്കോബിൻെറ ദൈവത്തെ ബ ഹുമാനിക്കുന്നു. അദ്ദേഹം പരിശുദ്ധ ബലിപീഠത്തെ നി ർമ്മലസ്നേഹത്തോടും വികാരോഷ്മളതയോടുംകൂടി ചും ബിക്കുന്നു; ആ അധരങ്ങൾ തൊട്ടുവിച്ച് സംതൃപ്തിനേടാ മെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. തനിക്കുചുററും നി ല്ക്കുന്ന ഡീക്കന്മാരുടെ പ്രാർത്ഥന അദ്ദേഹം ആവശ്യപ്പെടു ന്നു. പരമകാരുണികനിൽനിന്ന് കരുണലഭിക്കുവാൻവേ ണ്ടിയാണിതു്. പശ്ചാത്താപഭരിതമായ ഹൃദയത്തോടെ യാണ് അദ്ദേഹം പ്രാർത്ഥിക്കുന്നതു്'' (7).

ദിവ്യരഹസ്യങ്ങളനുഷ്ഠിക്കുന്നതിന് നിയോഗിക്ക പ്പെടുന്ന "പുരോഹിതന് അതേപ്പററി മുന്നറിവ് കൊടു ക്കരുതെ''ന്നു് (8) സൂനഹദോസുകൾ കശ്നമായി കല്പി ച്ചിരുന്നു. ഈ പശ്ചാത്തലം ഗ്രഹിക്കുമ്പോൾ ഔദ്യോഗി കമായി അൾത്താരയെ സമീപിക്കുന്ന പുരോഹിതൻ കാ ണിക്കുന്ന സംഭ്രമത്തിനും ആദരസമന്വിതമായ ഭയത്തി നും കൂടുതൽ അടിസ്ഥാനമുണ്ടെന്നു കാണാം.

പുരോഹിതൻ ബലിപീഠത്തെ സമീപിച്ച് അ തിൻെറ മദ്ധ്യത്തിലും രണ്ടഗ്രങ്ങളിലും ചുംബിക്കുന്നു. ഒര റ്റത്തുനിന്നു് മറേറ അററത്തേയ്ക്കു കടക്കുമ്പോൾ ബലിപീ ഠത്തിൻെറ മദ്ധ്യഭാഗത്തു് മുട്ടുകുത്തുകയോ ആചാരം പ്രദ ശിപ്പിക്കുകയോ ചെയ്യണമെന്നു് കർമ്മവിധികൾ നിർ ദ്ദേശിക്കുന്നില്ല. സക്രാരിയിൽ വി. കുർബാന സൂക്ഷി ച്ചിരിക്കുമ്പോൾ ബഹുമാനം കാണിക്കുക സ്വാഭാ വികമാണ്. എന്നാൽ ദിവ്യബലിയിൽ വസ്തു മാററം വ

7. NARSAI, op. cit. p. 8.
8. RAES A., An Explanation...., p. 25.

രുന്നതുവരെ ക്രിസ്തുനാഥൻ ബലിപീഠത്തിലില്ലെന്നാണു് സങ്കല്പം. ഇതു് ദിവ്യബലിയുടെ സമയത്തു സംഭവിക്കുന്ന കൗദാശിക സാന്നിദ്ധ്യത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നതിനത്രെ.

## സക്രാരി

ഇന്നു് പള്ളിയിൽ സുപ്രധാനമായ ഒരു സ്ഥാനത്തു് വി. കുർബാന സൂക്ഷിക്കപ്പെടുന്നു. വിശ്വാസികൾക്കു് വി. കുർബാനയോടുള്ള അതിയായ ഭക്തിയാണിതിനുകാരണം. എന്നാൽ ദിവ്യബലി അർപ്പിക്കുന്ന ബലിപീഠത്തിൽത്തന്നെ വി. കുർബാന സൂക്ഷിക്കണമെന്നു് ഇതിനർത്ഥമുണ്ടോ? റോമിലെ വി. പത്രോസ്, വി. പൗലോസ്, സെൻറു്മേരി മേജർ, സെൻറു് ജോൺ ലാററൻ തുടങ്ങിയ പുരാതന ബസ്സിക്കകളിൽ പ്രധാന ബലിപീഠത്തിൽ സക്രാരികളില്ല. ഇങ്ങനെ തന്നെയാണു് ഇന്നു് യൂറോപ്പിൽ പുതുതായി പണിയുന്ന പള്ളികളിലെ സ്ഥിതിയും. ഇതിൻെറ ആശയം ദിവ്യബലിയ്ക്കുള്ള ബലിപീഠം അതിനു് മാത്രമായി നീക്കിവയ്ക്കണമെന്നാകുന്നു. അതു് വിശുദ്ധ കുർബാനയോടുള്ള ഭക്തി നിസ്സാരമാക്കാനോ ഉന്മൂലനം ചെയ്യാനോ അല്ലെന്നു് ഓർമ്മിക്കുക. ഈ ദേവാലയങ്ങളിലെല്ലാം വി. കുർബാന സൂക്ഷിക്കുന്നതു് അവയുടെ പാർശ്വത്തിലുള്ള കപ്പേളയിലോ (Chapel of the Bl. Sacrament) (9) പിമ്പിലെ ഭിത്തിയിലോ പ്രധാനാരാത്താരയുടെ വശത്തുള്ള പീഠത്തിലോ

---

9. FRANK B. KARL, Fundamental Questions on Ecclesiastical Art. Minnesotta, 1962, p. 70.

(Wall tabernacle) (10) അംത്താര മേശയുടെ പിറകിലെ തൂണിലോ (11) (Pillar of grace) ആണ്.

പരി. കുർബാന സൂക്ഷിക്കേണ്ടതു് വലിയ അംത്താരയിലോ, ചെറിയ അംത്താരയിലോ, ഏതെങ്കിലും മാന്യവും ശ്രദ്ധാർഹവുമായ സ്ഥലത്തോ ആകാമെന്നാണ് അനുമാനം. സാധാരണ സൂക്ഷിക്കാറുള്ള രീതിയല്ലെങ്കിൽ മെത്രാൻെറ അംഗീകാരം വേണമെന്നുമാത്രം (Instructions for Implementing C S L 94, 95).

ദിവ്യബലിയുടെ സമയത്തു നടക്കുന്ന ദൈവാവിഷ്ക്കരണത്തെ (theophany) ഉപരിവ്യക്തമാക്കാൻ ബലിപീഠത്തിൽ സക്രാരി സൂക്ഷിക്കാതിരിക്കുകയാണുത്തമം. ഈ ചിന്താഗതി ഇന്നത്തെ ആരാധനക്രമനവോത്ഥാനത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ടു്. ബലിപീഠം ബലിയ്ക്കുമാത്രം ഉപയോഗിക്കണമെന്നത്രെ ഇപ്പോഴം പ്രബലപ്പെട്ടുവരുന്ന ആശയം. ഓരോ ദൈവാലയത്തിൻെറയും ആന്തരിക സംവിധാനവും പ്രത്യേകോദ്ദേശ്യവും സൗകര്യവും സക്രാരിയുടെ സ്ഥാനം നിർണ്ണയിക്കുമ്പോഴം പരിഗണിക്കേണ്ടിയിരിക്കുന്നു.

---

10. PARSCH - KRAMREITER, Neue Kirchenkunst im Geiste der Liturgie, Wien-Klosterneuburg, 1939, p. 16.
11. HOLZMEISTER CLEMENTS, Kirchenbau ewig neu, Innsbruck, 1951, pp. 39, 45f.

# അനുബന്ധം

## പൗരസ്ത്യസുറിയാനി ആരാധനക്രമം

# ഉറവിടങ്ങൾ

വളരെ പുരാതനമായ പൗരസ്ത്യ സുറിയാനി ആരാധനക്രമം പഠിക്കുവാൻ പുരാതനങ്ങളായ രേഖകൾ അപരിത്യാജ്യങ്ങളാണല്ലൊ. കുർബാനയെപ്പററിയുള്ള വ്യാഖ്യാനങ്ങളും നിബന്ധനകളും (Commentaries and legislations) പ്രമുഖങ്ങളായ ഉറവിടങ്ങളാകുന്നു. ഈ വ്യാഖ്യാനങ്ങളെഴുതിയകാലത്തെ കുർബാനക്രമത്തിൻെറ ഘടന മനസ്സിലാക്കാനും ഇവയുപകരിക്കും. കുർബാനക്രമത്തിനു കാലാന്തരത്തിൽ സംഭവിച്ച വ്യതിയാനങ്ങൾ ഗ്രഹിക്കാൻ അതിൻെറ കൈയെഴുത്തുപ്രതികളേയും അച്ചടിച്ച കോപ്പികളേയും ആശ്രയിക്കാതെ നിവൃത്തിയില്ല.

## 1. വ്യാഖ്യാനങ്ങൾ

പൗരസ്ത്യസുറിയാനിസഭയുടെ ദൈവശാസ്ത്രമുൾക്കൊള്ളുന്ന ഒരു പ്രധാനഘടകമാണ് ആരാധനക്രമവ്യാഖ്യാനങ്ങൾ. വിശ്വാസികളുടെ ജീവിതത്തിൽ ആരാധനക്രമത്തിനുള്ള സ്വാധീനം മനസ്സിലാക്കിയ പുരാതന കൽദായ പണ്ഡിതന്മാർ കുർബാനക്രമം വിശദീകരിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു.

അക്ഷയമായ സ്വർഗ്ഗമൊരുക്കിയ ദൈവംതന്നെ ക്ഷയോൻമുഖമായ പ്രപഞ്ചത്തേയും രൂപപ്പെടുത്തി. മരണവും ഉത്ഥാനവുമാണ് ഈ ലോകത്തിൽനിന്നു സ്വർല്ലോകത്തിലേക്കു നമ്മെ അടുപ്പിക്കുന്ന

ത്തു്. ക്രിസ്തു തന്റെ മരണവും ഉത്ഥാനവുംവഴി സ്വർഗ്ഗസൗഭാഗ്യത്തിന്റെ ഒരു മുന്നാസ്വാദനം ഇവിടെവെച്ചുതന്നെ അനുഭവവേദ്യമാക്കിത്തീർത്തു. അവിടുന്നു സ്വർഗ്ഗീയ ജറുസലേമിന്റെ പ്രതിഛായയിൽ ഭൗമികജറുസലേമാകുന്ന തിരുസഭയെ സ്ഥാപിച്ചു. മരണത്തിന്റേയും ഉയിർപ്പിന്റേയും സാദൃശ്യമായ കൂദാശകളെ സഭയ്ക്കേല്പിച്ചുകൊടുത്തു. ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുമ്പോൾ സഭാംഗങ്ങൾ, അപൂർണ്ണമെങ്കിലും യഥാർത്ഥമാംവിധം, നിർമ്മലമായ നിത്യജീവിതത്തിൽ പങ്കുപററുന്നു. അതിനാൽ തിരുക്കർമ്മങ്ങൾ ശരിക്കും പഠിച്ചുവേണം അതിൽ പങ്കുചേരുവാൻ. ഈ ചിന്തകൾ പലർക്കും തിരുക്കർമ്മങ്ങളുടെ ഓരോ വാക്കും ഓരോ ആംഗ്യവും വ്യാഖ്യാനിച്ചു വിശദീകരിക്കാൻ പ്രേരണനൽകി.

ഈ വ്യാഖ്യാനങ്ങൾ രൂപംകൊണ്ടതു പല തരത്തിലാണ്. പലേ സാഹചര്യങ്ങളും അവസ്ഥ കളമൊരുക്കിയിട്ടുണ്ട്. നർസേ (+502) സുവിശേഷപ്രസംഗങ്ങൾ ചെയ്തു. മാർ അപ്രേം (373) കീർത്തനങ്ങൾ രചിച്ചു. ആരാധനക്രമം ഇവരിരുവരുടേയും പ്രതിപാദ്യവിഷയമായിട്ടുണ്ട്. അബ്രഹാം ബർലിഫേ (7–8 നൂററാണ്ടു്) ആരാധനക്രമനിരൂപണങ്ങളെഴുതി. ജോർജ് അർബേലിന്റെപേരിൽ (10–ാം നൂററാണ്ടു്) അറിയപ്പെടുന്ന വ്യാഖ്യാനങ്ങൾ ഈശോയാബ് മൂന്നാമൻ പാത്രിയാർക്കീസിന്റേ (650–57) താണെന്നു പറയുന്നവരുണ്ടു്. ഈ വ്യാഖ്യാനങ്ങളെല്ലാം ഗബ്രിയേൽ ഖത്രായുടെ (600?) വിശദീകരണത്തോടു കടപ്പെട്ടിരിക്കുന്നു. ബർലിഫേയെ ആശ്രയിച്ചാണു തിമോത്തി രണ്ടാമൻ (1318) "ഏഴു കൂദാശകളെ" പ്പററിയുള്ള തന്റെ പ്രബന്ധം തയ്യാറാക്കിയതു്. മൊപ്സ്വേസ്റ്റിയായിലെ തിയഡോർ (+428) വേദോപദേശത്തിന്റെ മാതൃകയിൽ (Catechesis) ആരാധനക്രമത്തെ വ്യാഖ്യാനിക്കുന്നു. എദേസ്സായിലെ മാർ ജേക്കബ്ബിനു (+708) കുർബാനയെപ്പററി വിവരിക്കുന്ന ലേഖനങ്ങളും പാത്രിയാർക്ക് ഈശോയാബ് ഒന്നാമനു (581–96) സൂനഹദോസുപഠനങ്ങളുമാണു പ്രധാനം. അബ്ദീശോയും (+1318) മിക്കവാറും സഭാഭരണനിയമം വിശകലനംചെയ്തുകൊണ്ടു് ആരാധനക്രമം വിവരിക്കുന്നു. ബിഷപ് ജോർജ് (8–ാം നൂററാണ്ടു്) എദേസായിലെ കുർബാനക്രമത്തിന്റെ വിശദവിവരങ്ങൾ നൽകുന്നു. മോസസ് ബർകേഫയും (818–903) ബർസലീബിയും (12–ാം നൂററാണ്ടു്) മൊപ്സ്വേസ്റ്റിയായിലെ തിയഡോറും അന്ത്യോക്യൻ കുർ

ബാനക്രമത്തെപ്പററി പ്രതിപാദിക്കുന്നു. സുറിയാനിക്കുർബാനക്രമങ്ങരം തമ്മിൽ ആദ്യകാലത്തു വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. അതുകൊണ്ടു പൗരസ്ത്യസുറിയാനിക്കുർബാനയെപ്പററിയുള്ള പഠനത്തിനു അന്ത്യോക്യൻ കുർബാനക്രമപഠനം ചെയ്യുന്ന സഹായം കുറച്ചൊന്നുമല്ല.

ഈ പുരാതനരേഖകളിൽ ഏററം പ്രാധാന്യമർഹിക്കുന്നവ നർസേ, ഗബ്രിയേൽ ഖത്രായ, ജോർജ് അർബേൽ എന്നിവരുടേതാണെന്നു നിസ്സംശയം പറയാം.

## മാർ അപ്രേം (306-373)

സിറിയാക്കാരനായിരുന്ന വി. അപ്രേമിന്റെ—അദ്ദേഹം ഒരു ഡീക്കനായിരുന്നു—പേരിനു മുമ്പ് സുറിയാനിസഭയിൽ മെത്രാന്മാരുടെ പേരോടൊത്തു മാത്രം സാധാരണയായി ഉപയോഗിച്ചിരുന്ന ''മാർ,, എന്ന പദം എപ്പോഴും ചേർത്തിരുന്നു. അദ്ദേഹം തന്റെ സമകാലീനരുടെയിടയിൽ വലിയ ഖ്യാതി നേടി. അന്നു മുതൽ തന്നെ സാർവ്വത്രികസഭയിലെ, പ്രത്യേകിച്ച് സുറിയാനി സഭയിലെ, ഏററം വിഖ്യാതരായ പിതാക്കന്മാരിൽ ഒരാളായി എണ്ണപ്പെടുകയും ചെയ്തുവരുന്നു (1). പാഷാണ്ഡതകരംക്കെതിരായി നടത്തിയ പ്രസംഗങ്ങരം, പരി. ത്രിത്വത്തെയും, മനുഷ്യാവതാരത്തെയും, വിശുദ്ധ കർബാനയെയും, പരി. കന്യകമറിയത്തെയും സംബന്ധിച്ചുള്ള പ്രബോധനങ്ങരം (2), സ്തുതിഗീതങ്ങരം (Heptasyllabic aerotic) തുടങ്ങിയവ അദ്ദേഹത്തെ സുറിയാനി സാഹിത്യത്തിൽ സമുന്നതമായൊരു സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ കാരണമായി. ''പുളിയാത്തപ്പത്തെ,,പ്പററി എഴുതിയ പ്രബന്ധം നമ്മുടെ സവിശേഷശ്രദ്ധയാകർഷിക്കുന്നുണ്ട് (3).

## തിയദോർ മൊപ്സേസ്റ്റിയാ (+ 428)

ഇദ്ദേഹത്തിന്റെ സ്മരണകളും ഗ്രന്ഥങ്ങളും പൗരസ്ത്യ സുറിയാനിസഭയുടെ ഏററം വിലപ്പെട്ട നിധിയായി കരുതപ്പെട്ടുന്നു. പുതുതായി മാമ്മോദീസാ സ്വീകരിക്കുന്നവർക്കുവേണ്ടിയുള്ള പ്രബോധനങ്ങരം ഉരംക്കൊള്ളുന്ന അദ്ദേഹത്തിന്റെ വേദോപദേ

ശം (Catechesis) മൊപ്സേസ്റ്റിയായിലെയും അന്ത്യോക്യായിലെയും സഭകളിൽ അനുഷ്ഠിച്ചിരുന്ന മാമോദീസായുടേയും ദിവ്യബലിയുടേയും ഏതാണ്ട് പൂർണ്ണമായ ഒരു വിശദീകരണമാണ് (4). മിൻഗാന പ്രസിദ്ധപ്പെടുത്തിയ (5) ഇതിൻെറ മൂലഗ്രന്ഥം മിക്കവാറും 17–ാം നൂററാണ്ടിൽ മാത്രമുണ്ടായ ഒരു സുറിയാനിതർജ്ജമയാണ്. എങ്കിലും ആ മതോപദേശത്തിൻെറ കർത്തൃത്വത്തെ സ്ഥിരീകരിക്കുന്നതിൽ പഠിതാക്കൾ തെല്ലും സംശയിക്കുന്നില്ല. ഉദാഹരണത്തിനു് ലിമാൻ പ്രസ്താവിക്കുന്നതു് നോക്കുക: ''സിലിചിയായിൽപ്പെട്ട മൊപ്സേസ്റ്റിയാ മെത്രാസനത്തിൽ തിയദോർ വാണിരുന്ന കാലത്തുണ്ടായി ഈ 'മതോപദേശം', എന്നു ഹിക്കുകയായിരിക്കും ശരി —അതായതു് 392 നും 428 നും ഇടയ്ക്കു് (6). എബ്രാമോവ്സ്ക്കി പറയുന്നതു് ഈ ഗ്രന്ഥം തിയദോറിൻെറ ആദ്യകാലകൃതികളിലൊന്നായിരിക്കണമെന്നാണ്. അദ്ദേഹത്തിൻെറ ദൈവശാസ്ത്രപ്രതിപാദനങ്ങളിലെ തീവ്റവാദങ്ങളൊന്നും ഇതിലില്ല എന്നതുതന്നെയാണ് ഈ പ്രസ്താവനയ്ക്കു നിദാനം (7). തിയദോർ ഇവിടെ നിരൂപണംചെയ്യുന്ന ദിവ്യബലി അന്ത്യോക്യൻ രീതിയനുസരിച്ചുള്ളതാണ്. ഇതും നർസേയുടെ വ്യാഖ്യാനങ്ങളുംതമ്മിൽ ആരാധനക്രമപരമായ വിശദാംശങ്ങളിൽ യോജിപ്പുണ്ട്. ഇക്കാരണത്താൽ (8) തിയദോർകൃതിയും നമ്മുടെ പഠനത്തിൻെറ അപരിത്യാജ്യമായ ഒരുറവിടമാണ്. മിൻഗാനായുടെ അഭിപ്രായത്തിൽ, ക്രൈസ്തവസഭയുടെ സുവർണ്ണകാലത്തെ ഏററം പ്രധാനപ്പെട്ട ദൈവശാസ്ത്രഗ്രന്ഥമായ തിയദോറിൻെറ നിഖ്യാവിശ്വാസപ്രമാണവ്യാഖ്യാനവും (9) വിലയുററ ഒരുറവിടംതന്നെ.

## നർസേ (+502)

നിസ്സിബിസ്സിൽ ഒരു നെസ്തോറിയൻ സർവ്വകലാശാല സ്ഥാപിച്ച വിശ്രുതനായൊരു അദ്ധ്യാപകനായിരുന്നു നർസേ. അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ധർമ്മോപദേശപ്രധാനമായ നാലെണ്ണം ആരാധനക്രമവിശദീകരണങ്ങൾ ഉൾക്കൊള്ളുന്നു. 'The Liturgical homilies of Narsai' എന്ന പേരിൽ അവയുടെ ഇംഗ്ളീഷ്‌വിവർത്തനം നിർവ്വഹിച്ചിരിക്കുന്നതു്കൊണോളി

യാണ്. ഇവ നാലുമിതാ: ,,ദിവ്യരഹസ്യങ്ങളുടെ വ്യാഖ്യാനം,, ,,മാമോദീസാ,, ,,സഭയുടെയും മാമോദീസായുടെയും നിഗൂഢത,, ,,സഭയും പൗരോഹിത്യവും,, (10). പൗരസ്ത്യ ആരാധനക്രമത്തെപ്പററിയുള്ള പഠനത്തിനു് മിക്കപ്പോഴും ഈ ഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ടിവരും (11).

,,ദിവ്യരഹസ്യങ്ങളുടെ വ്യാഖ്യാനം,, ദിവ്യബലിയെപ്പററിയുള്ള ഒരു ചർച്ചയാണ്. അതാരംഭിക്കുന്നതു് സ്നാനാർത്ഥികളെ ആശീർവ്വദിച്ചു് പറഞ്ഞയച്ചു (പിരിച്ചുവിടൽ— dismissal) കൊണ്ടാകുന്നു. പ്രതിപാദനരീതിയും ശൈലിയും പരിശോധിച്ചാൽ ഇതിനു് ജറുസലേമിലെ സിറിലിൻെറ അഞ്ചാമത്തെ പ്രബോധനത്തോടു് (Mystagogical catechesis) വളരെ സാധർമ്മ്യമുള്ളതായിക്കാണാം. ചില ഗ്രന്ഥകാരന്മാർ ഈ വ്യാഖ്യാനത്തിൻെറ പ്രാമാണികതയെ ചോദ്യം ചെയ്തിട്ടുണ്ടു്. അവർ ഉന്നയിക്കുന്ന ന്യായങ്ങളുടെ ചുരുക്കം റഹ്മാനി ചൂണ്ടിക്കാട്ടുന്നതു് നോക്കുക (12). അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഈ ഉപദർശനം നർസേയുടേതെന്നു് പറയുക സാദ്ധ്യമല്ല. മറിച്ചു്, 9—ാം നൂററാണ്ടിലേയോ 13—ാം നൂററാണ്ടിലേയോ ഒരു ഗ്രന്ഥകർത്താവിൻേറതാണത്രെ (13). എന്നാൽ ഈ വ്യാഖ്യാനത്തിൻെറ ശൈലി, ഛന്ദസ്സു് പദഘടന, പലവുരു പ്രയോഗിക്കുന്ന പ്രത്യേക വാക്കുകൾ, ആവർത്തിക്കുന്ന ആശയങ്ങൾ, വിവരണങ്ങൾ, ഭാഷ എന്നിവയെല്ലാം നർസേയുടെ മററു ഗ്രന്ഥങ്ങളുമായി താരതമ്യപ്പെടുത്തി (14) ക്കൊണ്ടു് കൊണോളി നടത്തിയിട്ടുള്ള ആഴമേറിയ പഠനത്തിൻെറ പശ്ചാത്തലത്തിൽ ഇതിൻെറ ആധികാരികത്വം സ്ഥിരീകരിക്കാൻ പ്രയാസമില്ല. ബുക്ക്‌ലീട്ടു് (15),മാക്‌ലീൻ (16),ബ്രൈററ്മാൻ (17), ബോംസ്റ്റാർക്കു് (18), റാററ്ക്ലീഫു് (19) തുടങ്ങിയ പ്രശസ്തരായ പണ്ഡിതന്മാരും ഇതേ അഭിപ്രായക്കാരാണ്. ,,ഏതായാലും പ്രസക്ത വ്യാഖ്യാനം നർസേയുടെ കാലത്തിനു ശേഷമായിരിക്കുവാൻ തരമില്ല,,ന്ന (20) അഭിപ്രായത്തോടു് യോജിക്കുന്നതു് ശരിയാണെന്നു തോന്നുന്നു.

ഇന്നത്തെ പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൻെറ നല്ലൊരു ഭാഗത്തെപ്പററി അറിവു നൽകുന്ന പൗരാണികരേഖകളിൽ അത്യ

ല്യമായ പ്രാധാന്യമാണ് നർസേയുടെ വ്യാഖ്യാനത്തിനുള്ളത്. നർസേയുടെയും കല്ദായരുടെയും ഇപ്പോഴത്തെ ആരാധനക്രമങ്ങളെ താരതമ്യം ചെയ്തു പഠിച്ചശേഷം (21) കൊണോളി പ്രസ്താവിക്കുന്നതു നോക്കുക: ,,മേല്പറഞ്ഞ താരതമ്യപഠനത്തിൽ നിന്നു് കാണാവുന്നതുപോലെ, ,രഹസ്യങ്ങളുടെ, വ്യാഖ്യാനത്തിൻെറ ചർച്ച ചെയ്യപ്പെട്ട ആരാധനക്രമം ശ്ലീഹന്മാരായ ആദ്ദായി, മാറി എന്നിവരുടേതിനോടു വളരെ സ്പഷ്ടമായി ബന്ധപ്പെട്ടിരിക്കുന്നെന്നു് ഞാൻ വിചാരിക്കുന്നു. പൊതുവായ ഘടന ഏതാണ്ടു് ഒന്നുതന്നെയാണ്. മാത്രമല്ല, നർസേ വിസ്തരിച്ച വ്യാഖ്യാനിച്ചിരിക്കുന്ന പല പ്രാർത്ഥനകളും, അപ്പസ്തോലന്മാരുടെ അനാഫൊറയിലും അതേ സ്ഥാനത്തു് കാണുന്നുണ്ടു്. ഏതായാലും നർസേ തൻെറ കാലത്തെ റീത്തിൻെറ മിക്കവാറും പൂർണ്ണവും കാര്യമാത്രവുമായ ഒരുവിവരണം തന്നിട്ടുണ്ടു്. വാസ്തവം അതാണെന്നു് കരുതുന്നതിൽ തെററില്ല. നമുക്കീ അവകാശവാദമുന്നയിക്കാമെങ്കിൽ , അപ്പസ്തോലന്മാരുടെ അനാഫൊറ പടിപടിയായുള്ള വ്യാഖ്യാനങ്ങളുടെയും വിശദീകരണങ്ങളുടെയും പരിണതഫലമായാണ് ഇന്നത്തെ നിലയിലെത്തിയതെന്നു് വ്യക്തമാണ്. പ്രാരംഭകാലത്തു് വളരെ ലഘുവായൊന്നായിരുന്നിരിക്കണം.അതുകൊണ്ടു്രഹസ്യങ്ങളെപ്പററിയുള്ള നർസേയുടെവ്യാഖ്യാനം, അപ്പസ്തോലന്മാരുടെ ഇപ്പോഴുള്ള ആരാധനക്രമത്തിൻെറ വലിയൊരു പങ്കം അഞ്ചാം നൂററാണ്ടിൻെറ അവസാനത്തിലേ നിലവിലിരുന്നെന്നു് കണ്ടുപിടിക്കുന്നതിനു് സഹായകമാണ്,, (22). നർസേയുടെ കാലത്തിനു മുമ്പു തന്നെ അപ്പസ്തോലന്മാരുടെ ആരാധനക്രമത്തിൻെറ ഈ ഭാഗങ്ങൾ ഉപയോഗത്തിലിരുന്നു. അനാഫൊറ കൂടാതെ അപ്പസ്തോലന്മാരുടെ ആരാധനക്രമത്തിൻെറ എല്ലാ ഭാഗങ്ങളും നർസേയുടേതിനു് അനുരൂപമാണ് (23).

സഭ, മാമോദീസാ എന്നീ രഹസ്യങ്ങളെപ്പററിയുള്ള വ്യാഖ്യാനത്തിൽ, ആരാധനക്രമം, ആദ്യം മരണത്തേയും പിന്നീടു് പരി. അരൂപിയുടെ ശക്തിയേയും കുറിച്ചാണ് പ്രതിപാദിക്കുന്നതെന്നു് നർസേ പറയുന്നു. മൃതനായ ഒരുവനു് ശവമഞ്ചമെന്നപോലെയാണ് വിശുദ്ധ പാത്രങ്ങൾ തയ്യാറാക്കുക. അവയിൽ മിശിഹായുടെ ശരീരവും, രക്തവും (അപ്പവും, വീഞ്ഞും) സമർപ്പിക്കുന്നു. രാജാധിരാജൻെറ അത്ഭുതകരമായ രഹസ്യങ്ങൾ സൂക്ഷിക്കാൻ ഓരോവശത്തും ഓരോ ഡീക്കനെ അദ്ദേഹം നിർത്തുന്നു. പുരോഹിതൻ എല്ലാ നാവു

കാറക്കും വേണ്ടി ഉറച്ച സ്വരത്തിൽ സ്തുതിശുശ്രൂഷ നടത്തുന്നു. അനന്തരം അദ്ദേഹം അനാഫൊറയ്ക്കു മുമ്പും പിമ്പുമുള്ള ഭാഗങ്ങളെ വിശദീകരിക്കാൻ മുതിരുകയാണു്. ,,സഭയും, പൗരോഹിത്യവും,, എന്ന പ്രസംഗത്തിൽ ഇതെല്ലാംതന്നെ കുറേക്കൂടി സംഗ്രഹിച്ചുകൊടുക്കുന്നു. ഈ രണ്ടു് പ്രസംഗങ്ങളും മാമോദീസായ്ക്കു ശേഷം അനുഷ്ഠിക്കപ്പെടേണ്ട കുർബാനയുടെ ക്രമത്തെപ്പററിയാണു് പ്രതിപാദിക്കുക. മാമോദീസായുള്ളപ്പോറം കുർബാനയുടെ ആദ്യഭാഗം ഉപേക്ഷിച്ചിരുന്നു.

## ഈശോയാബു് I (581–596)

'മഹാൻ' എന്നു വിളിക്കപ്പെടുന്ന ഈശോയാബു് 585—ലെ സിനഡിൽ വച്ചു് കുർബാനയർപ്പിക്കുന്നതിനെപ്പററി ചില കാര്യങ്ങറം വ്യവസ്ഥ ചെയ്തു (24). ദാരായ് ദ്വീപിലെ മെത്രാനായ മാർ ജേക്കബ്ബിനു് കുർബാനക്രമത്തെസംബന്ധിച്ചു് ചില നിബന്ധനകറം അയയ്ക്കുകയും ചെയ്തു. ഇവയിൽ ആദ്യത്തെ കാനൻ വളരെ പ്രധാനപ്പെട്ടതത്രേ. : ,,അദ്ദേഹം ബലിപീഠത്തെ സമീപിക്കുകയും മുട്ടുകുത്തുകയും ചെയ്തിട്ടു ചേർന്നുനിന്നു ബലിപീഠത്തെ ചുംബിക്കുന്നു. പിന്നീടു ജനങ്ങളെ അഭിവദിക്കുകയും 'സമാധാനം നിങ്ങളോടുകൂടെ, എന്നു് ആശംസിച്ചുകൊണ്ടു് അവരെ ആശീർവ്വദിക്കുകയും ചെയ്യുന്നു. സമാധാനം നിങ്ങളോടുകൂടെ— ഈ ആശംസ എല്ലാ തിന്മകളിൽനിന്നും എല്ലാ ഹൃദയങ്ങളും വിശുദ്ധീകരിക്കപ്പെടണമെന്നും, സ്വർഗ്ഗത്തിലെന്നപോലെതന്നെ മിശിഹായുടെ ആലയത്തിൽ നിൽക്കണമെന്നും അനുശാസിക്കുന്നു. അദ്ദേഹം സമാധാനത്തിൻെറ പ്രത്യാശംസ സ്വീകരിക്കുന്നു. പുരോഹിതനും ജനങ്ങളും പരസ്പരം സമാധാനം സ്വീകരിക്കുമ്പോറം അവരുടെ പരസ്പരൈക്യത്തിനു അന്യമായതൊന്നും കാണാനാവില്ല (25).

## ഇറാൻകാരനായ (ഖത്രായ) ഗബ്രിയേൽ (6-7 നൂററാണ്ടു്)

കുർബാനയെപ്പററി ഒരു സമ്പൂർണ്ണവ്യാഖ്യാനം നൽകുന്നു. സെലൂഷ്യയിലെ ദൈവശാസ്ത്ര കലാലയത്തിലെ പ്രൊഫസ്സറായിരുന്ന ഗബ്രിയേലിൻെറ ഈ പ്രബന്ധം — അതച്ച

ടിച്ചിട്ടില്ല — പിൽക്കാലവ്യാഖ്യാതാക്കൾക്ക മാർഗ്ഗദർശകമായി ത്തീർന്നു. കാരണം ഇതിൻെറ ചുവടുപിടിച്ചാണു പലരും അവരു ടെ വ്യാഖ്യാനങ്ങൾ എഴുതിയിട്ടുള്ളതു്.

## ഈശോയാബു് III (647/650-657)

പൗരസ്ത്യ സുറിയാനി സഭയുടെ വലിയൊരു പരിഷ്കർത്താ വാണു് ഈശോയാബു് (26). അദ്ദേഹം ''ആദ്ദായി,,യുടെയും ''മാ റി,,യുടെയും ആരാധനക്രമം വെട്ടിക്കുറച്ചു. അനാഫൊറ മൂന്നെന്നു് നിശ്ചയിച്ചുറപ്പിച്ചു (27). ആമ്റ് (Amr) ൻെറ അഭിപ്രായത്തിൽ നമ്മുടെ ആരാധനക്രമപഞ്ചാംഗം ക്രമപ്പെടുത്തിയതും അദ്ദേഹമാ ണു് (28). ഈശോയാബ് മാമോദീസായുടെയും, പാപമോചന ത്തിൻെറയും, ദൈവാലയപ്രതിഷ്ഠയുടെയും, വൈദികപട്ടത്തിൻെറ യും കർമ്മങ്ങളും ക്രമപ്പെടുത്തിയെന്നു് പറയുന്നു. ഇതിനു തെളിവാ യി അസ്സെമാനി ഉദ്ധരിക്കുന്നതു് അബ്ദീശോയുടെ അഭിപ്രായമാ ണു് (29).

### അർബേലിലെ ജോർജ് (10-ാം നൂററാണ്ടു്)

ഈശോയാബിൻെറ നിബന്ധനകൾ അർബേലിലെ ജോർ ജിൻെറ വ്യാഖ്യാനത്തിൽ കാണാം. അർക്കെദിയാക്കോൻ, ഡീക്ക ന്മാർ, സബ്ഡീക്കന്മാർ, മുതലായവർ പങ്കെടുക്കുന്ന ആഘോഷമാ യ പൊന്തിഫിക്കൽ ആരാധനക്രമത്തിനു് ഈശോയാബു് നൽകി യിട്ടുള്ള നിയമങ്ങൾ സീറോ മലബാർ റീത്തിലെ ഏററം ആഘോ ഷമായ പാട്ടുകുർബാനയുടെ (റാസ) പഠനത്തിൽ കുറെയൊക്കെ സ ഹായകമാകും. ആരാധനക്രമത്തിൻെറ ചില ഭാഗങ്ങൾക്കുള്ള കർമ്മ വിധികളായി അവയെ അർബേൽ തരുന്നുണ്ടു് (30).

വിളക്കുകളോടും തിരികളോടും കൂടെ മെത്രാനെ ബേമായിലേ യ്ക്കു ''ലാകുമാറാ,, എന്ന സ്തുതിഗീതത്തിനു മുമ്പാനയിച്ചവർ കസ്രോ മ്മായിലേയ്ക്കു തിരിച്ചുപോകുന്നു, മദ്ബഹായുടെ വാതിൽക്കൽ മററു തിരികൾ വയ്ക്കുകയും ചെയ്യുന്നു.

വായനയ്ക്കുമുമ്പു്, വായിയ്ക്കുന്നയാൾ ബലിപീഠത്തിനു മുമ്പിൽ ആരാധിച്ചതിനു ശേഷം സങ്കീർത്തിയുടെ (diaconicon) വാതിൽ

ക്കൽ നിന്നു് ബേമായിലേയ്ക്കു പോവുകയും മെത്രാന്റെ ആശീർവ്വാദം വാങ്ങുകയും വേണം. ക്രമാനുഷ്ഠാനത്തിൽ സഹായിക്കുന്ന ഡീക്കൻ അപ്പോൾ പറയുന്നു: ''ഇരിക്കുക, നിശബ്ദത പാലിക്കുക.,,

(ജനങ്ങളോടു് ഔദ്യോഗികമായി സംസാരിക്കുകയും കാറോസൂസ, മററു നിയോഗങ്ങൾ എന്നിവ അറിയിക്കുകയും ചെയ്യുന്ന ഡീക്കനാണു് ഈ ക്രമപാലകൻ.)

വി. പൗലോസിന്റെ ലേഖനത്തിൽനിന്നു മൂന്നു വാക്യങ്ങൾ വായിച്ചുശേഷം ക്രമപാലകനായ ഡീക്കനും അദ്ദേഹത്തോടുകൂടെയുള്ളവരും ബേമായുടെ വാതിൽക്കലേക്കിറങ്ങുകയും, ആരാധിക്കുകയും വേണം. പുരോഹിതന്മാരിലൊരാൾ എഴുന്നേററു് ഇവരോടുകൂടി ബേമ്മാ വരെ പോകണം.

സുവിശേഷം വായിക്കുന്ന പുരോഹിതൻ കാപ്പയും ഡീക്കൻ നീണ്ടഅങ്കിയും (കൊത്തീന) ധരിച്ചിരിക്കണം. ഡീക്കന്മാരും, മെഴുകുതിരി, ധൂപക്കുററി, ഇവ വഹിക്കുന്നവരും, പുരോഹിതന്റെ മുമ്പിൽ പോകണം. സബ്ഡീക്കന്മാർ അവരുടെ സ്ഥലംവിട്ടു് വിളക്കുകളോടുകൂടെ ധൂപക്കുററിക്കാരനെ സമീപിക്കണം.

സുവിശേഷപ്രസംഗസമയത്തു് ഡീക്കന്മാർനീക്കി മറെറല്ലാവരും ഇരിക്കണം. ഡീക്കന്മാർ ഇരിക്കരുതു്. ഡീക്കന്റെ നിർദ്ദേശമനുസരിച്ചു് സബ്ഡീക്കൻ കതകടയ്ക്കണം.

അക്കെദിയാക്കോനും, അദ്ദേഹത്തോടുകൂടെയുള്ളവരും ദിവ്യരഹസ്യങ്ങൾ ക്രമപ്പെടുത്തണം. ജോർജ് അർബേൽ (Pseudo George) പറയുന്നു: ''എന്നാൽ ഈശോയാബു് രഹസ്യങ്ങൾ ഏതു രീതിയിൽ ഒരുക്കണമെന്നോ, എപ്പോൾ അവ കൊണ്ടുവരണമെന്നോ പറയുന്നില്ല.,, അതായതു്, എങ്ങനെ അപ്പം ചുടണം, വീഞ്ഞു എങ്ങനെ കലർത്തണം എന്നു്. ഇവയെല്ലാം അദ്ദേഹം പ്രതീകങ്ങളിലൂടെ വിശദീകരിക്കുന്നു. അത്രമാത്രം.

വിശ്വാസപ്രമാണത്തിനുമുമ്പു്, മെത്രാൻ ബലിപീഠത്തെ സമീപിക്കുമ്പോൾ സബ്ഡീക്കന്മാർ തങ്ങളുടെ സ്ഥലംവിട്ടു് അരികിൽചെന്നു നിൽക്കണം.

''വിശ്വാസപ്രമാണം ചൊല്ലിക്കഴിഞ്ഞു വി. പൗലോസിന്റെ ലേഖനം വായിച്ച സബ്ഡീക്കൻ മദ്ബഹായുടെ വാതിൽക്കലേക്കു പോകണം.,,

## പാത്രിയർക്കീസ് എസക്കിയേൽ I (570–580)

576–ൽ പാത്രിയർക്കീസിൻെറ പേരു് "കോസ്റ്റാ" സാമ്രാജ്യം മുഴുവൻ പ്രഖ്യാപനം ചെയ്യണമെന്നു് അദ്ദേഹം കല്പിച്ചു (൮1).

## അബ്രാഹം ബർലിഫേ (7–ാം നൂററാണ്ടു്)

അബ്രാഹം ബർലിഫേ നൽകുന്ന കർബാനയുടെ ആദ്യഭാഗത്തിൻെറ ക്രമം താഴെ കൊടുത്തിരിക്കുന്നു.

ഒരു മർമ്മീസാ(ഓരോ വാക്യത്തിനുശേഷം 'ഹല്ലേലൂയ്യാ,യുള്ള മൂന്നു സങ്കീർത്തനങ്ങളുടെ ഒരു ഗണം.) — വേറൊരു സങ്കീർത്തനത്തിൽ നിന്നു് രണ്ടു വാക്യങ്ങൾ — ത്രിത്വസ്തുതി—മദ്ബഹായിൽ നിന്നു് ചൊല്ലുന്നു— ബേമായിൽ കുരിശു വയ്ക്കുന്നു—ലാകുമാറാ—രണ്ടു വിളക്കുകൾ കുരിശിനെ അനുഗമിക്കുന്നു—ധൂപിക്കൽ—ത്രൈശുദ്ധകീർത്തനം—നിയമത്തിൽ നിന്നും പ്രവാചകന്മാരിൽ നിന്നും വായന—പഴയനിയമത്തോടുകൂടെ ശ്ലീഹന്മാരുടെ നടപടി വായിക്കുന്നു—പുരോഹിതന്മാർ ബേമായിലിരിക്കുന്നു— അവർ (ശൂറായാസ്സു) നിൽക്കുന്നു— (Stations – the apostle)—ഡീക്കൻ വി. പൗലോസിൻെറ ലേഖനം വായിക്കുന്നു — സുവിശേഷത്തിനു മുമ്പുള്ള സ്തുതിഗീതം—പുരോഹിതന്മാർ പട്ടുവസ്ത്രങ്ങൾ ധരിക്കുന്നു—സുവിശേഷവും കുരിശും പ്രദക്ഷിണമായി കൊണ്ടുപോകുന്നു— ഡീക്കൻ അനുഗമിക്കുന്നു — സുവിശേഷം വായിക്കുന്നു—കുരിശു് ഒരു പീഠത്തിൽ വയ്ക്കുന്നു—വിളക്കുകൾ ആ സമയത്തു കൊണ്ടുവരുന്നു— രണ്ടു വിളക്കുകളുണ്ടു്, ഒന്നല്ല—ധൂപിക്കൽ—തുർഗാമാ(?) പ്രഖ്യാപനം— കൈവെയ്പിൻെറ പ്രാർത്ഥനകൾ.

കുരിശും സുവിശേവും ബേമായിൽ വയ്ക്കുന്നു—കുരിശും സുവിശേഷവും ബേമായിലെ അവയുടെ സ്ഥാനത്തു നിന്നു മാററുന്നു— പുരോഹിതൻ സുവിശേഷം എടുക്കുന്നു— ഡീക്കൻ കുരിശെടുക്കുന്നു—കുരിശും സുവിശേഷവും ബേമായിൽ നിന്നു് പുരോഹിതന്മാരോ ഡീക്കനോ അനുഗമിക്കാതെ താഴെ വയ്ക്കുന്നു—കുരിശു മദ്ബഹായുടെ വാതിൽക്കൽ സ്ഥാപിക്കുന്നു— കുരിശു സുവിശേഷത്തിൽ നിന്നകററി മറേറ വശത്തു് വയ്ക്കുന്നു—കുരിശും, സുവിശേഷ

ഷവും മദ്ബഹായുടെവാതിൽക്കൽ വച്ചശേഷം അവർ സ്നാനാർത്ഥി കളുടെ പിരിച്ചുവിടൽ വിജ്ഞാപനം ചെയ്യുന്നു—കേംവിക്കാരെ പോവുക—അപ്പവും വീഞ്ഞും മൂടുന്നു—ഡീക്കന്മാർ ഇരുവശങ്ങളിലും നിൽക്കുന്നു—കുരിശും, സുവിശേഷവും ബലിപീഠത്തിൽ വയ്ക്കുന്നു – അവയ്ക്കു മുകളിൽ നമ്മുടെ കർത്താവിന്റെ രൂപവും—(കുരിശും സുവിശേഷവും, നമ്മുടെ കർത്താവിന്റെ പ്രതിഛായയും ഇല്ലാതെ രഹസ്യങ്ങൾ അർപ്പിക്കപ്പെടുവാൻ പാടില്ലത്രെ.) കാഴ്ചവയ്പു പ്രദക്ഷിണ ഗീതം—ഈ സമയത്തു് പുരോഹിതന്മാർ ബേമായിലിരിക്കുന്നു—കൈകൾ കഴുകുന്നു—പുരോഹിതന്മാർ ബേമായിൽ നിന്നിറങ്ങുമ്പോൾ ഡീക്കൻ മദ്ബഹായുടെപുറത്തുപോകുന്നു—അവർ ആദ്യം പ്രവേശിക്കാൻ വേണ്ടി ആദരപൂർവ്വം മാറി നിൽക്കുന്നു— പുരോഹിതന്മാർ മദ്ബഹായിൽപ്രവേശിച്ചയുടനെ അവർ വിശ്വാസപ്രമാണം, പിതാക്കന്മാർ ഏറ്റുപറഞ്ഞു നിശ്ചയിച്ച തന്ന വിശ്വാസം, ചൊല്ലുന്നു—അപ്പോൾ ഡീക്കൻ സകല "ജനത്തിനും,, വേണ്ടി പ്രാർത്ഥിക്കുന്നു—ഇതുവരെ സഭ പ്രതീകങ്ങൾകൊണ്ടു് മിശിഹായുടെ മരണത്തിന്റെയും ഉയിർപ്പിന്റെയും രഹസ്യങ്ങൾ വെളിപ്പെടുത്തുന്നു—പുരോഹിതൻ ജനങ്ങൾക്കു് സമാധാനം നൽകുന്നു— (32).

ബർലിഫേ വളരെ സൂക്ഷ്മമായ വിവരങ്ങൾ പോലും നൽകുന്നുണ്ടു്. അതുകൊണ്ടാണു് സുവിശേഷത്തിനും ആദ്യത്തെ ഗ്ഹന്തയ്ക്കുമിടയ്ക്കുള്ള സങ്കീർണ്ണമായ അനുഷ്ഠാനവിധികൾ പഠിക്കുന്നതിനു ബർലിഫേയെപ്പോലുള്ള പുരാതന വ്യാഖ്യാതാക്കളെ ആശ്രയിക്കണമെന്നു് കോഡ്രിങ്ടൺ പറയുന്നതു്.

## എഡേസ്സായിലെ മാർ ജേക്കബ് (633-708)

ഇദ്ദേഹം തോമാ എന്ന പുരോഹിതനു് ഒരു കത്തയച്ചു. ആ കത്തു് ഡയനീഷ്യസ് ബർസലീബി കണ്ടുപിടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതിൽ Pre- anaphoral കർബാനയെപ്പററി പറയുന്നവ താഴെ ചേർത്തിരിക്കുന്നു. പഴയ നിയമത്തിൽനിന്നും, പുതിയനിയമത്തിൽനിന്നുമുള്ള വായനയ്ക്കുശേഷം മൂന്നു പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. ഒന്നാമത്തേതു് മെത്രാനോ പുരോഹിതനോ സ്നാനാർത്ഥികളുടെമേൽ കൈവച്ചുകൊണ്ടു്, ഡീക്കൻ "മാമോദീസാസ്വീകരിക്കാത്തവരെ, പുറത്തുപോക

വിൻ,, എന്നു പറയുമ്പോഠം ചൊല്ലുന്നതു്. രണ്ടാമത്തേതു് പി ശാചുബാധിച്ചവരിൽനിന്നു് അവയെ ഒഴിച്ചുവിടുമ്പോഠം ചൊല്ലുന്നതു്. മൂന്നാമത്തേതു് ആശീർവ്വാദംസ്വീകരിക്കാതെ പുറത്തു പോകേണ്ട അനുതാപികഠംക്കുവേണ്ടി ചൊല്ലേണ്ടതു്. ഇതെല്ലാം കാലപ്പഴക്കത്തിൽ നിരുപയോഗമായിത്തീർന്നെങ്കിലും ഡീക്കൻമാർ ഇവ വിജ്ഞാപനത്തിൽ തുടർന്നുപറഞ്ഞിരുന്നു. അപ്പോഠം ഡീക്കൻ, ,,പള്ളിയുടെ വാതിലുകഠം അടയ്ക്കപ്പെടട്ടെ,, എന്നു് വിളിച്ചുപറയും. അനന്തരം വിശ്വാസപ്രമാണം ചൊല്ലേണ്ടിയിരുന്നു. വാതിലുകളടച്ചുകഴിഞ്ഞിട്ടു് വിശ്വാസികഠംക്കുവേണ്ടി പ്രാർത്ഥനകഠം ചൊല്ലുന്നു. ഒന്നു് സമാധാനത്തിനുവേണ്ടി, രണ്ടു് കൈവയ്പിനുവേണ്ടി. മൂന്നു് മേശ മൂടുന്നതിനുവേണ്ടി (ക്രാസായും, പീലാസായും – Prayer of the veil). അപ്പോഠം കർബാന (അനാഫൊറ) ആരംഭിക്കുവാൻ പോകുന്നുവെന്നു് സൂചിപ്പിച്ചുകൊണ്ടു് ഡീക്കൻ നിർദ്ദേശിക്കുന്നു: ,,ഉചിതമായി നില്ക്കുവിൻ.,, അർപ്പകൻ ജനങ്ങളുടെനേരെ തിരിഞ്ഞു് ,,ദൈവത്തിന്റെ കൃപ,, എന്നു തുടങ്ങുന്നതുചൊല്ലിക്കൊണ്ടു് അവരുടെമേൽ മൂന്നുപ്രാവശ്യം കുരിശടയാളങ്ങഠം വരയ്ക്കുന്നു. അതിനു് ജനങ്ങഠം ,,നിന്റെ അരൂപിയോടുകൂടെയും എന്നു് പ്രതിവചിക്കുന്നു,,(37). ഈ വ്യാഖ്യാനവും പ്രധാനമായി അന്ത്യോക്യൻ ആരാധനക്രമത്തെ അടിസ്ഥാനമാക്കിയാണല്ലോ.

## ജോർജ്ജ് മെത്രാൻ (8–ാം നൂററാണ്ടു്)

ഇദ്ദേഹം എഡേസ്സായിലെ ജയിംസിന്റെ സമകാലികനാണു്. ഇദ്ദേഹവും എഡേസ്സായിൽ നടത്തിയ കർബാനയുടെ ആദ്യഭാഗത്തിന്റെ ക്രമം നല്കുന്നുണ്ടെന്നു തോന്നുന്നു. കവിന്താ എന്നു വിളിക്കപ്പെടുന്ന ഒരു ഗാനമായി സങ്കീർത്തനങ്ങഠം ചൊല്ലുന്നു. Trisagion മൂന്നുപ്രാവശ്യം– വി. ലിഖിതങ്ങളുടെ വായനയും അവയുടെ വ്യാഖ്യാനവും—മദ്ബഹാമുഴവൻ ഡീക്കൻ ധൂപിക്കുന്നതിനു്മുമ്പു് പഴയനിയമം വായിക്കുന്നു. ധൂപക്കുററി മദ്ബഹായിലേക്കു് കൊണ്ടുവരുന്നു—സമാധാനം വിശ്വാസികഠംക്കു് അന്യോന്യം ആശംസിക്കുന്നു. ഡീക്കൻ ലേവായരെ പ്രതിനിധീകരിക്കുന്നു. തന്മൂലം അവർ വായനകഠം നടത്തുന്നു; സാർവ്വത്രികപ്രാർത്ഥന ചൊല്ലുന്നു. (കാറോസൂസാ), പള്ളിയുടെ വാതിലുകഠം സൂക്ഷിക്കുന്നു;

എപ്പോഴും നിശബ്ദത പാലിക്കുവാൻ നിർദ്ദേശിക്കുന്നു; വിശ്വാസികളെ അവരവരുടെസ്ഥാനത്തു് നിർത്തുന്നു—വെള്ളം വീഞ്ഞിൽ കലർത്തുന്നു—രഹസ്യങ്ങളുടെ ആവരണം ഡീക്കൻ നീക്കുന്നു—മദ്ബഹായുടെ തിരസ്ക്കരണി—രഹസ്യങ്ങൾ സ്വീകരിച്ചതിൽപ്പിന്നെ പാപംചെയ്ത അനുതാപികൾക്കു് ദിവ്യരഹസ്യങ്ങൾ വീണ്ടും നല്കുന്നില്ല—വിശറികൾ ഡീക്കന്മാരുടെ കൈകളിലാകുന്നു—മുട്ടുകുത്തൽ—മുട്ടിൽനിന്നെഴുന്നേൽക്കൽ— ഞായറാഴ്ചകളിലും പന്തക്കുസ്തായുടെ ഏഴാഴ്ചകളിലും മുട്ടുകുത്തലില്ല (33).

## മോസസ് ബർകേഫ (813–903)

ഒൻപതാം നൂററാണ്ടുമുഴുവൻ നിലവിലിരുന്ന ആരാധനക്രമാനുഷ്ഠാനങ്ങൾക്കു് വിശ്വസ്തനായൊരു സാക്ഷിയുണ്ടു്, മോസസ് ബർകേഫാ. കാരണം നാല്പതുകൊല്ലക്കാലം (863–903) അദ്ദേഹം ബേസ് റഹ്മൻ, ബേസ്ക്യാനായാ, മോസൂൾ എന്നിവിടങ്ങളിലെ മെത്രാനായിരുന്നു. അദ്ദേഹം പത്തുകൊല്ലത്തേക്കു തഗറീത്ത രൂപതയുടെ പെരിയ ദെവു്ത്തു് (Perio deut) അഥവാ സന്ദർശകപ്രതിനിധി (Visitor) ആയിരുന്നു (34). അന്ത്യോക്യൻറീത്തിലെ ദിവ്യബലിയേപ്പററിയുള്ള നിരൂപണത്തിൽ (35) ജോർജ്ജ് അർബേലിൻെറ ഗ്രന്ഥത്തിൽനിന്നു് പകർത്തിയ ഭാഗങ്ങൾ വ്യക്തമായിക്കാണാം (36).

12–ാം ശതകത്തിലെ ഡയനിഷ്യസ് ബർസലീബിയുടെ കുർബാനയുടെ വ്യാഖ്യാനത്തിൽ മോസസ്സിൻെറ നിരൂപണത്തിൻെറ ഒരു നല്ലപങ്കുകൂടി ചേർത്തിട്ടുണ്ടു് (37).

## അബ്ദീശോ (+ 1318)

കുർബാന, വി. യാമപ്രാർത്ഥനകൾ എന്നിവയെ ഹ്രസ്വമായി വ്യാഖ്യാനിക്കുന്നുണ്ടു്. ആരാധനക്രമത്തോടു് ബന്ധപ്പെട്ട സംജ്ഞകളെ— വൈദികർ, തിരുവസ്ത്രങ്ങൾ, ബേമ തുടങ്ങിയവ—വിശദീകരിക്കുന്നുമുണ്ടു്. അദ്ദേഹത്തിൻെറ പ്രധാനപ്പെട്ട രണ്ടു കൃതികൾ: De Ordine Judiciorum Ecclesiae; Liber Patrum.

## തിമോത്തി II

1318—ൽ പാത്രിയാക്കീയായി. ബർലിഫേയുടെ വ്യാഖ്യാനമനുകരിച്ച് ഏഴു കൂദാശകളെയും പററി പ്രതിപാദിക്കുന്നു. Causae Septem Sacramentorum എന്ന ഗ്രന്ഥത്തിൽ ഇതു് കാണാവുന്നതാണു്.

## മോസൂളിലെ സന്യാസികൾ

14—ാംനൂററാണ്ടിൽ മോസൂൾ ആശ്രമത്തിൽ വച്ചു പല വ്യാഖ്യാനങ്ങളും വിരചിതമായി. ജോൺ എന്ന സന്യാസി ആരാധനക്രമത്തിൻെറ വ്യത്യസ്തഘട്ടങ്ങളിൽ ആരാധകനുണ്ടാകേണ്ട മനോഭാവം വ്യക്തമാക്കാനുതകുന്ന രീതിയിൽ ഒരു വ്യാഖ്യാനമുണ്ടാക്കി. കൂടുതൽ പൂർണ്ണമായ മററൊരു വ്യാഖ്യാനം ജോൺ ബർസോബി എന്ന സന്യാസിയുടേതുണ്ടു്. പക്ഷേ, അബ്രഹാം ബർലിഫേയുടെ വിശദീകരണത്തിൻെറ ഏതാണ്ടൊരു കോപ്പിയാണിതു്.

# 2. ആരാധനക്രമ നിബന്ധനകൾ

## സെലൂഷ്യൻ സൂനഹദോസ് (410—ൽ)

ഈ സൂനഹദോസിൻെറ ചില തീരുമാനങ്ങൾ ശ്രദ്ധിക്കുക: ഐസക് മെത്രാനും, മരുത്തയും നമ്മെ പഠിപ്പിക്കുന്നതും, സെലൂഷ്യൻസഭയിൽ അനുഷ്ഠിച്ചിരുന്നതുമായ ദിവ്യരഹസ്യങ്ങൾ പാശ്ചാത്യരനുഷ്ഠിക്കുന്നതുപോലെ (അതായതു് അന്ത്യോക്യാ രൂപതയിൽപ്പെട്ട മെസപ്പൊട്ടോമിയാ സംസ്ഥാനത്തു നടത്തുന്നതുപോലെ) നാമെല്ലാവരും ഇന്നുമുതൽ ഏകയോഗമായി നടത്തേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ഓരോ പട്ടണത്തിലും ഡീക്കൻ സാർവ്വത്രിക പ്രാർത്ഥന ചൊല്ലണം (കാറോസൂസ). അവിടെ ചെയ്യുന്ന പ്രകാരം വി. ലിഖിതവും വായിക്കണം. ഒരേ ദൈവാലയത്തിലും ഒരേ അൾത്താരയിലും ദിവ്യബലി ആഘോഷിക്കണം. ഇനിയൊരിക്കലും കാലഹരണപ്പെട്ട ആചാരങ്ങളുടെ ഓർമ്മയൊന്നും നമ്മുടെ

യിടയിൻ പാടില്ല. ആരുടെയും ഭവനത്തിൽവച്ചു ബലിയർപ്പി ക്കരുതു്.

''എല്ലാ ഞായറാഴ്ചകളിലും മററു ഗ്രന്ഥങ്ങളോടൊപ്പം സുവി ശേഷവും വായിക്കണം. പതിനഞ്ചോ ഇരുപതോ മിനിട്ടു സമയ ത്തേക്കു ദൈവവചനം പ്രസംഗിക്കുക. തുടർന്നു ബലിയർപ്പണവും നടത്തുക (9–ാംകാനൻ).

ഞായറാഴ്ച, മെത്രാൻെറ സാന്നിദ്ധ്യത്തിൽ വായനസ്ഥലത്തു നിന്നു് അക്കേ്ദിയാക്കോൻ പരസ്യമായി പ്രഖ്യാപനം ചെയ്യണം; അദ്ദേഹം സുവിശേഷം വായിക്കണം; ശുശ്രൂഷസംബന്ധി ച്ചു് എല്ലാ കാര്യങ്ങളും അദ്ദേഹം നിയന്ത്രിക്കുകയും വേണം. (15–ാംകാനൻ)

മെത്രാൻെറ അസാന്നിദ്ധ്യത്തിൽ അക്കേ്ദിയാക്കോൻ ബലി യർപ്പിക്കേണ്ടവരെ നിശ്ചയിക്കുന്നു. സെലൂഷ്യൻസഭയിൽ ആരാധന ക്രമാനുഷ്ഠാനത്തിനിടയിൽ സുവിശേഷം വായിക്കാതിരിക്കുക പതി വായിരുന്നുവെന്നു അസ്സെമാനി ചൂണ്ടിക്കാട്ടുന്നു. ഇതുകൊണ്ടായിരി ക്കണം വിശുദ്ധ സുവിശേഷപാരായണം വേണമെന്നു സൂനഹദോസു അനുശാസിച്ചതു്. സിനഡിൽ മാർ അബ്ബാ ഇതാവർത്തിച്ചു. 600–ാം ആണ്ടോടടുത്തു മഹാനായ ബാബായു്, ഇസ്ലായിലെ ആ ബട്ടു് (കുറേക്കാലത്തേക്കു് Seleucia Cteziphoon അഡ്മിനി സ്ട്രേററർ ആയിരുന്നു.) എന്നിവർ സന്യാസാശ്രമങ്ങൾ സന്ദർശി ച്ചപ്പോൾ, ഞായറാഴ്ചകളിൽ സുവിശേഷം വായിക്കുന്നതു നിർത്തി വച്ചു. വി. ഗ്രന്ഥത്തെപ്പററി നിരന്തരം ധ്യാനിച്ചുകൊണ്ടിരിക്കുന്ന സന്യാസികൾക്കു് അതനാവശ്യമാണെന്നു് അദ്ദേഹം പറഞ്ഞു. അ ദ്ദേഹത്തിൻെറ അഭിപ്രായത്തിൽ വൈദികന്മാരുടെയും അവൈദിക രുടെയും കാര്യത്തിൽ ഇതു ചെയ്യേണ്ടതാണു്. എന്നാൽ ഒരവസര ത്തിൻ മാർ ജേക്കബ്ബു് അതു ചെയ്യാൻ അനുവദിക്കുകയും അതിനെ പ്രശംസിക്കുകയും ചെയ്തു (19–ാംകാനൻ) (38).

## ചോദ്യോത്തരങ്ങൾ (Casus)

ആരാധനക്രമം പരികർമ്മം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട നി യമങ്ങൾ വ്യക്തമാക്കാനും സംശയങ്ങൾ ദൂരീകരിക്കാനും ചോദ്യോ

ത്തരരീതി അവലംബിക്കാറുണ്ട് (Casus, casuistry). പാത്രിയ ക്കാ ഈശോയാബ് പതിന്നാലാമൻ പൂജാർപ്പണത്തെ പുരസ്കരിച്ച് എഴുതിയിരിക്കുന്നതു് ഇത്തരത്തിലാണ്. ഈശോയാബ് ഒന്നാമൻ (581–96) ഈശോ ബർനൂൺ പാത്രിയക്കാ (823–823), ജോൺ അഞ്ചാമൻ അബ്ഗാർ പാത്രിയക്കാ (900–905) എന്നിവരും ചോദ്യോത്തരരീതിതന്നെ സ്വീകരിച്ചിരിക്കുന്നു. ഇവരിൽ പലരുടെയും കൃതികൾ പ്രസിദ്ധം ചെയ്തിട്ടില്ലെന്നതു പഠിതാക്കൾക്കു വലിയ നഷ്ടമാണ്.

## 3. കൈയെഴുത്തുപ്രതികൾ

വൈദികർ അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ, സങ്കീർത്തനം, വായനകൾ, കാലത്തിനൊത്തു മാറിവരുന്ന പ്രാർത്ഥനകൾ (Proper), തുർഗാമാ എന്നിവയെല്ലാമാണ് ആരാധനക്രമ കൈയെഴുത്തുപ്രതികളുടെ ഉള്ളടക്കം. ആദ്യത്തെ ഗണത്തിൽ കൂദാശകളും കൂദാശാനുകരണങ്ങളും ഉൾപ്പെടുന്ന കൈയെഴുത്തുപ്രതികൾകാണാം. കുർബാനക്രമം മാത്രമുള്ള കൈയെഴുത്തുപ്രതികൾ വേറൊരു ഗണം. ഗായകസംഘത്തിനുള്ള പുസ്തകത്തിൽ പ്രധാനതിരുനാളുകളിലെ കാനോനനമസ്കാരത്തിനുശേഷം കുർബാനക്രമവും സാധാരണമായി കൊടുത്തുകാണാറുണ്ട്.

കുർബാനയുടെ കൈയെഴുത്തുപ്രതികളുടെ പട്ടിക ആരാധനക്രമപണ്ഡിതരായ ബൗംസ്റ്റാർക്ക്, ബ്രൈററ്മാൻ, മാക്കമ്പർ എന്നിവർ നൽകുന്നു.

## ചില കൈയെഴുത്തുപ്രതികളെപ്പററി

ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന 6–ാംനൂററാണ്ടിലെ ഒരു കൈയെഴുത്തുപ്രതി (Brit. Mus. 14669)യാണ് ഏററം പുരാതനമായതു്. ഈജിപ്ഷ്യൻ മരുഭൂമിയിലെ ഒരു സിറിയൻ ആശ്രമത്തിൽനിന്നു വാങ്ങിച്ച ഒരു കൈയെഴുത്തുപ്രതിയുടെ നാലു പേജുകളിലാണ് ഇതെഴുതിയിരിക്കുന്നതു്. എഡേസ്സായിലേതെന്നു വിശ

സിക്കുന്ന ആ കുർബാന പൗരസ്ത്യ സിറിയൻ അനാഫൊറകളുടെ മൂലരൂപമായിരിക്കാമെന്നു പറയുന്നവരില്ലാതില്ല.

കൽദായ മെത്രാസനലൈബ്രറികളിൽ പുരാതനങ്ങളായ രണ്ടു കൈയെഴുത്തുപ്രതികൾ ഫാദർ മാക്കമ്പർ എസ്. ജെ കണ്ടതായി പറയുന്നു. അതിലൊന്നു പൗരസ്ത്യസുറിയാനിക്കാരുടെ മൂന്ന് അനാഫൊറകളും സാധാരണ കുർബാനക്രമവുമുള്ള 10–ാംനൂററാണ്ടിലേതാണ്. രണ്ടാമത്തേതു് 12–ാംനൂററാണ്ടിലെഴുതിയതു് ''അപ്പസ്തോലന്മാരു'' ടെയും നെസ്തോറിയസിൻെറയും പേരിലറിയപ്പെടുന്ന അനാഫൊറകളുള്ളതുമാണ്.

16–ാംനൂററാണ്ടിൽ മലബാറിലെ മെത്രാൻ മാർ ജോസഫ് എഴുതിയ ഒരു കൈയെഴുത്തുപ്രതി വത്തിക്കാൻ ലൈബ്രറിയിലുണ്ട് (Vat. Sir 66). മാർ ജോസഫ് 1553–ൽ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ട പാത്രിയാർക്കാ ജോൺ സൂലാക്കായുടെ സഹോദരനാണ്. മാർ ജോസഫിൻെറ കുർബാനക്രമം കൽദായർക്കും മലബാറുകാർക്കും പൊതുവായ മൂലത്തിൽ നിന്നുള്ളതാണെന്നാണു പണ്ഡിതന്മാരുടെ അഭിമതം.

## മററു ചില പ്രധാനപ്പെട്ട കൈയെഴുത്തുപ്രതികൾ

| | | | | | |
|---|---|---|---|---|---|
| Seert | 38 | (XIII Cent). | Diarbekir | 48 | (XV Cent). |
| Diarbekir | 57 | 1240 A. D. | Mardin | 19 | (XV Cent). |

Berlin Orient

38 (1495 A. D.)
39 (1785)
40 (1881)
41 (1834)
42 (1756)

LeidenOrient

1215 (1720)

Bibliotheque Nationale. Paris

84 (1745 A. D.)
88 (XVII cent.)
89 (1689)
90 (1698)
93 (1725)
94 (1724)
95 (1697)
96 (1699)
97 (1696)
98 ( ? )
99 (1711)
283 (1684)
313 (1744)

British Museum Additional

4060 (XVI)
4061 (1851)
7181 (XVI)

Cambridge Additional

1984 (1707)
2045 (1686)
2046 (XIX)

Mannanam Ms (touched up in) 1603 Mingana (Woodbrooke Foundation)

53 (1679)

Mossul (Chaldean Patriarchate)

36 (XIII)
42 (1809)

Oxford Ouseley

267 (XVIII)

Vaticano Siriaco

42 (1603)
66 (1551)
290 (1603)
303 (1608)

## 4. അച്ചടിച്ച കുർബാനക്രമം

### കൽദായ – നെസ്തോറിയൻ പതിപ്പുകൾ

1767 (റോമാ)
1773 ,,

1870
1876 (ഉർമിയ — ലാസറിസ്റ്റ്)
1890 (ഉർമിയ — ആംഗ്ലിക്കൻ)
1901 (മോസ്സൂം — ഡൊമിനിക്കൻ)
1906
1901–28 (കെലൈത്താ - ഉർമിയ, മോസൂൾ)
1936 (സുലൈമാൻ സൈഗ്)

## സീറോ - മലബാർ

1774 (റോമാ)
1844 ,,
1928 മാന്നാനം
1904–31 (നാലു പതിപ്പുകൾ)
മററു പല പതിപ്പുകൾ....
1962 (മലയാളം — സുറിയാനി)
1968 (പരിഷ്ക്കരിച്ച മലയാളം)
1968 ( ,, രണ്ടാം പതിപ്പ്)

---

1. BURKITT F. C., The mss. of "Narsai on the Mysteries", JTS XXIX (1928) 269–275.
2. MACLEAN A. J., JTS XII (1909–17).
3. BRIGHTMAN F. E., JTS XII (1910–11) 319.
4. REINE F., The Eucharistic Doctrine and Liturgy of the Mystagogical Catechesis of Theodore of Mopsuestia, Washington, 1942, pp. 3-4.
5. MINGANA A., A Commentary of Theodore of Mopsuestia on the Lord's Prayer and on the sacraments of baptism and the eucharist, Cambridge, 1933.
6. LIETZMANN H., Die Liturgie des Theodore von Mopsuestia, Berlin, 1933, p. 3.

7. ABRAMOWSKI R., Neue Schriften Theodors von Mopsuesite (+428), Zeitschrift fur die Neutestamentliche Wissenschaft XXXIII (1934) 66–67.

8. DEVRESSE R., Les instructions catechetiques de Theodore de Mopsueste, Revue des Sciences Religieuses, XIII (1933) 425–436.

9. MINGANA A., Commentary of Theodore of Mopsuestia on the Nicene Creed, Cambridge, 1932, p. v.

10. CONNOLLY R. H., The Liturgical Homilies of Narsai, Cambridge, 1909, pp. 1-72. MINGANA A., in his Narsai Doctoris Syri Homilie et Carmina, Mossul, 1905.

11. RATCLIFF E. C., A note on the Anaphoras described in the Liturgical Homilies of Narsai, BIRDSALL J. NEVILLE, Biblical and Patristic studies in memory of Robert Pierce Casey, Freiburg, 1963, p. 237.

12. RAHMANI I. E., Les Liturgies Orientales et Occidentales, Beyrouth, 1929, pp. 348–52.

13. Ibidem 349.

14. CONNOLLY R. H., The Liturgical Homilies of Narsai, pp. xii-xli.

15. BURKITT F. C., The mss. of "Narsai on the Mysteries," JTS XXIX (1928) 269-275.

16. MACLEAN A. J., JTS XII (1909–17).

17. BRIGHTMAN F. E., in JTS XII (1910–11) 319.

18. BAUMSTARK A., Geschichte der syrischen Literatur; Bonn, 1922, p. 112.

19. RATCLIFF E. C., op. cit., pp. 235–37.

20. Ibidem p. 236. DE VRIES W., "tein Dokument der Fruhzeit des Nestorianismus" Sakramentheologie bei den Nestorianern, Roma, 1947, p. 26.

21. ഉപകാരപ്രദമായ ചില താരതമ്യപഠനങ്ങളുണ്ട്: 1). കൽദായരുടെ ഇപ്പോഴത്തെ കുർബാനയും അർബേലിന്റെ കുർബാനയും തമ്മിലുള്ളതു് (CONNOLLY op. cit. pp. 271 f.). 2.) ഗ്രുവെയാ നൽകുന്ന മലബാർ കുർബാനയെ Vat. sir 66, Bibl. Nat. Syr 96, Brit. Mus. Add 7181 Cambr. Add 2045, 1981 ഇവയോടു താരതമ്യപ്പെടുത്തുന്നതു് (Pastor D. WEBB in Sonderdruck aus studia Patriestica Vol. 80, Berlin 1962, pp. 218–39). 3). റൗളിൻ നൽകുന്ന മലബാർ കുർബാനയെ (Historia eccl. Malabar cum synodo Diamperitana pp. 292-333) ബ്രൈററു്മാൻ നൽകുന്ന കുർബാനയോടു (Liturgies Eastern and Western, pp. 252-305) താരതമ്യപ്പെടുത്തുന്നതു്. (DACL, col. 1261-64.) 4). കൽദായ കുർബാനയും മാറോനീത്താക്കാരുടെ 'ശറർ' എന്ന അനാഫറയും തമ്മിൽ താരതമ്യപ്പെടുത്തുന്നതു് (RAHMANI Les Liturgies Orientales et Occidentales pp. 322).

22. CONNOLLY R. H., The Liturgical Homilies···· p. lxii

23. CONNOLLY, op. cit. p. lxiii

24. GISMOND H., Maris Amr et Slibae, De Patriarchis Nestorianorum Commentaria, Rome, vol. II, 1897, p. 33.

25. BRAUN O., Das Buch des Synhados, Stuttgart, 1900, p. 240

26. WIGRAM W., Introduction to the History of the Assyrian Church, London, 1910, p. 123.

27. BAUMSTARK A., Die christlichen Literaturen des Orients, Vol. I, Leipzig, 1911, p. 46.

28. GISMOND H., Maris Amr et Slibae, De Patriarchis Nestorianorum Commentaria, Rome, Vol. 11, 1897, p. 33.

29. ASSEMANI J. S., Bibliotheca Orientalis Rome, 1728.

30. CONNOLLY R. H.; Expositio Officiorum, Tract. IV. passim. III, i, pp. 139–140.

31. CHABOT, op. cit., p, 121.

32. Interpretatio officiorum in Anonymi auctoris expositio officiorum Ecclesiae Gerogeo Arbelensi Vulgo adscripta ed. R. H. CONNOLLY CSCO Scriptores Syri Series Secunda, tomus XCI, Rome 1911–13, pp. 163–180 (151-166); and HANSSENS op. cit. II pi 468–70.

33. HANSSENS J. M., op. cit., pp. 464–66.

34. WRIGHT W., A short history of Syriac Literature, London, 1894, pp. 207–208

35. CONNOLLY R. H., CODRINGTON H. W., Two commentaries on the jacobite liturgy by George Bishop of the arab tribes and Moses bar Kepha··· London, 1913.

36. CONNOLLY R. H., ibidem, p. 2.

37. LABOURT H., Bar Salibi, Expositio Missae, Paris, 1903.

38. LAMY T. J. Concilium Seleuciae et Ctesiphontis Habitum, Anno 410. Louvain 1898.

ST. ANTONY'S
ALWAYE-KERALA

# ഈ ഗ്രന്ഥത്തെപ്പററി

''....വടവാതൂർ സെമിനാരിയിലെ ലിററർജി പ്രൊഫസറായ ഗ്രന്ഥകാരൻെറ ഗവേഷണചാതുരികളും ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചയും നിദർശനമായ 'കുർബാന—ഒരു പഠനം' കൗൺസിലിൻെറ യുഗത്തിൽ, നവീകരണപ്രക്രിയയിൽ, ആരാധകനെ നയിക്കുന്ന കൈവിളക്കാണെന്നു ഞാൻ കരുതുന്നു. അഗാധമായ പഠനത്തിൻെറയും അശ്രാന്തമായ പരിശ്രമത്തിൻെറയും അതുല്യമായൊരു ചൈതന്യം ഈ ഗ്രന്ഥത്തിലുടനീളം ദൃശ്യമാണ്. ഓരോ പ്രാർത്ഥനയുടേയും ശാസ്ത്രീയവും ചരിത്രപരവുമായ സ്ഥാനം, അർത്ഥം, പ്രാധാന്യം എന്നിവ ലളിതമായി പ്രതിപാദിച്ചിരിക്കുന്നു... ഈ ഗ്രന്ഥം കുർബാനയെപ്പററി ആധികാരികമായ പഠനമാണെന്നു് നിസ്സംശയം പറയാം....''

ബിഷപ്പ് കുന്നശ്ശേരി

''....ആരാധനക്രമം സംബന്ധിച്ച ഗ്രന്ഥങ്ങൾ മലയാളത്തിൽ വിരളമാണ്; പ്രത്യേകിച്ചും ശാസ്ത്രീയമായവ. ഈ കുറവു പരിഹരിക്കാനുള്ള പരിശ്രമമാണ് ''കുർബാന—ഒരു പഠനം.'' തിരുക്കർമ്മങ്ങളുടെ അർത്ഥം ഗ്രഹിച്ച് വിശ്വാസികൾ അവയിൽ സജീവമായി പങ്കെടുക്കണമെന്ന സഭയുടെ പ്രബോധനം പ്രാവർത്തികമാക്കാൻ സഹായിക്കുന്ന ഈ ഗ്രന്ഥം തികച്ചും ആനുകാലികവും സന്ദർഭോചിതവുമാണ്....''

ഫാ. കൊളംബിയർ സി.എം.ഐ.
Mg: editor, 'Deepika.'

''പ്രാർത്ഥനയാക്കും ഫലിപ്പാൻ—വേണം
പ്രാർത്ഥനയിങ്കൽ വിശ്വാസം.''

പ്രാർത്ഥനയുടെ അർത്ഥഗ്രഹണം വിശ്വാസത്തിന് സഹായകമാണ്. പ്രാർത്ഥനകളും അനുഷ്ഠാനക്രമങ്ങളും വിശദമാക്കിത്തരുന്ന ''കുർബാന—ഒരു പഠനം'' ദിവ്യബലിയിൽ പങ്കെടുക്കുന്നവർക്ക് ഒരനുഗ്രഹമത്രേ.

പീററർ ജോൺ കല്ലട

ACHARYA PALACKAL JEEVASS KENDRAM LIBRARY 1559